Syriac Christianity.info
Malankara Syriac Christian Resources

SYRIAN CHURCH CASE

JUDGMENT

OF

THE TRAVANCORE HIGH COURT

IN

Appeal Nos. 914 of 1118 and 1 of 1119.

By

Chief Justice Rajyasevapravena T. M. Krishna Swamy Ayiar,
Justice G. D. Nokes, and Justice S. I. Sathanesan.

Translated into Malayalam by

1. K. P. ABRAHAM B. A. B. L.
2. K. T. THOMAS B. A. B. L.

PUBLISHED BY

THE MODERN BOOK STALL, KOTTAYAM

PRINTED AT

THE [illegible] PRINTING WORKS, KOTTAYAM.

1946

Syriac Christianity .info
Malankara Syriac Christian Resources

Kottayam

മലങ്കര സുറിയാനി

സമുദായക്കോണ്ട്

വിധി

തിരുവിതാംകൂർ ഹൈക്കോടതിയിൽ 118-ലെ 914-ാം നമ്പരായും 119-ലെ 1-ാം നമ്പരായും ഫയൽചെയ്തിരുന്ന അപ്പീലുകൾ വിചാരണ കഴിച്ചശേഷം

ചീഫ് ജസ്റ്റീസ് രാജ്യസേവാപ്രവീണ ടി. എം. കൃഷ്ണസ്വാമിഅയ്യങ്കാർ, ജസ്റ്റീസ് ജി. ഡി. നോക്സ്, ജസ്റ്റീസ് എസ്. ഐ. സത്യനേശൻ എന്നിവർ പ്രസ്താവിച്ച മൂന്നു ജഡ്ജ്മെൻറുകളോടേയും

മലയാള പരിഭാഷ

പരിഭാഷകന്മാർ:-

1. കെ. പി. ഏബ്രഹാം ബി. എ. ബി. എൽ
2. കെ. റ്റി. തോമ്മസ്സ് ബി. എ. ബി. എൽ

ഇതിനോടനുബന്ധമായ അക്കപ്രമാണങ്ങളുടെ വിശദ വിവരങ്ങളും, പട്ടിക വസ്തുക്കളുടെ ലിസ്റ്റും, സഭാനേതക്കന്മാർ, വാദിപ്രതികൾ, സാക്ഷികൾ, വക്കീലന്മാർ മുതലായവരുടെ ബ്ലോക്കുകളും ചേർത്തിരിക്കുന്നു.

പ്രസാധകന്മാർ
ദി മോഡേൺ ബുക്കസ്റ്റാൾ കോട്ടയം

PRINTED AT
THE GEO PRINTING WORKS, KOTTAYAM.
1946

Copies 2000

Rs. 2 8 0



അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടെയും പുരാതന

പരിശുദ്ധ ശ്ലൈഹിക സിംഹാസനത്തിന്മേൽ

1933-ൽ ആരോഹണം ചെയ്തരുളുന്ന

നിദാന്തവന്ദ്യ ദിവ്യശ്രീ മഹാമഹിമശ്രീ

മോറാൻ മോർ ഇഗ്നാത്തോസ് അപ്രേം പ്രഥമൻ

പാത്രിയർക്കീസ് ബാവാ തിരുമനസ്സു കൊണ്ടു്

മുഖവുര

യേശുക്രിസ്തുവിന്റെ സ്വർഗ്ഗാരോഹണത്തിനു ശേഷം അധികം താമസിയാതെ ക്രിസ്തുസഭ അനുഭവിക്കേണ്ടി വന്ന പീഡനഫലമായി ശിഷ്യന്മാർ ചിതറപ്പെടുകയും അന്നു് അറിയപ്പെട്ടിരുന്ന ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കു് അപ്പോസ്തലന്മാർ സുവിശേഷം പ്രസംഗിക്കുന്നതിനു പുറപ്പെടുകയും ചെയ്ത കൂട്ടത്തിൻ മൈവദർശനത്താൽ മലങ്കരയിലേക്കു മാർ തോമ്മാശ്ലീഹാ അയക്കപ്പെട്ടു എന്നും അദ്ദേഹം കേരളത്തിൽ ഏതാനും പള്ളികൾ സ്ഥാപിക്കുകയും അനേകം ആളുകളെ ക്രിസ്തുസഭയിൽ ചേർക്കുകയും ചെയ്തു എന്നും കേരള ക്രിസ്ത്യാനികൾ പരമ്പരാഗതമായി വിശ്വസിച്ചുപോരുന്നു. എ. ഡി. 52 മുതൽ ഇവിടെ ക്രിസ്ത്യാനികൾ ഉണ്ടായിരുന്നു എന്നു ചരിത്രകാരന്മാർ സമ്മതിക്കുന്നുണ്ടു്. എ. ഡി. 325-ൽ നിഖ്യായിൽ കൂടിയ ഒന്നാമത്തെ പൊതു സുന്നഹദോസ്സിൽവച്ചു ക്രൈസ്തവലോകം നാലു പാത്രിയർക്കാസ്ഥാനങ്ങൾക്കായി വിഭജിക്കപ്പെടുകയും അക്കൂട്ടത്തിൽ ക്രിസ്തുവിന്റെ ശിഷ്യന്മാർക്കു ക്രിസ്ത്യാനികൾ എന്ന പേരു് ആദ്യമായി ലഭിച്ച അന്ത്യോഖ്യായിലെ പാത്രിയർക്കീസിന്റെ അധികാരാതിർത്തിയിൽ കിഴക്കു് ഒക്കെയും ഉൾപ്പെടുത്തിക്കൊണ്ടാമത്തെ കാനോൻ നിശ്ചയം അംഗീകരിക്കുകയും ചെയ്തു.

എ. ഡി. 345-ൽ കനായിത്തൊമ്മന്റെ നേതൃത്വത്തിൽ 72 പുരുഷന്മാരും സ്ത്രീകളും കുഞ്ഞുങ്ങളും ഉൾപ്പെടെ നാനൂറിൽപരം ആളുകളും ഒരു മെത്രാനും ഏതാനും പട്ടക്കാരും കൂടി കൊടുങ്ങല്ലൂരിൽ വന്നിറങ്ങി. കേരള ക്രിസ്ത്യാനികൾക്കു പൌരോഹിത്യകമായ അവകാശങ്ങളും പദവികളും മെത്രാൻ പട്ടയങ്ങളും ഭാരമാൻ പൊതുമാർ കല്പിച്ചുകൊടുത്തു.

എ. ഡി. 1500-ൽ പോർട്ടുഗീസുകാർ ഇൻഡ്യയിൽ വന്നതിനെ തുടർന്നു കേരള ക്രിസ്ത്യാനികളെ റോമാസഭയിൽ ചേർക്കുന്നതിനു് അവർ ശ്രമിച്ചു. 1599-ൽ നടന്ന ഉദയംപേരൂർ സുന്നഹദോസ്സോടുകൂടി ഈ ശ്രമം സഫലമായിത്തീർന്നു എന്നു വിചാരിച്ചിരുന്നെങ്കിലും 1653-ൽ തങ്ങളുടെ അപേക്ഷപ്രകാരം പരദേശത്തുനിന്നു വന്നുചേർന്ന അഹത്തല്ലായെ പോർട്ടുഗീസുകാർ ബന്ധനസ്ഥനാക്കി കൊച്ചിയിലേക്കു കൊണ്ടുവന്നപ്പോൾ ശീവരുഗീസു് അക്കദിയാക്കോന്റെ നേതൃത്വത്തിൽ കൊച്ചിയിലേക്കു പോയ കേരള ക്രിസ്ത്യാനികൾ മട്ടാഞ്ചേരി പള്ളി മൈതാനത്തുവച്ചു കുരിശിന്മേൽ ആലാത്തുകൾ കെട്ടിപ്പിടിച്ചുകൊണ്ടു റോമ്മാ പാരതന്ത്ര്യം വലിച്ചെറിഞ്ഞു സത്യംചെയ്തു തങ്ങളുടെ സ്വാതന്ത്ര്യം പുനഃസ്ഥാപിച്ചു.

അതിനുശേഷം പല സന്ദർഭങ്ങളിലും ശീമയിൽനിന്നു പല മെത്രാന്മാരും മലങ്കര വരികയും ഒന്നിലധികം പ്രാവശ്യം മെത്രാ

പ്പോലീത്തന്മാരെ വാഴിക്കുകയും ഉണ്ടായിട്ടുണ്ട്". അപ്രകാരത്തിൽ മാത്തൻമ്മാ അഞ്ചാമന്റെ അപേക്ഷപ്രകാരം അന്ത്യോഖ്യാ പാത്രിയക്കീസിനാൽ അയക്കപ്പെട്ട (സക്കറുള്ളാ) മാർ ബസ്സേലിയോസ് കാതോലിക്കായും യെരുശലേം മെത്രാപ്പോലീത്താ ആയിരുന്ന മാർ ഗ്രീഗോറിയോസും മൂസലിലെ മാർ ഈവാനിയോസും എപ്പിസ്കോപ്പായുംകൂടി കൊല്ലവർഷം 926 മേടം 14-ാംന- കൊച്ചിയിൽ എത്തി. ഇവരിൽ മാർ ഗ്രീഗോറിയോസും മാർ ഈവാനിയോസും കൂടി നിരണത്തുവച്ച് 945 മിഥുനം 29-ാംന- തോമ്മാ അരാമനെ മാർ ദീവന്നാസ്യോസ് എന്ന നാമത്തിൽ മെത്രാപ്പോലീത്താ ആയി വാഴിച്ചു. വലിയ മാർ ദീവന്നാസ്യോസ് എന്ന അപരനാമത്താൽ വിശ്രുതനായിത്തീർന്ന മെത്രാപ്പോലീത്താ ഇദ്ദേഹമാണ്. മലങ്കര സഭയ്ക്കുവേണ്ടി മൂവായിരം പൂവരാഹൻ ഈസ്റ്റ് ഇൻഡ്യാ കമ്പനിയിൽ പലിശയ്ക്കു നിക്ഷേപിച്ചതും ഇദ്ദേഹമായിരുന്നു.

തോമ്മാ എട്ടാമന്റെ കാലത്തു തിരുവിതാംകൂർ രാജ്ഞി എണ്ണായിരം രൂപാ സംഭാവന ചെയ്തതിനും പുറമെ മലങ്കര സുറിയാനിസമുദായത്തിനു് ഇരുപതിനായിരം രൂപയും കരമൊഴിവായി മൺട്രോത്തുരുത്തും ദാനംചെയ്തു. 1813-ൽ പട്ടക്കാരെ ഉദ്ദേശിച്ചു കോട്ടയത്തു് ഒരു സ്കൂൾ പണിയിക്കപ്പെട്ടു.

ഡോ. ബുക്കനാനും തുടർന്നുവന്ന മിഷ്യനറിമാരും, സുറിയാനിസഭയും ആംഗ്ലേയസഭയും തമ്മിൽ ഒരു ഐക്യം സ്ഥാപിക്കുന്നതിനു തീവ്രയത്നങ്ങൾ ചെയ്തുവന്നു. ചെപ്പാട്ടു മാർ ദീവന്നാസ്യോസും മിഷ്യനറിമാരും ആയി സന്തോഷത്തിലായിരുന്നു. അക്കാലത്തു പരദേശത്തുനിന്നു വന്ന രണ്ടു മേല്പട്ടക്കാർക്കു് എതിരായി തിരുവിതാംകൂർ സർക്കാരും അന്നത്തെ റസിഡണ്ടും നാട്ടുമെത്രാനെ സഹായിച്ചു. അധികം താമസിയാതെ മിഷ്യനറിമാരും സുറിയാനിമെത്രാനും തമ്മിൽ രസമില്ലാതെ വരികയും അവരെ തമ്മിൽ രഞ്ജിപ്പിക്കുന്നതിലേക്കു് ഇവിടെ എത്തിയ കൽക്കത്താ ബിഷപ്പായിരുന്ന വിൽസൻ മെത്രാപ്പോലീത്തായോടു് ആവശ്യപ്പെട്ട വ്യത്യാസങ്ങൾ ക്രമങ്ങളിൽ വരുത്തുന്നതിനെപ്പറ്റി ആലോചിക്കുന്നതിനു മാവേലിക്കരവച്ചു മലങ്കര സുറിയാനിസഭാ സുന്നഹദോസു വിളിച്ചുകൂട്ടി, ഈ പരിഷ്കാരങ്ങളെപ്പറ്റി ദീർഘമായി ആലോചിച്ചശേഷം ചരിത്രപ്രസിദ്ധമായിത്തീർന്നിട്ടുള്ള മാവേലിക്കര പടിയോല മറുപടിയായി അയക്കയും ചെയ്തു. ഐക്യശ്രമ ഇങ്ങിനെ 1838 മെയ മാസത്തോടുകൂടി അവസാനിച്ചു. ഇതേത്തുടർന്നു് ഒരു പഞ്ചായത്തു് ഏർപ്പെടുത്തുകയും പഞ്ചായത്തു തീരുമാനപ്രകാരം പൊതുസ്വത്തുക്കൾ ഇരുഭാഗക്കാർക്കുമായി വീതിക്കപ്പെടുകയും അക്കൂട്ടത്തിൽ വട്ടിപ്പണത്തിനുള്ള അവകാശം മലങ്കര സുറിയാനിസഭയ്ക്കു പൂർണ്ണമായി സിദ്ധിക്കുകയും ഉണ്ടായി. ഈ തീരുമാനം 1840 ഏപ്രിൽ 4-ാംതീയതി പ്രസ്താവിക്കപ്പെട്ടു.

തങ്ങൾക്കു ശരിയായ മേലദ്ധ്യക്ഷന്മാരെ അയച്ചുതരണമെന്നു കാണിച്ച് അന്ത്യോഖ്യയിലേക്കു വ്യാപാരിയായ മറോഗി മുഖാന്തിരം അയക്കപ്പെട്ട അപേക്ഷയനുസരിച്ച് ഒരാളെ അവിടെനിന്നും അയക്കുന്നതിനു മുമ്പായി പാലക്കുന്നത്തു മത്തൂസു ശെമ്മാശൻ അന്ത്യോഖ്യയിൽ എത്തി. അദ്ദേഹത്തെ അന്ത്യോഖ്യാ പാത്രിയക്കീസു മെത്രാപ്പോലീത്താ ആയി വാഴിച്ചു സ്ഥാനത്തിക്കോൻ നല്കി മലങ്കരയ്ക്കു് അയച്ചു. അദ്ദേഹം 1813-ൽ മലങ്കര എത്തി എങ്കിലും പത്തുവർഷത്തിനുശേഷം മാത്രമെ അത്തും കൊല്ലം കമ്മിറ്റിയുടെ തീരുമാനമനുസരിച്ചു മാർ മത്തൂസു് അത്താനാസ്യോസിനു തിരുവെഴുത്തുവിളംബരം ലഭിച്ചുള്ളൂ.

1866-ൽ പുലിക്കോട്ടു മാർ ദീവന്നാസ്യോസു് അന്ത്യോഖ്യയിൽ ചെന്നു മെത്രാപ്പട്ടം ഏറ്റു. ജൂൺ 25-ാംതീയതി മലങ്കരയിൽ തിരിച്ചെത്തി. മാർ മത്തൂസു് അത്താനാസ്യോസിനു നല്കപ്പെട്ടിരുന്ന വിളംബരം പിൻവലിച്ചു തനിക്കു നല്ലൂണമെന്നു റസിഡണ്ടിനോടും തുടർന്നു മദ്രാസു് ഗവർമ്മെൻറിനോടും അദ്ദേഹം അപേക്ഷിച്ചതിൽ നിരാശനാകാതെ വന്നതിനാൽ അദ്ദേഹം അന്ത്യോഖ്യാ പാത്രിയക്കീസിനോടു് അപേക്ഷിച്ചു. തൽഫലമായി അന്നു് അന്ത്യോഖ്യയിലെ അപ്പോസ്തലിക സിംഹാസനത്തിൽ വാണിരുന്ന മാർ പത്രോസു തൃതീയൻ 1875-ൽ മലയാളത്തു വന്നുചേർന്നു. അദ്ദേഹത്തിന്റെ നേരിട്ടുള്ള ശ്രമഫലമായി തിരുവെഴുത്തു വിളംബരം പിൻവലിക്കപ്പെട്ടു. മാർ മത്തൂസു് അത്താനാസ്യോസു കൊല്ലവർഷം 1052 ആടിമാസത്തിൽ കാലംചെയ്തു.

അദ്ദേഹത്താൽ വാഴിക്കപ്പെട്ട മാർ തോമ്മസു് അത്താനാസ്യോസിനെ പ്രതിയാക്കി മാർ ദീവന്നാസ്യോസു് വ്യവഹാരപ്പെട്ടു. വിധിയിന്മേൽ രാജകീയ കോടതിയിൽ അപ്പീൽ ബോധിപ്പിച്ചു. ചരിത്രപ്രസിദ്ധമായ സിമ്മനാരിക്കേസു മാർ ദീവന്നാസ്യോസിനു് അനുകൂലമായി 1064 മിഥുനം 30-ാംനു- വിധിയായി. ഈ വിധിയാൽ മലങ്കര സുറിയാനി സഭയിന്മേൽ അന്ത്യോഖ്യാ പാത്രിയക്കീസിന്റെ അധികാരം ഉറച്ചു.

അബ്ദുൽമിശിഹാ 1895-ൽ പാത്രിയക്കീസായി വാഴിക്കപ്പെട്ടു. ഏതാനും വർഷങ്ങൾക്കുശേഷം (1903-1905-ൽ) അദ്ദേഹം സിംഹാസനത്തിൽനിന്നു ബഹിഷ്കരിക്കപ്പെട്ടു. പകരം അബ്ദുള്ളാ രണ്ടാമൻ പാത്രിയക്കീസായി വാഴിക്കപ്പെട്ടു. മലങ്കരനിന്നു പുലിക്കോട്ടു മാർ ദീവന്നാസ്യോസിനാൽ അയക്കപ്പെട്ട മാർ ഗീവറുഗീസു ദീവന്നാസ്യോസിനേയും മാർ ക്ലൂറിലോസിനേയും ഇദ്ദേഹം ആണ മെത്രാന്മാരായി വാഴിച്ചതു്. മാർ ജോസഫ് ദീവന്നാസ്യോസിന്റെ നിയ്യാണത്തെ തുടർന്നു് അബ്ദുള്ളാ രണ്ടാമൻ മാർ ഗീവറുഗീസു ദീവന്നാസ്യോസിനെ മലങ്കര മെത്രാപ്പോലീത്താ ആയി സ്ഥിരപ്പെടുത്തി.

എ. ഡി. 1909-ൽ അബ്ദുള്ളാ രണ്ടാമൻ മലങ്കരയിൽ എത്തി. അദ്ദേഹവും മാർ ഗീവറുഗീസു ദീവന്നാസ്യോസുമായി ഉണ്ടാവിച്ച

തക്കം 1911-ൽ മുടക്കു കല്പനയിൽ പരിണമിച്ചു. അധികം താമസിയാതെ അബ്ദള്ളാ പാത്രിയക്കീസു മലങ്കര വിട്ട മാർ ഗീവറുഗീസുദിവന്നാസ്യോസിനെഅനുഗ്രഹിച്ചും അദ്ദേഹത്തിനുണ്ടായ മുടക്കു ശരിയല്ലെന്നു വിവരിച്ചും ഒരു കല്പന അദ്ദേഹത്തിനു് അബ്ദൽമിശിഹാ പാത്രിയക്കീസിൽനിന്നും ലഭിച്ചു. അതിനെ തുടർന്നു് അബ്ദൽമിശിഹാ മലയാളത്തു വരികയും ഇവിടെവച്ചു 1088-ൽ, കണ്ടനാട്ടു മാർ ഇവാനിയോസിനെ മൽപ്രിയാനാ അല്ലെങ്കിൽ കാതോലിക്കാ ആയി വാഴിക്കുകയും ചെയ്തു. 1088-ൽ അസ്സൽ 94-ാം നമ്പരായി (വട്ടിപ്പണക്കേസ്സു്) വ്യവഹാരം ഉണ്ടാകുകയും ജില്ലാക്കോടതിയിൽനിന്നും മാർ ദിവന്നാസ്യോസിനു് അനുകൂലമായി 1095 ചിങ്ങം 30-ാംനു- വിധിയാകുകയും ചെയ്തു ഇതിനിടയിൽ അബ്ദള്ളായും അബ്ദൽമിശിഹായും 1091-ൽ കാലംചെയ്തു. 1092-ൽ മാർ ഏലിയാസു് പാത്രിയക്കീസായി സിംഹാസനത്തിൽ അവരോധിക്കപ്പെട്ടു.

ജില്ലാക്കോടതി വിധിയിന്മേൽ ഹൈക്കോടതിയിൽ ബോധിപ്പിച്ച അപ്പീൽ 1098 മീനം 10-ാംനു- മാർ ഗീവറുഗീസു ദിവന്നാസ്യോസിനു് എതിരായി തീരുമാനിക്കപ്പെട്ടു. ഇതേത്തുടർന്നു് അദ്ദേഹം ശീമയിലേക്കു പോകുകയും പാത്രിയക്കീസുമായി സമാധാനപ്പെടുന്നതിനു ശ്രമിക്കുകയും ചെയ്തു. എന്നാൽ യാതൊന്നും സാധിക്കാതെ മടങ്ങി. തുടർന്നു 1100 മീനത്തിൽ പുനരു ബോധിപ്പിച്ചു. ഒരു മാസത്തിനുള്ളിൽ അതായതു 1100 മേടത്തിൽ വാകത്താനം മാർ പീലക്സീനോസിനെ രണ്ടാമത്തെ കാതോലിക്കായായി വാഴിച്ചു. പുനരിൽ മുടക്കു സ്വാഭാവിക നീതിക്കു വിരുദ്ധമാണെന്നു 1103 കർക്കടകം 29-ാംതീയതി തീരുമാനിക്കപ്പെട്ടു. 1104 ചിങ്ങം 2-ാംതീയതി പാത്രിയക്കീസിന്റെ പ്രതിനിധിയായ മാർ യൂലിയോസ്സു് മാർ ദിവന്നാസ്യോസിനെ സസ്പെണ്ടുചെയ്തു. 6-ാംതീയതി കോട്ടയം ജില്ലാക്കോടതിയിൽ 1104-ൽ 2-ാം നമ്പരായി വീണ്ടും അന്യായം ഫയലായി. 1104 ധനു 3-ംതീയതി കാതോലിക്ക കാലം ചെയ്തു. ഒരു മാസത്തിനുള്ളിൽ മാർ ബസ്സേലിയോസ്സു് എന്ന നാമത്തിൽ ഇപ്പോഴത്തെ കാതോലിക്കോസ്സിനെ വാഴിച്ചു.

ഇതേത്തുടർന്നു സഭയിലെ ഭിന്നതകൾ അവസാനിപ്പിക്കുന്നതിലേക്കായി അന്നു ഇന്ത്യ വൈസ്രോയി ആയിരുന്ന ഇർവിൻപ്രഭുവിന്റെ പരിശ്രമ ഫലമായി അക്കാലത്തു പാത്രിയക്കീസ്സായിരുന്ന മോറാൻ മാർ ഏലിയാസ്സു് 1106-ൽ മലങ്കര എഴുന്നെള്ളി. അദ്ദേഹത്തെ മാർ ഗീവറുഗീസ്സു് ദിവന്നാസ്യോസ്സു് അലുവായിൽവച്ചു കാണുകയും പാത്രിയർക്കീസു് അദ്ദേഹത്തോടു നിരപ്പാകുകയും ചെയ്തു. എന്നാൽ പിന്നെയും അഭിപ്രായ ഭിന്നതകൾ ഉടലിച്ചു. അവയ്ക്കു നിവാരണം ഉണ്ടാകുന്നതിനുമുമ്പു് 1107 മകരം 3-ാംതീയതി മാർ ഏലിയാസ്സു് മഞ്ഞിനിക്കരവച്ചു കാലം ചെയ്തു. 1108 മകരം 6-ാംതീയതി മോറാൻ മാർ അപ്രേം പാത്രിയർക്കീസായി തെര

ഞ്ഞെടുക്കപ്പെട്ടു. 1109 കുംഭം 12-ാംതീയതി മാർ ഗീവറുഗീസ്സു് ദീവന്നാസ്യോസ്സു് കാലം ചെയ്തു.

ഒഴിവുവന്ന മലങ്കര മെത്രാപ്പോലീത്ത സ്ഥാനത്തേക്കു ഒരാളെ തെരഞ്ഞെടുക്കുന്നതിലേക്കായി ഇരുഭാഗക്കാരും യോഗങ്ങൾ വിളിച്ചുകൂട്ടുന്നതിനു ശ്രമിച്ചുവെങ്കിലും സമാധന സ്ഥാപനാർത്ഥം പരിശ്രമിച്ചുകൊണ്ടിരുന്നവരുടെ ആഗ്രഹപ്രകാരം ഇരുഭാഗക്കാരുടെയും യോഗങ്ങൾ ഉണ്ടാകാതെ കഴിഞ്ഞു. പാത്രിയർക്കീസ് പ്രതിനിധിയായ മാർ യൂലിയോസ്സും കാതോലിക്കായും കൂടി ഫാംസിലേക്കു പോയി പാത്രിയർക്കീസുമായി സന്ധിയാലോചനകൾ നടത്തി. എന്നാൽ ഇരുഭാഗക്കാരും തമ്മിൽ യോജിപ്പുണ്ടാകാതെ കാതോലിക്കതിരിയെ വരികയും അതെത്തുടർന്ന 1110 ധനു 11-ാംതീയതി മലങ്കര അസ്സോസ്യേഷൻ യോഗം വിളിച്ചുകൂട്ടുകയും ചെയ്തു. ആ യോഗത്തിൽവച്ചു അദ്ദേഹത്തെ മലങ്കര മെത്രാപ്പോലീത്തായായി അവർ തെരഞ്ഞെടുത്തു സ്വീകരിച്ചു. ഈ കേസ്സിൽ "എ എം" അക്കമായി തെളിവിക്കപ്പെട്ട ഭരണഘടന അംഗീകരിച്ചു. സന്ധിയാലോചനകൾ പരാജയപ്പെട്ടതോടുകൂടി പാത്രിയർക്കീസുബാവ Z അക്കം കൽപ്പന മലങ്കര സഭയ്ക്കു അയച്ചു. അതിലെ താൽപ്പര്യപ്രകാരം പാത്രിയർക്കീസിനെ തങ്ങളുടെ മേലദ്ധ്യക്ഷനായി സ്വീകരിച്ചു നടന്നവരുടെ പള്ളി പ്രതിപുരുഷന്മാരുടെ യോഗം 1111 ചിങ്ങം 6-ാംതീയതി കരിങ്ങാശ്ശേരിവച്ചു നടന്നു. ആ യോഗം മാർ അത്താനാസ്യോസ്സു് തിരുമേനിയെ മലങ്കര മെത്രാപ്പോലീത്തായായി തെരഞ്ഞെടുത്തു. ഈ തെരഞ്ഞെടുപ്പിനെ സ്ഥിരപ്പെടുത്തിക്കൊണ്ടുള്ള പാത്രിയർക്കീസ്സു് ബാവായുടെ സ്ഥാനത്തിക്കോൻ 1111 തുലാം 18-ാംതീയതി മലങ്കരസഭയ്ക്കു ലഭിച്ചു. 1113 കുംഭം 27-ാംതീയതി കോട്ടയം ജില്ലാക്കോടതിയിൽ 1113-ൽ അസ്സൽ 111-ാംനമ്പരായി വ്യവഹാരം ബോധിപ്പിക്കുകയും ഏകദേശം അഞ്ചു വർഷത്തെ വിചാരണയ്ക്കു ശേഷം സ്പെഷ്യൽ കോടതി ജഡ്ജിയായിരുന്ന പാരതന്ത്രായ ബി കൃഷ്ണയ്യർ അവർകൾ 1118 മകരം 5-ാംതീയതി തിങ്കളാഴ്ച അന്യായം തള്ളി വിധിക്കുകയും ഉണ്ടായി.

ഈ വിധിയിന്മേൽ 1119-ൽ 1-ാം നമ്പരായി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്തു. അപ്പീൽ വാദിഭാഗത്തേക്കു മദ്രാസ്സു് ഹൈക്കോടതിയിൽ അന്നു വ്യവഹരിച്ചു വന്നിരുന്ന ബാരിസ്റ്റർ റോളൻഡ് ബ്രാഡൽ അവർകളും, പ്രതിഭാഗത്തേക്കു വെങ്കിട്ടരാമശാസ്ത്രി അവർകളുമാണ് വാദിച്ചതു്. ഈ അപ്പീൽ 1121 ചിങ്ങം 11-ാം തീയതി മുതൽ തുടർച്ചയായി കന്നി 8-ാംതീയതി വരെ ചീഫ് ജസ്റ്റീസ്സു് രാജ്യസേവാപ്രവീണ: റാ. എം. കൃഷ്ണസ്വാമി അയ്യർ, ജസ്റ്റീസ്സു് ഡോക്ടർ നോക്സ്സ്, ജസ്റ്റീസ്സു് മി. സത്യനേശൻ ഇവർ ഉൾപ്പെട്ട ബഞ്ചിൽ വാദം കേട്ടശേഷം 1121 ഇടവം 27-ാംതീയതി വിധി പ്രസ്താവിച്ചു.

ഈ കേസ്സു് ഉത്ഭവിക്കുന്നതിനു മുമ്പും അതിനുശേഷവും ഇന്നുവരെ സഭയിൽ സമാധാനം ഉണ്ടായിക്കാണുന്നതിനു വളരെ അധി

കം പേർ നിഷ്കളങ്കമായി അഭിവാഞ്ചിക്കുകയും അടിക്കടി കൂടിയാലോചനകൾ നടത്തുകയും ഒന്നിലധികം പ്രാവശ്യം നക്കൽ വ്യവസ്ഥകൾ രൂപീകരിക്കുകയും മററും ചെയ്തിട്ടുണ്ടെങ്കിലും ഇന്നുവരെ അവയൊന്നും ഫലപ്രാപ്തിയിൽ എത്താതിരിക്കുന്നതിൽ മലങ്കര യാക്കോബായ സഭാംഗങ്ങൾ എന്നു മാത്രമല്ല കേരള ക്രിസ്ത്യാനികൾ പൊതുവെ ദുഃഖിതരായി കഴിയുന്നു എന്നുള്ള വസ്തുത തികച്ചും യഥാർത്ഥമാണ്. സഭയിൽ അടിക്കടി ഉണ്ടായിട്ടുള്ള ഭിന്നതകൾ മൂലം സഭയുടെ ശക്തി ക്രമാതീതമായി ക്ഷയിച്ചും സഭാംഗങ്ങൾക്കു സഭയിലും സഭയുടെ വിശ്വാസാചാരങ്ങളിലും മററും വിശ്വാസം കുറഞ്ഞും പൊതുവെ സഭയിൽ ആത്മീയ ജീവൻ നശിച്ചും വരുന്നുണ്ടെന്നുള്ളതിനും പുറമെ പത്തൊൻമ്പതു നൂററാണ്ടുകൾക്കു മുമ്പു തന്റെ അപ്പോസ്തോലനായ തോമ്മാശ്ലീഹായെ കേരളക്കരയിലേക്കു നയിക്കയും അവിടെ തന്റെ സഭയെ സ്ഥാപിക്കയും ചെയ്ത അരുമരക്ഷകൻ ഈ സഭമൂലം കേരളത്തിനു എന്നല്ല ഭാരത ഭൂമിക്കു നൽകണമെന്നു ഉദ്ദേശിക്കുകയും ആഗ്രഹിക്കുകയും ചെയ്തിട്ടുള്ള ആത്മീയ പ്രകാശവും ക്രിസ്തീയ പ്രചോദനവും നൽകുന്നതിനു സാഹചര്യങ്ങളുടെ പ്രാതികൂല്യവും ക്രിസ്തീയ ദർശനക്കുറവും നിമിത്തം നിവർത്തിയില്ലാത്ത സ്ഥിതിയിൽ അതു കഴിഞ്ഞുകൂടുകയും, സഭയുടെ ദൗത്യം ഈ ഭൂമിയിൽ നിർവഹിക്കുന്നതിനു അപര്യാപ്തമായി അതു ഇന്നും ഇരിക്കുന്നതോടുകൂടി ക്രിസ്തുസഭയെ പൊതുവെ സ്പർശിക്കുന്ന സംഗതികളിൽ ഇതര വിഭാഗങ്ങളുമായി യോജിച്ചു പ്രവർത്തിക്കുന്നതിനു സാധിക്കാത്തവിധം നേതൃത്വ രഹിതമായി കഴിയുന്നു എന്നുള്ള വ്യസനകരമായ യാഥാർത്ഥ്യം സഭാനേതൃത്വം വഹിക്കുന്നതിനും അദ്ധ്യക്ഷ സ്ഥാനങ്ങളിൽ ഇടിക്കുന്നവരുടെ വിശ്വാസം ആർജ്ജിക്കുന്നതിനും ഭാഗ്യം ലഭിച്ചിട്ടുള്ളവർ വിസ്മരിക്കുന്നതു ന്യായവിധിയെ വിളിച്ചു വരുത്തുകയായിരിക്കും. സംശയമില്ല. ചരിത്ര പ്രസിദ്ധമായി തീർന്നിട്ടുള്ള കൂനൻകുരിശു സത്യത്തോടുകൂടി നവജീവൻ പ്രാപിച്ച കേരള സുറിയാനി സഭയ്ക്കു ഇപ്പോൾ മുക്കാൽ ശതാബ്ദക്കാലമായി അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന വ്യവഹാരങ്ങളിൽ നിന്നും തജ്ജന്യമായ അസമാധാനത്തിൽ നിന്നും ആത്മീയ നിർജ്ജീവത്വത്തിൽ നിന്നും ഇനിയുമെങ്കിലും ഈ സഭയെ വിമുക്തമാക്കി അതിന്റെ സ്ഥാപകൻ അതേപ്പററി ആഗ്രഹിച്ചിരിക്കുന്ന കൃത്യനിർവഹണത്തിനു അതിനെ പ്രാപ്തയാക്കത്തക്കവണ്ണം സഭാംഗങ്ങളും നേതൃത്വ സ്ഥാനമലങ്കരിക്കുന്നവരും ഒത്തൊരുമിച്ചു ക്രിസ്തീയ ദർശനത്തോടുകൂടി പ്രവർത്തിക്കുന്നതിൻ ഇടയാകട്ടെ എന്നുള്ള ഹൃദയപൂർവമായ പ്രാർത്ഥനയോടുകൂടി 1122-ലെ സമുദായക്കേസ്സ് വിധിയെ സഭാസമക്ഷം സവിനയം സമർപ്പിച്ചുകൊള്ളുന്നു.

ഈ വിധിന്യായത്തിൽ പരാമർശിച്ചിട്ടുള്ള

1 വാദിഭാഗം അക്കപ്രമാണങ്ങൾ

B. 6_1_1111 മലങ്കരയുള്ള പള്ളികളുടെ പ്രതിപുരുഷന്മാർ കരിങ്ങാശ്ര കൂടിയ പൊതുയോഗത്തിലെ നടപടികൾ.

F. 24_1_1906 മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായെ അന്ത്യോക്യാ പാത്രിയർക്കീസ്സായി വാഴിച്ച വിവരത്തിനു 1082 ചിങ്ങത്തിലെ 15_ാം പുസ്തകം 8_ാം ലക്കം മലങ്കര ഇടവകപ്പത്രിക 160_ാം വശത്തു ചേർത്തിട്ടുള്ള പ്രസ്താവന.

K. 6=7_1108 പിച്ചാനിക്കാട്ടു താബേർ പള്ളിക്കു 1=ാം വാദി അയച്ച കൽപന.

M. 2-1 1111 ചെന്നിത്തല ഹോറേബുപള്ളി ഇടവകക്കാർ വാദിഭാഗം 4-ാം സാക്ഷി മുതൽപേർക്കു കൊടുത്ത സമ്മതപത്രം 620_621 വശങ്ങൾ.

S 1935 തുലാം 3 / 1935 വൃശ്ചികം 1 ഡലിഗേററ മാർ യൂലിയേസ് ഏലിയാസ് മെത്രാപ്പോലീത്താ കുന്നക്കുരുടിപ്പള്ളിക്കു അയച്ച കൽപനയുടെ തർജ്ജമ.

Z 1934 കന്നി 27 ഒന്നാംവാദി കുന്നക്കുരുടിപ്പള്ളിക്കു് അയച്ച മാർ അപ്രേം പ്രഥമൻ പാത്രിയർക്കീസ്സിന്റെ 720-ാം നമ്പർ കൽപനയുടെ അച്ചടിച്ച തർജ്ജമ.

A Q 1931 മീനം 14 പാത്രിയർക്കീസ് ഏലിയാസ് തൃതീയൻ ആലുവാ തൃക്കുന്നത്തു സിമ്മനാരിയിൽനിന്നും കുന്നക്കുരുടിപ്പള്ളിക്കു അയച്ച 161-ാം നമ്പർ കൽപന.

A M 110_ാമാണ്ടു കോട്ടയം മലയാളമനോരമ അച്ചുകൂടത്തിൽ അച്ചടിച്ച മലങ്കര ഓർത്തഡോക്സ് സുറിയാനി അസ്സോസ്യേഷന്റെ ഭരണഘടനയുടെ ഒരു പ്രതി.

A O 21_6_1077 തിരുവനന്തപുരംസിസ്ത്രിക്ടുകോടതിയിൽ 1075_ൽ അസ്സൽ 25_ാം നമ്പരിലെ വിധി പകർപ്പ്.

A W 13_12_1047 ജോസഫ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെപേർക്കു കോരുതു മാത്തൻ എഴുതിക്കൊടുത്ത ദാനയാധാരപ്പകർപ്പ്.

I

A Y 20_8_1060 ടിയാൻപേക്ക മാത്തൻ കുരുവിള മുതൽ പേര എഴുതിക്കൊടുത്ത ഉടമ്പടിപ്രകാർപ്പ്.

B A 1935 തുലാം 3 (അന്ത്യോകൃായുടെ മാർ അപ്രേം പ്രഥമൻ പാത്രിയക്കീസും ഒന്നാംവാദിക്ക സുറിയാനിയിൽ അയച്ച കല്പന) ടിയുടെ മലയാളതർജ്ജിമ.

B B 1923 കർക്കടകം 15 മാർ ശീവരുഗീസും ദീവന്നാസ്യോസും മാർ ഏലിയാസും തൃതീയൻ പാത്രിയക്കീസിനെ സുറിയാനിയിൽ അയച്ച എഴുത്ത്.

B C 1923 ഇടവം 20 ഒന്നാംപ്രതി മുതൽപേർ ടിയാനെ സുറിയാനിയിൽ അയച്ച എഴുത്ത്.

B D 1903 തുലാം 10 കുർക്കുമടയറായിൽ കൂടിയ വൈദിക സുന്നഹദോസ്സിലെ നിശ്ചയത്തിന്റെ പകർപ്പ്.

B E 1931 മീനം 14 മാർ ശീവരുഗീസു ദീവന്നാസ്യോസ്സിന്റെ മുടക്കു റദ്ദുചെയ്തതായി മാർ ഏലിയാസു തൃതീയൻ പാത്രിയക്കീസു പുറപ്പെടുവിച്ച സുറിയാനിയിലുള്ള കൽപന

B A 1931 മിഥുനം 13 കുറുപ്പംപടിയിൽ കൂടിയ യോഗത്തിൽ നിലയ്ക്കൽപ്പള്ളിക്കു മാർ ഏലിയാസു തൃതീയൻ അയച്ച അച്ചടിച്ച ക്ഷണക്കത്ത്.

B G 1911 കന്നി 29 മാർ അബ്ദുള്ളാ രണ്ടാമൻ ഒന്നാംവാദിയെ കൊച്ചി ഇടവകയ്ക്കു നിയമിച്ചിട്ടുള്ള സുറിയാനി സ്ഥാത്തിക്കോൻ.

B M 1934 കന്നി 27 1_ാം പ്രതി മുതൽപേരെ മുടക്കുന്നതായി പാത്രിയക്കീസ് മാർ അപ്രേം പ്രഥമൻ മലങ്കരസഭയ്ക്കു് അയച്ച 790_ാം നമ്പർ സുറിയാനി കല്പന(Z അക്കത്തിന്റെ അസ്സൽ.)

B O വാ. ഭാ. 17-ാം സാക്ഷി കമ്മീഷണരുടെ മുമ്പാകെ ഹാജരാക്കിയ ഇഗ്നാത്യകാനോന്റെ കൈ എഴുത്തുപ്രതി

B P വാദിഭാഗം 17_ാം സാക്ഷി കോടതിയിൽ ഹാജരാക്കിയ ഇഗ്നാത്യ കാനോന്റെ കൈ എഴുത്തുപ്രതി (1088_ൽ അസ്സൽ 94_ാം നമ്പരിൽ 18 അക്കം)

B Q അന്ത്യോഖ്യായുടെ പാത്രിയക്കീസു് സ്ഥാനത്തുനിന്നു് മാർ അബ്ദൽമിശിഹായെ ഭ്രഷ്ടനാക്കുന്ന സുന്നഹദോസു നിശ്ചയങ്ങളുടെ സുറിയാനിപ്പകർപ്പ്.

B S 6 അക്കം 207_ാം വശത്തു "ശുശ്രൂഷക്കാരൻ" എന്ന തലക്കെട്ടിൽ ചേർത്തിട്ടുള്ള ഭാഗം.

B Y "മലങ്കര ഇടവകയുടെ ഒരു പൊതുയോഗം" എന്ന തലക്കെട്ടിൽ 1084 കർക്കടകത്തിലെ ഇടവകപത്രിക 136_ം 137_ം വശങ്ങളിൽ പ്രസിദ്ധപ്പെടുത്തിയ ലേഖനം.

B Z "പരദേശത്തു" എന്ന തലക്കെട്ടിൽ 1081 കർക്കടകത്തിലെ ഇടവകപ്പത്രിക 137 മുതൽ 140 വരെ വശങ്ങളിൽ പ്രസിദ്ധപ്പെടുത്തിയ ലേഖനം.

C A മൽപാൻ വട്ടശ്ശേരിൽ ശീവരുഗീസുകത്തനാർ (മാർ ശീ

വറുഗീസ് ദീവന്നാസ്യോസ്) എഴുതി 1892-ൽ മാർതോമ്മസ് അച്ചുകൂടത്തിൽ അച്ചടിച്ച "മതസംഗതികൾ" എന്ന പുസ്തകത്തിന്റെ പ്രതി

C B 1110-ൽ തിരുവല്ലാ നാഷ്യനൽ പ്രിന്റിങ്ങ് ഹൗസ്സിൽ അച്ചടിച്ച പ്രതിഭാഗം 26-ാം സാക്ഷിയുടെ "യറുശലേം യാത്ര" എന്ന പുസ്തകത്തിന്റെ പ്രതി.

C B/C B അക്കം 33-ാം വശം അവസാനഭാഗം.

C B 2 ഒന്നാംപ്രതി എതിർത്തതും 1 മുതൽ 10 വരെ വ്യവസ്ഥകൾ അടങ്ങിയതുമായ C B അക്കം 44 മുതൽ 47 വരെ വശങ്ങളുടെ ഭാഗം.

C B 3 C B അക്കം 40-ാം വശം അവസാന ഭാഗം.

C B 4 പാത്രിയർക്കീസ് നിർദ്ദേശിച്ചതും 1 മുതൽ 21 വരെ വ്യവസ്ഥകൾ അടങ്ങിയതുമായ C B അക്കം 56 മുതൽ 63 വരെ വശങ്ങളുടെ ഭാഗം.

C C 1929 ഇടവം 28. B D അക്കം സഹിതം ലഭിച്ച അറബി കവറിങ്ങ് ലററർ,

C D 1923 കന്നി 26 മാർ ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് വാദിഭാഗം 17-ാം സാക്ഷിക്കു അയച്ച സുറിയാനി എഴുത്ത്.

C E 317 മകരം 26. അബ്ദൽമശിഹ പാത്രിയർക്കീസ് അന്തൂൻ അബ്ദൽ നൂറിനു അയച്ച അറബിക്കത്ത്.

C F 1932 കന്നി 11, 24-മാർ അപ്രേം പാത്രിയർക്കീസ് കൈമാക്കാം ആയിരുന്നപ്പോൾ വാ. ഭാ. 17-ാം സാക്ഷിക്കയച്ച സുറിയാനിക്കത്ത്.

C H 7-12-1930 ഇൻഡ്യ വൈസ്രോയി ഇർവിൻപ്രഭു അവർകൾ അന്ത്യോഖ്യ പാത്രിയർക്കീസ് തിരുമനസ്സിലെപേർക്കു മൂസലിലേക്കു അയച്ച എഴുത്തിന്റെ പകർപ്പ്.

C J 15-12-1930 അന്ത്യോഖ്യ പാത്രിയർക്കീസു തിരുമനസ്സുകൊണ്ട ഇൻഡ്യ വൈസ്രോയി ഇർവിൻ പ്രഭു അവർകൾക്കു അയച്ച എഴുത്തിന്റെ പകർപ്പ്.

C K 1881 കുംഭം 27 മുതൽ 1881 കർക്കുടകം 16 വരെ ആബ്ദൂൻ മാർ ശെമവൂൻ അത്താനാസ്യോസ് മെത്രാപ്പോലീത്തായെ പല പള്ളികളിൽ നിന്നു ഏൽപ്പിച്ച റിസ്സീസായുടെ തുക കാണിക്കുന്ന കണക്ക് (സുറിയാനി)

C M ക്രി. വ. 1863 ഓമീദിൽ കൂടിയ എപ്പിസ്കോപ്പൽ സുന്നഹദോസിലെ നിശ്ചയങ്ങളുടെ അറബി പകർപ്പ്.

C N-ലെ ബോൻഥെ (ശേഖരിപ്പു) എന്നപേരിൽ സുറിയാനി ആദിയായ ഭാഷകളിൽ അച്ചടിച്ച ലഘു പുസ്തകം,

C O 1911/1087 കന്നി 29. മാർ അബ്ദള്ളാ ദ്വിതീയൻ പാത്രിയക്കീസ് കണ്ടനാട്ട് ഇയ്യവാനിയോസ് മെത്രാപ്പോലീത്താ ക്ക് അയച്ച കൽപനയുടെ പകർപ്പ്.

C P അബ്ദൽമിശിഹായുടെ പടത്തിന്റെ അച്ചടിച്ച പ്രതി.

C Q 18_7_1102 അന്ത്യോകൃായുടെയും കിഴക്കൊക്കയുടെയും പാത്രിയക്കീസായ മാർ ഏലിയാസ് തൃതീയന്റെപേക്ക് അബ്രഹാം കത്തനാർ ഒപ്പുവെപ്പാൻ എഴുതിക്കൊടുത്ത ഉടമ്പടി (ശൽമൂസൊ)

C R 1927 മെയ് 5 മാർ ഏലിയാസ് തൃതീയൻ തിരുമനസ്സിലേക്ക ഒപ്പുവെപ്പാൻ എഴുതിക്കൊടുത്ത കാനോനിക ഉടമ്പടി (ശൽഗൻമൂസൊ)

C W 2_5_1102. ഒന്നാംപ്രതിയുടെപേക്ക് മത്തായി ലൂക്കോസുശെമ്മാശൻ എഴുതിക്കൊടുത്ത ഉടമ്പടിയുടെ പകർപ്പ്.

C Y 1065/1890 ഇടവം 15. കടവിൽ മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ പീലിപ്പോസ് കോർ എപ്പിസ്കോപ്പക്ക് അയച്ച കൽപന.

D A 1911 കന്നി 29. മാർ ക്ലൂറിലോസ് മെത്രാപ്പോലീത്തായുടെ 137_ാം നമ്പർ കൽപനയുടെ അച്ചടിച്ച പ്രതിയിലെ മുദ്രയും ഒപ്പും.

D B 1917 മീനം 3. ടി യാൻ മീനടത്തു പടിഞ്ഞാറെ പള്ളിക്ക 78_ാം നമ്പരായി അയച്ച കൽപനയിലെ മുദ്രയും ഒപ്പും.

D C 1083 കുംഭത്തിലെ രണ്ടാംലക്കം മലങ്കര ഇടവകപത്രികയുടെ പ്രതി.

D F നിരണം ഇടവകയുടെ മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായുടെ 1069 മേടം 20_ാം തീയതിയിലെ എഴുത്തിലെ ഒപ്പും മുദ്രയും.

D G മാർ അബ്ദൽമിശിഹാ മുതൽപേരുടെ കൂട്ടപ്പടം.

D J 1913 കുംഭം 18. പരുമല സെമിനാരിപള്ളിയിൽനിന്നു മാർ അബ്ദൽമിശിഹാ പുറപ്പെടുവിച്ച കൽപനയുടെ അച്ചടിച്ച മലയാളതർജ്ജമ.

D K 11_5_1104 ഒന്നാംപ്രതി കല്ലുങ്കത്രപ്പള്ളിക്കയച്ച അച്ചടിച്ച കൽപന.

D R 5-6_1070 കോതമംഗലത്തു കോട്ടപ്പടി ഗബ്രിയേൽപ്പള്ളിയിലെ പട്ടക്കാരും ട്രസ്റ്റിമാരും ഇടവകക്കാരുംകൂടി എഴുതിപിടിച്ച ഉടമ്പടിയുടെ പകർപ്പ്.

D S 5_1_1052 മുളന്തുരുത്തിപ്പള്ളിയിലെ പട്ടക്കാരും കൈക്കാരും ഇടവകക്കാരുംകൂടി എഴുതിപിടിച്ച ഉടമ്പടിയുടെ പകർപ്പ്.

D T 21_6_1063 കോതമംഗലം മത്തമറിയം വലിയപള്ളിയിലെ പട്ടക്കാർ കൈക്കാർ മുതൽപേരുകൂടി എഴുതിപിടിച്ച ഉടമ്പടിയുടെ പകർപ്പ്.

D U വാകത്താനം ഗീവറുഗീസുറമ്പാൻ കോട്ടയം മാർത്തോമ്മസ്സ് അച്ചുകൂടത്തിൽനിന്ന് പ്രസിദ്ധപ്പെടുത്തിയ A.D 1908 ലേക്കുള്ള മലങ്കര ഇടവക പഞ്ചാംഗം

D W 1906 ചിങ്ങം 17. മാർ ഗീവറുഗീസ് ദീവന്നാസ്യോസ് അഹാദുകശ്ശിശായിക്ക് അയച്ച സുറിയാനിക്കത്ത്.

D Y 30_11_1064 തിരുവിതാംകൂർ രാജകീയ പരമകോടതിയിൽ 1061_ൽ അപ്പീൽ 3_ാം നമ്പരിലെ ജഡ്ജ്മെൻറിൻെ അച്ചടിച്ച പ്രതി.

D Z 10_8-1098 തിരുവിതാംകൂർഹൈക്കോടതിയിൽ 1096-ൽ അപ്പീൽ 68ാം നമ്പരിലെ ജഡ്ജ്മെൻറിൻെറ അച്ചടിച്ചപ്രതി.

E A തിരുവനന്തപുരം ജില്ലാക്കോടതിയിൽ 1088_ൽ അസ്സൽ 94_ാം നമ്പരിൽ വാ. ഭാ. 52-ം പ്രതിഭാഗം 18-ം സാക്ഷി മാർ ഗീവറുഗിസ് ദീവന്നാസ്യോസ്സിൻെറ മൊഴിയുടെ അച്ചടിച്ച പ്രതി.

E B ടി കേസ്സിൽ പ്രതിഭാഗം 23_ാം സാക്ഷി മാർ സ്ളീബാ ഒസ്താത്യോസ്സിൻെറ മൊഴിയുടെ അച്ചടിച്ച പ്രതി.

E C ടി കേസിൽ വാദിഭാഗം 4_ം പ്രതിഭാഗം 2_ം സാക്ഷി കോര മാത്തൻ മൽപാൻെറ മൊഴിയുടെ അച്ചടിച്ച പ്രതി.

E D 19-6-1054 പാമ്പാടി പള്ളി ഇടവകക്കാർ എഴുതിപിടിച്ച ഉടമ്പടിയുടെ അച്ചടിച്ച പകർപ്പ്.

E E 21_6_1063 കോതമംഗലം മർത്തമറിയം വലിയപള്ളി ഇടവകക്കാർ എഴുതിപിടിച്ച ഉടമ്പടിയുടെ അച്ചടിച്ച പകർപ്പ്.

E F 17_6_1068. മീനടം സെന്തോമ്മസ്സ് പള്ളി ഇടവകയിലെ ഇട്ടികുര്യൻ മുതൽപേർ എഴുതിപിടിച്ച കരാർ ഉടമ്പടിയുടെ അച്ചടിച്ച പകർപ്പ്.

E G 15_3-1070 കോതമംഗലം തേക്കിലക്കാട്ടു ബസ്സേമിയാ പള്ളി ഇടവകക്കാർ എഴുതിപിടിച്ച ടി

E H 25_11_1080 കൂത്താട്ടുകുളം വടകരപ്പള്ളി ഇടവകക്കാർ എഴുതിപിടിച്ച ഉടമ്പടിയുടെ അച്ചടിച്ച പകർപ്പ്.

E J 8-8_1054 വാഴയിൽ ഇത്താക്കു വറീതു എഴുതി തോമ്മാകുര്യൻ മുതൽപേർക്കു കൊടുത്ത ദാനയാധാര ഉടമ്പടി പകർപ്പ്.

E T 1088_ൽ അസ്സൽ 94_ാം നമ്പരിൽ 104 അക്കമായി ചേർത്ത 1092 തുലാമാസത്തെ മലങ്കര ഇടവകപ്പത്രികയുടെ അച്ചടിച്ച പകർപ്പ്.

F B 264 അക്കം 45 മുതൽ 47 വരെ വശങ്ങളുടെ ഒരു ഭാഗത്തിൻെറ മലയാളതർജ്ജമ.

F C 264 അക്കം 48_ം 51 മുതൽ 55 വരെയും വശങ്ങളിൽ "കുറിയാക്കോസ്സിനുശേഷം ദീവന്നാസ്യോസ്സ് തൽമഹറോയൊ" എന്ന തലക്കെട്ടിലുള്ള ഭാഗത്തിൻെറ മലയാള തർജ്ജമ.

F D 264 അക്കം 68-ം 71-ം വശങ്ങളിൽ (യോഹന്നാൻ മൗദ്യോനോയിക്കുശേഷം അത്താനാസ്യോസ്സ് യേശു) ചില ഭാഗങ്ങളുടെ മലയാള തർജ്ജമ.

F E 264 അക്കം 90 മുതൽ 92 വരെ വശങ്ങളിൽ ഇഗ്നാത്യോസ്സ് ദാവീദു പാത്രിയർക്കീസ്സിന്റെ ചരിത്രം ചില ഭാഗങ്ങളുടെ മലയാള തർജ്ജമ.

F F 264 അക്കം 117-118 വശങ്ങളിൽ (ഇഗ്നാത്യോസ്സ് ഈശൊ പാത്രിയർക്കീസ്) ചില ഭാഗങ്ങളുടെ മലയാള തർജ്ജമ.

F M 26 അക്കത്തിന്റെ മുഖവുരയുടെ ഇംഗ്ലീഷ് തർജ്ജമ.

F N കൊച്ചി രാജകീയ അപ്പീൽകോടതിയിൽ 1076-ൽ അപ്പീൽ 7-ാം നമ്പരിൽ 31.12-1080-ൽ ഉണ്ടായ വിധിയുടെ പകർപ്പ്.

II പ്രതിഭാഗം അക്കപ്രമാണങ്ങൾ

1. 17-11-1106 1-ാം വാദി മുതൽപേർ പാമ്പാക്കട ചെറയപള്ളിക്കയച്ച കല്പന

2. 1924 ചിങ്ങം 12. 1-ാം വാദി മുതൽപേർ ഒപ്പിട്ട മുളക്കുളം വലിയപള്ളിക്കു എഴുതിയ ഏലിയാസ് തൃതീയൻ പാത്രിയർക്കീസിന്റെ കല്പനയുടെ അച്ചടിച്ച മലയാളം തർജ്ജമ.

3. 1080 മിഥുനം ഇടവകപ്പത്രികയുടെ പ്രതി.

3. (a) "പാത്രിയർക്കീസുബാവായുടെ സ്ഥാനഭ്രംശം" എന്ന തലക്കെട്ടിൽ ടിയിൽ 93-ാം വശത്തുള്ള ലേഖനം

4. (a) 4 അക്കത്തിന്റെ [1081 ചിങ്ങം ഇടവകപ്പത്രിക] ഒടുവിലത്തെ കടലാസിന്റെ അകത്തുവശത്തു "പാത്രിയർക്കാ പ്രതിഷ്ഠ" എന്ന തലക്കെട്ടിലുള്ള പ്രസിദ്ധീകരണം.

5. (a) [1050 കർക്കടകം ഇടവകപ്പത്രിക] 140-ാം വശത്തു "പാത്രിയർക്കാ തെരഞ്ഞെടുപ്പ്" എന്ന തലക്കെട്ടിലുള്ള പ്രസിദ്ധീകരണം.

6 (b) [കോനാട്ടു മാത്തൻ കോർ എപ്പിസ്കോപ്പാ 1937-ൽ പ്രസിദ്ധപ്പെടുത്തിയ "സുറിയാനിക്രിസ്ത്യാനികളുടെ പ്രാർത്ഥനാക്രമം" എന്ന പുസ്തകം] 264. 265 വശങ്ങളിൽ "ശുശ്രൂഷക്കാരൻ" എന്ന തലക്കെട്ടിലുള്ള ഭാഗം.

7. 31-1-1927 1-ാം വാദി ചെംമാഞ്ചി കുരിശുപള്ളിക്കയച്ച ഏലിയാസ് ദ്വിതീയന്റെ കല്പനയുടെ അച്ചടിച്ച പ്രതി.

9 1911 ആടി 22. പരിപ്പ് പള്ളിക്കു അബ്ദുള്ളാ ദ്വിതീയൻ അയച്ചടി.

26. 1898-ൽ പാരീസിൽനിന്നു പ്രസിദ്ധപ്പെടുത്തിയ ഹൃദായ കാനോൻ [1088-ൽ അസ്സൽ 94-ാം നമ്പരിൽ എ. അക്കം.]

40. കോനാട്ടു മല്പാൻ സുറിയാനിയിൽ പ്രസിദ്ധപ്പെടുത്തിയ 'സീമത്ഹായെ" എന്ന മാസികയുടെ 3-ാം ലക്കം.

43. 6.1_1104 ഈ (കോട്ടയം ജില്ലാ) കോടിയിൽ 1104-ൽ അസ്സൽ. 2-ാം നമ്പരിൽ അന്യായത്തിന്റെ പകർപ്പ്

44. 8-6-1104. ടി നമ്പരിൽ 1-ാം പ്രതി ഗീവറുഗീസ് മാർ ദീവന്നാസ്യോസിന്റെ പത്രികയുടെ പകർപ്പ്

45. 10.6_106. ടിയിൽ വിധി പകർപ്പ്

46. 13_2_1107. ടിയിൽ നടപടിപ്പകർപ്പ്

47. 20_5_1107 46 അക്കം നടപടികളിൽപ്പെട്ട ഹൈക്കോടതിയിൽ 1107-ൽ. സി എം. എ 74-ാം നമ്പരിന്മേൽ ഉണ്ടായ അപ്പീൽ മെമ്മോയുടെയും അതിലെ ഉത്തരവിന്റെയും പകർപ്പ്

48. 22_5_1111. ഗീവറുഗീസ് മാർ ദീവന്നാസ്യോസിന്റെ മരണ പത്രിക സംബന്ധിച്ചുണ്ടായ കോട്ടയം സബ്രജിസ്ട്രാരുടെ തീർച്ചയുടെ പകർപ്പ്

54. 26_6_1107. ഈ കോടതിയിൽ 1091-ൽ അസ്സൽ 100-ാം നമ്പർ വിധിയിന്മേൽ ഉണ്ടായ ഹൈക്കോടതിയിൽ 1105-ൽ അസ്സൽ 173-ാം നമ്പരിലെ വിധിയുടെ പകർപ്പ്.

55. 16_6_1104. ഗീവറുഗീസ് ദീവന്നാസ്യോസ് കല്ലുങ്കത്ര പള്ളിക്കു അയച്ച കല്പനയുടെ അച്ചടിച്ചപ്രതി

56. 3_6_1108. മാർ ഗീവറുഗീസ് ദീവന്നാസ്യോസിന്റെ മരണപത്രിക

59. 18_4_1110. മലങ്കരയുള്ള എല്ലാ യാക്കോബായ പള്ളികൾക്കും 1-ാം പ്രതി അയച്ച ഒരു നോട്ടീസിന്റെ അച്ചടിപ്പകർപ്പ്.

60. ടി മലങ്കര യാക്കോബായ സുറിയാനി അസോസ്യേഷൻ വൈസ്പ്രസിഡണ്ടന്മാർ അയച്ച ടി.

61. ടി ടി. അസോസ്യേഷൻ മാനേജിങ്ങ് കമ്മററി അംഗങ്ങൾ അയച്ചതായി പറയുന്ന നോട്ടീസിന്റെ അച്ചടിച്ച പ്രതി.

62. ടി 110 വൃശ്ചികം 30-ാം നു-യിലെ മലയാള മനോരമ 2-ാം വശത്തുള്ള മേല്പറഞ്ഞ മൂന്നു നോട്ടീസുകളുടെ പരസ്യം.

63. 30_4-110-ലെ കേരളകേസരിയുടെ 3-ാം വശത്തു ചേർത്തിട്ടുള്ള ടി.

64. 11_5_1110 എം ഡി സിമ്മനാരിയിൽ കൂടിയ പള്ളി പ്രതിപുരുഷന്മാരുടെ പൊതുയോഗത്തിലെ നടപടികൾ.

65. 7_3_1932 ആലപ്പൊ, യെറുശലേം, മർദ്ദീൻ എന്നീ ദ്രോസനങ്ങളുടെ മെത്രാപ്പോലീത്തന്മാർക്കു മാർ ഗീവറുഗീസ് ദീവന്നാസ്യോസ് മെത്രാപ്പോലീത്താ അയച്ച എഴുത്ത്.

66. ടി യെറുശലേം മെത്രാപ്പോലീത്തായായ ഗ്രീഗോറിയോസ് ഗബ്രിയേലിന് ടിയാൻ അയച്ച കമ്പിയുടെ പകർപ്പ്.

71. 1904 മകരം 30 കോരമാത്തൻ മാല്പാൻ മാർ ജോസഫ് ദീവന്നാസ്യോസിന് അയച്ച എഴുത്ത്.

72. 1904 ചിങ്ങം 31 കോരമാത്തൻ മല്പാൻ ടിയാന് അയച്ച എഴുത്ത്.

73. 1908 ധനു 30. കോരമംഗലത്തുൽമല്പാൻ അബ്ദുൽമിശിഹാ പാത്രിയക്കീസിനു സുറിയാനിയിൽ അയച്ച എഴുത്തു്.

74. 1905 കന്നി 28 സ്ളീബാശെമ്മാശ്ശൻ [മാർ ഒസ്താത്തി യോസു്] മാർ യോസേപ്പു് ദീവന്നാസ്യോസിനു സുറിയാനിയിൽ അയച്ച എഴുത്തു്.

75. ടി 74 അക്കത്തിൽ പറയുന്ന അന്തോൻ അയച്ച സുറിയാനി എഴുത്തിന്റെ പകർപ്പു്.

76. 1905 തുലാം 6. സ്ളീബാശെമ്മാശ്ശൻ മാർ യൗസേഫ് ദീവന്നാസ്യോസിനു് സുറിയാനിയിൽ അയച്ച എഴുത്തു്.

77. 1906 കർക്കടകം 20 സ്ളീബാ ശെമ്മാശ്ശൻ ഗീവറുഗീസു് റമ്പാനു് [മാർ ഗീവറുഗീസു് ദീവന്നാസ്യോസു്] സുറിയാനിയിൽ അയച്ച എഴുത്തു്.

80. 1913 കുംഭം 8 അബ്ദുൽമിശിഹാ പാത്രിയക്കീസു് പരുമലസിമ്മനാരിയിൽനിന്നു സുറിയാനിയിൽ അയച്ച കല്പന.

81. 1914 കർക്കടകം 17 ടിയാൻ മാർ ഗീവറുഗീസു് ദീവന്നാസ്യോസു് മെത്രാപ്പോലീത്തായ്ക്കു സുറിയാനിയിൽ അയച്ച എഴുത്തു്.

86. 22:1.1087 കോട്ടയം എം. ഡി. സിമ്മനാരിയിൽ കൂടിയ മലങ്കര യാക്കോബായ സുറിയാനി അസോസ്യേഷൻ യോഗത്തിൽ പാസ്സാക്കിയ നിശ്ചയങ്ങൾ

98. 19_1_1106. 1_1=1104 മുതൽ 11.5-1110 വരെ കൂടിയ അസോസ്യേഷൻ യോഗങ്ങളുടെയും മാനേജിങ്ങു് കമ്മറിയോഗങ്ങളുടെയും നടപടികളുടെ പകർപ്പു് അടങ്ങിയ പുസ്തകം.

100. 5_6-1110. കുമ്പഴ ബഥേൽ (പടിഞ്ഞാറു) പള്ളി ഇടവകക്കാർ ഗീവറുഗീസു് കോറെപ്പിസ്കോപ്പാ (പ്ര. ഭാ. 7_ാംസാക്ഷി) മുതൽപേക്കു കൊടുത്ത സമ്മതപത്രം 65_ം 67_ം വശങ്ങൾ.

102. 8.5_1110. കരുർപള്ളി ഇടവകക്കാർ ടി യാനു കൊടുത്ത സമ്മതപത്രം 170- 171-ം താളുകൾ.

104. ടി [പ്ര. ഭാ. 7-ാം സാക്ഷിയുടെ സഹോദരൻ] അബ്രഹാം കത്തനാരുടെ കൈപ്പടയിൽ എഴുതിയതും 7-ാം സാക്ഷി ഹാജരാക്കിയതുമായ ഹ്രദായ കാനോനിന്റെ സുറിയാനി കൈയെഴുത്തു പ്രതി

147. 8-5-1110. നല്ലില പഴയപള്ളി ഇടവകക്കാർ പ്ര. ഭാ. 21-ാംസാക്ഷി മുതൽപേക്കു കൊടുത്ത സമ്മതപത്രം കൊല്ലം ഇടവകയുടെ 136-ാംനമ്പർ താൾ]

150 18-4-1110. 1-ാംപ്രതി കരുക്കരക്കടവു ചെറിയപള്ളിക്കയച്ച അച്ചടിച്ച ക്ഷണക്കത്തു്

150. (a) ടി. ടിയാനു് അയച്ച സമ്മതപത്രഫാറം.

150. (b) ടി 150.\150 (a) അക്കങ്ങൾ അയച്ച റാപ്പർ.

151. ടി. കരുക്കരക്കടവു വലിയപള്ളിക്കയച്ച സമ്മതപത്രഫാറം.

151. (a) ടി. 151 അക്കം അടക്കം ചെയ്ത റാട്ടർ.

153. പ്ര. ഭാ. 24=ാംസാക്ഷി ഹാജരാക്കിയ ഹ്രുദായ കാനോന്റെ കൈയെഴുത്ത പ്രതി.

155. 1889 കന്നി 5_പാത്രോസ് തൃതീയൻ പാത്രിയക്കീസ കോര മത്തൻ മല്പ നു് അയച്ച സുറിയാനി കല്പന,

156. ഹ്രുദായ കാനോന്റെസുറിയാനി കൈ എഴുത്തുപ്രതി.

157. ടി ആദ്യത്തെ പത്തു് അദ്ധ്യായങ്ങളുടെ കൈ എഴുത്തു പ്രതി.

164. 5_1_1104_(വാ. ഭാ. 17_ാംസാക്ഷി മാർ യൂലിയോസ് ഈ കോടതിയിൽ 1104_ൽ അസ്സൽ 2_ാംനമ്പരിൽ ബോധിപ്പിച്ച സത്യവാങ്മൂലം.

165. 2=1=1104=വാ. ഭാ. 17_ാംസാക്ഷി മാർ ഗീവറുഗീസു ദീവന്നാസ്യോസിനു് അയച്ച സസ്പെൻഷൻ കല്പന.

166. 1912 മിഥുനം 27_അന്ത്യോഖ്യായുടെ മാർ അബ്ദുള്ളാ ദ്വിതീയൻ പാത്രിയക്കീസു മലങ്കരസഭയ്ക്കു് അയച്ച 12_ാംനമ്പർ അച്ചടി കല്പന (1104_ൽ അസ്സൽ 2=ാംനമ്പരിൽ സി അക്കം)

168. (a) 1912 വൃശ്ചികം 19=(അബ്ദുള്ളാ ദ്വിതീയൻ പാത്രിയക്കീസു് പുനീക്കിയിൽനിന്ന മല്പാൻ സ്കറിയാക്കത്തനാർ മുതൽപേക്കയച്ച സുറിയാനി കല്പന) യുടെ മലയാളം തർജ്ജിമ.

170. 1932 ചിങ്ങം 18_വാ. ഭാ. 17_ാംസാക്ഷി പ്രതിഭാ. 27_ാം സാക്ഷിക്കയച്ച സുറിയാനി മറുപടി.

171. മാർ ഗീവറുഗീസു ദീവന്നാസ്യോസിന്റെ സു. സ്ഥാത്തിക്കോൻ (സുറിയാനി)

172. പത്രോസ്സ് തൃതീയൻ പാത്രിയക്കീസു മാനേജിംഗ് കമ്മിറ്റിക്കയച്ച സുറിയാനി കൽപ്പന.

176. 25=10=1085_പൌലൂസു ദയറോയൊ (റമ്പാൻ) ആയ 1_ാംവാദി മാർ അബ്ദുള്ളാ ദ്വിതീയൻ പാത്രിയർക്കീസിനു് എഴുതിക്കൊടുത്ത ശൽമൂസ്സോയുടെ(ഉഭയസമ്മത പത്രം) വകപ്പു്.

179. 29=1=1086_പൌലൂസു മാർ ക്ലൂറിലോസു് ടി=യാനു് എഴുതിക്കൊടുത്ത ശൽമൂസോയുടെ പകർപ്പു്.

180. 1877 തുലാം 7_പത്രോസു് തൃതീയൻ പാത്രിയക്കീസു ശെമഒൻ ദീവന്നാസ്യോസു മെത്രാപ്പോലീത്തായ്ക്കയച്ച കല്പന.

181. 1911 ഇടവം 26_മാർ അബ്ദുള്ളാ ദ്വിതീയൻ പാത്രിയക്കീസു മാർ ഗീവറുഗീസു ദീവന്നാസ്യോസിനയച്ച മുടക്കു കല്പന.

182. 8_8_1085_കണ്ടനാട്ടു മത്തമറിയം പള്ളിയിലെ പട്ടക്കാരും കൈക്കാറരും മറ്റുള്ളവരുംകൂടി മാർ അബ്ദുള്ളാ ദ്വിതീയൻ പാത്രിയക്കീസിന്റെ പേക്കു് എഴുതിക്കൊടുത്ത ഉടമ്പടിയുടെ പകർപ്പു്.

183. 4-6_9_1085=കുരിങ്ങാശ്ശ പള്ളിയിലെ പട്ടക്കാരും മറ്റുള്ളവരും ചേർന്നു് എഴുതിയ ഉടമ്പടിയുടെ പകർപ്പു്

212. 11_7_1085_1910=മാർ അബ്ദുള്ളാ ദ്വിതീയൻ പാത്രി

യക്കീസിന്റെ മുദ്രയുള്ളതും പുതുപ്പള്ളി മാർ ഗീവറുഗീസു സഹദാ യുടെ പള്ളിക്കു" അയച്ചതുമായ മലയാള കല്പന.

213. 1910 ഇടവം 1=മാർ അബ്ദുള്ളാ ബിതിയൻ പാ ത്രിയക്കീസു കരിങ്ങാശ്ശ മാർ ഗീവറുഗീസു സഹദായുടെ പള്ളി ക്കു" അയച്ച കല്പനയുടെ പകർപ്പു".

214. 11=7=1085=1910=പുതുപ്പള്ളിപ്പള്ളി ഇടവകക്കാർ എഴുതിപ്പിടിച്ച നിശ്ചയപ്പത്രത്തിന്റെ പകർപ്പു".

215. 3-3-1911-മി. ഇ എം ഫിലിപ്പു" മി. ഇ ജെ. ജേണിനയച്ച എഴുത്തിന്റെ പകർപ്പു".

217. രണ്ടാമത്തെ കാതോലിക്കാ (വാകത്താനം ഗീവറുഗീസു ശെമ്മാശൻ) യുടെ കൈവശമിരുന്ന ഹൃദായ കാനോന്റെ സുറി യാനി കൈയെഴുത്തുപ്രതി.

218. കിളന്നമണ്ണിൽ ഗീവറുഗീസു കത്തനാരുടെ കൈപ്പ ടയിലുള്ള ഹൃദായ കാനോന്റെ സുറിയാനി കൈയെഴുത്തുപ്രതി.

223. 1914 ഏപ്രിൽ 4=കൊച്ചി പഞ്ചായത്തു വിധി പ്പകർപ്പു".

225. 29=11=1096=ദാനിയേൽ ശമുവേൽ 1-ാംപ്രതിക്കു" എ ഴുതിക്കൊടുത്ത ദാനയാധാരം.

244. 1911 വൃശ്ചികം 15. മാർ അബ്ദൽമിശിഹാ പുറപ്പെ ടുവിച്ചതും മാർ ഗീവറുഗീസു" ദിവന്നാസ്യോസു" മലങ്കരയുള്ള പ ള്ളികൾക്കു" അയച്ചതുമായ കല്പനയുടെ തർജ്ജമ അച്ചടിച്ചതി ന്റെ പ്രതി.

246. 1903 തുലാം (ഒക്ടോബർ) പാത്രിയക്കീസു മാർ അബ്ദൽമിശിഹാ മെത്രാപ്പോലീത്താന്മാരായ മാർ യൗസേപ്പു ദിവ ന്നാസ്യോസിനും കടവിൽ മാർ പൗലൂസു അത്താനാസ്യോസിനും പൗലൂസു" മാർ ഇവാനിയോസിനുംകൂടി അയച്ച സുറിയാനി കല്പ ന.

246. (a) ടിയുടെ മലയാള തർജ്ജമ.

249. 28-5-1099. ബ്രിട്ടീഷു" റസിഡന്റു ആർ. സി. സി. കാർ ഐ. സി. എസ്സു". അവർകൾക്കു" മാർ യൗസേപ്പു ദിവന്നാ സ്യോസു അയച്ച എഴുത്തിന്റെ പകർപ്പു";

255. തിരുവനന്തപുരം ജില്ലാക്കോടതിയിൽ 1088-ൽ അ സൽ. 94-ാം നമ്പരിൽ ജഡ്ജ്മെന്റിന്റെ അച്ചടിച്ച പ്രതി.

256. 45. റവി. എൽ. ആർ. 116 മുതൽ 251 വരെ വശങ്ങ ളിൽ റിപ്പോർട്ടു ചെയ്തിട്ടുള്ള 255 അക്കം ജഡ്ജിമെന്റിന്മേലു ള്ള ഹൈക്കോടതിയുടെ റിവ്യൂ ജഡ്ജിമെന്റു".

263. 26, 68, 104, 153, 156, 157, 216, 217, 218. എന്നീ അക്കങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങൾ കാണിക്കുന്നതായി പ്ര. ഭാ. 30-ാം തീയതി സക്ഷിതയ്യാറാക്കിയ സ്റ്റേറ്റുമെന്റു.

264. 1=ാംപ്രതി ഹാജരാക്കിയ ബാർ എബ്രായയുടെ ഏ ക ക്ലാസ്യാസ്സറിക്കായുടെ കൈയെഴുത്തുപ്രതി.

264. (a) നെസ്തോറിയൻ കാതോലിക്കായെ സംബന്ധിക്കുന്ന അംശം ഒഴിച്ചുള്ള രണ്ടാം ഭാഗത്തിന്റെ മലയാളതർജ്ജമ.

264. (b) 264 അക്കത്തിൽ ഗീവറുഗീസുപാത്രിയർക്കീസിനെ സംബന്ധിക്കുന്ന 126=127 വശങ്ങളുടെ അംശം (സുറിയാനി)

264. (c) 264 (b) അക്കത്തിന്റെ മലയാളം തർജ്ജമ.

264. (d) പാത്രിയർക്കീസിന്റെ സഹകരണം കൂടാതെ മെത്രാപ്പോലീത്തന്മാർ തനിച്ചു കാതോലിക്കായെ വാഴിക്കുന്നതായി ദൃഷ്ടാന്തങ്ങൾ കാണിക്കുന്ന 264. അക്കത്തിലെ ഭാഗങ്ങളുടെ മലയാള തർജ്ജിമ.

264 (e) "മാർ ഇഗ്നാത്യോസിനുശേഷം മാർ അഹറോൻദീവന്നാസ്യോസു" എന്ന തലക്കെട്ടിൽ 264 അക്കം 1=ാം ഭാഗത്തിന്റെ അംശങ്ങൾക്കു മലയാള തർജ്ജിമ.

264 (f) "മാർ മിഖായൽ റാബൊയുടെ ശേഷം സ്ളീബാ ആകുന്ന അത്താനാസ്യോസു ആദിയായ" എന്ന തലക്കെട്ടിൽ. ടി

264 (g) "മാർ ബസേലിയോസിനു ശേഷം അബ്ദുൽ ആകുന്ന സ്മത്തുവിന്റെ യോഹന്നാൻ ആദിയായ" ടി എന്ന തലക്കെട്ടിൽ ടി.

264 (h) "മിലിത്തോസിന്റെ ശേഷം പ്ലംബിയാതോസു ആദിയായ" എന്ന തലക്കെട്ടിൽ ടി.

264 (j) മിലിത്തോസിന്റെ ശേഷം പ്ലംബിയാതോസു ആദിയായ എന്ന തലക്കെട്ടിൽ 264 അക്കം 1=ാം ഭാഗത്തിലെ അംഗങ്ങളുടെ മലയാളം തർജ്ജമ.

264 (K) "നെമൂദിന്റെ ഫീലക്സീനോസ്സിന്റെശേഷം ന്യായമല്ലാത്ത മൂന്നുപേർ" എന്ന തലക്കെട്ടിൽ ടി

264 (b) ഒരേസമയത്തു മൂന്നു പാത്രിയർക്കീസ്സന്മാർ ഉണ്ടായിരുന്നു എന്നു കാണിക്കുന്ന ഒരു ലിസ്റ്റ് അടങ്ങിയ ടി ഭാഗം.

265 (b) (എപ്പിസ്കോപ്പാസ്ഥാനത്തിനു വിളിക്കപ്പെടുന്ന ആളിനെപ്പററി എന്ന തലക്കെട്ടുസംബന്ധിച്ചു 1_ാം പ്രതി ഹാജരാക്കിയ മനാറസ്ക്കദീശെ എന്ന സുറിയാനി കൈ എഴുത്തുപ്രതി 265_ാംഭാഗത്തിലെ വശത്തിന്റെ) മലയാളതർജ്ജമ.

265 (d) "മിശിഹാ ശ്ലീഹന്മാരെ ആദ്യം ശെമ്മാശന്മാരും പിന്നീടു കശീശന്മാരും പിന്നീടു എപ്പിസ്കോപ്പന്മാരും ആക്കി എന്നതിനെപ്പററി" 265 അക്കം 267_ാം വശത്തിന്റെ ഭാഗത്തിനു) മലയാളതർജ്ജമ.

265 (c) 265 അക്കം നിസൊ 1. പാസ്സോക്കാ 1. അദ്ധ്യായം 9. ശീസ്തോത്തൊ 6_ന്റെ മലയാളതർജ്ജമ.

വാദിഭാഗം സാക്ഷികൾ

√1. മി. യാക്കോബുകത്തനാർ അബ്രഹാം (മി. കെ. ജെ, അബ്രഹാം)

√2. കയ്യൻ മാത്തു

XXX

ശുദ്ധിപത്രം

പേജ്	വരി	അബദ്ധം	സുബദ്ധം
4.	28	വിദ്വേന്മാരും	പണ്ഡിതന്മാരും
,,	,,	പഴയ	പഴമ
7.	35	വത്തമന	വർദ്ധമാന
11.	9	കുഞ്ഞാട്ടകളെയെ	കുഞ്ഞാട്ടകളെ
12.	29	പാശ്ചിയക്കീസിന്റെ	പാശ്ചാത്യസിന്റെ
13.	32	Overtown	Overtoun
14.	23	രുതപ	തതപ
16.	38	നിയമങ്ങൾ	നിയമനങ്ങൾ
17.	14	അട്ടേഹം	അബ്ദുൽമശിഹാ
19.	31	തെറ്റിയിരിക്കയുമില്ല	തെറ്റായിരിക്കയുമില്ല.
23.	14	നേരിടുമെന്നു	നേരിടുമെന്നുള്ള
28.	13	സംശയ	സംഗത
,	15	ചരിത്രകാരന്മാർ	ചരിത്രകാരന്മാരാൽ
29.	12	സ്ഥിതി	സ്ഥാനി
,,	41	നിയമത്തിന്റെ	നിയമനത്തിന്റെ
34.	1	D L. R.	T. L. R.
,,	14	D. L. R.	T. L. R.
39.	12	ധാതുതവ പരിത്യ	ധാതു വൈപരിത്യ
42.	1	മലങ്കരയും	മലങ്കരയിൽ
56.	14	ഒഴികെയുള്ള	ഒഴികെയുള്ളവ
71.	21	ഉരു	ഇരു
77.	40	നോറമ	നോമോ
79	26	അത്ത	അത്ഥ
80.	10	കയ്യേൽക്കുകയെയും	കയ്യേൽക്കാമെന്നല്ല
,,	37	ചെയ്യാമെന്നല്ല	
		സഭ	സഭവക
81.	2	നിലയും	നിലയിലും
,,	37	മാട്ടസോടെയെ	മനസോയെ
98	41	വാദിഭാഗം	പ്രതിഭാഗം
131.	32	നിൽക്കുന്നതെന്നും	നിൽക്കുന്നവർ ആരെന്നും
135.	23	ഹാൻഡൻ	ഹാൽഡൻ



മലങ്കര മഹായിടവകയുടെ നി. വ. ദി. ശ്രീ.
മാർഅത്താനാസ്യോസ് പൗലൂസ് തിരുമനസ്സുകൊണ്ട്
1___ാം വാദി



ഗീവറുഗീസ് ദ്വിതീയൻ മോറാൻ മാർ
ബസേലിയോസുകാതോലിക്കോസ് തിരുമനസ്സുകൊണ്ട്
1_ാം പ്രതിയും പ്രതിഭാഗം 25_ാം സാക്ഷിയും

തിരുവിതാംക്കൂർ
ഹൈക്കോടതിയിൽ

ഹാജർ.—രാജ്യസേവാപ്രവീണ ററി. എം. കൃഷ്ണസ്വാമി
അയ്യർ. ചീഫ് ജസ്റ്റീസ്
ജി. സി. നോക്സ്. ജഡ്ജി
എസ്. ഐ. സത്യനേശൻ. ജഡ്ജി.

അപ്പീൽ 1118-ൽ 914-ം, 1119-ൽ 1-ം നമ്പരുകൾ.

1118-ൽ അപ്പീൽ 914

കോട്ടയം ജില്ലാക്കോടതിയിൽ സക്സഷൻ സർട്ടിഫിക്കേറ്റ് അപേക്ഷ 1112—ൽ 1-ാം നമ്പർ.

അപ്പീൽവാദി,—അസ്സൽ എതിർ ഹർജിക്കാരൻ—ആലുവാ തുക്കുന്നത്തു സിമ്മനാരിയിൽ ഇരിക്കും നിദാന്ത വന്ദ്യ ദിവ്യശ്രീ പൌലൂസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ.

അഡ്വൊക്കേറന്മാർ മെസ്സേഴ്സ് കെ. പി. ഏബ്രഹാം, കെ. ററി. തോമസ്, എം. മക്കോസ്, എം. ജോജ്ജ്.

അപ്പീൽപ്രതി—അസ്സൽ ഹർജിക്കാരൻ—കോട്ടയം വിജയപുരം കരയിൽ പഴയ സിമ്മനാരിയിൽ ഇരിക്കും ഗീവർഗ്ഗീസ് ദ്വിതീയൻ മോറാൻ മാർ ബസ്സേലിയോസ് കാതോലിക്കാ (അസ്സൽ അപേക്ഷയിൽ കൊടുത്തിരിക്കുന്ന പേരും മേൽവിലാസവും ആകുന്നു.)

അഡ്വൊക്കേറന്മാർ—മെസ്സേഴ്സ് ഇ. ജെ. ഫിലിപ്പോസ്, പി. ഐ. സൈമൺ.

1119—ൽ അപ്പീൽ 1.

കോട്ടയം ജില്ലാക്കോടതിയിൽ 1113—ൽ അസ്സൽ 111.

അപ്പീൽവാദികൾ.—അസ്സൽ 1 മുതൽ 3 വരെ വാദികൾ

1. ആലുവാത്തുക്കുന്നത്തു സിമ്മനാരിയിൽ ഇരിക്കും നിദാന്ത വന്ദ്യദിവ്യശ്രീ പൌലൂസ് മാർ അത്താനാസ്യോസു മലങ്കരമെത്രാപ്പോലീത്താ.

2. മൂവാറ്റുപുഴ താലൂക്കിൽ കോതമംഗലം പകുതിയിൽ പുത്തുപ്പാടി കരയിൽ പൂക്കുന്നേൽ അവിരാ ജോസഫ് കത്തനാർ.

3. കൊച്ചിസംസ്ഥാനത്തു കണയന്നൂർ താലൂക്കിൽ മുളന്തുരുത്തി ഗ്രാമത്തിൽ പുലിയാട്ടു തുകലൻ പൌലോ അവിരാ.

കന്നാം വാദിക്കുവേണ്ടി അഡ്വൊക്കേറന്മാർ മെസ്സേഴ്സ് റോളണ്ട് ബ്രാഡൽ, കെ. പി. ഏബ്രഹാം, കെ. റ്റി. തോമ്മസ്സ്. എം. മക്കോസ്സ്, എം. ജോർജ്ജ്, വി. എൻ. സുബ്രഹ്മണ്യയ്യർ, റ്റി. എസ്സ്. കൃഷ്ണമൂർത്തിഅയ്യർ, മിസ്സ് എസ്സ്. സാറാമ്മ പോത്തൻ, മിസ്സ് കെ. വി. മറിയക്കുട്ടി, മിസ്സ് ഏലിസക്കറിയാ, മി. എം. പി. തോമ്മസ്സ്.

രണ്ടാം വാദിക്കുവേണ്ടി അഡ്വൊക്കേറന്മാർ മെസ്സേഴ്സ് കെ. പി. ഏബ്രഹാം, കെ. റ്റി. തോമ്മസ്സ്, എം. മക്കോസ്സ് എം. ജോർജ്ജ്.

മൂന്നാം വാദിക്കുവേണ്ടി അഡ്വൊക്കേറന്മാർ മെസ്സേഴ്സ് കെ. പി. ഏബ്രഹാം, കെ. റ്റി. തോമ്മസ്സ്, എം. മക്കോസ്സ്, എം. ജോർജ്ജ്.

അപ്പീൽ പ്രതികൾ:— അസ്സൽ 1 മുതൽ 7 വരെ പ്രതികൾ.

1. കോട്ടയം വിജയപുരം പകുതിയിൽ ഗോവിന്ദപുരം കരയിൽ പഴയ സിമ്മനാരിയിൽ ഇരിക്കും മോറാൻ മാർ ബസ്സേലിയോസ്സ് കാതോലിക്കോസ്സ് (പത്രികയിലെ വിവരണം ആകുന്നു)

2. മുവാറ്റുപുഴ, തിരുമാറാടി പകുതിയിൽ പാമ്പാക്കുട കരയിൽ പാലപ്പള്ളിൽ പുത്തൻപുരയിൽ മാണി പൌലൂസ് കത്തനാർ.

3. കോട്ടയം പകുതിയിൽ കോട്ടയം കരയിൽ താഴത്തങ്ങാടിയിൽ ഏറികാട്ട കൊച്ചുപ്പ് ജോസഫ് എന്നു വിളിക്കുന്ന ഇ. ഐ. ജോസഫ്.

4. കോട്ടയം ഗോവിന്ദപുരം കരയിൽ സിറിയൻ സിമ്മനാരിയിൽ താമസം യാക്കോബു കത്തനാർ സ്കറിയാ കത്തനാർ.

5. പുതുപ്പള്ളിപകുതിയിൽ തോട്ടയ്ക്കാട്ടു മുറിയിൽ പ്ലാമ്പറമ്പിൽ കുഞ്ഞൻ ജോർജ്ജ് ശെമ്മാശ്ശൻ.

6. തിരുവല്ലാ പാലിയേക്കര മുറിയിൽ പുത്തൻമഠത്തിൽ കണ്ടത്തിൽ മാത്തുള്ള മാമ്മൻ.

7. കോട്ടയം വെള്ളൂർകരയിൽ പുത്തനങ്ങാടിയിൽ ഉള്ളാട്ടിൽ തൊമ്മി ഇത്താക്കു.

ഒന്നാം പ്രതിക്കുവേണ്ടി അഡ്വൊക്കേറന്മാർ മെസ്സേഴ്സ് റ്റി. ആർ. വെങ്കിട്ടരാമശാസ്ത്രി, ഇ. ജെ. ഫീലിപ്പോസ്സ്, പി. ഐ. സൈമൺ, കെ. എസ്സ്. ശങ്കരയ്യർ.

രണ്ടാം പ്രതിക്കുവേണ്ടി അഡ്വൊക്കേറന്മാർ മെസ്സേഴ്സ് ഇ. ജെ. ഫീലിപ്പോസ്സ്, പി. ഐ. സൈമൺ.

മൂന്നാംപ്രതിക്കുവേണ്ടി അഡ്വൊക്കേറന്മാർ മെസ്സേഴ്സ് ഇ. ജെ. ഫീലിപ്പോസ്സ്, പി. ഐ. സൈമൺ.

1121 കന്നി 8-ാം തീയതി ഇ. അപ്പീലുകൾ വാദം കേട്ട ശേഷം കോടതിയിൽനിന്നും 1121 ഇടവം 27-ാം തീയതി. താഴെ വരുന്ന വിധി പ്രസ്താവിച്ചു.

1118 ൽ അപ്പീൽ 914-ം
1119 ൽ അപ്പീൽ 1-ം നമ്പരുകൾ.

ജസ്ററീസ് നോക്സ്:-

വായനയുടെ സൌകര്യത്തെ കരുതി പിന്നാലെ വരുന്ന അഭിപ്രായങ്ങളുടെ ഒരു ചുരുങ്ങിയ വിഗ്രഹം താഴെ കൊടുക്കുന്നു.

1. ട്രസ്ററിന്റെ പ്രധാന വ്യവസ്ഥകൾ.

ആ മുഖം

2. ട്രസ്ററസ്വത്തുക്കളുടെ വിനിയോഗം.

A. പുതിയസഭ.

പീഠിക

1. പാത്രിയർക്കാസ്ഥാനം.
2. കാനോൻ.
3. കാതോലിക്കാസ്ഥാപനം.
4. മലങ്കര മെത്രാപ്പോലീത്താസ്ഥാപനം.
5. പട്ടത്വം നല്കുന്നതിനുള്ള അധികാരം.
6 ഇടവക വിഭജനം.
7. മുറോൻകൂദാശ.
8. റശ്ശീസായ്ക്കുള്ള അവകാശം.

ചുരുക്കം

B. ലൌകികങ്ങളിന്മേലുള്ള അധികാരം.

3. ട്രസ്ററികൾ.
4. ട്രസ്ററ സ്വത്തുക്കൾ.

ഉപദേശകം

ഈ അഭിപ്രായം രേഖപ്പെടുത്തുന്നതിനുമുമ്പ് എന്റെ കൂട്ടുന്യായാധിപന്മാരുടെ വിധിന്യായങ്ങൾ വായിക്കുന്നതിന് എനിക്ക് സൌകര്യം ലഭിച്ചില്ലെങ്കിലും അവരുമായുള്ള ആലോചനകളുടെ ഫലമായി കല്പനകളേയും ട്രസ്ററ സ്വത്തുക്കളേയും പററി ഞാൻ ആദ്യം രേഖപ്പെടുത്തിയിരുന്ന അഭിപ്രായങ്ങൾക്ക് ഒരു വിശദീകരണം ആവശ്യമായിത്തീർന്നു. അവരുടെ വിധിന്യായങ്ങൾ വായിച്ചശേഷം വിശദീകരണാർത്ഥം അല്പം ചിലതു പ്രസ്താവിച്ചുകൊള്ളുന്നു.

മലങ്കര യാക്കോബായ സമുദായം വകയായ അന്യായ പട്ടികവസ്തുക്കളുടെ നിയമപ്രകാരമുള്ള ട്രസ്ററികൾ വാദികളാണെന്നു സ്ഥാപിച്ച് അവ പ്രതികളെ വിട്ട് ഒഴിപ്പിക്കുന്നതിനും ഇതര നിവർത്തികൾക്കും വേണ്ടി കോട്ടയം ജില്ലാക്കോടതിയിൽ ഈ വ്യവഹാരം ബോധിപ്പിച്ചിരുന്നു. വാദികൾ ഈ ട്രസ്ററിന്റെ ഗുണാനുഭവസ്ഥന്മാർ എന്ന നിലയിൽ കൂടി അന്യായപ്പെട്ടിട്ടുള്ളതിനാൽ ഇതു് ഒരു പ്രാതിനിധ്യപരമായ വ്യവഹാരമായിക്കൂടി (Representative) കരുതപ്പെട്ടിരുന്നു. തങ്ങൾ ന്യായമായി നിയ

മിക്കപ്പെട്ട ട്രസ്ററികളാണെന്നും ആ നിലയിൽ ട്രസ്ററസ്വത്തുക്കളുടെ ന്യായമായ കൈവശക്കാർ എന്നുമായിരുന്നു പ്രതിഭാഗത്തെ പ്രധാന വാദം. അന്ത്യോഖ്യാ പാത്രിയക്കീസിനാൽ അംഗീകരിക്കപ്പെട്ട മലങ്കരമെത്രാൻ എന്നു വാദിച്ചിരുന്ന ഒന്നാംവാദിക്കും പാത്രിയക്കീസുകക്ഷിയിൽ പെട്ട മററു വാദികൾക്കും ദോഷമായും കിഴക്കിന്നടുത്ത കാതോലിക്കാ എന്ന് അവകാശപ്പെടുന്ന ഒന്നാം പ്രതിക്കും അദ്ദേഹത്തിന്റെ അനുയായികളായ ഇതര പ്രതികൾക്കും അനുകൂലമായും ടെമ്പററി രണ്ടാംജഡ്ജി തീരുമാനിച്ചു. അങ്ങനെ അന്യായം തള്ളി വിധിയുണ്ടായി. ഈ വിധിയിന്മേൽ 1119-ൽ ഒന്നാംനമ്പരായി വാദികൾ അപ്പീൽ ബോധിപ്പിച്ചു. പ്രതികൾ ഒരു ക്രാസ് അപ്പീലും ഫയൽചെയ്തിട്ടുണ്ട്. ഒന്നാംപ്രതിക്ക് ഒരു സക്സഷൻ സർട്ടിഫിക്കററു കൊടുക്കുന്നതിന് അനുവദിച്ചുണ്ടായ കീഴ്ക്കോടതി ഉത്തരവിന്മേൽ ഒന്നാംവാദി ബോധിപ്പിച്ചിരിക്കുന്ന അപ്പീലാണ് 1118-ൽ 914-ാംനമ്പർ.

യാക്കോബായ സുറിയാനി ക്രിസ്ത്യാനികളുടെ ഇടയിലുള്ള തർക്കങ്ങളെ ആസ്പദമാക്കി സിവിൾ കോടതികളിൽ പതിഞ്ഞിട്ടുള്ള അനേക വ്യവഹാരങ്ങളിൽ ഒന്നാണ് ഇത്. അതിനാൽ ആധുനിക തർക്കത്തിന്റെ ചരിത്രത്തെ സ്പർശിക്കുന്ന അസംഖ്യം രേഖകൾ ഈ കേസിൽ ഹാജരാക്കപ്പെട്ടിട്ടുണ്ട്. ട്രസ്ററസ്വത്തുക്കൾ വിപുലവും, ഇരുകക്ഷികളിലും പെട്ട ആളുകൾ അനവധിയും, പട്ടത്വസംഘങ്ങളിൽ അവരുടെ നേതാക്കന്മാരുടെ യശസ്സ് ഉന്നതവും ആണ് എന്നുള്ളതു കൊണ്ടും കൂടിയായിരിക്കാം അന്യായത്തിൽ ചോദിച്ചിട്ടുള്ള നിവർത്തികൾക്കു വാദികളുടെ അവകാശ നിർണ്ണയത്തിനു അത്യന്താപേക്ഷിതമല്ലാത്ത പല സംഗതികളെപ്പററിയും കീഴ്ക്കോടതിയിൽ വളരെ വിപുലമായ വിചാരണയ്ക്ക് ഇടയായത്. അപ്പീലിനു വിധേയമായ 161 പുറങ്ങൾ അടങ്ങിയ ജഡ്ജുമെൻറിനും പുറമെ അനവധി രേഖകൾ നോക്കേണ്ടതായി വന്നതിനാൽ ഇരുഭാഗവും വാദിച്ച വിദ്വാന്മാരും പഴയ പരിചയം സിദ്ധിച്ചവരുമായ അഭിഭാഷകന്മാരുടെ വാദം ഈ കോടതിയിൽ ഒരു മാസത്തിൽ കൂടുതൽ കാലത്തേക്കു ദീർഘിച്ചുനിന്നു. ഈ കേസ്സിൽ ഉദിക്കുന്ന പ്രധാന പ്രശ്നങ്ങളെ സംബന്ധിച്ചു ഞാൻ ചുരുങ്ങിയ രീതിയിൽ ചർച്ച ചെയ്യുന്നതുമൂലം, അവരുടെ അഭിഭാഷക സാമർത്ഥ്യത്തെയൊ, അവരെ സഹായിച്ച മററു അഭിഭാഷകന്മാരുടെ സേവനത്തെയൊ, ഇരുകക്ഷികളോടും ചേർന്നു നില്ക്കുന്ന ജനങ്ങളുടെ താല്പര്യങ്ങളെയൊ തുഛീകരിക്കുന്നതായി വരികയില്ലെന്നു ഞാൻ കരുതുന്നു.

ഈ കേസ്സിലെ അതിപ്രധാനമായ പ്രശ്നം വാദികൾ ന്യായമായ ട്രസ്ററികൾ ആണൊ എന്നുള്ളതാണ്. വാദികൾ ന്യായമായി നിയമിക്കപ്പെട്ട ട്രസ്ററികളാണെന്നും, ഒന്നാംപ്രതി ഒരു കാലത്തും ട്രസ്ററിയായി നിയമിക്കപ്പെട്ടിരുന്നില്ലെന്നും മററുപ്രതികൾ ഒരുകാലത്തു നിയമിതരായിരുന്നെങ്കിലും ട്രസ്ററികൾ എന്ന

സ്ഥാനത്തുനിന്നും ബഹിഷ്കരിക്കപ്പെട്ടവരാണെന്നും വാദികൾ തെ
ക്കിക്കുന്നു. കൂടാതെ ട്രസ്റ്റിമാരായിരിപ്പാൻ പ്രതികൾ അയോ
ഗ്യരായി തീർന്നുപോയി എന്നും ട്രസ്റ്റിന്റെ സ്വത്തുക്കൾ നിയമവിരു
ദ്ധമായി അവർ വിനിയോഗിച്ചു പോരുന്നു എന്നും വാദികൾ സ
മർത്ഥിക്കുന്നുണ്ട്, പ്രതികൾ ഒരു നൂതനസഭ സ്ഥാപിച്ചിരിക്കുന്നു
എന്നു വാദിക്കുന്നതോടുകൂടി പുരാതന ട്രസ്റ്റിന്റെ ആദായ
ങ്ങൾ ഈ നൂതന സഭയ്ക്കായി അവർ വിനിയോഗിച്ചു പോരുന്ന
തായി പ്രത്യക്ഷമായിട്ടല്ലെങ്കിലും പരോക്ഷമായി അവർ വാദി
ക്കുന്നു. വ്യക്തമായ വാദങ്ങളെ എതിർഭാഗത്തുനിന്നു നിഷേധിക്കു
കയും പരോക്ഷമായ സൂചനകളെ സമ്മതിക്കുകയും ചെയ്യുന്നു. ആ
ധുനികകാലത്തു സൃഷ്ടിക്കപ്പെട്ട കാതോലിക്കാ സ്ഥാപനം സഭയ്ക്ക്
ഇതരമാണെന്നുള്ള ഒന്നാമത്തെ വാദത്തോട് അനുബന്ധി
ച്ചാണെന്നിരുന്നാലും ഒരു പുതിയ സഭയ്ക്കുവേണ്ടിയുള്ള ട്രസ്റ്റിന്റെ
സ്വത്തുക്കളുടെ വിനിയോഗം പ്രധാന അപ്പീലിൽ ഉദിക്കുന്ന മു
ഖ്യ പ്രശ്നങ്ങളിൽ ഒന്നാണെന്നു ഇരുഭാഗവും വാദമദ്ധ്യത്തു ഈ
കോടതിയിൽ സമ്മതിച്ചിട്ടുണ്ട്. കാതോലിക്കാസ്ഥാപനത്തെപ്പു
റ്റിയുള്ളപ്രശ്നം പ്രധാനവാദത്തോട് അനുബന്ധിച്ചതായി കരുതാ
വുന്നതിനാൽ പ്രധാന തർക്കവിഷയം മേല്പറഞ്ഞതായിത്തന്നെ പ
രിഗണിക്കാം. എങ്കിലും ഇതേപ്പറ്റിയുള്ള വ്യവഹാരത്തിൽ ഇത
രപ്രശ്നങ്ങളും ഉദിക്കുന്നതിനാൽ (1) ട്രസ്റ്റിന്റെ സുപ്രധാനങ്ങ
ളായ വ്യവസ്ഥകൾ ഏവയെന്നും (2) നിർദ്ദിഷ്ട ഉദ്ദേശങ്ങളിൽ
നിന്നു വിഭിന്നമായവയ്ക്കുവേണ്ടി പ്രതികൾ ട്രസ്റ്റ് സ്വത്തു
ക്കളെ വിനിയോഗിച്ചിട്ടുണ്ടോ എന്നും (3) ഏതായാലും വാദികളാ
ണോ പ്രതികളാണോ നിയമാനുസൃതമായി നിയമിക്കപ്പെട്ട ട്ര
സ്റ്റികൾ എന്നും 4. ട്രസ്റ്റ് സ്വത്തുക്കളുടെ വ്യാപ്തി എന്തെന്നും
നിർണ്ണയിക്കുന്നതു സകൃത്പ്രധമായിരിക്കും.

ഈ പതനത്തിൽ തെളിവിനെപ്പറ്റി ഒന്നുരണ്ടുസംഗതികൾ
പറയേണ്ടതുണ്ട്. എഴുനൂറിൽപരം രേഖകൾ തെളിവിൽ അക്കമി
ട്ടുചേർത്തിട്ടുണ്ട്. ഏതാനും ചില രേഖകളുടെ യഥാർത്ഥതീയതി
നിർണ്ണയിക്കുന്നതു ശ്രമസാദ്ധ്യമായി വന്നു. തിരുവിതാംകൂറിൽ
സാധാരണ ഉപയോഗത്തിലിരിക്കുന്നതു ക്രിസ്താബ്ദം 825-ൽ ആ
രംഭിച്ച കൊല്ലവർഷമാണ്. എന്നാൽ മലയാളവർഷത്തിന്റെ ആ
രംഭം ക്രിസ്തുവർഷത്തിന്റെ എട്ടാംമാസാർദ്ധത്തിൽവരുന്നതിനാൽ
ഒരു പഞ്ചാംഗപ്രകാരമുള്ള തീയതിക്കു തുല്യമായ വർഷം ഏതെ
ന്നു പെട്ടെന്നു തിരുമാനിക്കാവുന്നതല്ല. ഒരു രേഖയ്ക്കു കൊടു
ത്തിരിക്കുന്ന തീയതി ഇസ്ളാംപഞ്ചാംഗപ്രകാരമുള്ളതുമാണ്. 'ഏ
ഷ്യാമൈനറിൽ ഉത്ഭവിക്കാത്തവയുൾപ്പെടെ മിക്ക രേഖകൾക്കും
ക്രിസ്താബ്ദക്കണക്കിനു തീയതിവച്ചിട്ടുണ്ടെങ്കിലും അതുതന്നെ ജൂലി
യൻപഞ്ചാംഗപ്രകാരമൊ ഗ്രീഗോറിയൻ പഞ്ചാംഗപ്രകാരമൊ
എന്നു ബുദ്ധിമുട്ടുകൂടാതെ പറവാൻ നിവർത്തിയില്ലാതെയാണിരിക്കു
ന്നതു.' ഈ രണ്ടു പഞ്ചാംഗങ്ങളനുസരിച്ചുള്ള മാസങ്ങൾ മലയാ

ളമാസങ്ങൾക്കു് അനുസരണമായിട്ടല്ല ആരംഭിക്കുന്നതു എന്നുള്ളതു കൊണ്ടും സുറിയാനിമാസങ്ങളുടെയൊ അറബി പഞ്ചാംഗമനുസരിച്ചുള്ള മാസങ്ങളുടെയൊ പേരുകൾ അവയ്ക്കു തത്തുല്യമായ മലയാളമാസങ്ങളുടെ പേരുകളായി വിവർത്തനംചെയ്തിട്ടുണ്ടെങ്കിലും, ഭാഷാന്തരംചെയ്യപ്പെട്ടിട്ടുള്ള രേഖകളിൽ കാണുന്ന 1934 കന്നി 27 എന്നിപ്രകാരമുള്ള തീയതികൾ ശരിയായിരിക്കണമെന്നില്ല. അതിനാൽ നിവൃത്തിയുള്ള സ്ഥാനങ്ങളിലെല്ലാം ആണ്ടു മാസം തീയതികൾ ക്രിസ്തുമായി പ്രസ്താവിക്കാതെ കഴിക്കണമെന്നു ഉദ്ദേശിക്കുന്നു. മലങ്കരയുള്ള ക്രൈസ്തവരുടെ താല്പര്യങ്ങളോടൊപ്പം മലങ്കരയ്ക്കു വെളിയിലുള്ള ക്രൈസ്തവരുടെ താല്പര്യങ്ങളെയും ഇതു കേസ്സു സ്പർശിക്കുന്നതാകയാലും അവർക്കെല്ലാം ക്രിസ്തീയ പഞ്ചാംഗം സുപരിചിതമാകയാലും മറ്റു രീതിയിൽ തീയതി ക്ലിപ്തം ചെയ്തിട്ടുള്ള രേഖകൾ ഉദ്ധരിക്കുന്നതൊഴിച്ചുള്ള സന്ദർഭങ്ങളിൽ ക്രിസ്താബ്ദം അനുസരിച്ചുള്ള വർഷങ്ങൾ മാത്രമെഞ്ചാൻ ഈ വിധിയിൽ ഉപയോഗിക്കുന്നുള്ളു. കൂടാതെ, കീഴ്കോടതിയിലൊ ഈ കോടതിയിലൊ, കേസ്സിൽ തെളിയിച്ചിട്ടുള്ള രേഖകൾ അവയുടെ ഉത്ഭവത്തീയതിക്കു അനുസരിച്ചു ക്രമമായി ചേർക്കയൊ അച്ചടിക്കുകയൊ ചെയ്തിട്ടില്ല. മേൽപ്രസ്താവിച്ച പ്രയാസങ്ങളാലും, അനവധി രേഖകളുടെനിജാവസ്ഥയെപ്പറ്റി തർക്കമുള്ളതിനാലും, ഈ അശ്രദ്ധ അശ്രു അപലപനീയമല്ലെന്നിരുന്നാലും അവ ഓരോന്നും കണ്ടുപിടിക്കുന്നതിനുള്ള പ്രയാസത്തെ വർദ്ധിപ്പിച്ചിട്ടുണ്ടു്. ഇപ്പോഴത്തെ നടപടിമൂലം സംജാതമാകുന്ന പ്രയാസങ്ങളെയും അതിനുള്ള നിവാരണ മാർഗ്ഗങ്ങളെയും മുമ്പു ഒന്നിലധികം പ്രാവശ്യം ഞാൻ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണു്. ഉദാഹരണമായി 1945 T. L. R. 142-ാം പുറം നോക്കുക. അവസാനമായി പറയാനുള്ളതു് സാക്ഷികളുടെ സുദീർഘങ്ങളായ മൊഴികളിൽ ചിലഭാഗങ്ങൾ മാത്രമെ ഭാഷാന്തരം ചെയ്തു അപ്പീൽ വാദത്തിൽ ഉപയോഗപ്പെടുത്തിയൊള്ളു. അതുകൊണ്ടു അന്വത്ര സാക്ഷികളെ വിസ്തരിച്ചു. സാക്ഷിമൊഴിയുടെ ഭൂരിഭാഗവും ഒന്നാകിൽ നേരിട്ടറിവിനെ ആസ്പദമാക്കിയുള്ളതല്ലാഴികയാൽ അസ്വീകാര്യമായിതള്ളപ്പെടേണ്ടതൊ, അല്ലാത്തപക്ഷം കേസ്സിലേക്കു ആവശ്യമില്ലാത്തതൊ, പ്രത്യേകവില കല്പിക്കാനില്ലാത്ത സ്വാഭിപ്രായങ്ങളെ ആസ്പദമാക്കിയുള്ളതൊ, പ്രത്യക്ഷത്തിൽ പക്ഷംചേർന്നുള്ളതൊ ആണു്. അതിനാൽ ഈ കോടതിയിൽ തർക്കരഹിതങ്ങളായ രേഖകൾ തെളിയിക്കുന്ന ഭാഗങ്ങൾ ഒഴികെ എതിർഭാഗം സാക്ഷികളുടെ സമ്മതങ്ങളിനേൽമാത്രം ആശ്രയിച്ചു വാദിക്കയാണു ഉണ്ടായതു്. ഈ വിധിയിൽ വാചാതെളിവിനെപ്പറ്റി സുദീർഘമായി പ്രതിപാദിക്കണമെന്നു് ഉദ്ദേശിക്കുന്നില്ല.

1. ട്രസ്റ്റിന്റെ മുഖ്യവ്യവസ്ഥകൾ

കീഴ്കോടതി അനേകം ഉപപ്രിരിവുകളോടുകൂടി 3 പോയി

ൻറകൾ ഏർപ്പെടുത്തിയതിൽ ആകെ 120 പ്രശ്നങ്ങൾ ഉന്നയിച്ചിട്ടുണ്ട്. അവയിൽ 11, 12, 14 മുതൽ 17 വരെയും, 19 മുതൽ 22 വരെയും 33-ാം പായൻറകൾ ഈ സംഗതിയെ വിദൂരമായിധം സ്പർശിക്കുന്നുണ്ടെങ്കിലും ട്രസ്റ്റിൻെറ വ്യവസ്ഥകളെ സംബന്ധിച്ചു ഒരു പായൻെറാ, ഉപപ്രതിവൊ, പ്രശ്നമോ ഏർപ്പെടുത്തിയിട്ടില്ലാ. ആ കാരണത്താൽ അതുപ്രകാരം വ്യക്തമായ അഭിപ്രായം രേഖപ്പെടുത്തിയിട്ടുമില്ല. മലങ്കര ട്രസ്റ്റിൽപെടുന്ന പൊതുസ്വത്തുക്കളെ എല്ലാം ഉൾക്കൊള്ളുന്നതും ഒന്നോ അതിലധികമോ ട്രസ്റ്റുകളുടെ സൃഷ്ടിയെ പ്രത്യക്ഷമായി സ്ഥാപിക്കുന്നതുമായ യാതൊരു ഉടമ്പടി എങ്കിലും ഉണ്ടെന്നുസൂചിപ്പിക്കപ്പെട്ടിട്ടില്ല. എന്നാൽ ഈ ട്രസ്റ്റിൻെറ മുൻവ്യവസ്ഥകളടങ്ങിയതൊ, അവയെ സൂചിപ്പിക്കുന്നതൊ, അവയിൽ ചിലതിനെ കാണിക്കുന്നതിനുപയുക്തമായ പ്രസ്താവനകളടങ്ങിയതൊ ആയ ഒന്നിലധികം അനിഷേധ്യ രേഖകൾ ഹാജരാക്കപ്പെടുകയും ഒന്നുകിൽസമ്മതിക്കപ്പെടുകയൊ അല്ലെങ്കിൽ തെളിയിക്കപ്പെടുകയൊചെയ്യുകയും ചെയ്തിട്ടുണ്ട്. അങ്ങിനെയുള്ള കൂട്ടത്തിൽ 22E അക്കമായി തെളിയിച്ചിട്ടുള്ള 1,840-ലെ മദ്ധ്യസ്ഥതീരുമാനപ്രകർപ്പും (A-W) ഏ ഡബ"ളിയുഅക്കം ആയ 1872-ലെ ഒരു ഭാനയാധാരവും (D. Y.) ഡി വൈ അക്കം ആയ 2-ാം വാല്യം 112 മുതൽ 135 വരെ പുറങ്ങളിലും (F. N.) എഫ് എൻ അക്കം 44 മുതൽ 47 വരെ പുറങ്ങളിലും അടങ്ങിയിരിക്കുന്ന 1876 ലേയും 1878-ലേയും മുളന്തുരുത്തി നിശ്ചയങ്ങളെപ്പറ്റിയുള്ള പ്രസ്താവനകളും]E. J.] ഈ ജെ അക്കം ആയ 1879-ലെ ഭാനയാധാരവും]A. Y.] ഏ വൈ അക്കം 1885-ലെ ഭാനയാധാരവും [D. Y.] ഡി വൈ അക്കം 1889-ൽ തിരുവിതാംകൂർ രജകീയകോടതി വിധിപ്രകർപ്പും [A. O.] ഏ ഒ അക്കം ആയ 1902-ൽ ഉണ്ടായ തിരുവനന്തപുരം ജില്ലാകോടതി വിധിപ്രകർപ്പും [F N] എഫ" എൻ അക്കമായ 1905-ലെ കൊച്ചിരാജകീയകോടതി വിധിപ്രകർപ്പും ഡി.ഇസഡ്"(DZ) അക്കം ആയ 1923-ലെ ഈ കോടതിയിലെ ഒരു ഫുൾബഞ്ചു വിധിപ്രകർപ്പും, 256 അക്കം ആയ 1928-ൽ അതേ കേസ്സിൽ ഉണ്ടായ പുനർ വിധിയും ഉൾപ്പെടുന്നു. ഇവയിൽ അവസാനത്തെ രണ്ടു വിധികളും ലാറിപ്പോർട്ടിൽ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളവയാണ്. [Malpan V Gheeverghese 41 T L R. I: 45 T. L. R. 116] ആ സ്ഥിതിക്കു ഈ രണ്ടു രേഖകളും കൂടി ഹാജരാക്കികേസ്സിലെ വർത്തമാനമായ രേഖകളുടെ സംഖ്യ കൂട്ടുതലായി വർദ്ധിപ്പിക്കേണ്ട ആവശ്യമുണ്ടായിരുന്നില്ല. ഇവ രണ്ടിനേയും സൂചിപ്പിക്കുന്നതിനു T. L. R. 41. എന്നും T. L. R. 45- എന്നും ഉള്ള വിളങ്ങൾ മാത്രം ഉപയോഗപ്പെടുത്തുന്നതാണ്".

ചർച്ച മിഷ്യനറി സംഘവും; സുറിയാനി സഭയിലെ മെത്രാപ്പോലീത്തായും തമ്മിലുണ്ടായ തർക്കമാണ് കൊച്ചി മദ്ധ്യസ്ഥതീരുമാന (223 അക്ക) ത്തിനു ഇടയാക്കിയത്തു്. ആ തീരുമാനം

1808-ൽ വട്ടിക്കിട്ട 3000 പൂവരാഹനേയും കോട്ടയത്തു കൊള്ള ു സ്ഥാപിച്ചിരുന്ന വസ്തുവിനേയും പറ്റി ഉള്ളതാണു്. ഈ സംഖ്യയും മറേറ വസ്തുവും ഈ തീരുമാനംമൂലം സുറിയാനിക്കാ ക്കോ സുറിയാനി സമുദായത്തിനോ നല്കപ്പെട്ട. ഏതാനും വസ്തുക്കൾ ആ തീരുമാനമനുസരിച്ചു മലങ്കരയിലെ മെത്രാപ്പോലീത്താ, ഒരു പട്ടക്കാരൻ, ഒരു അൽമായക്കാരൻ ഇവരുടെ ഭരണത്തിൽ സുറിയാനിസമുദായത്തിനു വേണ്ടി ട്രസ്റ്റായി സ്ഥാപിക്കപ്പെട്ട. സുറിയാനി സമുദായമെന്നാൽ 1840-ൽ ആ സഭയിൽ പെട്ടിരുന്നവരും അവരുടെ പിൻതുടർച്ചാവകാശികളും ആണു് എന്നു പിന്നാലെ പ്രതിപാദിക്കുന്ന മലങ്കര യാക്കോബായ സുറിയാനി സഭാചരിത്രം വ്യക്തമാക്കുന്നുണ്ടു്. 1872, 1879, 1885 ഈ ആണ്ടുകളിലുണ്ടായ ദാനയാധാരങ്ങൾ (AW, EJ AY അക്കങ്ങൾ) അന്ത്യോകൃാ പാത്രീയക്കീസിന്റെ അധികാരത്തിൻ കീഴുള്ള യാക്കോബായ സുറിയാനിക്കാക്കു് അഥവാ മലയാളത്തുള്ള സുറിയാനിക്കാക്കായുള്ള ഒരു ട്രസ്റ്റിന്റെ രൂപീകരണത്തെ സ്ഥാപിക്കുന്നു. 1876-ലെ നിശ്ചയങ്ങൾ (അവ ഈ കേസ്സിൽ തെളിയിക്കപ്പെട്ടിട്ടില്ല) പാത്രീയക്കീസിന്റെ ആത്മീയാധികാരത്തെ സമ്മതിച്ചും, അദ്ദേഹത്തിന്റെ കല്പനപ്രകാരവും നടത്തപ്പെട്ട ഒരു യോഗത്തിന്റെ നിശ്ചയങ്ങളായിരുന്നു. തിരുവിതാംകൂർ രാജകീയ കോടതി വിധി(DY അക്കം) പ്രാതിനിധ്യപരമായ ഒരു വ്യവഹാരത്തിന്റെ തീർപ്പയാണു്. (DY 2-ാംഭാഗം 146-ാം വശം) ഈ വിധി ഈ കേസ്സിൽ റെസ് ജൂഡിക്കറാ ദോഷത്തെ ഉളവാക്കുന്നതായി കീഴ് കോടതി തീരുമാനിച്ചിട്ടുണ്ടു്. (ജഡ്ജ്മെൻറ പാരാ. 2ൽ, 203) ഈ അഭിപ്രായത്തിന്റെ സാധുത്വത്തെപ്പറ്റി കേസ്സിന്റെ വിസ്താരസമയത്തോ അപ്പീൽ വാദത്തിലൊ തർക്കമില്ല. ആ വിധിയിൽ അന്ത്യോകൃാ പാത്രീയക്കീസിനു മലങ്കരസഭയിന്മേലുള്ള ഏതാനും അധികാരങ്ങളെപ്പറ്റി വ്യവഹരിക്കുന്നുണ്ടു്. 1902-ലേയും 1905-ലേയും വിധികളും ഈ വിധിയെപ്പോലെ തന്നെ ഗണിക്കപ്പെടുകയും ആ അടിസ്ഥാനത്തിന്മേൽ ഇവിടത്തെ വാദത്തിൽ ഉപയോഗിക്കപ്പെടുകയും, ആണു് ഉണ്ടായിട്ടുള്ളതു്. പുരാതന ട്രസ്റ്റിന്റെ സ്വഭാവത്തെപ്പറ്റിയും, പാത്രീയക്കാസ്ഥാനത്തിന്റെ ചില വശങ്ങളെപ്പറ്റിയും ഈ വിധികളിൽ പ്രതിപാദിക്കുന്നുണ്ടു്.

41 [T. L. R.] വിധിയിലെ ഏതാനും തീരുമാനങ്ങൾമൂലം ഈ കേസ്സിനു റെസ് ജൂഡിക്കറാദോഷം സംഭവിക്കുമോ ഇല്ലയൊ എന്നുള്ളസംശയം ഈ കോർട്ടിലും കീഴ്കോർട്ടിലും വാദവിഷയമായിരുന്നു. ആ വിധിക്കു ഹേതുവായ കേസ്സും ജില്ലാക്കോടതിവിധിയിൽ നിന്നു കാണുന്നതു പോലെ പ്രാതിനിധ്യപരമായ ഒന്നായിരുന്നു [255 അക്കം പാരാ 3] എന്നാൽ ആ വിധിയിന്മേൽ പുനരുവിചാരണ ഉണ്ടായതിനാൽ പ്രസ്തുത ദോഷം ആവിർഭവിക്കുന്നില്ലെന്നാണു് കീഴ്കോടതി അഭിപ്രായപ്പെട്ടിരിക്കുന്നതു [ജ

ഡ്ജ്മെൻറ പാരാ 29, 175] ഒരു ജഡ്ജ്മെൻറിനേൽ ഒരു പുന
ർവിധി ഉണ്ടായശേഷം ആദ്യത്തെ വിധി ഒരു വിധിയായി ശേ
ഷിക്കുന്നില്ലെന്നും അതിനാൽ അതുമൂലം റെസ് ജുഡിക്കറാട്ടോ
ഷ്യം ഉത്ഭവിക്കുന്നില്ലെന്നുമുള്ളതാണ് സാധാരണനിയമം. എ
ന്നാൽ പുനരു സ്വീകരിച്ചുണ്ടായ ഉത്തരവിലും തുടർന്നുണ്ടായ മറൊ
രു ഉത്തരവിലും പുനരിനു വിധേയമായ വിധിയിലെ ഏതാനും
തീരുമാനങ്ങളെ ഒഴിച്ചു വ്യവസ്ഥചെയ്തിരുന്നു (45 T L R 136.
137 വശങ്ങൾ) അങ്ങിനെയുള്ള വ്യവസ്ഥകൾക്കു അധീനമായി
മാത്രം പുനരു അനുവദിച്ചതിനാലും ഏതാനും തീരു
മാനങ്ങൾ പുനർ വിചാരണയുടെ വ്യാപ്തിയിൽ നിന്നു ഒഴിച്ചി
രുന്നതിനാലും പ്രസ്തുത തീരുമാനങ്ങൾ നിലവിലിരിക്കുന്ന ഏ
ന്നും, അവയിന്മേൽ അടിസ്ഥാനപ്പെടുത്തി റെസ് ജുഡിക്കറാട്ടോ
ഷ്യം സംഭവിക്കുന്നതാണ് എന്നും വാദിഭാഗത്തുനിന്നും സമർത്ഥിക്കു
ന്നുണ്ട്. ഈ രണ്ടുവിധികളും ഒന്നായി ഗണിക്കയും പുനരിന്റെ
വ്യാപ്തിയിൽനിന്നും ഒഴിച്ചിരുന്ന തീരുമാനങ്ങളെപ്പറ്റി രണ്ടാമ
ത്തെ വിധിയിൽ അടങ്ങിയിരിക്കുന്ന പ്രസ്താവനകൾ അനാവശ്യ
മായികരുതി അവയെ അവഗണിക്കയും ചെയ്താൽ തന്നെയും വേ
റൊരു തത്വം ഉദിക്കുന്നുണ്ട്. അതായതു ജയിച്ച കക്ഷിക്കു വിപ
രീതമായി അതെ ജഡ്ജ്മെൻറിൽ അടങ്ങിയിരിക്കുന്ന യാതൊ
രു അഭിപ്രായവും മൂലം റെസ് ജുഡിക്കറാട്ടോഷ്യം ഉദിക്കുന്നില്ലെ
ന്നുള്ളതാണ്. ഈ വിധിന്യായം 17 ററി. എൽ, ആർ. 85=ലും
(Swamiyar V. Potti) 40 ററി. എൽ. ആർ. 222=ലും (Peru-
mal V. Sankaran) അടങ്ങിയിട്ടുള്ളതും ഇതര ഹൈക്കോടതിവി
ധികളിലും കാണുന്നതുമാണ്. ഈ സ്ഥിതിക്കു ഇവിടെ ഉദിക്കുന്ന
ഈ പ്രശ്നം സംബന്ധിച്ചു സുസ്പഷ്ടമായി പറയാവുന്നതല്ല. എ
ന്നാൽ ഈ സംഗതിയിൽ ഖണ്ഡിതമായ ഒരു തീരുമാനം ഇവിടെ
ചെയ്യേണ്ടതില്ലതാനും. തല്ക്കാലം 41 T. L. R. വിധിയിൽപ്പെട്ട
തും പുനരായി ചർച്ച ചെയ്യപ്പെടാത്തതുമായ വിധിന്യായങ്ങൾ
മൂലം റെസ് ജുഡിക്കറാട്ടോഷ്യം ഉളവാകുന്നതായി ഗണിക്കുന്നി
ല്ല. റെവ്യൂവിനുശേഷമുണ്ടായ വിധിയിലെ ഏതാനും തീരുമാനങ്ങ
ളുടെഫലം എന്താണെന്നുള്ള പ്രശ്നം പിന്നാലെ ഉദിക്കുന്നതാണ്.

മേൽപറഞ്ഞ രേഖകളിൽനിന്നും, അവയിൽ വിവരിക്കുന്ന
സ്വത്തുക്കൾ ഒരു ട്രസ്റ്റിനു വിധേയമാണെന്നും, ആ ട്രസ്റ്റിന്റെ
ഗുണാനുഭവസ്ഥന്മാർ കാലാകാലങ്ങളിലെ മല്പങ്കര യാക്കോബായ
സുറിയാനിക്കാർ ആണെന്നും വ്യക്തമാകുന്നുണ്ട്". എന്നുമാത്രമല്ല,
ആ സഭ, അന്ത്യോഖ്യാപാത്രീയക്കീസിന്റെ വൈദികമൊ ആത്മീ
യമൊ ആയ മേലധികാരത്തിൻ കീഴാണെന്നു സ്ഥാപിക്കുന്നതി
നും പുറമെ, ആ മേലധികാരത്തിന്റെ ഏതാനും വശങ്ങൾ ഇന്ന
വയെന്നു വ്യക്തമാക്കുകയും ചെയ്യുന്നുണ്ട്. ഈ സംഗതികൾ അ
ടുത്തുവരുന്ന ഖണ്ഡികയിൽ കൂടുതലായി ചർച്ച ചെയ്യപ്പെടുന്ന
താണ്.

[2] ട്രസ്റ്റിം സ്വത്തുക്കളുടെ വിനിയോഗം

ട്രസ്റ്റിന്റെ സ്വത്തുക്കൾ ഏവ എന്നതിനെപ്പറ്റിയുള്ള തർക്കത്തിനു വിധേയമായി. മേൽ മൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ, ട്രസ്റ്റിന്റെ സ്വത്തുക്കൾ പ്രതികളുടെ കൈവശമായിരുന്നു എന്നും, ഇവ വ്യവഹാരത്തിനു മുൻപുവരെ, അവ ഒന്നാംപ്രതിയുടെ വകുതിയിൻ കീഴുള്ള മലങ്കരസഭയ്ക്കായി വിനിയോഗിക്കപ്പെട്ടുവന്നു എന്നും, പ്രതികളും അവരുടെ അനുയായികളും മാത്രമാണു്. ഈ ട്രസ്റ്റിന്റെ ഉണ്ണാനുഭവസ്ഥന്മാർ എന്നു കരുതപ്പെട്ടുപോന്നു എന്നും, വാദികൾക്കും അവരെ അനുകൂലിക്കുന്നവർക്കും അതിനു അവകാശമില്ലാത്തവരായി ഗണിക്കപ്പെട്ടുപോന്നു എന്നും സമ്മതിച്ചിട്ടുണ്ടു്. (പത്രിക 24 മുതൽ 28 വരെയും 40 മുതൽ 46 വരെയും ഖണ്ഡികകൾ നോക്കുക.)

എതിർഭാഗക്കാർ സത്യസഭയ്ക്കു ഇതരന്മാരും ശീശ്മക്കാരും വേദവിപരീതികളും ആണെന്നു ഇരുഭാഗക്കാരും അനൈകമത്യം വാദിക്കുന്നു. പ്രതികളും അവരോടു ചേർന്നു നില്ക്കുന്നവരും മുടക്കപ്പെട്ടവരാണെന്നുള്ള ഒരു ധ്വനി കീഴ്ക്കോടതിയിൽ ഉണ്ടായിരുന്നു. ഈ സൂചന തെറ്റാണെന്നുള്ള കീഴ്ക്കോടതിവിധി ശരിയാണു്. (ജ. 142. പാരാ) ആ തീരുമാനം ഈ കോടതിയിൽ ആക്ഷേപിക്കപ്പെട്ടില്ല.

എങ്കിലും സ്വാഭാവിക നീതിക്കു എതിരെന്ന കാരണത്താൽ ഒരു മുടക്കിനെ അസാധുവാക്കിക്കൊണ്ടുള്ള T. L. R. 45-ലെ വിധിന്യായങ്ങൾ അനുസരിച്ചു നോക്കുന്നതായാൽ 1934-ൽ പാത്രിയക്കീസു അയച്ച ഒരു രേഖ (Z, B. M. അക്കങ്ങൾ) സ്വാഭാവിക നീതിക്കു വിരുദ്ധമാണെന്നുള്ള അഭിപ്രായത്താൽ പ്രേരിതമായിരുന്നു. യഥാർത്ഥസ്ഥിതി നിർണ്ണയിക്കുന്നതു അഭിലഷണീയമായിരിക്കുമല്ലൊ. അതിൽ ഒന്നാം പ്രതിയേയും അദ്ദേഹത്തോടു അനുകൂലിക്കുന്നവരേയും പ്രത്യേകിച്ചു ആ ഭാഗത്തുള്ള മെത്രാന്മാരേയും പറ്റി ആക്ഷേപകരമായ പ്രസ്താവനകളെ തുടർന്നു താഴെ വരുംപ്രകാരം പറയുന്നതായി അതിന്റെ രജ്ജിമയിൽ നിന്നു കാണുന്നു, "ജീവന്റെ മാതാവാകുന്ന അന്ത്യോഖ്യാസഭയിൽ നിന്നു് അവർ തങ്ങളെത്തന്നെ ചേർത്തിച്ചിരിക്കുന്നു. ആകയാൽ അവർ നമുക്കു് അന്യന്മാരാണു്. ഇനി മേലാലും അവർ നിങ്ങൾക്കു പരിശുദ്ധസഭയാകുന്ന തൊഴുത്തിൽനിന്നു നിഷ്ക്രമിച്ചു പുറത്തുള്ളവരായിരിക്കണം. അവരോടു സഹകരിക്കുവാനൊ സഭാസംബന്ധമായ ഏതെങ്കിലും ശുശ്രൂഷയിൽ സംബന്ധിക്കുവാനൊ ഭേദത്തിൽ നിന്നും നമ്മിൽ നിന്നും ഒരുവനും അനുവാദമില്ല. അവർ മാനസാന്തരപ്പെട്ടു് നിയമപ്രകാരമുള്ള അനുതാപം സമർപ്പിക്കുകയും നമ്മിൽ നിന്നും നമ്മുടെ സിംഹാസനത്തിൽനിന്നും അവക്കു മോചനം ഉണ്ടാകുകയും ചെയ്യുന്നതുവരെ ഒരു പ്രകാരത്തിലും സഭാസംബന്ധമായ യാതൊരു അവകാശവും ഇല്ലാത്തവരായിട്ടു് അവരെ വിചാരിച്ചുകൊള്ളണം. എന്നാൽ വാത്സല്യമക്കളെ! നിങ്ങളൊ പരിശുദ്ധസഭയേ

യും അദ്ദേഹത്തിന്റെ സിംഹാസനത്തെയും അതിന്റെ ന്യായമായ പിൻതുടർച്ചയേയും നിങ്ങളുടെ സ്വന്ത ശക്തിയോടുംകൂടി മുറുകെ പിടിച്ചു കൊൾവിൻ,"

ഈ കല്പനയിൽ സഭയിലുള്ളവരെന്നും സഭയ്ക്കു പുറത്തുള്ളവരെന്നും ഇങ്ങനെ രണ്ടുകൂട്ടം ആളുകളെപ്പറ്റി പറയുന്നുണ്ട്. ഇതിൽ രണ്ടാമത്തെ കൂട്ടരെ സംബന്ധിച്ചടത്തോളം ഈ കല്പന ഒരു ഗുണദോഷമൊ, പ്രബോധനമൊ, കരുതലൊ മാത്രമായിരുന്നു. ഇതിനുമുമ്പുണ്ടായ ഒരു കല്പന മലങ്കരയിലെ നിഷ്കളങ്കരായ കുഞ്ഞാടുകളെയൊ നിരോധിക്കുന്നതായിരുന്നില്ലെങ്കിൽ ഈ കല്പന അതുകൊണ്ടു അയച്ചുവൊ ആ വാത്സല്യമക്കളെ മുടക്കുന്നതാണെന്ന വ്യാഖ്യാനിക്കപ്പെടുവാൻ നിവർത്തിയില്ല. പാത്രിയക്കീസിനോടുള്ള ഭക്തിയിൽ ചഞ്ചലരായിരുന്നവർ ഇതരന്മാരോടു സംബന്ധപ്പെടരുതെന്നു് ആജ്ഞാപിക്കുന്ന ഒന്നത്രെ ഈ കല്പന. എന്നാൽ ഇതരതത്തെപ്പറ്റിയുള്ള പ്രഖ്യാപനം ന്യായീകരിക്കാമെങ്കിൽ മാത്രമെ ഈ ആജ്ഞയും സാധൂകരിക്കാവുന്നതാകയുള്ളൂ എന്ന വാദിച്ചുക്കാം. എന്നാൽ ഈ വാദം തന്നെയും, ഒരു ഗുണദോഷപരമായ കല്പനവ രമ്പരയാൽ അതിന്റെ ആധുനിക ചരിത്രം പങ്കിലിതമായി കാണുന്ന സഭയുടെ നടപടിയെ പാടെ വിസ്മരിക്കുന്ന ഒരു വാദമായിരിക്കും. ഈ വിധത്തിലുള്ള മൂന്നു രേഖകൾ ഈ കേസ്സിൽ തെളിയിക്കപ്പെട്ടിട്ടുണ്ടു്. അവ (2, 9, 166 ഈ അക്കങ്ങൾ) യഥാകാലം അവയുടെ ഉത്ഭവ തീയതി മുറയ്ക്കു പരിചിന്തനം ചെയ്യപ്പെട്ടതാണു്. ഇവിടെ സമ്മതിക്കപ്പെടാതിരുന്ന ചില രേഖകളും ഈ കേസ്സിൽ ഉണ്ടു്, (DJ: 168: 180; 244 ഈ അക്കങ്ങൾ) ഇവയിൽ ഒന്നു് (244 അക്കം) T. L. R. 45-ൽ 185_ം 186_ം പുറങ്ങളിൽ സൂചിപ്പിച്ചിരിക്കുന്നതും, ഒന്നാംപ്രതിയുടെ അവകാശവാദത്തിനു് ആശ്രയിക്കുന്ന അബ്ദുൽ മ്ശിഹാ പാത്രിയക്കീസു് 1911_ൽ അയച്ചതായ ഒരു കല്പനയുടെ പകർപ്പാണെന്നാണു കാണുന്നതു്. അതു മറെറാരു പാത്രിയക്കീസിനെ സംബന്ധിച്ചുള്ളതാണു്—എന്നാൽ അദ്ദേഹത്തിന്റെ സ്ഥാനാരോഹണം അവിതർക്കിതമാണു്. മറെറള്ളവ, തന്റെ എതിരാളിയേയൊ, ആരുടെ മുടക്കു് അസാധുവെന്നു വിധിക്കപ്പെട്ടുവൊ ആ മേല്പട്ടക്കാരനെയൊ സംബന്ധിച്ചുള്ളവയാണു്. എന്നാൽ വളരെക്കാലം ദീർഘിച്ചുനിന്ന കഴിഞ്ഞ വ്യവഹാരത്തിൽ, അങ്ങനെയുള്ളവരോടു സഹകരിക്കരുതെന്നുള്ള ഒരു ഗുണദോഷം സാഭാവികനീതിക്കു വിരുദ്ധമെന്നൊ ഇങ്ങനെയുള്ള ഒരു കല്പന സഭയിൽ ഒരു ഭിന്നത ഉളവാക്കി "സൈ

[Note Cypres എന്നതു്, ഏതൊന്നിനായി സ്ഥാപിക്കപ്പെട്ടുവൊ അതിനുവേണ്ടി ട്രസ്റ്റുസ്വത്തുക്കൾ വിനിയോഗിക്കുകയെന്നതു് അസാദ്ധ്യമായി വരുന്ന വിഷയത്തിൽ അതിനോടു് ഏറെറവും സാമ്യമുള്ള ഒന്നിനു വേണ്ടി ആ ട്രസ്റ്റുസ്വത്തുക്കൾ വിനിയോഗിക്കണം എന്നുള്ള തത്വമാണു് Translator]

പ്രസ്തുതപ്രയോഗത്തെ സാധിതമാക്കുന്നതായോ സൂചിപ്പിക്കപ്പെടുകയോ ഇങ്ങനെ വിധിക്കപ്പെടുകയോ ചെയ്തതായി കാണുന്നില്ല.

ഏതാനും ആളുകൾ സഭയ്ക്കു ഇതരന്മാരെന്നുള്ള ഈ പ്രഖ്യാപനവും, ഒരു മുടക്കു കല്പനയുമായി വലിയ സാമ്യമൊന്നും കാണുന്നില്ല. ഈ കല്പന ആരെ ബാധിക്കുന്നു എന്നുള്ളതിൽ അവ്യക്തമാകയാൽ ഒന്നാംപ്രതിയുടെ കക്ഷിയിൽ പെട്ട പലർക്കും ഇതു തങ്ങളെ ബന്ധിക്കുന്നതല്ലെന്നു വാദിക്കുന്നതിനു സന്ദർഭം നൽകുന്നു ഒന്നാണു്. ഏതാനും പേർ സഭയിൽ നിന്നു തങ്ങളെത്തന്നെ ഛേദിച്ചിരിക്കുന്നു എന്നുള്ള വസ്തുതയെ രേഖപ്പെടുത്തുന്നതിൽ കൂടുതലായി യാതൊരു തീരുമാനത്തെയും പ്രഖ്യാപനം ചെയ്യുന്നു ഒന്നല്ല, ഇതു്. അവരുടെ പ്രവർത്തിയുടെ ഫലത്തെ മൂണ്ടിക്കാണിക്കുന്നുണ്ടെങ്കിലും അതു് അനുസരണത്തിലേക്കു തിരിയെ വരുന്നതുവരെയുള്ളകാലത്തേക്കും താല്ക്കാലികമായ അവരുടെ നഷ്ടത്തെ സൂചിപ്പിക്കുന്നതു് മാത്രമാണു്. എന്നാൽ അവശ്യം വേണ്ട പ്രാരംഭ ഘടങ്ങൾ കൂടാതെ അനുവർത്തിക്കാതെ, ഒരു മുടക്കിന്റെ ഫലത്തെ പ്രഭാനം ചെയ്യുന്നു ഒന്നാണു് ഇതെന്നും അതിനാൽ അതിന്റെ വ്യാഖ്യാനത്തിൽ സ്വാഭാവിക നീതി തത്വങ്ങൾ നിർദ്ദാക്ഷിണ്യം പ്രയോഗിക്കപ്പെടണമെന്നും വാദിച്ചേക്കാം. അങ്ങനെയെങ്കിൽ ഏതു് തത്വമാണു് ഇവിടെ ലംഘിക്കപ്പെട്ടതെന്നു സ്പഷ്ടമാകുന്നില്ല. ഈ കല്പന ആരെ ബന്ധിക്കുന്നുവൊ ആ കൂട്ടത്തിന്റെ നേതാവിനു് പാത്രിയക്കീസിന്റെ ഈ കല്പനയ്ക്കു മുമ്പുതന്നെ പാത്രിയക്കീസുമായുള്ള തന്റെ നിലയെ പറ്റി സവിസ്തരം പ്രസ്താവിക്കുന്നതിനു് അവസരം ലഭിച്ചിരുന്നു എന്നും, അദ്ദേഹം ആ സന്ദർഭം ഉപയോഗപ്പെടുത്തി എന്നും ഈ രേഖയിൽ നിന്നും 4-ാം പ്രതിയാൽ വിരചിതമായ ഒരു പുസ്തകത്തിൽ നിന്നും കാണുന്നുണ്ടു്. (പ്രതിഭാഗം 26-ാം സാക്ഷിമൊഴി 15-ാംപുറം, C B അക്കം ഇവ നോക്കുക). പാത്രിയക്കീസിന്റെ അഭിപ്രായത്തിൽ ഈ ആളുകൾ വിശുദ്ധ പാത്രിയക്കീസിന്റെ സിംഹാസനത്തോടുള്ള ന്യായമായ അനുസരണത്തെ അതിന്റെ നേക്കുള്ള തുറന്ന എതിർപ്പുമായി നിരപ്പിക്കുന്നതിനു് വൃഥാ ശ്രമിക്കുകയാണെന്നായിരുന്നു (Z അക്കം) അദ്ദേഹത്തിന്റെ അനുമാനം ശരിയായാലും തെറ്റായാലും അതു് ഒന്നാംപ്രതിയുമായി നടന്ന അനേക നാളത്തെ അഭിപ്രായ വിനിയമനത്തിനു ശേഷം ഉണ്ടായതാണു്.

ഈ കല്പന തങ്ങളോടുള്ള ഒരു ദ്രോഹമാണെന്നു ഒന്നാം പ്രതിയൊ അദ്ദേഹത്തിന്റെ അനുയായികളൊ ആവലാധിപ്പെട്ടിരുന്നതായി വാദിക്കുന്നില്ല, അതു തെളിവിൽ ഹാജരാക്കിയതു വാദികളാണു്. എന്നാൽ പ്രതികൾക്കു് ഈ കല്പനയുടെ മലങ്കരയിലെ പ്രസിദ്ധീകരണം അറിവില്ലായിരുന്നതായൊ അതിൽ പറയുന്ന മോചനം അവക്കു് ഏതെങ്കിലും കാലത്തു് ലഭിച്ചിരുന്നതായൊ പ്രതിവാദങ്ങളിൽ ഒരു സൂചനപോലും ഇല്ല. എന്നാൽ

ആ കല്പന പുറപ്പെട്ടു് അധികം താമസിയാതെ തന്നെ സഭയുടെ ഒരു യോഗം കൂടുന്നതിനെപ്പറ്റി ഒരു പ്രസിദ്ധീകരണം ഒന്നാം പ്രതിയുടെ കൂട്ടരിൽ നിന്നുണ്ടായി കയും ഇരുകക്ഷികളും അപ്പോഴും സഭാശരീരത്തിൽ പെട്ടവരെന്ന നിലയ്ക്കു് എതിർഭാഗക്കാർ കൂടി ആ യോഗത്തിലേക്കു ക്ഷണിക്കപ്പെടുകയും ഉണ്ടായി. (59 മുതൽ 63 വരെയും 150_151 A വരെ അക്കങ്ങളും ജഡ്ജ്മെൻറ് 147 മുതൽ 149 വണ്ടികകളും നോക്കുക.) പ്രതിഭാഗത്തെ അഭിഭാഷകൻ തന്നെയും ഈ വിധത്തിലാണു് ഈ കോടതിയിൽ വാദിച്ചതു്. ഈ കല്പന ഒരു മുടക്കു കല്പന അല്ലെന്നു അദ്ദേഹം വാദിച്ചു എന്നു മാത്രമല്ല ഈ കല്പനയിന്മേൽ ആശ്രയിച്ചു അദ്ദേഹം യാതൊരു വാദവും പുറപ്പെടുവിച്ചതുമില്ല, സാഭാവിക നീതി സംബന്ധിച്ചുള്ള തത്വങ്ങൾ എന്തുതന്നെയായാലും നിരുപയോഗമായ ഒരു കടലാസായി മാത്രമെ പ്രതിഭാഗക്കാർ ഈ കല്പനയെ കരുതിയിരുന്നുള്ളു.

അതുകൊണ്ടു് ഇവിടെ ഇപ്പോൾ ആലോചിപ്പാനുള്ളതു് പ്രതികളെ സഭയിൽ നിന്നും പുറത്തുള്ളിയോ എന്നുള്ള പ്രശ്നം മാത്രമാണു്. വേദവിപരീതത്തെപ്പറ്റിയുള്ള വാദം കീഴ്ക്കോടതി ജഡ്ജിയുടെ ശ്രദ്ധയെ താൻ തീരുമാനിക്കേണ്ടിയിരുന്ന വാദമുഖങ്ങളിൽനിന്നു തെറ്റിച്ചുകളഞ്ഞതായി കാണുന്നുണ്ടു്. അദ്ദേഹത്തിനു വാദിഭാഗം കേസു് എന്താണെന്നു ബോദ്ധ്യമായിരുന്നു. (ജ. 28 വണ്ടിക) എങ്കിലും വേദവിപരീതം, ശീശ്മ. സഭിന്നിപ്പു്, ഇവയെ ആസ്പദമാക്കി തീരുമാനിക്കുന്നതിനു് സിവിൽ കോടതിക്കുള്ള അധികാരസീമയെ ക്രമീകരിക്കുന്ന തത്വങ്ങളെ പരാമർശിച്ചുള്ള യാതൊരു വിധികളും ഇരുഭാഗക്കാരും ഉദ്ധരിച്ചില്ലാ എന്നു അദ്ദേഹം പരാതിപ്പെടുന്നതായി കാണുന്നുണ്ടു്. (ജ. 138_ാം വണ്ടിക) അതേ തുടർന്നു T L R. 45_ലെ വിധിയെ അദ്ദേഹം വിശകലനം ചെയ്യുന്നുണ്ടെങ്കിലും ആവശ്യമായ തത്വങ്ങൾ അതിൽ പ്രതിപാദിക്കപ്പെടുന്നുണ്ടെന്നുള്ളതു് അദ്ദേഹത്തിൻറെ ശ്രദ്ധയിൽ പെട്ടില്ല.

ഈ കേസ്സിലെ വാദമുഖങ്ങൾ 1904 A. C. 515-ലെ (Free church of Scotland V Overtown) എന്ന വിധിയിലടങ്ങിയിരിക്കുന്ന തത്വങ്ങൾക്കു വിധേയമാണെന്നു ഈ കോടതിയിലെ വാദത്തിൽ സമ്മതിക്കപ്പെട്ടിട്ടുണ്ടു്. സാങ്കേതികമായി നോക്കുന്നപക്ഷം ആ വിധി ഈ കോടതിയെ ബന്ധിക്കുന്നതല്ല. എന്നാൽ വ്യവസ്ഥപ്പെടുത്തിയിട്ടുള്ള നിയമങ്ങളുടേയും ചട്ടങ്ങളുടേയും അഭാവത്തിൽ നീതി, ന്യായം, സന്മനസ്സാക്ഷി ഈ തത്വങ്ങളിന്മേൽ ആസ്പദമാക്കി ആ വിധി വളരെ ബഹുമാനമർഹിക്കുന്ന ഒന്നായിട്ടത്രെ ഗണിക്കപ്പെടുന്നതു്. ഈ വിധി ഇതിനുമുമ്പു് 45 T L R വിധിയിൽ അംഗീകരണത്തോടുകൂടി ഉദ്ധരിക്കപ്പെട്ടിട്ടുണ്ടു്. (45 T. L. R. 187 മുതൽ 189 വരെയും 251 പുറങ്ങൾ) ആ സ്ഥി

തിക്കു° അതു° സംശയമെന്നും അ കോടതിയെ ബന്ധിക്കുന്നതെ
ന്നും കീഴ°ക്കോടതി ശരിക്കേടായിരുന്നു. അ വിധിയാൽ
സ്ഥാപിച്ചിരിക്കുന്ന രണ്ടു തത്വങ്ങൾ നിയമപ്രാബല്യം ഉള്ളവ
യാണു°. ട്രസ്റ്റിന്റെ സ്വഭാവം മാറുന്നതിനു° ട്രസ്റ്റിനെ സൃ
ഷ്ടിക്കുന്ന രേഖയിൽതന്നെ വ്യവസ്ഥ ഇല്ലാത്ത സന്ദർഭങ്ങളിൽ അ ട്ര
സ്റ്റിന്റെ സ്വത്തുക്കൾ അതിൽനിന്നു വിഭിന്നമായ ഒരു ട്രസ്റ്റിനുവേ
ണ്ടി വിനിയോഗിക്കുന്നതു° ഒരു ട്രസ്റ്റ്ലംഘനമാണു°. ആദ്യം
ട്രസ്റ്റിന്റെ ഇണ്ടാനുഭവസ്ഥന്മാരുടെ ഭൂരിപക്ഷത്തെന്നേയും മാറ്റ
ത്തെ അനുകൂലിക്കുന്നതുകൊണ്ടു° ആ ട്രസ്റ്റ്ലംഘനത്തിന്റെ സ്വ
ഭാവം മാറുന്നതിനു° പര്യാപ്തമല്ല. എന്തുകൊണ്ടെന്നാൽ ആദ്യ
ട്രസ്റ്റിന്റെ ഉദ്ദേശങ്ങളെ മുൻനിർത്തി മാത്രമെ തീരുമാനങ്ങൾ
ചെയ്യാൻ പാടുള്ളു. ക്ഷേത്രത്തെ ഒരു പ്രത്യേക ഉദ്ദേശത്തെ ലാക്കാക്കി
പണം നിക്ഷേപിച്ചിരുന്നാൽ പിൽക്കാലക്കാർക്കു° ആ ഉദ്ദേശത്തെ
മാറ്റുന്നതിനു° അധികാരമില്ല. ഭരണപരമായ ഒരു ട്രസ്റ്റിന്റെ
സ്വത്തുക്കൾ അവകാശപ്പെട്ടവർ, ഇതരഭാഗക്കാർ സ്വീകരിച്ചി
ട്ടുള്ള മൌലികതത്വങ്ങളിൽനിന്നു വ്യത്യസ്തപ്പെട്ട തത്വങ്ങളെ
സ്വീകരിക്കുന്നപക്ഷം ആയതു വിഭിന്നമായ ഒരു ട്രസ്റ്റായി തീ
രുന്നു. ഈ തത്വങ്ങളാണു° മേല്പറഞ്ഞ വിധിയിൽ അടങ്ങിയിരിക്കു
ന്നതു°,

പ്രതികൾ ട്രസ്റ്റുസ്വത്തുക്കളെ ഒരു നൃത്തസഭയ°ക്കുവേണ്ടി
വിനിയോഗിക്കുന്നു എന്നും തുടർന്നു വന്ന പാത്രിയക്കീസന്മാർ സഭ
യുടെ ലൌകീകങ്ങളിന്മേൽ അധികാരം അവകാശപ്പെട്ടതുമൂലം
നിയമവിരുദ്ധമായ നടപടി സ്വീകരിക്കയും അവരെ വാദികൾ
അനുകൂലിക്കയും ചെയ്തു എന്നുള്ള രണ്ടു വാദങ്ങളെ ഈ തത്വങ്ങ
ളുടെ പ്രകാശത്തിൽ പരിചിന്തനം ചെയ്യാം.

A. നൃത്തനമെന്നു വാദിക്കപ്പെട്ടുന്ന സഭ

ഇതേസംബന്ധിച്ചുള്ളവയും കീഴ°ക്കോടതി പ്രതിഭാഗത്തേക്കു°
അനുകൂലമായി തീർച്ച ചെയ്തവയുമായ പായൻറകം 14, 15
16, 17 ഇവയാണു°. (ജ. 106. 132. ഈ ഖണ്ഡികകൾ.)

എന്നാൽ പ്രതികളുടെ നില യഥാർത്ഥമായി ഗ്രഹിക്കണമെ
ങ്കിൽ വാദികളോടുള്ള അവരുടെ മനോഭാവം എന്തെന്നു നോ
ക്കണം. തങ്ങൾ യാതൊരു സഭയും നൃത്തനമായി സ്ഥാപിച്ചില്ല
എന്നു പ്രതികൾ തർക്കിക്കുന്നുണ്ടെങ്കിലും (പത്രിക 38_ാം ഖണ്ഡിക)
വാദികളും ഒന്നിലധികം പാത്രിയക്കീസന്മാരും സഭയ്ക്കു ഇതരന്മാ
രായിട്ടുണ്ടായി എന്നും (പത്രിക 34, 45, 49, 50 ഖണ്ഡികകൾ)
ആദ്യട്രസ്റ്റിന്റെ മറിച്ചുണ്ടായി എന്നും (47_ാം ഖണ്ഡിക) അവർ വാ
ദിക്കുന്നുണ്ടു°. ഈ തർക്കങ്ങളിൽ പാത്രിയക്കീസന്മാരെ ഒഴിച്ചുള്ള
വ 136_ാം ഖണ്ഡിക കീഴ°ക്കോടതി നിരാകരിച്ചു. (ജ. 133, 135
ഖണ്ഡികകൾ) വാദികൾ സഭയ°ക്കുള്ള ഇതരന്മാരായില്ല എന്നുള്ള
തീരുമാനത്തിനു എതിരായി പ്രതിഭാഗം വക്കീൽ ഈ കോടതിയി
ൽ വാദിച്ചില്ല. എന്നു തന്നെയല്ല മുകളിൽ പറഞ്ഞതുപോലെ, ഈ

രുഭാഗക്കാരും സഭയിൽ തന്നെ നിൽക്കുന്ന എന്നുള്ള അടിസ്ഥാന
ത്തിന്മേൽ ആണ്" അദ്ദേഹം വാദിച്ചിട്ടുള്ളത്". കീഴ്"കോടതിയി
ലെ തന്റെ കക്ഷിയുടെ ഈ വാദം ഈ കോടതിയിൽ ഉപേക്ഷി
ക്കുന്നതിനു അദ്ദേഹത്തിനു പ്രേരകമായിരുന്നതു വാദിഭാഗത്തെ വാ
ദത്തെ സമ്മതിക്കുന്ന പ്രസ്താവനകൾ പത്രികയിൽ ഉണ്ടെന്നുള്ള വ
സ്തുതയാണു". തങ്കൾ പാത്രിയക്കീസിന്റെ സഭയിലെ ട്രസ്റ്റി
കളാണെന്നു വാദികൾ സമർത്ഥിക്കുകയും പാത്രിയക്കീസ് ഇത്തരമാ
യി തീർന്നിട്ടുള്ള ഒരു സഭയുടെ ട്രസ്റ്റികൾ തങ്ങളാണെന്നു പ്രതി
കൾ വാദിക്കുകയും ചെയ്യുന്നു. ട്രസ്റ്റിന്റെ സ്വഭാവം മാറിയി
ല്ലാ എന്നുള്ള കീഴ്"കോടതിയുടെ തീരുമാനം ഈ കോടതിയിൽ
ആക്ഷേപിക്കപ്പെട്ടില്ല. അങ്ങിനെയുള്ള വാദം സ്വീകരിച്ചിരുന്നെ
ങ്കിൽ അതു തക്ക സമാധാനമാകയില്ലെന്നുള്ളതിനും പുറമെ വാദി
ഭാഗം തർക്കം സമ്മതിക്കുന്നതായി വരികയും ചെയ്യുമായിരുന്നു.
എന്നാൽ പത്രികയിൽ കാണുന്ന ഈ വാദം ട്രസ്റ്റിനോടുള്ള പ്ര
തിഭാഗക്കാരുടെ മനോഭാവത്തെ പ്രസ്പഷ്ടമാക്കുന്നു.

എന്നാൽ യഥാർത്ഥ നില വിസ്താരകാലത്തു വേണ്ടുംവണ്ണം ഗ്ര
ഹിച്ചിരുന്നില്ലെന്നുള്ള കാരണത്താൽപുതിയസഭയുടെ ഭരണഘടന
(64 അക്കം) അംഗീകരിക്കപ്പെട്ടതും, അന്യായം ഫയലാകുന്നതിനു
മുന്നാകെല്ലാം മുമ്പു, അതായതു 1934 അവസാനത്തിൽ, കോട്ടയ
ത്തു വച്ചു നടന്നതും ആയ യോഗത്തിൽ അവർ പങ്കെടുത്തു എന്ന
താണ് ആദ്യമായിട്ടെങ്കിലും വ്യക്തമായി അവർ പൂർവീക സഭ
യിൽ നിന്നു വിഭിന്നമായിപ്പോയി എന്ന വസ്തുതയെ സ്ഥാപിക്കു
ന്നതു" എന്നുള്ള വാദിഭാഗത്തെ തർക്കത്തെ സംബന്ധിച്ചു ഈ കോ
ടതിയിൽ സവിസ്തരം പ്രതിപാദിക്കുന്നതിനു അനുവാദം നൽക
പ്പെട്ടു. ഈ ഭരണഘടന അവർ അംഗീകരിക്കയും രേഖപ്പെടുത്ത
പ്പെട്ട ഈ ചട്ടം അനുസരിക്കയും ചെയ്യുന്നു എന്നുള്ളതു" അപ്പീലി
ൽപോലും അവർ ആക്ഷേപിക്കുന്നില്ല. എന്നാൽ ഈ ഭരണഘട
ന താല്ക്കാലികമായി മാത്രമെ സ്വീകരിക്കപ്പെട്ടിട്ടൊള്ളു എന്നു
ഒന്നാംപ്രതി (പ്രതിഭാഗം 23_ാംസാക്ഷി) നൽകുന്ന സൂചന ഒരു
പ്രത്യേക ഉദ്ദേശത്തോടുകൂടിയതെന്നു മാത്രമെയുള്ളു. ഈ ഭരണ
ഘടന ഭേദപ്പെടുത്തുന്നതിനെപ്പറ്റിയുള്ള നിയമങ്ങൾ അതിൽ
ഉൾപ്പെടുത്തിയിട്ടുണ്ടെന്നുള്ളതു" വാസ്തവം തന്നെ. എന്നാൽ അ
ങ്ങനെയുള്ള നിബന്ധനകൾ ഏതു സംഘടനയുടെ നിയമാവലി
യിലും സാധാരണയായി ഉൾപ്പെടുത്തപ്പെടുന്നതാണു". ഭേദഗതി
ചെയ്യപ്പെടുന്നതുവരെയുള്ള അവയുടെ നിയമപ്രാബല്യത്തെ സ്പ
ർശിക്കുന്നവയല്ല: ഏതുകാലത്തെങ്കിലും ഏതെങ്കിലും ഭേദഗതി സ്വീ
കരിക്കപ്പെട്ടതായി തെളിവുമില്ല. അതിനും പുറമെ, യോഗദി
വസം മുതൽ ആ നിയമാവലി പ്രാബല്യത്തിൽ വരുന്നതാണെ
ന്നും ആ രേഖയിൽ വ്യവസ്ഥപ്പെടുത്തിയിട്ടുണ്ടു". എങ്കിലും ഈ
ഭരണഘടന പുരാതന സഭയിൽ എന്നുള്ള വ്യത്യാസത്തെ സ്ഥാ
പിക്കുന്നതാണെന്നുള്ള തർക്കത്തെ ശക്തിയായി പ്രതികൾ നിഷേ
ധിക്കുന്നുമുണ്ടു".

രേഖപ്പെടുത്തപ്പെട്ട ഏതെങ്കിലും ഭരണഘടന ആവശ്യമായി വന്നതെന്തുകൊണ്ട് എന്നുള്ള ചോദ്യം സംഗതമാണ്. വളരെക്കാലമായി കൃത്യവിലോപം മൂലം നിവൎത്തിക്കാതെ ഇരുന്ന ഒരു വ്യവസ്ഥാരൂപീകരണം മാത്രമാണെന്നു സമാധാനം കല്പിച്ചേക്കാം. അങ്ങനെ ഒരു എഴുതപ്പെട്ട ഭരണഘടനയുടെ രൂപീകരണത്തിൽ നിന്നു തൽക്കൎത്താക്കൾക്കു വിപരീതമായ ഒരു അനുമാനം ഉദിക്കുന്നില്ല. എന്നാൽ അതിന്റെ ഉത്ഭവകാലത്തെ സാഹചൎയ്യങ്ങൾ വിസ്മരിച്ച് ആ രേഖയുടെ വ്യാഖ്യാനത്തിനു ഒരുമ്പെടാവുന്നതല്ല. അതിനാൽ ഈ കേസ്സിന്റെ തെളിവിൽ കാണുന്നിടത്തോളം കഴിഞ്ഞ അറുപതുകൊല്ലത്തെ ഈ സഭയിലെ ഭിന്നതയുടെ ചരിത്രം സമഗ്രമായി ഈ സന്ദൎഭത്തിൽ ചിന്തിക്കുന്നതു സൗകൎയ്യപ്രദമായിരിക്കും.

അന്ത്യോഖ്യാ പാത്രിയൎക്കീസിനു സഭാസ്വത്തുക്കളിന്മേൽ പരിപൂൎണ്ണ അധികാരം സമ്മതിച്ചുകൊണ്ടു മുളന്തുരുത്തി പള്ളിയിലെ പട്ടക്കാരും ഇടവക ചുമതലക്കാരുംചേൎന്നു 1876-ൽ ഒരു ഉടമ്പടി എഴുതി (D. S. അക്കം) ഒരു കൂട്ടർ പാത്രിയൎക്കീസിനെ എതിൎക്കുകയും ട്രസ്റ്റു സ്വത്തുക്കൾ വീണ്ടെടുക്കുന്നതിനു 1879-ൽ വ്യവഹാരപ്പെടുകയും ചെയ്തു. മലങ്കര യാക്കോബായസഭയുടെ ലൗകികങ്ങളിന്മേൽ പാത്രിയൎക്കീസിനു നിയന്ത്രണാധികാരം ഇല്ലെന്നും മററും സ്ഥാപിച്ചു തിരുവിതാംകൂർ രാജകീയ കോടതിയിൽ നിന്നും 1889-ൽ വിധി (D. Y. അക്കം) ഉണ്ടായി. ആ കേസ്സിലെ പ്രതികൾ സഭാസ്വത്തുക്കളുടെ ട്രസ്റ്റികളല്ലെന്നും വിധിയുണ്ടാകയും തന്മൂലം അവർ സഭയിൽ നിന്നു പിരിഞ്ഞു മാൎത്തോമ്മാ അല്ലെങ്കിൽ നവീകരണ സുറിയാനി സഭയായിത്തീരുന്നതിനു ഇടയാക്കുകയും ചെയ്തു. അക്കാലത്തു പത്രോസ് തൃതീയൻ പാത്രിയൎക്കീസായിരുന്നു. മുളന്തുരുത്തിയിൽ കൂടുന്നതിനു നിശ്ചയിച്ചിരുന്ന സുന്നഹദോസിനു അദ്ദേഹം അയച്ചതും 1892-ൽ ഇവിടെ ലഭിച്ചതുമായ ഒരു കല്പനയിൽ (172 അക്കം) ഒരു ഭൂരിപക്ഷ വിധിയിലാണ് തനിക്കു ഇവിടെ ഏതെങ്കിലും അവകാശങ്ങൾ ശേഷിച്ചതെന്നുള്ള വസ്തുതയെ പാത്രിയൎക്കീസു വിസ്മരിക്കുകയും സിവിൽ അധികാര തീൎച്ചകളെപ്പററി പ്രതിഷേധം പ്രകടിപ്പിക്കയും ചെയ്തിരുന്നു. അദ്ദേഹത്തിന്റെ പിൻഗാമിയായി 1894-ലൊ 1895-ലെ (D. U. അക്കം) സിംഹാസനാരൂഢനായ അബ്ദൽമിശിഹാ പാത്രിയൎക്കീസു വാണിരുന്നകാലത്തു ഈ സംഗതിയിൽ ശ്രദ്ധ പതിപ്പിച്ചിരുന്നതായി തെളിയിച്ചിട്ടില്ല. എന്നാൽ 1906-ൽ അദ്ദേഹത്തിന്റെ പിൻഗാമിയായി വന്ന അബ്ദുള്ളാ തിരുവിതാംകൂർ സന്ദൎശിച്ചതായ 1909 മുതൽ 1911 വരെയുള്ള വൎഷങ്ങളിൽ ഇടവകകളിലെ ട്രസ്റ്റികളുടെ നിയമങ്ങളിൽ ഇടപെടുകയും (212, 213, 214 അക്കങ്ങൾ) അദ്ദേഹത്തിന്റെ ലൗകീകാധികാരങ്ങളെ സമ്മതിച്ചുള്ള ഉടമ്പടികൾ (176, 179, 182, 183 അക്കങ്ങൾ) വാങ്ങുകയും ചെയ്തു. അക്കാലത്തെ മലങ്കര മെത്രാൻ, ഭരണം നടത്തിവന്ന പാത്രിയൎക്കീസിനെ എതിൎത്ത(B. Y)

അക്കം) മാർ ദീവന്നാസ്യോസു" ആയിരുന്നു. അദ്ദേഹം 1911_ൽ മുടക്കപ്പെട്ടു (181 അക്കം) വിശ്വാസികൾ അദ്ദേഹത്തോടു സഹകരിക്കരുതെന്നു ആജ്ഞാപിക്കപ്പെട്ടു (9 അക്കം) അല്പകാലം കഴിഞ്ഞു തിരുവിതാംകൂർ സന്ദർശിച്ചയാളും സ്ഥാനഭ്രഷ്ടനാക്കപ്പെട്ടിരുന്ന ദേഹവും ആയ അബ്ദൽമിശിഹായെ അദ്ദേഹം സമീപിച്ചു. 1912_ൽ അബ്ദള്ളാ തിരുവിതാംകൂർ വിട്ടശേഷം മാർ ദീവന്നാസ്യോസിനോടു സഹകരിക്കുന്നതിനെ വിലക്കുന്നതായ ഒരു കല്പന (166 അക്കം) കൂടി അദ്ദേഹം പുറപ്പെടുവിച്ചു എന്നുള്ളതു അവിതർക്കിതമാണു".

കാതോലിക്കാ എന്ന ബഹുമതി നാമത്തോടുകൂടി 1913_ൽ മലങ്കരസഭയ്ക്കു" ഒരു തലവനെ അദ്ദേഹം നിയമിച്ചു. (80 അക്കം) അല്പം ചില മാസങ്ങൾക്കുള്ളിൽ അദ്ദേഹം (കാതോലിക്കോസു") കാലം ചെയ്തു. അബ്ദൽമിശിഹാ തുർക്കിയിലെ മർദ്ദനിലേക്കു മടങ്ങി (81 അക്കം). ട്രസ്റിയും സ്വത്തുക്കളെ സംബന്ധിച്ചു 1913_ൽ ഒരു ഇൻറർ പ്ലീഡർ വ്യവഹാരം ഉണ്ടായി. അബ്ദൽ മിശിഹായും അബെ"ദുള്ളായും 1915_ൽ കാലംചെയ്തു. 1913=ൽ ആവിർഭവിച്ച കേസിൻെറ വിധി ഈ കോടതിയിൽനിന്നും 1923-ൽ പ്രഖ്യാപിച്ചു. (41 T. L. R.) മുടക്കു സാധുവാണെന്നായിരുന്ന വിധി. അല്പകാലത്തിനുള്ളിൽ അക്കാലത്തു പാത്രിയക്കീസായിരുന്ന ഏലിയാസു തൃതീയൻെറ ആസ്ഥാനത്തേക്കു മാർ ദീവന്നാസ്യോസു പോകുകയും കീഴ്വഴക്കത്തിനു് ഒരുമ്പെടുകയും ചെയ്തു (BB, BC അക്കങ്ങൾ) എന്നാൽ സ്ഥാനം ഒഴിയണമെന്നുള്ള വ്യവസ്ഥയിന്മേൽ ഒരു കല്പന മാത്രമെ ലഭിച്ചുള്ളു. (C D അക്കം നോക്കുക) അദ്ദേഹം ഈ ആജ്ഞയെ അവഗണിച്ചു. അദ്ദേഹത്തോടു സഹകരിക്കരുതെന്ന വിശ്വാസികൾ 1924=ൽ ഒരു പ്രാവശ്യം കൂടി ആജ്ഞാപിക്കപ്പെട്ടു. (2 അക്കം)

1925=നോടു അടുത്തു രണ്ടാമത്തെ കാതോലിക്കോസു് വാഴിക്കപ്പെട്ടു. എന്നാൽ അതിനു പാത്രിയക്കീസിൻെറ അംഗീകരണം ഇല്ലായിരുന്നു (പ്രതിഭാഗം 28=ാം സാക്ഷി 12=ാം പുറം) പാത്രിയക്കീസിൻെറ പൂർണ്ണ അധികാരങ്ങളെ സമ്മതിച്ചു് രണ്ടു ശാൽമൂസോ (C Q, C R അക്കങ്ങൾ) അഥവാ അനുസരണ ഉടമ്പടികൾ 1927=ൽ ഏലിയാസു വാങ്ങി. സ്വാഭാവിക നീതിക്കു വിരുദ്ധമെന്ന കാരണത്താൽ മാർ ദീവന്നാസ്യോസിൻെറ മുടക്കു അസാധുവെന്നു് 1928_ൽ റവ്യൂ വിധി (45 T L R) ഉണ്ടായി. എന്നാൽ അല്പകാലത്തിനുള്ളിൽ പാത്രിയക്കീസിൻെറ പ്രതിപുരുഷൻ (വാദി ഭാഗം 1 7=ാം സാക്ഷി) മാർ ദീവന്നാസ്യോസിനെ സസ്പെൻഡു് ചെയ്തു (165 അക്കം) അതോടുകൂടി മാർ ദീവന്നാസ്യോസിൻെറയും മറ്റും മേൽ, ട്രസ്റിസ്വത്തുക്കളെ സംബന്ധിച്ചു, വീണ്ടും വ്യവഹാരം ഉത്ഭവിച്ചു.(43, 44, 164 അക്കങ്ങൾ)1928=ൽ രണ്ടാമത്തെ കാതോലിക്കോസു് കാലംചെയ്തു. ഇവിടത്തെ ഒരു സുന്നഹദോസു് ഒന്നാം പ്രതിയായ മാർ ബെസ്സേലിയോസി

നെ അദ്ദേഹത്തിന്റെ പിൻഗാമി (D K അക്കം) ആയി തെര
ഞ്ഞെടുത്തു. അദ്ദേഹം 1929-ൽ വാഴിക്കപ്പെട്ട (55 അക്കം) മാർ
ദീവന്നാസ്യോസിനു വിരോധമായി ബോധിപ്പിച്ചിരുന്ന അന്യാ
യം വിധിമൂലം തള്ളിപ്പോയി. (46, 47 അക്കങ്ങൾ) ഈ വ്യവ
ഹാരം നടന്നുകൊണ്ടിരുന്ന കാലത്തു്, 1930-ൽ, വൈസ്രായി
ഒരു രഞ്ജന ശ്രമം നടത്തി (C H C T അക്കങ്ങൾ) സമാധാന
സ്ഥാപനോദ്ദേശത്തോടുകൂടി പാത്രിയക്കീസു 1931-ൽ തിരുവിതാം
ക്കൂർ സന്ദർശിച്ചു (B G അക്കം.) അദ്ദേഹത്തെ മാർ ദീവന്നാ
സ്യോസു് പോയിക്കണ്ടു. പാത്രിയക്കീസു യോഗ്യമായ വിധത്തിൽ
മാർ ദീവന്നാസ്യോസിനെ സ്വീകരിച്ചു എന്നു കീഴ്കോടതി
അഭിപ്രായപ്പെടുന്നുണ്ടു്. (ജ. 86 110 ഖണ്ഡികകൾ) മുടക്കു കല്പ
ന പാത്രിയക്കീസു റദ്ദുചെയ്തു എന്നുള്ളതിനെ മാർ ദീവന്നാസ്യോ
സിന്റെ നിയ്ക്കാണശേഷം അദ്ദേഹത്തിന്റെ അനുകൂലികൾ നിഷേ
ധിച്ചു (247 പോയിന്റു്.) ആ വാദത്തെ കീഴ്കോടതി അംഗീ
കരിക്കയും ചെയ്തു. താല്ക്കാലികമായ ഒരു അനുരഞ്ജനം ഈ കേ
സിലെ സാക്ഷിമൊഴികളിൽ നിന്നും വ്യക്തമാകുന്നുണ്ടു്. ഏതൊ
വിധത്തിലുള്ള ഒരു സമാധാനം ഉണ്ടായി എന്നുള്ളതു് ഏലിയാ
സിന്റേയും മാർ ദീവന്നാസ്യോസിന്റേയും രേഖകളിൽ നിന്നു
(AA, BE, 65, 1 അക്കങ്ങൾ) കാണുന്നുണ്ടു്. പാത്രിയക്കീസി
ന്റെ പ്രതിപുരുഷൻ വീണ്ടും കുഴപ്പങ്ങൾക്കു് ഇടയാക്കി എന്നാ
ണു് മാർ ദീവന്നാസ്യോസു പറയുന്നതു്. ഈ കുഴപ്പം 1932-ൽ
ഏലിയാസു് തിരുവിതാംകൂറിൽവച്ചു കാലം ചെയ്യുന്നതുവരെയും
നീണ്ടു നിന്നു. (65 അക്കം)

1933-ൽ അപ്രേം ഒന്നാമൻ പാത്രിയക്കീസായി വാഴിക്ക
പ്പെട്ടു (K അക്കം); മാർ ദീവന്നാസ്യോസു് 1934-ൽ കാലം ചെയ്തു
(Z BM അക്കങ്ങൾ) അധികം താമസിയാതെ മാർ ബസ്സേലി
യോസു് സുറിയായിൽ പോയി പാത്രിയക്കീസിനെ സന്ദർശിച്ചു.
എന്നാൽ ഒരു സമാധാനം സ്ഥാപിക്കുന്നതിനു സാധിച്ചില്ല.
1934-ൽ മാർ ബസ്സേലിയോസു് ശക്തിയായ ഭാഷയിൽ ശപി
ക്കപ്പെടുകയും മുൻ പറഞ്ഞതുപോലെ വിശ്വാസികൾ അദ്ദേഹ
ത്തോടു സഹകരിക്കരുതെന്നു് ആജ്ഞാപിക്കപ്പെടുകയും ചെയ്തു.
മാർ ബസ്സേലിയോസിന്റെ അനുയായികൾ 1934 അവസാന
ത്തിൽ കൂടി അദ്ദേഹത്തെ മലങ്കര മെത്രാപ്പോലീത്താ ആയി തെ
രഞ്ഞെടുത്തു. (64 അക്കം) ഈ യോഗത്തിൽ വച്ചാണു് ഏ. എം.
അക്കം ഭരണഘടന അംഗീകരിക്കപ്പെട്ടതു്. കാനോൻ നിയമം ഏ
ന്താണെന്നു കണ്ടുപിടിക്കുന്നതിനു് ആരും ഒരുമ്പെട്ടില്ല. (പ്ര. ഭാ.
28-ാംസാക്ഷി 97-ാംപുറം) അദ്ദേഹത്തെ ശക്തിയായി അനുകൂലി
ക്കുന്നയാളും ഒരു ജഡ്ജിയായിരുന്നയാളുമായ പ്രതിഭാഗം 8൯പ
താം സാക്ഷിമൊഴി കൊടുക്കുന്ന കാലത്തു പോലും തിരുവിതാം
കൂർ രാജകീയ കോടതി വിധി വായിക്കുകയൊ, പ്രതിഭാഗക്കാർ
സ്വീകരിച്ച നിലയെ അതുമായി തുലനം ചെയ്കയൊ ചെയ്തില്ല
(പ്ര. ഭാ. 9-ാംസാ. 25-26 പുറങ്ങൾ)

ഇത മുഖവുരയോടുകൂടി ട്രസ്റ്റിനു വിധേയമായ സഭയുടെ വ്യവസ്ഥാപിതസ്വഭാവത്തെയും രേഖപ്പെടുത്തപ്പെട്ട ഭരണ ഘടന അംഗീകരിച്ചസഭയുടെ സ്വഭാവത്തെയും തമ്മിൽ താരതമ്യപ്പെട്ടു ത്തുനതു സുസാദ്ധ്യമാണു്.

1. പാത്രിയക്കാ സ്ഥാനം

അന്ത്യാഖ്യം പാത്രിയക്കീസു മലങ്കര യാക്കോബായ സുറിയാനി സഭയുടെ ആത്മീയ മേലധികാരിയാണെന്ന രണ്ടു രാജകീയ കോടതികളും തീരുമാനിച്ചിട്ടുള്ളതാണു് (DY. 2, 100 102, 147 ഖണ്ഡികകളും FN, 48, 54, 55, 56, ഖണ്ഡികകളും നോക്കുക.) "ആത്മീയ"മെന്നതിനു പര്യായപദമെന്ന നിലയിൽ "വൈദീകം" എന്ന വാക്കു് ഉപയോഗിച്ചിരിക്കുന്നതായി തിരുവിതാംകൂർ വിധിയിൽ കാണുന്നുണ്ടു്. കൊച്ചി വിധിയിൽ അങ്ങനെ ഒരു പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ടു് എങ്കിലും ഒരു സന്ദർഭത്തിൽ ആത്മീയമെന്നതിനു് എതിരായ അർത്ഥത്തിലും പ്രയോഗിച്ചുകാണുന്നുണ്ടു". ഈ ഭിന്ന രൂപത്തിലുള്ള പ്രയോഗമാണു് 11-ം, 12-ം പോയിൻറുകൾ എഴുതുന്നതിനു് ഇടയാക്കിയതു്. പാത്രിയക്കീസു സഭയുടെ വൈദിക മേലധികാരിയെന്ന വാദിഭാഗത്തു നിന്നും തക്കിക്കുകയും (അന്യായം 3-ാം പാരാ) അതിനെ പ്രതി ഭാഗക്കാർ നിഷേധിക്കുകയും (പത്രിക 5-ാം ഖണ്ഡിക) ചെയ്തിട്ടുള്ളതിന്മേലാണു് ഈ പോയിൻറുകൾ എഴുതപ്പെട്ടതു്. വൈദികമെന്നതിൽ വസ്തുക്കളുടെ ഭരണപരമായ നിയന്ത്രണം ഉൾപ്പെടുമെന്നുള്ള വാദത്തിന്മേലാണു് (1-ാം പോയിൻറു്) ഈ നിഷേധം സ്ഥാപിതമായിരിക്കുന്നതു്. വൈദികം എന്ന വാക്കിൻറെ ഒരു പ്രധാന അർത്ഥം "സഭാസംബന്ധമായ" എന്നാകയാൽ പാത്രിയക്കീസു സഭയുടെ തലവനെങ്കിൽ അതിൽ വൈദികമെന്നതു" അന്തർലീനമാകയാൽ ആ വിവരണം അനാവശ്യമായ ഒന്നായിരിക്കും. എന്നാൽ അദ്ദേഹം വൈദിക മേലദ്ധ്യക്ഷനെന്നുള്ള വിവരണം തെറ്റിയിരിക്കയുമില്ല. ഈ കേസ്സിൽ യാതൊരു തീരുമാനവും വാക്കുകളുടെ അർത്ഥ സ്പഷ്ടതയിന്മേൽ ആശ്രയിച്ചുമായിരുന്നുകൂടാ. ഈ പദങ്ങളുടെ അർത്ഥവ്യത്യാസം, ഭരണ ഘടന (A M അക്കം) യിലെ പ്രാരംഭഖണ്ഡികകളിൽ വ്യവസ്ഥപ്പെടുത്തിയിരിക്കുന്ന സഭാനാമം പോലെ തന്നെ, കാര്യമായി ഗണിക്കേണ്ടതില്ല.

ആ രേഖ മലയാളഭാഷയിൽ വിരചിതമാണു". എന്നാൽ ഇവിടെ നല്കുന്ന സൂചനകൾ അതിൻറെ ഇംഗ്ലീഷു വിവർത്തനത്തെ ആധാരമാക്കിയാണു്. ഇതിൽ 127 വകുപ്പുകൾ അടങ്ങിയിരിക്കുന്നു. അവയിൽ ഒന്നിൽ പോലും അന്ത്യാഖ്യാ പാത്രിയക്കീസിനെപ്പറ്റി ഒരു സൂചനയും ഇല്ല. ഓർത്തഡോക്സ് സുറിയാനി സഭയുടെ മേലദ്ധ്യക്ഷൻ പാത്രിയക്കീസാണെന്നു് മൂന്നാം ഖണ്ഡികയിൽ പ്രഖ്യാപിക്കുന്നുണ്ടെന്നുള്ളതു യഥാർത്ഥമാണെങ്കിലും അന്ത്യാഖ്യാ പാത്രിയക്കീസിനെപ്പറ്റി യാതൊരു സൂചനയും ഇല്ലാതെ വന്നതു് യാദൃച്ഛികമാണെന്നു് അനുമാനിക്കാവുന്നതല്ല. ഈ

വീഴ്ച മനഃപൂർവമാണെന്നും, തങ്ങളുടെ ഇഷ്ടത്തിനു അനുകൂലിക്കുന്ന ഏതു പാത്രിയർക്കീസിനേയും - അന്ത്യോഖ്യായിലേതായാലും മററു സ്ഥലങ്ങളിലെ ആയാലും തരക്കേടില്ല - പിന്നാലെ സ്വീകരിക്കുന്നതിനു ഉദ്ദേശിച്ചാണെന്നും വാദിക്കുന്നുണ്ട്. ഈ ഒരു അഭിപ്രായം മാർ ബസ്സേലിയോസ്സിനു തോന്നിയിരിക്കാം. (പ്രതിഭാഗം 28-ാം സാ. 79-ാം പുറം). എന്നാൽ ഈ സൂചന സമ്മതിക്കാതെ തന്നെ, എഴുതപ്പെട്ട ഈ ഭരണഘടനയിൽ അന്ത്യോഖ്യാ പാത്രിയർക്കീസ്സിനെ അംഗീകരിക്കുന്നതായി പറയുന്നില്ലെന്നു അഭിപ്രായപ്പെടാവുന്നതാണ്. "കാതോലിക്കോസ്" അദ്ധ്യക്ഷനായിരിക്കുന്ന എപ്പിസ്കോപ്പൽ സുന്നഹദോസ്സിന്റെ സഹകരണത്തോടുകൂടി കാനോനികമായി വാഴിക്കപ്പെടുന്ന പാത്രിയർക്കീസ്സിനെ മലങ്കരസഭ അംഗീകരിക്കുന്നതാണ്" എന്നു 92-ാം വകുപ്പിൽ പറയുന്നുണ്ട്. 1934-ൽ അന്ത്യോഖ്യായിൽ ഭരണം നടത്തി വന്ന പാത്രിയർക്കീസ് ഈ നിർവ്വചനത്തിൽ ഉൾപ്പെടുന്ന ഒരു പാത്രിയർക്കീസ്സല്ലായിരുന്നു. അങ്ങനെയെങ്കിൽ 92-ാം വകുപ്പിൽ ഭാവിയിലുണ്ടായേക്കാവുന്ന ഒരു അംഗീകരണത്തെ അത്രെ സൂചിപ്പിച്ചിരിക്കുന്നത്. മാർ ബസ്സേലിയോസു തന്നെ പറയും പ്രകാരം (പ്ര. ഭാ. സ. 28 പുറം 195.) കാതോലിക്കോസ്സിനെ അന്ത്യോഖ്യാ പാത്രിയർക്കീസ് സ്വീകരിക്കുന്ന പക്ഷം കാതോലിക്കോസ്സിന്റെ കക്ഷി പാത്രിയർക്കിസിനെയും അംഗീകരിക്കുമെന്നുള്ള ഒരു വിക്രയത്തിന് ഇടം നൽകണമെന്നു കരുതിയാണ് 92-ാം വകുപ്പു അങ്ങനെ രൂപീകരിക്കപ്പെട്ടത്. പാത്രിയർക്കീസ്സിനെ സ്വീകരിക്കുന്നത് സംബന്ധിച്ചുള്ള 93, 109, 113 ഈ വകുപ്പുകളെപ്പററിയും ഇതേ അഭിപ്രായങ്ങൾ തന്നെ പറയാവുന്നതാണ്.

1915-നു ശേഷം ഒരു പാത്രിയർക്കീസ്സും നിയമാനുസരണം കാനോനികമായി വാഴിക്കപ്പെട്ടിട്ടില്ലെന്നും (പത്രിക 34-ാം ഖണ്ഡിക), അപ്രേം പാത്രിയർക്കീസ് തന്റെ നടപടിമൂലം സഭയ്ക്കു ഇതരനായി തീർന്നു എന്നും (പത്രിക 50-ാം പാരാ), എങ്കിലും അദ്ദേഹത്തെ ഈ കേസ്സിൽ കക്ഷിചേർക്കേണ്ടതാണെന്നും (പത്രിക 54-ാം പാരാ), പത്രികയിൽ വാദമുണ്ട്. സമ്മത വിസമ്മതങ്ങൾ രേഖപ്പെടുത്തിയ കൂട്ടത്തിൽ (24-ാം വകുപ്പ്) ഏലിയാസ് പാത്രിയർക്കീസ്സായി അംഗീകരിക്കപ്പെട്ടിരുന്നില്ലെന്നും 1915-ന് ശേഷം മലങ്കരയുടെ അംഗീകരണം സിദ്ധിച്ച പാത്രിയർക്കീസ് ഉണ്ടായിരുന്നിട്ടില്ലെന്നും (93 മുതൽ 95 വരെ വകുപ്പുകൾ), 1915-നു ശേഷം നടന്ന പാത്രിയർക്കീസ്സിന്റെ തെരഞ്ഞെടുപ്പുകളിൽ മലങ്കര സഭയെ ഒഴിച്ചു നിർത്തിയിരുന്നു എന്നും, അതിനുശേഷമുള്ള പാത്രിയർക്കീസ്സന്മാർ മലങ്കരയിൽ നിന്ന് ഒഴിഞ്ഞു നിന്നിരുന്നു (107, 108 വകുപ്പുകൾ) എന്നും, ഈ പാത്രിയർക്കീസന്മാർക്ക് മലങ്കര സഭയിന്മേൽ യാതൊരു അധികാരവും ഉണ്ടായിരുന്നിട്ടില്ലെന്നും (109-ാം വകുപ്പ്), അവർ സഭയ്ക്കു ഇതരന്മാരായിപ്പോയി (132-ാം വകുപ്പ്) എന്നും വ്യക്തമായ പ്രസ്താവനകൾ ഉണ്ട്.

അന്ത്യോഖ്യാ പാത്രീയക്കീസ്സന്മാരുടെ തെരഞ്ഞെടുപ്പിൽ പങ്കെടുക്കുന്നതിനു മലങ്കരസഭയ്ക്കും മലങ്കര മെത്രാപ്പോലീത്തായ്ക്കും അവകാശമുണ്ടോ, അഭ്യുള്ളാ ദ്വിതീയനാ ശേഷമുള്ള പാത്രീയക്കീസന്മാരുടെ തെരഞ്ഞെടുപ്പിൽ അവരെ സംബന്ധിപ്പിക്കാതിരുന്നിട്ടുണ്ടോ എന്നാണു 21-ാം പോയിന്റും. 25-ാം പോയിന്റിലെ പ്രശ്നം ഈ പാത്രീയക്കീസന്മാർ സഭയ്ക്കു പുറമെ നില്ക്കുകയും അതിൽ ഭിന്നതകൾ ഉളവാക്കുകയും, അവർ സഭയ്ക്കു ഇതരന്മാരായി സഭയിനേൽ അധികാരം ഇല്ലാത്തവരായി തീരുകയും ചെയ്തിട്ടുണ്ടോ എന്നുള്ളതുമാണു". ഏലിയാസു അപ്രേം ഈ പാത്രീയക്കീസന്മാരുടെ തെരഞ്ഞെടുപ്പിൽ മലങ്കരസഭയെ സംബന്ധിപ്പിച്ചിരുന്നില്ല എന്നും അതിനാൽ കത്തോലിക്കാ സ്ഥാപനത്തെ ഇവർ സ്വീകരിക്കാതെ ഇവർക്കു പാത്രീയർക്കീസന്മാർക്കുള്ള അധികാരങ്ങൾ ഉള്ളതായി മലങ്കര സഭയാൽ അംഗീകരിക്കപ്പെടുന്നതിനു" അവകാശമില്ലെന്നും ആണു" കീഴ്ക്കോടതി തീരുമാനം കല്പിച്ചിട്ടുള്ളതു് (ജ. 136-ാം ഖണ്ഡിക)

തദ്വിഷയകമായുള്ള കീഴ്"ക്കോടതിയുടെ ചർച്ച അപൂർണ്ണമാണു്. ഈ വിഷയം അതിന്റെ പൂർണ്ണതയിൽ ഈ കോടതിയിൽ വാദിപ്പെടാഞ്ഞ കാരണത്താൽ, ഇതിൽ അന്തർഭവിച്ചിരിക്കുന്ന എല്ലാ പ്രശ്നങ്ങൾക്കും സമാധാനം കല്പിക്കുന്നതിനു് ഒരുമ്പെടുന്നെങ്കിൽ അതു് സാഹസമായിരിക്കും. എന്നാൽ പത്രികയിലെ വാദങ്ങളിലും സമ്മത വിനിമയങ്ങളിലും രേഖപ്പെടുത്തിയിരിക്കുന്നതിലും നിന്നു ഉദിക്കുന്ന പാത്രീയക്കീസിന്റെ തെരഞ്ഞെടുപ്പു്, വാഴ്ച, അംഗീകരണം ഈ മൂന്നു പ്രശ്നങ്ങളെ സംബന്ധിച്ചു് ഈ കേസ്സിലുള്ള തെളിവു" എന്താണെന്ന ഈ പ്രതനത്തിൽ നോക്കേണ്ടതുണ്ടു്.

അനേക നൂറ്റാണ്ടുകളായി പാത്രീയക്കീസന്മാരുടെ തെരഞ്ഞെടുപ്പു് മെത്രാപ്പോലീത്തന്മാരുടെ സുന്നഹദോസിനാൽ നിർവ്വഹിക്കപ്പെട്ടപോന്ന കീഴ്ക്കോടതി ആശ്രയിച്ചിരിക്കുന്നതും (ജ. പാരാ 112) കാനോനിൽ കാണുന്നതുമായ പട്ടക്കാരേയും അൽമായക്കാരേയും സൂചിപ്പിക്കുന്നതുമായ വ്യവസ്ഥ(41 T. L. R. 46നോക്കുക) പാത്രീയക്കീസ് വാഴ്ചയെ സംബന്ധിച്ചുള്ളതും, ആ സമയത്തെ അവരുടെ സാന്നിദ്ധ്യത്തെ സ്പർശിക്കുന്നതുമാണു്. സഭ എന്നതിൽ പട്ടക്കാരും അൽമായക്കാരും ഉൾപ്പെടുമെന്നിരുന്നാൽ, പാത്രീയക്കീസന്മാരുടെ തെരഞ്ഞെടുപ്പിൽ മലങ്കര സഭയ്ക്കു ഭാഗഭാക്കാകുന്നതിനു് അവകാശമുണ്ടോ എന്ന പ്രശ്നത്തിനു് വ്യക്തമായ ഉത്തരം, ഇല്ലാ എന്നാണു്. മലങ്കരസഭ എന്ന പദത്തിന്റെ നിർവ്വചനത്തിൽ കാതോലിക്കോസിനേയും മെത്രാന്മാരേയും ഉൾപ്പെടുത്തണമെന്നുദ്ദേശിച്ചിരുന്നെങ്കിൽ തന്നെയും കാതോലിക്കോസിന്റെയും മെത്രാന്മാരുടെയും തത്സംബന്ധമായ അവകാശത്തെപ്പറ്റി 24-ാംപോയിന്റിൽ അന്വേഷണം ഉദ്ദേശിക്കപ്പെടുന്നില്ലെന്നുള്ളതു് പ്രസ്തുവ്യമാണു്, മലങ്കര മെത്രാപ്പോലീത്തായ്ക്കു ഈ തെരഞ്ഞെടുപ്പിൽ

സമർപ്പിക്കുന്നതിനു" അവകാശമുണ്ടോ എന്നു ചോദ്യത്തിനുള്ള ഉ
ത്തരം, ഉണ്ടു" എന്നുതന്നെ.

നിയമപരമായി പറയുന്നെങ്കിൽ മലങ്കര മെത്രാപ്പോലീത്താ
യും മലങ്കരയുള്ള മറ്റു മെത്രാന്മാരും സുന്നഹദോസിനു ക്ഷണിക്ക
പ്പെടേണ്ടവരാണു". എന്നാൽ അങ്ങനെ അഭേദ്യമായ ഒരു നടപ്പു"
ഈ കേസ്സിൽ തെളിയിച്ചിട്ടില്ല. ഒന്നാം പ്രതിതന്റെ അവകാശ
നിദാനത്തിനു" ആശ്രയിക്കുന്ന അബ്ദൽമിശിഹായുടെ 1894-ലെ
1895-ലെ നടന്ന തെരഞ്ഞെടുപ്പിൽ മലങ്കര സഹകരിച്ചിരുന്ന
തായി യാതൊരു രേഖയും ഹാജരാക്കാണിക്കപ്പെട്ടിട്ടില്ല. 1906-ൽ അ
ബ്ദള്ളായുടെ തെരഞ്ഞെടുപ്പിൽ സംബന്ധിക്കുന്നതിനു" മലങ്കര
യ്ക്കും ഇവിടത്തെ മെത്രാന്മാർക്കും ക്ഷണം അയച്ചിരുന്നു. അ
വിടെ നടന്നതൊ നടക്കാവുന്നതൊ ആയ തെരഞ്ഞെടുപ്പിനെ അ
വർ സ്വീകരിക്കുന്നു എന്നു (Ec. 133=0 പുറം F, 5 A. അക്കങ്ങൾ)
മാത്രം അവർ മറുപടി അയച്ചു. അബ്ദള്ളായുടെ തെരഞ്ഞെടു
പ്പിനെപ്പറ്റിയുള്ള വാർത്ത മലങ്കരയ്ക്കു ലഭിച്ചു. അവക്കു" അ
തിൽ യാതൊരു വിസമ്മതവും ഉണ്ടായിരുന്നില്ല (5 A Pz. Dw.
രേഖകൾ) അബ്ദള്ളാ ഒരു ശീശ്മക്കാരനാണെന്നു മാർ ബസ്സേ
ലിയോസു" സമർത്ഥിക്കുന്നു. (പ്ര. ഭാ. 28-ാം സാക്ഷി 63-ാം പുറം)
എങ്കിലും മാർ ദീവന്നാസ്യോസു" അദ്ദേഹത്തെ നിഷേധിച്ചില്ല.
(E A. 1093, 1454 പുറങ്ങൾ) മറ്റു മേല്പട്ടക്കാരുടെ വാഴ്ചയെ
സംബന്ധിച്ച കാനോനിൽ വ്യവസ്ഥപ്പെടുത്തിയിരിക്കുന്നതുപോ
ലെ (41 T. L. R. 44) പാത്രിയക്കീസിന്റെ തെരഞ്ഞെടുപ്പിലും
സമ്മതം രേഖപ്പെടുത്തുന്നതിനു" ഒരു അവസരം നൽകപ്പെ
ടേണ്ടതു മാത്രമെ ആവശ്യമായി 1906-ലും കരുതപ്പെട്ടിരുന്നൊള്ളു
എന്നാണു" ഇതിൽ നിന്നും കാണുന്നതു" (41 T. L. R. 44) തുർക്കി
യും ബ്രിട്ടീഷു" സാമ്രാജ്യവുമായി യുദ്ധത്തിൽ ഏർപ്പെട്ടിരുന്നതി
നാൽ മലങ്കരയും മർത്തീനുമായുള്ള ഗതാഗതവും എഴുത്തുകുത്തും തടയ
പ്പെട്ടിരുന്ന 1915-1916 ഈ കാലത്താണു" ഏലിയാസു" തൃതീയ
ൻ തെരഞ്ഞെടുക്കപ്പെട്ടതു". എന്നിരുന്നാലും ഏലിയാസിനെ പാ
ത്രിയക്കീസായി 1925-ൽ മാർ ദീവന്നാസ്യോസു" ഗണിച്ചിരുന്ന
എന്നു കണ്ടുകഴിഞ്ഞു (B B, B C. അക്കങ്ങൾ) അക്കാലത്തു അദ്ദേ
ഹം പാത്രിയക്കീസായിരുന്ന എന്നു രേഖാമൂലം സമ്മതിക്കപ്പെട്ടിരു
ന്നതായി മാർ ബസ്സേലിയോസു" മൊഴി കൊടുക്കുന്നുണ്ടു". (പ്രതി
ഭാഗം 28-ാം സാക്ഷി 58-ാംപുറം) 1928-ലെ വ്യവഹാരത്തിൽ ഏ
ലിയാസിന്റെ തെരഞ്ഞെടുപ്പു ആക്ഷേപിക്കപ്പെട്ടിരുന്നു എങ്കിലും
അദ്ദേഹം തിരുവിതാംകൂർ സന്ദർശിച്ചതായ 1931-ൽ അദ്ദേഹത്തെ
പാത്രിയക്കീസായി മാർ ദീവന്നാസ്യോസു" കരുതിയിരുന്നു (65
അക്കം) 1932-ൽ നടന്ന അപ്രേം പ്രഥമന്റെ തെരഞ്ഞെടുപ്പിനു ഏ
താനും ക്ഷണക്കത്തുകൾ ഇവിടെ അയയ്ക്കപ്പെട്ടിരുന്നു: (വാദിഭാഗം
17-ാംസാക്ഷി 15-ം 200 വരങ്ങൾ: പ്രതിഭാഗം 27-ാം സാക്ഷി പു
റം 30 C. F. അക്കത്തെപ്പറ്റി തർക്കമുണ്ടു") ഒരുവേള മാർ ദീവന്നാ
സ്യോസിനു ഒരു ക്ഷണക്കത്തു ലഭിച്ചിരിക്കാം. കാതോലിക്കോസി

നേയും മറെ മെത്രാന്മാരേയും ഉൾപ്പെടുത്താഞ്ഞതിൽ അദ്ദേഹം പ്രതിഷേധിച്ചതായി കാണുന്നുണ്ട് [65, 66 അക്കങ്ങൾ] സമ്മതം പ്രത്യക്ഷപ്പെടുത്തുന്നതിനു അവസരം നല്കപ്പെട്ടില്ലെന്നു വ്യക്തമായി സമർത്ഥിക്കാൻ തരമില്ല. വിസമ്മതം മൂലമുള്ള ഭവിഷ്യത്തു എന്തെന്നു സ്ഥാപിച്ചിട്ടുമില്ല.

മുൻപറഞ്ഞ പാത്രിയക്കീസന്മാരിൽ അപ്രേം ഒന്നാമനൊഴികെയുള്ളവരുടെ തെരഞ്ഞെടുപ്പുകാലങ്ങളിൽ മലങ്കരയിൽ ഒരു കാതോലിക്കോസു് ഇല്ലായിരുന്നതിനാൽ, അദ്ദേഹത്തിന്റെ തെരഞ്ഞെടുപ്പു സംബന്ധിച്ചു മാത്രമെ കാതോലിക്കോസിനെ ക്ഷണിച്ചില്ലെന്നുള്ള പ്രശ്നം ഉദിക്കുന്നുള്ളു.

കാതോലിക്കോസിന്റെ കാര്യത്തിൽ മലങ്കര മെത്രാപ്പോലീത്തായെ സംബന്ധിച്ചുള്ള നടപടി സാധുവാണെന്നു വന്നാൽ തന്നെയും, മാർ ബസ്സേലിയോസിന്റെ സാന്നിദ്ധ്യമൊ സമ്മതമൊ ക്ഷണിക്കാത്തതിനാൽ തെരഞ്ഞെടുപ്പിനു എന്തു ഭാഷ്യം നേരിട്ടുമെന്നുള്ള പ്രശ്നവും, അദ്ദേഹം നിയമാനുസരണം നിയമിതനായ ഒരു കാതോലിക്കോസാണൊ എന്നുള്ളതിനെ ആശ്രയിച്ചിരിക്കും. ഇതു പിന്നീടു ചിന്തിക്കാം. എന്നാൽ ഒരു സംഗതി പ്രസ്താവ്യമാണു്. 1934-ൽ പാത്രിയക്കീസുമായി ഒരു രഞ്ജനശ്രമം നടത്തിയെന്നുള്ളതിൽ നിന്നും, ഒരു കാലത്തു അദ്ദേഹം ഈ തെരഞ്ഞെടുപ്പിനെ ആക്ഷേപിച്ചിരുന്നില്ലെന്നു പ്രത്യക്ഷപ്പെടുന്നു. നിയമഭാഷ്യാ മാത്രം ഉള്ളതെ, യഥാർത്ഥത്തിലും കൂടെയൊ പാത്രിയക്കീസായിരുന്ന അന്ത്യോഖ്യായിലെ ഏക പാത്രിയക്കീസിന്റെ സഭയ്ക്കുവേണ്ടിയുള്ളതാണു് ഈ കേസിൽപ്പെട്ട ടസ്സ്റ്റു എന്നു വരാവുന്നതാകയാൽ പാത്രിയക്കീസിന്റെ തെരഞ്ഞെടുപ്പിനെറ അസാധുത വെറും ഒരു വാദവിഷയമായി മാത്രം ഇരിക്കാവുന്നതാണു്.

കാതോലിക്കോസിനെ സംബന്ധിക്കുന്നടത്തോളം ഒഴിച്ചാൽ അപ്രേം ഒന്നാമന്റെ തെരഞ്ഞെടുപ്പിൽ ന്യായവിരുദ്ധമായിമലങ്കരയെ ഉൾപ്പെടുത്താതിരുന്നു എന്നു ഈ കേസിലുള്ള തെളിവിന്മേൽ സ്ഥാപിക്കാവുന്നതല്ല. തെരഞ്ഞെടുപ്പിൽ സംബന്ധിപ്പിച്ചില്ലെന്നുള്ള ഏക കാരണമെ തെരഞ്ഞെടുപ്പിന്റെ അസാധുതയ്ക്കു കാരണമായി പറയുന്നുള്ളു. ഈ സംഗതി ഒഴിച്ചാൽ അദ്ദേഹം ന്യായമായി തെരഞ്ഞെടുക്കപ്പെട്ട പാത്രിയക്കീസാണെന്നുള്ളതിനെ നിഷേധിക്കുന്നില്ല.

തെരഞ്ഞെടുപ്പിനെ ബാധിക്കുന്ന ചട്ടങ്ങൾക്കു അനുരൂപമായ നിബന്ധനകളാൽ സ്ഥാനാഭിഷേകവും കാനോനിൽ നിയന്ത്രിക്കപ്പെട്ടിരിക്കുന്നു. തെരഞ്ഞെടുപ്പിനു ആർക്കെല്ലാം ക്ഷണം അയക്കപ്പെട്ടുവോ അവർക്കു സ്ഥാനാഭിഷേകത്തിനു ഹാജരാകുകയൊ, സമ്മതം അയക്കയൊ ചെയ്യണമെന്നു കാണിച്ചു 1906-ൽ ക്ഷണക്കത്തു കൊടുത്തു അയച്ചിരുന്നു. (4 A അക്കം) 1933-ലെ സ്ഥാനാഭിഷേകത്തെപ്പറ്റി പറയുമ്പോൾ മല്പ്രിയാനൊ കാതോലിക്കോസൊ സമ്മതം രേഖപ്പെടുത്തുന്നതിനു അവസരം നല്കപ്പെടേണ്ടതല്ലായിരു

ന്നൊ എന്നുള്ള പ്രശ്നം സംഗതമാകുന്നുണ്ട്". അതിനുള്ള ഉത്തരം അന്ന ന്യായമ യി വാഴിക്കപ്പെട്ട ഒരു കാതോലിക്കോസു ഉണ്ടാ യിരുന്നൊ എന്നും, രണ്ടു വിഭിന്ന കാനോനകൾ ഉള്ളതിൽ ഏതാ ണ അംഗീകൃത കാനോൻ എന്നും ഉള്ള രണ്ടു സംഗതികളുടെ ഉത്ത രത്തെ ആശ്രയിച്ചിരിക്കും.

ഒരു സുന്നഹദോസിനാലുള്ള തെരഞ്ഞെടുപ്പിലും സ്ഥാനാഭി ഷേകത്തിലും നിന്നു വ്യത്യസ്ഥമായ രീതിയിൽ ഒരു പാത്രീയക്കീ സിനെ സഭ സ്വീകരിക്കുക എന്നു പറയുന്നതിൽ അന്തർഭവിക്കുന്ന ജനകീയവാദം പുരാതന യാക്കോബായ സഭയ്ക്ക് അജ്ഞേയമായ ഒരു നടപടി ആണ്". മലങ്കര മെത്രാപ്പോലീത്തായെ സഭ സ്വീ കരിക്കണമെന്നുള്ള നിർബന്ധം കഴിഞ്ഞ നൂറാണ്ടിലെ ഒരു പുതുമ യാണ്". (Dy അക്കം 2-ം 113 മുതൽ 115 വരെയും പാരാകൾ) ഈ നടപടിയിൽ നിന്നും വളർന്നവന്ന നടപടിയാണ" ഇടവക കൾ ഇടവകമെത്രാനാരെ സ്വീകരിക്കണമെന്നുള്ളതും താഴെ VI-ാം ഭാഗത്തിൽ വ്യവഹരിക്കപ്പെടുന്നതുമായ തത്വം. മുൻപതിവുകൾ ഉപോൽബലകമായി പറയാനില്ലാത്തതും ഈ നൂറാണ്ടിൽ ആദ്യ മായി ഉത്ഭവിക്കുന്നതുമായ മറൊരു പുതുമയാണ" പാത്രീയക്കീ സിനെ സഭ അംഗീകരിക്കണമെന്നുള്ള വാദം. (പ്ര. ഭാ. 28-ാം സാക്ഷി 137, 182 പുറങ്ങൾ)

അന്ത്യോഖ്യാ പാത്രീയക്കീസു യാക്കോബായസുറിയാനിസഭ യുടെ ആത്മീയമേലദ്ധ്യക്ഷനാണെന്ന രണ്ടു രാജകീയ കോടതി വി ധികളും പ്രസ്തുതമാക്കുന്നുണ്ട്". വിശ്വാസമർപ്പെട്ട സംഗതികൾ തീർച്ച ചെയ്യുന്നതിനു അദ്ദേഹത്തിനു തനിച്ചോ ഒരു സുന്നഹദോ സ്സിലൊ അധികാരമുണ്ടെന്നുള്ള സംഗതി അന്ന തർക്കവിഷയമല്ലാ യിരുന്നെങ്കിലും, ആ അധികാരം ഉണ്ടെന്നുള്ളത് തർക്കരഹിതമാണ". മലങ്കരയെ സംബന്ധിച്ചടത്തോളം ഇതു മാത്രമാണ" പാത്രീയക്കീ സിന്റെ അധികാരമെന്നു മാർ ബസ്സേലിയോസു" അടിക്കടി പ്ര സ്താവിക്കുന്നുണ്ട്". (പ്ര. ഭാ. 28-ാം സാ. 16, 69, 129, 130, 137 ഈ പുറങ്ങൾ) എങ്കിലും ഭരണഘടന 100-ം 101-ം വകുപ്പു കളാൽ ഈ അധികാരം കാതോലിക്കോസു അദ്ധ്യക്ഷനായിരിക്കു ന്ന മലങ്കര സുന്നഹദോസിൽ നിക്ഷേപിച്ചിരിക്കുന്നു. പാത്രീയക്കീ സിന്റെയൊ പൊതുസുന്നഹദോസിന്റെയൊ അധികാരങ്ങളെ അ തിലംഘിക്കാതെ മലങ്കര സുന്നഹദോസിനുള്ള അധികാരങ്ങൾ പ്ര യോഗിക്കാവുന്നതാണെന്നുള്ള വാദം വിശ്വാസമർപ്പെട്ട സംഗതി കളെ ബാധിക്കുന്നില്ല. കാരണം, ക്രിസ്താബ്ദം 52-ൽ വിശുദ്ധ തോമ്മാശ്ലീഹാ മലയാളത്തുവന്ന എന്നുള്ള ഏക സംഗതി ഒഴികെ മലങ്കരയെ പ്രത്യേകം ബാധിക്കുന്ന വിശ്വാസ സംബന്ധമായ കാ ര്യങ്ങൾ ഉണ്ടെന്നു തെളിയിച്ചിട്ടില്ല. അതിനാൽ പാത്രീയക്കീ സിനെ സ്വീകരിച്ചിരുന്നാൽ തന്നെയും അദ്ദേഹത്തിന്റെ അധി കാരത്തെ കുറയ്ക്കുന്നതിനുള്ള ഒരു ശ്രമമായിട്ട മാത്രമെ ഈ നി ബന്ധനകൾ ഗണിക്കാൻ തരമുള്ളൂ.

(ii) കാനോൻ

13-ാം പോയിൻറ് താഴെവരുംപ്രകാരമാണ്. "ബാർ എ ബ്രായയാൽ വിരചിതമായ ഹ്രദായകാനോണിെൻറ ശരിയും നിജവുമായ വിവർത്തനം ഏതാണ്. 1088-ൽ അസ്സൽ 94-ാം നമ്പരി ൽ xviii അക്കമോ അതോ A അക്കമോ? കീഴ്കോടതി ജഡ്ജ്മെൻറിലെ VII-ാംഭാഗം മുഴുവൻ ഈ സംഗതിയെ പരാമർശിച്ചുള്ളതാണെങ്കിലും, അതിൽ കാണുന്ന തീരുമാനം (മുൻപറഞ്ഞകേസി ൽ 18 അക്കമായിരുന്നു.) വാദിഭാഗത്തുനിന്നും ഹാജരാക്കിയിട്ടുള്ള ബി. പി. അക്കം പൊതുയാക്കോബായ സഭയെ മലങ്കരസഭയെ അംഗീകരിച്ചിട്ടുള്ളതോ സ്വീകരിച്ചിട്ടുള്ളതോ അല്ല എന്നുള്ളതു മാത്രമാണ്. (ജ. 196-ാം ഖണ്ഡിക) -

കഴിഞ്ഞ വ്യവഹാരത്തിലെ പ്രത്യക്ഷമായ തീരുമാനങ്ങൾ മുൻപറഞ്ഞ കേസ്സിലെ ജില്ലാവിധിയിലും (255 അക്കം 62, 91, 119 ഖണ്ഡികകൾ) അതിന്മേലുണ്ടായ അപ്പീൽ ജഡ്ജ്മെൻറിലും (41 T L R 26, 74, 114 പുറങ്ങൾ) കാണുന്നവയാണ്. ആ കേസ്സിൽ A അക്കവും ഈ കേസ്സിൽ 26 അക്കവും ആയി തെളിയിച്ചിട്ടുള്ള രേഖ നിജവും ആ കേസ്സിൽ 18 അക്കവും ഇവിടെ ബി പി അക്കവുമായി തെളിയിച്ചിട്ടുള്ള രേഖ വ്യാജനിർമ്മിതവുമാണ് എന്നു ജില്ലാക്കോടതി തീരുമാനിച്ചു. എന്നാൽ 1879-ൽ ആരംഭിച്ചു 1889-ൽ അവസാന വിധിക്കു (DY അക്കം) ഇടയാക്കിയ R അക്കം വ്യവഹാരകാലം മുതൽ മലങ്കരയാക്കോബായ സുറിയാനിസഭയാൽ അംഗീകരിക്കപ്പെട്ടിരുന്ന കാനോൻ ബി പി അക്കമാണെന്നും 26 അക്കം ആണ നിജമെന്നു തീരുമാനിക്കാൻ മതിയായ കാരണങ്ങൾ ഇല്ലെന്നും ഈ കോടതി വിധികല്പിച്ചു. ഈ കോടതിവിധിമൂലം റസ്ജൂഡിക്കറ്റാദോഷം ഭവിക്കുന്നില്ലെന്നു മുൻപ പ്രസ്താവിച്ചിട്ടുണ്ടല്ലൊ. അവസാനത്തിൽ അപ്പീൽ തള്ളപ്പെട്ടുപോയതിനാൽ ആദ്യതീരുമാനം റെസ്ജൂഡിക്കറ്റായാണെന്നു വാദിക്കാമായിരുന്നു. ഈ സംഗതി കീഴ്കോടതിയിൽ വാദിച്ചിരുന്നു, (ജ. 175-ാംപാരാ) എങ്കിലും അതേപ്പറ്റി തീരുമാനം കല്പിച്ചിട്ടില്ല. ഒരുവേള കഴിഞ്ഞകേസ്സിൽ കാനോനെ സംബന്ധിച്ചു ഒരു പോയിൻറ് ഇല്ലായിരുന്നു, എന്നാൽ ഈ കേസിൽ ഒരു പോയിൻറ് ഏർപ്പെടുത്തപ്പെട്ടിട്ടുണ്ട് എന്ന കാരണത്താലായിരിക്കും അങ്ങനെ സംഭവിച്ചതു", ഏതായാലും ഈ കേസ്സിൽ കീഴ്കോടതിയിലും ഇവിടെയും ഈ സംഗതി വാദവിഷയമായിരുന്നു. അതു പൂർണ്ണമായി വ്യവഹരിക്കപ്പെടുകയും ചെയ്തു.

41 T L R കേസ്സിൽ സംഗതങ്ങളും 45 T L R വിധിയിൽ അസ്ഥിരപ്പെടാത്തതുമായ തീരുമാനങ്ങൾ കക്ഷികളെ ബന്ധിക്കുന്നവയല്ലെന്നിരുന്നാലും കഴിഞ്ഞ അപ്പീലിൽ ചെയ്തിട്ടുള്ളതായി കാണുന്ന അനുമാനങ്ങൾ നിസ്സാരങ്ങളായി അവഗണിക്കാവുന്നവയല്ല. ഈ സംഗതി രണ്ടു അഭിഭാഷകപ്രമാണികൾ വാദിച്ചതും രാ

ഈ തെ ഏറ്റവും ഉയർന്ന നീതിന്യായ കോടതിയുടെ വിധിക്ക വിഷയമായിരുന്നതുമാണ്. അതിനാൽ ആ വിധിയിൽ അട ങ്ങിയിരിക്കുന്ന അഭിപ്രായത്തിൽനിന്ന വിഭിന്നമായ ഒരു അഭി പ്രായം രേഖപ്പെടുത്തുക എന്നത നിർബന്ധിതമാക്കത്തക്കതരത്തി ലുള്ള പുതന തെളിവുകൾ ഇല്ലാത്ത സ്ഥിതിക്ക് ഈ കോടതിയി ലെ ഒരു ഫുൾബെഞ്ച് ചെയ്ത തീരുമാനംതന്നെ കീഴ്കോടതിയും ചെയ്യുമെന്ന കരുതപ്പെട്ടിരിക്കാം. ഏതായാലും ഈ കേസിൽഹാ ജരാക്കപ്പെട്ട ആറ കാനോൻ കൈയെഴുത്ത പ്രതികൾ (104, 153, 156, 157, 217, 218 ഈ അക്കങ്ങൾ) 26 അക്കത്തിന ഉപോൽ ബലകമാണെന്നും കീഴ്കോടതി തീരുമാനിച്ചു. അവയിൽ ഒന്ന (153 അക്കം) വളരെ പ്രാചീനമാണന്നുള്ളതും 26 അക്കത്തോടും 153 അക്കത്തോടും മറവുള്ളവയെല്ലാം പ്രധാന കാര്യങ്ങളിൽ യോ ജിക്കുന്നുണ്ടെന്നും (ജ. 188, 191, 192, 194-ം പാരായും 263 അക്കവും) ഉള്ള രണ്ടു കാരണങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ് ഈ തീരുമാനം ചെയ്തിരിക്കുന്നത്. പാത്രിയക്കീസന്മാരിൽ മുഖ്യ ൻ റോമാപാത്രിയക്കീസാണന്ന (VII-ാം കുപ്രാലയോൻ 1-ാം പാ സ്സോക്കാ നികൃാ) പ്രഖ്യാപിക്കുന്നതും ഒരു റോമൻ കത്തോലിക്കാ പണ്ഡിതൻ (FM അക്കം നോക്കുക) യൂറോപ്പിലുണ്ടായിരുന്ന കൈ യെഴുത്ത ഗ്രന്ഥങ്ങൾ പരിശോധിച്ചു കൂട്ടിച്ചേർത്തതുമായ അച്ചടി കാനോനോടു (26 അക്കം) പിന്നീടു ഉണ്ടവിച്ചതായ കൈയെഴുത്ത പ്രതികൾ യോജിക്കുന്നതായി കാണുന്നതിനുള്ള കാരണം എന്താ ണെന്ന അദ്ദേഹം ആരാഞ്ഞില്ല. പാത്രിയക്കീസിന്റെ സാക്ഷി പ്പിതത്തോടുകൂടിയ ഒരു കാനോന്റെ പകർപ്പുണ്ട്. (BO അ ക്കം) എന്നാൽ അതു അദ്ദേഹത്തിന്റെ CC അക്കം കള്ളനയിൽ വിവരിക്കുന്നതല്ലെന്ന കോടതി തീരുമാനിച്ചു. (ജ. 186-ാം ഖണ്ഡി ക) എന്നാൽ അതു പാത്രിയക്കീസിനാൽ സാക്ഷിപ്പെടുത്തപ്പെ ട്ടതല്ലെന്നും കീഴ്കോടതി അനുമാനിക്കുന്നു. പുറമെ, കഴിഞ്ഞ വ്യ വഹാരത്തിൽ, സാക്ഷിയായിരുന്ന പിന്നീടു മരിച്ചുപോയ ഒരാ ൾ 153 അക്കത്തെ മറയ്ക്കുകയും സംശയാസ്പദമായ ബി പി അ ക്കം നിജമെന്ന ഭാവന ഹാജരാക്കു ക യും ചെയ്തതായി തീരുമാനിക്കുന്നു. (ജ. 189, 196 ഖണ്ഡികകൾ) ഇവയിൽ ആദ്യത്തെ അനുമാനങ്ങൾ ശരിയായിരുന്നേക്കാം. എ ന്നാൽ തുടർന്ന ചെയ്തിരിക്കുന്നവ വിശ്വാസനീയമായ തെളിവി നേൽ സ്ഥാപിക്കപ്പെട്ടവയല്ല. അവ തികച്ചും സാധൂകരിക്കാൻ നിവർത്തിയില്ലാത്തതുമാണ്. ഏതായാലും ഈ അനുമാനങ്ങൾ എ ല്ലാം അസംഗതങ്ങളാണ്.

സംഗതമായ പ്രശ്നം, കാനോനെപ്പറ്റി തർക്കമുള്ളവാകുന്നതിനു മുമ്പു മലങ്കരസഭയിൽ അംഗീകരിക്കപ്പെട്ടിരുന്ന കാനോൻ ഏതാ ണെന്നാണ്. 26 അക്കം പാരീസിൽ പ്രസിദ്ധീകരിക്കപ്പെട്ട 1898-നുശേഷം അതു വിരളമായി മലങ്കരയിൽ ഉപയോഗിക്കപ്പെട്ടവ നോ (ജ. 196-ാം പാരാ) എന്നുള്ളതു ശരിയാണെന്നുള്ളതിനു തർക്

മില്ല. എന്നാൽ അതു് ഈ പ്രശ്നത്തെ ബാധിക്കുന്നില്ല. 41 T.L.R.-ൽ പൂണ്ണമായി വ്യവഹരിക്കപ്പെട്ടതും കഴിഞ്ഞ കേസ്സിൽ ഹാജരാക്കപ്പെട്ട തെളിവുകളാൽ ബി പി അക്കം അംഗീകരിക്കപ്പെട്ടിരുന്നു എന്നുള്ളതു സ്പഷ്ടമായി സ്ഥാപിക്കപ്പെട്ടിട്ടുണ്ടു്. ആ കേസ്സിൽ ഈ കോടതിയിൽ നിന്നുണ്ടായ അപ്പീൽ വിധിക്കു കീഴ്ക്കോടതി നല്കുന്ന വ്യാഖ്യാനം അബദ്ധസംപൂണ്ണമല്ലെന്നിരുന്നാലും, അതിലെ ഒരു ഖണ്ഡികയിലെ ഒരു വാക്യകത്തിനു നല്കുന്ന അർത്ഥം അതെ ഖണ്ഡികയിലെ ആദ്യപ്രസ്താവനകൊണ്ടു യുക്തിരഹിതമാക്കുന്നുണ്ടെങ്കിലും, ഈ കോടതി ചെയ്തിരിക്കുന്ന സാമാന്യ അനുമാനങ്ങൾ അതുപടി തന്നെ ഇരിക്കുന്നു. കഴിഞ്ഞ അപ്പീൽ കാലത്തു് ഉന്നയിക്കപ്പെട്ട വാദങ്ങൾതന്നെ ഇപ്പോഴും പ്രാപ്പെടുവിച്ചിട്ടുണ്ടു്. അവയെ കൂലങ്കഷമായി വിചിന്തനം ചെയ്തതിൽ 41 T. L. R. വിധിയിൽ ചെയ്തിട്ടുള്ള അനുമാനങ്ങളിൽനിന്നും അവയെ സ്ഥാപിക്കുന്നതിനുള്ള വാദമുഖങ്ങളിൽനിന്നും വ്യതിചലിക്കുന്നതിനു് ഒരു കാരണവും കാണുന്നില്ല. കഴിഞ്ഞ കേസ്സിൽ ഹാജരാക്കപ്പെട്ടിരുന്നതും ഈ കേസ്സിൽ വീണ്ടും ഹാജരാക്കപ്പെട്ടതുമായ രേഖകളെക്കുറിച്ചു് ഇതിൽ പുതുതായി ഹാജരാക്കപ്പെട്ടിരിക്കുന്ന മറ്റു രേഖാമൂലമായ തെളിവുകളെയും ഇതിലെ സാക്ഷിമൊഴികളെയും ചേർത്തു് ആലോചിച്ചതിലും, തക്കതായ എല്ലാ സന്ദർഭങ്ങളിലും തിരുവിതാംകൂറിലെ യാക്കോബായസഭ അംഗീകരിച്ചിട്ടുള്ള കാനോൻ കഴിഞ്ഞ കേസ്സിൽ 18 അക്കവും ഈ കേസ്സിൽ ബി പി അക്കവും ആണെന്നുള്ളതു സ്പഷ്ടമാണു്.

എ എം അക്കം ഭരണഘടനയുടെ വിവർത്തനത്തിൽ 5_ാം ഖണ്ഡികയിൽ "1898-ൽ പാരീസിൽ അച്ചടിക്കപ്പെട്ട കാനോൻ" അതായതു് 26 അക്കം ആണു സഭയുടെ കാനോൻ എന്നു നിഷ്കൃഷ്ടിച്ചിരിക്കുന്നു. ഈ വസ്തുത ഒരു അപരാധമായി വാദിഭാഗത്തുനിന്നു വാദിക്കുന്നില്ലെന്നും (ജ. 176_ാം ഖണ്ഡിക) വാദികൾ തെറ്റായ കാനോൻ സ്വീകരിച്ചിരിക്കുന്നു എന്നു പ്രതിഭാഗത്തുനിന്നും വാദിക്കുന്നു എന്നും (പത്രിക 45_ാം ഖണ്ഡിക സമ്മതവിസമ്മതങ്ങൾ No. 124) കീഴ്ക്കോടതി ചൂണ്ടിക്കാണിക്കുന്നതു പരമാർത്ഥം തന്നെ. എന്നാൽ ഏതാണു് അംഗീകരിക്കപ്പെട്ടിരിക്കുന്ന കാനോൻ എന്നുള്ള പ്രശ്നം പ്രതികൾ ഉന്നയിച്ചിരിക്കുന്നതുകൊണ്ടു, മുൻ ഒരവസരത്തിൽ ഈ കോടതി വാദിഭാഗത്തെ തക്കം സ്വീകരിച്ചിട്ടുണ്ടു് എന്നുള്ള പൂണ്ണമായ അറിവോടുകൂടി, തങ്ങളുടെ ഭരണഘടനയിൽ തിരസ്കൃതമായ കാനോൻ ഉൾപ്പെടുത്തി എന്നുള്ള തീരുമാനത്തിൽ അവർക്കു സങ്കടത്തിനവകയില്ല തന്നെ.

(*iii*) കാതോലിക്കാസ്ഥാപനം

രേഖപ്പെടുത്തപ്പെട്ട ഭരണഘടന, (AM അക്കം 90_ാംവകുപ്പു്) 1913_ൽ ഉണ്ടായ കാതോലിക്കാസ്ഥാപനത്തിന്റെ പുനസ്ഥാപനം പ്രഖ്യാപനംചെയ്തു. അതിൽ കാതോലിക്കോസിനെപ്പറ്റി പറയുന്ന

ചില നിബന്ധനകളും ഉള്ളടക്കം ചെയ്തിട്ടുണ്ട്". ഈ വിഷയ
ത്തെ പരാമർശിച്ച വളരെ അധികം പ്രസ്താവങ്ങൾ, 7, 8, 10, 14_ം
15_ം പോയിൻറുകളിൽ പ്രതിപാദ്യവിഷയങ്ങളാണ്". ജഡ്ജ്മെ
ൻറിൻെറ 4_ാംഭാഗം മുഴുവൻ 10.ാം പോയിൻറിനെപ്പറ്റി പ്രതി
പാദിക്കുന്നതാണ്". അതു കാതോലിക്ക സ്ഥാപനത്തിൻെറ നിയമ
സാധുതയെപ്പറ്റിയുള്ളതാണ്". കാതോലിക്കാ സ്ഥാപനത്തി
ൻെറ ചരിത്രത്തെക്കുറിച്ച ജഡ്ജ്മെൻറിൻെറ അഞ്ചാംഭാഗത്തിൽ
വിവരിക്കുന്നുമുണ്ട്". തത്സംബന്ധമായുള്ള കീഴ്ക്കോടതിയുടെ തീ
രുമാനങ്ങൾ വാദിപക്ഷത്തിനു പ്രതികൂലങ്ങളാണ്". (ജ. 27, 76,
98, 104, 107 ഖണ്ഡികകൾ)

ആദിമ ചരിത്രപരമായുള്ള വാർത്ത ഇവിടെയും കീഴ്ക്കോട
തിയിലും സുദീർഘമായി ചെയ്യപ്പെട്ടു. അതു രസകരമാണെങ്കിലും
ഈ കേസ്സിലേക്ക് അതു സംശയമായിട്ടുള്ളതല്ല. എന്നാൽ ഇതേപ്പ
റ്റി ഇരുഭാഗത്തുനിന്നും ചെയ്തിട്ടുള്ള പ്രയാസങ്ങളെ ബഹുമാനിച്ച്
ആധുനിക ചരിത്രകാരന്മാർ അംഗീകരിക്കപ്പെട്ടിട്ടുള്ള സംഗതി
കളെ ചുരുക്കമായി ഇവിടെ പ്രസ്താവിക്കേണ്ടിയിരിക്കുന്നു. അതി
പുരാതനമായ ഒരു കാലത്തു സുറിയാനിഭയിൽ ഒരു കാതോലി
ക്കാസ്ഥാപനമൊ അഥവാ മപ്രിയാൻ സ്ഥാപനമൊ ഉണ്ടായി
രുന്നു എന്നതു സംശയരഹിതമാണ്". ഇരുഭാഗത്തുനിന്നും ഹാജരാ
ക്കിയിട്ടുള്ള കാനോൻ പുസ്തകങ്ങളിൽ (ബി പി: 26 അക്കം)
ഇതേപ്പറ്റി സൂചന കാണുന്നുണ്ട്". ഇതുസംബന്ധിച്ചു പറ
യപ്പെടുന്ന ചരിത്ര കാലങ്ങളിൽ വളരെ പിശക
കും ഉണ്ടെന്നുള്ളതു് തർക്കരഹിതമാണ്". മപ്രിയാനിൽ
നിന്നു വ്യത്യസ്ഥമായ ഒരു കാതോലിക്കോസ്സിനെപ്പറ്റിയുള്ള
സൂചനകൾ, അഞ്ചാം നൂറ്റാണ്ടിലുണ്ടായ നെസ്റ്റോറിയൻ ശീശ്മ
യ്ക്കു് മുമ്പുതന്നെയുള്ളവയാണ്". അന്ത്യാഖ്യസഭയിലെ കാതോ
ലിക്കോസ്സു് ആ നൂറ്റാണ്ടിൽ നെസ്റ്റോറിയൻ സഭയുടെ മേലധ്യ
ക്ഷനായി തീർന്നു. ആറാം നൂറ്റാണ്ടിനുശേഷം മാത്രമെ അന്ത്യാ
ഖ്യസഭ യാക്കോബായ വിശ്വാസം സ്വീകരിച്ചുള്ളു. അതേ നൂറ്റാ
ണ്ടിൽ തന്നെ, പേർഷ്യയിലെ ഒന്നാമത്തെ യാക്കോബായ മപ്രി
യാൻ വാഴിക്കപ്പെടുകയും ചെയ്തു. 7_ാം ശതകത്തിൽ യാക്കോ
ബായ മപ്രിയാൻെറ ആസ്ഥാനം ടെഗ്രീറ അഥവാ ടൈഗ്രീസ്സി
ലായിരുന്നു. പതിനൊന്നാം നൂറ്റാണ്ടിൽ മപ്രിയാൻ മൂസ്സലിൽ
ആയിരുന്നു. പന്ത്രണ്ടാം ശതാബ്ദത്തിൽ അദ്ദേഹം വീണ്ടും ടൈഗ്രീ
സ്സിലേക്കു മാറി. പതിമൂന്നാം ശതകത്തിൽ ജീവിച്ചിരുന്നയാളും
കാനോൻ രചിച്ചതിനും പുറമെ സഭാചരിത്രം (264—264 L വരെ
അക്കം) എഴുതിയ ദേഹവുമായ ബാർ എബ്രായാ തന്നെ ഒരു മപ്രി
യാനായിരുന്നു.

[redacted]തുടർന്നുള്ള ഏതാനും നൂറ്റാണ്ടുകളിലെ മപ്രിയാൻ സ്ഥാപന
ചരിത്രം അക്കാലത്തെ ഇൻഡ്യയിലെ യാക്കോബായ സഭ ഉണ്ടാ
യിരുന്നെങ്കിൽ, അതിൻെറ ചരിത്രം പോലെ തന്നെ അജ്ഞാത

മാണു". യരുശലേം പാത്രിയക്കീസു", അന്ത്യാഖ്യാ പാത്രിയക്കീസിന്റെ പ്രതിപുരുഷനായി -1665-ൽ മലങ്കര സന്ദർശിച്ചു എന്നും, (Dy 2-ാംഭാഗം 36, 37) അതുപോലെതന്നെ പാത്രിയക്കീസിനാൽ അയക്കപ്പെട്ട ഒരു മപ്രിയാൻ 1685-ൽ ഇവിടെ വന്നു എന്നും തിരുവിതാംകൂർ രാജകീയ കോടതി വിധിയിൽ പറഞ്ഞുകാണുന്നുണ്ട്. (Dy അക്കം 38-ം Dw അക്കവും). 1751-ൽ വേറൊരു മപ്രിയാനും പാത്രിയക്കീസിന്റെ പ്രതിപുരുഷനും കൊച്ചിയിൽ എത്തി എന്നു ആ കേസ്സിൽ തെളിയിക്കപ്പെട്ടിരുന്നു. (Dy അക്കം 40, 41. തക്കം ആരംഭിച്ചതായി കാണുന്ന കാലം വരെ പിന്നീടു് ഒരു മപ്രിയാൻ ഇവിടെ വന്നതായി കാണുന്നില്ല. ഉദാഹരണമായി 1840-ലെ കൊച്ചി മദ്ധ്യസ്ഥ തീരുമാന (225 അക്കം) ത്തിൽ ഈ സ്ഥിതിയെപ്പറ്റി ഒരു സൂചനയും ഇല്ല. ആ വർഷം വരെ ഒരു മപ്രിയാൻ പേർഷ്യായിൽ ഉണ്ടായിരുന്നതായി ഏതാനും സാക്ഷികൾ മൊഴി കൊടുക്കുന്നുണ്ടു". (പ്ര. ഭാ. 28-ാം പുറം 10). എന്നാൽ അതു അവരുടെ നേരിട്ടുള്ള അറിവിനെ അടിസ്ഥാനപ്പെടുത്തിയുള്ളതല്ല. 1863-ൽ മപ്രിയാൻ സ്ഥാപനം സുന്നഹദോസു" തീരുമാന പ്രകാരം അവസാനിപ്പിച്ചതായി കാണിക്കുന്ന ഒരു രേഖ ഹാജരാക്കിയിട്ടുണ്ടു". സി എം. അക്കം) അക്കാലത്തു് മപ്രിയാൻ ഉണ്ടായിരുന്നില്ലെന്നു വിവരിക്കുന്നതായി 1889-ൽ പാത്രിയക്കീസു അയച്ച ഒരു കല്പനയും ഉണ്ടു് (155 അക്കം). അതേ വർഷം ഉണ്ടായ തിരുവിതാംകൂർ രാജകീയ കോടതി വിധിയിൽ അക്കാലത്തു് സിറിയായിലൊ മലങ്കരയിലൊ ഒരു കാതോലിക്കോസു" ഉണ്ടായിരുന്നതായി സൂചന ഇല്ല. എന്നാൽ വിദ്യാഭ്യാസ വിഷയകമായി മർട്ടിൻ സന്ദർശിച്ച ഒരാൾ 1892-ൽ "അവിടെ ഒരു മപ്രിയാൻ ഉണ്ടായിരുന്നതായി പ്രസ്താവിക്കുന്നുണ്ടു". എങ്കിലും അദ്ദേഹം സിറിയായിൽ ഒരു പ്രായം ചെന്ന മെത്രാപ്പോലീത്താ മാത്രം ആയിരുന്നതായിട്ടാണു് സൂചിപ്പിക്കുന്നതു്. (Parry, Six Months in a Syrian Monastery (1895) എന്ന ഗ്രന്ഥം 317-ാം പുറം). ഈ ഏറെറാണ്ടിന്റെ ആരംഭദശവൽസരത്തിൽ മപ്രിയാൻ സ്ഥാനം പുനരുദ്ധരിക്കുന്നതിനു കാരണമായി പറയുന്നതു്, സഭ ഒരു മപ്രിയാനുവേണ്ടി പ്രാർത്ഥനകൾ കഴിക്കുന്നതായി (6 ബി. അക്കം) കാണുന്നുണ്ടു്. എന്നാൽ പ്രാർത്ഥനാർഹനായി അങ്ങനെ ഒരാൾ യഥാർത്ഥത്തിൽ ഇല്ലെന്നുള്ളതാണു് (40 അക്കം)

ഈ വൈഷമ്യത്തിനു പരിഹാരമായി പ്രാർത്ഥന ക്രമം തിരുത്താമായിരുന്നു. ഏതായാലും അങ്ങനെ ഒരു സ്ഥാനി ഇല്ലെന്നുള്ളതു് തർക്കരഹിതമാണു്.

1913—ൽ മലങ്കരയിലെ ഒരു മെത്രാപ്പോലീത്തായെ കാതോലിക്കയായി അബ്ദൽമിശിഹാ നിയമിച്ചു (40 അക്കം) ഇപ്പോഴത്തെ മാർ ബസ്സേലിയോസു് അദ്ദേഹത്തിന്റെ ന്യായമായ പിൻഗാമി എന്നുള്ള സങ്കല്പത്തിനേൽ 1913—ൽ ചെയ്ത നിയമത്തിന്റെ സാധു

ത്വത്തെപ്പററി തീവ്രമായ അഭിപ്രായ വ്യത്യാസം ഉണ്ടു്. ഈ സങ്കല്പം തന്നേയും ശരിയെന്നു സ്ഥാപിക്കപ്പെടേണ്ടതായിരിക്കുന്നതിനാൽ അന്തരിച്ചുപോയ പലരുടേയും പേക്കു് വേണ്ടി നടത്തപ്പെടുന്ന ഈ സംരംഭം കൂടാതെ കഴിക്കാമായിരുന്നു. എന്നാൽ 1913-ൽ ഈ നിയമനം നടത്തുന്നതിനു മുമ്പുതന്നെ അബ്ദൽമിശിഹാ ന്യായാനുസരണം സ്ഥാനഭ്രഷ്ടനാക്കപ്പെട്ടിരുന്നുവൊ എന്ന പ്രശ്നം സംബന്ധിച്ചു് വിപുലമായ രീതിയിൽ തെളിവു് ഈ കേസ്സിൽ ഹാജരാക്കപ്പെട്ടിട്ടുള്ള സ്ഥിതിക്കു് ആ സംഗതി ഇവിടെ ചിന്തനീയമാണു്,

ഗാർഡിയൻ എന്ന പത്രത്തിന്റെ യറശലേം ലേഖകൻ (ഇദ്ദേഹം ആംഗ്ലേയ സഭയ്ക്കു വേണ്ടി ലേഖകനായിരുന്നു.) അബ്ദൽ മിശിഹായെ തുർക്കിഗവർമ്മെന്റു് സ്ഥാനഭ്രഷ്ടനാക്കി എന്നൊരു കഥ ആരംഭിച്ചു. ഈ ആരോപണം പിന്നീടു പിൻവലിക്കപ്പെട്ടു എങ്കിലും (F അക്കം) ഈ കഥ, 1905-ൽ മാർ ദിവന്നാസ്യോസ്സിന്റെ സെക്രട്ടറിയാൽ നടത്തപ്പെട്ടു വന്ന ഇടവകപ്പത്രിക (3 ഏ അക്കം) എന്ന മാസികയിൽ പ്രസിദ്ധപ്പെടുത്തി. 41 T. L. R-നും 45 T. L. R-നും ഇടയാക്കിയ കേസ്സിൽ അബ്ദൽമിശിഹാ സഭയാലല്ല തുർക്കിഗവർമ്മെന്റിനാൽ സ്ഥാനഭ്രഷ്ടനാക്കപ്പെട്ടു എന്നു ഒരു തീരുമാനം രേഖപ്പെടുത്തിയിട്ടുണ്ടു്. (255 അക്കം 259-ാം പാരാ 41 T L. R. 9) എതിർ തെളിവു് കൊടുത്തു് ഈ തീരുമാനം തെറ്റെന്നു സ്ഥാപിക്കേണ്ടതു ആ കേസ്സിലെ പ്രതികളുടെ ചുമതല ആയിരുന്നതിനാലും, എന്നാൽ അതു ചെയ്തിട്ടില്ലെന്നു അപ്പീൽ വിധിയിൽനിന്നു കാണുന്നതിനാലും ഈ തീരുമാനംമൂലം ഈ സംഗതി സംബന്ധിച്ചു റെസ്ജ്രുഡിക്കററാ ദോഷം ഉത്ഭവിക്കുന്നു എന്നു ഈ കോടതിയിൽ വാദിക്കുന്നു. ഈ കോടതിയുടെ തീരുമാനത്തെപ്പററി ഈ അഭിപ്രായം ഞാൻ സ്വീകരിക്കുന്നില്ല. ചീഫ് ജസ്റ്റീസു് ചാററഫീൽഡ് അബ്ദൽമിശിഹാ പാത്രിയർക്കീസല്ലാതായ സാഹചര്യങ്ങൾ ഏവയെന്നുള്ളതു് അജ്ഞാതമാണു് എന്നു പ്രസ്താവിക്കുന്നുണ്ടു്. (45 T. L. R. 189) അസ്സൽ കോടതിയുടെ തത്സംബന്ധമായ അഭിപ്രായം ഈ കോടതിക്കു് അംഗീകാര്യമല്ലായിരുന്നു എന്നു ജഡ്ജുമെന്റിന്റെ ഇതരഭാഗങ്ങളിൽനിന്നു വ്യക്തമായി കാണുന്നുണ്ടു്. അതിനാൽ സ്ഥാനഭ്രംശം സംബന്ധിച്ചുള്ള സംഗതികളിന്മേൽ ഒരു തീരുമാനത്തിനു് ഒരുമ്പെട്ടില്ലെന്നു സ്പഷ്ടമാണു്.

ഇതുസംബന്ധമായി കൂടുതൽ രേഖാമൂലമായ തെളിവു് വാദികൾ കൊടുത്തിട്ടുണ്ടു്. B. D. അക്കം തെളിവിൽ സ്വീകാര്യമല്ലെന്നു കീഴ്ക്കോടതി അവസാനത്തിൽ തീരുമാനിച്ചു. (ജഡ്ജുമെന്റ 12-ാം പാരാ) അബ്ദൽമിശിഹായുടെമേൽ അനേകം കുററങ്ങൾ ആരോപിച്ചും ഭ്രാന്തു ഉൾപ്പെടെയുള്ള ബലഹീനതകൾ സ്ഥാപിച്ചും അദ്ദേഹത്തെ സ്ഥാനഭ്രഷ്ടനാക്കിക്കൊണ്ടും അദ്ദേഹത്തിനു് നൽകപ്പെട്ടിരുന്ന ഫർമാൻ പിൻവലിക്കണമെന്നു തുർക്കി

ഗവൎമ്മെൻറിനോട് അപേക്ഷിച്ചും 1903-ൽ അന്ത്യോഖ്യാ സുന്ന ഹദോസ് ചെയ്ത തീരുമാനങ്ങളടങ്ങിയതും 1929-ൽ ആക്ടിംഗ് പാത്രിയൎക്കിസായിരുന്ന ദേഹം പകൎത്തിയതായി പാത്രിയൎക്കീ സിനാൽ അയച്ചുകൊടുക്കപ്പെട്ട ഒരു പകർപ്പാണ് അതു്. ഇ തിൻെറ അസ്സൽ കോടതി അധികാരാതിൎത്തിക്കു് വെളിയിലാ ണെന്നുള്ളതു് തൎക്കരഹിതമാകയാൽ ഈ തരത്തിലുള്ള തെളിവു് അംഗീകാൎയ്യമായിരുന്നു. (ബ്രി. ഇൻഡ്യൻ തെളിവുനിയമം തിരു വിതാംകൂർ തെളിവുനിയമം 65 (എ) 66 (6). —തിരുവിതാംകൂർ തെളിവുനിയമം കേസ് വിസ്താരകാലത്തു് നിയമപ്രാബല്യം പ്രാ പിച്ചിരുന്നു). എന്നാൽ ആ രേഖയിൽ അനേകം സാക്ഷിപ്പെടു ത്തലുകൾ ഉണ്ടെങ്കിലും ആ നിയമത്തിൻെറ 63 (1), 74 (1), 73 (7) വകുപ്പുകൾ പ്രകാരം സാക്ഷിപ്പെടുത്തപ്പെട്ട ഒരു പകർപ്പാ ണൊ എന്നുള്ളതു് സംശയാസ്പദമാണ്.

ഇതുപോലെ അസ്സലല്ലാത്ത വേറെ തെളിവുള്ളതും അസ്വീ കാൎയ്യമെന്നു തീരുമാനിക്കപ്പെട്ട (ജ. 13-ാം ഖണ്ഡിക). B. Q. അ ക്കമായി തെളിയിച്ച ഈ രേഖ, 1934-ൽ അന്ത്യോഖ്യാ പ്രതി നിധി (വാ. ഭാ. 17-ാം സാക്ഷി എടുത്ത ഒരു പകർപ്പാണ്, ഈ രേഖയിൽ ഏതാനും ഭാഗം മുറിച്ചുകളഞ്ഞിരിക്കുന്നു എന്നും, അ ബ്ദൽമിശിഹായെ സ്ഥാനഭ്രഷ്ടനാക്കിയതു 1905-ലാണെന്നു അടിക്ക ടി പ്രസ്താവിക്കപ്പെട്ടിട്ടുണ്ട് എന്നും, (ഉദാ. E. B. അക്കം 360, 387 പുങ്ങൾ) മുമ്പു പ്രസിദ്ധീകരിക്കപ്പെട്ടിരുന്ന ഒരു പ്രസ്താവ നയും തൻെറ മൊഴിയുമായി യോജിപ്പിക്കുന്നതിനു് ഈ സാക്ഷി സംശയജനകമായ വിധം ശ്രമിച്ചു കാണുന്നു എന്നും, അദ്ദേഹം ഒരു പക്ഷം ചേൎന്നാണ് മൊഴി കൊടുത്തതെന്നും മററുമുള്ള കാര ണങ്ങളെ അടിസ്ഥാനപ്പെടുത്തി ഈ സാക്ഷിയുടെ തെളിവിനെ ശക്തിയായി ആക്ഷേപിക്കുന്നുണ്ട്. ഈ സംഗതി സംബന്ധിച്ചു ള്ള അദ്ദേഹത്തിൻെറ തെളിവിന്മേൽ ആശ്രയിച്ചു് ഒരു തീരുമാ നം ചെയ്യുന്നതു് അപകടരഹിതമായിരിക്കയില്ല.

മേല്പറഞ്ഞവയിൽ ഏതെങ്കിലും രേഖ തെളിവിൽ സ്വീകരി ച്ചിരുന്നെങ്കിൽതന്നേയും 1903-ൽ നടന്ന ഒരു സുന്നഹദോ സിൻെറ നടപടി രേഖപ്പെടുത്തപ്പെട്ടിട്ടുണ്ടെന്നുള്ളതിൽ കൂടുത ലായി ഒന്നും സാധിക്കാനില്ല. അങ്ങനെ തെളിവുനിയമം 79 മു തൽ 90 വരെയുള്ള വകുപ്പുകളിൽ നിർദ്ദേശിച്ചിരിക്കുന്ന അനുമാ നങ്ങൾക്കു് ഇടം നൽകുന്നില്ല. എന്നാൽ ഇതു യഥാർത്ഥത്തിൽ നടന്ന ഒരു യോഗനടപടിയാണെന്നു സ്ഥാപിക്കുന്നതിനു് ഉ പോൽബലകമായി സാക്ഷി തെളിവു് കൊടുക്കേണ്ടതു് ആവശ്യ മാണ്. ആ യോഗത്തിൽ സംബന്ധിച്ചിരുന്ന യാതൊരാളിൻേറ യും മൊഴി ഇല്ല. പാത്രിയൎക്കാ പ്രതിനിധി അക്കാലത്തു മർദ്ദീ നിൽ ഉണ്ടായിരുന്നു. അന്നു അദ്ദേഹം യൗവനക്കാരനായിരുന്നു. അദ്ദേഹംതന്നെ പറയുന്നതനുസരിച്ചു് ആ സുന്നഹദോസിലെ ഒരു അംഗമല്ലായിരുന്നു. (വാ. ഭാ. 17-ാം സാ. 258-ാം പുറം). ഇതി

നം പ്രമെ സുന്നഹദോസു് ചെയ്തതായി പറയുന്ന തീരുമാന
ത്തിന്റെ നിയമസാധുത്വം ആക്ഷേപിക്കപ്പെടുന്നമുണ്ടു്. ആക്ഷേ
പകാരണങ്ങളായി പറയുന്നതു് അബ്ദൽമിശിഹാസ്സ ശിരോരോ
ഗം വേറിച്ചിരുന്നെങ്കിൽ അദ്ദേഹത്തിന്റെ വിസ്താരം നീതിപൂർവ്വക
മായിരുന്നില്ലെന്നും ആ സുന്നഹദോസിന്റെ തീരുമാനത്തിൽ ഭാഗ
ഭാക്കുകളായിരുന്നതായി മേൽ പറഞ്ഞ തൃജിക്കപ്പെട്ട രേഖകളിൽ
പേരുപറയപ്പെട്ടവരിൽ എതാനുംപേർ പിന്നീടു് ആ നിശ്ചയങ്ങ
ളിൽ സമ്മതം രേഖപ്പെടുത്തിയതായിട്ടു മാത്രം കാണുന്ന സ്ഥിതി
ക്കും, മലങ്കരയിൽനിന്നും ഒരു പ്രതിനിധിയും ക്ഷണിക്കപ്പെട്ടിരു
ന്നില്ല എന്നുള്ളതുമൂലവും, ആ സുന്നഹദോസ്സിൽ അവശ്യം വേണ്ട
വർ ഉൾപ്പെട്ടിരുന്നില്ലെന്നുള്ള കാരണങ്ങളിനേലും ആണു് ഈ
ആക്ഷേപം ആസ്പദപ്പെടുത്തിയിരിക്കുന്നതു്. കൂടാതെ ഒരു സുന്ന
ഹദോസിനു് പാത്രിയക്കീസിനെ സ്ഥാനത്തുനിന്നും നീക്കുന്നതി
നുള്ള അധികാരത്തെ സംബന്ധിച്ചും തക്കമുണ്ടു്. ആ സ്ഥിതിക്കു്
ആ നിശ്ചയങ്ങളുടെ സാധുതയെ നിർണ്ണയിക്കുന്നതിനു്, അബ്ദൽ
മിശിഹായുടെ സ്ഥാനഭ്രംശസാഹചര്യങ്ങളെപ്പറ്റി ഇതിൽ ഉള്ള
തിൽ കൂടുതൽ തെളിവു് ആവശ്യമാണു്.

ഈ വിഷയം സംബന്ധിച്ചുള്ള മറെറാരു രേഖയും കീഴ്കോ
ടതി തെളിവിൽ സ്വീകരിക്കാതെ ഇരുന്നിട്ടുണ്ടു്. അതു് അക്കമി
ട്ടു് ചേർത്തിട്ടില്ലെങ്കിലും അതിന്റെ ഉള്ളടക്കത്തിന്റെ ഏകദേശമാ
യ രൂപം അതോടു് അനുബന്ധിച്ചുള്ള എഴുത്തിൽനിന്നു കാണാം.
ഇതു 1939-ൽ തിരുവിതാംകൂർ ഗവൺമ്മെൻറിന്റെ ആകുടിങ്ങ്
ചീഫ് സെക്രട്ടറി ഒന്നാംവാദിക്കു് അയച്ച ഒരു എഴുത്തു് ആണു്.
അതു് 1912-ൽ തുർക്കി ഗവൺമ്മെൻറ സ്ഥാനപതി ബ്രിട്ടീഷ് വി
ദേശസെക്രട്ടറിക്കു് അയച്ച അസ്സൽ കത്തിന്റെ ഒരു ഭാഷാന്തര
ത്തിന്റെ പകർപ്പാണു് അതോടുകൂടി അയച്ചിരിക്കുന്നതെന്നും
അതിന്റെ ഒരു പ്രതി തിരുവിതാംകൂർ റസിഡണ്ടു മുഖാന്തിരം ലഭി
ച്ചതാണെന്നും അതിൽ പറഞ്ഞിരിക്കുന്നു. ഈ എഴുത്തിൽ ഉള്ളട
ക്കം ചെയ്തിരുന്ന രേഖ തെളിവിൽ സ്വീകരിയ്ക്കുമോ എന്നുള്ളതുസം
ബന്ധിച്ചു് വിപുലമായ വാദം നടത്തപ്പെട്ടു എങ്കിലും, അതിന്റെ
സ്വീകാര്യത ഇവിടെ തീരുമാനിക്കേണ്ട ആവശ്യം കാണുന്നില്ല.
ഇരുഭാഗക്കാരും ഈ രേഖയുടെ ഉള്ളടക്കം വാദത്തിൽ ധാരാളമാ
യി ആശ്രയിച്ചു എന്നുള്ളതുകൊണ്ടു് അതു തെളിവിൽ സ്വീകരി
ച്ചിരുന്നു എങ്കിലും അബ്ദൽമിശിഹായുടെ സ്ഥാനഭ്രംശസാഹചര്യ
ങ്ങളെപ്പറ്റി കൂടുതലായ യാതൊരു അറിവും അതു നൽകുമായിരു
ന്നില്ലെന്നു് ഇവിടെ പ്രസ്താവിക്കുന്നതു് അയോഗ്യമായിരിക്ക
യില്ല.

1903-ലൊ 1905-ലൊ അബ്ദൽമിശിഹാ പാത്രിയർക്കാ
സ്ഥാനത്തുനിന്നു് ഒരു സുന്നഹദോസിനാൽ ന്യായമായി മാററപ്പെ
ട്ടതായി തൃപ്തികരമായ തെളിവില്ലെന്നു മേൽ പ്രസ്താവിച്ചതിൽ
നിന്നും സ്പഷ്ടമാകുന്നുണ്ടു്.



മലങ്കര അന്ത്യോക്യാ പ്രതിനിധി പരേതനായ
നി. വ. ദി. ശ്രീ.
മോർ ഒസ്താത്യോസ് സ്ലീബാ ബാവാ തിരുമനസ്സുകൊണ്ടു്



മലങ്കര ഇടവകയുടെ പരേതനായ നി. വ. ദി. ശ്രീ.
മാർ ദീവന്നാസ്യോസ് *VI* ഗീവറുഗീസ്
മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു്

അബ്ദുൽമിശിഹാ സ്ഥിരമായിട്ടോ, ഫലപ്രദമായിട്ടോ സ്ഥാനഭ്രംശം ചെയ്യപ്പെട്ടില്ലെന്നു സ്ഥാപിക്കാൻ ഒരു ശ്രമം ഉണ്ടായി. 1905-നുമുമ്പു് അദ്ദേഹം സ്ഥാനഭ്രഷ്ടനാക്കപ്പെട്ടുവോ എന്നുള്ളതു്, സംശയാസ്പദമാണു്. തുടർന്നുള്ള രേഖകൾ ആക്ഷേപിക്കപ്പെടുകയോ (CE, 246 ഈ അക്കങ്ങൾ) തെളിയിക്കപ്പെട്ടില്ലെന്നു വാദിക്കുകയോ (74,75,76 അക്കങ്ങൾ) ചെയ്യുന്ന സ്ഥിതിക്കു ഇതേപ്പറ്റി കൂടുതലായി ആരായേണ്ടതില്ല. 1905-നുശേഷം ദൂരസ്ഥിതങ്ങളായ ഭാഗങ്ങളിൽ അദ്ദേഹം ഭരണം നടത്തിയിരുന്നു എന്നു് ഒരു അഭിപ്രായം കീഴ്ക്കോടതി രേഖപ്പെടുത്തിയിട്ടുണ്ടു്. (ജ. 27-ാംപാരാ). അബ്ദുള്ളായെ, അന്യായമായി സ്ഥാനം കൈവശപ്പെടുത്തിയവനെന്നു് അബ്ദുൽമിശിഹാ തന്നെ വിവരിക്കുന്ന സ്ഥിതിക്കു സ്ഥാനഭ്രംശത്തെപ്പറ്റി സംശയിക്കേണ്ടതില്ല. (80, DJ 244-ം അക്കങ്ങൾ. 244-നെപ്പറ്റി തർക്കമുണ്ടു്) അബ്ദുള്ളാ ഇൻഡ്യയിൽനിന്നും തിരിച്ചുപോയിട്ടു് മർട്ടീനിൽ എത്തിയില്ലെന്നും, യേശുശ്ലേമിൽവച്ചു കാലംചെയ്തു എന്നും അബ്ദുൽമിശിഹായാകട്ടെ ഇൻഡ്യവിട്ടശേഷം മർട്ടീനിൽ തിരിച്ചെത്തി സിംഹാസനഭയറായിൽവച്ചു കാലധർമ്മം പ്രാപിച്ചു എന്നും പറയുന്നുണ്ടു്. ഇതിൽ രണ്ടാമതായി പറയുന്ന സംഗതി പാത്രിയർക്കാ പ്രതിനിധി സമ്മതിക്കുന്നു (വാ. ഭാ. 17 സാ. 259-ാം പുറം: 173 അക്കം). എന്നാൽ തിരിയെ സിംഹാസനാരൂഢനായി എന്നുള്ള വാദത്തെ സമ്മതിക്കുന്നില്ല. (81 അക്കം) അബ്ദുൽമിശിഹായുടെ ശവമടക്കത്തിന്റെ ഒരു ഫോട്ടോ മട്ടീനിൽ കണ്ടതായി 1932-ൽ മാർ ദീവന്നാസ്യോസ് ഒരു എഴുത്തിൽ പ്രസ്താവിക്കുന്നു. (65 അക്കം) അദ്ദേഹത്തിന്റെ അടക്കസമയത്തു ഒരു പാത്രിയർക്കീസിനടുത്ത ആഡംബരങ്ങൾ നൽകപ്പെട്ടു എന്നു് അദ്ദേഹത്തെ കണ്ടിട്ടില്ലാത്ത ഒരു സാക്ഷി (പ്ര. ഭാ. 26-ാം സാ. 6,10,11,23 പുറങ്ങൾ) മട്ടീനിൽവച്ചു സമ്പാദിച്ച ഒരു ഫോട്ടോ അടിസ്ഥാനമാക്കി തെളിയിക്കാൻ കീഴ്കോടതിയിൽവച്ചു ഒരു ശ്രമം നടത്തി. മറ്റു പടങ്ങളുമായി (CP, DG അക്കങ്ങൾ) താരതമ്യപ്പെടുത്തിക്കൊണ്ടു് ആ പടത്തിൽ മദ്ധ്യത്തിൽ കാണുന്നതു് ആരുടെ ചിത്രമെന്നു കണ്ടുപിടിക്കുന്നതിനു് അസാധാരണ സങ്കല്പശക്തി കൊണ്ടുമാത്രമെ സാധിക്കയുള്ളു എന്നും, അതാരാണെന്നുള്ളതിനെപ്പറ്റിയുള്ള തെളിവു പരസ്പരവിരുദ്ധമാണെന്നും മാത്രമെ ഇവിടെ പ്രസ്താവിക്കേണ്ടതുള്ളു. മൃതശരീരം ആരുടേതെന്നു വ്യക്തമായി സ്ഥാപിച്ചിരുന്നാൽത്തന്നെയും, എന്നുവേണ്ട അദ്ദേഹത്തിന്റെ മൃതശരീരം ഒരു പാത്രിയർക്കീസിനടുത്ത ബഹുമതികളോടുകൂടി സംസ്കരിക്കപ്പെട്ടു എന്നു സ്ഥാപിച്ചാൽത്തന്നെയും അതു ഈ കേസ്സിൽ ഗണ്യമായ ഒരു വ്യത്യാസവും വരുത്തുന്നില്ല. മാത്രമല്ലാ അബ്ദുൽമിശിഹാ വീണ്ടും സിംഹാസനാരൂഢനായി എന്നു തെളിയിച്ചിരുന്നാലും ഈ കേസ്സിലെ തർക്കങ്ങളുടെ തീരുമാനത്തെ ആ വസ്തുത സാരമായി സ്പർശിക്കുന്നതല്ല.

ഈ നിലയ്ക്കു പ്രസ്തുത കാലത്തു രണ്ടു് അന്ത്യോഖ്യാപാത്രി

യക്കീസന്മാർ ഉണ്ടായിരുന്ന എന്ന ഈ കോടതി 45 D. L. R. 190. 191 ഈ പുറങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന ഉപഹം ന്യായരഹിതമാണെന്നു പറവാൻ നിവൃത്തിയില്ല. വേദവിപരീതംകാരണമാക്കി അബ്ദുൽമിശിഹ, സ്ഥാനഭ്രഷ്ടനാക്കപ്പെട്ടു എന്നുള്ളതു സംശയാസ്പദമായ വാചാ തെളിവിന്മേൽമാത്രം ആശ്രയിച്ചിരിക്കയാലും, കാനോനികമായി അദ്ദേഹം സ്ഥാനഭ്രഷ്ടനാക്കപ്പെട്ടു എന്നുള്ളതിനു തൃപ്തികരമായ തെളിവില്ലാത്തതിനാലും, പിന്നീടുള്ള അവസ്ഥ കാനോൻവ്യവസ്ഥകളെ ആശ്രയിച്ചിരിക്കും, വിഭിന്ന കാനോൻ പുസ്തകങ്ങളിലും ഇതിനെ ബാധിക്കുന്ന വ്യവസ്ഥകൾ തമ്മിൽ ഗണ്യമായ വ്യത്യാസം ഇല്ല. ഒരുകാലത്തു ഒരു സിംഹാസനത്തിലേക്കു രണ്ടു പാത്രിയർക്കീസന്മാർ വാഴിക്കപ്പെട്ടുന്നപക്ഷം, ആദ്യത്തെ ആൾ ഭരണം നടത്തണമെന്നും, രണ്ടാമൻ വെറുതെ ഇരിക്കണമെന്നും വ്യവസ്ഥയുണ്ടു്. (BP-ം 26-ം അക്കങ്ങൾ 7-ാം കപ്പാലയോൻ 1-ാം പാസ്സോക്കാ ഹ്രദായ: 41 D. L. R. 39) ഇതിൽനിന്നു ഉദിക്കുന്നതു 1913-ൽ അബ്ദുൽമിശിഹായ്ക്കു പാത്രിയർക്കാസ്ഥാനത്തിനടുത്ത അധികാരങ്ങൾ ഉണ്ടായിരുന്നു എന്നാണു്.

അങ്ങനെയായാൽ പോലും ഒരു കാതോലിക്കായെ വാഴിക്കുന്നതിനു പാത്രിയക്കീസുംപ്പെട്ട ഒരു സുന്നഹദോസിനു മാത്രമെ അധികാരമുള്ളു എന്നു വാദിഭാഗത്തുനിന്നും വാദിക്കുന്നു. 1934-ൽ പാത്രിയക്കീസിന്റേയും അഭിപ്രായം ഇതുതന്നെ ആയിരുന്നു. (Z അക്കം) പ്രതിഭാഗക്കാർ തന്നെയും പാത്രിയർക്കീസിനെ അവഗണിച്ചാണെങ്കിലും, ഒന്നാംപ്രതിയെ കാതോലിക്കായായി തിരഞ്ഞെടുക്കുന്നതിനു ഒരു സുന്നഹദോസു വിളിച്ചു കൂട്ടുകയുണ്ടായി. (D K അക്കം) തത്സംബന്ധമായി സൂക്ഷ്മമായ ഒരു വ്യവസ്ഥയും കാനോനിൽ ഉള്ളതായി കാണുന്നില്ല. പ്രാചീന മപ്രിയാനുമാരുടെ നിയമനത്തിൽ അഭംഗമായ ഒരു നടപടി പ്രതിഫലിച്ചു കാണുന്നില്ല. (ഉദാഹരണമായി CN' FB, FC FD, F'E, FF, 264 D അക്കങ്ങൾ നോക്കുക) കാതോലിക്കാ നിയമനം അബ്ദള്ളാ നടത്തിയിരുന്നെങ്കിൽ അതു സാധുവായിരുന്നേനേ എന്നു സമ്മതിക്കപ്പെട്ടിരുന്നതായി 45 T L R 191-ാം പുറത്തു കാണുന്നു. എന്നാൽ ആ സമ്മതം പിൻവാഴ്ചയുള്ള ഒരു സ്ഥാപനത്തെ ഉദ്ദേശിച്ചായിരുന്നു എന്നു വ്യക്തമാകുന്നില്ല. ഒരു വൈദികനടപടിയെപ്പറ്റിയുള്ള അന്വേഷണത്തിൽ, പൊതുതത്വങ്ങളിന്മേൽ ആശ്രയിച്ചുള്ള പ്രതിഭാഗത്തെവാദംകൊണ്ടു വലിയപ്രയോജനം വരുന്നില്ല. അങ്ങിനെ പാത്രിയർക്കീസിനു തനിച്ചു ഒരു കാതോലിക്കായെ വാഴിക്കുന്നതിനു അധികാരമില്ലെന്നു സ്ഥാപിച്ചിട്ടില്ല. എന്നാൽ ഒരിക്കൽചെയ്യുന്ന ഒരുനിയമനം ഏതുകാലത്തേക്കും നിലനില്ക്കുന്നതാണെന്നു വന്നാൽ അല്ലാതെ ഈ അഭിപ്രായത്തിൽ നിന്നും ഉദിക്കുന്നതായ തത്വം, അതായതു ഒരു പാത്രിയർക്കീസിനു തനിച്ചു ഒരു മപ്രിയാൻ സ്ഥാപനം നിർത്തിക്കളയുന്നതിനു അധികാരമി

ല്ലെന്നുള്ള തത്വം സ്ഥാപിക്കാവുന്നതല്ല. എന്നാൽ ഈ രണ്ടു നടപടികളും തീരുമാനിക്കപ്പെട്ടതായി ഗണിച്ചുകൂടാ.

അടുത്തതായി, അബ്ദൽ മിശിഹാ 1913-ൽ ചെയ്തതെന്തെന്നു കണ്ടുപിടിക്കേണ്ടിയിരിക്കുന്നു. ഇതര വൈദികസ്ഥാനികളുടെ നിയമനവോളയിൽ ഉള്ളതായി കാണുന്ന പട്ടക്കുടലാസിനു (171 അക്കം) അനുരൂപമായ ഒരു നിയമന ഉത്തരവു കാതോലിക്കോസിനെ സംബന്ധിച്ചിടത്തോളം ഉണ്ടായിരുന്നതായിതെളിവില്ല. രേഖകൾ സൂക്ഷിക്കുന്ന അറപ്രതികളുടെകൈവശമാണെങ്കിലും, പ്രകൃതമായ സ്ഥാനത്തിക്കാൻ ഹാജരാക്കുകയൊ അതിന്റെ അഭാവത്തിനു മതിയായ കാരണങ്ങൾ ഉദ്ധരിക്കുകയൊ മെത്രാപ്പോലീത്ത നിയമനം ഇതരതെളിവുകളാൽ സ്ഥാപിക്കാവുന്ന സ്ഥിതിക്കു തത്സംബന്ധമായ തെളിവുള്ളതു പരിശോധിച്ചാൽ മതിയാകുന്നതാണു. ഈ തെളിവു മലങ്കരയിൽ പരുമല സിമ്മനാരിയിൽ നിന്നു 1913 കുംഭം 8-ാംനു- അബ്ദൽ മിശിഹായുടെ മുദ്രയോടുകൂടി പുറപ്പെടുവിച്ച ഒരുകല്പന (80 അക്കം)യാണു്. വാത്സല്യവാനയ കാതോലിക്കോസിന്റെയും മറ്റുള്ള വരുടെയും മേൽ ദൈവാനുഗ്രഹം ഉണ്ടായിരിക്കട്ടെ എന്നുള്ള അപേക്ഷയെ തുടർന്നു താഴെവരും പ്രകാരമാണു് അതിന്റെ തർജിമയിൽ കാണുന്നതു്.

"തൻമൂലമായി ദൈവകൃപയാൽ നിങ്ങളുടെ അപേക്ഷപ്രകാരം പൌലൂസ് ബസ്സേലിയോസു് എന്ന നാമത്തിൽ മപ്രിയാൻ, അതായതു കാതോലിക്കായേയും മൂന്നു പുതിയ മെത്രാപ്പോലീത്തന്മാരേയും നാം വാഴിച്ചു..... നാം കാതോലിക്കായെ വാഴിക്കാതെ ഇരുന്നാൽ മലബാറിലുള്ള നമ്മുടെ സഭ പല കാരണങ്ങളാൽ വെടിപ്പിലും വിശുദ്ധിയിലും നിലനില്ക്കയില്ലെന്നു നമുക്കു മനസ്സിലായി. എന്നാൽ ഇപ്പോഴോ കർത്താവിന്റെ ശക്തിയാൽ അതിന്റെ വെടിപ്പിലും വിശുദ്ധിയിലും അതു എന്നേക്കും നിലനില്ക്കുമെന്നും അന്ത്യാഖ്യസിംഹാസനത്തോടുള്ള സ്നേഹബന്ധമാകുന്ന സംസർഗ്ഗത്തിൽ ആദ്യത്തേതിൽ കൂടുതലായി അതു സ്ഥിരപ്പെട്ടുമെന്നും നാം അറിയുന്നു..... നിങ്ങളുടെ ഇടയന്മാരായ കാതോലിക്കായും മെത്രാപ്പോലീത്തന്മാരും നിങ്ങൾക്കു ആവശ്യമുള്ളവയെ എല്ലാം നിവൃത്തിക്കുമെന്നു ഞാൻ ശരണപ്പെടുന്നു. കാതോലിക്കാ മെത്രാന്മാരോടുകൂടെ നമ്മുടെ വിശുദ്ധപിതാക്കന്മാരുടെ കാനോനാകം അനുസരിച്ചു നിങ്ങൾക്കു മേല്പട്ടക്കാരെ വാഴിക്കുകയും വിശുദ്ധമൂറോൻ ക്രിശ്മ നടത്തുകയും ചെയ്യും. കാതോലിക്കാ നിഷ്ക്രമനാകുമ്പോൾ തൽസ്ഥാനത്തു ഒരു കാതോലിക്കായേയും വാഴിക്കുവാൻ നിങ്ങളുടെ മെത്രാപ്പോലീത്തന്മാർക്കു അനുവാദവും അധികാരവും ഉണ്ടു്. ഇതിൽ നിന്നും നിങ്ങളെ വിരോധിപ്പാൻ ഒരുത്തനും അധികാരമില്ല. എന്നാൽ എല്ലാം ക്രമമായും പതിവുപോലെയും മലങ്കര മെത്രാപ്പോലീത്താ ആയ ദീവന്നാസ്യോസു് അദ്ധ്യക്ഷനായിരിക്കുന്ന കമ്മിറ്റിക്കാരുടെ ആലോചനയേടുകൂടിയും ചെയ്തുകൊള്ളണം."

പഴയ കാതോലിക്കാ സ്ഥാപനം പുനരുദ്ധരിപ്പിച്ചതിനെ തെളിയിക്കുന്ന ഒരു രേഖയാണ് ഇതെന്നു കീഴ്ക്കോടതിൽ പ്രതികൾ വാദിച്ചിരുന്നു. എന്നാൽ അതിൽ നിന്നും ഉത്ഭവിക്കുന്നതും കാതോലിക്കോസിന്റെ അവകാശാധികാരങ്ങളെപ്പററിയുള്ള വാദം സമ്മതിക്കുന്നതിനു പ്രാരംഭവുമായി ഏതു കാതോലിക്കാ സ്ഥാപനമാണു ഇതിനാൽ പുനഃസ്ഥാപിതമായതെന്നു ആലോചിക്കേണ്ടതാണ്. നെസ്റ്റോറിയൻ ശീശ്മയ്ക്കു മുമ്പു നിലവിലിരുന്ന കാതോലിക്കാ സ്ഥാപനമൊ; അതോ നെസ്റ്റോറിയൻ കാതോലിക്കാ സ്ഥാപനമൊ; ബാർ എബ്രായയുടെ മപ്രിയാൻ സ്ഥാപനമൊ അതോ പിൻകാലത്തെ ബഹുമതിസ്ഥാപനമോ എന്നും അതിന്റെ അധികാരാതിർത്തികാനോനിൽ പറയുന്ന "ഇൻഡ്യാ"വരെ വിസ്തൃതമായിരുന്നൊ അതൊ മുൻകാലങ്ങളിൽ അറിയപ്പെട്ടിരുന്ന പേർഷ്യാ വരെയൊ അഥവാ ഭൂമിശാസ്ത്രപരമായി പഠഞ്ഞാൽ അവ്യക്തമായ മലങ്കരവരെയോ അതോ മാർ ബസ്സേലിയോസു അവകാശപ്പെടുന്നതുപോലെ (പ്ര. ഭാ. 28-ാം സാ. 50 പുറം) ജപ്പാൻവരെയൊ ഉള്ള സ്ഥലങ്ങളോളം വിസ്തൃതമായിരുന്നൊ എന്നു തീരുമാനിക്കേണ്ടതാണ്. ഈ പ്രശ്നങ്ങൾക്കു ഒന്നിനും ഈ രേഖ ഉത്തരം നൽകാത്ത സ്ഥിതിക്കു പുനഃസ്ഥാപനവാദം, ആ സ്ഥാനം പ്രാപിക്കുന്ന ആളിന്റെയും അദ്ദേഹത്തോടു ചേർന്നു നിൽക്കുന്നവരുടേയും യശസ്സിനെ അഭിവൃദ്ധിപ്പെടുത്തുന്നതിനു മാത്രം പാൎയ്യപ്തമായിട്ടാണ് ഇരിക്കുന്നതു്. ഇവിടെ ഈ പതനത്തിൽ പറയാവുന്നതു, ആ സ്ഥാനപ്പേരു പുനരുദ്ധരിക്കപ്പെട്ടു എന്നുമാത്രമാണ്. ഇതുപോലെ തന്നെ, കാതോലിക്കാസ്ഥാപനം പനഃസ്ഥാപിക്കപ്പെട്ടു എന്നുള്ള ഭരണഘടനയിലെ പ്രസ്താവന, അതു 1913 മുതൽ നിലവിലിരുന്നു എന്നുള്ള പ്രഖ്യാപനം (A. M. അക്കം 90-ാം ഖണ്ഡിക) പോലെ തന്നെ തെററിദ്ധരിപ്പിക്കുന്നതിനു മാത്രമെ ഉതകുന്നുള്ളു.

അടുത്തു മുമ്പു കൊടുത്തിരിക്കുന്ന ഉദ്ധരണിയിൽ സഭ എന്നേക്കും നിലനിൽക്കട്ടെ എന്നുള്ള ആശംസ ഒഴികെയുള്ള ഭാഗങ്ങളിൽ നിന്നു കാണുന്നതു മലങ്കരയിൽ ഒരു കാതോലിക്കായെ വാഴിച്ചു എന്നതിൽ നിന്നു വ്യത്യസ്ഥമായി, ഒരു കാതോലിക്കാസ്ഥാപനം തന്നെ മലങ്കരയിൽ ഏർപ്പെടുത്തുന്നതിനു അബ്ദൽമിശിഹാ ഉദ്ദേശിച്ചു എന്നുള്ളതാണ്. 1913-ൽ കാതോലിക്കായായി വാഴിക്കപ്പെട്ട മാർ ഈവാനിയോസിനു വ്യക്തിപരമായി ഒരു ബഹുമതി നൽകി എന്നുമാത്രമെയുള്ളു എന്നു വാദിഭാഗത്തു നിന്നും തൎക്കിക്കുന്നു. ഏതാനും വർഷങ്ങൾക്കുശേഷം മാർ ദീവന്നാസ്യോസ് ഈ നില അംഗീകരിച്ചിരുന്നു (E. A. അക്കം 1410-ാം പുറം) മാർ ഈവാനിയോസ് അൽപ്പം ചില മാസങ്ങൾക്കുള്ളിൽ കാലം ചെയ്തെങ്കിലും തുടൎന്നു പന്ത്രണ്ടുകൊല്ലത്തേക്കു പകരം ആൾ നിയമിതനായിരുന്നില്ല. ഒരു കാതോലിക്കാസ്ഥാപനം പുനഃസ്ഥാപിക്കപ്പെട്ടു എന്നുള്ള വാദം പിൽക്കാലത്തു സൗകൎയ്യപ്രദമായി തോന്നി; പിൻതുടൎച്ചയെപ്പററി ആ രേഖയിലടങ്ങിയിരിക്കുന്ന വ്യവസ്ഥ ആ വാദത്തിനു സ

ഹായകമായിത്തീർന്നു. ഇതിനുംപുറമെ, ഇന്ന്യമനം അനേകം അപേക്ഷകളുടെ ഫലമായുണ്ടായതാണു്. മുമ്പു് ഒരുകാലത്തു് അബ്ദുൽമിശിഹാതന്നെ ഇതുസംബന്ധമായി വ്യത്യസ്ഥമായ ഒരു നിലസ്വീകരിച്ചിരുന്നെങ്കിലും (C. E. 246 A. അക്കങ്ങൾ) താഴെവരുന്ന രേഖകളിൽ പലതിനേയും സംബന്ധിച്ചു സംശയത്തിനു അവകാശമുണ്ടെങ്കിലും, ഒരു കാതോലിക്കാസ്ഥാപനത്തിൽ അന്തർലീനമായിരിക്കുന്ന സകല അധികാരാവകാശങ്ങളോടും കൂടിയുള്ള ഒരു സ്ഥാപനത്തിനുവേണ്ടി പലരും ശ്രമിച്ചു വന്നിരുന്നതായി (40, 71, 72, 73, 77, 170 അക്കങ്ങൾ) കാണുന്നുണ്ടു". മുൻ പറഞ്ഞ ഉദ്ധരണിയിൽ "സ്ഥാനി" എന്ന പദത്തിനു മുമ്പു് "ഇപ്പോഴത്തെ" എന്ന പദപ്രയോഗത്തെ പ്രതികക്ഷി ആക്ഷേപിക്കുന്നു. ഒരു പിൻഗാമിയെ വാഴിക്കുന്നതിനുള്ള അധികാരത്തിൽ പിൻഗാമികളെ പരമ്പരയായി വാഴിക്കുന്നതിനുള്ള അധികാരമാണു അന്തർഭവിച്ചിരിക്കുന്നതെന്നു വ്യാഖ്യാനിക്കണമെന്നു വന്നാൽ, അങ്ങനെ ഒരു അവകാശം അനുവദിച്ചുകൊടുക്കുന്നതിനു പാത്രിയക്കീസിനു അധികാരമുണ്ടായിരുന്നൊ എന്നുള്ള പ്രശ്നം രീതിമാനവിഷയമാക്കേണ്ടതാണു്.

ബാർ എബ്രായ (264 D. അക്കം 5_ാം പുറം) സമർത്ഥിക്കുന്നതനുസരിച്ചു ഒരു പാത്രിയക്കീസിനെ കൂടാതെ ഒരു മപ്രിയാൻ വാഴിക്കപ്പെടാമൊ എന്നുള്ളതക്കം പ്രാചീന സഭയിൽ ഉണ്ടയി, അങ്ങനെ പാടില്ലെന്നു ഒരു വ്യവസ്ഥ ഏർപ്പെടുത്തപ്പെട്ടു. ആ വ്യവസ്ഥ രണ്ടു രൂപത്തിൽ വാദികക്ഷി ആശ്രയിക്കുന്ന കാനോനിൽ കാണുന്നു (B. P. അക്കം 7_ാം കപ്പാലയോൻ ഒന്നാം പാസ്സേക്കി യോഹന്നാൻ പാത്രിയക്കീസു് 4_ാം നിശ്ചയം; നിക്യായിലെ 3) ഇതു ഒരു രൂപത്തിലും പ്രതികക്ഷി ആശ്രയിക്കുന്ന കാനോനിൽ ഇല്ല. (26 അക്കം; 41 T. L. R. 40, 46) ഈ കാരണത്താൽ പ്രതികക്ഷി അംഗീകരിച്ചിരിക്കുന്ന കാനോനാണു് അബ്ദുൽമിശിഹാ സ്വീകരിച്ചിരുന്നതു എന്നു സൂചിപ്പിക്കാവുന്നതാണു്. പ്രസ്തുത രേഖയിൽ കാണുന്ന പാത്രിയക്കീസിന്റെ സമ്മതം അന്ത്യോക്യാ സിംഹാസനവുമായുള്ള ബന്ധത്തെ ദൃഢീകരിക്കുന്നതിനാണെന്നുള്ളതുകൊണ്ടു, പാത്രിയക്കീസിന്റെ സമ്മതത്തെ കുറിക്കുന്ന പ്രസ്താവനയുടെ അഭാവത്തിൽ നിന്നു ഈ അനുമാനം വ്യാകുലമല്ല. ഈ സ്ഥാനാരോഹണത്തെ ആക്ഷേപം തടയാവുന്നതല്ലെന്നുള്ള പ്രസ്താവന "അന്യായമായി അധികാരം കൈവശപ്പെടുത്തിയിരുന്ന" അബ്ദുള്ളായെ ഉദ്ദേശിച്ചു ചെയ്തതാണു". മുൻ ഉദ്ധരണി മുൻനടപടി അനുസരിച്ചു സകലവും ചെയ്യണമെന്നുള്ള ഉപദേശത്തോടുകൂടിയാണു് ഉപസംഹരിക്കുന്നതു്. അടുത്തു മുമ്പു സ്വീകരിച്ച നടപടി പാത്രിയക്കീസു് ഉൾപ്പെടെയുള്ളവർ ചേർന്നു ഒരു കാതോലിക്കാവാഴ്ച നടത്തുക എന്നതുമായിരുന്നു (പ്ര. ഭാ. 28_ാം സാ. 2. 3 പുറങ്ങൾ)

വാദിഭാഗക്കാർ ആശ്രയിക്കുന്ന കാനോനിൽ "മപ്രിയാൻ ജീവിച്ചിരിക്കുമ്പോൾ അദ്ദേഹത്തിന്റെ സമ്മതംകൂടാതെ പാത്രിയ

ക്കീസു വാഴിക്കപ്പെടരുതു"" എന്നുള്ള വ്യവസ്ഥയുണ്ടു". അതുപോ
ലെതന്നെ അന്ത്യോഖ്യാ പാത്രിയക്കീസിന്റെ ഇഷ്ടത്തിനു വിപരീ
തമായൊ, അദ്ദേഹത്തോടു മറുതലിച്ചൊ എപ്പിസ്കോപ്പന്മാരെയൊ
മെത്രാപ്പോലീത്തായെയൊ മപ്രിയാനെയൊ തങ്ങൾക്കു തന്നെ
വാഴിക്കുന്നതിനു കീഴക്കു അവകാശമില്ലായെന്നും, ഒരു മപ്രിയാ
ൻ പാത്രിയക്കീസിനാൽ വാഴിക്കപ്പെടുന്നു എന്നും (B. P. 41
T. L. R. 41, 46) വ്യവസ്ഥകൾ ഉണ്ടു". വാഴിക്കുക എന്ന പദത്തി
ന്റെ വ്യാഖ്യാനത്തെപ്പറ്റി സംശയത്തിനു വകയുണ്ടെങ്കിലും, ഒരു
മപ്രിയാന്റെ തെരഞ്ഞെടുപ്പു, വാഴ്ച്ച ഇവസംബന്ധിച്ചുള്ള നടപ
ടികളിൽ ഏതെങ്കിലും ഒരു അവസരത്തിൽ പാത്രിയക്കീസിന്റെ
സമ്മതം ആവശ്യമാണെന്ന ഈ കാനോനിൽ വ്യവസ്ഥപ്പെടുത്തി
യിരിക്കുന്നു എന്നതു സംശയരഹിതമാണു". വാദിഭാഗക്കാർ ആശ്ര
യിക്കുന്നകാനോനാണു" അംഗീകൃതമെന്നുള്ള മുൻ തീരുമാനം അനു
സരിച്ചു നോക്കുന്നതായാൽ അബ്ദൽമിശിഹായുടെ കൽപ്പനയാൽ
(80 അക്കം) നൽകപ്പെട്ടിരിക്കുന്ന പിൻവാഴ്ച്ചയധികാരം അന്ത്യോ
ഖ്യാ പാത്രിയക്കീസിന്റെ സമ്മതത്തിനു വിധേയമാണെന്നു വ്യക്ത
മാകുന്നു. പാത്രിയക്കീസിന്റെ സഹകരണം അത്യന്താപേക്ഷിതമാ
ണെന്നു മാർ ദീവന്നാസ്യോസും" ഒരു കാലത്തു സമ്മതിക്കു
ന്നതിനു തയ്യാറായിരുന്നു. [E A. അക്കം 1111-ാം പുറം]
കാതോലിക്കാസ്ഥാനത്തേക്കുള്ള തന്റെ വാഴ്ച്ചയ്ക്കു അന്നത്തെ
പാത്രിയക്കീസിന്റെ സമ്മതം ചോദിച്ചിരുന്നില്ലെന്നും (പ്ര. ഭാ.
28-ാം സം 184-ാംപുറം D K അക്കം 55) പിന്നീടു സ്ഥാനാരോ
ഹണം ചെയ്ത പാത്രിയക്കീസു അതിൽ വിസമ്മതിച്ചു എന്നും (7
അക്കം) മാർ ബസ്സേലിയോസു പ്രസ്താവിക്കുന്നുണ്ടു". പാത്രിയക്കീ
സിൽ നിന്നും ലഭിച്ച ഒരു സ്ഥാനത്തിക്കോൻ മാർ ബസ്സേലിയോസു
ഹാജരാക്കാത്തതു സ്വാഭാവികമാണു". ആ സ്ഥിതിക്കു ഇതിൽ നി
ന്നു അപ്രേം പാത്രിയക്കീസിനെ വാഴിച്ചുകാലത്തു സമ്മതം നല്കേ
ണ്ട ഒരു ന്യായമായ മപ്രിയാൻ ഉണ്ടായിരുന്നില്ലെന്നുസിദ്ധിക്കുന്നു;

1913-ൽ ഒരു കാതോലിക്കാ നിയമനം ഉണ്ടായി എന്ന കാ
രണത്താൽ, ആ സ്ഥാപനത്തോടു അനുകൂലിച്ചുനിന്നവർ, പുരാ
തനസഭയിൽനിന്നു പിരിഞ്ഞുപോയതായി ഗണിക്കേണ്ടതില്ലെന്നു
ഈ കോടതിയിലെ ഒരു ഫുൾബെഞ്ചു" 45 T L R 185, 192-ാം
206-208 വരെയും, 251-ാം പുറങ്ങളിൽ തീരുമാനിച്ചിട്ടുണ്ടു" എന്നു
വാദിക്കുന്നുണ്ടു". ആ വിധിമൂലം റെസ്പ്രൂഡിക്കറാദോഷം ഉണ്ടാ
വുന്നുണ്ടു". അങ്ങിനെ ഒരു ഡിവിഷൻ ബഞ്ചുതീരുമാനവും ഉ
ണ്ടായിട്ടുണ്ടു". (54 അക്കം) എന്നാൽ ആ തീരുമാനത്തിന്റെ വ്യാ
പ്തി പരിമിതമാണു". അബ്ദൽ മിശിഹായെ തങ്ങളുടെ വൈദിക
മേലദ്ധ്യക്ഷനായി സ്വീകരിച്ചതുമൂലം ട്രസ്റ്റികളായിരിക്കാൻ
ഏതാനും പ്രതികൾ അയോഗ്യരായിത്തീർന്നു എന്നുള്ള വാദത്തെ
അടിസ്ഥാനപ്പെടുത്തി 1913-ലെ വ്യവഹാരത്തിൽ 27-ാം പോയ
ന്റ് ഏർപ്പെടുത്തിയതിന്മേലാണു" അങ്ങനെ വിധിയുണ്ടായതു".

(255 അക്കം 8=ാം പാരാ 41 T L R 15_ം 212=ം പുറങ്ങൾ) കാതോലിക്കാനിയമനം പ്രത്യക്ഷത്തിൽ തർക്ക വിഷയമായിരുന്നില്ല. രണ്ട പാത്രിയക്കീസന്മാരിൽ ഒരാളിനേയുള്ള അവലംബനം സഭയുമായുള്ള ഭിന്നതയാകുന്നില്ലെന്നുള്ള അഭിപ്രായത്തിന്മേലാണ് ആ തീരുമാനം അടിസ്ഥാനപ്പെട്ടിരിക്കുന്നത്. ആ തീരുമാനത്തിന്റെ വ്യാപ്തിയിൽ ഒരു കാതോലിക്കായുടെ വാഴ്ചയേയൊ ഒരു കാതോലിക്കാസ്ഥാപനത്തെ തന്നെയൊ ഉൾപ്പെടുത്തിയാൽപോലും അത് 1913_ലൊ അതിനുമുമ്പൊ ഉണ്ടായ സംഭവങ്ങളെ പുരസ്കരിച്ചുള്ള ഒരു തീരുമാനമായിരുന്നു. അനന്തരസംഭവങ്ങളെ സംബന്ധിച്ച് ആയതുമൂലം റെസ് ജൂഡീക്കറ്റാ ദോഷത്തിനു് ഇടവരുത്തുന്നതല്ല. എന്നിരുന്നാലും കാതോലിക്കാസ്ഥാനം എന്നത യാക്കോബായസഭയുമായി ധാതുതവ പരിത്യമുള്ളതല്ല എന്നും രേഖപ്പെടുത്തപ്പെട്ട ഭരണഘടനയിൽ ഒരു കാതോലിക്കാസ്ഥാപനത്തിനു് ഇടം കല്പിക്കുന്നതുമൂലം മാത്രം പുരാതനസഭയിൽ നിന്നു വേർപിരിഞ്ഞതായി വിചാരിക്കാവുന്നതല്ല എന്നും സ്പഷ്ടമാണ്.

ഏതായാലും ഒരു കാതോലിക്കായെ തെരഞ്ഞെടുക്കുന്നതിനു് അത്മായക്കാർ കൂടി ഉൾപ്പെട്ട പ്രാദേശിക അസ്സോസ്യേഷനു് അധികാരം നല്കുന്ന ഒരു വ്യവസ്ഥ ഭരണഘടനയിൽ ഉണ്ടു്. (68_ംഖണ്ഡിക) ഈ വ്യവസ്ഥ മലങ്കരമെത്രാപ്പോലീത്തായെ തെരഞ്ഞെടുക്കുന്നതിനുള്ള അധികാരത്തോടു് അനരൂപപ്പെടുത്തി നീതീകരിക്കാമെങ്കിലും, അതിൽ കവിഞ്ഞു് ഇവിടത്തെ പ്രാദേശികസുന്നഹദോസിനാൽ കാതോലിക്കോസു വാഴിക്കപ്പെടണമെന്നും, എന്നാൽ അക്കാലത്തു മലങ്കരസഭ സ്വീകരിക്കുന്ന ഒരു പാത്രിയക്കീസുണ്ടായിരുന്നാൽകാതോലിക്കോസ്സിനെവാഴിക്കുന്നതിനുഅദ്ദേഹത്തെ ക്ഷണിക്കണമെന്നും കൂടി വ്യവസ്ഥയുണ്ടു്. (609—ാംഖണ്ഡിക). വാദിഭാഗക്കാർ ആശ്രയിക്കുന്ന കാനോൻ അംഗീകൃതമെന്നതിനാൽ, തെരഞ്ഞെടുക്കപ്പെട്ട കാതോലിക്കായ്ക്കു പാത്രിയക്കീസ്സിന്റെ സമ്മതം ലഭിച്ചിരിക്കേണ്ടതും ഭരണം നടത്തുന്ന പാത്രിയക്കീസ്സിനെ അവഗണിച്ചുള്ള ഒരു സ്ഥാനാഭിഷേകം അനുവദിക്കുന്ന ഭരണഘടനയിലെ വ്യവസ്ഥ കീഴ്നടപ്പിൽ നിന്നുള്ള സ്പഷ്ടമായ ഒരു വ്യതിയാനവുമാണ്.

IV മലങ്കരമെത്രാപ്പോലീത്താ സ്ഥാനം

കാതോലിക്കോസു് മലങ്കര മെത്രാൻ കൂടെ ആയിരിക്കണമെന്നു ഭരണഘടന സമർത്ഥിക്കുന്നു. (89-ാം ഖണ്ഡിക) കൊച്ചി മദ്ധ്യസ്ഥ കോടതി തീരുമാന കാലത്തുണ്ടായിരുന്ന മലങ്കരയിലെ ഏക യാക്കോബായ മെത്രാന്റെ പിൻഗാമിയായി മലങ്കരമെത്രാപ്പോലീത്താ ഗണിക്കപ്പെടുകയും അദ്ദേഹം ഔദ്യോഗിക നിലയിൽ ഒരു ട്രസ്റ്റിയാണെന്നു വരുകയും ചെയ്യുന്നു. അതിനാൽ കാതോലിക്കോസ്സിനെ ട്രസ്റ്റിയാക്കുന്നതായി ഉദ്ദേശിക്കപ്പെടു

കയും, അങ്ങനെ ആണെന്നു പ്രഖ്യാപനം ചെയ്യുകയും അതു ഈ നിയമം മൂലം സാധിക്കുന്നതു്. കാനോൻ ഒരു മലങ്കര മെത്രാപ്പോലീത്തായെ വിഭാവനം ചെയ്യുന്നില്ലാത്തതിനാൽ (എന്നാൽ 41 T. L. R. 36 നോക്കുക) ഈ വ്യവസ്ഥ കാനോൻ വ്യവസ്ഥയ്ക്കു വിപരീതമല്ലെന്നുള്ള കീഴ്ക്കോടതിയുടെ തീരുമാനം (ജ. 100-ാം പാരാ) അക്ഷരപ്രകാരം ശരിയാണു്. മലങ്കരമെത്രാപ്പോലീത്താസ്ഥാനവും കാതോലിക്കാസ്ഥാപനവും ഇതിനു് മുമ്പു ഒരാളിൽ ലയിപ്പിച്ചിരുന്നില്ല എന്നുള്ള അർത്ഥത്തിൽ ഭരണഘടനയിലെ ഈ വ്യവസ്ഥ ഒരു പുതുമയാണു്. എന്നാൽ അതു സംഘടിതമായ ഏതെങ്കിലും ഒരു നിയമത്തിനു് വിരുദ്ധമാണെന്നു തെളിയിച്ചിട്ടില്ല.

മലങ്കര മെത്രാൻ പാത്രിയക്കീസിനാലോ അദ്ദേഹത്തിന്റെ പ്രതിപുരുഷനാലോ വാഴിക്കപ്പെടേണ്ടതാണെന്നുള്ളതു് തർക്കരഹിതമായിരുന്നു. (D Y. അക്കം 147.) മലങ്കര മെത്രാൻ സ്ഥാനത്തേക്കുള്ള തെരഞ്ഞെടുപ്പിനു് പാത്രിയക്കീസിന്റെ അംഗീകരണം ആവശ്യമെന്നുള്ളതായിരുന്ന കീഴ്നടപ്പു്. പത്രോസു് തൃതീയൻ മലങ്കരയിൽ എത്തി ആറു മെത്രാസന ഇടവകകളെ കൂടുതലായി സൃഷ്ടിക്കയും ഓരോ ഇടവകയ്ക്കും ഓരോ മെത്രാപ്പോലീത്തായെ നിയമിക്കയും മലങ്കര മെത്രാപ്പോലീത്താ സ്ഥാനം സ്ഥാപിക്കയും, ആദ്യമലങ്കരമെത്രാനായി മാർ ജോസഫു് ദീവന്നാസ്യോസിനെ നിയമിക്കയും ചെയ്തതായ 1877 വരെ മലങ്കരയുള്ള ഈ സഭയിൽ ഒരു മെത്രാപ്പോലീത്താ മാത്രമെ ഉണ്ടായിരുന്നുള്ളു. (172, E. A. 1088-ാം പു.; E. C. 129, 241 ഈ പുറങ്ങൾ, പ്ര. ഭാ. 28-ാം സാ. 4, 17, 18, 104, 107-109 വരെ വശങ്ങൾ) അദ്ദേഹത്തിന്റെ പിൻഗാമി മുൻപറഞ്ഞ മാർ ദീവന്നാസ്യോസായിരുന്നു. അദ്ദേഹത്തിന്റെ തെരഞ്ഞെടുപ്പു് അബ്ദള്ളാ അംഗീകരിച്ചിരുന്നു. (BY. EA. 1160; 1172-1194; EB 359: EC 129-131: പ്ര. ഭാ. സാ. 28, 80, 81 പുറങ്ങൾ). അബ്ദള്ളായുമായി പിന്നീടുണ്ടായ ശണ്ഠനിമിത്തം അന്യോന്യം മത്സരിക്കുന്ന മലങ്കര മെത്രാപ്പോലീത്തന്മാർ ഉണ്ടായി. മാർ ക്ലൂറിലോസിനെ 1911-ൽ അബ്ദള്ളാ നിയമിച്ചു (D A അക്കം.) അദ്ദേഹത്തിന്റെ കാലശേഷം 1918-ൽ ഒന്നാംവാദി ആ സ്ഥാനത്തെ പ്രാപിച്ചു. 1913 ലെ വ്യവഹാരത്തിൽ, മലങ്കരമെത്രാപ്പോലീത്തായുടെ നിയമനത്തിൽ പാത്രിയർക്കീസിന്റെ സഹകരണം ആവശ്യമാണെന്നു മാർ ദീവന്നാസ്യോസു് മൊഴികൊടുത്തിരുന്നു.

(EA, 1112, 1222, 1409 പുറങ്ങൾ) എതിർഭാഗക്കാർ ഇതിനെ സമ്മതിച്ചു. അങ്ങനെ പാത്രിയർക്കീസിന്റെ അംഗീകരണം സിദ്ധിച്ചതായി തെളിയിക്കപ്പെടാഞ്ഞതിനാൽ ആ കേസ്സിലെവാദിയുടെ അവകാശത്തിനു നൃനതയുണ്ടെന്നു വിധിക്കപ്പെടുകയുംചെയ്തു (41 T. L. R. 7,213: ഇപ്പോഴത്തെ ഒന്നാംവാദി ആ കേസ്സിൽ 42-ാം പ്രതിയായിരുന്നു). പുനരിനശേഷം മാർ ദീവന്നാസ്യോ

സ്സിന്റെ മലങ്കരമെത്രാപ്പോലീത്താസ്ഥാനം യഥാസ്ഥാനപ്പെടുക യും (45 T. L. R. 192; 251) അദ്ദേഹം കാലംചെയ്ത 1934 വരെ അദ്ദേഹം ആ സ്ഥാനം അലങ്കരിക്കയുംചെയ്തു. അങ്ങിനെ തർക്ക വിധേയമായ കാതോലിക്കാസ്ഥാനം പ്രാപിച്ച മൂന്നുപേരുടെകാല ത്തും അദ്ദേഹം മലങ്കരമെത്രാപ്പോലീത്തായായി തുടർന്നു. ഇങ്ങ നെ അതതുകാലത്തു ഭരിച്ചിരുന്ന പാത്രിയർക്കീസ്സിന്റെ സമ്മത ത്തോടുകൂടി, വിവാദം ആവിർഭവിക്കുന്നതിനു മുമ്പു ഈ സ്ഥാന ത്തേക്കു ഉയർത്തപ്പെടുകയൊ, അദ്ദേഹത്തിന്റെ അംഗീകരണത്തോ ടുകൂടി സ്ഥാനം അലങ്കരിക്കുകയൊ ചെയ്ത മൂന്നു മലങ്കരമെത്രാ പ്പോലീത്താമാരിൽ ഒരാളായിരുന്ന അദ്ദേഹം. അദ്ദേഹംകാലംചെ യ്തശേഷം ഒന്നാംവാദിയും, ഒന്നാംപ്രതിയും അവരവരുടെ പക്ഷ ക്കാരാൽ ഈ സ്ഥാനത്തേക്കു തിരഞ്ഞെടുക്കപ്പെട്ടു. ഇതേപ്പറ്റി പി ന്നാലെ വ്യവഹരിക്കുന്നതാണു്.

മലങ്കരമെത്രാപ്പോലീത്താസ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പിനു പാത്രിയർക്കീസിന്റെ സമ്മതം ഉണ്ടായിരിക്കണമെന്നു് ഒരു വ്യവ സ്ഥ ഭരണഘടനയിൽ ഇല്ല. ഇതു് മുൻനടപടിയിൽനിന്നുള്ള ഒരു വ്യത്യാസമാണു്.

മലങ്കരമെത്രാപ്പോലീത്താസ്ഥാനത്തേക്കുള്ള തിരഞ്ഞെടുപ്പിനു മുമ്പു ഒരു മെത്രാനായിരിക്കുന്ന ഒരാളെ സംബന്ധിച്ചിടത്തോളം ഒരു പട്ടംകൊടുത്തുയർത്തുന്നതിനു സ്ഥാനമില്ല. പാത്രിയർക്കീസും കാതോലിക്കോസും തമ്മിൽ, മലങ്കരമെത്രാപ്പോലീത്തായെ വാഴിക്കുന്നതു സംബ ന്ധിച്ചുള്ള അധികാരമാത്സര്യത്തെപ്പറ്റി കീഴ്ക്കോടതി ചെയ്തിട്ടു ള്ള തീരുമാനങ്ങൾ ചർച്ച വിഷയമാകേണ്ടതില്ല. (ജ. 35, 55, 99 പാരാകൾ) അതുപോലെതന്നെ മലങ്കരമെത്രാപ്പോലീത്തായെ സ്ഥാനത്തേക്കു നിയമിച്ചുള്ള പാത്രിയർക്കീസിന്റെ നിയമനകല്പ ന (സ്ഥാത്തിക്കോൻ) ആവശ്യമുണ്ടൊ ഇല്ലയൊ എന്നുള്ള സംഗതി യും ആലോചനാവിഷയമാകേണ്ടകാര്യമില്ല. (ജ. 158-ാം ഖണ്ഡിക) മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തേക്കുള്ള ഒന്നാംപ്രതിയുടെ അവകാശവാദം പാത്രിയർക്കീസിന്റെ അധികാരത്തെ മറു ത്തുള്ളതല്ലെന്നുള്ള കീഴ്ക്കോടതിയുടെ അഭിപ്രായം (ജ. 132-ാം പാരാ) തുടർന്നു ആലോചിക്കപ്പെടുന്ന ഒരു വിപുലമായ വിഷയ ത്തിൽ അന്തർഭവിച്ചിരിക്കുന്നതുതാണു്:

(V) പട്ടം കൊടുക്കുന്നതിനുള്ള അധികാരം.

മലങ്കര മെത്രാപ്പോലീത്തായ്ക്കുള്ള പട്ടം കൊടുസംബന്ധിച്ചു ള്ള പ്രശ്നങ്ങൾ പൊതുവായി ഉദിക്കുന്നില്ലെന്നു മുകളിൽപ്രസ്താവി ച്ചിട്ടുണ്ടല്ലോ. എന്നാൽ ഒന്നാം വാദിയും ഒന്നാംപ്രതിയും മെത്രാ പ്പോലീത്താസ്ഥാനത്തേക്കു ന്യായമായി വാഴിക്കപ്പെട്ടവരാണോ എന്നതിനെ ആസ്പദമാക്കി പോയൻറകൾ ഏർപ്പെടുത്തിയിട്ടുണ്ടു". (1-ാം 5-ാം പോയൻറകൾ) അതിനെ സംബന്ധിച്ചു മറെറാരു സന്ദർ ഭത്തിൽ വിചിന്തനം ചെയ്യുന്നതാണു". ചില പോയൻറകളുടെ

ഏതാനും ഭാഗങ്ങൾ (11, 15, 20 പോയൻറുകൾ) മലങ്കരയും മെ
ത്രാപ്പോലീത്തന്മാരെ വാഴിക്കുന്നതു സംബന്ധിച്ചുള്ളവയാണു്.
പല രേഖകളിലും മെത്രാൻ, മെത്രാപ്പോലീത്താ, എന്ന പദങ്ങൾ
തുല്യാർത്ഥപദങ്ങളായി ഉപയോഗിച്ചിട്ടുണ്ടെങ്കിലും ഇവ രണ്ടു
സ്ഥാനികളെ കുറിക്കുന്നു എന്നാണു് കാണുന്നതു്. (Parry 318)

1665. 1669, 1685, 1687, 1751 ഈ വർഷങ്ങളിൽ പാ
ത്രിയർക്കീസിൻെറ പ്രതിനിധി മലങ്കരയിൽ മെത്രാപ്പോലീത്തന്മാ
രെ വാഴിച്ചിട്ടുണ്ടു് (D Y. അക്കം രണ്ടാംഭാഗം 37_41 വരെങ്ങൾ)
പാത്രിയക്കീസു നേരിട്ടു അങ്ങനെ പട്ടംകൊടുത്തിട്ടുണ്ടു്, അന്ത്യാ
ഖ്യാ പാത്രിയക്കീസിൻെറ മേലധികാരത്തിൽ, നേരിട്ടോ, പ്രതിപു
രുഷന്മാർ മൂലമോ ഇങ്ങനെ മെത്രാന്മാരെ വാഴിക്കുന്നതിനുള്ള അ
ധികാരം ഉൾപ്പെട്ടിരിക്കുന്നതായി രാജകീയ കോടതി വിധികളി
ൽ സ്ഥാപിച്ചിട്ടുള്ളതാണു്. ഈ കേസ്സിലും ആ വിധികളോടു അ
നുരൂപമായ തീരുമാനങ്ങൾകീഴ്ക്കോടതി രേഖപ്പെടുത്തിയിട്ടുണ്ടു്.
(ജ. 35, 36 ഖണ്ഡികകൾ)

പ്രാദേശിക സുന്നഹദോസിൻെറ സഹകരണത്തോടുകൂടി മലങ്ക
രയിൽ മെത്രാന്മാരെ കാതോലിക്കോസു വാഴിക്കണമെന്നും, അവർക്കു
സ്ഥാനത്തിക്കോൻ നൽകണമെന്നും ഭരണഘടനയിൽ വ്യവസ്ഥപ്പെടു
ത്തിയിട്ടുണ്ടു്. (A. M, അക്കം 107_108 വകുപ്പുകൾ) കാതോലി
ക്കോസു തന്നെ നിയമാനുസൃതം നിയമിതനാകുന്നില്ലെങ്കിൽ ഈ വ്യ
വസ്ഥകൾ പാത്രിയക്കീസിൻെറ അധികാരങ്ങളെ അതിലംഘിക്കു
ന്നവയായിരിക്കും: എന്നാൽ കാതോലിക്കോസുതന്നെ നിയമപ്രകാ
രം വാഴിക്കപ്പെട്ടിരുന്നാൽ അങ്ങനെ വരുന്നതല്ല. കാരണം, ഒരു
സുന്നഹദോസു കൂടാതെതന്നെ മെത്രാപ്പോലീത്തന്മാരെ വാഴിക്കു
ന്നതിനു ഒരു കാതോലിക്കോസിനു അധികാരമുണ്ടായിരിക്കുന്നതാ
ണെന്നു ഇരുഭാഗക്കാരുടെയും കാനോനിലും വ്യവസ്ഥ ഉണ്ടു്. എ
ന്നാൽ വാദിഭാഗക്കാരുടെ കാനോനിൽ കാതോലിക്കോസു പാത്രി
യക്കീസിൻെറ അധികാരത്തെ ധിക്കരിക്കരുതെന്നും കൂടെ വ്യവ
സ്ഥയുണ്ടു്. (41 T L R 36, 37). കാനോൻ അനുസരിച്ചു മെത്രാ
പ്പോലീത്തന്മാരുടെ സഹകരണത്തോടുകൂടി പട്ടംകൊടുക്കുന്നതിനു
ള്ള അധികാരം കാതോലിക്കോസിനു അബ്ദൽമിശിഹായുടെ കല്പ
ന (80 അക്കം) മൂലം നല്കപ്പെട്ടിട്ടുണ്ടെന്നുള്ളതു് ഇവിടെ അനുസ്മ
രിക്കേണ്ടതാണു്.

(Vi) ഇടവക വിഭജനം

മലങ്കരയിൽ മെത്രാപ്പോലീത്തന്മാർക്കു ഇടവകകൾ നല്കുന്നതി
നുള്ള അധികാരം പാത്രിയക്കീസിൽ നിക്ഷിപ്തമാണെന്നു 41 T
L R 188, 189 ഈ വരങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ടു്. എ
ന്നാൽ ഭരണം ലഭിക്കുന്നതിനു അതതു ഇടവകകളുടെ സമ്മതം ആ
വശ്യമാണെന്നു മാത്രമെയുള്ളു. 1911-ൽ ഈ അധികാരം പാത്രി
യക്കീസു പ്രയോഗിച്ചിട്ടുണ്ടു്. (CO, DA അക്കങ്ങൾ). തർക്ക

ഉത്തരവിക്കുന്ന വിഷയത്തിൽ അംഗീകരിക്കേണ്ട നടപടിയെപ്പറ്റി തീരുമാനം ചെയ്തിട്ടില്ല. 41 T L R വിധിയിന്മേൽ പുനർ ഉത്തരവിക്കയാൽ ഈ സംഗതി മുഴുവൻ തീരുമാനപ്പെടാതെയാണിരിക്കുന്നതു്. ഈ കേസ്സിൽ ഏർപ്പെടുത്തപ്പെട്ട 11 (F) പോയിൻറിന്മേൽ, ആ കേസ്സിൽ ഈ കോടതി മറു രേഖ (ഇവിടെ DC അക്കം) തെറ്റായി വ്യാഖ്യാനിച്ചതായി അഭിപ്രായപ്പെട്ടുകൊണ്ടു വാദിഭാഗക്കാരുടെ വാദത്തെ കീഴ്ക്കോടതി നിഷേധിക്കുകയും മലങ്കരയിൽ മെത്രാപ്പോലീത്തന്മാരെ വാഴിക്കുന്നതിനു അധികാരമുണ്ടെന്നും, എന്നാൽ അങ്ങനെ വാഴിക്കപ്പെടുന്നവർ മലങ്കര സഭയാൽ തെരഞ്ഞെടുക്കപ്പെട്ടവരായിരിക്കണമെന്നും, എന്നാൽ പാത്രിയക്കീസിൽ നിന്നു ലഭിക്കുന്ന സ്ഥാനത്തിക്കോൻ തക്കനിണ്ണയത്തിനു മതിയായതല്ലെന്നും തീരുമാനിച്ചു. (ജ. 54-ാം പാരാ) മലങ്കരസുറിയാനി ക്രിസ്ത്യാനി അസ്സോസ്യേഷൻ മാനേജിംഗ് കമ്മിറ്റിയുടെ ഗ്രൂപാർശയിന്മേൽ പ്രാദേശിക സുന്നഹദോസു ഇടവകവിഭജനം നടത്തേണ്ടതാണെന്നു ഭരണഘടന സിദ്ധാന്തിക്കുന്നു. (AM അക്കം 63, 67 വകുപ്പുകൾ) സ്ഥാനത്തിക്കോൻ സംബന്ധിച്ചുള്ള വ്യവസ്ഥയിൽ ഇടവകകളെപ്പറ്റി മൗനം അവലംബിച്ചിരിക്കയാണു്. (AM 107-ാം വകുപ്പു) തെരഞ്ഞെടുപ്പു നടത്തുന്നതൊ സമ്മതം നല്കുന്നതൊ ആയ സംഘത്തെപ്പറ്റി ഒരു തീർപ്പിന്റെ അഭാവത്തിൽ ഈ വ്യവസ്ഥ മുൻനടപടിയിൽ നിന്നുള്ള വ്യതിചലനമാണെന്നു സമർത്ഥിക്കപ്പെടുന്നതല്ല.

(Vii) മൂറോൻ ക്രുദ്ധാശ

മൂറോൻ ശ്ലൂഹീകരിക്കുന്നതിനു തനിക്കു അധികാരമുണ്ടെന്നുള്ള മന്നാം പ്രതിയുടെ അവകാശവാദമൊ, അദ്ദേഹം മൂറോൻ ശ്ലൂഹീകരിക്കുന്നുണ്ടെന്നുള്ള വസ്തുതയൊ പാത്രിയക്കീസിന്റെ അധികാരത്തെ നിഷേധിക്കുന്നതൊ യാക്കോബായ സുറിയാനിസഭയുടെ വിശ്വാസതത്വങ്ങൾക്കു വിരുദ്ധമൊ എന്നുള്ളതാണ 14(111)ാം പോയിൻറു. ഈ സംഗതി പ്രതികൾക്കു അനുകൂലമായി കീഴ്കോടതി തീർച്ചചെയ്തു. (ജ. 132-ാം ഖണ്ഡിക) ഇതിനോടു സാമ്യമുള്ള ഒരു സംഗതി 11 (d) (c) പോയിൻറുകളിൽ ഉന്നയിച്ചെങ്കിലും ആയതിന്മേൽ സ്വതന്ത്രമായ തീരുമാനം കല്പിക്കപ്പെട്ടിട്ടില്ല. (ജ. 37-ാം പാരാ)

മാമ്മോദീസാ മുതലായ ആവശ്യങ്ങൾക്കു ഈ രാജ്യത്തെ പള്ളികളിൽ ഉപയോഗിക്കുന്നതിലേക്കു മൂറോൻ ശ്ലൂഹീകരിക്കപ്പെട്ട തൈലം) അയച്ചുകൊടുക്കുക എന്നതു് അന്ത്യോക്യാ പാത്രിയക്കീസിനു മലങ്കരസഭയിന്മേൽ ഉള്ള മേലധികാരത്തിൽ ഉൾപ്പെടുന്നതായി തിരുവിതാംകൂർ രാജകീയകോടതിവിധിയിൽ കല്പിക്കപ്പെട്ടിരിക്കുന്നു. (D Y അക്കം രണ്ടാംഭാഗം 147). ഇരുഭാഗക്കാരുടെയും കാനോൻ അനുസരിച്ചു പാത്രിയക്കീസിനും കാതോലിക്കോസിനും മൂറോൻ ക്രുദ്ധാശ ചെയ്യുന്നതിനു അവകാശമുണ്ടു് (41 T L R

35, 47). അങ്ങനെ ആയാൽ മാർ ബസ്സേലിയോസു കാതോലിക്കോസു ആണെങ്കിൽ, അദ്ദേഹത്തിനു മൂറോൻ കൂദാശ ചെയ്യുന്നതിനു അധികാരമുണ്ടെന്നുള്ള വാദം.-(ഇതു് ഭരണഘടനകൊണ്ടു വ്യക്തമല്ലെങ്കിലും ഈ കേസ്സിലെ പത്രികയിൽ പുറപ്പെടുവിച്ചിട്ടുള്ള ഒരു വാദമാണു്. പത്രിക (36 B. പോയിൻറ No. 45) യാക്കോബായ സഭാവിശ്വാസതത്വങ്ങൾക്കു വിരുദ്ധമായിട്ടുള്ളതല്ല. സ്ഥാനം അലങ്കരിക്കുന്ന വ്യക്തിയെപ്പററി ഗണിക്കാതെ, കാതോലിക്കോസിനു ഈ അധികാരമുണ്ടെന്നുള്ള വാദം സഭയുടെ വിശ്വാസതത്വങ്ങളിൽ നിന്നുള്ള ഒരു വ്യതിയാനമായി ഗണിക്കാവുന്നതല്ല.

സഭയെ ബന്ധിക്കുന്നതായി കാണുന്ന കാനോനി (BP അക്കം) ൽ മൂറോൻ കൂദാശ ചെയ്യുന്നതിനുള്ള അധികാരം മെത്രാപ്പോലീത്തന്മാരിൽകൂടെയും നിക്ഷിപ്തമാക്കുന്നുണ്ടു്. എന്നാൽ അതു പാത്രിയക്കീസിൻെറ അനുമതിയോടുകൂടി ആയിരിക്കണമെന്നു മാത്രമെ നിർബന്ധിക്കുന്നുള്ളു, ഭരണഘടനയനുസരിച്ചു കാതോലിക്കോസ്സ് മലങ്കര മെത്രാൻകൂടിയായിരിക്കുമെന്നു വ്യവസ്ഥപ്പെടുത്തുന്നുണ്ടെങ്കിലും, ആ നിലയിൽ മൂറോൻ കൂദശ ചെയ്യുന്നതിനു് അധികാരമുണ്ടെന്നു് ഈ കേസ്സിൽ വാദിക്കപ്പെടുന്നില്ല.

(viii) റിശ്ശീസ്സായ്ക്കുള്ള അവകാശം

റിശ്ശീസ്സാ എന്നതു സഭയിലെ അംഗങ്ങളിൽ നിന്നും വർഷംതോറും പിരിക്കുന്ന ഒരു സംഖ്യയാണു്. ഇതു പാത്രിയക്കീസ്സിനാണൊ കാതോലിക്കോസ്സിനാണൊ നല്കപ്പെടേണ്ടതെന്നുള്ളതിനെപ്പററി തർക്കമുണ്ടു്. 11 (L) പോയിൻറിന്മേൽ ഇതു് ഒരു മനപ്പൂർവ്വദാനമാണെന്നും, അതു പാത്രിയക്കീസ്സിനൊ, കാതോലിക്കോസ്സിനൊ മെത്രാപ്പോലീത്തന്മാർക്കൊ, മററു സ്ഥാനികൾക്കൊ നല്കപ്പെടാവുന്നതാണെന്നും കീഴ്ക്കോടതി തീരുമാനിച്ചു. (ജ. 79-ാംപാരാ) 14 (iv) ാം പോയിൻറിന്മേൽ ചെയ്ത തീരുമാനം, ഒന്നാം പ്രതി റിശ്ശീസ്സാ പിരിക്കുന്നു എന്നുള്ളതു പാത്രിയക്കീസ്സിനെ ധിക്കരിക്കുന്ന ഒരു നടപടിയല്ലെന്നാണു് (ജ 132-ാം പാരാ).

റിശീസ്സാ കൊടുക്കുന്ന ഒരു കീഴ്നടപ്പുണ്ടെന്നു തെളിയുന്നപക്ഷം അതു സാധാരണ നിയമമനുസരിച്ചൊ വൈദിക നിയമസംഹിതയനുസരിച്ചൊ ഈടാക്കത്തക്കതൊ അതൊ സൌമന്യദാനമൊ എന്നുള്ള പ്രശ്നം അസംഗതമാണു്. റിശീസ്സായ്ക്കുള്ള ശരിയായ കണക്കുകൾ സൂക്ഷിക്കപ്പെട്ടിട്ടില്ലെന്നുള്ള വസ്തുതയും അതുപോലെ അപ്രകൃതമാണു്. കഴിഞ്ഞ നൂററാണ്ടിൽ പാത്രിയക്കീസ് റിശീസ്സാ അവകാശപ്പെടുകയും സഭാംഗങ്ങൾ ഈ അവകാശത്തെ സമ്മതിക്കയും ചെയ്തിട്ടുണ്ടെന്നുള്ളതു സ്പഷ്ടമാണെങ്കിലും റിശീസ്സാ സംബന്ധിച്ചു കക്ഷികളെ ബന്ധിക്കുന്ന ഒരു തീരുമാനം ഉണ്ടായിട്ടുള്ളതായി കാണുന്നില്ല. (DY 2-ാംഭാഗം 77, 102, 129, CK, CY DF, DR, DT, EF, EC, 172: 45 TLR 176, 171) ഈ വസ്തുത

യ"ക്കു മാർ ഒിവന്നാസ്യോസുതന്നെ സത്യത്തിന്മേൽ മൊഴി കൊടു
ക്കുന്നുണ്ടു". (EA. 1442_ാംപുറം) ഈ ശതാബ്ദത്തിന്റെ ആരംഭ
ത്തിൽ പ്രതികൊം നടത്തിവന്ന മാസികയിൽ തന്നെ ഈ നടപടി
സമ്മതിച്ചിട്ടുണ്ടു" (ET അക്കം 3). അതുപോലെ വേറെ തെളിവു
കളും ഉണ്ടായിരുന്നു (ED അക്കം). എന്നാൽ 1911_ത് ഈ ഭാനം
മാർ ഒിവന്നാസ്യോസിന്റെ ഭാഗക്കാർ തല്ക്കാലത്തേക്കു നിത്തൽ
ചെയ്യുന്നതിനു തീരുമാനിച്ചു (86 അക്കം). രണ്ടു പാത്രിയക്കീസ
ന്മാരുടെ ആഗമനാനന്തരവും, ഭരണഘടന സ്വീകരിക്കുന്നതിനുമ
ന്നും ഇരുഭാഗക്കാരും ഇതിനു" അവകാശം പുറപ്പെടുവിച്ചു. (CQ,
CR, CW, DB, അക്കങ്ങൊം) മാർ ബസ്സേലിയോസു" പാത്രിയ
ക്കീസുമായി സമാധാന ആലോചന നടത്തിയപ്പോൊം ഈ പി
രിവിൽ ഒരംശം ഉപേക്ഷിക്കുന്നതിനു" അദ്ദേഹം സമ്മതിച്ചുകിലും
(CB2അക്കം) പാത്രിയക്കീസു" റിശീസ്സായ"ക്കുള്ള അവകാശം ആ
വത്തിച്ചു CB 4 അക്കം).

സകല റിശീസ്സായും പാത്രിയക്കീസിന്റെ അധീനതയിലാ
യിരിക്കണമെന്നും അദ്ദേഹത്തിനു കീഴുള്ളവർ ആണ്ടുതോറും അതു
പിരിച്ചു" അടയ്ക്കേണ്ടതാണെന്നും അംഗീകൃതമെന്നു കാണുന്ന കാ
നോനിലെ വ്യവസ്ഥ ഈ തക്കത്തിനു പൂർണ്ണവിരാമം ഇടുന്നതാണു"
(BP അക്കം 1_ാം കപ്പാലയോൻ 3_ാം പാസ്സാക്കാനികൃ). ഇ
തിനുംപുറമെ, പാത്രിയക്കീസു" തന്നാൽ പരിപാലിക്കപ്പെടേണ്ടവ
ക്കു" ഇതിനെ വിഭാഗിച്ചുകൊടുക്കണമെന്നും പാത്രിയക്കീസല്ലാതെ
ആരെങ്കിലും ഇതു കൈവശപ്പെടുത്തുന്നതായാൽ അവൻ നാലിര
ട്ടിയായി തിരിയെ കെട്ടേക്കുന്നതുവരെ സഭയിൽനിന്നും വേർതി
രിക്കപ്പെടണമെന്നും കൂടെ വ്യവസ്ഥചെയ്തിട്ടുണ്ടു". (Hudaya).

ഓരോ ഇടവകവികാരിയും, 21 വയസ്സു പൂർത്തിയായ ഓരോ
പുരുഷനിൽനിന്നും ആണ്ടുതോറും രണ്ടുചക്രംവീതം റിശീസ്സാ
പിരിച്ചു കാതോലിക്കോസ്സിന്റെ പേക്കു" അയച്ചുകൊടുക്കണമെന്നു
ഭരണഘടനയിൽ വ്യവസ്ഥയുണ്ടു" (AM അക്കം 115_ാംവകുപ്പു"). ഇതിനു വിപരീതമായുള്ള എല്ലാ നടപ്പിനേയും ഉടമ്പടികളേയും വേറൊരു വകുപ്പു" (125_ാംവകുപ്പു") മൂലം റദ്ദാക്കുകയും ചെയ്യുന്നു. പല ഇടവക ഉടമ്പടികളിലും പാത്രിയക്കീസിനു റിശീസ്സാ കൊടുക്കണമെന്നുള്ള വ്യവസ്ഥയുണ്ടു". (ഉദാഹരണമായി (DR, DT, EE, EG EH അക്കങ്ങൊം). പാത്രിയക്കീസിനു നല്കപ്പെടുന്നതിനു പുറമെ കാതോലിക്കോസിനും (റിശീസ്സാ) കൊടുക്കപ്പെടണമെന്നോ പാത്രിയക്കീസ്സിന്റെ ആൊപോരെന്ന നിലക്കു" കാതോലിക്കോസു ഈ സംഖ്യ പിരിക്കുന്നു എന്നോ ഉള്ളേശിക്കപ്പെട്ടതായി വിചാരിപ്പാനില്ല. എന്തെന്നാൽ റിശീസ്സാ ലഭിക്കുന്നതിനു പാത്രിയക്കീസിനുള്ള അവകാശത്തെ പത്രികയിൽ നിഷേധിച്ചിട്ടുണ്ടു" (പത്രിക 36 E പാരാ). കാതോലിക്കോസ്സിനു കൊടുത്തുവരുന്നു എന്നു സമ്മതവിസമ്മതങ്ങളുടെ കൂട്ടത്തിൽ രേഖപ്പെടുത്തി കാണുന്നു (No 45). കാതോലിക്കോസു" ഒരിക്കലും ഒരു സംഖ്യയും അ

ന്തോഷപ്രയിലേക്കു് അയച്ചിട്ടില്ലെന്നു സ്പഷ്ടമായ സാക്ഷിതെളിവുണ്ടു് (പ്ര. ഭാ. 26-ാം സാ. '72=ാംവശം).

ഈ സംഗതിയിൽ സഭയുടെ കാനോൻ ചട്ടങ്ങളിൽനിന്നും കീഴ്നടപടിയിൽനിന്നും പ്രസ്പഷ്ടമായ ഒരു വ്യതിചലനം കാണുന്നുണ്ടു്. അതിനുമുമ്പു് വരുത്തിക്കൂട്ടിയ ഒരു വ്യത്യാസത്തെ ഭരണഘടന സുസ്ഥിരമാക്കുക മാത്രമെ ചെയ്തുള്ളു എന്നതുകൊണ്ടു് അതിന്റെ സാദ്ധ്യതയെ ദുർബലപ്പെടുത്തുന്നില്ല.

കേസ്സിന്റെ ഈ ഭാഗത്തെ സംഗ്രഹിച്ചാൽ, പാത്രിയക്കീസ്സിന്റെ പരമാധികാരത്തെ കാതോലിക്കാകക്ഷി ശക്തിയായിവെക്കുകയും, ട്രസ്റ്റഡീഡുത്തുക്കൾ തങ്ങൾക്കു നഷ്ടപ്പെടാതെ കഴിയുമെങ്കിൽ അദ്ദേഹത്തിന്റെ അധികാരത്തോടു മറുതലിക്കുന്നതിനു് സന്നദ്ധമാകയും ചെയ്യുകയെന്നുള്ളതു് സ്പഷ്ടമായികാണാം. അവക്കു അനുവദനീയമായതിൽ കൂടുതൽപോയൊ ഇല്ലയൊ എന്നുള്ളതാണു് പ്രശ്നം. സഭയുടെ അംഗീകൃതമായ കാനോൻ ചട്ടങ്ങളുടേയും, സംഗതമായ കോടതിവിധികളുടേയും വെളിച്ചത്തിൽ ഭരണഘടനയെ വീക്ഷിക്കുന്നപക്ഷം താഴെവരുന്ന അനുമാനങ്ങൾക്കു് ഇടം ലഭിക്കുന്നു.

1) പ്രതിഭാഗക്കാർ, ഭരണം നടത്തുന്ന പാത്രിയക്കീസ്സിനെ അംഗീകരിക്കുന്നില്ല. വിശ്വാസമേർപ്പെട്ട സംഗതികളിലും (മറ്റു സംഗതികളുടെ കൂട്ടത്തിൽ) അദ്ദേഹത്തിന്റെ മേലധ്യക്ഷത പാരിമിതമാക്കുന്നതിനു പര്യാപ്തമായ നിബന്ധനകൾക്കധീനമായി അംഗീകരിക്കപ്പെടുന്നെങ്കിലല്ലാതെ അദ്ദേഹത്തെ അവർ അംഗീകരിക്കുന്നതുമല്ല.

2) സഭയുടെ അംഗീകൃത കാനോൻ അവർ നിഷേധിക്കുന്നു.

3) പാത്രിയക്കീസ്സിന്റെ അനുമതി കൂടാതെയുള്ള ഒരു കാതോലിക്കോസ്സിനെ സൃഷ്ടിക്കയും, അങ്ങിനെ കാതോലിക്കാസ്ഥാനത്തേക്കോ മലങ്കരമെത്രാപ്പോലീത്താസ്ഥാനത്തേക്കോ തിരഞ്ഞെടുക്കപ്പെടുന്ന ഒരാളിനെപ്പറ്റി വിസമ്മതിക്കുന്നതിനു് അദ്ദേഹത്തിനുള്ള അധികാരത്തെ ഉന്മൂലനം ചെയ്യുകയും, പട്ടത്വം നൽകുക, മൂറോൻക്കുഭാശ ചെയ്ക, ഈ സംഗതികളിൽ അദ്ദേഹത്തിനുള്ള അവകാശങ്ങളെ കുറയ്ക്കുകയും ചെയ്യുന്നു.

4) മലങ്കരനിന്നു് പാത്രിയക്കീസ്സിനുള്ള വരുമാനത്തെ കാതോലിക്കോസ്സിനു നൽകുന്നതിനെ സമ്മതിക്കുന്നു.

പുതിയ ഭരണഘടന സ്വീകരിക്കുന്നതിനു മുമ്പു നിലവിലിരുന്ന സഭയുടെ മൗലികതത്വങ്ങളിൽനിന്നുള്ള ഒരു വ്യതിചലനം ഈ നിലയിൽ അന്തർഭവിച്ചിട്ടുണ്ടൊ എന്നു ഇനിയും പര്യാലോചിക്കേണ്ടതു് ആവശ്യമാണു്. ഏതൊന്നു മൗലികതത്വമാണെന്നു പ്രസ്തുതസഭയുടെ The free church of Scotland V. Overtoun (L R. 1904, 515) എന്ന വിധിയിൽ തീരുമാനിച്ചിട്ടില്ല. മൗലീകമെന്നു ആ കോടതി തിരുമാനിച്ച വിശ്വാസങ്ങളേയും തത്വങ്ങളേയുംപറ്റി പര്യാലോചിച്ചുതെയുള്ളു. എന്നാൽ വിശ്വാസ സം

ബന്ധമായ സംഗതികൾ മാത്രമെ അടിസ്ഥാനപരമായിട്ടുള്ളു എന്നു അവിടെ തീരുമാനിച്ചില്ല. ട്രസ്റ്റ സ്ഥാപകന്മാർ മൗലീകമായി കരുതിയ വിശ്വാസതത്വങ്ങൾ ആണ് അടിസ്ഥാനതത്വങ്ങൾ എന്നു സ്ഥാപിച്ചതു്, (613, 617 656, 657, 674, 676; 682, 701, 702, 704 പുറങ്ങൾ) ഈ ട്രസ്റ്റ സ്ഥാപിച്ചവരുടെ അഭിപ്രായത്തിൽ അന്ത്യോഖ്യാപാത്രിയക്കീസ്സിന്റെ ആത്മീകപരമാധികാരം മൗലീകമായിരുന്നു എന്നുള്ളതിനെ ന്യായബോധമുള്ള ഒരുവനും സംശയിക്കുന്നതിനു് വകയില്ല. അഥവാ അങ്ങിനെ ഒരു സംശയത്തിനിടയുണ്ടെങ്കിൽ രാജകീയകോടതിവിധികൾ ആ സംശയത്തെ നിഹനിച്ചിട്ടുമുണ്ടു്.

അംഗീകൃത കാനോന്റെ തിരസ്കരണം, പാത്രിയക്കീസ്സിനെ പ്രതികൾ നിഷേധിക്കുന്നതിൽനിന്നു ഉത്ഭവിക്കുന്നതു മാത്രമാണ്. രണ്ടു കാനോനും മിക്കവാറും സംഗതികളിൽ ഐകരൂപ്യമുള്ളതാണ്. അതുകൊണ്ടു് അന്ത്യോഖ്യാപാത്രിയക്കീസ്സിന്റെ മേലധികാരം ഒഴിച്ചുള്ള യാതൊരു മൗലീക സിദ്ധാന്തനിഷേധവും പ്രതികളുടെ പ്രത്യേക കാനോൻ സ്വീകരണത്തിൽ അന്തർഭവിക്കുന്നില്ല. എന്നാൽ ആ മേലദ്ധ്യക്ഷ്യത സമ്മതിക്കുന്നില്ല എന്നതു് ഒരു മൌലീകതത്വത്തെ നിഷേധിക്കുന്നതായി ഗണിക്കേണ്ടതാണ്. ഒരു സഭയുടെ അദ്ധ്യക്ഷനെ അടിക്കടി നിഷേധിക്കുന്നവർക്കു് ആ സഭയിലെ അംഗത്വം നശിക്കുമെന്നുള്ളതു് തർക്കരഹിതമാണെന്നു എനിക്കു വ്യക്തമാണ്. ഇവിടെ ഒരു എതിരാളിയെ നിറുത്തി, സഭാതലവനു് ചെല്ലേണ്ടതായ വരുമാനങ്ങളെ അദ്ദേഹത്തിനു് നൽകുന്നതിനാൽ ഈ നിലയെ അവർ ദൃഢീകരിക്കുകയും ചെയ്യുന്നു. മാർത്തോമ്മാക്കാർ അൻപതുകൊല്ലം മുമ്പു് ചെയ്തതുതന്നെയാണ് കാതോലിക്കാ കക്ഷി ഇപ്പോൾ ചെയ്തിരിക്കുന്നതു്. എന്നാൽ മാർത്തോമ്മാക്കാർ അന്ത്യോഖ്യാ ബന്ധം പ്രത്യക്ഷമായിത്തന്നെ തിരസ്കരിച്ചു എന്നുള്ള വ്യത്യാസമെയുള്ളു. അതുകൊണ്ടു് കേസ്സിന്റെ ഈ ഭാഗം സംബന്ധിച്ചു വാദിഭാഗക്കാർ വിജയിക്കേണ്ടതാണെന്നു ഞാൻ തീരുമാനിക്കുന്നു.

B. ലൌകീകങ്ങളിന്മേലുള്ള അവകാശം

വാദികൾ സഭയിൽനിന്നു പിരിഞ്ഞുപോയി എന്നു പ്രതികൾ അവരെ കുററപ്പെടുത്തുന്നുണ്ടു്. (19, 20, 21 പോയിൻറുകൾ) പട്ടത്വം നൽകുക, മൂറോൻ കൂദാശ ചെയ്യുക ഇവയ്ക്കു പാത്രിയക്കീസിനുള്ള അധികാരങ്ങൾ, കാതോലിക്കാസ്ഥാപനം, കാനോൻ മുതലായവയെപ്പററി മേൽ സൂചിപ്പിച്ച പല പ്രശ്നങ്ങളും ഈ കുററാരോപണത്തിൽ അന്തർഭവിച്ചിട്ടുണ്ടു്. ഇതിനും പുറമെ, പാത്രിയക്കീസിനു് സഭാസ്വത്തുക്കളിന്മേൽ ലൗകീകാധികാരം ഉണ്ടെന്നുള്ള വാദിപക്ഷത്തെ വാദവും ഇതിൽ ഉൾപ്പെടുന്നു. (പത്രിക 45, 48 ഖണ്ഡികകൾ. പോയിൻറു് 124). അദ്ദേഹത്തിനു് ഈ ദൃശമായ അധികാരങ്ങൾ ഉണ്ടായിരുന്നുവൊ എന്നുള്ളതു സംബ

ന്ധിച്ചാണ് 11 (J) 12 ഈ പോയിൻറുകൾ. സഭയിൽനിന്നു പിരിഞ്ഞു എന്നുള്ള പൊതുവായ വാദം കീഴ്ക്കോടതി സ്വീകരിച്ചില്ല (ജ. 133-135 പാരാ). ലൗകീകങ്ങളിന്മേലുള്ള അധികാരം സംബന്ധിച്ചുള്ള വാദിപക്ഷക്കാരുടെ അഭിപ്രായത്തിന്മേൽ അടിസ്ഥാനപ്പെടുത്തി പിരിച്ചിലിനെ സ്വീകരിച്ചു (ജ. 108-ാം ഖണ്ഡിക) കൂടാതെ പാത്രിയർക്കീസിൻെറ ലൗകീകാധികാരങ്ങൾ പരിമിതമാണെന്നു കീഴ്ക്കോടതി തീരുമാനിച്ചു. (ജ. 58, 60 പാരാ), രണ്ടു നിയമസംഹിതകൾക്ക് അധീനരായ ആളുകൾ ഒരേ കുററത്തിൻെറ രണ്ടു വശങ്ങൾക്കു വിധേയരായി ഒരു സംഹിതപ്രകാരമുള്ള ശിക്ഷയ്ക്കു അർഹരാകാം എന്നുള്ള അബദ്ധമായ അഭിപ്രായത്തിന്മേലാണ് ഈ തീരുമാനം ഉറപ്പിച്ചിരിക്കുന്നതു (ജ. 57-ാം പാരാ). പൊതുതീരുമാനം ക്രാസ്സ് അപ്പീലിൽ ആക്ഷേപിക്കപ്പെടുന്നുണ്ട്, (10-ം, 11-ം കാരണങ്ങൾ) എന്നാൽ ഇവിടെ വാദത്തിൽ ആയതു് ഉന്നയിക്കപ്പെട്ടില്ല. ഇരുഭാഗക്കാരും സഭാംഗങ്ങളായി തുടരുന്നു എന്നുള്ളതിനെ ആസ്പദമാക്കി ആയിരുന്നു അവർ ഇവിടെ വാദിച്ചതു്. അതുകൊണ്ടു് ലൗകീകങ്ങളിന്മേലുള്ള പാത്രിയർക്കീസിൻെറ അധികാരം ട്രസ്റ്റിൻെറ മൗലീകസിദ്ധാന്തങ്ങളിൽ ഒന്നായി ഗണിച്ചാൽ തന്നേയും, ലൗകീകങ്ങളെപ്പററിയുള്ള യാതൊരു പ്രശ്നവും ഈ അപ്പീലിൽ ഉദിച്ചില്ല. കേവലം ആമുഖപരമായൊ വ്യാഖ്യാനപരമായൊ അല്ലാതെ ലൗകീകങ്ങളെപ്പററിയുള്ള ചർച്ചയ്ക്കു യാതൊരു സാംഗത്യവും ഇല്ലതന്നെ. എന്നാൽ അപ്പീൽ മെമ്മോറാണ്ഡത്തിൽ പാത്രിയർക്കീസിൻെറ അധികാരപ്രശ്നം ഉന്നയിക്കപ്പെടുകയും (43-ാം കാരണം) വാദിഭാഗത്തുനിന്നും ഇതു വാദിക്കുകയും ചെയ്ത സ്ഥിതിക്ക് ഈ വിഷയത്തെപ്പററി ചുരുക്കമായി ചിന്തിക്കുന്നതു് അനുചിതം ആയിരിക്കയില്ല.

ഒരു മുടക്കിനുള്ള കാരണങ്ങളുടെ അനൗചിത്യത്തെപ്പോലെ തന്നെ അഥവാ പാത്രിയർക്കീസ് പൊതുട്രസ്റ്റ സ്വത്തുക്കളിന്മേൽ അധികാരം വേണമെന്നു ആവശ്യപ്പെട്ടാൽ തന്നെയും, ആ അവകാശവാദം ഒരു കോടതിയുടെ പരിചിന്തനവ്യാപ്തിയിൽ അസാധാരണ സന്ദർഭങ്ങളിൽ മാത്രമെ പെടുകയുള്ളു, ഒരു പാത്രിയർക്കീസ് അപ്രകാരമുള്ള ലൗകീകങ്ങളെ ക്രയവിക്രയം ചെയ്യുന്നതായാൽ അതു സംബന്ധിച്ചുള്ള നിയമം ഇതിൽനിന്നു വ്യത്യസ്ഥമായിരിക്കും. അന്ത്യോഖ്യാ പാത്രിയർക്കീസ് മലങ്കരയിലെ കോടതി വിധികൾക്കു വിപരീതമായി ലൗകീകങ്ങളിന്മേൽ അധികാരം അവകാശപ്പെട്ടു എന്നുള്ള സൂചന, അദ്ദേഹത്തിൻെറ അനുയായികൾക്കു വിരോധമായ ഒരു മുൻവിധിക്കു് കീഴ്ക്കോടതിയെ പ്രേരിപ്പിച്ചിരിക്കാം. എന്നാൽ ഈ കാരണംകൊണ്ടൊപ്രതികൾ വാദിക്കുന്നതുപോലെ "ഇങ്ങനെ അന്യായമായി സഭയിൽ ഭിന്നതയുളവാക്കുന്നവൻ, അഥവാ സഭാതലവൻതന്നെയായിരുന്നാലും സഭയ്ക്കു ഇതരനായിത്തീരുന്നു." (പത്രിക 50-ാം ഖ



കോട്ടയം മുതലായ ഇടവകകളുടെ നി. വ. ദി. ശ്രീ.

മാർ ദിയോന്നോസ്യോസ് മിഖായേൽ

മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട്.



മലങ്കര അന്ത്യോക്യാ പ്രതിനിധി നി. വ. ദി. ശ്രീ.

മാർ യൂലിയോസ് ഏലിയാസ് മെത്രാപ്പോലീത്താ

തിരുമനസ്സുകൊണ്ട്

വാദിഭാഗം 17-ാം സാക്ഷി

ണ്ഡിക) എന്നുള്ള വാദംപോലെ ഇതോട് തുല്യമായ മറേറതെങ്കി
ലും കാരണത്താലൊ പാത്രിയക്കീസല്ലാതായിതീരുന്ന എന്നു വിധി
കല്പിക്കുന്നതിനു ഒരു സിവിൽകോടതിക്കു് അധികാരംനല്കുന്ന എന്ന
വാദത്തെ സമ്മതിക്കുന്നതിനു ഞാൻ അതിയായി ശങ്കിക്കുന്നു, പാ
ത്രിയക്കീസിന്റെ അധികാരത്തെ വിമർശിക്കുന്നതിനു സിവിൽ
കോടതികൾക്കു അധികാരം നൽകുന്ന തുലോം പരിമിതമായ സം
ഗതികൾ ഒഴിച്ചുള്ള കായ്യങ്ങളെ പരിഗണിച്ചാൽ ആത്മീകമായ
മേലദ്ധ്യക്ഷതയ്ക്കു കീഴ്വഴങ്ങിയശേഷം അതിനെ നിഷേധിക്കുന്ന
വർ, ന്യായമായ അനന്തര ഫലങ്ങളെ അനുഭവിക്കുകയൊ അല്ലാ
ത്തപക്ഷം സഭയിൽനിന്നു പുറത്തു പോകുകയൊ ചെയ്യേണ്ടതായി
വരുമെന്നാണു് എന്റെ അഭിപ്രായം.

ഈ കേസ്സിൽ വ്യവഹരിക്കപ്പെട്ട സംഗതികളിന്മേൽ ആശ്ര
യിച്ചു നോക്കുന്നതായാൽ, മുൻ ഒരു ഖണ്ഡികയിൽ പ്രസ്താവിച്ച
തുപോലെ ഏതാനും ചില പാത്രിയക്കീസന്മാർ ലൗകീകാധികാ
രം അവകാശപ്പെട്ട എന്നും രാജകീയ കോടതി വിധികൾ അവ
യിൽ അന്തർഭവിച്ചിരുന്ന പൊതു ട്രസ്റ്റർ സ്വത്തുക്കളെ മാത്രം
ബാധിക്കുന്നവയാണു് എന്നും പരിപൂർണ്ണമായലൗകീകാധികാരംഉ
ണ്ടെന്നുള്ള വാദം യശസ്സിനെക്കുതി മാത്രം ഉന്നയിക്കപ്പെട്ടതല്ലേ
എന്നു സംശയിക്കേണ്ടി ഇരിക്കുന്നു എന്നും ലൗകീകാധികാരം എ
ന്നതു ലൗകീകങ്ങളിന്മേലുള്ള അധികാരത്തിൽനിന്നും വിഭിന്നമാ
ണു് എന്നും ലൗകീകങ്ങൾ കരസ്ഥമാക്കുന്നതിനു ഏതെങ്കിലും ആധു
നിക പാത്രിയക്കീസന്മാർ ശ്രമിച്ചതായി തെളിവില്ലാ എന്നും അ
ബ്ദുള്ളാ മലങ്കര സന്ദർശിക്കുന്നതിനു മുമ്പു് അത്തേഹത്തോടു് മാർ ദീ
വന്നാസ്യോസിനു വ്യക്തിപരമായ വിദ്വേഷത്തിനു ചില കാരണ
ങ്ങൾ ഉണ്ടായിരുന്നു എന്നും അവർ തമ്മിലുള്ള തർക്കത്തിൽ ലൗകീ
കങ്ങൾ ഒരു കുതലായി പിന്നീടു് ഉന്നയിച്ചതാണു് എന്നും ലൗ
കീകാധികാരത്തെപ്പററി 30 കൊല്ലം മുമ്പുണ്ടായ തർക്കം, കാതോ
ലിക്കാ സ്ഥാപനം സംബന്ധിച്ചുള്ള വിപുലമായ തർക്കത്തിൽ ല
യിച്ചു കഴിഞ്ഞിരുന്നു എന്നും മാർ ബസ്സേലിയോസും പാത്രിയക്കീ
സും തമ്മിൽ ഉണ്ടായ സന്ധിയാലോചനകളിൽ ലൗകീകങ്ങൾ
പിൻപുറം തള്ളപ്പെട്ടിരുന്നു എന്നും (CB 2, CB 4 ഈ അക്കങ്ങ
ളും പ്ര. ഭാ. 26-ാംസാ. 3, 16_19, 21, പുറങ്ങളും നോക്കുക). സി
റിയായിലെ ഏതെങ്കിലും പാത്രിയക്കീസു ലൗകീകങ്ങൾ അവകാ
ശപ്പെടുന്നു എന്നുള്ളതു് പാത്രിയക്കീസിന്റെ തിരുവിതാംകൂറിലെ
അനുയായികൾ ട്രസ്റ്റർ സ്വത്തുക്കൾക്കു പുറപ്പെടുവിക്കുന്ന ഒരു
വാദത്തിനു മറയായി പ്രതികൾക്കു ഉപകരിക്കുന്നു എന്നുള്ള പ്രാ
ധാന്യമെ അതിനുള്ളു എന്നും പറഞ്ഞാൽ മതിയാകും.

[3] ട്രസ്റ്റികൾ

തന്റെ ഔദ്യോഗിക നിലയിൽ ഒരു ട്രസ്റ്ററിയാണെന്നുള്ള
ഒന്നാം വാദിയുടെ അവകാശത്തിനു നിദാനമായിരിക്കുന്നതു് മല

ങ്കര മെത്രാപ്പോലീത്താ സ്ഥാനത്തേക്കുള്ള അദ്ദേഹത്തിന്റെ തിര
ഞ്ഞെടുപ്പാണു്. മുൻപു സൂചിപ്പിച്ചു കഴിഞ്ഞിട്ടുള്ള ആദ്യത്തെ തെ
രഞ്ഞെടുപ്പിനെപ്പറ്റി ചർച്ച ചെയ്യേണ്ട ആവശ്യം ഇല്ല. പിന്നീടു
നടന്ന തെരഞ്ഞെടുപ്പു 1935-ൽ കരിങ്ങാശ്ശേരിയിൽ വച്ചായിരുന്നു. (B അ
ക്കം) അതിനെ പാത്രിയക്കീസു സ്ഥിരീകരിച്ചു. (S, BA അക്കങ്ങ
ക്കം). പ്രതിപക്ഷക്കാർക്കു നോട്ടീസു കൊടുത്തിരുന്നില്ലെന്നുള്ള കാര
ണം പ്രധാനമാക്കി ആ യോഗം ന്യായാനുസരണം വിളിച്ചുകൂട്ട
പ്പെട്ടതല്ലെന്നു കീഴ്ക്കോടതി തീരുമാനിച്ചു (ജ. 166, 167 ഖ
ണ്ഡികകൾ) ക്ഷണം അയച്ചില്ലെന്നുള്ളതിനെപ്പറ്റി തർക്കമില്ല. എ
ന്നാൽ അയക്കാഞ്ഞതു പാത്രിയക്കീസിന്റെ ഉപദേശ (30 അക്കം)
പ്രകാരമാണെന്നുള്ളതുകൊണ്ടു് ആ നടപടിയെ നീതീകരിക്കയത്രെ
ചെയ്യുന്നതു്. പുതിയ ഭരണഘടനയുടെ സ്വീകരണം മൂലം പ്ര
തികൂ പാത്രിയക്കീസിനെ നിഷേധിക്കുന്നു എന്നുള്ള മുൻരേഖ
പ്പെടുത്തപ്പെട്ട തീരുമാനമനുസരിച്ചും കരിങ്ങാശ്ശേരി യോഗത്തിനു
ദ്ദേശം എട്ടു മാസങ്ങൾക്കു മുമ്പുതന്നെ 1934-ൽ ഈ ഭരണഘ
ടന സ്വീകരിച്ചു കഴിഞ്ഞിരുന്നു എന്നും ഓർക്കുമ്പോൾ പാത്രിയ
ക്കീസിന്റെ കല്പന ഇല്ലായിരുന്നെങ്കിൽ തന്നെയും അവരെ ക്ഷ
ണിക്കാതിരുന്ന നടപടി നീതീകരിക്കാവുന്നതാണു്. അതുകൊണ്ടു്
ആ യോഗം സഭയിലെ ഒരു ന്യൂനപക്ഷത്തിന്റെ യോഗമായിരു
ന്നു എന്നും അധികാരമുള്ളവരാൽ വിളിച്ചുകൂട്ടപ്പെട്ടതല്ലെന്നും
(ജ. 164, 167 പാരാ) ഉള്ള കീഴ്ക്കോടതി തീരുമാനം അബ
ദ്ധമാണു്.

ഒന്നാംവാദി 1910-ൽ അബ്ദുള്ളായാൽ മെത്രാപ്പോലീത്താ
ആയി വാഴിക്കപ്പെട്ടു. (BJ അക്കം). അദ്ദേഹം നിയമാനുസൃതം വാ
ഴിക്കപ്പെട്ടു എന്നു കീഴ്ക്കോടതിയിൽ സമ്മതിച്ചിരുന്നു. (ജ.
161-ാംപാരാ). അതുകൊണ്ടു 1910-ൽ അബ്ദുള്ളായ്ക്കു പട്ടംകൊ
ടുക്കുന്നതിനു അധികാരമുണ്ടായിരുന്നോ എന്നുള്ള സംഗതി ചിന്തി
ക്കേണ്ട ആവശ്യമേ ഇല്ല. അപൂർണ്ണമായ പട്ടതപ്പം പിന്നീടു പൂർത്തി
യാക്കപ്പെടുകയൊ അംഗീകരിക്കപ്പെടുകയൊ ചെയ്യാമെന്നു മ
റൊരു സന്ദർഭത്തിൽ പ്രതിഭാഗത്തുനിന്നും വാദിക്കുന്നുണ്ടു്. ഈ
വാദത്തിനു ചില അടിസ്ഥാനങ്ങളുള്ളതായി തോന്നുന്നുമുണ്ടു്. അ
തിനാൽ ഒന്നാം വാദി നിയമാനുസരണം ഒരു ട്രസ്റ്റി സ്ഥാനം അ
ലങ്കരിക്കുന്നു എന്നു തീരുമാനിക്കേണ്ടിയിരിക്കുന്നു.

1935-ൽ കൂടിയ അതേ തെരഞ്ഞെടുപ്പു യോഗത്തിൽ വച്ചു
തന്നെയാണു് രണ്ടും മൂന്നും വാദികളെയും ട്രസ്റ്റികളായി തെര
ഞ്ഞെടുത്തതു" (B അക്കം). ട്രസ്റ്റി സ്ഥാനത്തിൽ ഒഴിവുണ്ടാ
യിരുന്നു എന്നു സങ്കല്പിച്ചാൽ—ഒഴിവുണ്ടായിരുന്നു
എന്നതുടൻ സ്ഥാപിക്കുന്നതാണ"—അവരുടെ തെരഞ്ഞെടുപ്പു
സാധുവെന്നുവരുന്നതാണു്.

1934 അവസാനത്തിൽ കോട്ടയത്തുവച്ചു" നടന്ന ഒരു യോഗ
ത്തിൽവച്ചുണ്ടായ ഒരു തെരഞ്ഞെടുപ്പിനേലാണു് ഒന്നാംപ്രതിയു

ടെസ്റ്റിസ്ഥാനത്തിനുള്ള അവകാശം ആശ്രയിച്ചിരിക്കുന്നത്" (59_64 വരെ അക്കങ്ങൾ). അദ്ദേഹത്തെ 1912-ൽ അബ്ദൽമിശിഹാ ഒരു മെത്രാപ്പോലീത്താ ആയി വാഴിച്ചിരുന്നു (പ്ര. ഭാ. 28_ാം സാ. 1_ാം പുറം: 86 അക്കം). യോഗനടപടികളിൽനിന്നു സാക്ഷിമൊഴികളിൽനിന്നും കാണുന്നതു ഭരണഘടന സ്വീകരിക്കുന്നതിനു മുമ്പു ഈ തെരഞ്ഞെടുപ്പു നടന്നു എന്നാണു". ഭരണഘടന സ്വീകരിച്ചതിനുശേഷം മാത്രമേ അദ്ദേഹം സഭയിൽനിന്നു പിരിഞ്ഞുള്ളൂ എന്നു സങ്കല്പിക്കുന്നതായാൽപോലും അന്നു അദ്ദേഹം ഒരു സഭാംഗം അല്ലായിരുന്നു. അതിനാൽ തെരഞ്ഞെടുപ്പു നിയമപ്രകാരം സാധുവായിരുന്നാൽത്തന്നെയും അതു ഉടനെതന്നെ അപ്രായോഗികമായിത്തീർന്നു. അക്കാലത്തു ഭരണംനടത്തിവന്ന പാത്രിയക്കീസു് ഈ തെരഞ്ഞെടുപ്പിനെ അംഗീകരിച്ചില്ല എന്നതു തർക്കമറ്റ സംഗതിയാണു് [പ്ര. ഭാ. 28-ാം സാ. 15, 29, 46, 82, 123, 124 പുറങ്ങൾ.] അങ്ങനെ പാത്രിയക്കീസ്സിന്റെ അംഗീകരണം ഇല്ലാ എന്നുള്ള കാരണത്താൽക്കൂടെയും അതു് അപൂർണ്ണമാണെന്നു സിദ്ധിക്കുന്നു.

രണ്ടാംപ്രതിയെ 1912_ലും 3_ാം പ്രതിയെ 1931_ലും ട്രസ്റ്റിമാരായി തെരഞ്ഞെടുത്തു. [86, 98 അക്കങ്ങളും ജ. 159, 160 ഖണ്ഡികകളും നോക്കുക]. 1935-ൽ നടന്ന വാദിഭാഗക്കാരുടെ യോഗത്തിൽവച്ചു് അവർ നീക്കംചെയ്യപ്പെട്ടു. മേൽ രേഖപ്പെടുത്തിയിട്ടുള്ള തീരുമാനങ്ങളനുസരിച്ചു് അവർ സഭയിൽനിന്നു പിരിഞ്ഞുപോയിരുന്നവരാണു്.

അതിനാൽ ഈ കേസ്സിൽപ്പെട്ട ട്രസ്റ്റ്സ്വത്തുക്കളുടെ ട്രസ്റ്റിമാർ വാദികളാണെന്നും, പ്രതികളിൽ ആരുംതന്നെ ട്രസ്റ്റിമാരല്ലെന്നും തീരുമാനിക്കേണ്ടിയിരിക്കുന്നു.

ട്രസ്റ്റ്വക എല്ലാ സ്വത്തുക്കളുംഎല്ലാട്രസ്റ്റിമാരിലുംകൂട്ടമായി നിക്ഷിപ്തമാണെന്നു എന്നുള്ള സംഗതി അടുത്ത ഭാഗത്തിൽ സംക്ഷിപ്തമായി ആലോചിക്കപ്പെടുന്നതാണു്.

ഈ വ്യവഹാരത്തിനു സിവിൽനടപടിനിയമം 72_ാം വകുപ്പിൻപ്രകാരം ദിവാൻജിയുടെ അനുവാദം ഇല്ലാത്തകാരണത്താൽ വഹിക്കത്തക്കതല്ലെന്നുള്ള വാദം കീഴ്കോടതി നിരാകരിച്ചു [ജ. 201=ാം പാരാ] വാദികൾ അവരുടെ വ്യക്തിപരമായ നിലയിൽ ചോദിച്ചിട്ടുള്ള നിവൃത്തികൾക്കു് ഈ വകുപ്പു ബാധകമാണെന്നും കീഴ്കോടതി തീരുമാനിച്ചു (ജ. 209_ാം പാരാ) വാദികൾ ട്രസ്റ്റിമാരല്ലാണെന്നു സ്ഥാപിച്ചിരിക്കുന്നതിനാൽ ഈ സംഗതി തുടർന്നു് ആലോചിക്കേണ്ടയാവശ്യം കാണുന്നില്ല. സിവിൽനടപടിനിയമം 73_ാം വകുപ്പിൽ ചൂണ്ടിക്കാണിക്കുന്ന 1079_ലെ Religious Endowments Act ക്രിസ്ത്യാനികളെസംബന്ധിക്കുന്ന ഒരു ചട്ടമല്ലെന്നുമാത്രമേ ഇവിടെ പ്രസ്താവിക്കേണ്ടതുള്ളൂ.

(4) ട്രസ്റ്റ്സ്വത്തുക്കൾ

ട്രസ്റ്റിസ്വത്തുക്കളെസംബന്ധിച്ചു് അനേകപ്രശ്നങ്ങൾ പ്രതി

ഭോഗത്തുനിന്നു ഉന്നയിച്ചിട്ടുണ്ടു്. [26-28: 31 [6], 32 [6] 33, 37 ഇതപോയൻകകം] ഇതു വിഷയംസംബന്ധിച്ചുള്ള കീഴ്കോടതിയു ടെ പരിചിന്തനം തുലോം അപൂർണ്ണമാണു്. അടുത്തകാലത്തു് ദേഹവിയോഗംചെയ്തവരോടുള്ള മര്യാദയെ ആസ്പദമാക്കി ഇതുയും മാത്രമെ പറയുന്നുള്ളു. എങ്കിലും യേശുക്രിസ്തുവിനെ സ്നാനപ്പെടു ത്തണ്ട ഏതെങ്കിലും ആവശ്യം ഉണ്ടായിരുന്നുവൊ [വാ: ഭാ സാ. 5, 20-ാം പുറം] എന്നിത്യാദി തികച്ചും അസംഗതമായസംഗതിക ളുടെ വ്യവഹാരത്തിനു സമയം വിനിയോഗിക്കാതെയും, ഇതു വ്യവ ഹാരതീർച്ചയെപ്പറ്റി കീഴ്കോടതിയുടെ അഭിപ്രായത്തിൽനിന്നു വ്യത്യസ്ഥമായ ഒരു നില അപ്പീൽകോടതി സ്വീകരിച്ചുക്കാമെ ന്നുള്ള സാദ്ധ്യതയെ വിസ്മരിച്ചുകളയാതെയും, അതിനാൽ പ്രാധാ ന്യമേറിയ സംഗതിയെപ്പറ്റി ചിന്തിക്കാതെവിടുകയും [ജ. 197-ാം പാരാ] ചെയ്തില്ലായിരുന്നെങ്കിൽ ഈ വ്യവഹാരത്തിനു് ചെലവഴിച്ച മൂന്നൊല്ലക്കാലം കൂടുതൽ പ്രയോജനകരമായി വിനിയോഗിക്കാമായിരുന്നു എന്നു പറയേണ്ടതായിട്ടുണ്ടു്.

വാദിഭാഗം നിയമജ്ഞന്മാരുടെ ഇതു സംഗതിയിലുള്ള നില കീഴ്കോടതിജഡ്ജിക്കു ഈ കാര്യത്തിൽ പ്രോത്സാഹജനകമായി രുന്നു എന്നു പറയേണ്ടതു ധർമ്മമാണു്. ഒരുവേള എതിർഭാഗക്കാരു ടെ ചില സമ്മതങ്ങൾ ഉണ്ടെന്നുള്ളതുകൊണ്ടായിരിക്കാം ഈ വി ഷയംസംബന്ധിച്ചു് വേണ്ടതെളിവു് അവർ നൽകാതെയിരുന്ന തു്. ഒരു പ്രാരംഭഡിക്രിക്കുശേഷം, പട്ടികവസ്തുക്കളിൽ ഏവ ഓ രൊ ഇനം ട്രസ്റ്റിൽപ്പെട്ടവയെന്നു തീരുമാനിച്ചാൽ മതിയാകുമെ ന്നു് അവർതന്നെ സൂചിപ്പിച്ചിരുന്നു. കൈവശംനൽകുന്ന ഒരു പ്രാരംഭഡിക്രിക്കുശേഷം വാദിക്കു കൈവശംലഭിക്കുന്നതിനു" അവ കാശമുണ്ടോ എന്നുള്ള സംഗതി തീരുമാനവിഷയമായി വരാവു ന്നതല്ലെന്നുള്ള കാരണത്താൽ ഈ സൂചന സ്വീകാര്യമല്ല. അങ്ങനെ യുള്ള ഒരു വിചാരണയ്ക്കു സിവിൽ നടപടിനിയമം XX-ാം ഉ ത്തരവു 12-ാം ചട്ടം ഇടംനൽകുന്നില്ല. ഇപ്രകാരമുള്ള ഒരു വ്യവ ഹാരത്തെ ബാധിക്കുന്ന മറ്റു യാതൊരുവകുപ്പും ഈ നിയമത്തിൽ ഇല്ല. കീഴ്കോടതിയിലെ വാദിഭാഗം കേസ്സു് നടത്തിപ്പിനെറ സ്വഭാവം ഈ കോടതിയിൽ അവക്കു ഒരു തടസ്സമായി വന്നുകൂടി. ട്രസ്റ്റുസ്വത്തുക്കളുടെ സ്വഭാവത്തെപ്പറ്റി വളരെ ചുരുക്കമായി മാത്രം ഇവിടെ പ്രതിപാദിച്ചതിൽ നിന്നും, അവ യെ സംബന്ധിക്കുന്ന രേഖകൾ ഇവിടെ തജ്ജിമചെയ്യപ്പെടാതിരി ക്കയും ഒരു റിമാൻറിനു അപേക്ഷയില്ലാതിരിക്കയും, ചെയ്തതിൽ നിന്നും, സംഗതങ്ങളായ തീരുമാനങ്ങളിന്മേലും കക്ഷികളുടെ സമ്മ തങ്ങളിന്മേലും അടിസ്ഥാനപ്പെടുത്തി നൽകാവുന്ന ഒരു വിധി കി ട്ടിയാൽ മതി എന്നു വാദിഭാഗം അഭിഭാഷകന്മാർ ഗണിച്ചിരുന്ന തായി തീർച്ചപ്പെടുത്താം. ഈ സ്ഥിതിക്കു സി. ന. നി. XL-ാം ഉത്തരവു് 24-ാം റൂളിൻ പ്രകാരം ഈ കോടതിയിൽ നിക്ഷിപ്ത മായ അധികാരം പ്രയോഗിച്ചു കേസു് കീഴ്ക്കോടതിയിലേക്കു

അയക്കുന്നതു അഭിലക്ഷണീയമായിരിക്കാം. എന്നാൽ മുൻപറഞ്ഞ സാഹചര്യങ്ങളിൽ അങ്ങിനെയുള്ള ഒരു ഉത്തരവു ആവശ്യമില്ലാത്തതാണു്.

പ്രധാന പത്രിക 4_ം 27_ം വകുപ്പുകളിലും 26_ാം പോയിൻറിലും ഉന്നയിച്ചിട്ടുള്ള വാദം മിക്കവാറും ഉപേക്ഷിക്കപ്പെട്ട ഒരു സംഗതിയെ പുരസ്കരിച്ചുള്ളതാണു്. പട്ടിക വസ്തുക്കളിൽ ഏതാനും മാത്രം മൂന്നു ട്രസ്റ്റികളിലും, ചിലതു മലങ്കര മെത്രാപ്പോലീത്തായിൽ തനിച്ചും നിക്ഷിപ്തമാണെന്നുള്ള സംഗതിയാണു് അതു്. തുടർന്നു പ്രസ്താവിക്കുന്നതുപോലെ, തിരുവിതാംകൂർ രാജകീയ കോടതി വിധിയാൽ മൂന്നു ട്രസ്റ്റിറികളിൽ നിക്ഷിപ്തമായിരിക്കുന്ന വസ്തുക്കളെ സംബന്ധിച്ചിടത്തോളംഇതാണു യഥാർത്ഥ നില. അതിനാൽ ഈ വസ്തുക്കളെ സംബന്ധിച്ചിടത്തോളം പ്രതിഭാഗത്തെ തർക്കം തിരസ്കരണീയമാണു്. മറു വസ്തുക്കളെപ്പറ്റി പറയുന്നതായാൽ അവയും മൂന്നു ട്രസ്റ്റിറികളിൽ നിക്ഷിപ്തമാണെന്നു പറയുന്നതായിരിക്കും തൽക്കാല സാഹചര്യങ്ങളിൽ നൈയ്യപ്രദമായിരിക്കുന്നതു്. വാദികളിൽ ആർക്കാണു് കൈവശത്തിനു അവകാശം എന്നുള്ളതു് അത്ര ഗൌരവമുള്ള കാര്യമായി പ്രതികൾ ഗണിക്കുന്നില്ല. വാദികൾ തമ്മിലൊ അവരുടെ പിൻഗാമികൾ തമ്മിലൊ ഈ സംഗതി സംബന്ധിച്ചുണ്ടാകാവുന്ന ഏതു പ്രശ്നവും സംബന്ധിച്ചു ഈ വിധി ഒരു തടസ്സമായിരിക്കുന്നതല്ല. 6_ാം പ്രതിക്കുണ്ടെന്നു വാദിക്കുന്ന വസ്തുവിൽ സ്ഥാപിച്ചുള്ള കടം സംബന്ധിച്ചും ഈ വിധി തടസ്സമായിരിക്കുന്നതല്ല.

അന്യായ പട്ടിക വസ്തുക്കൾ എല്ലാം മലങ്കരസഭയ്ക്കു പൊതുവിലുള്ള സ്വത്താണോ എന്നുള്ള സംഗതിയും ഇതുപോലെ അവഗണിക്കപ്പെട്ട ഒന്നാണു്. (26_ാം പോയൻറിൻെറ ഭാഗം) അന്യായപട്ടിക വസ്തുക്കളെല്ലാം ട്രസ്റ്റിറു സ്വത്തുക്കളാണെന്നു സമ്മതിക്കുന്നില്ലാ എങ്കിലും ട്രസ്റ്റിറുസ്വത്തുക്കൾ പ്രതികളുടെ കൈവശമാണു് എന്നു പ്രതികൾ പത്രികയിൽ പൊതുവായി സമ്മതിച്ചിട്ടുണ്ടു്. (24, 27, 28, 40_46 വരെ ഖണ്ഡികകൾ). ഈ കാരണത്താൽ ഇനിയും ആവശ്യപ്പെടുന്ന പക്ഷം മേലാൽ വ്യക്തപ്പെടുത്തുന്നതൊ അവ്യക്തമായി സൂചിപ്പിക്കപ്പെടുന്നതൊ ആയ സ്വത്തുക്കൾകൂടി ഈ വ്യവഹാരവ്യാപ്തിയിൽ ഉൾപ്പെടുത്തണമെന്നുള്ള പ്രതിഭാഗം അപേക്ഷ അനുവദിക്കുന്നില്ല (അന്യായം 32, 33 37 (b) വകുപ്പുകളും 55, 56, പോയിൻറുകളും) എന്നാൽ കണക്കു എടുക്കേണ്ടതാണു്. ഈ പൊതുസമ്മതത്തിൽ നിന്നും ഒഴിഞ്ഞുപോകാവുന്നവ ഏവയെന്നു തീരുമാനിക്കേണ്ടതു ആവശ്യമാണു്.

അന്യായത്തോടു അനുബന്ധിച്ചു നാലു പട്ടികകൾ കൊടുത്തിട്ടുണ്ടു്. സമ്മത വിസമ്മതങ്ങളിൽ [60_ാം സംഗതി സംബന്ധിച്ചുള്ള രേഖപ്പെടുത്തൽ] 6_ാംപ്രതി ഒഴികെയുള്ള എല്ലാ പ്രതികളുടേയും ഇതു സംബന്ധിച്ചുള്ള തർക്കം ഏകരീതിയിലാണു് [8_10, 54, 57] A പട്ടിക വസ്തുക്കളെ സംബന്ധിച്ചു അവ

പൊതുട്രസ്റ്റിൽ പെട്ടവയാണെന്നുള്ള വാദം വാദികൾ തെളി
യിക്കേണ്ടതാണെന്ന ആണ് തർക്കിക്കുന്നത്. [9, 54] B. C. D.
പട്ടികകളിലില്ലെട്ടവയെപ്പറ്റിയുള്ള പ്രതികളുടെവാദം പ്രധാനമാ
യി പത്രികയിലെ അനുബന്ധത്തിൽ വിവരിക്കുന്നവയാണ്. ഏ
താനും വസ്തുക്കൾ മാർ ദീവന്നാസ്യോസിന്റെ വിൽപ്പത്ര [56 അ
ക്കം] പ്രകാരം ന്യായമായി വിനിയോഗിക്കപ്പെട്ട എന്നുള്ള പത്രി
കയിലെ വാദത്തെ ആശ്രയിച്ചുള്ളതും [48, 115, 118) ഇതേ
സംബന്ധിച്ച 27, 28, 31 (b) ഈ പോയിന്റുകൾക്കു കാരണമാ
ക്കുന്നതുമായ തർക്കമാണ് അത്. ഈ വാദം വിസ്താരകാലത്തു
ആക്ഷേപിക്കപ്പെട്ടിരുന്നതായി കാണുന്നില്ല. വിൽപത്രം സാധു
വാണെന്ന കീഴ്ക്കോടതി തീരുമാനിച്ചു. ജ. 198-200 വരെ
പാരാ; അതിനേലുള്ള അപ്പീൽ ഇവിടെ വാദിച്ചതുമില്ല. അ
ങ്ങിനെ വിൽപ്പത്രത്തിൽപ്പെട്ട വസ്തുക്കൾ ട്രസ്റ്റിൽ നിന്നും ഒഴി
വാക്കേണ്ടതാണ്. പ്രതിവർഗ്ഗത്തിൽ ഏതാനും പേരുടെ കൈവ
ശത്തിൽ ഏതാനും വസ്തുക്കൾ ഇരിക്കുന്നു എന്നും ഒരു തർക്കമുണ്ട്
(Issue paper 143) ഈ മുഖവുരയോടുകൂടി അന്യായ പട്ടിക
യിലെ വസ്തുക്കളെ സംബന്ധിച്ചു ക്രമമായി പര്യാലോചിക്കാം.

A പട്ടിക

ഇതിൽ അഞ്ചു നമ്പർ സ്ഥാവരവസ്തുക്കളും അവയിൽ
സ്ഥിതിചെയ്യുന്ന കെട്ടിടങ്ങളും ഉൾപ്പെടുന്നു. ഈ വസ്തു
ക്കൾ 1889-ലെ വിധി [D Y അക്കം] യിൽപ്പെട്ടവയാണെ
ന്നു വാദിഭാഗത്തുനിന്നും തർക്കിക്കുന്നു [അന്യായം പാരാ 33
Issue paper, 9, 54 ഖണ്ഡികകൾ]. ആയതു നിർണ്ണയപ്പെ
ടുത്തുന്നതിനു അന്നത്തെ അപ്പീലിന്റെ റിക്കാർട്ടുകൾ ഇപ്പോൾ
സുലഭമല്ല. ഈ വസ്തുക്കൾ ഒന്നുംതന്നെ മരണപത്രികയിൽ ചേ
ർത്തിട്ടില്ല. പത്രിക 4-ാംവകുപ്പിനേൽ ആശ്രയിച്ച പട്ടിക ഒന്നാം
നമ്പ്രവസ്തു പൊതുട്രസ്റ്റു വകയാണെന്നു സമ്മതിക്കപ്പെട്ടിരിക്കു
ന്നു. മലങ്കര മെത്രാപ്പോലീത്താ 2 മുതൽ 5 വരെ വസ്തുക്കളുടെ ഏ
ക ട്രസ്റ്റിയാണെന്നു (പത്രിക) അനുബന്ധത്തിൽ വാദിക്കപ്പെട്ടി
രുന്നു, ഇതിനെ വിവരപ്പത്രികയിൽ നിഷേധിച്ചിരിക്കുന്നു. അ
തിനുശേഷം, സമ്മത വിസമ്മതത്തിൽ ഇതു വാദികൾ തെളിയിക്കേ
ണ്ടതാണെന്നുമാത്രം രണ്ടുപ്രാവശ്യം ആവർത്തിച്ചു പറഞ്ഞിട്ടുണ്ട്. പ
ത്രികയിലെ ഈവിധം അപൂർണ്ണമായ ഒരു പ്രസ്താവന എപ്പോഴും
ഒരു സമ്മതമായി ഗണിക്കേണ്ടതില്ല എന്നു Appava Nadar
V Kuzhithura Municirality 18 T L. T. 510 എന്ന വിധി
യിൽ ഈ കോടതിയിലെ ഒരു ഡിവിഷൻ ബഞ്ചു വിധി കൽപ്പി
ക്കയുണ്ടായി എങ്കിലും പത്രികയിലെ പൊതുവായ സമ്മതത്തിന്മേ
ലും, മലങ്കരമെത്രാപ്പോലീത്തായുടെ അവകാശങ്ങളെപ്പറ്റി പുറ
പ്പെടുവിച്ചിട്ടുള്ള വാദങ്ങളിന്മേലും ആശ്രയിച്ചു, സമ്മത വിസമ്മത
രേഖയിൽ ആവർത്തിച്ചിരിക്കുന്ന ഈ പ്രസ്താവന ഒരു സമ്മതമായി

തന്നെ പരിഗണിക്കേണ്ടതാണു". അതിനാൽ ഈ പട്ടികയിൽപ്പെട്ട അഞ്ചു നമ്പ്ര വസ്തുക്കളും പൊതു ട്രസ്റ്റിൽപ്പെട്ടവയാണെന്നും ഈ കേസ്സിലെ ഡിക്രിയിൽ ഉൾപ്പെടുത്തേണ്ടവയാണെന്നും തീരുമാനിക്കുന്നു.

B പട്ടിക

ഇതിൽ 33 നമ്പ്ര സ്ഥാരവസ്തുക്കളും അവയിലുള്ള കെട്ടിടങ്ങളും ഉൾപ്പെടുന്നു. ഇവയിൽ ചിലതിൽ നിന്നുള്ള ആദായത്തിന്റെ തുകയെപ്പറ്റിയും, അതിന്റെ വിനിയോഗത്തെപ്പറ്റിയും തർക്കിക്കുന്നതിനും പുറമെ 1 മുതൽ 7 വരെയും 11_ം 31=ം 52_ം നമ്പ്ര വസ്തുക്കളുടെ ഏകട്രസ്റ്റി മലങ്കരമെത്രാപ്പോലീത്തായെന്നും [A പട്ടിക 4_ാം നമ്പരിനെപ്പറ്റി പറയുന്നഭാഗം നോക്കുക] 9=ം 16 മുതൽ 18 വരെയും നമ്പ്ര വസ്തുക്കൾ ട്രസ്റ്റിന്റെ സ്വത്തുക്കളാണെന്നും പരോക്ഷമായി സമ്മതിക്കുകയും, 8=ം, 19=ം, 20_ം, 23=, 27, 28 ഈ അക്കം വസ്തുക്കൾ മരണപത്രികയിൽ ചേർന്നവയാണെന്നും 10, 12 മുതൽ 15 വരെയും 21, 22, 24 മുതൽ 26 വരെയും 33=ം നമ്പ്ര വസ്തുക്കൾ പ്രത്യേക വ്യക്തികളുടെയൊ സ്ഥാപനകളുടെയൊ വകയായിട്ടുള്ളവയൊ കൈവശത്തിൽ ഇരിക്കുന്നവയൊ ആണെന്നും 29=ം 30_ം നമ്പ്ര വസ്തുക്കൾ ഒന്നാംപ്രതിയുടെ പ്രത്യേക സ്വത്തുക്കളാണെന്നും വാദിക്കുന്നുണ്ടു". ഈ വാദങ്ങളിൽ ഭൂരിപക്ഷവും വിവരപ്പത്രികയിൽ ആക്ഷേപിച്ചിട്ടുണ്ടു". മരണപത്രികയിൽ ഉൾപ്പെട്ടതായി പറയുന്ന വസ്തുക്കളിൽ അതിൽപ്പെട്ട ഏതു വസ്തുവാണു" പട്ടികയിലെ 20=ാംനമ്പ്ര വസ്തു എന്നു നിർണ്ണയിക്കാൻ നിവൃത്തിയില്ല. 8, 19, 23, 27, 28 ഈ നമ്പ്ര വസ്തുക്കൾ മരണപത്രികയിൽ ചേർത്തിട്ടുള്ളവയാണു". മതിയായ തെളിവില്ലെന്നുള്ള കാരണത്താൽ ഈ വസ്തുക്കളെല്ലാം വിൽപ്പത്രത്തിൽ ചേർത്തിട്ടുള്ളവയാണൊ എന്നു തീരുമാനിക്കുന്നതിനു നിവൃത്തിയില്ല. അതുകൊണ്ടു ഈ കേസ്സിലെ ഡിക്രിയിൽ അവ ചേർക്കത്തക്കതല്ല. ഒന്നാംപ്രതിക്കുള്ളതായി പറയുന്ന പ്രത്യേക അവകാശത്തെപ്പറ്റി ഒന്നും പറയാതെതന്നെ 29_ം 30_ം നമ്പ്ര വസ്തുക്കളും ഡിക്രിയിൽ നിന്നും ഒഴിവാക്കപ്പെടും.

1 മുതൽ 7 വരെയും 9, 11, 16 മുതൽ 18 വരെയും 31_ം 32_ം നമ്പ്ര വസ്തുക്കൾ ട്രസ്റ്റിന്റെ സ്വത്തുക്കളായി ഡിക്രിയിൽ ഉൾപ്പെടുത്തപ്പെടും. 10, 12 മുതൽ 15 വരെയും 21=ം 22=ം 24 മുതൽ 26 വരെയും 33=ം നമ്പ്ര വസ്തുക്കളെപ്പറ്റി പ്രതികൾക്കു യാതൊരു അവകാശവാദവും ഇല്ലാത്തതിനാൽ അവയും ഡിക്രിയിൽ ചേർക്കുന്നതാണു". എന്നാൽ അവ അന്യ കൈവശമാണെന്നു പറയപ്പെടുന്നതിനാൽ അവയെ സംബന്ധിച്ചു ആവശ്യമായ നിവർത്തികൾ വാദികൾ തേടിക്കൊള്ളേണ്ടതാണു".

C പട്ടിക

ഇതിൽ 205 നമ്പ്ര ജംഗമങ്ങൾ ആണു" ഉള്ളതു". അവയെ

പ്പററി പല സംഘങ്ങളായി ആലോചിക്കാം. ഒന്നാം നമ്പർ വ
സ്തു 1808-ൽ സ്ഥാപിച്ച ട്രസ്റ്റായ 3000 പൂവരാഹനാണ്. ഇ
സംഖ്യ ബ്രിട്ടീഷ് ഖജനാവിൽ ആണെന്നമാത്രമെ പത്രികയിൽ
ഇതിനെപ്പററി പറയുന്നുള്ളു. ഇതു പൊതു ട്രസ്റ്റാണെ
ന്നുള്ളതു് തർക്കരഹിതവും ഇതിന്റെ ആദായത്തിനു ട്രസ്റ്റികൾ
എന്ന നിലയ്ക്കു വാദികൾക്കു അവകാശമുള്ളതുമാകുന്നു. 86 മു
തൽ 106 വരെ നമ്പ്ര വസ്തുക്കളെ സംബന്ധിച്ചിടത്തോളം അവ
യിൽ ഏതാനും സംഖ്യകൾ ചെലവായിപ്പോയി എന്നും മറ്റു
ചിലതു ഈടാക്കാൻ സാധിച്ചിട്ടില്ലെന്നും മറ്റുംപ്രതികൾ തർക്കി
ക്കുന്നുണ്ട്. ഇതിനും പുറമെ ഇവയെല്ലാം വിൽപ്പത്രത്തിൽ പെട്ട
വയാണെന്ന പൊതുവായി തർക്കിക്കുന്നുമുണ്ട്. വിവരപ്പത്രികയി
ൽ മരണപത്രികയെ ആക്ഷേപിച്ചിട്ടുണ്ടെങ്കിലും അതിൽ ഈ വ
സ്തുക്കൾ ഉൾപ്പെടുത്തിയതിനെപ്പററി വ്യക്തമായ വാദം ഇല്ല.
106—ാം നമ്പർ ഒഴികെയുള്ള മരണ പത്രികയിൽ ചേർത്തി
ട്ടുണ്ടെന്നുള്ളതു് ശരിയാണെന്നു തോന്നുന്നു.

106-ാം നമ്പരിനെപ്പററി പ്രത്യക്ഷമായ സമ്മതം ഇല്ല. അ
തിനാൽ 86 മുതൽ 106 വരെ നമ്പ്ര വസ്തുക്കൾ വിൽപ്പത്രത്തിൽ ഉ
ൾപ്പെട്ടവയൊ എന്നുള്ളതിനെപ്പററി ഒരു തീരുമാനം ചെയ്യാതെ
തന്നെ ഈ ഡിക്രിയിൽനിന്നും ഒഴിവാക്കപ്പെടുന്നു. 2 മുതൽ 46 വ
രെ നമ്പ്ര വസ്തുക്കളും മറു ചില നമ്പരുകളും പൊൻവെള്ളി പ
ണ്ടങ്ങളാണ്. 47 മുതൽ 85 വരെ നമ്പർ വസ്തുക്കൾ സ്ഥാനവസ്ത്രാ
ങ്ങൾ, പുസ്തകങ്ങൾ മുതലായവയാണ്. പത്രികയുടെ അനുബന്ധ
ത്തിൽ മറു പ്രസ്താവനകൾക്കിടയിൽ ഇവയിൽ ചിലതു പ്ര
ത്യേക മെത്രാന്മാരുടെ കൈവശമാണെന്നും, ചിലതു മാർ ദീവാ
സ്യോസ്സിന്റെ ജീവിതകാലത്തുതന്നെ കൈമാറ്റം ചെയ്തിട്ടുള്ളതാ
ണെന്നും, ചിലതു് അദ്ദേഹത്തിന്റെ മൃതശരീരത്തിൽ അണിയിച്ചു
സംസ്കരിക്കപ്പെട്ടുപോയി എന്നും, ഇവയെല്ലാംതന്നെ അദ്ദേഹ
ത്തിന്റെ മരണപത്രികയിൽ ചേർത്തവയാണെന്നും വാദിക്കുന്നു
ണ്ടു്. ഇവ മരണപത്രികയിൽ ചേർത്തു എന്നതിനെ വിവരപ്പത്രിക
യിൽ ആക്ഷേപിച്ചിട്ടില്ല. അവ ഏവയെന്നു ഇപ്പോൾ നിർണ്ണയി
ക്കുന്നില്ലെങ്കിലും, അവ അങ്ങിനെ ഉൾപ്പെടുത്തപ്പെട്ട എന്നാണു
കാണുന്നതു്. അതിനാൽ 2 മുതൽ 85 വരെ നമ്പ്ര വസ്തുക്കൾ ഈ
ഡിക്രിയിൽ ചേർക്കുന്നില്ല.

107 മുതൽ 141 വരെ നമ്പ്ര വസ്തുക്കൾ ഗൃഹോപകരണങ്ങളും
മറുമാണ്. ഈ വസ്തുക്കൾ പ്രതികളുടെ കൈവ
ശമായിരുന്നു എന്നുള്ളതിനെ പത്രികയിൽ നിഷേധിച്ചിട്ടില്ല.
ഇവയിൽ ചില വസ്തുക്കളെ സംബന്ധിച്ചു പ്രതിക്കളുടെ സമ്മതം ത
ന്നെ ഉണ്ടു്. അതിനാൽ ട്രസ്റ്റു് സ്വത്തുക്കളെ സംബന്ധിച്ചുള്ള
പൊതുവായ സമ്മതം, പത്രിക അനുബന്ധത്തിൽ പ്രത്യേകം എടു
ത്തു പറയാത്തവയേയും, സമ്മതം ബന്ധിക്കുന്നവയേയും നാം

ബന്ധിച്ചടത്തോളം അംഗീകരിക്കേണ്ടതും ആസ്പദപ്പെടുത്തി തീരുമാനം കൽപ്പിക്കേണ്ടതുമാണ്.

വിലയെ സംബന്ധിച്ചല്ലാതെ പ്രത്യേകമായി എടുത്തു പറയുന്ന വസ്തുക്കൾ 113, 117, 118, 124, 139 ഇവയാണ്. ഇവ ഇല്ലാ എന്നാണു വാദിക്കുന്നത്. 123, 131 ഈ നമ്പരുകൾ അഞ്ചു പടങ്ങളും ആറു ബഞ്ചുകളുമാണ്. 133-ാം നമ്പർ മോഷണം പോയതായി പറയപ്പെടുന്നു, 134 മുതൽ 137 വരെ നമ്പർ വസ്തുക്കൾ ചിതൽ എടുത്തുപോയി എന്നു വാദിക്കുന്നു. 142 മുതൽ 169 വരെയുള്ളവ ഒരു അച്ചടിയന്ത്രത്തിന്റെ സാമഗ്രികൾ ആണെന്നും പ്രസ്സ് വളരെക്കാലത്തിനു മുമ്പുതന്നെ അടച്ചിടപ്പെട്ടതിനാൽ ഈ നമ്പർ വസ്തുക്കൾ നശിക്കുകയൊ ഉപയോഗശൂന്യമായി തീരുകയൊ ചെയ്തു എന്നും പറയുന്നു. അതു പ്രതികളുടെ കൈവശത്തിലൊ നിയന്ത്രണത്തിലൊ അല്ലായിരുന്നു എന്നു വാദമില്ല. 170 മുതൽ 205 വരെയുള്ളവ മേശ കസേര മുതലായവയൊ ഓട്ടുപാത്രങ്ങളൊ ചെമ്പു തകിടുകളൊ മറ്റൊ ആണ്. 171 മുതൽ 173 വരെയും 175 മുതൽ 179 വരെയും 183 മുതൽ 186 വരെയും 192, 193, 195, 197 ഇവ ഒരിക്കലും ഉണ്ടായിരുന്നില്ലെന്നും 188-ാം നമ്പർ കേടുഭവിച്ചുപോയി എന്നും പറയപ്പെടുന്നു. 182, 190, 191, 194, 196 ഇവയിൽ ഓരോ ഇനത്തിലും ഓരോന്നു വീതമെ പ്രതികളുടെ കൈവശത്തിലുള്ളതായി സമ്മതിക്കുന്നുള്ളു. 198 മുതൽ 204 വരെ നമ്പരുകളിൽ പെട്ടതിൽ അഞ്ചുകലങ്ങൾ ഉള്ളതായെ സമ്മതിക്കുന്നുള്ളു. 205-ാം നമ്പരിൽ പെട്ടതിൽ ലിഖിതത്തോടുകൂടിയ ഏതാനും ചെമ്പുതകിടുകൾ മാത്രമെ സമ്മതിക്കപ്പെട്ടിട്ടുള്ളു.

അതിനാൽ 1, 107 മുതൽ 112 വരെ, 114 മുതൽ 116 വരെ, 119 മുതൽ 122 വരെ, 123, 131 ഇവയിൽ ഏതാനും ഭാഗം, 125 മുതൽ 130 വരെ, 132, 138, 140 മുതൽ 170 വരെ 174, 180, 181, 182 ന്റെ ഏതാനും ഭാഗം, 187 മുതൽ 189 വരെ 190, 191 194, 196, 198 മുതൽ 205 വരെ നമ്പർ വസ്തുക്കൾ മാത്രം ഡിക്രിയിൽ ചേർക്കപ്പെടും.

സിവിൾ നടപടി നിയമം XX-ാം ഉത്തരവ് 10-ാം റൂൾ അനുസരിച്ചു ജംഗമം കൈവശം കൊടുക്കണമെന്നു ആജ്ഞാപിക്കുന്ന ഒരു വിധിയിൽ അവയുടെ ശരിയായ വില ക്ലിപ്തപ്പെടുത്തിയിരിക്കേണ്ടതാണ്. ഈ നിയമം ധനനിക്ഷേപങ്ങളെ ബന്ധിക്കുന്നതാണെന്നുള്ള തത്വം Angappa Mooppan V Bala-Krishnan Mooppan (17 T. L J 95.) എന്ന വിധിയിൽ അംഗീകരിച്ചിട്ടുണ്ട്. പട്ടിക ഒന്നാം നമ്പ്ര വസ്തുവിനെ സംബന്ധിച്ചിടത്തോളം കൈവശം കൊടുക്കണമെന്നുള്ള കല്പന ആവശ്യമൊ സാധിക്കുന്നതൊ അല്ല. വാദികളുടെ അവകാശം സ്ഥാപിക്കയും പലിശയുടെ കണക്ക് വിധിക്കയും ചെയ്താൽ മതിയാകു

ന്നതാണു്. ഈ വിധിയാൽ കൈവശം കൊടുക്കണ്ടുമെന്ന ആ ജ്ഞാപിക്കുന്ന ജംഗമങ്ങളുടെ വിലയായി ഡിക്രിയിൽ കാണിക്കുന്നതു പത്രികയുടെ അനുബന്ധത്തിൽ സമ്മതിച്ചിട്ടുള്ള തുകകളാണു്. വിലയെപ്പറ്റി പത്രികയിൽ തർക്കമില്ലാത്തവസ്തു അനുബന്ധ പട്ടികയിൽ കാണുന്ന വില ഉൾപ്പെടുത്തപ്പെടും.

D പട്ടിക

ഇതിൽ ഗവർമ്മെൻറിൽ നിന്നു ഗ്രാൻറു ലഭിക്കുന്ന 4 സ്കൂളുകൾ ഉൾപ്പെടുന്നു. 1 മുതൽ 20 വരെയും 22_ം 24_ം നമ്പർ വസ്തുക്കൾ അതിൽ പറയുന്ന ഒരു മെത്രാപ്പോലീത്തായുടെ കൈവശത്തിലാണെന്നു പറയപ്പെടുന്നു. 21_ാം നമ്പർ ഒരു പ്രത്യേക സിമ്മനാരി വകയാണു്. 23_ാം നമ്പർ വസ്തു മാത്രം ഒന്നാംപ്രതിയുടെ നിയന്ത്രണത്തിലാണെന്നു സമ്മതിക്കുന്നു. അതേപ്പറ്റി കൂടുതലായി ഒരു വാദവും ഇല്ലാത്ത സ്ഥിതിക്കു പൊതു സമ്മതമനുസരിച്ചു അതു ട്രസ്റ്റു സ്വത്തുക്കളിൽ പെട്ടതാണെന്നു തീരുമാനിക്കുകയും ഡിക്രിയിൽ ഉൾപ്പെടുത്തുന്നതിനു ആജ്ഞാപിക്കയും ചെയ്യുന്നു.

മറെറ 23 സ്കൂളുകൾ ട്രസ്റ്റു സ്വത്തുക്കൾ ആണോ എന്നുള്ളതിനെപ്പറ്റി യാതൊരു വിധിയും കല്പിക്കുന്നില്ല. അവ ഡിക്രിയിൽ ചേർക്കപ്പെടുന്നതല്ല.

ഏതെങ്കിലും ഒരു പ്രത്യേക പ്രതിക്കു ഏതെങ്കിലും ഒരു പ്രത്യേക വസ്തുവിൻെറ യഥാർത്ഥമായോ വ്യാഖ്യാനജന്യമായോ ഉള്ള കൈവശം ഇല്ലാതിരുന്നാൽ അതിൻെറ മേലാളായതെപ്പറ്റിയോ കോടതിച്ചിലവിനെപ്പറ്റിയോ ഒഴികെ അതിൻെറ കൈവശം ആജ്ഞാപിക്കുന്ന ഒരു ഡിക്രിമൂലം അയാൾക്കു യാതൊരുവിധമായ നഷ്ടത്തിനും ഇടയാകുന്നതല്ല. സി പട്ടിക വസ്തുക്കളെപ്പറ്റിയുള്ള സമ്മതങ്ങൾ, ജംഗമങ്ങളുടെ വിലയെപ്പറ്റി യാതൊരു വ്യത്യസ്തവും ആലോചിക്കേണ്ട ആവശ്യം ഇല്ലാതാക്കുന്നുണ്ടു്. കേസ്സിൻെറ വിധിയനുസരിച്ചിരിക്കും കോടതിച്ചിലവിനെപ്പറ്റിയുള്ള ഉത്തരവും. കൈവശത്തെയോ നിയന്ത്രണത്തെയോ ആശ്രയിച്ചു മേലാളായത്തിനുള്ള ഉത്തരവാദിത്വത്തെ സംബന്ധിച്ചു മാത്രമേ ഒന്നും രണ്ടും മൂന്നും പ്രതികൾ തമ്മിൽ വ്യത്യസ്തം വരുത്തേണ്ടതുള്ളു.

ഈ കേസ്സിൽ അനുവദിക്കപ്പെടുന്ന ഇതര നിവൃത്തികളുടെ സ്വഭാവത്തിനും പ്രതികളുടെ ട്രസ്റ്റു ഭരണത്തെപ്പറ്റി കണക്കു ചോദിക്കണമെന്നു ആജ്ഞാപിക്കുന്ന ഒരു ഡിക്രി ഉചിതമായിരുന്നാൽ തന്നെയും, അതുസംബന്ധിച്ചുള്ള വാദികളുടെ അപേക്ഷ അനുവദിക്കേണ്ട ആവശ്യമില്ല.

119_ൽ 1_ാം നമ്പർ അപ്പീൽ അനുവദിക്കേണ്ടതാണു്. ഡിക്രിയിൽ താഴെപ്പറയുന്നവ ഉൾപ്പെടുത്തേണ്ടതുമാണു്.

(1) അന്യായം 37 (a), (b) വകുപ്പുകളിൽ വിവരിക്കുന്ന പ്രഖ്യാപനങ്ങൾ അനുവദിക്കപ്പെടണം.

(ii) അന്യായ പട്ടികയിൽ വിവരിക്കുന്നവയും ഡിക്രിയുടെ വ്യാപ്തിയിൽ ഉൾപ്പെടുത്തേണ്ടവയെന്ന മേൽ പ്രസ്താവിച്ചിട്ടുള്ളവയിൽ സി പട്ടിക ഒന്നാംനമ്പ്ര വസ്തു ഒഴികെയുള്ള സ്ഥാവര ജംഗമ സ്വത്തുക്കൾ ഒന്നും രണ്ടും മൂന്നും പ്രതികളെ വിട്ടൊഴിപ്പിച്ചു വാദികൾക്കു കൈവശം കൊടുക്കുന്നതിനും അവയിൽപ്പെട്ട ജംഗമങ്ങൾ കൈവശം കൊടുക്കാത്തപക്ഷം സി പട്ടിക ഒന്നാം നമ്പ്ര വസ്തു ഒഴികെയുള്ളവയ"ക്കു മേൽ പ്രസ്താവിച്ച പ്രകാരമുള്ള വില കൊടുപ്പിക്കുന്നതിനും ആജ്ഞാപിക്കണം.

(iii) A പട്ടിക ഒന്നാംനമ്പ്ര വസ്തുവിനു മേൽപ്പറഞ്ഞ പ്രതികളും A പട്ടിക 2 മുതൽ 5 വരെയും B പട്ടിക 1 മുതൽ 7 വരെയും 9, 11, 31, 32 ഈ നമ്പരുകൾക്കും D പട്ടിക 23_ാം നമ്പരിനും ഒന്നാംപ്രതിയും A M അക്കത്തീയതി ആയ 11_5_110 മുതൽ 26_7_113 വരെയും അന്യായത്തീയതിയായ 27_7_113 മുതൽ കൈവശം വിട്ടുകൊടുക്കുകയൊ ഡിക്രിത്തീയതി മുതൽ മൂന്നു കൊല്ലം വരെയൊ ഇവയിൽ ആദ്യം സംഭവിക്കുന്നതു ഏതൊ അന്നുവരെയും നൽകേണ്ടതായി വരുന്ന മേലാദായം നിർണ്ണയിക്കണം.

(IV) 11_5_1110 മുതൽ ഈ ജഡ്ജ്മെൻറ തീയതിവരെ സി പട്ടിക ഒന്നാംനമ്പ്ര വസ്തുവിൽ നിന്നുള്ള ആദായത്തിനു മേൽപ്പറഞ്ഞ പ്രതികൾ കണക്കു ബോധിപ്പിക്കേണ്ടതാണു്.

(V) അന്യായം 37 (f) വകുപ്പിൽ അപേക്ഷിച്ചിരിക്കുന്ന ശാശ്വത നിരോധനാജ്ഞ നൽകപ്പെടണം.

(VI) ഡിക്രിയുടെ വ്യാപ്തിയിൽ പെടുന്നതായി മേൽ തീരുമാനിക്കപ്പെട്ടിരിക്കുന്ന വസ്തുക്കളുടെ വിലയ്ക്കനുസരണമായി ജയ്ച്ചിടത്തോളം ഭാഗത്തിനു തക്കവണ്ണം അസ്സൽ കോടതിയിലെയും അപ്പീൽക്കോടതിയിലെയും വാദികളുടെ ചിലവു മേൽപ്പറഞ്ഞ പ്രതികൾ തനിച്ചു കൊടുക്കണം.

(VII) പ്രതികൾ ബോധിപ്പിച്ചിട്ടുള്ള ഒബ്ജക്ഷൻ മെമ്മോറാണ്ടം വാദികളുടെ ചിലവു സഹിതം തള്ളണം. മേൽപ്പറഞ്ഞ പ്രതികൾ ആ ചിലവു വാദികൾക്കു കൊടുക്കണം.

മേൽ (iii)-ം (IV)-ം വകുപ്പുകളിൽ വിവരിച്ചിരിക്കുന്ന സംഗതികളെ സംബന്ധിച്ചു ഒരു അവസാനവിധി കൽപ്പിക്കുന്നതിനും അതേത്തുടർന്നുള്ള ഉത്തരവുകൾ നൽകുന്നതിനും, ഈ വിധിക്കു ശേഷമുള്ള കോടതിച്ചിലവിനെപ്പറ്റിയുള്ള ഉത്തരവുകൾ നൽകുന്നതിനും ആയി കേസ്സിന്റെ റിക്കാർട്ടുകൾ കോട്ടയം ജില്ലാക്കോടതിയിലേക്കു അയയ്ക്കപ്പെടണം.

118_ൽ 914_ാംനമ്പ്ര അപ്പീൽ, അപ്പീൽ പ്രതികളുടെ ചിലവുസഹിതം തള്ളേണ്ടതാണു്.

ഈ വിധത്തിൽ ഒരു വിധി കൽപ്പിക്കേണമെന്നു മഹാരാജാവു തിരുമേനിയെ താഴ്മയായി ഉപദേശിച്ചുകൊള്ളുന്നു.

(ഒപ്പു്) ജി. ഡി. നോക്സ്. ജഡ്ജ്.

ജസ്റ്റീസ് സത്യനേശൻ

എന്റെ സഹോദരൻ ജസ്റ്റീസ് നോക്സ് രേഖപ്പെടുത്തിയിട്ടുള്ള വിധിന്യായങ്ങളിലും വിധിയിലും ഞാൻ പരിപൂർണ്ണമായി യോജിക്കുന്നു. ഈ അപ്പീലിൽ അന്തർഭവിച്ചിരിക്കുന്ന കേസ്സിന്റെ ചില വശങ്ങളെ സംബന്ധിച്ചുമാത്രമെ പ്രതിപാദിക്കുന്നതിനു ഞാൻ ഉദ്ദേശിക്കുന്നുള്ളൂ.

2. കോട്ടയം ജില്ലാക്കോടതിയിൽ 1113-ൽ അസ്സൽ 111-ലെ വാദികളാണ് അപ്പീൽ ബോധിപ്പിച്ചിരിക്കുന്നത്. വാദികൾ നിയമപ്രകാരമുള്ള ട്രസ്റ്റികളാണെന്നുള്ള നിലയിൽ ഒരു ട്രസ്റ്റ ലംഘനത്തെപ്പറ്റിയാണ് വ്യവഹാരപ്പെടുന്നത്. ട്രസ്റ്റു മലങ്കര യാക്കോബായ സുറിയാനി സമുദായത്തിന്റെ പേർക്കുള്ളതാണ്. 1 മുതൽ 3 വരെ പ്രതികളും അവരുടെ പക്ഷത്തിൽ പെട്ടവരും പുരാതന സുറിയാനി യാക്കോബായ സഭയിൽ നിന്നു മന സ്സാലെ വേർപെട്ടശേഷം മലങ്കര "ഓർത്തഡോക്സാ സുറിയാനിസഭ" എന്ന അഭിധാനത്തിൽ അവർ സൃഷ്ടിച്ചിരിക്കുന്ന സഭയുടെ ഗുണത്തിനു വേണ്ടിടി ട്രസ്റ്റു സ്വത്തുക്കൾ വിനിയോഗിക്കുന്നു എന്നതാണ് ട്രസ്റ്റു ലംഘനമായി പറയുന്നത്. അവർ പ്രാർത്ഥിക്കുന്നു നിവർത്തി അന്യായപട്ടികയിൽ വിവരിക്കുന്ന ട്രസ്റ്റു സ്വത്തുക്കൾ പ്രതികളെവിട്ട് ഒഴിപ്പിച്ചു ആദായസഹിതം വാദികൾക്കു കൈവശം കൊടുപ്പിക്കണമെന്നാണ്.

3. പാത്രിയക്കീസിനു സഭയിന്മേലുള്ള ഭരണപരമായ അധികാരസ്വഭാവത്തെപ്പറ്റിയുള്ള ചില തർക്കങ്ങൾക്കു വിധേയമായി, പാരി എന്ന ഗ്രന്ഥകാരന്റെ "ഒരു സിറിയൻ ആശ്രമത്തിൽ ആറുമാസം" (Six Months in a Syrian Monastery) എന്ന കൃതിയിൽ 314-ാം പുറത്തു വിവരിക്കുന്നതുപോലെ "അന്ത്യാഖ്യായിലെ അപ്പോസ്തലിക ഇടവകയുടെയും സിറിയായിലെ സകല യാക്കോബായ ഇടവകകളുടെയും കിഴക്കിന്റെയും" തലവനായ അന്ത്യാഖ്യാ പാത്രിയർക്കീസിന്റെ മേൽപ്രക്ഷതയിൻ കീഴാണ് മലങ്കര യാക്കോബായ സുറിയാനി സഭ എന്ന വസ്തുത ഇരുകക്ഷികളും സമ്മതിക്കുന്നു. ട്രസ്റ്റു സ്വത്തുക്കളെന്നു സമ്മതിക്കുന്നവ മലങ്കര യാക്കോബായ സുറിയാനി സഭവകയാണെന്നും സമ്മതിക്കുന്നു. എന്നാൽ ട്രസ്റ്റു സ്വത്തുക്കൾ രണ്ടു ഇനങ്ങളിൽ പെട്ടവയാണെന്നും ഒന്നു മലങ്കര മെത്രാപ്പോലീത്താ ഉൾപ്പെടെ മൂന്നു ട്രസ്റ്റികളാൽ ഭരിക്കപ്പെടേണ്ടതും മറ്റതു മലങ്കര മെത്രാപ്പോലീത്താ തനിച്ചു ഭരണം നടത്തേണ്ടതും ആണെന്നും ഒന്നു മുതൽ മൂന്നുവരെ പ്രതികൾ തർക്കിക്കുന്നുണ്ട്. (പ്രതികളുടെ പ്രത്യേക തർക്കം 1-3 വരെയും 61-ാം) ഇരുഭാഗക്കാരും സഭയിൽ നിന്നു പിരിഞ്ഞുപോയി എന്നു അന്യോന്യം കുറ്റം ആരോപിക്കുന്നു. സ്പഷ്ടതയ്ക്കു വേണ്ടി ഓരോ ഭാഗക്കാരുടെയും തൽസംബന്ധമായ തർക്കം താഴെ സംക്ഷേപിക്കാം.

വാദികൾ ആശ്രയിക്കുന്ന കാരണങ്ങൾ

(സമ്മത വിസമ്മതങ്ങൾ 45 നോക്കുക)

i) ഒന്നാം പ്രതി തലവനായിരിക്കുന്നതും രണ്ടും മൂന്നും പ്രതികളും മറ്റും ഉൾപ്പെട്ടിരിക്കുന്നതുമായ കക്ഷി പാത്രിയർക്കീസിന്റെ അധികാരത്തെ പരസ്യമായി നിഷേധിക്കുകയും എതിർക്കുകയും ചെയ്തിരിക്കുന്നു.

ii) ഒന്നാം പ്രതി ന്യായമായി മലങ്കര മെത്രാപ്പോലീത്താ ആയോ, കാതോലിക്കോസു് ആയോ പാത്രിയർക്കീസിനാൽ വാഴിക്കപ്പെട്ടിട്ടില്ല.

(iii) പ്രതിപക്ഷക്കാർ ഓർത്തഡോക്സ് സിറിയൻ സഭ എന്ന പേരിൽ ഒരു പുതിയ സഭ സ്ഥാപിച്ചിരിക്കുന്നു. അതിന്റെ ഭരണഘടന പുരാതന യാക്കോബായ സഭാ ചട്ടങ്ങളിൽനിന്നും മൗലികമായി വ്യത്യസ്തപ്പെട്ടതാണു്. അതിലെ സഭാസ്ഥാനികൾ പാത്രിയക്കീസ്സിന്റെ അധികാരങ്ങളെയും അവകാശങ്ങളെയും കവർന്നെടുത്തിരിക്കുന്നു.

പ്രതികൾ ആശ്രയിക്കുന്ന കാരണങ്ങൾ

[സമ്മതവിസമ്മതങ്ങൾ 122—161 വരെ]

(i വാദികൾ 1085 മുതൽ മലങ്കര മെത്രാപ്പോലീത്തായായിരുന്ന മാർ ദീവന്നാസ്യോസ്സിനെയും മലങ്കര സുറിയാനിസഭയെയും എതിർത്തുവന്നിരുന്നു.

(ii) വാദികൾ അവരുടെ വിശ്വാസതത്വങ്ങളായി താഴെ പ്പറയുന്നവ സ്വീകരിച്ചിരിക്കുന്നു.

(a) പാത്രിയക്കീസ്സിനു സഭാസ്വത്തുക്കളിന്മേൽ ലൗകീകാധികാരം ഉണ്ടു്.

(b) പാത്രിയക്കീസ്സിനുമാത്രമെ മൂറോൻക്കൂദാശ ചെയ്യുന്നതിനു് അധികാരമുള്ളൂ.

(c) സഭയുടെ കാനോൻ ബി പി അക്കമാണു്. (41, 45 T L R. 1088-ൽ അസ്സൽ 94-ാം നമ്പരിൽ 18 അക്കം)

(d) കാതോലിക്കാസ്ഥാപനം നിയമാനുസരണം സ്ഥാപിച്ചിട്ടുള്ളതല്ല.

(e ഒരു മെത്രാപ്പോലീത്തായെ വാഴിക്കുന്നതിനോ അദ്ദേഹത്തെ മുടക്കുന്നതിനോ പാത്രിയക്കീസ്സിനു തനിച്ചു് അധികാരമുണ്ടു്.

(iii വാദികൾ മാർ ബസ്സേലിയോസ്സിന്റെ നാമം പ്രാർത്ഥനപുസ്തകങ്ങളിൽനിന്നു നീക്കംചെയ്യുകയും അങ്ങനെ പ്രാർത്ഥനകളിൽ വ്യത്യാസം വരുത്തുകയുംചെയ്തിരിക്കുന്നു.

(iv) വിവാദസഭാസ്വത്തുക്കളിന്മേൽ പാത്രിയക്കീസ്സിനു ലൗകീകാധികാരം നൽകിക്കൊണ്ടു 2-ം 3-ം വാദികളുടെ പിന്തുണയോടുകൂടി ഒന്നാം വാദി പാത്രിയക്കീസ്സിന്റെപേക്കു ഒരു ഉടമ്പടി എഴുതിക്കൊടുത്തിട്ടുണ്ടു്.

(v) വാദികളോടു് അനുകൂലിച്ചുനില്ക്കുന്നതിനാൽ പാത്രിയക്കീസ്സന്മാരും "സഭയ്ക്കു ഇതരന്മാരായി"ത്തീർന്നിരിക്കുന്നു.

4. വാദികളൊ പ്രതികളൊ സഭയിൽനിന്നു പോയിട്ടില്ലെന്നു കീഴ്ക്കോടതി തീരുമാനിച്ചു. എന്നാൽ വാദികളും അവരെ അനുകൂലിക്കുന്നവരും സഭയിൽനിന്നു മനസ്സാലെ പറത്തുപോയിരിക്കുന്നു എന്നുള്ള വാദം (No. 11) പ്രതികൾ അവരുടെ ക്രാസ്സ് അപ്പീലിൽ ഉന്നയിച്ചിട്ടുണ്ടു്. എന്നാൽ വാദസമയത്തു വാദികൾ സഭയിൽനിന്നു പിരിഞ്ഞുപോയിട്ടില്ലെന്നും മററാരെയും പോലെ വാദികളും പുരാതന യാക്കോബായ സുറിയാനി സഭാംഗങ്ങളാണെന്നും പ്രതിഭാഗം അഭിഭാഷകൻ നീതിപൂർവ്വം സമ്മതിക്കുകയുണ്ടായി. പുരാതനകാലത്തു് എന്തെല്ലാം നടന്നിരുന്നാലും മലങ്കര ട്രസ്ററുസ്വത്തുക്കളുടെ ഉൾഭരണത്തിൽ ഇടപെടുന്നതിനു പാത്രിയക്കീസ്സിനു് അധികാരമുണ്ടെന്നു വാദികൾ സമർത്ഥിക്കുന്നില്ലെന്നു വാദിഭാഗം അഭിഭാഷകനും ഒരു വിശദീകരണം നൽകുകയുണ്ടായി. വാദികളുടെ നില അവർ അന്യായക്കാലത്തുതന്നെ വ്യക്തമാക്കിയിരുന്നതായി കാണുന്നു. സഭാസ്വത്തുക്കളുടെ ദുർഭരണത്തിനൊ, അവയുടെ അപഹരണത്തിനൊ യോഗ്യമായ ആത്മീയശിക്ഷ നൽകുന്നതിനുള്ള അധികാരം പാത്രിയക്കീസ്സിനു ഉണ്ടെന്നും ആ നിലയിൽ അദ്ദേഹം മലങ്കരസഭയുടെ വൈദീകമേലധ്യക്ഷനാണെന്നും അവർ സമർത്ഥിക്കുന്നു. (പ്ലീഡിംഗ്സ് 1240) പ്രതിഭാഗത്തെ അഭിഭാഷകൻ ചെയ്ത സമ്മതം അനേക സംഗതികളുടെ വിപുലമായ വിചാരണ അനാവശ്യമാക്കിത്തീർത്തിട്ടുണ്ടു്. അതിനാൽ സമ്മതത്തിൽ അന്തർഭവിച്ചിരിക്കുന്ന സംഗതികളെയും അവയുടെ ഗൗരവത്തെയും പററി കൂലങ്കഷമായി വിചിന്തനം ചെയ്യേണ്ടതുണ്ടു്.

(i) പാത്രിയക്കീസു് സഭയ്ക്കു ഇതരനല്ല. അതായതു പാത്രിയക്കീസും അദ്ദേഹത്തിന്റെ മുൻഗാമികളും പുരാതന യാക്കോബായ സഭയുടെ ന്യായമായും യഥാർത്ഥമായും ഉള്ള തലവന്മാരാണു്.

(ii) (a) ട്രസ്ററികളാൽ നടത്തപ്പെടുന്ന ട്രസ്ററു ഭരണം സംബന്ധിച്ചു ആത്മീയമായ ഒരു മേൽനോട്ടംമാത്രം പാത്രിയക്കീസിനു ഉണ്ടെന്നും

(b) പാത്രിയക്കീസിനു മാത്രം മൂറോൻ കൂദാശ ചെയ്യുന്നതിനു അധികാരമുണ്ടെന്നും

(c) യാക്കോബായ സഭയുടെ സത്യമായ കാനോൻ ബി പി അക്കമാണെന്നും

(d) കാതോലിക്കാ സ്ഥാപനം ന്യായാനുസരണം സ്ഥാപിച്ചിട്ടുള്ളതല്ലെന്നും

ഉള്ള തക്കങ്ങൾ വാദിഭാഗത്തു നിന്നും സമർത്ഥിക്കുന്നതിനാൽ ആ വർ പുരാതനസഭയ്ക്കു ഇതരന്മാരായിത്തീർന്നില്ലെന്നും പരോക്ഷമായി സമ്മതിക്കുന്നതായിട്ടാണു" വന്നു കൂടുന്നതു". അതുകൊണ്ടു" ഈ കേസ്സിൽ ആലോചനാവിഷയമായിരിക്കുന്നതു പ്രതികൾ പുരാതനസഭയിൽ നിന്നും വേർപെട്ട ഒരു പുതിയ സഭ രൂപവല്ക്കരിച്ചോ എന്നുള്ളതാണു". ഈ കേസ്സിന്റെ സ്വഭാവത്തിനു വാദികൾ ജയിക്കണമെങ്കിൽ അവർ താഴെവരുന്ന സംഗതികൾ സ്ഥാപിച്ചെങ്കിൽ മാത്രമെ സാധിക്കയുള്ളൂ.

(A) മലങ്കര ഓർത്തഡോക്സ്" സുറിയാനിസഭ എന്ന ഒരു പുതിയ സഭയുടെ നിലനിൽപ്പിനും ഭരണത്തിനും വേണ്ടി മലങ്കര യാക്കോബായസഭ വകയായുള്ള ട്രസ്റ്റിന്റെ സ്വത്തുക്കളെ പ്രതികൾ വിനിയോഗിക്കപ്പെട്ടു എന്നും

(B) വാദികൾ നിയമപ്രകാരം തെരഞ്ഞെടുക്കപ്പെട്ട ട്രസ്റ്റികളാണെന്നും സ്ഥാപിക്കണം.

5. മേൽ A വകുപ്പിൽ ഉദിക്കുന്ന പ്രശ്നത്തിനുള്ള ഉത്തരം, പ്രതികളും അവരുടെ അനുയായികളും പുരാതന യാക്കോബായ സഭയിൽ നിന്നും പിരിഞ്ഞുപോയോ എന്നുള്ള കൂടുതൽ വിപുലമായ പ്രശ്നത്തിന്റെ ഉത്തരത്തിന്മേൽ ആശ്രയിച്ചാണു" ഇരിക്കുന്നതു". വസ്തുക്കൾ മലങ്കര യാക്കോബായ സുറിയാനിസഭയുടെ ഉണത്തിനായി വിനിയോഗിക്കപ്പെട്ടു എന്നു" ഇരുഭാഗവും സമ്മതിക്കുന്നു. പ്രതികളും അവരുടെ പക്ഷക്കാരും ചേർന്നുള്ള പുതിയ സഭയുടെ ഭരണഘടന A M അക്കമാണെന്നു വാദികൾ സമർത്ഥിക്കുന്നു. അതുകൊണ്ടു മലങ്കര യാക്കോബായ സുറിയാനിസഭ എന്നു പറയുന്നതിന്റെ വ്യക്തിത്വം ഏതിൽ അടങ്ങിയിരിക്കുന്നു എന്നും, ഏതു സമുദായത്തിന്റെ ഉണത്തിനു വേണ്ടിയാണു" ട്രസ്റ്റു സ്വത്തുക്കൾ ഭരിക്കപ്പെടുകയും ഉപയോഗിക്കപ്പെടുകയും ചെയ്യുന്നതെന്നും രീതിമനിക്കപ്പെടേണ്ടതു" ആവശ്യമായിത്തീർന്നിരിക്കുന്നു. ഇങ്ങനെയുള്ള വിഭാഗങ്ങളുടെ ആനുശ്രുതിക നിർണ്ണയിക്കുന്നതിലേക്കു പ്രഭുസഭയുടെ Free Church of Scotland V Overtoun എന്ന വിധിയിന്മേലാണു" വാദിഭാഗം ആശ്രയിക്കുന്നതു". സ്കോട്ടലൻഡിലെ വ്യവസ്ഥാപിത സഭയിൽനിന്നു പിരിഞ്ഞ രണ്ടു സഭകളാണു" United Presbyterian Church-എന്നും Free Church of Scotland എന്നും പറയുന്ന മതവിഭാഗങ്ങൾ. "വ്യവസ്ഥാപിതം"എന്നതു സഭയും രാഷ്ട്രവും തമ്മിലുള്ള യോജിപ്പും അവതമ്മിൽ വ്യക്തവും വ്യക്തിപരവുമായ ഒരു ബന്ധം ഉളവാക്കുക എന്നാണു", വ്യവസ്ഥാപിതസഭ (Established Church) എന്നതു നിയമത്താൽ സ്കോട്ട്ലണ്ടിലും അയർലണ്ടിലും (1869 വരെ) പ്രത്യേകമായി ഇംഗ്ലണ്ടിലും സ്ഥാപിതമായിരിക്കുന്ന വൈദിക

സ്ഥാപനമാണ". നവീകരണത്തിനു മുമ്പുള്ള ആംഗ്ലേയ സഭ (Pre Reformation Church of England) മാർപ്പാപ്പായുടെ മേലധികാരത്തെ അംഗീകരിക്കുന്ന ആളുകളുടെ സഭയാണ". നവീകരണശേഷം ഉള്ള സഭയുടെ വ്യക്തിത്വം, നിയമത്താൽ സ്ഥാപിതവും രാജകീയ മേലധ്യക്ഷത എന്ന തത്വത്തിന്മേൽ അടിസ്ഥാനപ്പെട്ടതും എന്നുള്ളതിലാണ സ്ഥിതി ചെയ്യുന്നത്". വേറെ വിധത്തിൽ പറഞ്ഞാൽ "വ്യവസ്ഥാപിതം" എന്നതു മൂലം സാധിച്ചതു പാപ്പാ അധികാരം നിർമ്മാജ്ജനം ചെയ്യപ്പെടുകയും ആത്മീയവും വൈദികവുമായ പരമാധികാരം രാജസ്ഥാനത്തു ചേർക്കപ്പെടുകയും ആയിരുന്നു. സ്വതന്ത്രസഭ (Free Church) എന്നു പറയുന്ന സംഘം ആത്മീയകാര്യങ്ങളിലുള്ള രാഷ്ട്രത്തിന്റെ ഇടപെടലിനെ എതിർക്കുകയും അങ്ങനെ 1843-ൽ സ്കോട്ട്ലണ്ടിലെ വ്യവസ്ഥാപിത സഭയിൽനിന്നും ഭിന്നിച്ചുപോകുകയും ചെയ്തു. പുതിയ സഭയുടെ സ്ഥാരണത്തിനുവേണ്ടി വിപുലങ്ങളായ നിക്ഷേപങ്ങൾ സ്ഥാപിക്കപ്പെട്ടു. 1900-ൽ United Free Church of Scotland എന്ന പേരിൽ യുണൈറ്റഡ് പ്രെസ്ബിറ്റീരിയൻസഭയും ഫ്രീച്ചർച്ചും കൂടി യോജിച്ചു. ഫ്രീച്ചർച്ച് സഭയിലെ അസംബ്ളിയിൽ 27 വോട്ടിനു് എതിരായി 643 വോട്ടോടുകൂടി ഈ സഭാ ഐക്യം അംഗീകരിച്ചു. ഐക്യത്തിനുശേഷം പൊതു ട്രസ്റ്റികൾ എന്നു" അവകാശപ്പെട്ടവരെ പ്രതിചേർത്തു, ഫ്രീ ചർച്ചിലെ ന്യൂനപക്ഷത്തെ പ്രതിനിധീകരിച്ചു വ്യവഹാരം ഉണ്ടാക്കി.

(1) വ്യവസ്ഥാപിത തത്വം: അതായതു സഭയെ സ്ഥാപിക്കുകയും അതിനുവേണ്ടി ട്രസ്റ്റു് സൃഷ്ടിക്കുകയും ചെയ്യേണ്ട ചുമതല രാഷ്ട്രത്തിനാണെന്നുള്ള പുരാതന ഫ്രീചർച്ചിന്റെ ഭരണഘടന.

(2) ഫ്രീ ചർച്ചുകാർ അവരുടെ വിശ്വാസപ്രമാണമായി സ്വീകരിച്ചിരുന്ന വെസ്റ്റുമിനിസ്റ്റർ വിശ്വാസ പ്രഖ്യാപനം. ഈ രണ്ടു സംഗതികളിൽ ഫ്രീ ചർച്ചിലെ ഭൂരിപക്ഷം പുരാതന ഫ്രീ ചർച്ചിന്റെ ഭരണഘടനയിൽ നിന്നു പിന്മാറിപ്പോയി എന്നായിരുന്ന ആ കേസിലെ വ്യവഹാരത്തിനിന്നും പുറപ്പെടുവിച്ച വാദം. (i) വ്യവസ്ഥാപിത തത്വം സഭയുടെ മൗലികമൊ അത്യന്താപേക്ഷിതമൊ ആയ തത്വമല്ലെന്നും, യഥാർത്ഥത്തിൽ 1843-നു ശേഷം ഫ്രീച്ചർച്ച് രാഷ്ട്ര സഹായം രാഷ്ട്ര നിയന്ത്രണം ഇവയിൽനിന്നും സ്വതന്ത്രമായിരുന്നു എന്നും. (ii) വെസ്റ്റ്മിനിസ്റ്റർ വിശ്വാസപ്രഖ്യാപനം തങ്ങൾ ഉപേക്ഷിച്ചില്ലെന്നും, അതു വ്യാഖ്യാനിക്കുക മാത്രമെ ചെയ്തിട്ടുള്ളു എന്നും, ക്രിസ്തു അതിന്റെ ഏകതലവനും അവന്റെ വചനം ഏക പ്രമാണവും ആയിരിക്കുന്ന ഒരു സഭയായിരിക്കുന്നതിനോടു പൂർവ്വാപരവിരുദ്ധമായ ഒരു നില സ്വീകരിക്കരുതെന്നുള്ള തടസ്സം മാത്രമെ പ്രതികൾ സ്വീകരിക്കുന്നുള്ളു എന്നുമായിരുന്ന പ്രതിഭാഗത്തും നിന്നും വാദിച്ചിരുന്നതു". മുതുക്കിപ്പറഞ്ഞാൽ ഫ്രീച്ചർച്ചിലെ ന്യൂനപക്ഷമായിരുന്ന വാദികൾ ഐക്യത്തിനു് സമ്മ



അങ്കമാലി ഇടവകയുടെ നി. വ. ദി. ശ്രീ.

മാർ ഗ്രീഗോറിയോസ് ഗീവറുഗീസ് മ്അദറോനോ

മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട്



കൊച്ചി ഇടവകയുടെ നി. വ. ദി. ശ്രീ.

മാർ സേവേറിയോസ് പൗലൂസ് മെത്രാപ്പോലീത്താ

തിരുമനസ്സുകൊണ്ട്

തിക്കാഞ്ഞ കാരണത്താൽ അവർ ഫ"റീച്ചർച്ചിൽ നിന്ന പിരിഞ്ഞു പോയി എന്നായിരുന്ന തർക്കിച്ചിരുന്നത്". (598-ാം പുറം നോക്കുക) വ്യവസ്ഥാപിതതത്വത്തെപ്പറ്റിയാണെങ്കിൽ 1843 .ന" ശേഷം യഥാത്ഥത്തിൽ ഏതെങ്കിലും സംഗതിയിൽ ഫ"റീച്ചർച്ച രാഷ്ട്രത്തിന്റെ നിയന്ത്രണത്തിൽ ആയിരുന്നൊ എന്നതല്ല പിന്നെയൊ അത് ഒരു മതലികതത്വമായി അംഗീകരിക്കപ്പെട്ടിരുന്നവൊ എന്നുള്ളതായിരുന്ന പ്രശ"നം. ഫ"റീച്ചർച്ചിനുവേണ്ടി വാദിച്ചിരുന്ന അഭിഭാഷകൻ "Free" (സ്വതന്ത്രം) എന്ന പദത്തിന" നൽകിയ വിശദീകരണത്തിൽ നിന്ന ഈ വ്യത്യാസം സ്പഷ്ടമാകുന്നതാണ". അന്നത്തെ കോടതികളുടെയും നിയമസഭയുടെയും പിൻതുണയോട" കൂടിയ ഒരു വ്യവസ്ഥിതിയിൽനിന്ന സ്വതന്ത്രവും അതുപോലെതന്നെ സ്ഥാപിക്കപ്പെട്ട ഒരു വ്യവസ്ഥിതിലേക്ക" തിരിച്ചുപോകുന്നതിനുള്ള സ്വാതന്ത്ര്യമുള്ളതും എന്നതത്രെ അദ്ദേഹം ആ പദം വ്യാഖ്യാനിച്ചത്".

6. മതപരമായ ആരാധനയ്ക്കു വേണ്ടി ട്രസ"റ്റായിട്ട" സ്വത്തുക്കൾ സ്ഥാപിക്കപ്പെടുന്നപക്ഷം, അതിനുള്ള പ്രമാണത്തിൽ ഒരു ശീശ"മയെപ്പറ്റി ഏതെങ്കിലും വ്യവസ്ഥ ഉണ്ടായിരുന്നാൽ കോടതി അതിന്മേൽ അടിസ്ഥാന പ്പടുത്തിവിധിക്കുമെന്നും അതേപ്പറ്റിയാതൊരു വ്യവസ്ഥയും ഇല്ലാതിരിക്കയും എന്നാൽ സഭ ഭിന്നിക്കയും ചെയ്താൽ, ആ കുറ്റം പുരാതനമായി സ്വീകരിച്ചിരുന്ന അഭിപ്രായങ്ങളിലും തത്വങ്ങളിലും ഉറച്ചുനിൽക്കുന്നവരുടെ ട്രസ"റു" വസ്തുവിന്മേലുള്ള അവകാശത്തെ നിഹനിക്കുന്നതിന" പര്യാപ്തമായ വിധം ട്രസ"റു ഭരണം നടത്തുന്നതിന" കോടതി അനുവദിക്കുന്നതല്ലെന്നും ഉള്ള സംഗതികളിൽ കേസ്സുകേട്ട ജഡ"ജിമാർ ഏകാഭിപ്രായമായിരുന്ന (614, 629, 704 ഈ പുറങ്ങൾ നോക്കുക.) അവക്കു" മുമ്പിൽ ഉണ്ടായിരുന്ന തത്വങ്ങളെ കേസ്സിന്റെ വസ്തുതകളിന്മേൽ പ്രായോഗികമാക്കുന്ന വിഷയത്തിൽ രണ്ടു" ജഡ"ജിമാർ വിഘടിച്ചു. ഇവരുടെ അഭിപ്രായത്തിൻ, ഒരു ജീവനുള്ള സഭ അതിന്റെ വിശ്വാസ തത്വങ്ങളിൽ വളർച്ചയ"ക്കു" കഴിവുള്ളതായിരിക്കണമെന്നുള്ളതുകൊണ്ടു", കേസ്സിൽ ഫൗണ്ടിക്കാണിക്കപ്പെട്ട വ്യത്യാസങ്ങൾ സാക്ഷാത്തായുള്ളവയല്ലെന്നൊ അവർ ചെയ്ത തീരുമാനം ചെയ്യുന്നതിന" സഭയുടെ പൊതുമണ്ഡലങ്ങൾക്കു" അധികാരമുണ്ടെന്നൊ ആയിരുന്ന ആ ജഡ"ജിമാരുടെ അഭിമതം. ഫ"റീച്ചർച്ചു" കേസ്സിൽ നിന്ന ഉദ്ഭിക്കുന്നവയും നമുക്കു" പ്രയോജനകരവുമായ പ്രമാണങ്ങൾ താഴെ വരും പ്രകാരം സംക്ഷേപിക്കാം.

(i) സഭ എന്നതു" ഏതാനും വിശ്വാസതത്വങ്ങളിന്മേലും, ആരാധനപരമായ പ്രമാണങ്ങളിന്മേലും, സഭാഭരണം, ശിക്ഷണം, മുതലായവയിലും ഉള്ള സമ്മതത്തിന്മേൽ സ്ഥാപിക്കപ്പെടുന്ന സ്വേച്ഛാനുസാരമായും നിയമപ്രകാരം രൂപീകരിക്കപ്പെടാത്തതു

മായ ഒരു സംഘടനയാണ്. ഏതു് മനുഷ്യനും മനുഷ്യസമൂഹത്തിനും തങ്ങളുടെ മനസ്സാക്ഷിക്കനുസരിച്ചു മതപരമായ വിശ്വാസങ്ങൾ ഭേദപ്പെടുത്തുന്നതിനു സ്വാതന്ത്ര്യമുണ്ടു്. എന്നാൽ ആളുകൾ ചേർന്നു് ഒരു പ്രത്യേക ഉദ്ദേശത്തിലേക്കു വേണ്ടി പണം സംഭരിക്കുകയും ആയതു പിൽക്കാലത്തേക്കു ശേഷിപ്പിക്കുകയും ചെയ്യുന്ന വിഷയത്തിൽ അതു് എന്തുദ്ദേശത്തിനായി നിക്ഷേപിക്കപ്പെട്ടുവൊ അതിൽനിന്നു വ്യത്യാസം വരുത്തുന്നതിനു പിൻഗാമികൾക്കു് അവകാശമില്ല. (626-ാം പുറം)

(ii) ഒരു സഭയെന്നു വിവരിക്കപ്പെടുന്ന മതപരമായ സംഘത്തിന്റെ വ്യക്തിത്വം അതിന്റെ മൌലികതത്വങ്ങളിലുള്ള ഐക്യത്തിന്മേലാണു നിലകൊള്ളുന്നതു്. അതിന്റെ വിശ്വാസപ്രമാണങ്ങൾ, വിശ്വാസപ്രഖ്യാപനങ്ങൾ, ആരാധനക്രമങ്ങൾ, ഗുണപരിശോധനം ഇവ അതിന്റെ അനുയായികളിൽ വിശ്വാസ ഐകരൂപ്യം ഉറപ്പിക്കുന്നതിനായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ളവയാണു്. (612-ാംപുറം)

(iii) ഒരു ഭിന്നതയുളവാക്കുന്നതിനു മൌലിക തത്വങ്ങളിന്മേൽ അഭിപ്രായവ്യത്യാസം സംഭവിക്കണം. അല്ലാതെ ഭരണപരമൊ വിശ്വാസപരമൊ ആയ അപ്രധാന സംഗതികളിൽ അഭിപ്രായവ്യത്യാസം ഉണ്ടായതുകൊണ്ടു മതിയാകുന്നതല്ല. (656-ാം പുറം)

(iv) ഒരു തർക്കം ഉത്ഭവിച്ചാൽ ഒരു വിശ്വാസതത്വത്തിന്റെ സാധുത്വത്തെയൊ അസാധുത്വത്തെയൊ പററി കോടതിക്കു ചിന്തിക്കാവുന്നതല്ല. (P. 613) ഏതെങ്കിലും ഒരു സംഘടന ഏതെങ്കിലും വിശ്വാസത്തെപ്പററി അതു കാര്യമായതു് അല്ല എന്നൊ അത്യന്താപേക്ഷിതമല്ലെന്നൊ, മൌലികമല്ലെന്നൊ കക്ഷികൾതന്നേ പ്രഖ്യാപനം ചെയ്തിട്ടുണ്ടെങ്കിലല്ലാതെ അതെപ്പററി ആ രീതിയിൽ ഉള്ള ഒരു തീരുമാനം ചെയ്യുന്നതിനു പര്യാപ്തമായ ഏതെങ്കിലും പരീക്ഷണമൊ അതിന്റെ മാററു നിർണ്ണയിക്കുന്നതിനുള്ള ഉരകല്ലൊ കോടതിക്കു് ഇല്ല. സംഘടന സൃഷ്ടിക്കുന്ന രേഖയാൽതന്നെ, ഒരു കാലത്തു് ആ സംഘടന സ്വീകരിച്ചിട്ടുള്ള വിശ്വാസതത്വങ്ങളേയും പ്രമാണങ്ങളേയും നിയന്ത്രിക്കുകയൊ മാററുകയൊ പരിഷ്കരിക്കുകയൊ ചെയ്യുന്നതിനു് അധികാരമുള്ള ഒരു ഘടകത്തെയും സൃഷ്ടിച്ചു എന്നു വരാം. എന്നാൽ അങ്ങിനെ ഒന്നുണ്ടെന്നുള്ള സംഗതി തന്നേയും മററു് ഏതു വിശ്വാസതത്വമൊ അടിസ്ഥാനപ്രമാണമൊ പോലെ തെളിയിക്കപ്പെടണം. (P 645). കൂടുതൽ പ്രാധാന്യമുള്ള പ്രശ്നം ഒരു തത്വം ഒരു സഭയുടെ സ്ഥാപകന്മാർ ഏതുപ്രകാരം ഗണിച്ചിരുന്നു എന്നുള്ളതാണു്. (P. 707).

(v) ഒരു ട്രസ്ററിന്റെ പുരാതന ഉദ്ദേശമെന്തെന്നു തീരുമാനിക്കുന്നതിൽ അതിലെ ഭൂരിപക്ഷത്തിന്റെ അഭിപ്രായം പ്രശ്നത്തെ സ്പർശിക്കുന്നില്ല. (617). ഒരു സഭ ഭിന്നിക്കുമ്പോൾ അതിന്റെ പുരാ

തന സ്വഭാവം എന്തെന്നുള്ളതു മാത്രമെ കോടതി വിധിക്കു മാർഗ്ഗദർശകമായിരിക്കാവൂ. മറേതെങ്കിലും സംഗതിയെ, ഭൂരിപക്ഷാഭിപ്രായമെ നോക്കി തീരുമാനിക്കുന്നതായാൽ അതു് ഒരു പുതിയ സംഘടന രൂപീകരിക്കയായിരിക്കും. അതു കോടതിയുടെ അധികാരത്തെ കവിഞ്ഞും, ചുമതലകളുമായി പരസ്പരവിരുദ്ധവും ആയിരിക്കും. (P.644) ഫ്രീമ്യർച്ചിന്റെ ഭൂരിപക്ഷം, അതിന്റെ പൊതുമണ്ഡലം വഴിയായി അപ്പസ്തോലികം അംഗീകരിക്കുന്ന വിശ്വാസതത്വങ്ങൾ സ്വീകരിക്കുന്ന ഒരു ക്രിസ്തീയ സ്ഥാപനത്തിനുവേണ്ടി വസ്തുക്കൾ ട്രസ്റ്റായിരിക്കണമെങ്കിൽ ആ ഉദ്ദേശം തക്കരഹിതമായ വിധത്തിൽ വെളിപ്പെടുത്തപ്പെട്ടിരിക്കണം. (P. 651)

7. തങ്ങളുടെ മുമ്പാകെ വ്യവഹരിക്കപ്പെട്ട കേസിൽ അവരുടെ പര്യാലോചനയ്ക്കു വിഷയീഭവിച്ച സംഗതികളെ ആസ്പദമാക്കി നോക്കിയിൽ നവീകരണശേഷമുള്ള സഭകളെപ്പറ്റി മാത്രമെ ചിന്തിച്ചിരുന്നുള്ളു എന്നു കാണുന്നു. ഈ സഭകൾ ക്രിസ്തു, സ്വയുടെ തലയെന്നും സകല വിശ്വാസത്തിനും അടിസ്ഥാനം വേദപുസ്തകം ആണെന്നും സത്യവിശ്വാസത്തിന്റെ തെറ്റിക്കൂടാത്ത നിദാനം വേദപുസ്തകത്തിൽ അടങ്ങിയിരിക്കുന്നു എന്നും ഓരോ മനുഷ്യനും ദൈവസഹായത്തോടും, വിശ്വാസനാരുടെ ഉപദേശ വെളിച്ചത്തിലും വേദപുസ്തകവാക്യങ്ങളെ വ്യാഖ്യാനിക്കുന്നതിനു അവകാശമുണ്ടെന്നും വിശ്വസിക്കുന്നവയാണെന്നു ആ വിധിയിൽ ചേർത്തിരിക്കുന്ന Dill V. Watson എന്ന വിധിയിലെ ഉദ്ധരണിയിൽ നിന്നു കാണാവുന്നതാണു്. എന്നിരുന്നാലും വ്യാഖ്യാനങ്ങളിൽ കണ്ട ഐകരൂപ്യത്തിന്മേലാണു് അവരുടെ വിശ്വാസം ക്രമീകരിക്കപ്പെട്ടിരുന്നതെന്നും, വ്യാഖ്യാനത്തിൽ യോജിപ്പിൽ എത്തിയവരെല്ലാം ഒരു മതാനുയായികൾ ആയിത്തീർന്നു എന്നും കാണാം. ഈ അഭിപ്രായൈക്യത്തിന്റെ അഭാവത്തിൽ പാരതുല്യമായ സഭയുടെ ഉറപ്പു അസാദ്ധ്യമായിത്തീരുന്നു. മറിച്ചായാൽ, പരസ്പരബന്ധമില്ലാത്തതും ഒന്നിച്ചു കൂട്ടപ്പെട്ടതെങ്കിലും ഐക്യപ്പെടാത്തതും ഓരോ തരിയും മറ്റുള്ളവയിൽ നിന്നു വ്യത്യസ്തവും തനിച്ചിരിക്കുന്നതും, നാമമാത്രമായി ഒന്നിക്കപ്പെട്ടതെങ്കിലും സംയോജിക്കപ്പെടാത്ത മണൽ കൂമ്പാരംപോലെ ഇരിക്കുന്നതും അകം സാരൂപ്യരഹിതവും പരസ്പരവിരുദ്ധവും ഛിദ്രവും കൊണ്ടു നിറഞ്ഞതുമായിരിക്കും. [P 616.] ഈ സഭകളുടെ ഐക്യം വ്യക്തിത്വം ഇവയെപ്പറ്റിയുള്ള തത്വങ്ങൾ മാനദണ്ഡമാക്കി ആലോചിച്ചതിൽ ഫ്രീമ്യർച്ചും യുണൈറ്റഡ് പ്രെസ്ബിറ്റീരിയൻ സഭയും വ്യവസ്ഥാപിതതത്വം, വെസ്റ്റർമിനിസ്റ്റർ വിശ്വാസപ്രമാണം ഈ തത്വങ്ങളിൽ ഉള്ള അഭിപ്രായവ്യത്യാസംമൂലം വിഭിന്നസഭകളാണെന്നും ബഹുമാനപ്പെട്ട ജഡ്ജിമാർ വിധി കല്പിച്ചു. അതിൽ ഉൾപ്പെട്ട ഒരു ജഡ്ജിയായ ലോർഡ് അൽവേഴ്സറ [ചീ. ജ.] ന്റെ അഭിപ്രായം രണ്ടു സഭകളും വിഭിന്നങ്ങളാണെന്നു സ്ഥാപിക്കുന്നതിനു വ്യവസ്ഥാപിതതത്വം മാത്രം മതിയാകുമെന്നായിരുന്നു. സഭകളുടെ വ്യക്തിത്വം

അല്ലങ്കിൽ ഐക്യം തീരുമാനപ്പെടുത്തുന്ന വിഷയത്തിൽ കോടതികൾ അംഗീകരിക്കേണ്ട തത്വത്തെ ഉറപ്പിച്ചു പറയുന്നതിനുവേണ്ടി വ്യവസ്ഥാപിത തത്വം എന്തെന്നു ആവർത്തിക്കട്ടെ. യുണൈററഡ് പ്രെസ്ബിററീറിയൻ സഭ എന്നതു, രാഷ്ട്രസഹായത്തിൽ നിന്നു സ്വതന്ത്രവും, സൌജന്യദാനങ്ങളാൽ പരിപോഷിതവും ആയിരിക്കണം. സഭ എന്നുള്ള തത്വം സ്വീകരിച്ചു വ്യവസ്ഥാപിത [Established] സഭയിൽ നിന്നു പിരിഞ്ഞുപോയ ഒരു സംഘമാണ്. ഫ്റീച്ചർച്ചും പിരിഞ്ഞുപോയ കാലത്തു് ഇതിൽ നിന്നും വ്യത്യസ്തമായി ഒരു നിലയിലല്ലായിരുന്നിരിക്കണം. എന്നാൽ ഫ്റീച്ചർച്ചു് വ്യവസ്ഥാപിത തത്വത്തോടു ചേർന്നുനിന്നു: അതാതു സഭയും രാഷ്ട്രവും തമ്മിൽ നിയമപരവും അഭിലഷണീയവുമായ ഒരു സംബന്ധത്തെ അനുകൂലിച്ചിരുന്നു. (P.620) അങ്ങിനെ ഫ്റീച്ചർച്ചു് വ്യവസ്ഥാപിത സഭയിൽ നിന്നു പിരിഞ്ഞുപോയി എങ്കിലും ന്യായമായ എല്ലാ മാർഗ്ഗങ്ങളും ഉപയോഗപ്പെടുത്തി, സഭയെ പുലർത്തുകയും പരിപോഷിപ്പിക്കയും ചെയ്യുന്നതിനു രാഷ്ട്രത്തിനുള്ള ചുമതല നിർവഹണത്തിനു സഹായിക്കുന്നതിനുള്ള അവകാശം ശേഷിപ്പിച്ചിരുന്നു. ഫ്റീച്ചർച്ചും യുണൈററഡ് പ്രെസ്ബിററിറിയൻ സഭയും തമ്മിൽ വ്യത്യസ്തപ്പെടുത്തുന്നതിനു ഇതു മതിയായ ഒരു അഭിപ്രായ വ്യത്യാസം ആണെന്നായിരുന്നുതീരുമാനം.

8. സഭകൾ സ്വേച്ഛാനുസാരമായ സംഘടനകളായി വീക്ഷിക്കപ്പെട്ടെങ്കിലും നവീകരണശേഷമുള്ള സഭകൾ പോലും, തങ്ങളുടെ അധികാരസീമയ്ക്കുള്ളിൽ ഭൂരിപക്ഷാഭിപ്രായപ്രകാരം അതാതു കാലത്തു രൂപീകരിക്കപ്പെടുന്ന ഭരണഘടനയോടുകൂടിയ സംഘങ്ങളായിട്ടല്ലാ കരുതപ്പെട്ടതു്. ഈ കേസിൽ തീരുമാനിക്കേണ്ട സംഗതിക്കു ഈ രണ്ടു സഭകളെ ബന്ധിക്കുന്ന തത്വങ്ങളിൽ ആശ്രയിച്ചാൽ മതിയാകുന്നതാണു്, എന്നാൽ നമുക്കു ചിന്താവിഷയമായിരിക്കുന്നതു് പുരാതന സഭകളിൽ ഒന്നായ യാക്കോബായസുറിയാനിസഭയാണു്. മേൽ പറയപ്പെട്ട സഭകളിൽ നിന്നും ഈ ദൃശ സഭകൾ തങ്ങളുടെ ഭരണഘടനയിൽ ഏതുപ്രകാരം വ്യത്യസ്തപ്പെട്ടിരിക്കുന്നു എന്നു് ചൂണ്ടിക്കാണിക്കുന്നതു പ്രയോജനകരമായിരിക്കും എന്നു ഞാൻ വിശ്വസിക്കുന്നു. ഈ സഭയുടെ തലവനെന്നു അവകാശപ്പെടുന്ന അന്ത്യോക്യാ പത്രിയർക്കീസു വിശുദ്ധ പത്രോസിൽ നിന്നും തുടർച്ചയായ അപ്പോസ്തലിക പിൻവാഴ്ച ലഭിച്ചയാളാണെന്നു വാദിക്കുന്നു. ഏതൊന്നിന്റെ മുമ്പാകെ അനുസരണം കെട്ടവനും തന്നത്താൻ മെത്രാനെന്നുള്ള അഭിധാനം സ്വീകരിച്ചവനുമായ തോമ്മാ അഞ്ചാമൻ വിറയ്ക്കുകയും, പാത്രിയർക്കീസിന്റെ അധികാരത്തിനു കീഴ്പ്പെടുകയും ചെയ്തുവോ ആ കല്പന(Dy അക്കം ഭൂരിപക്ഷ ജഡ്ജുമെന്റു 99-ാം പാരായിൽ ഉദ്ധരിച്ചിട്ടുണ്ടു.)യിൽ പാത്രിയർക്കീസിനെപ്പററി, 'പരിശുദ്ധറൂഹാമൂലം നമ്മിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരംകൊണ്ടു്, അതായതു അന്ത്യോക്യായിലെ വി. പത്രോസിന്റെ അപ്പോസ്തലീക സിംഹാസനത്തിനടുത്തഅ

ധികാരത്താൽ നമ്മുടെ ബലഹീനതയെ ശക്തിപ്പെടുത്തുന്ന നമ്മുടെ കർത്താവു ഈശോമിശിഹായുടെഅധികാരംകൊണ്ടു" എന്നാണു് വിവരിച്ചിരിക്കുന്നതു്. ഇതും 3-ാം ഖണ്ഡികയിൽ സൂചിപ്പിച്ചിരിക്കുന്ന സ്ഥാനപ്പേരുംകൊണ്ടു തന്റെ മേലദ്ധ്യക്ഷതയിൻകീഴുള്ള യാക്കോബായസഭയോടുള്ള പാത്രിയക്കീസിന്റെ ബന്ധത്തിൽ നിന്നുദിക്കുന്ന അവകാശവാദത്തിന്റെ ഏകദേശമായ രൂപം സിദ്ധിക്കുന്നു. അതി "പുരാതനകാലങ്ങളിൽ ക്രിസ്തുസഭയിൽ പടിഞ്ഞാറൻ സഭയെന്നു വിളിക്കപ്പെട്ട റോമാസഭയും കിഴക്കൻ സഭകളും എന്നു് അറിയപ്പെട്ട അന്ത്യോഖ്യായിലെയും അലക്സാണ്ട്രിയായിലെയും ഇങ്ങനെ പരസ്പര സംസർഗ്ഗത്തിലിരുന്ന മൂന്നു പാത്രിയക്കാസഭകളും ഉണ്ടായിരുന്നു. അവരിൽ മുഖ്യൻ റോമാ പാത്രിയക്കീസായിരുന്നു.

ക്രിസ്താബ്ദം 325-ൽ നടന്ന നിഖ്യാ സുന്നഹദോസിന്റെ കാലത്തു സംഗതികൾ ഈ വിധമായിരുന്നു. പ്രതിപക്ഷക്കാർ ആശ്രയിക്കുന്ന XXVi അക്കം ഹൃദായ കാനോനിൽ പാത്രിയക്കീസന്മാരിൽ വലിയ തലവനെന്നു റോമാ പാത്രിയക്കീസിനെ വിവരിച്ചിരിക്കുന്നു. നിഖ്യാ സുന്നഹദോസു കാലത്തു മുൻപറഞ്ഞ മൂന്നിനും പുറമെ "പുതിയ റോം" എന്നു പറയപ്പെട്ട കുസ്തന്തീനോസു് പോലീസ്സിലെ പാത്രിയക്കീസു് ഉൾപ്പെടെനാലു പാത്രിയക്കാസ്ഥാനങ്ങൾ ഉണ്ടായിരുന്നതായി B P അക്കം, XXVi അക്കം ഈ ഹൃദായ കാനോനുകളിൽ പറയുന്നുണ്ടു്. ഇതു് ഒരു കാലകല്പനാ പ്രമാദമാണു്. ബൈസാന്റ്യം പട്ടണത്തിനു കുസ്തന്തീനോസു് പോലീസ്സു് എന്നു 324 A. D-ൽ നാമകരണം ചെയ്യപ്പെട്ടു എങ്കിലും അതു പുതിയ റോമാ പട്ടണം അഥവാ തലസ്ഥാന നഗരം ആയതു 330-നുശേഷം മാത്രമാണു്. അതു ചക്രവർത്തിയുടെ ആസ്ഥാനമായിരുന്നതിനാൽ പ്രാധാന്യത്തിൽ ഉയർന്നു വരുകയും കുസ്തന്തീനോസു് പോലീസ്സിലെ സുന്നഹദോസ്സിൽ (A. D. 381) വച്ചു റോമാസ്സിനു് അടുത്ത സ്ഥാനം നല്കപ്പെടുകയും A. D. 451-ൽ നടന്ന കൽക്കദോന്യാ സുന്നഹദോസ്സിൽ വച്ചു് ഒരു പാത്രിയക്കാസ്ഥാനമായി അംഗീകരിക്കപ്പെടുകയും ആണു് ഉണ്ടായതു്. കുസ്തന്തീനോസു് പോലീസ്സും യരുശലേമും അന്ത്യോഖ്യാ പാത്രിയക്കീസിന്റെ അധികാരത്തിൽ നിന്നും വേർപെട്ടുപോയതു് 451-ൽ ആയിരുന്നു. ചരിത്രപരമായ തെറ്റുകൾക്കു ഹൃദായ കാനോനെ ആക്ഷേപിക്കേണ്ടതില്ല. കാരണം അതു യാക്കോബായസഭ വ്യത്യാസപ്പെടുത്തുകയും അംഗീകരിക്കയും ചെയ്യുന്ന കാനോൻ ചട്ടങ്ങളുടെ ഒരു സംഹിതമാത്രമാണു്,

9. അന്ത്യോഖ്യായെപ്പറ്റി തുടരട്ടെ. മൂന്നു പ്രാചീന പാത്രിയക്കാസ്ഥാനങ്ങളിൽ അന്ത്യോഖ്യാ പാത്രിയക്കീസിനെ കിഴക്കുംഒക്കെയുടെയും മേൽ അധികാരമുള്ള പാത്രിയക്കീസായി ഗണിക്കപ്പെട്ടു വന്നു. (XXVi, B P അക്കങ്ങൾ) പുരാതന സഭകളാൽ അംഗീകരിക്കപ്പെട്ട ഈ നടപടി അനുസരിച്ചു പേർഷ്യയും ഇൻഡ

യും മറ്റു കീഴ്ക്കാൻ സ്ഥലങ്ങളും അന്ത്യാഖ്യാ പാത്രിയക്കീസിന്റെ അധികാരത്തിൽ ഉൾപ്പെടുന്നു. തന്റെ സ്ഥാനപ്പേരിൽ "അന്ത്യാഖ്യായിലെ അപ്പോസ്തലീക മഹാ ഇടവകയുടെയും സുറിയായിലും കിഴക്കു് ഒക്കെയുമുള്ള യാക്കോബായ സഭകളുടെയും വൈദിക മേലദ്ധ്യക്ഷൻ" എന്ന വിവരണത്തിൽ അടങ്ങിയിരിക്കുന്ന അവകാശവാദത്തിനുള്ള സമാധാനം ഇതത്രെ. പിന്നീടുണ്ടായ ഭിന്നിപ്പുകൾക്കു നിമിത്തം യേശുക്രിസ്തുവിനാൽ സ്ഥാപിതമായ സത്യസഭയെന്നുള്ള അവകാശവാദത്തോടുകൂടി പുതിയ സഭകൾ ആവിർഭവിക്കയാൽ ഈ പാത്രിയക്കീസിന്റെ അധികാരം യാക്കോബായ സഭകളിന്മേൽ മാത്രമായിത്തീർന്നു. അപ്പോസ്തലസംഘത്തെ ചേർക്കയും പന്തിരുവരുടെ തലവനായി വി. പത്രോസ്സിനെ നിയമിക്കയും ചെയ്തുകൊണ്ടു യേശുക്രിസ്തു തന്റെ സഭയുടെ അടിസ്ഥാനമിട്ട പോലെ കത്തോലിക്കാ സഭയും ഓർത്തഡോക്സ് സഭയും യാക്കോബായ സഭയും ഒരുപോലെ വിശ്വസിക്കുന്നു. തന്റെ പ്രതിപുരുഷസ്ഥാനത്തെ സൃഷ്ടിച്ചു എന്ന അർത്ഥത്തിൽ പത്രോസ്സിന്റെ മേൽ തന്റെ സഭയെ പണിയുമെന്നും, കെട്ടുവാനും അഴിപ്പാനുമുള്ള അധികാരത്തെ സൂചിപ്പിച്ചുകൊണ്ടു് അവനു സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകളെ നല്കുമെന്നും ഉള്ള യേശുക്രിസ്തുവിന്റെ പ്രഖ്യാപനങ്ങൾക്കു പ്രോട്ടസ്റ്റന്റുകാർ നല്കുന്നതിൽ നിന്നു വ്യത്യസ്തപ്പെട്ട ഒരു അർത്ഥം ഈ സഭകൾ സങ്കല്പിക്കുന്നു. ക്രിസ്തുവിന്റെ പ്രതിപുരുഷസ്ഥാനത്തു വി. പത്രോസ്സിന്റെ പിൻഗാമികളുടെ അദ്ധ്യക്ഷതയോടുകൂടിയുള്ളതാണു സത്യസഭ എന്നാണു് അവരുടെ അഭിമതം. യാക്കോബായസഭയുടെ നിലയെ സംബന്ധിച്ചാണെങ്കിൽ പ്രതികൂലമാശ്രയിക്കുന്ന ചില രേഖകളിൽ നിന്നു തന്നെ അതു വ്യക്തമാകുന്നുണ്ടു്. യേശുക്രിസ്തുവിൽനിന്നു ശ്ലീഹന്മാർ പൌരോഹിത്യം പ്രാപിച്ചു. പെന്തിക്കോസ്തു ദിവസത്തിൽ പരിശുദ്ധാത്മാവു് അവരുടെമേൽ ഇറങ്ങിയപ്പോൾ അവരെ പാത്രിയക്കീസ്സന്മാരായി പൂർണ്ണതപ്പെടുത്തി (265 D അക്കം) ശിമയോൻ എന്ന മറ്റൊരു നാമമുള്ള വി. പത്രോസു് അപ്പോസ്തലന്മാരുടെ തലവനായിരുന്നു. അവന്മേൽ സഭ പണിയപ്പെടുകയും ചെയ്തു. (265 B അക്കം) അങ്ങിനെ വി. പത്രോസും അന്ത്യോഖ്യാപിൻഗാമികളും തലവന്മാരായുള്ള സഭ യേശുക്രിസ്തുവിനാൽ സ്ഥാപിക്കപ്പെട്ട ഒരു ദൈവികസ്ഥാപനമാണു്. മൻപു് 8-ാം ഖണ്ഡികയിൽ കൊടുത്തിട്ടുള്ള ഉദ്ധരണിയിൽകാണുന്ന പാത്രിയക്കീസിന്റെ പ്രസ്താവനയ്ക്കു് ആധാരം ഇതാണു". അവിടെ പറയുന്നതു് "പരിശുദ്ധകൂഹാ മുഖാന്തിരം നമ്മിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരംകൊണ്ടു", അതായതു് അന്ത്യാഖ്യായിലെ പത്രോസ്സിന്റെ അപ്പോസ്തലിക സിംഹാസനത്തിനുടത്ത അധികാരത്താൽ നമ്മുടെ ബലഹീനതയെ ശക്തിപ്പെടുത്തുന്ന നമ്മുടെ കർത്താവേശു ക്രിസ്തുയുടെ അധികാരംകൊണ്ടു"" എന്നാണു". വിശ്വാസത്തിൽ ഭിന്നതകൾ ഉണ്ടാകയും ശീശ്മകൾ സംഭവിക്കയും ചെയ്യുമ്പോൾ ഓരോ സഭാതലവനും വി. പത്രോസ്സി

ന്റെ യഥാത്മ പിൻവാഴ്ച്ചക്കാരനെന്നും അവകാശപ്പെട്ട. അങ്ങി
നെ അന്ത്യോഖ്യാതന്നെ പല സഭാതലവന്മാരുടെ ആസ്ഥാനമാ
യിത്തീർന്നു. ഏതെങ്കിലും പ്രത്യേക വിഭാഗത്തിന്റെ അവകാശ
വാദം സത്യമൊ അല്ലാത്തതൊ എന്നുള്ളതു നമുക്കു ഇവിടെ ആ
ലോചിക്കേണ്ടതില്ല. അന്ത്യാഖ്യായിലെ യാക്കോബായ പാത്രി
യക്കീസു വി. പത്രോസിന്റെ യഥാത്മ പിൻവാഴ്ച്ചക്കാരനാണെ
ന്ന യാക്കോബായസഭ വിശ്വസിച്ചു എന്ന മാത്രം ഇവിടെ ചൂണ്ടി
ക്കാണിച്ചാൽ മതിയാകും. ബെല്ലാർമിൻ എന്ന ഗ്രന്ഥകാരൻ സഭ
എന്ന പദത്തിനു നല്കുന്ന നിർവ്വചനത്തോടു താരതമ്യപ്പെടുത്തിയാൽ
പാത്രിയക്കീസ്സിന്റെ അവകാശവാദം ഇന്നതെന്നു ഗ്രഹിക്കാവുന്ന
താണു്. അദ്ദേഹം പറയുന്നതു "സഭ എന്നതു് ഒരേ ക്രിസ്തീയവി
ശ്വാസത്തിനാൽ ഐകൃപ്പെട്ടും ഒരേ ക്ഷദാശകളിൽ സംബന്ധി
ച്ചും ന്യായമായ പൌരോഹിത്യ ഭരണത്തിൻ കീഴിൽ, പ്രത്യേക
മായി ഭൂമിയിൽ ക്രിസ്തുവിന്റെ കാണപ്പെടുന്ന പ്രതിപുരുഷനായ
റോമ്മാ പാപ്പായുടെ കീഴിൽ വർത്തിക്കുന്ന ഒരു കൂട്ടം" എന്നാണു്,
(Catholic Encyclopoedia Church സുറിയായിലും കിഴക്കും
ഉള്ള യാക്കോബായസഭയുടെ അഭിപ്രായം വ്യക്തമായി ഗ്രഹിക്കു
ന്നതിനു മേൽ കണ്ട ഉദ്ധരണിയിൽ റോമ്മാ പാപ്പാ എന്നുള്ളതി
ന്റെ സ്ഥാനത്തു് അന്ത്യാഖ്യാ പാത്രിയക്കീസ് എന്നു പകരം ചേ
ർത്താൽ മതിയാകും. മലങ്കര യാക്കോബായ സുറിയാനിസഭ പൊതു
യാക്കോബായ സുറിയാനിസഭയുടെ ഒരു വിഭാഗമാണെന്നു ഉരു
കക്ഷികളും സമ്മതിക്കുന്നു.

(സമ്മതവിസമ്മതങ്ങൾ No. 64) അതുകൊണ്ടു യാക്കോബാ
യ സുറിയാനിസഭയുടെ പരമാദ്ധ്യക്ഷൻ മലങ്കരസഭയ്ക്കു ഒരു വിധ
ത്തിലുള്ള തലവനും, സഭയുടെ ഇതരവിഭാഗത്തിനു മറുവിധത്തിൽ
ഉള്ള മേലദ്ധ്യക്ഷനും ആയിരിക്കാവുന്നതല്ല. സഭയുടെ ഐകൃം
മറേതിനെപ്പോലെയും പാത്രിയക്കീസിന്റെ പരമാദ്ധ്യക്ഷതയി
നേപ്പോണു് ആശ്രയിച്ചിരിക്കുന്നതു്. സഭകൾ എങ്ങിനെയുള്ളവ
യെന്നു തീരുമാനിക്കുന്നതിനുള്ള ഒരു ഉപാധി അതിന്റെ ഐകൃ
സ്വഭാവമാണല്ലോ, അതിനാൽ പാത്രിയക്കീസിന്റെ ന്യായമായ
അധികാരത്തെ ധിക്കരിക്കുന്ന ഒരു വിഭാഗത്തിനും സഭയുടെ ഇത
രവിഭാഗത്തോടു യോജിച്ചിരിപ്പാൻ സാദ്ധ്യമല്ല. ഫ്രീച്ചർച്ച്
ഓഫ് സ്കോട്ട്ലൻഡ് കേസിൽ വ്യവസ്ഥാപിത തത്വം (സഭയെ
സന്ധിക്കേണ്ടതു രാഷ്ട്രത്തിന്റെ കർത്തവ്യമാണെന്നുള്ള തത്വം) സംബ
ന്ധിച്ചുള്ള അഭിപ്രായ വൃത്യാസം സഭയെ വിഭജിച്ചതായി ഗ
ണിക്കപ്പെട്ടു എന്നുള്ളതു് സ്മരണീയമാണു്. അതിനാൽ സാദ്ധ്യ
പ്പെടുത്തി ചിന്തിക്കുന്ന പക്ഷം സിദ്ധിക്കുന്ന അനുമാനം പാത്രി
യക്കീസിനാൽ ഭരിക്കപ്പെടുന്ന പൌരോഹിത്യ വാഴ്ചയുള്ള സഭ
യിൽ നിന്നു പിരിഞ്ഞ ശേഷം, പാത്രിയക്കീസിനാൽ ഭരിക്കപ്പെ
ടുന്ന ഒരു പരിഷ്കൃതമായ പൌരോഹിത്യ സഭയിലേക്കു തിരിയെ
ചേരുന്നതിനുള്ള സാദ്ധ്യതയിൽ വിശ്വസിക്കുന്ന കൂട്ടരും, ആ വി

ശ്വാസത്തെ തിരസ്കരിക്കുന്ന പക്ഷക്കാരും, രണ്ടു വിഭിന്ന സംഘടനകളായി തീർന്നതായി ഗണിക്കേണ്ടിയിരിക്കുന്ന എന്നാണു". അങ്ങിനെയായാൽ പാത്രിയക്കീസിനാൽ ഭരിക്കപ്പെടുന്ന സഭയിൽ നിന്നു പിരിഞ്ഞുപോയ കൂട്ടം പുരാതന സഭയിൽ നിന്നു വിഭിന്നമല്ലാത്തതായിരിപ്പാൻ നിവൃത്തിയില്ല. ഫ്രീച്ചർച്ചു" ഒരു പ്രോട്ടസ്റ്റൻറ സഭയായിരുന്നു. റോമൻ കത്തോലിക്കു സഭയിൽ നിന്നു പ്രോട്ടസ്റ്റൻറ സഭകളെ വ്യത്യസ്തപ്പെടുത്തുന്ന മൂന്നു മൌലീകസിദ്ധാന്തങ്ങൾ വേദപുസ്തകത്തിൻറെ പരമാധികാരവും, ക്രിസ്തീയകൂപ അഥവാ വിശ്വാസം കൊണ്ടുമാത്രം ഉള്ള നീതീകരണവും, വിശ്വാസികളുടെ പൊതുവായ പൌരോഹിത്യവും-അതായതു ഓരോ വിശ്വാസിയും അവനവൻറെ പരമഗുരുവാണെന്നുള്ളതു"-ഇവയാണു". ഇവയിൽ മൂന്നാമത്തേതിനെപ്പറ്റി മാത്രമെ നമുക്കു ഇവിടെ ചിന്തിക്കേണ്ടതുള്ളു. യാക്കോബ്വായ സഭയ"ക്കു പ്രോട്ടസ"റൻറ സഭകളുമായി വളരെ കുറച്ചു സാമ്യമെയുള്ളു. റോമൻ കത്തോലിക്കാ മതവുമായി വളരെ പൊരുത്തമുണ്ടു". എല്ലാ കൂദാശകളേയും യാക്കോബ്വായ സഭ സ്വീകരിക്കുന്നു. (C A അക്കം). ക്രിസ്തുവിനാൽ സ്ഥാപിതവും അതിൻറെ കേന്ദ്രത്തിൽ പത്രോസിനോടുകൂടിയ പൌരോഹിത്യമുള്ളതുമായ ഒരു സഭയിൽ രണ്ടുകൂട്ടരും വിശ്വസിക്കുന്നു. "പൌരസ്ത്യദേശത്തും പാശ്ചാത്യദേശത്തും റോമാ സഭയിൽ നിന്നു പിരിഞ്ഞുപോയ സഭകളിൽ പോലും, ഈ പൌരോഹിത്യം അഭംഗമായി ഇന്നേയോളവും നിലവിലിരിക്കുന്നു എന്നു ചരിത്രം തെളിയിക്കുന്നു." (Catholic Encyclopoedia "Protestantism") 265 D അക്കത്തിൽ "അപ്പോസ്തലന്മാർ നമ്മുടെ രക്ഷിതാവിൽ നിന്നു പൌരോഹിത്യം പ്രാപിച്ചു എന്നു തുടങ്ങി "അവൻ (പരിശുദ്ധാത്മാവു) അവരെ പാത്രിയക്കീസന്മാരായി പൂർണ്ണതപ്പെടുത്തി" എന്നുവരെയുള്ള ഭാഗത്തു ഈ വിശ്വാസതത്വത്തിൻറെ ഒരു ചിത്രീകരണമാണു" കാണുന്നതു", അപ്പോസ്തലന്മാരിൽ പ്രധാനിയായ വി: പത്രോസിൻറെ യഥാർത്ഥ പിൻഗാമി ആണു" താൻ എന്നു യാക്കോബ്വായ പാത്രിയക്കീസു അവകാശപ്പെടുന്നു എന്നുള്ളതും ഓർത്തിരിക്കേണ്ടതാണു". ക്രിസ്തു സ്ഥാപിച്ച അദ്ധ്യക്ഷതയുടേയും പാത്രിയക്കീസിൻറെ വൈദീക മേലദ്ധ്യക്ഷതയുടേയും ഒരു വിപുലമായ ധാരണ C A അക്കം നൽകുന്നുണ്ടു", മൂന്നാമത്തേതിനു ശേഷമുള്ള പൊതുസുന്നഹദോസു" നിശ്ചയങ്ങളെ സ്വീകരിക്കായ്കനിമിത്തം യാക്കോബ്വായ സഭ റോമാ സംസർഗ്ഗത്തിൽ നിന്നു മാറിപ്പോയി. (B R അക്കം) ഇങ്ങിനെ കത്തോലിക്കരെപ്പോലെ ക്രിസ്തുവിനാൽ സ്ഥാപിതമായ ദൃശ്യമായ ഒരു സഭയിൽ യാക്കോബ്വായക്കാരും വിശ്വസിക്കുന്നു. എന്നാൽ പ്രോട്ടസ"റൻറുകാർ സഭയുടെ ദൃശ്യസ്വഭാവത്തെ നിഷേധിക്കുന്നു. അതായതു താൻ സ്ഥാപിച്ച രാജ്യത്തിൻറെ പ്രവാചകനും പുരോഹിതനും രാജാവും തൻറെ സഭയുടെ ഗതിയെ തൻറെ ദിവ്യനിർണ്ണയത്തിൽ ഭരിക്കയും നടത്തുകയും ചെയ്യുന്ന യേശുക്രിസ്തു തൻറെ അധികാരം ഭൂമിക്കടു

ന്ത പ്രതിനിധികൾ മൂലം പ്രയോഗിക്കുന്ന എന്നുള്ളതാണ്. 265 E അക്കം ദൃശ്യസഭയെപ്പറ്റിയുള്ള സൂചന ഗൌനിക്കേണ്ടതാണ്. മേല്പറഞ്ഞ തത്വമനുസരിച്ച, ഈ കേസ്സിൽ ഹാജരാക്കപ്പെട്ടിട്ടുള്ള രേഖകളിൽ നിന്ന ധാരാളമായി പ്രത്യക്ഷപ്പെടുന്നതുപോലെ തന്റെ അധികാരം യേശുക്രിസ്തുവിൽ നിന്ന പ്രാപിക്കുന്ന എന്നതൊ പാത്രിയക്കീസു് അവകാശപ്പെടുന്നതു്. ഞാൻ ഈ ഭാഗം ഇത്ര വിപുലമായി ചിന്തിക്കുന്നതിന്റെ ഉദ്ദേശ്യം, വ്യവസ്ഥാപിത തത്വത്തിലേക്കുള്ള പുനരാഗമന സാദ്ധ്യത ഫ്രീച്ചർച്ചിനെ സംബന്ധിച്ചിടത്തോളം ഒരുമൌലിക തത്വമാണെങ്കിൽഒരു പാത്രിയക്കീസിന്റെ അധികാരത്തെ പരസ്യമായി ധിക്കരിക്കുന്ന ഒരു സഭ അന്ത്യോഖ്യാ പാത്രിയക്കീസിനാൽ ഭരിക്കപ്പെടുന്ന യാക്കോബായ സഭയുടെ ഒരു വിഭാഗമായിരിപ്പാൻ സാദ്ധ്യമല്ലെന്ന ശക്തിയുക്തം പറയാവുന്നതാണെന്ന സ്ഥാപിക്കുന്നത്തിലേക്കാണു്.

10. ദൃശ്യസഭയുടെ തലവനായി യേശുക്രിസ്തുവിന്റെ പ്രതിപുരുഷനായി തന്നാൽ നിയമിക്കപ്പെട്ട വി, പത്രോസിന്റെ പിൻഗാമി എന്ന നിലയിൽ തന്റെ സഭയെ പഠിപ്പിക്കുകയും ഭരിക്കുകയും ചെയ്യുന്നതിനുള്ള പാത്രിയക്കീസിന്റെ അവകാശവാദത്തിന്റെ പിന്നിൽ കാണുന്ന പുരാതന സഭയുടെ ന്യായമായ ചിന്താഗതി സുഗ്രാഹ്യമാണു്. അതനുസരിച്ചു് ദൈവീകനിയമം ശ്രേഷ്ഠാധികാരമുള്ളതാണു്. പ്രകൃതി നിയമം ദൈവീകനിയമത്തിന്റെ ഒരു വിഭാഗമാണു്. അതായത്തു സ്വാഭാവികമായ ബുദ്ധിയിൽ വെളിപ്പെടുന്ന വിഭാഗമാണു്. മാനുഷീക നിയമങ്ങളെല്ലാം പ്രകൃതി നിയമത്തിൽ നിന്ന സിദ്ധിക്കുന്നതാണു്. ദൈവീക നിയമത്തിന്റെ ഒരു ഭാഗം വിശുദ്ധ വേദത്തിൽ ദൈവം തന്നെ ആജ്ഞാപിച്ചിരിക്കുന്നു. വിശുദ്ധ വേദത്തെ വ്യാഖ്യാനിക്കുന്നതിനു സഭ അധികാരപ്പെടുത്തപ്പെട്ടിരിക്കുന്നു. വിശുദ്ധ പത്രോസും അദ്ദേഹത്തിന്റെ ശ്ലൈഹിക പിൻവാഴ്ക്കാരും സഭയുടെ ന്യായമായ മേലദ്ധ്യക്ഷന്മാരാണു്. ആത്മീയ മേലദ്ധ്യക്ഷത വൈദികമേലദ്ധ്യക്ഷത ഈ രണ്ടു പദങ്ങളെ വ്യത്യസ്തപ്പെടുത്തിയുള്ള ഒരു കുഴഞ്ഞ ചിന്താഗതി Dy അക്കരത്തിലും തുടർന്നുള്ള ചില വിധികളിലും കാണുന്നുണ്ടു്. എന്റെ സഹോദരൻ ചൂണ്ടിക്കാണിക്കുന്നതു യഥാർത്ഥമാണു്. മലങ്കരസുറിയാനിസഭ വകയായ ട്രസ്റ്റുസ്വത്തുക്കളുമായുള്ള പാത്രിയക്കീസ്സിന്റെ ബന്ധത്തെ കൂടുതൽ ശക്തിയായികാണിക്കുന്നതിനുള്ള ശ്രമത്തിൽ നിന്നു ഉൽഭ്രതമായിട്ടുള്ളതാണു്. ഒരു പ്രത്യേക ഇടവകവകയെ, പ്രത്യേക സ്ഥാപനങ്ങളുടെ വകയൊ, അന്ത്യോഖ്യാസിംഹാസനം വകയൊ ആയുള്ള പലവിധം സ്വത്തുക്കൾ പാത്രിയക്കീസ്സിനു കീഴുള്ള യാക്കോബായ സഭയ്ക്കു ഉണ്ടായിരിക്കാം. ഈ വക സംഗതികളെ നിയന്ത്രിക്കുന്നതു് കാനോൻ ചട്ടങ്ങളൊ കീഴ്നടപ്പൊ, മറ്റു തത്വങ്ങളൊ ആണു്. അതൊന്നും യാക്കോബായ സഭയുടെ പരമാദ്ധ്യക്ഷൻ എന്ന പാത്രിയക്കീസ്സിന്റെ നിലയെ സ്പർശിക്കുന്നതിനു പര്യാപ്ത

മല്ല. Mozley and Whitley-യുടെ നിഘണ്ടുവിൽ എക്ളീസിയാ (Ecclesia) എന്ന പദത്തിനു കൊടുത്തിരിക്കുന്ന നിർവചനം ഒരു പള്ളിയെ ദൈവാരാധനയ്ക്കു വേണ്ടി വേർതിരിക്കപ്പെട്ടിരിക്കുന്ന ഒരു സ്ഥലമെ; എന്നും, "വൈദികസംഘം" (Ecclesiastical Corporation) എന്നതിനു മെത്രാന്മാർ മുതലായി ആത്മീയർ മാത്രം ഉൾപ്പെടുന്ന ഒരു സംഘടന എന്നും, വൈദിക നിയമം എന്നതിനു് പട്ടതിരുസംഘത്തിപ്പെട്ടവരെ മാത്ര വൈദിക ന്യായാധിപന്മാരെ തങ്കൾ വിചാരണ ചെയ്യുന്ന വ്യവഹാരങ്ങളിൽ ആശ്രയിച്ചുപോരുന്ന നിയമം എന്നുമാണു്. ആത്മീയം എന്നും വൈദികം എന്നും ഉള്ള പദങ്കൾ തുല്യാർത്ഥകങ്ങളല്ലെങ്കിൽ പാത്രിയക്കീസു് മലങ്കരസഭയുടെ ആത്മീയ മേലദ്ധ്യക്ഷനെന്നും, ഇതര യാക്കോബായ സഭാവിഭാഗങ്ങളുടെ വൈദിക മേലദ്ധ്യക്ഷനെന്നും ഗണിക്കപ്പെടാവുന്നതല്ല. ഗ്രീക്കു് ഭാഷയിൽ "എക്ളീസിയാ" എന്ന പദത്തിനു് ആംഗ്ലേയ ഭാഷയിൽ കൊടുക്കുന്ന വിവർത്തനം 'Church' എന്നാണു്. രണ്ടിനും ഈ രണ്ടു അർത്ഥമുണ്ടു്. ഒന്നു ആരാധനയ്ക്കുള്ള സ്ഥലമെന്നും മറ്റതു് യേശുക്രിസ്തു സ്ഥാപിച്ച സമൂഹം എന്നുമാണു്. പുതിയ നിയമ എഴുത്തുകാർ "എക്ളീസിയാ" എന്ന പദം കൊണ്ടു് ഇവയിൽ രണ്ടാമത്തേതിനെയാണു് കുറിക്കുന്നതു്. അതിനാൽ യാക്കോബായ സഭയുടെ വൈദികപരമാദ്ധ്യക്ഷൻ എന്നു പറയുന്നതിന്റെ അർത്ഥം യാക്കോബായ സഭയുടെ ശ്രേഷ്ഠാധികാരമുള്ള തലവനെന്ന മാത്രമാണു്. ഒരു സഭയുടെ പരമവും പ്രഥമവുമായ കർത്തവ്യം അതിന്റെ അംഗങ്ങളുടെ ആത്മീയാഭിവൃദ്ധിയാണു് എന്നുള്ള അർത്ഥത്തിൽ ഈ സ്ഥാനം ആത്മീയമാണു്.

11. യാക്കോബായ സഭാവകയായുള്ള സ്വത്തുക്കളെ സംബന്ധിച്ചുള്ള പാത്രിയക്കീസ്സിന്റെ നില വ്യക്തമാക്കുന്നതിനു കത്തോലിക്കു സഭയുടെ ലൗകിക സ്വത്തുക്കളുടെ ഭരണ രീതിയെപ്പറ്റി സൂചിപ്പിക്കുന്നതു് പ്രയോജനകരമായിരിക്കുമെന്നു ഞാൻ കരുതുന്നു. സഭയ്ക്കു് പൊതുവായി ഉണ്ടായിരിക്കാവുന്ന അനവധി തരത്തിലുള്ള സ്വത്തുക്കൾ മുകളിൽ സൂചിപ്പിച്ചല്ലോ. 1495-ാം നമ്പ്ര കാനോനിൽ (A Commentary on Canon law by the Revd P Chas Augustine Vol VI. P. 550)

(i) സിവിൽ അധികാരത്തിൽ നിന്നു സ്വതന്ത്രമായും ഈ ഷ്ടാനുസരണം അവരുടെ ഉദ്ദേശസാദ്ധ്യത്തിനായി വസ്തുക്കൾ സമ്പാദിക്കുന്നതിനും കൈവശം വച്ചുകൊണ്ടിരിക്കുന്നതിനും ഭരിക്കുന്നതിനും കത്തോലിക്കു സഭയ്ക്കും അപ്പോസ്തലിക മഹാഇടവകയ്ക്കും സ്വതസ്സിദ്ധമായ അധികാരം ഉണ്ടു്. (അപ്പോസ്തലിക മഹാഇടവക എന്നതിന്റെ അർത്ഥം, വി. പത്രോസ്സിന്റെ സിംഹാസനം എന്നും, മാർപ്പാപ്പായിൽ ദൃശ്യമായി നിക്ഷിപ്തമായിരിക്കുന്ന സഭ എന്നുമാണു്.)

(ii) കാനോൻ നിയമം അനുസരിച്ചു വസ്തുക്കൾ സമ്പാദി

ക്കുകയും കൈവശം വച്ചുകൊണ്ടിരിക്കയും ഭരിക്കയും ചെയ്യുന്നതിനുള്ള അധികാരം വൈദികാധികാര പ്രയോഗം മൂലം സ്ഥാപിതമായ പ്രത്യേക പള്ളികൾക്കും സംസ്ഥാപിത സംഘങ്ങൾക്കും ഉണ്ടു്. (പ്രത്യേക പള്ളികൾ എന്നു ഇവിടെ പറയുന്നതു സാർവത്രികസഭയുടെ പ്രതിപുരുഷന്മാരായി അധികാരം നടത്തുന്നതിനും അവകാശം സിദ്ധിച്ചിട്ടുള്ള അദ്ധ്യക്ഷന്മാരാൽ നിയന്ത്രിതമായ ഇടവകകൾ, സമൂഹങ്ങൾ എന്ന അർത്ഥത്തിലാണു് (Page 553) ഇടവകകൾ എന്നു സാധാരണ പറഞ്ഞുപോരുന്നവ വൈദിക നിയമം അനുസരിച്ചു് ഇങ്ങനെയുള്ള സംഘടനകളല്ല.)

സാർവത്രിക സഭയിൽ ചേർന്നിരിക്കുന്നിടത്തോളം മാത്രമെ പ്രത്യേക ഇടവകകൾക്കും സമൂഹങ്ങൾക്കും വസ്തുകൈവശവും ഭരണവും നടത്തുന്നതിനുള്ള സ്വതന്ത്രമായ അധികാരം ഉണ്ടായിരിക്കയുള്ളൂ. അതിനാൽ ഒരു പ്രത്യേക സഭയോ സമൂഹമോ വിശ്വാസം ഭരണം ഇവ സംബന്ധിച്ചുള്ള ഐകൃത്തിൽ നിന്നു പിന്മാറിപ്പോകയോ സാർവത്രിക സഭയുടേതിൽ നിന്നു വ്യത്യസ്തമായ ഒരു ആരാധനരീതി സ്വീകരിക്കയോ ചെയ്താൽ, അതു ശ്രേഷ്ഠമേലധികാരമുള്ള സജീവസംഘത്തോടു് ഐകൃപ്പെട്ടിരുന്ന കാലത്തു് അനുഭവിച്ചിരുന്ന യാതൊരു വസ്തുവിനും അതിനു അവകാശമുണ്ടായിരിക്കുന്നതല്ല. (554.ാംപുറം) 1497-ാം കാനോൻ അനുസരിച്ചു സാർവത്രികസഭയുടേതോ, അപ്പോസ്തലിക സിംഹാസനത്തിന്റെയോ, ഒരു വൈദിക സമൂഹം വകയോ ആയുള്ള എല്ലാത്തരം സ്വത്തുക്കളും വൈദിക സ്വത്തുക്കൾ എന്നാണു് നാമകരണം ചെയ്യപ്പെട്ടിട്ടുള്ളതു്. കാനോൻ നിയമമനുസരിച്ചു് പ്രത്യേക സഭകൾക്കും സമൂഹങ്ങൾക്കും വസ്തുക്കൾ സമ്പാദിക്കുന്നതിനും അവ ഭരിക്കുന്നതിനും സ്വതന്ത്രമായ അധികാരമുണ്ടെങ്കിലും, എല്ലാ വൈദിക സ്വത്തുക്കളുടെയും ഭരണകർത്താവും കുലവറക്കാരനും മാർപ്പാപ്പാ ആണെന്നു 1518-ാം കാനോൻ സിദ്ധാന്തിക്കുന്നു. ഒരു അടിയന്തിരാവസ്ഥ ആവിർഭവിക്കുകയോ സഭയുടെ പുരോഗതിക്കോ, സമാധാനത്തിനോ ആവശ്യമെന്നു വരികയോ ചെയ്താൽ പ്രത്യേക ഇടവകസ്വത്തുക്കൾ ഉൾപ്പെടെയുള്ള സഭാസംബന്ധമായ സർവ സ്വത്തുക്കളും സാർവത്രിക സഭയ്ക്കായി നൽകുന്നതിനു പാപ്പായ്ക്കു് അധികാരമുണ്ടു്. സഭയുടെ അന്ത്യമായ സമാപ്തിയും അതിലേക്കുള്ള മാർഗ്ഗങ്ങളും ഉൾപ്പെടെയുള്ള അജ്ഞേഹത്തിന്റെ അധികാരസംപൂർണ്ണതയാണു് ഈ അവകാശത്തിനു നിദാനമായിരിക്കുന്നതു്. പൊതുനന്മയ്ക്കുവേണ്ടി സ്വകാര്യനന്മ ബലികഴിക്കപ്പെടേണ്ടതാണെന്നുള്ള പൊതുതത്വത്തിന്മേലാണു് ഈ കാനോൻ അടിസ്ഥാനപ്പെടുത്തിയിരിക്കുന്നതു്. (577, 578-ഈ പുറങ്ങൾ) ഈ അധികാരപ്രയോഗത്തിനുള്ള സന്ദർഭങ്ങൾ വളരെ അപൂർവ്വമായിട്ടേ സമാഗതമായിട്ടുള്ളൂ. അതിനാൽ പ്രായോഗികമായി പറഞ്ഞാൽ ഒരു ഇടവകയുടെയോ മെത്രാസന ഇടവകയുടെയോ സ്ഥാപനത്തിന്റെയോ വകയായുള്ള സ്വത്തുക്കൾ മറ്റൊരു ഇടവക

യ്ക്കും മെത്രാസനത്തിനും സ്ഥാപനത്തിനും കൈമാറ്റം ചെയ്ക
എന്നതു വളരെ അപൂർവമായിട്ടെ സംഭവിക്കുകയുള്ളൂ. അങ്ങിനെ
യുള്ള സ്വത്തുക്കളുടെ ഭരണംതന്നെ അതതു പ്രത്യേക ഇടവകയ്ക്കും
സംഘടനയ്ക്കും വിട്ടുകൊടുത്തിരിക്കുകയാണു്. സഭയുടെ വിഭാഗ
മായിരിക്കുന്ന ഏതു സമൂഹത്തിനും സംഘടനയ്ക്കും വസ്തുക്കൾ സ
മ്പാദിക്കുന്നതിനും ഭരിക്കുന്നതിനും ഉള്ള സ്വത്തസിദ്ധമായ അധി
കാരത്തെ 531-ാം കാനോൻ പ്രഖ്യാപിക്കുന്നുണ്ടു്. സാധാരണ നി
യമത്തോടു യോജിച്ചുള്ളതോ അപ്പോസ്തലിക സിംഹാസനത്തുങ്ക
ൽ നിന്നു അംഗീകരണം സിദ്ധിച്ചതോ ആയ ഭരണഘടനകൾ അ
നുസരിച്ചു അധികാരമുള്ളവരാൽ ആ വക സ്വത്തുക്കൾ ഭരിക്ക
പ്പെടേണ്ടതാണു്. (കാനോൻ 532 Vol 3. P 178) ഒരു മെത്രാസ
ന ഇടവക വകയായുള്ള സ്വത്തുക്കളുടെ ഭരണത്തിൽ ഒരു ബിഷ
പ്പിനെ സഹായിക്കുന്നതിനു സാധാരണയായി ഒരു നായകസഭ
ഉണ്ടായിരിക്കും. എന്നാൽ ഇതിൽനിന്നു വ്യത്യസ്തമായി കാഴ്ചക്ഷ
മമായ ഭരണത്തിനു് ഉതകുന്ന ഏതെങ്കിലും കീഴ്നടപ്പു് ഏതെ
ങ്കിലും ഇടവകയിൽ ഉണ്ടായിരുന്നാൽ അതു് നിലനിൎത്തപ്പെടുക
യും ചെയ്യും. (6_ാം വാല്യം. 580_ാപുറം)

12. സ്വത്തുക്കളുടെ ഭരണം സംബന്ധിച്ചു യാക്കോബാ
യ സഭയുടെ കാനോനും നിയമങ്ങളും കാതോലിക്കു് സഭയിലുള്ള
വയെപ്പോലെ ക്ലിപ്തമോ പൂർണ്ണമോ അല്ലെങ്കിലും, കാതോലിക്കു്
സഭാ ഭരണഘടനയിലെയും യാക്കോബായസഭാ നിയമത്തിലെ
യും പല മൗലിക പ്രമാണങ്ങളിൽ പ്രത്യക്ഷപ്പെട്ട കാണുന്ന സാ
മ്യതയും വി. പാത്രോസിന്റെ സിംഹാസനത്തെ സംബന്ധിച്ചുള്ള
പാത്രിയക്കീസിന്റെ അവകാശവാദവും സ്വത്തുക്കളുടെ ഭര
ണം സംബന്ധിച്ചു പാത്രിയക്കീസു ചെയ്യുന്ന അവകാശവാദ
ങ്ങളും മനസ്സിലാക്കുന്നതിനു കത്തോലിക്കു സഭ കാനോൻ നിയമ
ങ്ങളുടെ ഉദ്ധരണി സഹായകമാണു്. വാദികളുടെ അഭിപ്രായ
ത്തിൽ B P അക്കവും പ്രതികളുടെ അഭിമതമനുസരിച്ചു XXvi അ
ക്കവും ആണു് യാക്കോബായ സഭയുടെ കാനോൻ സംഹിത. ഇവ
യിൽ ഏതാണു് നിജമായിട്ടുള്ളതെന്നു തീരുമാനിക്കുന്നതിൽ വ
ലിയ പ്രയോജനമില്ല. അന്നു സുലഭമായിരുന്നതും യാക്കോബായ
ക്കാരുടെ കാനോൻ ചട്ടങ്ങളെ (നോമൊ കാനോൻ) 13_ാം നൂറാ
ണ്ടിൽ ബാർ എബ്രായാ ഒന്നായി ചേർത്തു "കെത്താബാദി ഹ്രദാ
യ" (നിയമപുസ്തകം) ഉണ്ടാക്കി എന്നുള്ളതു് ഇരുകക്ഷിക
ളും സമ്മതിക്കുന്നുണ്ടു്. അദ്ദേഹത്തിന്റെ കയ്യെഴുത്തു ഗ്രന്ഥം ഇ
പ്പോൾ സുലഭമല്ല. യാക്കോബായ പാത്രിയക്കീസന്മാർ അവകാ
ശപ്പെട്ട അധികാരാതിർത്തിയുടെ വിസ്തൃതമായ സ്വഭാവവും,
ഒരു സ്ഥലത്തുനിന്നു മറൊരു സ്ഥലത്തേക്കു പോകുന്നതിൽ ഉണ്ടാ
യിരുന്ന യാത്രാക്ലേശങ്ങളും, 13-ാം നൂറാണ്ടിനു മുമ്പും അതി
നുശേഷവും നിലവിലിരുന്ന രാഷ്ട്രീയ അസമാധാന സാഹച
ര്യങ്ങളും ബാർ എബ്രായ ഈ ഗ്രന്ഥം ചമച്ചതിനു ശേഷമുള്ള കാ

ലദൈൗർഘ്യവും ഓർക്കുമ്പോൾ പല കാരണങ്ങളാലും വേണ്ടിവന്ന പല തിരുത്തലുകളോടുകൂടി ഈ ഹൃദായ കാനോന്റെ പല പ്രതികൾ പല സ്ഥലങ്ങളിൽ ഉപയോഗത്തിലിരുന്നു എന്നു സ്വാഭാവികമായി വരാവുന്നതാണ്. ഇതിന്റെ ഒരു സ്വരൂപണം 19-ാം നൂററാണ്ടിൽ ബഡ്ജാൻ എന്നയാളാൽ പാരീസിൽ മുദ്രണം ചെയ്യപ്പെട്ടു. (26 അക്കം) ഇതു പാരീസിലെ നാഷനൽ ഗ്രന്ഥശാലയിൽ ഉണ്ടായിരുന്ന ഒരു ഗ്രന്ഥത്തിന്മേൽ അടിസ്ഥാനപ്പെടുത്തിയതാണ്. നോമൊ കാനോന്റെ പിൽകാലമുണ്ടായ ഒരു വിവർത്തനം "മായി"യുടെ ഗ്രന്ഥസമുച്ചയത്തിൽ കാണുന്നുണ്ട്. ഇവ രണ്ടും ബാർ എബ്രായ കൂട്ടിച്ചേർത്ത പുരാതന കാനോന്റെ പകർപ്പുകൾ ആയിരുന്നാൽതന്നെയും ഇത്രയും നൂററാണ്ടുകളായി അവയുടെ മൂലം വ്യത്യസ്തങ്ങളൊ സങ്കലനമൊ കൂടാതെ ഇരിക്കുക എന്നതു സംഭാവ്യമല്ല. xxvi അക്കത്തിന്റെ അവതാരികയിൽ തന്നെ സുറിയാനി, കൽദയാ, അറബി, ലത്തീൻ ഈ ഭാഷകളിൽ മൂലഗ്രന്ഥങ്ങൾ ഉണ്ടെന്നു പ്രസ്താവിച്ചിട്ടുണ്ട്. അവയുടെ വാചകങ്ങൾ മൂലത്തിൽ ഒത്തിരിക്കുന്നുമില്ല. ബ്രിട്ടീഷ് മ്യൂസിയത്തിലും വാററിക്കാൻ ഗ്രന്ഥശാലയിലും ഇരിക്കുന്ന മൂലഗ്രന്ഥങ്ങൾ പാരീസിലെ ഗ്രന്ഥശാലയിൽ ഉള്ള മൂലഗ്രന്ഥത്തിൽ നിന്നു തുലോം വ്യത്യസ്തപ്പെട്ടതാണ്. xxvi അക്കം പുരാതന കയ്യെഴുത്തു ഗ്രന്ഥങ്ങൾ പരിശോധിച്ചു കൂട്ടിച്ചേർക്കപ്പെട്ടതാണ്. അദ്ദേഹം തിരുത്തലുകൾ വരുത്തുകയും, വ്യാഖ്യാനങ്ങൾ കൂട്ടിച്ചേർക്കയും ഒന്നിൽനിന്നു ഒരു ഭാഗവും മറെറാന്നിൽനിന്നു മറെറാരു ഭാഗവും എടുത്തു ചേർക്കയും ആണ് ചെയ്തിട്ടുള്ളത്. ഉദാഹരണമായി അസ്സിമാനിയുടെ ഭാഷാന്തരത്തിൽനിന്നുള്ള മാമോദീസായെപ്പററിയുള്ള അദ്ധ്യായം നോക്കുക. ബഡ്ജാൻ മൂലഗ്രന്ഥം എന്നു സങ്കല്പിച്ചതിൽതന്നെയും അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ പല പിശകുകളും ഉണ്ടായിരുന്നിരിക്കണം. അദ്ദേഹംതന്നെ വിവാഹത്തെപ്പററിയുള്ള എട്ടാം അദ്ധ്യായത്തിൽ പല ഗൗരവാവഹങ്ങളായ പിശകുകൾ ഉള്ളതായി ചൂണ്ടിക്കാണിക്കുന്നുണ്ട്. വിശുദ്ധ വിവാഹം എന്ന കൂദാശയിൽ ബാർ എബ്രായ വിവാഹമോചനം അനുവദിച്ചിരുന്നു. ഇതു് വൈദിക നിയമത്തെയും മപ്രിയാൽ (അതായതു കാതോലിക്കാ സ്ഥാപനം) സ്ഥാപനം സ്ഥാപിച്ചിരുന്ന പേർഷ്യായിലെ മഹമ്മദീയ നിയമത്തെയും യോജിപ്പിക്കണമെന്നു കരുതിയായിരുന്നിരിക്കണം. ഈ വിശ്വാസം യാക്കോബായ സഭ പൊതുവെ സ്വീകരിക്കുന്നില്ല. പേർഷ്യായിലെ മപ്രിയാന്റെ അധികാരസീമയ്ക്കു വെളിയിൽ സ്ഥിതി ചെയ്തിരുന്ന സഭകളാൽ പൂർണ്ണമായി അംഗീകരിക്കപ്പെട്ടിരുന്ന കാനോൻ നിയമങ്ങളടങ്ങിയ ഗ്രന്ഥം ആയിരിക്കയില്ല 26 അക്കം എന്നുള്ളതിനു ഇതു മതിയായ തെളിവാണ്, "ഇതെഴുതുന്ന കാലത്തു തുർക്കിയിൽ എങ്ങനെയിരുന്നാലും നോമൊ കാനോൻ (26 അക്കം) ലൗകീകകാര്യങ്ങളിൽ മെത്രാന്മാർക്കു വിപുലമായ അ

ധികാരം അനുവദിച്ചിരുന്നു" എന്നു മൂണ്ടിക്കാണിക്കുന്നുണ്ട്. മലങ്ക
രയിൽ ഒരു ഇടവക വികയാരയുള്ള സ്വത്തുക്കളെ തന്റെ അധികാ
രത്തിൽപ്പെട്ട മറെറാരു ഇടവകയ്ക്കു നൽകുന്നതിനു ഒരു മെത്രാനു
അധികാരമുണ്ടെന്നു പ്രതികൾ തീർച്ചയായും സമ്മതിക്കുയില്ലെത
ന്നെ. ബി പി അക്കത്തിലും പിശകുകൾ ഉണ്ടായിരിക്കാം. നട
പ്പിലിരിക്കുന്ന കാനോനിന്റെ അധികൃതമായ ഒരു പരിഭാഷയുടെ
അഭാവത്തിൽ പാത്രിയക്കീസ്സിന്റെ അംഗീകരണത്തോടുകൂടി മ
ലങ്കര യാക്കോബായ സുറിയാനിസമുദായത്തിൽ വ്യവഹാരങ്ങൾ
ഉത്ഭവിക്കുന്നതിനുമുമ്പു് ഉപയോഗത്തിലിരുന്ന ഭാഷാന്തരം ഏ
തെന്നുള്ളതു് മാത്രമെ യഥാർത്ഥ പ്രശ്നമായിരിക്കുന്നുള്ളു. 26 അക്ക
ത്തേക്കാൾ ബി പി അക്കമാണു് ഉത്തമം എന്നു് അഭിപ്രായപ്പെ
ടുന്നതിനു പല കാരണങ്ങളും എന്റെ സഹോദരൻ ഡോക്ടർ
നോക്സ് (ജെ) കൊടുത്തിട്ടുണ്ടു്. ഒരു സംഗതി ഉറപ്പിച്ചു പറയുന്ന
തിൽ കൂടുതലായി എനിക്കു് അതെപ്പറ്റി പറയാൻ ഒന്നുമില്ല.
നൂലാം ശതകത്തിനുശേഷം യാക്കോബായസഭ സാർവത്രിക സഭ
യിൽനിന്നു പിരിഞ്ഞുപോകയും മൂന്നാമത്തെ സുന്നഹദോസ്സിനു
ശേഷമുള്ള എല്ലാ സാർവത്രിക സുന്നഹദോസ്സുകളെയും ത്യജിക്കയും
ചെയ്തു. അങ്ങനെയായാൽ നിക്യാ സുന്നഹദോസ്സിൽ നടന്ന സം
ഗതികളെ ചരിത്രപരമായി രേഖപ്പെടുത്തുന്നതിനു ഉദ്ദേശിച്ചല്ലെ
ങ്കിൽ 26 അക്കത്തിൽ പറഞ്ഞിരിക്കുന്നതുപോലെ എല്ലാ പാത്രിയ
ക്കീസ്സന്മാരുടെയും വലിയ തലവൻ റോമാ പാത്രിയക്കീസ്സാണു്
എന്നു യാക്കോബായക്കാർ സ്വീകരിക്കുന്ന കാനോനിൽ പ്രസ്താവി
ക്കയില്ലായിരുന്നു. ഞാൻ മുമ്പു തെളിയിച്ചതുപോലെ 26 അക്ക
വും ബി പി അക്കം തന്നെയും ഇപ്പോഴത്തെ സ്ഥിതിയിൽ പി
ന്നീടുണ്ടായ തിരുത്തലുകളുടെ ഫലമാണു". പ്രത്യേകിച്ചും 1654-ൽ
മട്ടാഞ്ചേരിയിലെ കുനൻകുരിശു സത്യത്തിൽപ്പെട്ട മലങ്കര സുറി
യാനി സമുദായം അതിനുശേഷം 26 അക്കംപോലെയുള്ള ഒരു കാ
നോൻപുസ്തകം സ്വീകരിച്ചിരിക്കയില്ല.

13. B P അക്കം ഒന്നാം കപ്യാലയോൻ 2-ാം പാഃസ്സാ
ക്കായിൽ "വിശ്വാസികളുടെ ആത്മാക്കളുടെ ഉത്തരവാദിത്വം ഒരു
എപ്പിസ്കോപ്പായിൽ നിക്ഷിപ്തമെങ്കിൽ സഭയുടെ ലൗകീകങ്ങ
ളിന്മേൽ അദ്ദേഹത്തിനു് അധികാരമുണ്ടായിരിക്കുക എന്നതു വെറും
ന്യായം മാത്രമാകുന്നു" എന്നു രേഖപ്പെടുത്തിയിരിക്കുന്നു. സഭ എ
ന്നതു് ഒരു പൂർണ്ണതയുള്ള സമൂഹം എന്ന നിലയ്ക്കു് അതിന്റെ
ഉദ്ദേശം സഫലപ്പെടുത്തുന്നതിനു് ആവശ്യമായ (ലൗകീകങ്ങൾ
ഉൾപ്പെടെ) എല്ലാ ഉപാധികൾക്കും അവകാശമുണ്ടു് എന്നുള്ള
റോമാ സിദ്ധാന്തത്തിനു് ഇതു് ഉപോൽബലകമായിരിക്കുന്നു. സഭ
ഒരു ആത്മീയ സമൂഹമാണെന്നുള്ള അഭിമതത്തിൽ അടങ്ങിയിരിക്കു
ന്ന മൗഢ്യത്തെ ഇതു തെളിയിക്കുന്നു. സഭ അതിന്റെ അന്ത്യമായ
ഉദ്ദേശത്തിൽ ആത്മീയവും, ആ പര്യവസാനത്തിലേക്കു അതിന്റെ
പ്രവൃത്തിപദ്ധതികൾ വഴിതെളിക്കുന്നതും എന്നാൽ അതിന്റെ ആ

ധുനിക ഭരണഘടനയെയും അതിനുള്ള കഴിവുകളെയും സംബ
ന്ധിച്ചിടത്തോളം അങ്ങനെ എന്നത്ഥമില്ലെന്നും സിദ്ധിക്കുന്നു. അ
തിന്റെ അദ്ധ്യക്ഷാധിപത്യത്തിൽ മെത്രാന്മാർ ക്രിസ്തുവിന്റെ അ
പ്പോസ്തോലന്മാരെ പ്രതിനിധീകരിക്കുന്നു. കത്തോലിക്കസഭയിൽ
ഒരു ഇടവകയിലെ സന്ന്യാസസംഘങ്ങളും വിശ്വാസികളും എല്ലാം
തന്നെ സാധാരണമായിമെത്രാന്റെ അധികാരത്തിലായിരുന്നു. അ
ങ്ങനെ പ്രാചീനകാലങ്ങളിൽ സന്ന്യാസസമൂഹംവക സ്വത്തുക്കളും
ബിഷോപ്പിന്റെ മേൽനോട്ടത്തിലായിരുന്നു. മദ്ധ്യയുഗങ്ങളിൽ,
ഏതൊരു ഇടവകയ്ക്കോ സന്ന്യാസസംഘത്തിനോ നൽകപ്പെട്ട വസ്തു
ക്കളുടെ അനുഭവം അതതു ഇടവകയ്ക്കോ സംഘത്തിനോ ആയിരി
ക്കുക പതിവായിരുന്നു. മെത്രാസന ഇടവകവകയായുള്ള സ്വത്തു
ക്കളുടെ ഭരണം മെത്രാനും, അതതു ഇടവകവകയായുള്ള സ്വത്തുക്ക
ളുടെ ഭരണം മെത്രാന്റെ വരുതിയിൽകീഴ് അതതു ഇടവകവികാ
രിയും നിവർത്തിക്കണമെന്നും, സഭവകയായുള്ള സ്വത്തുക്കൾ ഒരു
മെത്രാനൊ വികാരിയൊ അപഹരിക്കയൊ, ദുരുപയോഗപ്പെടു
ത്തുകയൊ ചെയ്യരുതെന്നും, മെത്രാൻ സുന്നഹദോസ്സിനെ കണക്കു
ബോദ്ധ്യപ്പെടുത്തേണ്ടതാണെന്നും സഭവക സ്വത്തുക്കളെ വിൽക്കു
കയൊ അപഹരിക്കുകയൊ ചെയ്യുന്നവൻ അതിനെ തിരിയെ
കൊടുക്കുന്നതുവരെ ശപിക്കപ്പെട്ടിരിക്കും എന്നും, ഭദ്രകൽപവക
സ്വത്തുക്കൾ അവയ്ക്കു പ്രത്യേകമായിരിക്കുമെന്നും മെത്രാന്റെ
യൊ ധർമ്മദ്രവ്യവിനിയോഗത്തിനു ചുമതലപ്പെട്ടിരിക്കുന്ന ആ
ളിന്റെയൊ അനുമതിക്കൂടാതെ ഏതെങ്കിലും ദാനംകൊടുക്കുകയൊ
വാങ്ങുകയൊ ചെയ്യുന്നവൻ ശപിക്കപ്പെട്ടവനാകും എന്നുള്ള സം
ഗതികൾ ബി പി അക്കം കാനോൻ 1-ം 2-ം പാസ്സാക്കാകളിൽ
നിന്നു വ്യക്തമാകുന്നുണ്ട്. ഇവയിൽ അവസാനത്തെ ചട്ടം വള
രെ അർത്ഥവത്താണ്. യാക്കോബായ സഭയുടെ യാതൊരു വിഭാ
ഗവും സഭയോട് ന്യായമായി ചുമതലപ്പെടുത്തപ്പെട്ടവരുടെ അനു
മതിക്കൂടാതെ വസ്തുക്കൾ ദാനമായിപ്പോലും സ്വീകരിക്കാൻ പാടി
ല്ല. യാക്കോബായസഭയുടെ യാതൊരു വിഭാഗവും അതിന്റെ ഉ
ദ്ദേശങ്ങൾക്കും കീഴ് നടപ്പിനും വിപരീതമായി വസ്തുക്കൾ സമ്പാ
ദിക്കുകയൊ, കൈവശംവച്ചുകൊണ്ടിരിക്കുകയൊ പാടില്ല എന്നു
ള്ളതിനാൽ ഈ വ്യവസ്ഥ ഉചിതമാണ്. യാക്കോബായ സഭയു
ടെ ഒരു ഇടവകയായിരുന്നതും ഏക മെത്രാപ്പോലീത്തായുടെ ഭര
ണത്തിൻകീഴായിരുന്നതുമായ മലങ്കര യാക്കോബായ സഭയ്ക്കു
വേണ്ടിയുള്ള ഒരു ട്രസ്റ്റാണ് ഈ കേസ്സിൽ ഉള്ളതു്. അതിന്റെ
ഒരു ഭാഗം ഒരു മെത്രാപ്പോലീത്തായാൽ സ്ഥാപിക്കപ്പെട്ടതുമായി
രുന്നു. പൊതു യാക്കോബായ സഭയുടെ ഉദ്ദേശങ്ങൾക്കും താല്പര്യ
ങ്ങൾക്കും വിരുദ്ധമായ ഏതിനെങ്കിലും വേണ്ടിയായിരുന്നു എങ്കിൽ
ഈ ട്രസ്റ്റു സ്വീകരിക്കപ്പെടുകയൊ ട്രസ്റ്റുസ്ഥാപനം സാദ്ധ്യ
മൊ ആയിരുന്നിരിക്കയില്ല. അതിന്റെ ഭരണത്തിനു ചുമതലപ്പെ
ട്ടവർ ആരുതന്നെയായാലും മേൽ സംഗ്രഹിച്ചിട്ടുള്ള കാനോൻ ച

ട്ടങ്ങൾ അവരെ ബാധിക്കുന്നതാണു്. മറുവിധത്തിൽ പറഞ്ഞാൽ സ്വത്തു് ഭരണവിഷയത്തിൽ ആ കാനോൻചട്ടങ്ങൾ ലംഘിക്ക പ്പെട്ടാൽ സഭയുടെ പരമാധികാരി എന്ന നിലയ്ക്കു് കുറവാളി കൾക്കു കാനോൻചട്ടങ്ങളനുസരിച്ചു് ആത്മീയശിക്ഷകൾനൽകി സ്വത്തുഭരണം കാര്യക്ഷമമാക്കുന്നതിനു പാത്രിയക്കീസ്സിനു് അധി കാരമുണ്ടു്.

വസ്തുക്കളുടെ ആഭ്യന്തര ഭരണത്തിൽ ഇടപെടുക എന്നതുകൊ ണ്ടു് ട്രസ്റ്റിന്റെ ഭരണഘടനയ്ക്കു വിപരീതമായൊ സഭയുടെ അംഗീകൃത കീഴ്നടപ്പിനു വിരുദ്ധമായൊ വസ്തുക്കളുടെ ഭരണം പാ ത്രിയക്കീസു് നേരിട്ടു കയ്യേൽക്കുകയൊ ചെയ്യാമെന്നല്ല ഞാൻ ഉ ദ്ദേശിക്കുന്നതു്. ഒരു ഇടവകയുടെയൊ സ്ഥാപനത്തിന്റെയൊ വ കയായുള്ള പ്രത്യേക സ്വത്തുക്കൾ അതതു മെത്രാന്മാരാലൊ സ്ഥാ പനങ്ങളുടെ മേലദ്ധ്യക്ഷന്മാരാലൊ തന്നെ ഭരിക്കപ്പെടേണ്ടതാണെ ന്നുംകൂടി മേൽപ്പറഞ്ഞ കാനോൻ ചട്ടങ്ങളിൽനിന്നും നിഷ്പന്നമാകുന്നു. ഒരു ഇടവക വകയായ സ്വത്തുക്കൾ മറെറാരു ഇടവകയ്ക്കു കൈ മാറ്റം ചെയ്യുത്തക്കതൊ മറെറാരു ഇടവകയുടെ ഗുണത്തിനായി വി നിയോഗിക്കപ്പെടത്തക്കതൊ അല്ല. ഒരു മെത്രാന്റെ കീഴിലു ള്ള പല ഇടവകകളെപ്പററി നമുക്കു ഇപ്പോൾ ചിന്തിക്കേണ്ടതില്ല. പിന്നീടു് പല ഇടവകകളായിത്തീർന്ന പുരാതന മലങ്കര ഇടവകവ കയായ സ്വത്തുക്കളെപ്പററി മാത്രമെ നമുക്കു ഈ കേസ്സിൽ ആലോ ചിക്കേണ്ടതുള്ളു. ബഹുജന നന്മയെ പുരസ്കരിച്ചു നവീകരണ പ്ര യോജനത്തെ ബലികഴിക്കണം എന്ന തത്വത്തിന്മേൽ അധിഷ്ഠിത മായി മാർപ്പാപ്പായുടെ അധികാരത്തെ വ്യവസ്ഥപ്പെടുത്തുന്നതാ യ കത്തോലിക്കാകാനോൻ ചട്ടംപോലെ പരമ മേലധികാരി എ ന്ന നിലയിൽ പാത്രിയക്കീസ്സിന്റെ അധികാരങ്ങളെ വ്യവസ്ഥ പ്പെടുത്തുന്ന വ്യക്തമായ ഒരു കാനോൻചട്ടം ഞങ്ങളുടെ ശ്രദ്ധയ്ക്കു വിഷയീഭവിച്ചിട്ടില്ല. മലങ്കര യാക്കോബായ സഭയുടെ പൊതു നന്മയെ കരുതി അങ്ങനെ ഇടപെടേണ്ടതായി വന്നുകൂടുന്ന അടിയ ന്തിര സന്ദർഭങ്ങളെ മനോദർപ്പണത്തിൽ ഉൾവഹിക്കുന്നതിനു ആ ക്കം സാധിക്കുന്നതാണു്. കത്തോലിക്കാ സഭയുടെ ചരിത്രത്തിൽ പോലും അങ്ങനെയുള്ള അടിയന്തിര സന്ദർഭങ്ങൾ ഉർല്ലഭമായിട്ടു മാത്രമെ ഉണ്ടായിട്ടുള്ളു എന്നതുകൊണ്ടു അങ്ങനെയുള്ളവയെപ്പററി ചിന്തിക്കേണ്ടതില്ലതന്നെ. സഭാസ്വത്തുക്കളിൽ നിന്നും പാത്രിയ ക്കീസ്സിനു ധനപരമായുള്ള അവകാശമായ റിശ്രീസ്സായെ സംബ ന്ധിച്ചു യാക്കോബായ സഭയുടെ കാനോനിൽ പ്രത്യക്ഷമായ വ്യ വസ്ഥകളുണ്ടു്.

14. അങ്ങനെ മലങ്കര യാക്കോബായസഭ പൊതു സ്വത്തുക്ക ൾ സംബന്ധിച്ചു പാത്രിയക്കീസ്സിനുള്ള അവകാശങ്ങൾ രണ്ടു മാത്ര മാണു്. സഭയുടെ അന്തർലക്ഷ്യവും അതിന്റെ പ്രാവർത്തികരൂപ മാർഗ്ഗങ്ങളും സംബന്ധിച്ചു തീരുമാനം ചെയ്യുന്നതിനുള്ള അദ്ധ്യേഹ ത്തിന്റെ അധികാര സമ്പൂർണ്ണതയിൽ നിന്നു ഉടലിടുന്നതും, സഭാ

സ്വത്തുക്കളുടെ പരമ ഭരണാധികാരി എന്നും കീഴ്വഴക്കാരന്റെ
ന്നുമുള്ള നിലയും അദ്ദേഹത്തിനുള്ള അവകാശമാണ് എന്നു. സഭാ
സ്വത്തുക്കളുടെ ഭരണത്തിൽ സഭയുടെ കാനോൻ ചട്ടങ്ങളെ ലംഘി
ക്കുന്നവർക്കു ആത്മീയശിക്ഷകൾ നൽകി സ്വത്തുഭരണം കാര്യക്ഷ
മമാക്കുന്നതിനു അദ്ദേഹത്തിനുള്ളതായി മേൽ ചൂണ്ടിക്കാണിക്കപ്പെ
ട്ടിട്ടുള്ളതാണ് രണ്ടാമത്തേതു്. മാർ ഗീവറുഗീസു് ദീവന്നാസ്യോ
സ്സിന്റെ കക്ഷി ഏറ്റവും കൂടുതൽ വെറുക്കുന്ന പാത്രിയർക്കീസു് അ
അബ്ബെ ഒള്ളായാണു്. സഭാസ്വത്തുക്കളുടെ ഭരണം സംബന്ധിച്ചു
ള്ള കാര്യത്തിൽ തന്റെ അധികാരത്തെ അതിലംഘിച്ചു പ്രവർത്തി
ച്ചതായി കാണിക്കുന്നതിനു അദ്ദേഹം ഏതാനും മെത്രാന്മാരോടും ഇ
ടവക ജനങ്ങളോടും വാങ്ങിയ ഉടമ്പടികൾ ഉപയോഗപ്പെടുത്തു
ന്നുണ്ടു്. ഇടവക സ്വത്തുക്കൾക്കു ട്രസ്റ്റിമാരെ നിയമിക്കുന്നതി
നും അവരെ നീക്കം ചെയ്യുന്നതിനും പാത്രിയക്കീസ്സിനു അധികാരം
നൽകുന്നവയാണു് 214, 182, 183 അക്കം ഉടമ്പടികൾ. ട്രസ്റ്റി
കളുടെ നീചമായ ദുർഭരണം ഹേതുവാലാണു് ഈ ഇടപെടൽ ഉ
ണ്ടായതെന്നു് ഉടമ്പടികളിൽ നിന്നു കാണുന്നുണ്ടു്. സഭാസ്വത്തു
ക്കളുടെ അപഹരണം എന്ന "വൈദിക കുറ്റത്തിനു" കാനോൻ പ്ര
കാരം ആത്മീയശിക്ഷകൾ നൽകുന്നതിനു പാത്രിയക്കീസ്സിനു കാ
നോനനുസ്സരിച്ചു അധികാരമുണ്ടെന്നുള്ളതു് അനിഷേധ്യമാണു്
1105-ൽ അപ്പീൽ (173-ാം നമ്പരിലെ 54 അക്കം വിധി നോക്കു
ക) എന്നാൽ അങ്ങനെയുള്ള കൃത്യങ്ങൾക്കു കാരണം ഒന്നുകിൽ പാ
ത്രിയക്കീസ്സിനു അക്രമമായ അധികാരം സ്നേഹമൊ പല ഇടവകക
ളിലെയും ട്രസ്റ്റിമാരുടെ നിഷേധഭാവത്തിനു പ്രോത്സാഹനം നൽ
കിയിരുന്ന മാർ ഗീവറുഗീസു് ദീവന്നാസ്യോസ്സിന്റെയും അദ്ദേ
ഹത്തിന്റെപക്ഷക്കാരുടെയും വിരുദ്ധമനോഭാവമൊ ആയിരുന്നിരി
ക്കണം. ഈ സാഹചര്യങ്ങളിൽ പ്രത്യേക ഇടവകകൾ വകയായ
സ്വത്തുക്കളെ സംബന്ധിച്ചുള്ള അബ്ബെള്ളായുടെ മനോഭാവം ഈ ഉ
ടമ്പടികളിൽ നിന്നു അനുമാനിക്കുന്നതു അപകടകരമാണു്. അ
ദ്ദേഹം അവിവേകമായി ഒപ്പുമാറിയെന്നുള്ളതു പറയാതെ തരമി
ല്ല. മെത്രാന്മാരിൽ നിന്നും വാങ്ങിയ ശൽമൂസ്സാ ഉടമ്പടികളാ
ണു് 176-ം 179-ം അക്കങ്ങൾ. 264 അക്കത്തിൽ നിന്നു കാണുന്ന
തുപോലെ ഒരു മെത്രാനെ വാഴിക്കുമ്പോൾ അദ്ദേഹത്തോടു ശൽമൂ
സ്സാ വാങ്ങുക എന്നതു ഒരു പുരാതനമായ ഏർപ്പാടാണു്. മഫ്രി
യാനുമാരും ഇപ്രകാരം ശൽമൂസ്സാ വാങ്ങിയിരുന്നു എന്നും അതിൽ
നിന്നും കാണുന്നുണ്ടു്. "ഈ സഭയിന്മേലും അതിന്റെ സ്വത്തുക്ക
ളിന്മേലും ആത്മീയവും ലൗകീകവുമായ എല്ലാ അധികാരങ്ങളും" സ
മ്മതിക്കുന്നതായ 3-ാം വകുപ്പായിരിക്കണം അപരാധമെന്നു
പറയുന്നതു്.

15. ഇടവക ജനങ്ങളിൽ നിന്നൊ മെത്രാന്മാരിൽ നിന്നൊ
അബ്ബെള്ളാ വാങ്ങിയ ഉടമ്പടികളിൽ കാണുന്ന പൂർണ്ണമായ ലൗകീ
കാധികാര സമ്മതം, അദ്ദേഹം നടപ്പിൽ വരുത്തിയ ഒരു നൂതന വ്യ

ർപ്പാടല്ല. 1052-ൽ ഇടവക വകയായ സ്ഥാവരവും ജംഗമവുമാ
യ എല്ലാ സ്വത്തുക്കളിന്മേലും പരിപൂർണ്ണാധികാരം പാത്രിയക്കീ
സ്സിൽ നിക്ഷിപ്തമാണെന്നു സമ്മതിക്കുന്നതായി മുളന്തുരുത്തി ഇടവ
കക്കാർ പത്രോസു പാത്രിയക്കീസ്സിനു കൊടുത്ത ഉടമ്പടി ഒരു ദൃ
ഷ്ടാന്തമാണു". Dy അക്കത്തിൽ നവിനുരം പര്യാലോചിക്കപ്പെ
ട്ട നിശ്ചയങ്ങൾ ചെയ്തു മുളന്തുരുത്തി സുന്നഹദോസു വിളിച്ചു കൂട്ടി
യതും, വട്ടിപ്പണത്തിന്റെ കൈകാര്യം സഭാകാര്യങ്ങളുടെ നിയന്ത്ര
ണം ഇവയ്ക്കായി സിറിയൻ ക്രിസ്ത്യൻ അസ്സോസ്യേഷൻ രൂപവ
ൽക്കരിച്ചതും പത്രോസു പാത്രിയക്കീസ്സായിരുന്നു. പാത്രിയക്കീ
സ്സിനു നൽകപ്പെടേണ്ടതായി ആ നിശ്ചയങ്ങളിൽ രേഖപ്പെടുത്തി
യിരുന്നതു റിശീസ്സായാണു". മലങ്കര യാക്കോബായ സഭാചരിത്ര
ത്തിൽ അതിപ്രധാനവും മാത്തോമ്മാസഭ അതിന്മേൽ തട്ടി ഉടഞ്ഞ
തുമായ ഒരു പാറയാണു" മുളന്തുരുത്തി സുന്നഹദോസു". അങ്ങനെ
പരിപൂർണ്ണമായ ലൗകീകാധികാരം ഉണ്ടെന്നുള്ള പാത്രിയക്കീസ്സി
ന്റെ അവകാശവാദവും മേൽപ്പറഞ്ഞ ഉടമ്പടികളിൽ കാണുന്ന
സമ്മതവും മുളന്തുരുത്തി നിശ്ചയങ്ങളുടെ പ്രകാശത്തിൽ വേണം വീ
ക്ഷിക്കേണ്ടതു". പരമ ഭരണാധികാരിയെന്ന നിലയിൽ കവിഞ്ഞു
യാതൊന്നും ഈ അവകാശവാദത്തിൽ ഇല്ലെന്നാണു" എനിക്കു തോ
ന്നുന്നതു". മലങ്കര യാക്കോബായ അസ്സോസ്യേഷൻ സൃഷ്ടിച്ച മുള
ന്തുരുത്തി സുന്നഹദോസ്സിന്റെ ഉദ്ദേശം അബ്ദുള്ളാതന്നെ ശരിയാ
യി വ്യാഖ്യാനിക്കുന്നുണ്ടു". മുളന്തുരുത്തി സുന്നഹദോസ്സിൽ വച്ചു
മലങ്കരയാക്കോബായ അസ്സോസ്യേഷൻ സൃഷ്ടിച്ചതിന്റെ ഉദ്ദേശം
സഭാസ്വത്തുക്കളുടെയും സമുദായത്തിന്റെയും ആസ്തികളുടെയും
ഭരണത്തിൽ മെത്രാന്മാർക്കു ഉണ്ടായിരുന്ന അനിയന്ത്രിതമായ അ
ധികാരത്തിൽനിന്നു ഉത്ഭവിക്കുന്ന ദോഷങ്ങളെ ഉന്മൂലനം ചെ
യ്യുന്നതിനും, അവയുടെ ഭരണം സമുദായത്തോടു" ഉത്തരവാദിത്വ
മുള്ളതാക്കുന്നതിനും, അതിനാൽ ഈ നിശ്ചയത്തെ കൂടുതൽ പ്രാ
യോഗികമാക്കണമെന്നും അല്ലാതെ ചില തൻകാര്യക്കാർ പറയു
ന്നതുപോലെ അതിനെ നശിപ്പിക്കണമെന്നല്ലെന്നും (IX അക്കം)
അത്രെ അദ്ദേഹം പറയുന്നതു". യഥാർത്ഥത്തിൽ, തങ്ങളുടെ ഇ
ഷ്ടാനുസരണം സഭാസ്വത്തുക്കൾ ഭരിക്കണമെന്നു ആഗ്രഹിച്ച മെ
ത്രാന്മാരും സഭയുടെ പരമാധികാരി എന്ന നിലയ്ക്കു സഭാസ്വ
ത്തുക്കൾ ശരിയായി ഭരിക്കപ്പെടുന്നുവൊ എന്നു സൂക്ഷിക്കുന്നതി
നു ചുമതലപ്പെട്ടയാൾ എന്ന നിലയ്ക്കുള്ള പാത്രിയർക്കീസും ത
മ്മിൽ ഉള്ള വടംവലിയായിരുന്നു എന്നാണു" തോന്നുന്നതു". ത
ന്റെ കൂട്ടുത്തറികളുടെ അഭിപ്രായത്തെ അവഗണിക്കുന്നതിനു
മാർ ഗീവറുഗീസു" ഭീവന്നാസ്യോസ്സിനെ അധികാരപ്പെടുത്തുന്ന
തായി അസ്സോസ്യേഷൻ ചെയ്തനിശ്ചയം ഈ അവസരത്തിൽ സ്മ
രണീയമാണു". അതുകൊണ്ടു സഭാസ്വത്തുക്കളുടെ ഉൾഭരണത്തിൽ
ഇടപ്പെടുന്നതിൽ നിന്നു പാത്രിയർക്കീസ്സിനെ തടയണമെന്നു
മുള്ളതല്ല പ്രത്യുത സഭാസ്വത്തുക്കളുടെ ഭരണം സംബന്ധിച്ചു പാ

ത്രിയർക്കീസ്സിനുള്ള അധികാരത്തിന്റെ എല്ലാ ഛായയും അവകാശവാദം പോലും നിർമ്മാർജ്ജനം ചെയ്യണമെന്നുള്ളതായിരുന്നു ശ്രമം എന്നാണ് കാണുന്നത്. അബ്ദുള്ള പാത്രിയർക്കീസ്സ് ഇൻഡ്യയിലായിരുന്നപ്പോൾ തന്നെ മാർ ഗീവറുഗീസ് ദീവന്നാസ്യോസ്സിന്റെ കക്ഷിക്കാർ ഒരു പദ്ധതി രൂപവൽക്കരിക്കുന്നതിനു ശ്രമിച്ചിരുന്നതായി 215 അക്കത്തിൽ നിന്നു കാണാവുന്നതാണ്. അതായത് ആത്മീയകാര്യങ്ങൾ നിയന്ത്രിക്കുന്നതിനു ഒരു എപ്പിസ്കോപ്പൽ സുന്നഹദോസും ലൗകീക കാര്യങ്ങൾക്കു അസ്സോസ്യേഷനും ഇങ്ങനെ രണ്ടു ഭരണസമിതികൾ ഉണ്ടായിരിക്കണം. ഈ രണ്ടു സമിതികളുടെയും റിപ്പോർട്ടുകൾ വർഷംതോറും പാത്രിയർക്കീസ്സിനു അയച്ചുകൊടുക്കണം. അവ പരിശോധിക്കുന്നതിനു അദ്ദേഹത്തിനു അധികാരം ഉണ്ടായിരിക്കും എന്നാൽ ലൗകീക കാര്യങ്ങളെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ നിർദ്ദേശങ്ങൾ ഈ രാജ്യത്തെ സ്ഥിതിക്കു അനുയോജ്യമെങ്കിൽ മാത്രമെ സ്വീകരിക്കപ്പെടുഇതാണ് ആ പദ്ധതി. ഇതിന്റെ എഴുത്തുകാരനോടു ഈ പദ്ധതി പ്രായോഗികമായി സ്വീകരിക്കപ്പെടുമെന്നും എന്നാൽ ശാസ്ത്രീയമായി ഇതു അംഗീകരിക്കാൻ സാദ്ധ്യമല്ലെന്നും അബ്ദുള്ള പറഞ്ഞതായി 215 അക്കത്തിൽ കാണുന്നു. പാത്രിയർക്കീസ് അവകാശപ്പെട്ട പരിപൂർണ്ണമായ ലൗകീകാധികാരത്തിന്റെ സ്വഭാവത്തെക്കുറിച്ചു സ്പഷ്ടമായ സൂചന ഇതിൽനിന്നു സിദ്ധിക്കുന്നതാണ്. അതു സഭാസ്വത്തുക്കളുടെ ഭരണത്തിൽ യഥാർത്ഥമായി ഇടപ്പെടുന്നതിനുള്ള ഒരു അവകാശം അല്ല.

16. വിവാദവസ്തുക്കളെ സംബന്ധിച്ചിടത്തോളം പാത്രിയർക്കീസ്സിന്റെ നിലയ്ക്കു കോടതിവിധികൾ എന്തു വ്യത്യാസം വരുത്തി എന്നു നോക്കാം. പാത്രിയർക്കീസ്സിന്റെ അധികാരം സഭയുടെ ലൗകീകങ്ങളുടെ ഭരണം ഉൾക്കൊള്ളത്തക്കവിധം വിസ്തൃതമായിട്ടില്ല. ഈ വിഷയത്തിൽ ഇതു് ഒരു സ്വതന്ത്ര സഭയാണ്" എന്നു Dy അക്കത്തിൽ പ്രസ്താവിക്കുന്നു. ഈ വിധി പാത്രിയർക്കീസ്സിനെ കുപിതനാക്കി എന്നുള്ളതു് അദ്ദേഹത്തിന്റെ കല്പന (172 അക്കം) യിൽനിന്നു വ്യക്തമാകുന്നു. എല്ലാ ജഡ്ജിമാരും ചേർന്നു അങ്ങനെ തീരുമാനം കൽപിച്ചാൽത്തന്നെയും അതുമൂലം പാത്രിയർക്കാസ്ഥാനത്തിനടുത്തതും പരിശുദ്ധറൂഹായാൽ നൽകപ്പെട്ടിരിക്കുന്നതും ആത്മീയമൊ ലൗകീകമൊ ആയ— ഈ അധികാരങ്ങൾ തമ്മിൽ തമ്മിൽ ബന്ധിക്കപ്പെട്ടവയാകയാൽ-- അധികാരങ്ങളെ നിഹനിക്കുന്നതിനു പര്യാപ്തമല്ല എന്നു് അതിൽ പ്രസ്താവിക്കുന്നു. യാക്കോബായ സഭയുടെ ഘടനയെയും ഭാവനശാസ്ത്രത്തെയും മുൻനിറുത്തി ആലോചിക്കുമ്പോൾ ഈ പ്രസ്താവനകലഹസ്വഭാവജന്യമൊ നീതീകരിക്കാൻ പാടില്ലാത്തതൊ ആണെന്നു പറഞ്ഞുകൂട. അങ്ങനെ വിധി കൽപിച്ച ന്യായാധിപന്മാരോടുള്ള ബഹുമാനത്തിനു ഭംഗംകൂടാതെ എനിക്കു പറയാനുള്ളതു ഇതേഫലം മററു ഭാഷയിൽ

ന്യായമായി രേഖപ്പെടുത്താമായിരുന്നു എന്നു മാത്രമാണ്. കീഴ്ന
ടപ്പനുസരിച്ച് ഈ വസ്തുക്കൾ മലങ്കര യാക്കോബായ സഭയുടെ
പ്രത്യേക സ്വത്ത് ആകയാലും ആ ട്രസ്റ്റ് സൃഷ്ടിച്ച ഭരണഘടന
യിൽ പ്രത്യക്ഷമായൊ പരോക്ഷമായൊ വ്യവസ്ഥപ്പെടുത്തീട്ടുള്ള
തനുസരിച്ച് അധികാരമുള്ളവരാൽ ഭരിക്കപ്പെടേണ്ടതാണെന്നും
ശ്രേഷ്ഠ ഭരണാധികാരി എന്ന നിലയ്ക്കു പാത്രിയർക്കീസ്സിന് അ
വകാശങ്ങൾ അപൂർവസന്ദർഭങ്ങളിൽ മാത്രമൊ അഥവാ ഒരിക്ക
ലും സംഭവ്യമല്ലാത്തതൊ ആയ ഗഡുക്കളിൽ മാത്രം ഉപയോഗിക്ക
പ്പെടേണ്ടതെന്നും ഉള്ളതുകൊണ്ടു പാത്രിയർക്കീസും അൽപം ക്ഷമി
ച്ചിരിക്കേണ്ടതും കുറെക്കൂടി മിതമായ ഭാഷയിൽ പ്രസ്താവിക്കേണ്ട
തുമായിരുന്നു. ഈ വിഷയത്തിൽ പാത്രിയർക്കീസ്സിനുള്ള പ്രാ
യോഗിക അധികാരത്തിന്റെ നിർവചനം ശരിയാണെന്നു വരു
ന്നു. എന്നാൽ ഈ പ്രമാണമൊ അതിന് അടിസ്ഥാനമായി പ
റയപ്പെട്ടിരിക്കുന്ന കാരണങ്ങളൊ യാക്കോബായ സുറിയാനി സഭ
യുടെ ഒരു വിഭാഗമായ മലങ്കര യാക്കോബായ സഭയുടെ ഗുണ
ത്തിനുവേണ്ടി മാത്രവും അതിന്റെ ഭരണത്തെ നിയന്ത്രിക്കുന്ന കാ
നോൻ നിയമലംഘനങ്ങൾക്ക് ആത്മീയ ശിക്ഷകൾ നൽകി ശരി
യായ ഭരണം നടത്തിക്കുന്നതിനുമുള്ള പാത്രിയർക്കീസ്സിന്റെ ആ
ത്മീയാധികാരത്തെ ഇല്ലായ്മചെയ്യുന്നില്ല. നേരേമറിച്ച് പാ
ത്രിയർക്കീസ്സിന്റെ ആത്മീയശ്രേഷ്ഠാധികാരനിർവചനം Dy അ-
ക്കത്തിൽ ചെയ്തിട്ടുള്ളതിൽ--സഭയുടെ ആത്മീയഭരണം സംബന്ധി
ച്ചുള്ള പൊതുവായ മേൽനോട്ടം--ഞാൻ ചൂണ്ടിക്കാണിച്ചവിധം
ട്രസ്റ്റിന്റെ ന്യായമായ ഭരണം നടത്തിക്കുന്നതിനുള്ള അധികാരം
ഉൾപ്പെടുന്നതായിട്ടാണ് എന്റെ അഭിപ്രായം.
അതുകൊണ്ട് Dy അക്കത്തിൽ കാണുന്ന
തീരുമാനം ശരിയും പ്രായോഗികമായി നീതിപൂർവകവും ആണെ
ന്നും ട്രസ്റ്റ സ്വത്തുക്കളുടെ ദൈനംദിനമുള്ള ഭരണത്തിൽ ഇടപെ
ടുന്നതിനൊ അവയുടെ അനുഭവമൊ ഉപയോഗമൊ മലങ്കര യാ
ക്കോബായ സഭയ്ക്കു വെളിയിലുള്ള മറ്റേതെങ്കിലും യാക്കോബായ
സഭാവിഭാഗത്തിനു കൈമാററം ചെയ്യുന്നതിനൊ അധികാരമുണ്ടെ
ന്നു അവകാശപ്പെടുന്നതു ന്യായരഹിതമാണെന്നും, അതിനാൽ സ
ഭയുടെ വൈദിക മേലദ്ധ്യക്ഷൻ എന്ന നിലയ്ക്കു ട്രസ്റ്റ സ്വത്തുക്ക
ളുടെ ഭരണത്തിൽ വരുന്ന ദുർഭരണത്തിനും സഭാസ്വത്തുക്കളുടെ അ
പഹരണത്തിനും ആത്മീയ ശിക്ഷകൾ നൽകുന്നതിനുള്ള അധികാ
രത്തിൽ കവിഞ്ഞു ട്രസ്റ്റ ഭരണം സംബന്ധിച്ചു അധികാരങ്ങൾ
ഇല്ലെന്നും വാദി വക്കീൽ ചെയ്ത സമ്മതം യുക്തമാണെന്നും ഞാൻ
തീരുമാനിക്കുന്നു. ഈ വസ്തുക്കളെ മാർത്തോമ്മാക്കാരുടെ പിടിയി
ൽ നിന്നു വിടുർത്തുന്നതിനായി Dy അക്കം വ്യവഹാരം ബോധി
പ്പിച്ച മാർ ജോസഫ് ദീവന്നാസ്യോസ് പാത്രിയർക്കീസ്സിന്റെ
പരമാധികാരത്തിൽ ഇടവകയുടെ വൈദികവും ലൌകികവുമായ
സംഗതികളെ നിയന്ത്രിക്കുന്നതിനുള്ള അധികാരം ഉൾപ്പെടുന്നു

(Dy അക്കം ഭൂരിപക്ഷം വിധി 30-ാം ഖണ്ഡിക) എന്നു സമ്മതിച്ചപ്പോൾ, ഇപ്പോൾ വാദികൾ സമ്മതവിസമ്മതങ്ങളിൽ (Pleadings) 124 (1) ആയി വ്യക്തപ്പെടുത്തിയിട്ടുള്ള അധികാരത്തെ സമ്മതിച്ചതായി ഗണിക്കപ്പെടേണ്ടതാണ്".

17. ഇനിയും കാതോലിക്കാ സ്ഥാപനമെന്ന തർക്കപ്പെട്ട പ്രശ്നത്തെപ്പററി ചിന്തിക്കാം. കിഴക്കു ഒക്കയുടെയും മേൽ അധികാരമുണ്ടായിരുന്ന അന്ത്യോക്യാ പാത്രിയർക്കീസിനാൽ ഭരിക്കപ്പെട്ട സഭയിൽ വളരെ പുരാതനമായി കാണുന്ന ഒരു പ്രത്യേക രീതിയിലുള്ള സ്ഥാപനമാണു കാതോലിക്കാ സ്ഥാപനം. BP, xxvi ഈ അക്കങ്ങൾ അനുസരിച്ചു നോക്കിയാൽ കിഴക്കിനു വേണ്ടി മെത്രാപ്പോലീത്തന്മാരെ വാഴിക്കുന്നതിനുള്ള അധികാരവും കാതോലിക്കോസ് എന്ന പേരും നിക്യാസുന്നഹദോസ് കിഴക്കിന്റെ വലിയ മെത്രാപ്പോലീത്തായ്ക്കു നൽകിയതായി കാണുന്നു. അന്ത്യോക്യാ പാത്രിയർക്കീസിന്റെ അധികാരസീമ അത്യന്തം വിസ്തൃതവും അനിശ്ചിതവും ആയിരുന്നതിനാലും അവയിൽ മിക്കരാജ്യങ്ങളിലും ചെന്നെത്തുന്നതിനുള്ള വൈവിധ്യങ്ങൾ കൊണ്ടും കിഴക്കിനുവേണ്ടി മെത്രാന്മാരെ വാഴിക്കുന്നതിൽ നേരിടാവുന്ന വിളംബത്തെയും ദൂരസ്ഥിതങ്ങളായ സഭകളിന്മേലുള്ള മേൽനോട്ടം സാധിക്കുന്നതിനുള്ള പ്രയാസങ്ങളെയും പരിഗണിച്ചായിരിക്കണം ഇങ്ങനെ ചെയ്തത്. ഏതായാലും കാതോലിക്കോസ് അന്ത്യോക്യാ പാത്രിയർക്കീസിന്റെ കീഴിലായിരുന്നു. (BP അക്കം നോക്കുക) 264 അക്കത്തിൽ രാഷ്ട്രീയമായ ഒരു കാരണം കൊടുത്തിട്ടുണ്ട്. തോമ്മാശ്ലീഹായെ പിൻതുടർന്ന് യേശുക്രിസ്തുവിന്റെ എഴുപതു ശിഷ്യന്മാരിൽ ഒരാളായ അദായി അദ്ദേഹത്തിന്റെ ശിഷ്യന്മാരായ അഗായി, മാറി എന്നിവരോടുകൂടി കിഴക്കുസുവിശേഷം പ്രസംഗിച്ചു ഉറാഹാ (എഡേസ്സാ) യിൽ എത്തി. അദായിയും അദ്ദേഹത്തിനുശേഷം അഗായിയും ഉറാഹായിൽവച്ചു കൊല്ലപ്പെട്ടപ്പോൾ മാറി പേർഷ്യായുടെ തലസ്ഥാനമായ സെലിക് (സെലൂക്യാ) യിലേക്കു പോയി. അദ്ദേഹത്തിന്റെ പിൻഗാമികൾ അന്ത്യോക്യായിൽ വാഴിക്കപ്പെട്ടവരായിരുന്നു. പാത്രിയർക്കീസിനു ഇഷ്ടമുള്ള ആൾ വാഴിക്കപ്പെടേണ്ടതിലേക്ക് അബ്ദുയിയും കോമേശുവും അന്ത്യോക്യായിൽ എത്തിയപ്പോൾ അവർ പേർഷ്യായിൽ നിന്നു വന്ന ഒററുകാരെന്നു സംശയിച്ചു അന്ത്യോഖ്യായിലെ രാഷ്ട്രീയാധികാരി കോമേശുവിനെ പിടിച്ചു ക്രൂശിച്ചു. അബ്ദുയിയരുശലേമിലേക്കു ഓടിപ്പോയി രക്ഷപെട്ടു. പാത്രിയർക്കീസ് മെത്രാന്മാർ മുഖാന്തിരം അയാളെ വാഴിച്ചു സെലിക്കിലേക്കു അയച്ചു. അക്കാലം മുതൽ കിഴക്കിലെ മെത്രാന്മാർ അവരുടെ സഭയുടെ തലവനെ വാഴിക്കുന്നതിനു പാശ്ചാത്യ മെത്രാന്മാർ അനുമതി നൽകി. എന്നാൽ പാത്രിയർക്കീസ്സിനു ഇതു ഇഷ്ടമായില്ല. ഇത് നിഖ്യാ സുന്നഹദോസിനു മുമ്പായിരുന്നു. കാതോലിക്കോസ്സിന്റെ പുരാതനമായ ആസ്ഥാനം അന്തോഖ്യാ പാത്രിയർക്കീസ്സിനു കീഴിലുള്ള മെസ

പ്പൊത്തേമിയായിലെ സെലുക്യായും റെറസിഫോണും(ടൈഗ്രീസ്) ആയിരുന്നു. സെലുക്യായും ടെസിഫോണും എന്ന മഹാ ഇടവക 5-ാം ശതകത്തിൽ നെസ്തോറിയൻ വിശ്വാസം സ്വീകരിച്ച് അന്ത്യോഖ്യായിൽ നിന്നു പിരിഞ്ഞു് സ്വാതന്ത്ര്യം പ്രഖ്യാപനം ചെയ്തു. അങ്ങനെ "കാതോലിക്കോസു്" എന്നതു് നെസ്തോറിയൻ പാത്രിയക്കീസ്സന്മാരുടെയും അർമ്മീനിയാ പാത്രിയക്കീസ്സന്മാരുടെയും ബഹുമതി നാമം ആയിത്തീൎന്നു. മുമ്പുണ്ടായിരുന്നതു പോലെയുള്ള കാതോലിക്കോസു് പിന്നീടു് അന്ത്യോഖ്യാ സഭയിൽ ഉണ്ടായിരുന്നിരിക്കയില്ല. ഏക സ്വഭാവ വാദം ഉത്ഭവിക്കുകയും 8-ാം ശതാബ്ദം മുതൽ അന്ത്യോഖ്യാ യാക്കോബായ സുറിയാനി പാത്രിയക്കീസ്സന്മാരുടെ ആസ്ഥാനമായിത്തീരുകയും യാക്കോബായ സഭ വിസ്തൃതമാകയും ചെയ്തപ്പോൾ കിഴക്കൻ യാക്കോബായക്കാരെ ഭരിക്കുന്നതിനു വേണ്ടി നെസ്തോറിയൻ കാതോലിക്കോസ്സിനു് എതിരാളിയായി ഒരു മെത്രാനെ നിയമിച്ചു. അദ്ദേഹത്തിന്റെ സ്ഥാനപ്പേരു് "മപ്രിയാനും" കിഴക്കിന്റെ "കാതോലിക്കാ"യും എന്നായിരുന്നു. അദ്ദേഹത്തിന്റെ ആസ്ഥാനം ആദിയിൽ ടൈഗ്രീസ്സായിരുന്നു. മപ്രിയാനെ സൃഷ്ടിച്ചതു് നെസ്തോറിയൻ കാതോലിക്കോസ്സിനോടു് എതിൎത്തു് മാത്രമല്ല അന്നത്തെ രാഷ്ട്രീയ സ്ഥിതിഗതികളാൽ അത്യന്താപേക്ഷിതമായിത്തീൎന്നതുമാണു്. അതിനാൽ സഭയുടെ പൊതുഗുണത്തിനുവേണ്ടി മപ്രിയാനു് പ്രത്യേക പദവികൾ നൽകപ്പെടേണ്ടതായി വന്നു. നെസ്തോറിയരുടെ സ്പർദ്ധയുടെ ഒരു ഉദാഹരണം 1264-ൽ സംഭവിച്ചതായി ബാർ എബ്രായ തന്റെ സഭാചരിത്രം (264 D അക്കം) ത്തിൽ കൊടുക്കുന്നുണ്ടു്. യാക്കോബായക്കാർ "തങ്ങളുടെ തുബദേനിൽ അവരുടെ മപ്രിയാനെ കാതോലിക്കോസു് എന്നു വിളിക്കുന്നതായി ചില നെസ്തോറുകാർ കേട്ടു. ആ വിവരം അവർ അവരുടെ കാതോലിക്കോസ്സിനേ ധരിപ്പിച്ചു. അദ്ദേഹം ഇതു് കേട്ടു് വൈരാഗ്യപ്പെട്ടു് ഒരു തൎക്കത്തിനു വഴി അന്വേഷിച്ചു", എന്നു അവിടെ രേഖപ്പെടുത്തിയിരിക്കുന്നു. അവിടത്തെ പ്രാദേശിക ഭരണാധികാരിയിൽ പ്രതികൂല മനോഭാവം ജനിപ്പിക്കുന്നതായിരുന്നു തൎക്കത്തിനു സുഗമമായ മാർഗ്ഗം. ഇതിനു് ഒരു ദൃഷ്ടാന്തം 264 അക്കത്തിൽ യൂഹാനോൻ ദാറമ്സുക്കോയോക്കു ശേഷം ഇഗ്നാത്യോസ് ബാർ കീക്കി എന്ന തലക്കെട്ടിൽ കൊടുത്തിട്ടുണ്ടു്. നെസ്തോറിയൻ കാതോലിക്കോസ് ഇഗ്നാത്യോസു് മപ്രിയാന്റെ അധികാര അതിർത്തിയിൽ പ്രവേശിക്കാൻ തുനിഞ്ഞു. നെസ്തോറിയൻ കാതോലിക്കോസിനു മാത്രമെ ബാഗ്ദാദിൽ സ്ഥിരമായ ആസ്ഥാനം ഉണ്ടായിരിക്കയുള്ളു എന്നും യാക്കോബ്യരുടെ മെത്രാപ്പോലിത്താ ടൈഗ്രീസ്സിൽ തന്നെ ഇരിക്കണമെന്നും ആവശ്യം നേരിടുമ്പോൾ അദ്ദേഹം തന്റെ ജനങ്ങളെ സന്ദർശിച്ച ശേഷം മടങ്ങി സ്വസ്ഥാനത്തേക്കു് പൊയ്ക്കൊള്ളണമെന്നും കാലിഫ് അവസാനമായി ആജ്ഞാപിച്ചു.

18. മപ്രിയാൻ എന്ന തലക്കെട്ടിൽ കത്തോലിക്ക് എൻസൈക്ലോപീഡിയായിൽ ഒരു ശരിയായ ചരിത്രം കൊടുത്തിട്ടുണ്ട്. യാക്കോബായസഭ അഞ്ചാംനൂററാണ്ടിൽ പ്രാധാന്യത്തിൽ പുരോഗമിച്ചു എന്നു ഞാൻ പറഞ്ഞല്ലോ. പേർഷ്യാക്കാരുടെ വൈദിക വിദ്യാർത്ഥി മന്ദിരം അവസാനമായി 489-ൽ ഏക സ്വഭാവ വാദിയായി സൈറസ് (489) നിറുത്തിയപ്പോൾ സസ്സാനിഡിയൻ (Persian) സാമ്രാജ്യത്തിൽ നെസ്തോറിയൻ വിശ്വാസം ശക്തിപ്പെടുകയും, അവിടെ ചുരുക്കം ചില ഏക സ്വഭാവ വാദികൾ ഉണ്ടായിരുന്നവർ നാടു കടത്തപ്പെടുകയും ചെയ്തു. പേർഷ്യായിൽ ടാഗ്രീററുമാത്രം ഏകസ്വഭാവ വിശ്വാസത്തിൽ തുടർന്നു. യാക്കോബുബുർദാനാ, പേർഷ്യാക്കാർക്കുവേണ്ടി ആഹ്ലദ് നൂമെ എന്നൊരാളെ മെത്രാനായി വാഴിച്ചു. അദ്ദേഹം 575-ൽ ഒരു രക്തസാക്ഷിയായി മരണം പ്രാപിച്ചു. മാർ മത്തായി എന്ന ദയറാ സ്ഥിതിചെയ്തിരുന്ന ടൈഗ്രീസു തടത്തിൽ മാദ്ദതാ എന്ന സന്യാസി വിജയകരമായ മിഷ്യൻ പ്രവർത്തനം നടത്തി. പേർഷ്യൻ ആക്രമണങ്ങൾ മൂലം ധാരാളം ഏക സ്വഭാവ വാദികളുടെ സഭ സംഘടിപ്പിക്കുന്നതു സൌകര്യപ്രദമെന്നു (628-9-ൽ) തോന്നി. പേർഷ്യാ സാമ്രാജ്യത്തിൽ ഉണ്ടായിരുന്ന സുറിയാനിക്കാർക്കു വിപുലമായ വൈദികസ്വാതന്ത്ര്യം നല്കേണ്ടതു് ആവശ്യമെന്നു യാക്കോബായ പാത്രിയർക്കീസ്സായിരുന്ന അത്താനാസ്യോസിനു തോന്നി. അതിനുള്ള രാഷ്ട്രീയ ആവശ്യം ഉണ്ടായിരുന്നു. ഏക സ്വഭാവവാദികൾ ഒരു വിദേശ്യ ചക്രവർത്തിയുടെ അധികാരത്തിൽ പെട്ട ബൈസാൻറയിനിൽ താമസിച്ചിരുന്ന ഒരു ആത്മീയ മേലദ്ധ്യക്ഷനെ അനുസരിക്കുന്നവരാണെന്നും, അതിനാൽ ആ ചക്രവർത്തിയുടെ പ്രജകളായി തീർന്നേക്കാമെന്നും അങ്ങിനെ അവർ അധിവസിച്ച രാജ്യത്തെ ചക്രവർത്തിക്കു് എതിരായി കൂട്ടുകെട്ടുണ്ടാക്കിയേക്കാവുന്നതാണെന്നും നെസ്തോറുകൾ ആക്ഷേപിച്ചു വന്നു. അതിനാൽ പേർഷ്യൻ രാജവംശത്തിൽനിന്നുള്ള പീഡനത്തെ തടയേണ്ടതായി വന്നുകൂടി. അങ്ങിനെ കിഴക്കൻ അതായതു പേർഷ്യയിലെ ക്രിസ്ത്യാനികളുടെ തലവനു് അവർക്കു മേല്പട്ടക്കാരെ വാഴിക്കുന്നതിനു് അധികാരമുണ്ടെന്നുള്ള ഏതാനും കാനോൻ ചട്ടങ്ങൾ സൌകര്യപ്രദമെന്നു കണ്ടു ടാഗ്രീററിലെ മെത്രാപ്പോലീത്തായെ താൻ അഭിഷേകംചെയ്താൽ അദ്ദേഹം പേർഷ്യായിലെ ഏകസ്വഭാവ വാദികളുടെ സഭയുടെ ഏകവും സ്വതന്ത്രവുമായി മേലദ്ധ്യക്ഷനായിത്തീരുമെന്നു തീരുമാനിച്ചു. ടാഗ്രീററിലെ മെത്രാപ്പോലീത്തായിക്കു മപ്രിയാൻ (പട്ടം കൊടുക്കുന്നതിനു് അധികാരമുള്ളവൻ) എന്ന സ്ഥാനപ്പേരു നല്കി, ആദ്യത്തെ അംഗീകൃത മപ്രിയാനായി മാദ്ദസോയെ തെരഞ്ഞെടുത്തതിൻെറ വൃത്താന്തം ബാർ എബ്രായയുടെ ചരിത്രത്തിൽ കാണുന്നുണ്ടു്. (264 D അക്കം) മപ്രിയാനെ സൃഷ്ടിക്കുന്നതിനു പ്രേരകമായി വന്ന കാരണങ്ങൾ എന്തുതന്നെ ആയിരുന്നാലും വളരെ വേഗത്തിൽ മപ്രിയാനും പാത്രിയർക്കീസും ത

മ്മിൽ തക്കങ്ങൾ ഉത്ഭവിച്ചു. ശീശ്മകൾ ഉണ്ടായി എങ്കിലും ഈ രണ്ടും യോജിപ്പിൽ കഴിഞ്ഞുകൂടി. ഈ യോജിപ്പു സുഗമമാക്കുന്നതിനു വേണ്ടി പാത്രിയക്കീസ്സിനെ കൂടാതെ യാതൊരു മപ്രിയാനും വാഴിക്കപ്പെടരുതെന്നും, മപ്രിയാനെ കൂടാതെ പാത്രിയക്കീസു വാഴിക്കപ്പെടരുതെന്നും കിഴക്കും പടിഞ്ഞാറും ഉള്ള വിശ്വാസികൾ എല്ലാം ചേർന്നു ചില നിയമങ്ങൾ രൂപീകരിച്ചു. (264 D അക്കം നോക്കുക). ഇവർ തമ്മിലുണ്ടായ വിരുദ്ധങ്ങളുടേയും രാജികളുടേയും ഒരു സൂക്ഷ്മമായ വിവരണം 264 D മുതൽ H വരെ അക്കങ്ങളിലുണ്ട്. ടൈഗ്രീസിലെ സഭകളെ മഹമ്മദീയർ 1089-ൽ നശിപ്പിച്ചപ്പോൾ മപ്രിയാന്മാർ മൂസലിൽ താമസമാക്കി, 1155-നുശേഷം അവർ സാധാരണയായി താമസിച്ചുവന്നതു മാർ മാഗ്രീനിലായിരുന്നു. ഒരു വിശ്രുതനായ മപ്രിയാൻ 1286-ൽ കാലംചെയ്ത ബാർ എബ്രായാ മാത്രമായിരുന്നു. കാലാന്തരത്തിൽ ടൈഗ്രീസു താഴ്വരയിൽ യാക്കോബായക്കാരുടെ സംഖ്യ കുറഞ്ഞു. മപ്രിയാൻ എന്ന സ്ഥാനപ്പേരു ഇപ്പോഴും നിലനില്ക്കുന്നു എന്നുവരികിലും അതിന്റെ പ്രാധാന്യതയും ബഹുമാനവും പാടെ നശിച്ചിരിക്കുന്നു. ബാർ എബ്രായ തന്നെ എഴുതിയ വൈദിക ചരിത്രവും പാരി തന്റെ ഗ്രന്ഥം 317-ം 318-ം വശങ്ങളിൽ കൊടുത്തിരിക്കുന്ന വിവരങ്ങളും ഞാൻ കത്തോലിക്ക എൻസൈക്ലോപീഡിയായിൽ നിന്നു മേൽ ഉദ്ധരിച്ച ചരിത്രത്തെ സ്ഥിരീകരിക്കുന്നു. മപ്രിയാന്മാരെപ്പറ്റി വേറൊരു സംഗതി കൂടി വ്യക്തപ്പെടുത്തേണ്ടതുണ്ടു്. മപ്രിയാന്മാർ മൂസലിൽ താമസം ഉറപ്പിച്ചപ്പോൾ അവരും മാർ മത്തായി ദയറായുടെ മെത്രാപ്പോലീത്തായുമായി തർക്കമുളവാകയും തൽഫലമായി ദീവന്നാസ്യോസ് (1112 –1134) എന്ന പേരായ ഒരു മപ്രിയാൻ ടെഗ്രീനിലേക്കു മടങ്ങി അവിടെ പള്ളി പുനരുദ്ധരിക്കയും ചെയ്യേണ്ടതായി വന്നുകൂടി.

1153-ൽ പാത്രിയക്കീസു ഒരു സുന്നഹദോസു വിളിച്ചു കൂട്ടി മൂസൽ ഇടവക രൂപീകരിക്കുകയും മാർ മത്തായി ദയറാ മപ്രിയാന്റെ ആസ്ഥാനമാക്കുകയും ചെയ്തു. ഈ തീരുമാനത്തെ 1155-ലെ സുന്നഹദോസു സ്ഥിരപ്പെടുത്തി. ഇങ്ങനെ മപ്രിയാന്റെ അധികാരാതിർത്തി വിസ്തൃതമായിരുന്ന കാലത്തു സ്വതന്ത്രനായിരുന്നെങ്കിലും പാത്രിയക്കീസിനു കീഴായി മാർ മത്തായി എന്ന ചെറിയ ഇടവകയുടെ ഭരണകർത്താവും ആയിരുന്നു. (Parry 317-318 പുറങ്ങൾ).

19. കാനോൻ, സഭാചരിത്രം രാഷ്ട്രീയചരിത്രം ഇവയെ അടിസ്ഥാനപ്പെടുത്തി മുകളിൽ ചേർത്തിരിക്കുന്ന ചർച്ചയിൽ നിന്നു മപ്രിയാനെ സംബന്ധിച്ചു താഴെ വരുന്ന സംഗതികൾ വ്യക്തമാകുന്നു.

(i,) പുരാതന അന്ത്യോഖ്യാ സഭയിൽ സെല്യൂക്യാ ആസ്ഥാനമായിരുന്ന കിഴക്കിന്റെ കാതോലിക്കോസു പാത്രിയക്കീസിനു

കീഴായിരുന്നു. പാത്രിയക്കീസിനെ നിഷേധിക്കാവുന്നതല്ലായിരുന്നു.

(ii.) നെല്ലൂക്യായും ടെസിഫോണും നെസ്റ്റോറിയൻ വിശ്വാസം സ്വീകരിച്ചപ്പോൾ കാതോലിക്കോസു പാത്രിയക്കീസിന്റെ അധികാരത്തിൽ നിന്നു സ്വതന്ത്രനായി.

(iii.) ഏക സ്വഭാവവാദം ഉയർത്തുകയും അന്ത്യാഖ്യായിലെ യാക്കോബായ സഭ സ്ഥാപിക്കപ്പെടുകയും ചെയ്തപ്പോൾ ടൈഗ്രീസു അതിന്റെ ആ സ്ഥാനമായി കിഴക്കിന്റെ മപ്രിയാൻ നെസ്റ്റോറുകാരുടെ കാതോലിക്കായ്ക്കു എതിരാളിയായി നിയമിക്കപ്പെട്ടു. പേർഷ്യായിലെ അസ്സ്യാൻ വംശക്കാരിൽ നിന്നുള്ള പീഡനം ഒഴിക്കുന്നതിനുവേണ്ടി പ്രായോഗികമായി സ്വതന്ത്രാധികാരങ്ങൾ അദ്ദേഹത്തിനു നല്കപ്പെട്ടു.

(iv.) പാത്രിയക്കീസും മപ്രിയാനും ആയി തർക്കങ്ങൾ ഉത്ഭവിക്കുകയും അവർ തമ്മിൽ സമാധാനം സ്ഥാപിക്കുന്നതിലേക്കു പാശ്ചാത്യരും പൌരസ്ത്യരുമായ വിശ്വാസികൾ ചേർന്നു പാത്രിയർക്കീസിനെക്കൂടാതെ മപ്രിയാനും, മപ്രിയാനെക്കൂടാതെ പാത്രിയർക്കീസും വാഴിക്കപ്പെടരുതെന്നു ഒരു ചട്ടം ഏർപ്പെടുത്തി. ഇവരിൽ ഒരാളിന്റെ ഇടവക ഉൾഭരണത്തിൽ മറെറയാളിനു ഇടപെടുന്നതിനു അധികാരം ഉണ്ടായിരുന്നില്ല.

(v) 1153 നുശേഷം മപ്രിയാൻ (1) പാത്രിയർക്കീസിനു കീഴിൽ മൂസലിലെ മെത്രാനായിരുന്നു. (2) പേർഷ്യായിലെ യാക്കോബായ ഇടവകകളുടെ മിക്കവാറും സ്വതന്ത്രനായ ഭരണാധികാരിയായിരുന്നു. മപ്രിയാന്റെ ഇടവക ക്രൂതലായി ചുരുങ്ങിയപ്പോഴും അദ്ദേഹം മൂസലിലെ മെത്രാനായിത്തുടർന്നു. അന്നും മപ്രിയാൻ എന്ന സ്ഥാനപ്പേരു വിട്ടുകളഞ്ഞില്ല. "കിഴക്കു" എന്ന പദത്തിൽ ഇൻഡ്യായും ഉൾപ്പെടുമെന്നിരുന്നാലും ഇൻഡ്യയിലെ മലങ്കര സഭ മപ്രിയാനാൽ ഭരിക്കപ്പെട്ടിരുന്നു എന്നു കാണിക്കുന്നതിലേക്കു വാദത്തിൽ യാതൊരു ഉദാഹരണവും ചൂണ്ടിക്കാണിക്കപ്പെട്ടിട്ടില്ലാ എന്നുള്ളതു വളരെ അർത്ഥവത്താണു. എന്നാൽ ഇൻഡ്യയിൽ നിന്നുള്ള ഒരു ഇഗ്നാത്യോസു മറെറ മെത്രാന്മാരോടു സഹകരിച്ചു ഭരണാധികാരിക്കു കൈക്കൂലി കൊടുത്തു കൊണ്ടു 1189-ൽ ബാർ മാഷായെ മപ്രിയാനായി വാഴിച്ചു എങ്കിലും അവസാനത്തിൽ പാത്രിയർക്കീസിനാൽ മപ്രിയാനായി വാഴിക്കപ്പെട്ട ശ്രീശോവിയോസു നാടുവാഴിക്കു കൈക്കൂലി കൊടുത്തു ബാർ മാഷായെ സ്ഥാനഭ്രഷ്ടനാക്കുകയും ചെയ്തു എന്നു 264 D അക്കത്തിൽ കാണുന്നുണ്ടു. മലങ്കര മപ്രിയാന്റെ കീഴിലായിരുന്നു എന്നു ഇതിനു അർത്ഥമില്ല. മപ്രിയാന്റെ "കിഴക്കു" എന്ന പദത്തിനു ബഡ്ജാൻ XXVi അക്കത്തിന്റെ മുഖവുരയിൽ നല്കുന്ന നിർവചനം കൽദയാ, അസ്സീറിയാ മെസ്സപ്പൊത്തേമിയായുടെ കിഴക്കുഭാഗം ഇവ ഉൾപ്പെട്ട പ്രദേശമെന്നാണു. എന്നാൽ ഒരു മപ്രിയാൻ (ആ സ്ഥാനം ഒരു ബഹുമതിസ്ഥാനം മാത്രമായി തീർന്നശേഷം) മലങ്കര വന്നിട്ടുള്ള ചില

ഉദാഹരണങ്ങൾ ഉണ്ട്". എന്നാൽ വന്നതു മലങ്കരസ്സു മെത്രാപ്പോ
ലീത്തന്മാരെ വാഴിക്കുന്നതിനു വേണ്ടി പാത്രിയർക്കീസിന്റെ ആവ
ശ്യപ്രകാരമായിരുന്നു. ഇവിടുത്തെ ജനങ്ങൾ എപ്പോഴും പാത്രിയ
ർക്കീസുമായിട്ടാണു" ഇടപെട്ടുവന്നതു. അല്ലാതെ മപ്രിയാനുമായി
ട്ടല്ല എന്നുള്ളതു" മലങ്കര സഭാ ചരിത്രത്തിൽ നിന്നു വ്യക്തമാണു". പു
രാതന അന്ത്യാഖ്യാ പാത്രിയർക്കാ മഹാ ഇടവകയിൽ മപ്രി
യാൻ സ്ഥാപനം കാതോലിക്കാ സ്ഥാപനത്തിന്റെ എതിരാളിയാ
യിരുന്നെങ്കിലും കാതോലിക്കോസിനും പാത്രിയർക്കീസിനും ഇൻ
ഡ്യയുമായുള്ള ബന്ധത്തെ നിഖ്യാ സുന്നഹദോസും വ്യക്തമാക്കി
യിരുന്നു. ഇൻഡ്യാ അന്ത്യാഖ്യായുടെ അധികാരത്തിൻ കീഴായി
രുന്നു. എന്നാൽ പാത്രിയർക്കീസിനു കീഴായിരുന്ന കാതോലിക്കാ
സിനു ഇൻഡ്യയ്ക്കു വേണ്ടി ഒരു മെത്രാപ്പോലീത്തായെ വാഴിക്കാമാ
യിരുന്നു. എങ്ങിനെയായാലും പാത്രിയർക്കീസിന്റെ സമ്മതത്തോ
ടുകൂടി ഇൻഡ്യായിലെ ആളുകൾക്കു (എപ്പിസ്കോപ്പന്മാർക്കു) തങ്ങൾ
ക്കു വേണ്ടി ഒരു മെത്രാപ്പോലീത്തായെ വാഴിക്കുന്നതിനു അധികാ
രമുണ്ടായിരുന്നു. (കടൽ ക്ഷോഭിച്ചിരിക്കുമ്പോഴോ അത്യാവശ്യം നേ
രിട്ടുപോഴൊ, പാത്രിയർക്കീസിന്റെ സമ്മതത്തോടുകൂടി, അല്ലാ
തെ കാതോലിക്കായുടെ സമ്മതത്തോടുകൂടി എന്നല്ലെന്നുള്ളതു" പ്ര
ത്യേകം ഓർക്കണം) ഇൻഡ്യാ പാത്രിയർക്കീസിന്റെ അധികാര
ത്തിൻ കീഴിൽ നിഖ്യാ സുന്നഹദോസു ഉൾപ്പെടുത്തി എങ്കിലും ഇൻ
ഡ്യയ്ക്കു ഒരു മെത്രാപ്പോലീത്തായെ വാഴിക്കുന്നതിനു കാതോലി
ക്കോസിനു അധികാരം ഉള്ളതായി പറഞ്ഞിട്ടുണ്ടു". അതിനുകാരണം
സ്ഥാനമുറപ്പു പാത്രീയർക്കീസിനും അഭ്യേഹത്തിനു നേരെ കീഴായി കാ
തോലിക്കോസിനും മാത്രമെകാനോൻ അനുസരിച്ചു ഒരു മെത്രാപ്പോ
ലീത്തായെയൊഎപ്പിസ്കോപ്പായെയോ വാഴിക്കുന്നതിനു അധികാ
രമുള്ളു. (B. P, അക്കം 3-ാം അദ്ധ്യായം 3-ാം വകുപ്പു" "നിഖ്യായു
ടേതു"" എന്നതു നോക്കുക.) അത്യാവശ്യ സന്ദർഭങ്ങളിൽ മൂന്നു മെത്രാ
പ്പോലീത്തന്മാർക്കൂടി ഒരു മെത്രാപ്പോലീത്തായെയോ ഒരു എപ്പി
സ്കോപ്പായെയൊ വാഴിക്കുന്നതിനു" അധികാരം പാത്രിയക്കീ
സിനു" നല്കുവുന്നതാണു". മുൻപു പറഞ്ഞതുപോലെ കിഴക്കിന്റെ
മപ്രിയാൻ പേർഷ്യായിലെ യാക്കോബായ സഭയുമായിട്ടാണു"
പ്രധാനമായി ബന്ധപ്പെട്ടിരുന്നതെന്നും, ഇൻഡ്യാ ഒരിക്കലും ഒരു
മപ്രിയാനാലും ഭരിക്കപ്പെട്ടിരുന്നില്ലാ എന്നും ഉള്ളതിനോടു
നിഖ്യായിലെ ഇൻഡ്യയെപ്പറ്റിയുള്ള കാനോന്റെ യാക്കോബായ
ഭാഷാന്തരം അനുരൂപമായിരിക്കുന്നു. മലങ്കര അന്ത്യാക്യാ പാത്രി
യക്കീസിന്റെ അധികാരത്തിൻ കീഴ്മാത്രമായിരുന്നു എന്നുള്ള
തിനെ Dy അക്കവും സ്ഥരീകരിക്കുന്നുണ്ടു". കിഴക്കിന്റെ ഇതര ഭാഗ
ങ്ങളിൽ നിന്നു വ്യത്യസ്തമായ രീതിയിലത്രെ ഇൻഡ്യയെപ്പറ്റി
B. P. അക്കത്തിൽ വ്യവഹരിക്കപ്പെട്ടിരിക്കുന്നതു. മപ്രിയാൻ
ജീവിച്ചിരിക്കുമ്പോൾ അഭ്യേഹത്തിന്റെ സമ്മതം കൂടാതെ പാത്രിയ
ക്കീസു വാഴിക്കപ്പെടരുതെന്നും മപ്രിയാനാൽ ത്യജിക്കപ്പെട്ട

എട്ടിസ്സ്യാട്ടന്മാരും മെത്രാപ്പോലീത്തന്മാരും പാത്രിയക്കീസി നാലും തൃജിക്കപ്പെട്ടവരായിരിക്കുമെന്നും ആ കാനോൻ സമ്മതി ക്കുന്നതെങ്കിലും, മപ്രിയാന്റെ സിംഹാസനം ടൈഗ്രിസിൽ ആയി രിക്കുമെന്നും അന്ത്യാകൃാ പാത്രിയക്കീസിനെ ധിക്കരിച്ചും അദ്ദേ ഹത്തിന്റെ ഇഷ്ടത്തിനു വിപരീതമായെും തങ്ങൾക്കു തന്നെ ഒരു മപ്രിയാനായെയെും മെത്രാപ്പോലീത്തായെയെും എട്ടിസ്സ്യാട്ട ന്മാരെയെും വാഴിക്കുന്നതിനു കിഴക്കുള്ള അധികാരമില്ലെന്നു പാത്രി യക്കീസു യോഹന്നാൻ എന്ന തലക്കെട്ടോടുകൂടിയുള്ള കാനോനി (B.P. 7-ാം കുപ്പായലയോൻ 1-ാം പാഴ്സ്യാക്കാർ) വ്യക്തമായി വ്യവസ്ഥപ്പെടുത്തിയിട്ടുണ്ടു".

21. കാനോന്റെയും മപ്രിയാൻ സ്ഥാപനത്തിന്റെ ചരി ത്രത്തിന്റെയും പശ്ചാത്തലത്തിൽ ആണു", അബ്ദുൽ മിശിഹായാൽ മലങ്കര സ്ഥാപിക്കപ്പെട്ട കാതോലിക്കാ സ്ഥാപനത്തെ വീക്ഷിക്കേ ണ്ടതു". അബ്ദുൽമിശിഹാ ന്യായമായ പാത്രിയക്കീസായിരുന്നെ ങ്കിൽ തന്നെയും - അദ്ദേഹത്താൽ സ്ഥാപിതമായ കാതോലിക്കാ സ്ഥാപനം സംശയാസ്പദവും, കപടപൂരിതവും കാനോൻ വിരുദ്ധവും ആയുള്ളതാണെന്നാണു" എനിക്കു തോന്നുന്നതു". ടൈഗ്രിസിൽ സ്ഥാപിച്ച മപ്രിയാൻ സ്ഥാപനം, ആരംഭത്തിൽ യാക്കോബായ സഭയുടെ നന്മയ"ക്കുവേണ്ടിയെന്ന ഉദ്ഘോഷിക്കപ്പെട്ടതെങ്കിലും പത്തു നൂറ്റാണ്ടിന്റെ ഭൂരിഭാഗകാലത്തും പാത്രിയക്കാ സ്ഥാനത്തിന്റെ മാർവ്വിൽ ഒരു മുള്ളായിട്ടാണു" ഇരുന്നിട്ടുള്ളതു". മത്സരവും കലഹവും ഗൂഢാലോചനയും രഹസ്യമായ ഭൂരാലോചനയും കൈക്കൂലിയും സഭയെ കളങ്കപങ്കിലമാക്കിത്തീർത്തിരുന്ന സമാധാന രഹിതമായ കാലത്തി നു" 264 അക്കം തന്നെ മതിയായ് സാക്ഷ്യം വഹിക്കുന്നുണ്ടു". ഇതര ന്മാരാലുള്ള പീഡനം മപ്രിയാന്റെ അധികാരാതിർത്തിയിലെ വിള്ളലിനും നശിപ്പിച്ച ശേഷമാൺ" പാത്രിയക്കീസിന്റെ ഒരു വികാരി ജനറൽ എന്ന സ്ഥാനം വഴി മപ്രിയാൻ താണുപോയതു". മലങ്കര സ്ഥാപിതമായ മപ്രിയാൻ സ്ഥാനവും പഴയ ടൈഗ്രിസിലെ മപ്രിയാൻ സ്ഥാപനവും തുല്യമാതൃകയി ലുള്ളതാണെന്നാണു" പ്രതിപാദ്യം തർക്കിക്കുന്നതു" A. M. അക്കവും അതിനു മുമ്പുണ്ടായിരുന്ന തർക്കങ്ങളും കൊണ്ടു ചരിത്രം ആവർത്തിക്ക പ്പെട്ടു എന്നു കാണാം. പത്തു ശതവർഷത്തെ കൈപ്പായ അനുഭവ ത്തിനുശേഷം പഴയതിനെ ആവർത്തിക്കുന്ന ഏതുപാത്രിയക്കീസുംസു ബോധരഹിതനായിരിക്കണം. പല കാലത്തും ചെയ്യപ്പെട്ടിരുന്നതു പോലെ വാഴിക്കപ്പെടേണ്ടവരെ പാത്രിയക്കീസിന്റെ സന്നിധിയി ലേക്കു അയക്കുന്നതിനു പകരം മലങ്കരയ്ക്കു മെത്രാപ്പോലീത്തന്മാരെ വാഴിക്കുന്നതിനു ഒരു മപ്രിയാനെ-ബഡ്ജാൻ മപ്രിയാൻ എന്ന പദത്തിനു നൽകുന്ന നിർവചനം അനുസരിച്ചു പാത്രിയക്കീസി നു നേരെ താഴെയും മെത്രാന്മാരിൽ നിന്നു ഉയർന്നും ഉള്ള ഒരു സ്ഥാ നി=അയച്ചുകൊടുക്കുന്നതിനു അബ്ദൽ മിശിഹാ പാത്രിയക്കീസി നും സമ്മതമായിരുന്നു. (216 അക്കം നോക്കുക) Dy അക്കത്തിൽ

(ഭൂരിപക്ഷം വിധി 97-ാം ഖണ്ഡിക) അന്നത്തെ പാത്രിയക്കീസു വിദ്യാസമ്പന്നനും വിശുദ്ധനും ആയിരുന്ന സക്കറള്ളാ എന്ന ആളിനെ വാഴിച്ചു മാർ ബസ്സേലിയോസ് കാതോലിക്കാ എന്ന ബഹുമതിയും സ്ഥാനപ്പേരും നൽകി മെത്രാന്മാരെ വാഴിക്കുന്നതിനായി മലങ്കരയിലേക്കു അയച്ചതായി ഒരു ഉദാഹരണം പറയുന്നുണ്ട്. വാദികൾ പറയുന്നപ്രകാരമെങ്കിൽ സഭാചട്ടങ്ങൾക്കു വിപരീതമായി മലങ്കരയ്ക്കു ഒരുമപ്രിയാനെ നിയമിക്കുന്നതിനു അബ്ദൽ മിശിഹാ പോലും വിസമ്മതിച്ചു. (സി. ഇ. അക്കം) ഈ രേഖയെ പ്രതികൾ നിഷേധിക്കുന്നു. ഏതായാലും ഇതിൽ പറയുന്ന വിസമ്മതത്തിനുള്ള കാരണം കാനോനികമാണെന്നാണ് തോന്നുന്നത്. കാനോൻ അനുസരിച്ചു ഇൻഡ്യാ പാത്രിയക്കീസിനു കീഴായിരുന്നു. ഒരിക്കലും മപ്രിയാൻ മലങ്കര ഭരിച്ചിട്ടില്ല. അന്നത്തെ സാഹചര്യങ്ങൾ സി ഇ. അക്കത്തിന്റെ നിജാവസ്ഥക്കു സഹായം നൽകുന്നുണ്ട്. മലങ്കരയിലെ ഇടവകകൾക്കു വൈധവ്യം സംഭവിക്കാതിരിക്കുന്നതിനും, അന്ത്യോഖ്യ യിലേക്കുള്ള ദീർഘവും അപകടപൂർണ്ണവും ആയ യാത്രകൾക്കു വേണ്ടിവരുന്ന ഭാരിച്ച ചിലവും ഒഴിക്കുന്നതിനും അപ്പഴപ്പോൾ മെത്രാന്മാരെ വാഴിക്കുന്നതിനു അധികാരത്തോടുകൂടി ഒരു മപ്രിയാൻ അവർക്കു സമീപസ്ഥിതനായി ഉണ്ടായിരിക്കണമെന്നു മലങ്കരയുള്ളവർ പലപ്പോഴും ആഗ്രഹിച്ചിരുന്നു. 264 അക്കത്തിൽ കാണുന്ന വിധമുള്ള ഒരു മപ്രിയാൻ വേണമെന്ന് അവർ ഒരിക്കലും ആഗ്രഹിച്ചില്ല. അദ്ദേഹം സഭയ്ക്കുവേണ്ടി കണ്ണുനീരോടുകൂടി ത്യാഗം സഹിച്ചതിനാൽ മാർ ജോസഫ് ദീവന്നാസ്യോസിനു മപ്രിയാൻ എന്നോ റീശ് എപ്പിസ്കോപ്പാ എന്നോ ഉള്ള ബഹുമതി നൽകപ്പെടണമെന്നുള്ളതായിരുന്നു അന്നത്തെ സംരംഭലക്ഷ്യമെന്നു 72 അക്കം തെളിയിക്കുന്നുണ്ട്. അതിനുവേണ്ടി വരുന്ന ചിലവു എന്തുതന്നെയായിരുന്നാലും ആ ബഹുമതി ലഭിക്കണമെന്നായിരുന്നു അതിന്റെ എഴുത്തുകാരൻ സമർത്ഥിച്ചത്. പട്ടത്വസംഘത്തിൽ മററു സ്ഥാനങ്ങളെപ്പോലെ മപ്രിയാൻ സ്ഥാനത്തിനും അതിനടുത്ത ചില അധികാരങ്ങളും പദവികളും (വി. കുർബാനയിലെ ക്രിസ്തുവിന്റെ യഥാർത്ഥ ശരീരത്തിന്മേൽ ഉള്ള അധികാരം) ഉണ്ട്. എന്നാൽ അധികാരാതിർത്തി (Jurisdiction) നിർണ്ണയം ചെയ്യപ്പെടാതെ ഇരുന്നാൽ ആ സ്ഥാനിക്കു ക്രിസ്തുവിന്റെ അജ്ഞേയശരീരമായ സഭയിന്മേൽ യാതൊരു അധികാരവും ലഭിക്കുന്നതല്ല. 72 അക്കത്തിൽ നിന്നു കാണുന്നതു മാർ ജോസഫ് ദീവന്നാസ്യോസിനുണ്ടായിരുന്ന അധികാരസീമയ്ക്കു പുറമെ മപ്രിയാൻ എന്നുള്ള ബഹുമതി കൂടി സിദ്ധിക്കണമെന്നുള്ളതായിരുന്നു. ആ ബഹുമതി അദ്ദേഹത്തിനു നൽകപ്പെട്ടിരുന്നെങ്കിൽ തന്നേയും 264 അക്കത്തിൽ പറയുന്ന മപ്രിയാന്മാർക്കുണ്ടായിരുന്ന അധികാരം അദ്ദേഹത്തിനു ലഭിക്കയില്ലായിരുന്നു. അന്നു ആളുകൾ അഭിലക്ഷിച്ച മപ്രിയാനെപ്പററി 72 അക്കം പൂർണ്ണമായ ഒരു സ്വരൂപം നൽകുന്നുണ്ട്. പാത്രിയ

ക്കീസിനാൽ നിയമിക്കപ്പെട്ട കൽക്കട്ടായിലെ ബോംബെയിലെ മദ്രാസിലെ മലങ്കരത്തന്നെയെ താമസിക്കുന്ന ആളും പാത്രീയക്കീസിനോട് ഒരുമിച്ചു സിംഹാസന ഭയറായിൽ താമസിച്ചിരുന്ന ഒരാളും, ബ്രിട്ടീഷ" ചക്രവർത്തി തിരുമനസ്സിലെ റസിഡണ്ടിനെപ്പോലെ പാത്രീയക്കീസിന്റെ വിശ്വസ്ത പ്രതിനിധിയുമായ ഒരാൾ എന്നാണു". പ്രതികളുടെ കക്ഷിയെ ശ്രുപവൽക്കരിച്ചയാളും അതിന്റെ നേതാവും, തന്റെ ജീവിതകാലത്തു പാത്രീയക്കീസുമായുണ്ടായിരുന്ന യുദ്ധത്തിന്റെ പ്രധാന ഭാരവാഹിത്വം വഹിച്ചയാളുമായ മാർ ഗീവറുഗീസു ദീവന്നാസ്യോസു" "ഇ എ" അക്കത്തിൽ [അച്ചടിച്ചിട്ടുള്ള പുസ്തകം 43-ാംപുറം] പറയുന്നതു അദ്ദേഹം ഒരു കാതോലിക്കോസിനെ അനുവദിക്കണമെന്ന അബ്ദൽമിശിഹാ പാത്രീയക്കീസിനു എഴുതി എന്നും കാതോലിക്കാസ്ഥാപനം അനുവദിച്ചില്ല എന്നുമാണു", (1) മലങ്കരയുള്ളവർ ആഗ്രഹിച്ച കാതോലിക്കാ സ്ഥാപനം 40 അക്കത്തിൽ കാണുന്നതുപോലെ ആവശ്യാനുസരണം മേല്പട്ടക്കാരെ വാഴിക്കുന്നതിനു മലങ്കരയ്ക്കു അടുത്ത സ്ഥലങ്ങളിൽ എവിടെയെങ്കിലും ഉള്ള ആർക്കെങ്കിലും നൽകപ്പെടുന്ന ഒരു ബഹുമതിസ്ഥാനം മാത്രമായിരുന്നു എന്നും (2) സി ഇ അക്കം സന്ദർഭവശാൽ നിജമാണെന്നുള്ള ഊഹവും ആണു" മേല്പറഞ്ഞ സംഗതികളിൽ നിന്നു വ്യക്തമാകുന്നതു".

22. മാർ ഗീവറുഗീസു" ദീവന്നാസ്യോസു പറയുന്ന പ്രകാരം, 72, 40 ഈ അക്കങ്ങളിൽ ഉദ്ദേശിക്കപ്പെട്ടവിധമുള്ള ഒരു കാതോലിക്കോസിനെപ്പോലും നിയമിക്കുന്നതിനു വിസമ്മതിച്ച അബ്ദൽമിശിഹാ ആണു", തനിക്കു എതിരായി ഒരു പാത്രീയക്കീസു വാഴിക്കപ്പെടുകയും താൻ സിംഹാസനത്തിൽ നിന്നു തള്ളപ്പെടുകയും ചെയ്തതായി പ്രതികക്ഷം പോലും സമ്മതിക്കുന്ന കാലത്തു മലങ്കരയിൽ ഒരു കാതോലിക്കാ സ്ഥാപനം സൃഷ്ടിച്ചതു". അദ്ദേഹം ന്യായമായ പാത്രീയക്കീസായിരുന്നോ എന്നും അയിരുന്നെങ്കിൽ കാനോൻ അനുസരിച്ചു അദ്ദേഹത്തിനു തനിച്ചു ഒരു കാതോലിക്കാ സ്ഥാപനം സ്ഥാപിക്കുന്നതിനു അധികാരമുണ്ടായിരുന്നോ എന്നും ഉള്ള സംഗതികൾ സംബന്ധിച്ചു നൽകപ്പെട്ടിരിക്കുന്ന തെളിവിനെപ്പറ്റി. വിമർശനം ചെയ്യണമെന്നു ഞാൻ വിചാരിക്കുന്നില്ല. കാരണം ഈ രണ്ടു സംഗതികളും ഈ കേസ്സിന്റെ നിലയ്ക്കു പ്രതികക്ഷത്തിനു അനുകൂലമായി സങ്കല്പിക്കാം എന്നുള്ളതാണു". എന്നാൽ കാതോലിക്കാ സ്ഥാപനം രംഗപ്രവേശം ചെയ്ത കാലഘട്ടം ഏതാണെന്നു പരിശോധിക്കുന്നതു രസകരമായിരിക്കും 1080-മാണ്ടു ആയപ്പോഴേക്കും അസാധാരണ ബുദ്ധിമാനും വലിയ സ്ഥാനകാംക്ഷയുള്ള ആളുമായിരുന്ന മാർ ഗീവറുഗീസു ദീവന്നാസ്യോസിനോടു മലങ്കരമെത്രാപ്പോലീത്താ ആയിരുന്ന മാർ ജേസഫ" ദീവന്നാസ്യോസിനും മലങ്കര അസ്സോസ്യേഷനും വാത്സല്യം ജനിച്ചു. അതേ തുടർന്നു മാർ ജോസഫ" ദീവന്നാസ്യോസിനു മപ്രിയാൻ എന്നൊ റീശ" എ

ക്ലിസ്കോപ്പാ എന്നൊ ഉള്ള ബഹുമതി സമ്പാദിക്കുന്ന തിനും, അദ്ദേഹത്തിന്റെ സഹായിയും പിൻഗാമിയും ആയി വാ ഴിക്കപ്പെടുന്നതിനു മാർ ഗീവറുഗീസു് ദീവന്നാസ്യോസിനെ പാ ത്രീയക്കീസിന്റെ അടുക്കൽ അയയ്ക്കുന്നതിനും ഉള്ള ഒരു സംരംഭം നട ത്തി. അതു രണ്ടും അംഗീകരിക്കപ്പെട്ടെങ്കിൽ മാർ ജോസഫ് ദീവ ന്നാസ്യോസിന്റെ മരണാനന്തരം മാർ ഗീവറുഗീസു ദീവന്നാ സ്യോസു, പ്രിയാൻ എന്നൊ റീശ് എപ്പിസ്കോപ്പാ എന്നൊ ഉ ള്ള ബഹുമതി സ്ഥാനത്തോടുകൂടി മലങ്കര മെത്രാപ്പോലീത്താ ആക യിരുന്നു. ആദ്യത്തേതു് തോൽവിയടഞ്ഞു. എന്നാൽ രണ്ടാമ ത്തേതു് വിജയം കൈവരിച്ചു. (DC, 249 ഈ അക്കങ്ങൾ). 249 അക്കപ്രകാരം റസിഡന്റിന്റെ പക്കൽ നിന്നു 3000 പൂവരാഹ ന്റെ പാലിശ വാങ്ങുന്നതിനു മാർ ഗീവറുഗീസു ദീവന്നാസ്യോ സിനു അധികാരം ലഭിച്ചു. ഈ സംരംഭങ്ങൾ ആരംഭിച്ച കക്ഷി അബ്ദൽമിശിഹാ പാത്രിയക്കീസായിരുന്നു. എന്നാൽ അദ്ദേ ഹം സ്ഥാനഭ്രഷ്ടനാക്കപ്പെട്ടതിനാൽ അബ്ദള്ളായാണു് മാർ ഗീവറു ഗീസു ദീവന്നാസ്യോസിനെ വാഴിച്ചതു്. അബ്ദള്ളാ എന്നാണു മെത്രാപ്പോലീത്തന്മാരെയും എപ്പിസ്കോപ്പന്മാരെയും സ്വാപ ക്ഷത്തിൽ ചേർത്തു, താൻ പാത്രിയക്കീസായി വാഴിക്കപ്പെട്ട എന്നു് എങ്കിലും അബ്ദൽ മിശിഹാ സമ്മതിക്കുന്നുണ്ടു്. (244 അക്കം) മാർ ജോസഫ് ദീവന്നാസ്യോസു 1084 ആന്ത്യാസത്തിൽ കാലം ചെയ്തു. ആ വർഷത്തിന്റെ അവസാനത്തോടുകൂടി മാർ ഗീവറു ഗീസു ദീവന്നാസ്യോസു് പാത്രിയക്കീസിന്റെ സമ്മതത്തോടു കൂ ടി മലങ്കര മെത്രാപ്പോലീത്ത ആയി വാഴിക്കപ്പെട്ടു. 1085 ചി ങ്ങത്തിൽ, അദ്ദേഹത്തിന്റെ കൂട്ടു ട്രസ്റ്റിമാരുടെ അഭിപ്രായത്തെ അനാദരിച്ചു പ്രവർത്തിക്കുന്നതിനുള്ള അധികാരം അദ്ദേഹത്തിനു മ ലങ്കര അസ്സോസിയേഷന്റെ മാനേജിംഗ് കമ്മിറ്റി നല്കി. ഈ കമ്മി റ്റി യോഗം നടന്നതു അബ്ദള്ളാ മലങ്കര വിട്ടുന്നതിനു രണ്ടാഴ്ച മുമ്പാണു്. യഥാർത്ഥത്തിൽ 1083-ലെ പൊതുയോഗം ഇടവക വിഭജനം പാത്രിയക്കീസിന്റെ വരവിനുശേഷം മതിയെ ന്നു തീരുമാനിച്ചിരുന്നെങ്കിലും, പാത്രിയക്കീസിന്റെ ആഗമന ത്തെ മുൻകൂട്ടി കണ്ടുകൊണ്ടു" കമ്മിറ്റി ഇടവകകൾ തിരിച്ചുകൊ ണ്ടുള്ള ഒരു നിശ്ചയം പാസ്സാക്കി (DC അക്കം No. 3). പാത്രിയ ക്കീസിന്റെ ആഗമനാനന്തരം തർക്കങ്ങൾ ആവിർഭവിക്കയും 1086 ഇടവത്തിൽ മാർ ഗീവറുഗീസിനെ പാത്രിയക്കീസു മുടക്കു കയും ചെയ്തു (181 അക്കം) 1087 ചിങ്ങം 17-ാംതീയതി മാർ ഗീവറുഗീസു ദീവന്നാസ്യോസിനെ അനുഗ്രഹിച്ചുകൊണ്ടുള്ള അ ബ്ദൽ മിശിഹായുടെ കത്തു ലഭിച്ചു. 1087 തുലാത്തിൽ അബ്ദ ള്ളാ ഇൻഡ്യ വിട്ടു. 1087 ആനിമാസത്തിൽ അബ്ദൽ മിശിഹാ ഇൻഡ്യയിൽ എത്തി. 1088 ചിങ്ങത്തിൽ അബ്ദൽ മിശിഹാ മാർ ഈവാനിയോസിനെ കാതോലിക്കോസായി വാഴിച്ചു. അദ്ദേഹം 1088 മേടത്തിൽ കാലംചെയ്തു. 1088 ആനിമാസത്തിൽ ഇൻ

ഡ്യാ സ്'റേറർ സെക്രട്ടറി, 1088_ൽ അസ്സൽ 94_ാം നമ്പ്ര ഇൻ
റർപ്ലീഡർ വ്യവഹാരം തിരുവനന്തപുരം ജില്ലാക്കോടതിയിൽ റ
യൽചെയ്തു. ഈ കേസ്സ് 1095 ചിങ്ങം 30_ാംതീയതി മാർ ഗീവറ
ഗീസ്സ് ദീവന്നാസ്യോസിന അനുകൂലമായി വിധിയായി. അബ്ദ
ൽ മിശിഹായും അബ്ദള്ള യും 1091_ൽ കാലം ചെയ്തിരുന്നു.
1092-ൽ മാർ ഏലിയാസു പാത്രിയക്കീസായി ; വാഴിക്കപ്പെട്ടു.
1088_ൽ അസ്സൽ 94_ലെ കീഴ്കോടതി വിധിയെ അസ്ഥിരപ്പെ
ടുത്തിക്കൊണ്ടു ഹൈക്കോടതിയിൽ നിന്നും 1098 മീനം 10_ാംനു-
തീർച്ച ചെയ്തു. ഒരു പുനരു് ബോധിപ്പിക്കുന്നതിലേക്കായിരിക്ക
ണം ഹൈക്കോടതി ജഡ്ജ്മെൻറിൻെറ ഒരു പകർപ്പിനു 1098
മീനം 11_ാംനു- അപേക്ഷിച്ചു. ഈ അപേക്ഷ ഹൈക്കോടതി റി
ക്കാട്ടുകളിൽ നിന്നു രഹസ്യമായി അപ്രത്യക്ഷമാകയും അങ്ങനെ
ഒരു പുനരു് ബോധിപ്പിക്കുന്നതിനു ധൃതിക്കു ആവശ്യമില്ലാതാക്കി,
പാത്രിയക്കീസിനെ സന്ദർശിക്കുന്നതിനു ശീമയാത്ര ചെയ്യുന്നതിനു
ള്ള സൌകര്യം മാർ ഗീവറുഗീസു് ദീവന്നാസ്യോസിനു ലഭിക്കുക
യും ചെയ്തു. മാർ ഗീവറുഗീസു ദീവന്നാസ്യോസിനു അനുസരി
ക്കാൻ പാടില്ലാത്ത വ്യവസ്ഥകളിന്മേൽ മാത്രമെ രഞ്ജനം സാധി
ക്കുമായിരുന്നുള്ളു എന്നു" 1100 ചിങ്ങം 12_ാംനു-യിലെ II അക്കം
കൊണ്ടു കാണുന്നു. മാർ ഗീവറുഗീസു ദീവന്നാസ്യോസു് ഭാവന
ചെയ്തിരുന്ന വിധമുള്ള ഒരു സന്ധി സാദ്ധ്യമല്ലാതായപ്പോൾ പകർ
പ്പപേക്ഷ 1100 കുംഭത്തിൽ വീണ്ടും പ്രത്യക്ഷപ്പെടുകയും 1100 മീ
നത്തിൽ പുനരു് ബോധിപ്പിക്കയും ചെയ്തു. അധികതാമസം കൂ
ടാതെ അതായതു 1100 മേടത്തിൽ മാർ പീലക്സീനോസു് കാ
തോലിക്കോസായി, 1088_ൽ കാലംചെയ്ത ഒന്നാമത്തെ കാതോ
ലിക്കോസിൻെറ പിൻഗാമിയായിത്തീർന്നു. സ്വാഭാവിക നീതിക്കു
വിരുദ്ധമെന്ന കാരണത്താൽ പുനരു് അനുവദിച്ച 1103 കുംഭം
29_ാംനു- വിധിയുണ്ടായ്. അതിനാൽ മാർ ഗീവറുഗീസു ദീവ
ന്നാസ്യോസിനെ സസ്പെണ്ടു് ചെയ്തുകൊണ്ടുള്ള 169 അക്കത്തോടു
കൂടി പാത്രിയക്കീസിൻെറ പ്രതിനിധി 1104 ചിങ്ങം 2_ാംനു- ന
ടപടികൾ ആരംഭിച്ചു. നാലുമാസത്തിനുള്ളിൽ അതായതു 1104
ധനു 3_ാംനു- രണ്ടാമത്തെ കാതോലിക്കോസു കാലം ചെയ്തു. ഒരു
മാസത്തിനകം ഒന്നാംപ്രതി കാതോലിക്കോസായി വാഴിയ്ക്കപ്പെട്ടു.

23. മേൽ വിവരിച്ച സംഭവ പരമ്പരയിൽ നിന്നു കാതോ
ലിക്കോസിൻെറ ആവിർഭാവം മാർ ഗീവറുഗീസു ദീവന്നാസ്യോ
സും പാത്രിയക്കീസുമായുണ്ടായ യുദ്ധത്തിൻെറ ചില പ്രത്യേക ഘ
ട്ടങ്ങളെ സൂചിപ്പിക്കുന്നു എന്നും സ്ഥാനവും അവ പ്രാപിച്ച ആള
കളും മാർ ഗീവറുഗീസു ദീവന്നാസ്യോസിൻെറ ആജ്ഞാനുവർത്തിക
ൾ മാത്രമായിരുന്നു എന്നും കാണുന്നുണ്ടു". എങ്കിലും കാതോലി
ക്കാ സ്ഥാപനത്തെപ്പററി മാർ ഗീവറുഗീസു് ദീവന്നാസ്യോസു്
ആദ്യമായി പറഞ്ഞതു 1104_ൽ അസ്സൽ 2=ാം നമ്പരിൽ ബോധി
പ്പിച്ച പത്രിക (44 അക്കം) യിലാണു്. ഈ കാതോലിക്കാമാരുടെ

വാഴ്ച പൂർണ്ണമായി കാനോനികമായിരുന്നില്ലെന്ന അദ്ദേഹം ഇ.ഏ. അക്കത്തിൽ തുറന്നു സമ്മതിച്ചു. അവരുടെ വാഴ്ചയെപ്പറ്റി അദ്ദേഹം തുടർന്നു പറയുന്നതു "എന്റെ ജീവനു വരാമായിരുന്ന അപകടത്തെ തടയുന്നതിനുള്ള മർഗ്ഗമായി ഞാൻ അവയെ കരുതുന്നു" എന്നത്രെ. (ഇ. ഏ. അക്കം.)

24. കാതോലിക്കാ സ്ഥാപനത്തിൽ അടങ്ങിയിരിക്കുന്ന കൃത്രിമം, കാനോൻ ലംഘനം, അവിവേകം ഇവയെ മറയ്ക്കുന്നതിനു, ആദ്യത്തെ കാതോലിക്കോസിനെ നിയമിച്ചതു അബ്ദൽ മിശിഹായാണു് എന്നുള്ള വസ്തുതകൊണ്ടാണു". ഒന്നാം പ്രതി തന്നെ പറയുന്നതു കാതോലിക്കാ സ്ഥാപനം കിഴക്കൻ സഭയുടെ ഒരു സുന്നഹദോസിനാൽ വേണ്ടതാണു് എന്നും അബ്ദൽ മിശിഹാ പാത്രമല ഒരു സുന്നഹദോസു് വിളിച്ചുകൂട്ടി എന്നുമാണു്. ഒരു സുന്നഹദോസു് വിളിച്ചു കൂട്ടി എന്നതിനെയൊമാർ ഗീവറുഗീസു് ദീവന്നാസ്യോസിന്റെ പക്ഷക്കാരെമാത്രം പ്രതിനിധീകരിച്ചിരുന്ന സുന്നഹദോസു് നിശ്ചയങ്ങൾ ചെയ്തു എന്നതിനെയൊ തെളിയിക്കുന്ന രേഖയുണ്ടോ എന്നു പറയുന്നതിനു ഒന്നാം പ്രതിക്കു കഴിവില്ല. അബ്ദള്ളായെ അനുസരിക്കുന്നവരായി ശീമയിലും മലങ്കരയിലും ഉള്ളവരെല്ലാം ശീശ്മക്കാരെന്നുള്ളതായിരുന്ന മറുള്ളവരെ ക്ഷണിക്കാതിരുന്നതിനുള്ള കാരണം (പ്ര. ഭാ. സാ.28.-38-45 വരെ വശങ്ങൾ), ആ കാതോലിക്കാസ്ഥാപനം വെറും ഒരു ബഹുമതി സ്ഥാനമൊ ടൈഗ്രീസിലെപ്പുരാതന മപ്രിയാൻ സ്ഥാപനം പോലെ അധികാരസമന്വിതമൊ എന്തായിരുന്നാലും ന്യായമായി വാഴിക്കപ്പെട്ടതായി വരുന്നതു ആദ്യ കാതോലിക്കോസു മാത്രമാണു്. അവരുടെ കാതോലിക്കാസ്ഥാപനത്തിന്റെ അടിസ്ഥാനമായി പ്രതികൾ ആശ്രയിക്കുന്നതു 80 അക്കത്തിനേലാണു്. 80 അക്കം, ഒന്നാമത്തെ കാതോലിക്കോസിനെ നിയമിച്ചതിനുശേഷം മലങ്കരയിലുള്ള വിശ്വാസികളെ ഉദ്ദേശിച്ചു അബ്ദൽ മിശിഹാ പാത്രിയർക്കീസു അയച്ച ഒരു എഴുത്തെന്നാണു് അവകാശപ്പെടുന്നതു്. കാതോലിക്കാ സ്ഥാപനത്തിൽ ഒഴിവുവരുമ്പോൾ ഒരാളെ ആ സ്ഥാനത്തേക്കു വാഴിക്കുന്നതിനു മെത്രാപ്പോലീത്താമാർക്കു പരിപൂർണ്ണമായ അധികാരവും അനുമതിയും 80 അക്കം നൽകുന്നു എന്നാണു് പ്രതികളുടെ വാദം. രണ്ടാമത്തെ കാതോലിക്കോസു് വാഴിക്കപ്പെടുന്നതിനു വളരെ മുമ്പുതന്നെ അബ്ദൽ മിശിഹാ, അബ്ദുള്ളാ ഈ പാത്രിയർക്കീസന്മാർ കാലം ചെയ്കയും മാർ ഏലിയാസു അന്ത്യോഖ്യാ സിംഹാസനാരൂഢനാകയും ചെയ്തിരുന്നു. എന്നിട്ടും രണ്ടാമത്തെ കാതോലിക്കോസിന്റെയും ഒന്നാം പ്രതിയുടെയും വാഴ്ചയ്ക്കു പാത്രിയർക്കീസിന്റെ അനുമതി ലഭിക്കുന്നതിനു ശ്രമിച്ചില്ല. കാനോൻ ചട്ടങ്ങൾക്കു വിപരീതമായൊ പാത്രിയർക്കീസിനോടു ആലോചിക്കാതെയൊ ഒന്നാമത്തെ കാതോലിക്കോസിന്റെ പിൻഗാമികളെ വാഴിക്കുന്നതിനു മലങ്കര സഭയ്ക്കു അധികാരം നൽകുന്നതായി 80 അക്കത്തിൽ ഒന്നും തന്നെ ഇല്ല. അന്ത്യോഖ്യാ സിംഹാസനവുമായുള്ള ബന്ധത്തെ



പുലിയാട്ട് തുകലൻ പൌലോ അവിരാ
3-ാം വാദി (സ്റ്റി)



വന്ദ്യദീവ്യശ്രീ പൂക്കുന്നേൽ അവിരാ ജോസഫ്
കത്തനാർ, 2-ാം വാദി (സ്റ്റി)

ക്ഷരദിക്കുന്നതിനല്ല പിന്നെയൊ അത്തുമായുള്ള യോജിപ്പിനെ ദൃഢീ
കരിക്കുന്നതിനാണ്" ഒരു കാതോലിക്കോസിനെ നിയമിച്ചതെന്ന
80 അക്കം ശക്തിയായി പ്രസ്താവിക്കുകയും "സകലവും ന്യായമാ
യും കീഴ് നടപ്പനുസരിച്ചും" ചെയ്യണമെന്ന മെത്രാപ്പോലീത്തന്മാ
രെ പ്രബോധിപ്പിക്കുകയും ചെയ്യുന്നു. കാതോലിക്കാ വാഴ്ച്ച കാ
നോനനുസരിച്ചു വേണമെന്നുള്ളതാണ്" ഇതിന്റെ അവിതർക്കിതമാ
യ അർത്ഥം. പാത്രിയർക്കീസിന്റെ അനുമതി കൂടാതെ കാതോലി
ക്കായെ മപ്രിയാനെ വാഴിക്കപ്പെട്ട കൂടാ എന്ന നാം കണ്ടുകഴി
ഞ്ഞു. അതിനാൽ രണ്ടാമത്തെയും മൂന്നാമത്തെയും കാതോലിക്കാ
മാരുടെ നിയമനം കാനോൻ വിരുദ്ധവും അസാധുവും എന്ന തീ
രുമാനിക്കേണ്ടിയിരിക്കുന്നു. 264 അക്കത്തിൽ നിന്ന കാണുന്ന കി
ഴക്കിന്റെ കാതോലിക്കാ സ്ഥാപനമൊ മപ്രിയാൻ സ്ഥാപനമൊ
പുനരുദ്ധരിക്കപ്പെട്ട എന്ന കാണിക്കുന്നതിനു 80 അക്കത്തിൽ ഒന്നും
ഇല്ല. നേരെമറിച്ചു മെത്രാപ്പോലീത്തന്മാരെ വാഴിക്കുന്നതിനും, വി.
മൂറോൻ കൂദാശ ചെയ്യുന്നതിനും ഉള്ള അധികാരത്തോടുകൂടി കാ
തോലിക്കോസു എന്ന സ്ഥാനം ഒരു മെത്രാപ്പോലീത്തായ്ക്കു കൊ
ടുക്കുന്നതായും ആ സ്ഥാനത്തിന്റെ പിൻതുടർച്ചയ്ക്കുള്ള വ്യവസ്ഥ
കളും ഉൾക്കൊള്ളുന്നതായും അത്രെ 80 അക്കത്തിലെ പ്രസ്താവന.
ഒരു ബഹുമതി എന്ന നിലയിൽ പോലും അതിനുള്ള ആളെ തെ
രഞ്ഞെടുക്കുന്നതിനുള്ള അവകാശം മലങ്കരസഭയ്ക്കുണ്ടെങ്കിലും, ആ
യതു നല്കുന്നതിനുള്ള അധികാരം കാനോൻ അനുസരിച്ചു പാത്രിയ
ർക്കീസിനു മാത്രമുള്ളതാണു". ഏർപ്പെടുത്തപ്പെട്ട കാതോലിക്കാ
സ്ഥാപനത്തിന്റെ സ്വഭാവത്തെപ്പറ്റി പറയുന്നതിനു ഏറ്റവും
യോഗ്യൻ മാർ ഗീവറുഗീസു ദീവന്നാസ്യോസായിരുന്നു. പാത്രി
യർക്കീസിനെ കൂടാതെ മലങ്കരയ്ക്കു മെത്രാപ്പോലീത്തന്മാരും കാ
തോലിക്കാമാരും വാഴിക്കപ്പെടാമെന്നു വന്നാൽ മലങ്കരസഭ സ്വത
ന്ത്രമാണെന്നും, യാക്കോബായസഭയുടെ ഒരുവിഭാഗമെന്നനിലയ്ക്കു
മലങ്കരസഭയുടെ ശ്രേഷ്ഠമേലദ്ധ്യക്ഷൻ പാത്രിയർക്കീസല്ലെന്നും സി
ദ്ധിക്കുന്നതാണ്". ഇപ്രകാരമുള്ള പല പിരിച്ചിലുകളും സഭാചരി
ത്രത്തിൽ കൊടുത്തിട്ടുണ്ട്". സെലൂഖ്യായിലെ കാതോലിക്കോസ
ന്മാർ അന്ത്യോഖ്യാ ബന്ധത്തിൽ നിന്നും സ്വതന്ത്രമായതെങ്ങിനെ
എന്നു നാം കണ്ടുകഴിഞ്ഞു. യാക്കോബായ സഭയിൽ പാത്രിയർക്കീ
സിനോടു ആലോചിക്കാതെ മപ്രിയാന്മാർ നിയമിക്കപ്പെട്ടപ്പോൾ
എല്ലാം ഇതുപോലെയുള്ള ഭിന്നതയ്ക്കുള്ള സാദ്ധ്യതകൾ ഉണ്ടാ
യിരുന്നു. ഈ വിപത്തിനെ തടയുന്നതിനായിട്ടാണ് 264 അക്ക
ത്തിൽ നിന്നു ഞാൻ ചൂണ്ടിക്കാണിച്ചതു പോലെ കിഴക്കും പടി
ഞ്ഞാറും ഉള്ള വിശ്വാസികൾ മേലിൽ പാത്രിയർക്കീസിന്റെ അനു
മതി കൂടാതെ മപ്രിയാൻ വാഴിക്കപ്പെടരുതെന്നു തീരുമാനിച്ചതു്.
കാതോലിക്കോസു് വാഴ്ച്ചമൂലം അന്ത്യോഖ്യാ-ബന്ധം വിടുത്തണ
മെന്നു ഉദ്ദേശിച്ചിരുന്നില്ലെന്നും, മലങ്കര സഭയുടെ തലവൻ കാതോ
ലിക്കോസെന്നും, താൻ അദ്ധ്യക്ഷനായിരുന്നു; സുവിശേഷസംഘം

പ്രസിദ്ധപ്പെടുത്തിയ മതോപദേശത്തിൽ കാണിച്ചിട്ടുണ്ടെങ്കിലും, മലങ്കരസഭയുടെ ശ്രേഷ്ഠാധികാരിയായി താൻ കാതോലിക്കോസിനെ ഒരിക്കലും അംഗീകരിച്ചിട്ടില്ലെന്നും മാർ ഗീവറുഗീസു ദീവന്നാസ്യോസു് അസന്നിഗ്ധമായി പ്രസ്താവിക്കുന്നുണ്ടു്. കാതോലിക്കോസു് എന്ന പേരിന്റെ മഹത്വം അഭ്രേഹത്തിനു നല്കി എന്നുള്ളതിൽ കവിഞ്ഞു കാതോലിക്കാ സ്ഥാപനത്തിനടുത്ത പദവികളോടും അധികാരങ്ങളോടും കൂടി കാതോലിക്കോസായി മലങ്കരസഭ അതായതു അസ്സോസ്യോൻ അഭ്രേഹത്തെ സ്വീകരിച്ചില്ലെന്നും ആ വക അധികാരങ്ങൾ അഭ്രേഹത്തിനുണ്ടായിരുന്നതായി അവരും ഉന്നഹിച്ചില്ലെന്നും ആണു് എന്റെ വിശ്വാസവും അറിവും എന്നു് അഭ്രേഹം തുടർന്നു പറയുന്നു. (ഇ.എ. അക്കം). ഈ പ്രസ്താവനകളിൽ അന്തർലീനമായിരിക്കുന്ന സംഗതികളെ സംബന്ധിച്ചു ചർച്ചചെയ്യുണമെന്നു ഞാൻ ഉദ്ദേശിക്കുന്നില്ല. മലങ്കര സഭ ഉൾപ്പെട്ട യാക്കോബായ സഭയുടെ ശ്രേഷ്ഠാധികാരിയുടെ അനുമതി കൂടാതെ ഒരു കാതോലിക്കോസ്സിനെ വാഴിക്കാവുന്നതല്ല എന്നു ഈ പ്രസ്താവനകളിൽ നിന്നു സ്പഷ്ടമാണു് എന്നു പറഞ്ഞാൽ മതിയാകുമല്ലോ. പാത്രിയക്കീസ്സിന്റെ ആലോചന കൂടാതെ പരിപൂർണ്ണ അധികാരമുള്ള കാതോലിക്കോസ്സിനെ വാഴിക്കുന്നതിനു കാനോൻ പ്രകാരം പാടില്ലെന്നും ചൂണ്ടിക്കാണിക്കേണ്ടതുണ്ടു". മാർ ഗീവറുഗീസു് ദീവന്നാസ്യോസു് കാലം ചെയ്തിരിക്കുന്ന സ്ഥിതിക്കു അഭ്രേഹവും 80 അക്കവും ഉദ്ദേശിക്കുകയും സൂചിക്കുകയും ചെയ്തതിൽ വിപുലമായ അവകാശവാദങ്ങൾ ഒന്നാംപ്രതി പുറപ്പെടുവിക്കുന്നു. ഇ എ. അക്കത്തിനു വളരെക്കാലത്തിനു ശേഷം മാർ ഗീവറുഗീസു ദീവന്നാസ്യോസു തന്നെ ഈ ദുരുസൂചന നല്കിയതായിട്ടാണു് തോന്നുന്നതു്.

25. ഇനിയും ചിന്തിക്കേണ്ട പ്രശ്നം മാർ ഏലിയാസും മാർ അപ്രേമും പാത്രിയക്കീസന്മാരായി ന്യായമായി തെരഞ്ഞെടുക്കപ്പെട്ടിരുന്നവൊ എന്നുള്ളതാണു്. അബ്ദുള്ളയുടെ കാലശേഷം മാർ ഏലിയാസും അഭ്രേഹത്തിനുശേഷം മാർ അപ്രേമും യാക്കോബായ സഭയുടെ പാത്രിയക്കീസന്മാരായി അന്ത്യോക്യാ സിംഹാസനത്തിലേക്കു തെരഞ്ഞെടുക്കപ്പെട്ട എന്നുള്ളതും തർക്കരഹിതമാണു്. അവരെ തെരഞ്ഞെടുത്ത സുന്നഹദോസുകളിൽ മലങ്കര സഭയുടെ പ്രതിനിധികൾ സന്നിഹിതരായിരുന്നില്ലാ എന്ന കാരണത്താൽ തങ്ങൾക്കു അവരെ സ്വീകരിപ്പാൻ നിവൃത്തി ഇല്ലെന്നാണു് പ്രതികളുടെ നില. എന്റെ മാന്യസഹോദരൻ ഡോക്ടർ നോക്സ് ഈ വാദത്തെപ്പറ്റി ചെയ്തിട്ടുള്ള ചർച്ചയിൽ കൂടുതലായി എനിക്കു അധികം പറവാനില്ല. മാർ ഏലിയാസും മാർ അപ്രേമും ന്യായമായ പാത്രിയക്കീസന്മാരെന്നു പ്രതികൾ സമ്മതിക്കുന്നു എന്നു സ്ഥാപിക്കുന്നതിനു മാർ ഏലിയാസ്സിനേയും മാർ അപ്രേമിനേയും പാത്രിയക്കീസന്മാരായി അംഗീകരിക്കുന്ന വാദികൾ യാക്കോബായ സഭാംഗങ്ങളാണെന്നുള്ള വാദിഭാഗം അഭിഭാഷക

ന്റെ സമ്മതം ധാരാളം മതിയായതാണ്". സമാധാനസ്ഥാപനാ
ത്ഥം മാർ ഗീവറുഗീസു ദീവന്നാസ്യോസു ബിസി അക്കം എഴു
ത്തുമായി_ അതു ഒന്നാം പ്രതിയും മറു രണ്ടു മെത്രാന്മാരും ചേർ
ന്നു പാത്രിയക്കീസിനു എഴുതിയ ഒരു എഴുത്താണ്".- പോയതു്
മാർ ഏലിയാസ്സിന്റെ അടുക്കലേക്കായിരുന്നു. മാർ ഏലിയാ
സു നിയമാനുസൃതം വാഴിക്കപ്പെട്ട ഒരു പാത്രിയക്കീസല്ലായിരു
ന്നു എന്നുള്ള വാദത്തിന്റെ പൊള്ളത്തരത്തിനു ബി ബി, ബി
സി അക്കങ്ങൾ മതിയായ സാക്ഷ്യം വഹിക്കുന്നുണ്ടു്. ഇവിടെ
സമാധാനം സ്ഥാപിക്കുന്നതിനുള്ള ശ്രമത്തിൽ വൈസ്രായിയുടെ
ക്ഷണം അനുസരിച്ചു മലങ്കരയിൽ എഴുന്നള്ളിയതു് മാർ ഏ
ലിയാസു് ആയിരുന്നു. മാർ ഏലിയാസു് നിയമാനുസരണം പാ
ത്രിയക്കീസായിരുന്നു എങ്കിലും അദ്ദേഹത്തിന്റെ ആലോചന കൂ
ടാതെയാണു് മാർ പീലക്സിനോസും ഒന്നാം പ്രതിയും കാതോ
ലിക്കോസന്മാരായി വാഴിക്കപ്പെട്ടതു്. മാർ ഏലിയാസു് 1107
മകരം 30-ാംനു- കാലം ചെയ്തു. അദ്ദേഹത്തിന്റെ പിൻഗാമി
യെ തെരഞ്ഞെടുക്കുന്നതിനുള്ള യോഗത്തിൽ പങ്കെടുക്കുന്നതിനു
മലങ്കരസ്സു ഔദ്യോഗികമായ ക്ഷണം ഉണ്ടായിരുന്നു എന്നുള്ളതു്
സി എഫ് അക്കത്തിൽ നിന്നും അതോടു് അനുബന്ധിച്ചു വാദി
ഭാഗത്തുനിന്നും നല്കിയ തെളിവിൽ നിന്നും കാണാവുന്നതാണ്".
മാർ ഗീവറുഗീസു ദീവന്നാസ്യോസു തന്നെയും ക്ഷണിക്കപ്പെട്ടിരു
ന്നു. ക്ഷണക്കത്തു അദ്ദേഹത്തിനു ലഭിച്ചു എന്നുള്ളതിന്റെ സംഭ
വ്യത പാശ്ചാത്യ മെത്രാന്മാരുടെ പേക്കു അദ്ദേഹം അയച്ച 65
അക്കം എഴുത്തുകൾകൊണ്ടു തെളിയുന്നു. എന്നാൽ ഒരു കാതോ
ലിക്കോസു് എന്ന അവകാശപ്പെടുന്ന ഒന്നാം പ്രതിയെ, അങ്ങി
നെ പാത്രിയക്കീസന്മാരാൽ അംഗീകരിക്കപ്പെട്ടിരുന്നില്ലാ എ
ന്നുള്ള കാരണത്താൽ ന്യായമായി ക്ഷണിക്കപ്പെടേണ്ടതില്ലായി
രുന്നു. സുന്നഹദോസു മാർ അപ്രേമിനെ പാത്രിയക്കീസായി
1108 മകരം 6-ാംനു- തെരഞ്ഞെടുത്തു. ഒരു കൊല്ലത്തിനകം അ
തായതു 1109 കുംഭം 12-ാംനു- മാർ ഗീവറുഗീസു ദീവന്നാസ്യോ
സു കാലം ചെയ്തു. മാർ ഗീവറുഗീസു ദീവന്നാസ്യോസിന്റെ നി
ര്യ്യാണത്തിനു ഏതാനും മാസങ്ങൾക്കുശേഷം, സമാധാനം സ്ഥാ
പിക്കുന്നതിനു ഒന്നാംപ്രതി പോയതു മാർ അപ്രേമിന്റെ അടു
ക്കലേക്കായിരുന്നു. ഇങ്ങനെ മാർ ഏലിയാസും മാർ അപ്രേമും അ
ന്ത്യോക്യായിലേയും, കിഴക്കു ഒക്കയും ഉള്ള യാക്കോബായ സഭയു
ടെ പാത്രിയക്കീസന്മാരായി കാനോനികമായും നിയമാനുസൃത
മായും തെരഞ്ഞെടുക്കപ്പെട്ടിരുന്നു എന്നുള്ളതിനു സംശയമില്ല.

26. എന്റെ സഹോദരൻ ജഡ്ജി നോക്സിനോടു യോജിക്കു
ന്നതോടുകൂടി എനിക്കു അല്പം പ്രസ്താവിക്കാനുള്ളതു് പ്രതികളും
അവരുടെ പക്ഷക്കാരും യാക്കോബായ സഭയിൽ നിന്നു പിരിഞ്ഞു
പോയെന്നുള്ള പ്രസ്താവത്തെപ്പറ്റിയാണു്. 80 അക്കത്തിൽ നി
ന്നും ഒന്നാമത്തെ കാതോലിക്കോസിന്റെ വാഴ്ചയിൽ സഹകരി

ക്കയും, പിന്നീടുള്ള കാതോലിക്കാമാരുടെ വാഴ്ചയ്ക്കു കാരണഭൂത നായിരിക്കയും ചെയ്ത മാർ ഗീവറുഗീസു ദീവന്നാസ്യോസിന്റെ തെളിവായ പ്രസ്താവനകളിൽ നിന്നും കാണുന്നതുപോലെ പുരാതനമായ കിഴക്കിന്റെ മപ്രിയാൻ സ്ഥാപനം പുനഃസ്ഥാപിക്കപ്പെടുകയൊ പുനഃസ്ഥാപിക്കണമെന്നു ഉദ്ദേശിക്കപ്പെടുകയൊ ചെയ്തില്ലെന്നു ഞാൻ മേൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടല്ലൊ. "കിഴക്കിന്റെ" എന്ന പദം പോലും 80 അക്കത്തിൽ ഇല്ല. 80 അക്കം അനുസരിച്ചു കാതോലിക്കോസു എന്ന ബഹുമാനം ഒരു മെത്രാപ്പോലിത്തായ്ക്കു നൾകി. കാനോനികമായ മെത്രാപ്പോലിത്തന്മാരെ വാഴിക്കുന്നതിനും മൂറോൻകൂദാശ ചെയ്യുന്നതിനും അദ്ദേഹത്തെ പ്രാപ്തനാക്കുകയും കീഴ്നടപ്പനുസരിച്ചു അതായതു പാത്രിയർക്കീസിന്റെ സമ്മതത്തോടുകൂടി ആ സ്ഥാനത്തേക്കു ഉയർത്തപ്പെടുന്നതിനു ഒരു ആളിനെ തെരഞ്ഞെടുക്കുന്നതിനു മെത്രാപ്പോലിത്തന്മാരെ അധികാരപ്പെടുത്തി ഇങ്ങനെ ആ സ്ഥാനം നിലനിർത്തുന്നതിനു വേണ്ട വ്യവസ്ഥകൾ ചെയ്കയും അത്രെ ഉണ്ടായതു്. ഇ എ അക്കത്തിനു വളരെക്കാലം പിൻപു ം, മാർ ഗീവറുഗീസു ദീവന്നാസ്യോസു് ആഗ്രഹിച്ച വ്യവസ്ഥകളനുസരിച്ചു പാത്രിയർക്കീസുമായി ഒരു രഞ്ജനത്തെപ്പററിയുള്ള ആശ കൈവെടിയേണ്ടതായി വന്നതിനുശേഷവും മാത്രമെ കിഴക്കിന്റെ കാതോലിക്കാസ്ഥാപനമാണു് ഇവിടെ സ്ഥാപിതമായതെന്നു മാർ ഗീവറുഗീസു ദീവന്നാസ്യോസു് പറഞ്ഞു തുടങ്ങിയുള്ളു (ഉദാ. 1104 മകരം 6-ാം തീയതിയിലെ 44 അക്കം; 1107 മേടം 7-ാം തീയതിയിലെ 45 അക്കം.) മാർ ഗീവറുഗീസു ദീവന്നാസ്യോസിന്റെയും അദ്ദേഹത്തിന്റെ സഹായികളുടെയും അടുത്ത ശ്രമം അന്ത്യോക്യാ പാത്രിയർക്കീസിനു കീഴുള്ള സഭയിൽ നിന്നു പിരിയുന്നതിനും സാദ്ധ്യമെങ്കിൽ ട്രസ്ററു സ്വത്തുക്കൾ കൈക്കലാക്കുകയും ചെയ്യണമെന്നുള്ളതായിരുന്നു. എന്നാൽ ഇതു് ക്ഷിപ്രസാദ്ധ്യമല്ലാഞ്ഞതിനാലും മാർ ഗീവറുഗീസു ദീവന്നാസ്യോസു് 1109-ൽ കാലം ചെയ്കയാലും ഒന്നാം പ്രതിയെ കിഴക്കിന്റെ കാതോലിക്കാ ആയി അംഗീകരിക്കണമെന്നുള്ള വ്യവസ്ഥയിന്മേൽ ഒരു സമാധാനം സ്ഥാപിക്കുന്നതിനുള്ള അന്ത്യശ്രമത്തിൽ ഹോംസിലേക്കു ഒന്നാംപ്രതി പോയി. ഈ വ്യവസ്ഥ നിഷേധിക്കപ്പെട്ടതു ഒന്നിലധികം കാരണങ്ങളാൽ ശരിയായി എന്നാണു് എനിക്കു തോന്നുന്നതു്. ഒന്നാം പ്രതിയും പാത്രിയർക്കീസുമായി ഹോംസിൽ വച്ചു നടന്ന സന്ധിശ്രമങ്ങളുടെ പുരോഗതി CB 1 മുതൽ CB 4 വരെയുള്ള അക്കങ്ങളിൽ നിന്നു കാണാം. CBI അക്കത്തിൽ ഒന്നാം പ്രതിയുടെ പക്ഷക്കാരുടെ വ്യവസ്ഥകൾ ഉണ്ടു്. 80 അക്കത്തിൽ പോലും ഇല്ലാത്ത വ്യവസ്ഥകളിന്മേൽ കിഴക്കിന്റെ മപ്രിയാൻ സ്ഥാനം പുനഃരുദ്ധരിക്കുന്നതിനുള്ള ഒരു ശ്രമമാണു്. അതിൽ 8-ാം ഖണ്ഡിക വളരെ അർത്ഥവത്താണു്. മലങ്കരനിന്നും ഒരു സ്ഥാനാർത്ഥിയെ നിർദ്ദേശിച്ചാൽ യാക്കോബായസുഭയുടെ ശ്രേഷ്ഠാധികാ

രിയായ പാത്രിയക്കീസിനു് വരണസ്വാതന്ത്ര്യം ഇല്ലാതെ ആ സ്ഥാന ത്തിയെ വാഴിച്ചു മതിയാക്കു. സ്ഥാനാത്ഥി നിർദ്ദേശം പാത്രിയക്കീസിനു സമ്മതമല്ലാതിരുന്നാൽ സ്ഥാനാത്ഥിയെ വാഴി ക്കുന്നതിനു മലങ്കര സുന്നഹദോസ്നു അധികാരമുണ്ടായിരിക്കണം എന്നാണു്. കാനോൻ വ്യവസ്ഥകൾക്കും സഭയുടെ ഐകൃത്തെ പ്പറ്റിയുള്ള ഭാവനാരൂപത്തിനും അനുയോജ്യമായി യാതൊരു പാത്രിയക്കീസിനും അധികാരം നൽകാവുന്നതല്ല. ഒരു പാത്രി യക്കീസിനോടു മറുതൊരു അദ്ദേഹത്തിന്റെ ഇഷ്ടത്തിനു വിരോ ധമായൊ ഒരു മെത്രാപ്പോലീത്തായെയൊ മെത്രാപ്പോലീത്തായെയൊ എ പ്പിസ്കോപ്പായെ പോലുമോ വാഴിച്ചുകൂടാ എന്നു് കാനോൻ (പാപ്പാ യക്കീസു_യോഹന്നാൻ. B P അക്കം) നിർദ്ദേശിക്കുന്നു. C B 2 അക്കത്തിൽ വെളിപ്പെടുത്തുന്ന അവരുടെ മനസ്സിലെ സ്വാതന്ത്ര്യബോധത്തിനു അനുസരണമായി അന്ത്യോക്യാ പാ ത്രിയക്കീസിന്റെ ശ്രേഷ്ഠാധികാരത്തിൻ കീഴുള്ള യാക്കോബാ യ സഭയെ വിട്ടും കോടതി വിധിയാൽ നിർബ്ബന്ധിതരായിതീ ന്ന മാത്തോമ്മാക്കാർ ചെയ്തതുപോലെ ട്രസ്റ്റും സ്വത്തുക്കളെ ഉപേക്ഷിച്ചു പോരുക എന്നുള്ളതായിരുന്നു അവർ യോഗ്യമാ യി അനുവർത്തിക്കേണ്ടതു നയം. കൂടാതെ മലങ്കരയ്ക്കു ഒരു കാ തോലിക്കാ സ്ഥാപനം നൽകുന്നതിനു പാത്രിയക്കീസിനു അധി കാരമുണ്ടെങ്കിൽ അതു എടുത്തുകളയുന്നതിനും അധികാരമുണ്ടു്. അതിനാൽ കാതോലിക്കാ സ്ഥാപനത്തെ രണ്ടു പാത്രിയക്കീസ മാർ അംഗീകരിക്കാതിരുന്ന സ്ഥിതിക്കു സഭയിലെ ഏതൊരു സ്ഥാനിയും, ആ സ്ഥാനം ലഭിക്കുമെന്നു ആശയുള്ള ആളും, സ്ഥാ നിയാണെന്നു പ്രസ്താവിക്കുന്ന ഒരാളും സഭയുടെ ഐകൃത്തിനും ശ്രേഷ്ഠാധികാരികളുടെ ശിക്ഷണത്തിനും അനുയോജ്യമായി അതി നെ (കാതോലിക്കാ സ്ഥാപനത്തെ) മുറുകെപ്പിടിക്കാതിരിക്കേണ്ട താണു്. ഏതായാലും കോടതികൾ അംഗീകരിച്ചിട്ടുള്ള ഭീഷ്മകാ ലനടപടിയെ അഗണ്യമാക്കിയും ട്രസ്റ്റിമാരുടെ നടത്തപ്പെടു ന്ന ഭരണത്തെ കാര്യക്ഷമമാക്കുന്നതിലേക്കു തന്നിൽ നിക്ഷിപ്ത മായ അധികാരങ്ങളെ അതിലംഘിച്ചും പാത്രിയക്കീസു മലങ്കര സഭവകയായുള്ള സ്വത്തുക്കളുടെ ഭരണത്തിൽ കൈ കടത്തുന്ന പ ക്ഷം ആ കയ്യേറ്റത്തിനു പരിഹാരമുണ്ടാക്കുന്നതിനു കോടതികൾ ഉണ്ടു

27. പാത്രിയക്കീസിന്റെ വ്യവസ്ഥകൾ C.B. 4 അക്കത്തിൽ അടങ്ങിയിരിക്കുന്നു. അദ്ദേഹം തനിച്ചല്ലാ, മെത്രാന്മാരുടെ സുന്ന ഹദോസിന്റെ ആലോചനയോടു കൂടിയത്രെ അദ്ദേഹം പ്രവർത്തി ച്ചതു. ഈ വ്യവസ്ഥകൾ ഉചിതമെന്നും അന്ത്യോക്യാ പാത്രിയക്കീ സിന്റെ അദ്ധ്യക്ഷതയിൻ കീഴുള്ള യാക്കോബായ സഭാ ഘടന യ്ക്കുള്ളിൽ മലങ്കര സഭയുടെ കാര്യക്ഷമമായ പ്രവർത്തനത്തിനു ആവശ്യമായ ഉപാധികളോടുകൂടിയതും എന്നാണു് എനിക്കു തോന്നുന്നതു. ഒരു കാലത്തു മലങ്കരജനങ്ങൾ ആഗ്രഹിച്ചതായ രീ

എപ്പിസ്കോപ്പാസ്ഥാനം (40 അക്കം, 72 അക്കം) വാഗ്ദത്തം ചെയ്യപ്പെടുകയും തന്റെ നിയ്യോഗം വരെ കാതോലിക്കാ എന്ന ബഹുമതി നാമം ഒന്നാംപ്രതി തുടരുന്നതിനു അനുവദിക്കയും ചെയ്തു. മലങ്കര സഭാകയായുള്ള ട്രസ്റ്റിന്റെ സ്വത്തുക്കളുടെ ഭരണത്തെപ്പറ്റി പ്രത്യക്ഷമായി യാതൊന്നും C.B. 4 അക്കത്തിൽ പറയുന്നില്ല. പുരാതനമായ കിഴക്കിന്റെ മപ്രിയാൻ സ്ഥാനത്തെപ്പറ്റി കൂടുതൽ ചിന്താകുലരായിരുന്ന ഒന്നാംപ്രതിയും അനുയായികളും അതു സംബന്ധിച്ചുള്ള നില വിശദപ്പെടുത്തി കിട്ടുന്നതിനു ക്ഷമിച്ചില്ല. എങ്കിലും കീഴ്നടപ്പനുസരിച്ചും കോടതി വിധികളാൽ പ്രത്യക്ഷമായോ പരോക്ഷമായോ സ്ഥാപിക്കപ്പെട്ടിട്ടുള്ളതിനനുസരണമായും ഉള്ള ടി സ്വത്തുക്കളുടെ ഭരണത്തിൽ ഇടപെടുന്നതിനുള്ള അധികാരം വേണമെന്നു പാത്രിയക്കീസു അവകാശപ്പെട്ടതായി കാണിക്കുന്ന ഒന്നും തന്നെ C.B. 4 അക്കത്തിൽ ഇല്ല. Dy അക്കത്തിൽ രേഖപ്പെടുത്തിയിട്ടുള്ളതനുസരിച്ചു ട്രസ്റ്റാധീനത്തുകളുടെ യഥാർത്ഥ ഭരണത്തിൽ ഇടപെടുന്നതിനു പാത്രിയക്കീസിനു അധികാരമില്ലെന്നുള്ളതു ഈ വ്യവഹാരത്തിൽ വാദികൾ പ്രസ്പഷ്ടമാക്കുന്നുണ്ടു്. അങ്ങനെയുള്ള ഒരധികാരം വേണമെന്നു പാത്രിയക്കീസു ശഠിച്ചു എന്നു വാദിച്ചാൽപോലും അങ്ങിനെ അവർ ചെയ്താൽ (പ്രത്യേക സഭ രൂപീകരിച്ചാൽ), അന്ത്യോക്യായിലും കിഴക്കും ഉള്ള യാക്കോബായ സഭയുടെ അംഗങ്ങളെന്നു വിളിക്കപ്പെടുകയോ അങ്ങനെ ഗണിക്കപ്പെടുകയോ വേണ്ടാ എന്നുവരികിലല്ലാതെ ഒരു പ്രത്യേക സഭ സ്ഥാപിക്കുന്നതിനു അതു മതിയായ കാരണമല്ല.

28. സന്ധിയാലോചനകൾ പരാജയപ്പെട്ട ഒന്നാം പ്രതിയും സഹായികളും മലങ്കരയിൽ തിരിച്ചു എത്തിയതിനു ശേഷം എന്തു സംഭവിച്ചു എന്നു നോക്കാം. ഞാൻ മേൽ തീരുമാനിച്ചിട്ടുള്ളതുപോലെ നിയമാനുസൃതം നിയമിക്കപ്പെട്ട ഒരു കാതോലിക്കോ നോ ശരിയായി വാഴിക്കപ്പെട്ട ഒരു മെത്രാപ്പോലീത്താ പോലുമോ അല്ലാത്ത ഒന്നാംപ്രതിയുടെ കാനോൻ വിരുദ്ധവും അതിമോഹപരവുമായ അവകാശവാദങ്ങളെ പാത്രിയക്കീസു നിരസിച്ചതുന്യായമാണെന്നുവന്നാൽ, പാത്രിക്കീസിന്റെ അധ്യക്ഷതയിൻകീഴുള്ള യാക്കോബായസഭാതാല്പര്യങ്ങളെ 1-ാംപ്രതിയുടെയും അദ്ദേഹത്തിന്റെ സഹായികളുടെയും പ്രവർത്തികൾക്കു എതിരായി വിശ്വാസികൾക്കു മുന്നറിവു കൊടുക്കേണ്ടതു പാത്രിയക്കീസിന്റെ ധർമ്മമായിരുന്നു. ഒന്നാംപ്രതിയും അദ്ദേഹത്തിന്റെ പക്ഷക്കാരും അന്ത്യോക്യാപാത്രിയക്കീസിന്റെ ന്യായമായ അധികാരത്തോടു മാത്സര്യം ആത്മാവിലാണു തിരിയെ മടങ്ങിയതെന്നുള്ള വസ്തുത സന്ധിസംഭാഷണങ്ങളുടെ പരാജയാനന്തരം നടന്ന സംഭവങ്ങളിൽനിന്നു പ്രത്യക്ഷമാണു. അതിനിടയിൽ 1110 കന്നി 27-ാം നു പാത്രിയക്കീസു 2 അക്കം കല്പന അയച്ചു. 2 അക്കം ഒരു മുടക്കുകല്പനയല്ലെന്നു ഇരുകക്ഷികളും സമ്മതിക്കുന്നു. കീഴ്ക്കോടതി അങ്ങിനെ തീരുമാനിക്കയുംചെയ്തു. അതു ആരെയും മുടക്കുന്നതായി പ്രസ്താവിക്കുന്നുമില്ല. ഒന്നാംപ്രതി

യുടെ പേരു മാത്രമെ അതിൽ പറയുന്നുള്ളു. മറ്റുള്ളവരെ സംബന്ധിച്ചിടത്തോളം തൊട്ടു അവർക്കു പേരുമെങ്കിൽ എടുത്തുകൊള്ളുണം. എന്നെ പറയേണ്ടതുള്ളു. തങ്ങളുടെ മാത്സര്യ്യ നില മൂലം അന്ത്യോകൃാ സഭയിൽ നിന്നു തങ്ങളെത്തന്നെ ഛേദിച്ചു കളഞ്ഞിരുന്നതായി കാണുന്ന ഒന്നാം പ്രതിയേയും പക്ഷക്കാരേയും പിൻതുടൻന്നു കൂടാ എന്നു വിശ്വാസികളെ പ്രബോധിപ്പിക്കുകയത്രെ യഥാർത്ഥത്തിൽ ചെയ്തിരിക്കുന്നതു്. ആരെയെങ്കിലും ആത്മഹത്യചെയ്യുന്നതിനു നിർബന്ധിക്കുന്നില്ലെന്നുള്ളതു പോലെ സഭയ"ക്കു പുറം തള്ളുന്നതായൊ AM അക്കം പോലെ ഒരു ഭരണഘടന ശ്രുവവൽക്കരിക്കാൻ നിർബന്ധിക്കുന്നതായൊ വിചാരിക്കാൻ സാദ്ധ്യമല്ല. അഥവാ ഒന്നാം പ്രതിയൊ അദ്ദേഹത്തിന്റെ ഏതെങ്കിലും അനുയായികളൊ യഥാർത്ഥത്തിൽ സഭയിൽ നിന്നു പിരിഞ്ഞിരുന്നെങ്കിലും ഒന്നാം പ്രതി ഉൾപ്പെടെയുള്ള അദ്ദേഹവും തന്നെ, പാത്രിയർക്കീസിന്റെ അധികാരത്തെ സമ്മതിച്ചു യാക്കോബായ സഭാതൊഴുത്തിലേക്കു തിരിയെ വരുന്നതിൽ നിന്നു Z അക്കം തടസ്സപ്പെടുത്തുന്നതല്ല. എന്നാൽ Z അക്കത്തിൽ നല്കിയ അവസരോചിതമായ മുന്നറിയിപ്പിനെ അവരുടെ അനന്തര പ്രവർത്തികൾ ന്യായീകരിക്കുകയത്രെ ചെയ്യുന്നതു്. മലങ്കര മെത്രാപ്പോലീത്തായെ തെരഞ്ഞെടുക്കുന്നതിനും മാനേജിംഗ് കമ്മിറ്റി അംഗീകരിച്ചു കഴിഞ്ഞിരുന്ന ഒരു ഭരണഘടന സ്വീകരിക്കുന്നതിനും വേണ്ടി മലങ്കര അസ്സോസ്യേഷന്റെ ഒരു യോഗം 11-5-1110-ൽ ഒന്നാം പ്രതി വിളിച്ചുകൂട്ടി (59, 60, 61 അക്കങ്ങൾ) ഒന്നാം പ്രതിയുടെ പക്ഷക്കാർ അന്നുകൂടി AM അക്കം ഭരണഘടന പാസ്സാക്കി. മലങ്കര സഭയെ അന്ത്യോഖ്യാ പാത്രിയക്കീസിന്റെ അധികാരത്തിൽ നിന്നു വിടർത്തി സ്വതന്ത്രമാക്കുന്നതിലേക്കു മാർ ഗീവറുഗീസു് ദീവന്നാസ്യോസു് സമാരംഭിച്ച ഒരു ദീർഘകാല സംരംഭത്തിന്റെ പൂർത്തീകരണമായിരുന്നു ഏ എം അക്കം എന്നാണു" കാണുന്നതു". അതിനു തടസ്സങ്ങളൊ ശങ്കകളൊ കാലതാമസമൊ നേരിട്ടെങ്കിൽ അതിനുള്ള കാരണം അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ കീഴിലുള്ള മലങ്കര സഭവകയായ ട്രസ്റ്റിന്റെ സ്വത്തുക്കൾ കൈവശപ്പെടുത്തുകയും പാത്രിയക്കീസിനാൽ തന്നെ മലങ്കര സഭാസ്വാതന്ത്ര്യം പ്രഖ്യാപിക്കപ്പെടുന്നില്ലെങ്കിൽ "പാത്രിയർക്കീസു" എന്ന പദം കൊണ്ടു ചില്ലറ പൊടിക്കൈകൾ പ്രയോഗിക്കണ്ടി ഇരുന്നതിനാലും യാക്കോബായ സഭയുടെ യഥാർത്ഥവും ന്യായവുമായ മേലധ്യക്ഷൻ ആയ അന്ത്യോഖ്യാ പാത്രിയർക്കീസിനോടു വിശ്വസ്തവും യഥാർത്ഥവുമായ ഭക്തി പരിപാലിച്ചുവരുന്ന ഒരു എതിർ കക്ഷി ഉണ്ടെന്നുള്ളതിനാലും ആയിരുന്നു.

29. ഏ എം അക്കത്തെപ്പറ്റി പ്രതിപാദിക്കുന്നതിനു പ്രാരംഭമായി, ഞാൻ മുമ്പു സംക്ഷിപ്തരൂപം പ്രതിപാദിച്ചിട്ടുള്ള അന്ത്യോഖ്യായിലും കീഴക്കും ഉള്ള യാക്കോബായ സഭയിലെ പാത്രിയർക്കീസിന്റെ നില എന്തെന്നു അനുസ്മരിക്കേണ്ടതാണു". കൂടാതെ

ഒരു സംഗതികൂടെ പറയേണ്ടതുണ്ടു്. വൈദികമായ ഐക്യത്തേയും യോജിപ്പിനേയും ഭേദിപ്പിക്കുന്നതിലാണു് ഒരു സഭയിലെ ശീശ്മ അടങ്ങിയിരിക്കുന്നതു്. യാക്കോബായ സഭ പോലെ എപ്പിസ്കോപ്പൽ ഭരണ സമ്പ്രദായത്തോടുകൂടിയ ഒരു സഭയിൽ "കലർപ്പില്ലാത്ത ശീശ്മ" എന്നതിൽ ദൈവികമായി ഏർപ്പെടുത്തപ്പെട്ട ശ്രേഷ്ഠാധികാരത്തോടുള്ള മത്സരമാണു് അന്തർഭവിച്ചിരിക്കുന്നതു്. മററു വിധത്തിൽ പറഞ്ഞാൽ മലങ്കര സഭയോടു ആജ്ഞാപിക്കുന്നതിനും അതിനെ ഭരിക്കുന്നതിനുമുള്ള പാത്രിയർക്കീസിന്റെ കാനോനികമായ അധികാരത്തെ നിഷേധിക്കുന്നതു ശീശ്മയാകുന്നതാണു്. പാത്രിയർക്കീസിന്റെ സ്ഥാനം യാക്കോബായ സഭയിൽ ഒരു മൌലിക സിദ്ധാന്തമാണു്. അതിനെ സഭയിലെ ഏതെങ്കിലും വിഭാഗം നിഷേധിക്കുന്നപക്ഷം സഭയുടെ മററു ഭാഗവും അതുമായുള്ള ഐക്യം നഷ്ടപ്പെടുന്നതാണു്. കൂടുതലായി മുമ്പോട്ടു പോകുന്നതിനു മുമ്പു ഒരു വ്യത്യാസം മനസ്സിൽ കരുതേണ്ടതാണു്. വൈദിക സംബന്ധമായ ഐക്യവും, അവ തമ്മിലുള്ള യോജിപ്പും കൂടാതെ രണ്ടു സ്വതന്ത്ര സഭകൾക്കു തമ്മിൽ സംസർഗ്ഗം പാലിക്കാവുന്നതാണു്. യൂറോപ്പിന്റെ പൌരസ്ത്യഭാഗത്തും, ഈജിപ്തിലും, ഏഷ്യയിലുംഉള്ള ചില സഭകളെ ഓർത്തഡോക്സ് സഭകൾ എന്നു പറയുന്നുണ്ടു്. കുസ്തൻതീനോസു്പോലീസിലെ വലിയ സഭ, അലക്സാന്ത്രീയ, അന്ത്യോഖ്യാ, യരുശലേം, കുപ്രോസു്, റഷ്യ, ബൾഗേറിയാ, ഗ്രേക്കു മുതലായ ഓർത്തഡോക്സ് സഭകൾ ഇവ ഉദാഹരണങ്ങളാണു്. അവ ബൈസൻറയിൽ ക്രമങ്ങളെയും എപ്പേസൂസു്, കൽക്കദോനിയാ ഈ സുന്നഹദോസുകളെയും സ്വീകരിക്കുന്നു. അവ സ്വതന്ത്ര സഭകളാണു്. അയസ്സു പൊതുവിൽ ഉള്ള ഒരു അധികാരസ്ഥാനമില്ല എങ്കിലും അവ പരസ്പരം സംസർഗ്ഗത്തിൽ കഴിയുന്നു. വേറൊരു ഉദാഹരണം പറയാനുള്ളതു് അന്ത്യോഖ്യായിലെ യാക്കോബായ സഭയും ഈജിപ്തിലെ ഏക സ്വഭാവ വാദം സ്വീകരിക്കുന്ന സഭയും ആണു്. ചില കാലങ്ങളിൽ തങ്ങളുടെ മെത്രാപ്പോലീത്തന്മാരെ വാഴിക്കുന്നതിനു അലക്സാന്ത്രിയായിലെ പാത്രിയർക്കീസിനോടു് മലങ്കര സഭ അപേക്ഷിച്ചിട്ടുള്ളതു ഈ കാരണത്താലായിരിക്കും. ഏ എം അക്കത്തിൽ "പാത്രിയർക്കീസു" എന്നു പറയുന്ന സ്ഥാനങ്ങളിൽ "അന്ത്യോഖ്യായിലെ" എന്നു പറയാതെ ഇരിക്കുന്ന വീഴ്ച ഈ അവസ്ഥക്കു വളരെ അർത്ഥവത്തായുള്ളതാണു്. പ്രതികൾ വാദിക്കുന്നതുപോലെ അതു ഒരു പിശകായിരിക്കാൻ പാടില്ല. നേരെമറിച്ചു അതു സാധിക്കുമെങ്കിൽ അന്ത്യോഖ്യാ പാത്രിയർക്കീസിനെ മുട്ടുകുത്തിക്കുന്നതിനു ഉദ്ദേശിച്ചു മനപ്പൂർവമായി ചെയ്തിട്ടുള്ള ഒരു വർജ്ജനം ആണു്. അഥവാ ഈ സൂചന അന്ത്യോഖ്യാ പാത്രിയർക്കീസിനെ ഉദ്ദേശിച്ചുള്ളതായിരുന്നാൽ തന്നെയും A M അക്കത്തിൽ വിവക്ഷിക്കുന്ന അന്ത്യോഖ്യാ പാത്രിയർക്കീസു കാനോനിൽ B P അക്കം നിരൂപിച്ചിരിക്കുന്ന അന്ത്യോഖ്യായിലെ യാക്കോബായ പത്രിയർക്കീസില്ല. കാതോ

ലിക്കോസ്സ് അധ്യക്ഷനായിരിക്കുന്ന മെത്രാന്മാരുടെ സുന്നഹദോസി
ന്റെ സഹകരണത്തോടുകൂടി വാഴിക്കപ്പെടുന്ന ആളായിരിക്കണം
പാത്രിയക്കീസു്. പാത്രിയക്കീസിനെയുള്ള സ്വീകരണത്തെയോ
അദ്ദേഹത്തോടുള്ള സഹകരണത്തെയോ നിഷേധിക്കുന്നതിനുള്ള
സ്വാതന്ത്ര്യം ഏക്കാലത്തും മലങ്കര സുന്നഹദോസിനു രേഷ്ഠിക്കുന്നു.
ഒരു പാത്രിയർക്കീസിനെ തെരഞ്ഞെടുക്കുന്നതിനുള്ള സുന്നഹദോസി
ൽ എല്ലാ മെത്രാപ്പോലീത്തന്മാരും ഒരേ സ്ഥാനാർത്ഥിക്കു വേണ്ടി
വോട്ടുചെയ്യുമെന്നുവരുന്നതല്ല. എങ്കിലും യോഗനിബന്ധനകൾ
അനുസരിച്ചു ഒരു സ്ഥാനാർത്ഥി തെരഞ്ഞെടുക്കപ്പെട്ടാൽ അദ്ദേഹത്തെ
മേലദ്ധ്യക്ഷനായി യാക്കോബായ സഭയിൽപ്പെട്ട എല്ലാവരാലും
അംഗീകരിക്കപ്പെടേണ്ടതാണു്. എന്നാൽ A M അക്കം അനുസരി
ച്ചു, അവരുടെ ഹൃദയപ്രകാരമുള്ള ആൾ തെരഞ്ഞെടുക്കപ്പെടുന്നി
ല്ലെങ്കിൽ, തെരഞ്ഞെടുക്കപ്പെടുന്നയാളിനെ മലങ്കരയ്ക്കു അംഗീക
രിക്കാതിരിക്കാം. ഈ വകുപ്പു CB 2 അക്കത്തിലെ 8_ാം
വകുപ്പിന്റെ ഒരു വകഭേദം മാത്രമാണു്. പ്രതിഭാഗം അഭി
ഭാഷകൻ കൂടെയും "സഹകരണം" എന്നതു "സമ്മതം" എന്നാ
ണു് വിശദീകരിച്ചതു്. മലങ്കരയാൽ അംഗീകരിക്കപ്പെട്ട അ
ങ്ങിനെയുള്ള ഒരു പാത്രിയക്കീസുണ്ടായിരുന്നാൽ, കാതോ
ലിക്കോസ്സിനെ വാഴിക്കുന്നതിനു അദ്ദേഹത്തെ ക്ഷണിക്കേവുന്നതാ
ണു്. 80 അക്കമൊ കാനോനൊ അങ്ങിനെയുള്ള യാക്കോബായ
സഭാ പാത്രിയക്കീസ്സിനെ വിഭാവനം ചെയ്യുന്നില്ല. ഈ അനുമാ
നത്തിനുള്ള എന്റെ കാരണങ്ങളെ ആവർത്തിക്കണമെന്നു ഞാൻ
ആഗ്രഹിക്കുന്നില്ല. മലങ്കര ഓർത്തഡോക്സ് സുറിയാനിസഭയുടെ
ഒരു വിഭാഗമാണെന്നും, പാത്രിയക്കീസ്സ് ഓർത്തഡോക്സ് സുറിയാ
നി സഭയുടെ പരമാധികാരിയാണെന്നും എ. എം. അക്കം ഒന്നാം
ഖണ്ഡികയിൽ പറയുന്നു. ഈ വകുപ്പിനു എന്തെങ്കിലും അർത്ഥമു
ണ്ടെന്നു സങ്കല്പിച്ചാൽ അതു ഒരു കപടമാണെന്നു കാണാം. എന്തു
കൊണ്ടെന്നാൽ മലങ്കര കിഴക്കൻ ഓർത്തഡോക്സ് സുറിയാനിസഭയി
ൽ ഉൾപ്പെട്ടതാണെന്നും കിഴക്കൻ ഓർത്തഡോക്സ് സഭയുടെ പരമാ
ധികാരി കാതോലിക്കോസ്സ് ആണെന്നും അടുത്തുവരുന്ന ഖണ്ഡിക
യിൽ വ്യവസ്ഥപ്പെടുത്തിയിരിക്കുന്നു. ആ സഭയ്ക്കു അങ്ങിനെ വേ
റൊരു പരമാധികാരി ഉണ്ടായിരിക്കാവുന്നതല്ല. മറു വിധത്തിൽ
പറഞ്ഞാൽ മലങ്കരസഭ ഉൾപ്പെട്ടിരിക്കുന്ന കിഴക്കൻ ഓർത്തഡോക്സ്
സഭയുടെ പരമാദ്ധ്യക്ഷൻ പാത്രിയക്കീസ്സായിരിക്കാൻ നിവൃത്തി
യില്ല. ഈ ഒന്നാമത്തെയും രണ്ടാമത്തെയും വകുപ്പുകൾ മനഃപൂർ
വമായും സൂക്ഷ്മതയോടുകൂടിയും ബുദ്ധിപൂർവകമായും രചിച്ചിട്ടുള്ള
തായിട്ടാണു് കാണുന്നതു്. പാത്രിയക്കീസു പരമാദ്ധ്യക്ഷനായിരി
ക്കുന്ന ഓർത്തഡോക്സ് സുറിയാനിസഭയിൽ ഉൾപ്പെട്ടതാണു് കി
ഴക്കൻ ഓർത്തഡോക്സ് സഭ എന്നൊ അതിന്റെ ഒരു വിഭാഗമാണു്
എന്നൊ പറയാതെ ഇരിക്കുന്നതു അർത്ഥവത്തായിട്ടുള്ളതാണു്. ഈ
രണ്ടു വകുപ്പുകളും ഒരുമിച്ചു വായിക്കുന്നതായാൽ, ഒരു സമയുടെ

ഐക്യസ്വഭാവത്തെ കുറിക്കുന്ന വൈദികഭരണസമ്പ്രദായം സംബന്ധിച്ചിടത്തോളം, കാതോലിക്കോസ്സ് മാത്രം പരമാദ്ധ്യക്ഷനായിരിക്കുന്ന കിഴക്കൻ ഓർത്തഡോക്സ് സഭയിൽ പെട്ടതാണ് മലങ്കര സഭയെന്നും എന്നാൽ വിശ്വാസ ഐക്യത്തിനു സംബന്ധിച്ചിടത്തോളം, അന്ത്യോഖ്യയിലെ യാക്കോബായ സഭയും ഇന്ത്യാചരിത്രത്തിലെ വ്യക്തസ്വഭാവവിശ്വാസം പാലിക്കുന്ന സഭയും തമ്മിൽ സംസർഗ്ഗത്തിൽ ഇരിക്കുന്നതുപോലെ മലങ്കരസഭയും പാത്രിയക്കീസ്സ് ശ്രേഷ്ഠാധികാരിയായിരിക്കുന്ന ഓർത്തഡോക്സ് സുറിയാനി സഭയും ആയി സംസർഗ്ഗം പാലിക്കാവുന്നതുമാണെന്നും കാണിക്കുന്നതിനു ഉദ്ദേശിച്ചുള്ള വകുപ്പുകളാണെന്നു കാണാവുന്നതാണ്.

30. പാത്രിയക്കീസു എന്ന പദം കൊണ്ടു അന്ത്യോഖ്യാ പാത്രിയക്കീസെന്നാണ്" അർത്ഥമാക്കുന്നതെങ്കിൽ അദ്ദേഹത്തിനു മലങ്കരസഭയിൽ ശ്രേഷ്ഠത്വം എന്നുപോലുമുള്ള ഒരു സ്ഥാനമില്ലെന്നു സ്പഷ്ടമാകുന്നുണ്ട്. പ്രതിഭാഗം 28_ാം സാക്ഷിയായി ഒന്നാംപ്രതി പറയുന്നതു അന്ത്യോഖ്യാ പാത്രിയക്കീസ്സിനു മലങ്കരസഭയിന്മേൽ ആത്മീക മേൽനോട്ടം മാത്രമെയുള്ള എന്നാണ്. ആത്മീയ മേൽവിചാരം എന്നതിന് അദ്ദേഹം നല്കുന്ന നിർവചനം സഭയുടെ വിശ്വാസം സംബന്ധിച്ചു കാര്യങ്ങൾ സുന്നഹദോസിന്റെ സഹകരണത്തോടുകൂടി തീരുമാനിക്കുന്നതിനുള്ള അവകാശം അല്ലാതെ ഒന്നുമില്ല" എന്നത്രെ (പ്ര. ഭ. സാ. 28. അച്ചടിച്ചതു 69_ാം വശം) A M അക്കം 101_ാം വകുപ്പിൽ "സഭയുടെ വിശ്വാസം ഭേദപ്പെടുത്തുന്നതിനു ആർക്കും അധികാരമില്ല. എന്നാൽ വിശ്വാസം എന്തെന്നു ഒരു തർക്കം ഉത്ഭവിക്കുന്നപക്ഷം ആയതു എപ്പിസ്കോപ്പൽ സുന്നഹദോസു തീരുമാനിക്കുന്നതാണ്" എന്നുള്ള AM അക്കത്തിലെ 101_ാം വകുപ്പു അദ്ദേഹം വിസ്മരിച്ചുകളഞ്ഞു എന്നുള്ളതു പ്രത്യക്ഷമാണ്. എപ്പിസ്കോപ്പൽ സുന്നഹദോസു എന്നതു എ.എം അക്കം 7=ാം വകുപ്പിൽ വിവരിക്കുന്ന മലങ്കരയിലെ എപ്പിസ്കോപ്പൽ സുന്നഹദോസു ആണ്. അങ്ങിനെ പാത്രിയക്കീസു മലങ്കര സഭയുടെ വൈദികമേലദ്ധ്യക്ഷനോ പരമാദ്ധ്യക്ഷനോ പോലും അല്ലെന്നു സിദ്ധിക്കുന്നു. കാനോൻ അനുസരിച്ചു പാത്രിയക്കീസിനുള്ളതും, മറ്റാരെങ്കിലും അതു അപഹരിക്കുന്നെങ്കിൽ അവൻ സഭയിൽനിന്നു വേർതിരിക്കപ്പെടണമെന്നു നിഷ്കർഷിച്ചിരിക്കുന്നതുമായ (BP. 1_ാം അ. 3-ാം പാരഗ്രാഫ്) റിശീസാ അവകാശമുറയ്ക്കു കാതോലിക്കോസിനു സിദ്ധിക്കുന്നു. (AM. 107_ാം വകുപ്പു) പാത്രിയക്കീസിന്റെ ഇഷ്ടത്തിനു വിപരീതമായി ഒരു മഫ്രിയാനൊ മെത്രാപ്പോലീത്തായൊ വാഴിക്കപ്പെടരുതെന്നു "യോഹന്നാൻ പാത്രിയർക്കീസു" എന്ന തലക്കെട്ടിലുള്ള കാനോൻ നിർദ്ദേശിക്കുന്നുണ്ടെങ്കിലും കാതോലിക്കാ സ്ഥാനത്തേക്കൊ മെത്രാപ്പോലീത്താ സ്ഥാനത്തേക്കൊ തെരഞ്ഞെടുക്കപ്പെടുന്ന ആളിനെ തിരസ്കരിക്കപ്പെടുന്നതിനു പാത്രിയർക്കീസിനു അധികാരമില്ല. ഈ വസ്തുതകളിലും യഥാർത്ഥങ്ങളിലും നിന്നു സ്പഷ്ടമാകുന്ന

ള്ള എ. എം. അക്കം പുതിയതും സ്വതന്ത്രവുമായ ഒരു സഭയുടെ രൂപീകരണം സാധിക്കുന്നു എന്നുള്ളതാണു". അഥവാ നീതീകരണയോഗ്യമല്ലാത്ത വിധം ഒരുദ്ദേശ്യമായി AM. അക്കത്തെ വ്യാഖ്യാനിച്ചാൽ തന്നെയും എം.എം. അക്കത്തിനു പിൻതുണ നൽകുന്നവർ അവർ വിഭാവനംചെയ്യുന്ന രീതിയിൽ പരിഷ്കൃതനായ ഒരു പാത്രിയർക്കീസിന്റെ നേർക്കു എതോ. തരത്തിലുള്ള ഒരു ഭക്തി നിലനിർത്തുന്നു എന്നു മാത്രമാണു". ഈ സ്ഥാപിതലക്ഷ്യങ്ങളിലെ സ്വതന്ത്ര സഭ ഇതു കാര്യത്തിൽ ഒരു സാദ്ധ്യത നൽകുന്നുണ്ടു". ഫ്രീച്ചർച്ച് വിഭാവനം ചെയ്തരീതിയിൽ ശ്രദ്ധീകരിക്കപ്പെട്ട മതവ്യവസ്ഥാപിത തത്വത്തിനോടുള്ള തിരിയെ പോകുന്നതിനു ആശിച്ചു എന്നുള്ള അർത്ഥത്തിൽ വ്യവസ്ഥാപിത തത്വത്തെ നിലനിർത്തിയെങ്കിലും അതു വ്യവസ്ഥാപിത സഭയിൽനിന്നു വിഭിന്നമായ ഒരു സ്വതന്ത്ര സഭയായിരുന്നു. അന്ത്യോക്യായിലെ യാക്കോബായ സഭയോടുള്ള സംസർഗ്ഗത്തിൽ ആശിച്ചുകൊണ്ടു അഥവാ മലങ്കരസഭയുടെ എതോ തരത്തിലുള്ള ജ്ഞാന പിതാവായി തങ്ങളുടെ ഹൃദയ പ്രകാരമുള്ള ഒരു പാത്രിയക്കീസിനെ അംഗീകരിച്ചുകൊള്ളാമെന്നുള്ള ആശയിൽ കഴിയുക എന്നതു" അന്ത്യോക്യായിലെ യാക്കോബായ പാത്രിയക്കീസു പരമവൈദിക മേലദ്ധ്യക്ഷനായിരിക്കുന്ന സഭയുടെ ഐകൃത്തിൽ തുടരുക എന്നുള്ളതല്ലതന്നെ.

31. എ.എം.അക്കം എടുത്തിരിക്കുന്നതിൽ സുന്നഹദോസിനാൽ താല്കാലികമായി അംഗീകരിക്കപ്പെട്ടതാണെന്നുള്ള 64 അക്കത്തിലെ പ്രസ്താവനയും എ. എം. അക്കത്തിലെ ചില വ്യവസ്ഥകളും വ്യത്യസ്തപ്പെടുത്താവുന്നവയാണെന്നുള്ളതിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥയും അതിന്റെ നിയമസാദ്ധ്യതയെ നിഹനിക്കുന്നതിനു" പര്യാപ്തമല്ല, ഭാവിയിൽ വരുത്തുന്ന ഭേദഗതി ഇപ്പോഴത്തേതിൽ വിശ്വാളായ ഒരു അവസ്ഥയെ സൃഷ്ടിച്ചേക്കാം. വൈദികസ്ഥാനം യാക്കോബായ വിശ്വാസികൾ പ്രമാണിക്കുന്നതുപോലെ അതിന്റെ ഉത്ഭവത്തിലെ ദൈവീകമാണെങ്കിൽ, പാത്രിയക്കീസിനു സഭയിലുള്ള സ്ഥാനം എന്നതിനേപ്പോലെ മൌലീകമായ സിദ്ധാന്തങ്ങൾ സഭയുടെ ഐകൃത്തിനു ആപൽക്കരമാകാതെ ജനകീയ ഹിതമനുസ്സരിച്ചുള്ള ഒരു തീരുമാനത്തിനു വിധേയമാക്കാവുന്നതല്ല. അന്ത്യോക്യായിലെ മാതൃസഭയിൽ നിന്നു വിദൂരമായി സ്ഥിതിചെയ്യുന്നു എന്നതുകൊണ്ടോ അതിന്റെ ചരിത്രത്തിൽ ഒരു കാലഘട്ടത്തിൽ ഒരു പ്രോട്ടസ്റ്റന്റ സഭയായ ചർച്ച് മിഷ്യനറി സമൂഹവുമായുള്ള സമ്പർക്കത്തിൽ വന്നിട്ടുള്ളതുകൊണ്ടോ എന്തോ മലങ്കര സുറിയാനി സഭ ജനകീയ പ്രമാണങ്ങളെ അഭ്യസിച്ചതായി തോന്നിപ്പോകുന്നു. എന്നാൽ നവീകരണശേഷമുണ്ടായ സഭകളിൽ നിന്നു വ്യത്യസ്തമായ രീതിയിൽ യാക്കോബായ സഭയുടെ ഭരണഘടന കാനോൻ അനുസരിച്ചും സഭയുടെ നടപടി അനുസരിച്ചും ജനകീയാധിപത്യം അനുവദിച്ചിട്ടുള്ള സംഗതികളിലൊഴികെ കുലശ്രേഷ്ഠാധിപത്യത്തോടടുക്കുടിയതാണു", അല്ലാതെ ജനകീയാ

ധിപത്യപരമല്ല. അതിനുള്ള അധികാരം പാത്രിയക്കീസുന്മാർ സ്ഥിരതയോടുകൂടി അവകാശപ്പെടുന്നതുപോലെ പത്രോസിൽ ക്രിസ്തുവിൽ നിന്നു ലഭിക്കുന്നതും അല്ലാതെ താഴെ ജനങ്ങളിൽ നിന്നു സിദ്ധിക്കുന്നതല്ലാത്തതുമാണു്. രണ്ടാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ഒരു പുരാതന ഗ്രന്ഥകാരനായ തെത്തുല്യൻ അത്മപുണ്ണമായി വിവരിക്കുന്നതുപോലെ, "സഭ അപ്പോസ്തലന്മാരിൽ നിന്നും, അപ്പോസ്തലന്മാർ ക്രിസ്തുവിൽ നിന്നും, ക്രിസ്തു ദൈവത്തിൽ നിന്നും ആകുന്നു", എന്ന തത്വം പാത്രിയക്കീസു അതിന്റെ തലവനായിരിക്കുകയും, അദ്ദേഹം ക്രിസ്തു തന്റെ സഭയെ പണിചെയ്തിരിക്കുന്ന പാറയായ വിശുദ്ധ പത്രോസ്സിന്റെ അനന്തരഗാമിയെന്ന ആ സഭയിലെ വിശ്വാസികൾ വിശ്വസിക്കുന്നിടത്തോളം കാലം യാക്കോബായ സഭയ്ക്കു യോജിച്ചതായിരിക്കും. AM അക്കം പ്രതികളും അവരുടെ പക്ഷക്കാരും ചേർന്നുള്ള ഒരു പൊതുയോഗത്തിൽ അവധാനപൂർവ്വവും പരസ്യമായും അംഗീകരിച്ചതും കൂടുതലോടുകൂടി രചിക്കപ്പെട്ടതുമായ ഒരു ഭരണഘടനയാണു്. അതിനെ അവർ ഇപ്പോഴും പിൻതാങ്ങുന്നു. അതുകൊണ്ടു, ഞാൻ മേൽ ചൂണ്ടിക്കാണിച്ചിട്ടുള്ള കാരണങ്ങളാൽ ഉദ്ദേശ്യമായിരിക്കുന്ന ഏക സംഗതി AM അക്കത്തിന്റെ പരസ്യമായ പ്രഖ്യാപനവും, അതിനെയുള്ള ഏറുപറച്ചിലും, അതിനെ പിൻതുടരുന്ന എന്നുള്ളതും കൊണ്ടു പ്രതികളേയും അവരുടെ പക്ഷക്കാരെയും അതു ഒരു വ്യത്യസ്ത സഭയാക്കിത്തീർക്കുന്ന എന്നുള്ളതാണു് എ എം അക്കത്തിൽ ഭാവിയിൽ വരുത്തുന്ന ഭേദഗതികൾമൂലം അന്ത്യോക്യാ പാത്രിയക്കീസിനു കീഴുള്ള യാക്കോബായ സുറിയാനി സഭയിലേക്കുള്ള പിൻവാങ്ങലാകുമെങ്കിൽ പ്രതികൾക്കും അവരുടെ അനുയായികൾക്കും ആ സഭയുടെ അംഗങ്ങളായിത്തീരുന്നതിനു യാതൊരു തടസ്സവും ഉണ്ടായിരിക്കയില്ലെന്നു പറയേണ്ട ആവശ്യം ഇല്ലതന്നെ. എന്നാൽ ഇപ്പോഴത്തെ നിലയെ പരിഗണിച്ചു 1 മുതൽ 3 വരെ പ്രതികൾ യാക്കോബായ സുറിയാനി സഭയിൽനിന്നു പിരിഞ്ഞു പോയിരിക്കുന്നതിനാൽ, മലങ്കര ട്രസ്റ്റു് സ്വത്തുകളുടെ ന്യായമായ ട്രസ്റ്റികൾ അല്ലാതായിതീർന്നു എന്നു ഗണിക്കേണ്ടതാണു്. പ്രതികളും അവരുടെ അനുയായികളും ചേർന്നു എ എം അക്കം ഭരണഘടനയോടുകൂടി സംശയരഹിതമായ വിധം ഒരു പുതിയ സഭാരൂപീകരണം സാധിച്ചതിനു ശേഷമായിരുന്നു കരിങ്ങാശ്ശേരിയിൽ നടന്ന യോഗത്തിൽവച്ചു വാദികൾ ട്രസ്റ്റികളായി തെരഞ്ഞെടുക്കപ്പെട്ടതു്. മൂന്നാം പ്രതിയുടെ നിയന്ത്രണത്തിലുള്ള ഇടവകകൾക്കു ക്ഷണം അയക്കപ്പെട്ടിരുന്നില്ലാ എന്നുള്ള ഏക ന്യൂനതമാത്രമേ ആരോപിക്കുന്നുള്ളൂ. ഇതിനുള്ള സംക്ഷിപ്തമായ സമാധാനം ഒരു പുതിയ സഭയുടെ അംഗങ്ങളായിത്തീർന്നിരുന്നതിനാൽ അവർക്കു ക്ഷണത്തിനുള്ള അവകാശം നഷ്ടപ്പെട്ടു പോയിരുന്നു എന്നും അവരെ ഉൾപ്പെടുത്താതിരുന്നതു ശരിയായ നടപടിയാണെന്നും ഉള്ളതാണു്.

ഉപസംഹാരമായി എന്റെ സഹോദരൻ ജഡ്ജി നോക്സ് അഭിപ്രായപ്പെടുന്ന വിധമുള്ള ഡിക്രികൾ പാസ്സാക്കുന്നതിനു മഹാരാജാവു തിരുമേനിയോടു ചെയ്യുന്ന അപേക്ഷയിൽ ഞാനും യോജിക്കുന്നു.

27-10-1121 }
10-6-1946 }

സത്യനേശൻ (ഒപ്പ്)
ജസ്റ്റീസ്

കൃഷ്ണസ്വാമി അയ്യർ ചീഫ് ജസ്റ്റീസ്

1119 അപ്പീൽ 1

സഭകളെ സംബന്ധിച്ചുള്ള നിയമത്തിൽ ഒട്ടും അപ്രധാനമല്ലാത്ത പ്രശ്നങ്ങൾ ഈ അപ്പീലിൽ ഉദിക്കുന്നു. എന്റെ സഹോദരന്മാരുടെ ന്യായകാരണങ്ങളോടൊ അവരുടെ തീരുമാനത്തോടൊ എനിക്കു വിയോജിക്കേണ്ടിവന്നതു് അനിഷ്ടകരമായ നിലയുമാണ്. ഈ കേസ്സ് ഒരു ഫുള്ളർ ബഞ്ചിൽ (കൂടുതൽ ജഡ്ജിമാരെ ഉൾക്കൊള്ളുന്ന ബഞ്ച്) വീണ്ടും വാദിക്കപ്പെടുന്നതിൽ എനിക്കു് താല്പര്യമുണ്ടായിരുന്നെങ്കിലും, ഏകാഭിപ്രായരാഹിത്യംമൂലം ആ ആനുകൂല്യവും നഷ്ടപ്പെട്ടു എങ്കിലും ഈ കോടതിയിലെ മററു ജഡ്ജിമാരുടെ അഭിപ്രായങ്ങൾ സ്വീകരിക്കുന്നതിനു് എനിക്കു തടസ്സമുണ്ടാക്കിത്തീർത്ത കാരണങ്ങളെ ഇവിടെ പ്രതിപാദിക്കട്ടെ.

അന്ത്യോഖ്യാപാത്രിയർക്കീസ്സിന്റെ കക്ഷിയിൽപെട്ട മൂന്നുവാദികൾ ചേർന്നു, തങ്ങൾക്കുവേണ്ടിയും യാക്കോബായ ക്രിസ്ത്യാനികൾക്കും വേണ്ടിയും ബോധിപ്പിച്ച ഒരു കേസ്സിൽ നിന്നാണ് ഈ അപ്പീൽ ഉദിക്കുന്നതു്. തർക്കിക്കുന്ന പ്രതികൾ കാതോലിക്കോസ്സിന്റെ കക്ഷിയിൽപെട്ടവരാണ്. അവരേയും പ്രതിനിധിസ്ഥാനത്തും കൂടിയാണ് കക്ഷിചേർത്തിട്ടുള്ളതു്. ഈ വിഭജനം ഏതാണ്ടു് സ്ഥിരീകൃതമായിട്ടുണ്ടു്. അവർ ഇരുകൂട്ടരും ചേർന്നു്, പിരിയുന്നതിനു മുമ്പു് മലങ്കരസുറിയാനിക്രിസ്ത്യാനിസഭയായിരുന്നു. ഈ സഭയ്ക്കു് അനവധി വസ്തുക്കൾ മതപരവും ധർമ്മപരവുമായ ട്രസ്ററായി ഉണ്ടു്. ഈ സ്വത്തുക്കളുടെ ഭരണം നടപടിയും കീഴ്നടപ്പും സഭയുടെ വ്യവസ്ഥാപിതരുത്വങ്ങളും അനുസരിച്ചു മലങ്കരമെത്രാപ്പോലീത്താ മലങ്കര യാക്കോബായ സിറിയൻക്രിസ്ത്യൻ അസ്സോസ്യേഷനാൽ തെരഞ്ഞെടുക്കപ്പെടുന്ന ഒരു പട്ടക്കാരൻ, ഒരു അൽമായക്കാരൻ ഇങ്ങിനെ മൂന്നു ട്രസ്ററികളാൽ നിർവഹിച്ചുപോന്നു. ഈ കേസ്സിലേയും ഇപ്പോൾ അപ്പീലിലേയും തർക്കം ട്ര

സ്റ്റസ്വത്തുക്കളുടെ ഭരണത്തിൽ ഒന്നു മുതൽ മൂന്നുവരെ പ്രതികൾക്കു തുടരുന്നതിനുള്ള അവകാശയോഗ്യതയെ സംബന്ധിച്ചുള്ളതാണ്. വാദികളുടെ തർക്കം സംക്ഷിപ്തമായി പറഞ്ഞാൽ 1110 ധനു 11-ാംനു നടന്ന യോഗത്തിൽ വച്ച് ഒന്നാംപ്രതി മലങ്കരമെത്രാപ്പോലീത്തായായി ന്യായമായി തെരഞ്ഞെടുക്കപ്പെട്ടില്ല എന്നും, 4-ം 2-ം 3-ം പ്രതികൾ സഭയിൽ നിന്നും വേർപെട്ടുപോയി എന്നും അതിനാൽ യാക്കോബായ സഭയ്ക്കുവേണ്ടി ട്രസ്റ്റികളായിരിക്കാൻ അയോഗ്യരായിതീർന്നു എന്നുമാണ്. അവരെ സഭാശരീരത്തിൽനിന്നു ബഹിഷ്കൃതരാക്കുന്നതിനു പര്യാപ്തമായ അനവധി പ്രവർത്തികളിന്മേൽ വാദികൾ ആശ്രയിക്കുന്നു. തങ്ങളാണ് ന്യായമായി തെരഞ്ഞെടുക്കപ്പെട്ട മെത്രാപ്പോലീത്തായും ട്രസ്റ്റികളും എന്നു വാദികൾ സമർത്ഥിക്കുന്നു. അങ്ങനെ ഒരു പ്രഖ്യാപനം ലഭിക്കണമെന്നും, സഭാസ്വത്തുക്കൾ അവർക്കു ഒഴിപ്പിച്ചു കിട്ടണമെന്നും അവർ പ്രാർത്ഥിക്കുന്നു. 1110 ധനു 11-ാംനു നടന്ന യോഗത്തിൽ, മലങ്കരമെത്രാനായി ഒന്നാംപ്രതി ന്യായാനുസരണം തെരഞ്ഞെടുക്കപ്പെട്ടു. Mathan Malpan V. Ulahannan Gheevarghese (45 T. L. R. 116 F B) കേസ്സിൽ ഉണ്ടായ പുനരിലെ ഫുൾബഞ്ചുവിധിയിൽ 2-ാംപ്രതി ന്യായമായ ട്രസ്റ്റിയാണെന്നു സ്ഥാപിച്ചിട്ടുണ്ട്. 1088-ൽ അസ്സൽ 94-ാം നമ്പരിൽ 3-ാം പ്രതിയായിരുന്നയാളിന്റെ ദേഹവിയോഗംമൂലം സംഭവിച്ച ഒഴിവിൽ 3-ാംപ്രതി ട്രസ്റ്റിയായി തെരഞ്ഞെടുക്കപ്പെട്ടു. ആ യോഗം 1109 ൽ മാത്രം കാലംചെയ്ത മാർ ഗീവറുഗീസ്ദീവന്നാസ്യോസ്സിന്റെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടതായിരുന്നു എന്നാണ് വാദിക്കുന്നത്. സഭാസ്വത്തുക്കളുടെ ട്രസ്റ്റികളായി തുടരുന്നതിന് 1088-ൽ അസ്സൽ 94-ാം നമ്പരിലെ 1 മുതൽ 3 വരെ പ്രതികളെയൊ അവരുടെ പിൻഗാമികളെയൊ അയോഗ്യരാക്കിത്തീർക്കുന്ന യാതൊരു സാഭവവും മുൻ കഴിഞ്ഞ വ്യവഹാരശേഷം ഉണ്ടായിട്ടില്ല ഈ വ്യവഹാരത്തിന്റെ വ്യാപ്തിയെപ്പററി സംക്ഷിപ്തമായ ഒരു രൂപമായി ഇതിനെ സ്വീകരിക്കാം. അസ്സൽ കോടതി അന്യായം തള്ളി. വാദികൾ അപ്പീൽ ബോധിപ്പിച്ചിരിക്കുന്നു.

ഈ കേസ്സിലെ കക്ഷികൾ തമ്മിലുള്ള തർക്ക നിരൂപണത്തിനു പ്രാരംഭമായി കോടതി വിധികളുടെ ഫലമായി ആവിർഭവിച്ചിട്ടുള്ള സഭയുടെ നിലയേയും, അതിനു പാത്രിയർക്കീസുമായുള്ള ബന്ധത്തേയും ഇപ്പോൾ തമ്മിൽ യുദ്ധത്തിലേർപ്പെട്ടിരിക്കുന്ന വാദികൾ ഉൾപ്പെട്ട പാത്രിയർക്കീസുകക്ഷി, പ്രതികളുടെ കാതോലിക്കാ കക്ഷി ഇങ്ങനെ രണ്ടു വിഭാഗങ്ങളിലായുള്ള യാക്കോബായ സിറിയൻ ക്രിസ്ത്യൻ സഭാസംഘത്തിന്റെ ആധുനിക നിലയേയും പററി സംക്ഷിപ്തമായി പ്രസ്താവിക്കേണ്ടത് ആവശ്യമാണ്. ഈ മിക്ക സംഗതികളും മുൻപുണ്ടായിട്ടുള്ള വിധികൾ തിരുവിതാംകൂറിലേയും കൊച്ചിയിലേയും രാജകീയ കോടതികളിലെ സവിസ്തരവും

അധികാരസ്ഥാനവിതവുമായ വിധികളാൽ മിക്കവാറും സ്പഷ്ടമായി തീരുമാനിക്കപ്പെട്ടിട്ടുള്ളവയാണു്. ക്രിസ്തുമതവും പശ്ചിമതീരത്തു് അതിന്റെ വളർച്ചയും ചരിത്രപരമായി ശ്രദ്ധേയവും മലങ്കരയാക്കോബായ സുറിയാനിസഭയുടെ ചരിത്രം 1076-ൽ അച്ചിൽ 7-ാം നമ്പരിലെ സുരണീയമായ കൊച്ചി രാജകീയ കോടതി വിധിയിൽ സുദീർഘമായി പ്രതിപാദിച്ചിട്ടുള്ളതുമാണു്. ഇപ്പോഴത്തെ തർക്കത്തിന്റെ പശ്ചാത്തലത്തെപ്പറ്റി സ്പഷ്ടമായി മനസ്സിലാക്കുന്നതിനു് ആ വിധിയിൽനിന്നും ഏതാനും ഖണ്ഡികകൾ ഉദ്ധരിക്കട്ടെ.

അതിൽ 14-ാംവശത്തു് അവസാനഭാഗത്തു് 5-ാം പാരായിൽ കൊടുങ്ങല്ലൂർ സ്ഥിതിചെയ്യുന്ന കായലിൽ ഉള്ള ഒരു ചെറിയ ദ്വീപാണു മലങ്കര എന്നതു്. അതിൽ നിന്നാണു് ഈ മഹാജ്ജടവകയു് ആ പേരു സിദ്ധിച്ചിരിക്കുന്നതു്. അപ്പോസ്തലനായ മാർ തോമ്മാ ആദ്യം മലബാറിൽ വന്നപ്പോൾ ഇവിടെ ഇറങ്ങി. അതിന്റെ സമീപപ്രദേശത്താണു പുരാതന പള്ളികളിൽ ഒന്നായ വടക്കൻപറവൂരു പള്ളി സ്ഥിതിചെയ്യുന്നതു്. (White house P.7)

8-ാം ഖണ്ഡികയിൽ "സുറിയാനി സഭയിന്മേലുള്ള പാത്രിയക്കീസിന്റെ മേലധികാരത്തെ"പ്പറ്റി സ്പഷ്ടമായി മനസ്സിലാക്കുന്നതിനു മദ്രാസു് പ്രസിഡൻസിയുടെ പശ്ചിമതീരത്തു പോർട്ടുഗീസുകാർ വന്നൊത്തിയതായ 1500 A. D. മുതലെങ്കിലും ഉള്ള മലബാറിലെ സുറിയാനി സഭാ ചരിത്ര സംക്ഷേപം കൊടുക്കേണ്ടതു് ആവശ്യമാണു്. അതിനു മുമ്പുള്ള സുറിയാനി സഭാചരിത്രം അച്ചടിച്ചതുമാണു്.

53-ാംപുറത്തു് 51-ാം ഖണ്ഡികയിൽ

"ഈ പരിതസ്ഥിതിയിൽ വിവാദസഭ അന്ത്യോഖ്യാ പാത്രിയക്കീസിന്റെ കീഴ്വഴുതിയിലാണെന്നും, അദ്ദേഹത്തിന്റെ സ്ഥാനാപതിയായ മെത്രാനും അങ്ങിനെ ജനങ്ങളാൽ അംഗീകരിക്കപ്പെട്ടയാളുമായ ഒന്നാംവാദിക്കു വിവാദപള്ളിയിന്മേലും അതിന്റെ സ്വത്തുക്കളിന്മേലും ആത്മികവും ലൌകികവുമായ അധികാരങ്ങൾ ഉണ്ടെന്നും ഞങ്ങൾ തീരുമാനിക്കുന്നു." (F, GG, Bc അക്കം 9-81-ാം വരങ്ങൾ)

54-ാം പുറത്തു് 53-ാം ഖണ്ഡികയിൽ

"ഏതുവിധമായാലും ഈ കേസ്സിലെ അതിപ്രധാനമായ നാം ഗതികളിൽനിന്നു വ്യക്തമാകുന്നതു പോർട്ടുഗീസുകാർ അധികാരം നടത്തിയിരുന്ന കാലത്തു മലങ്കരയുള്ള സുറിയാനിസഭ മിക്കവാറും നെസ്റ്റോറിയൻ വിശ്വാസം ഉപേക്ഷിച്ചു എന്നും, മാർപ്പാപ്പായുടെ മേലധികാരത്തെ അംഗീകരിക്കുന്നതിനു നിർബ്ബന്ധിതമായിത്തീർന്നു എന്നും ക്രമേണ ക്രമേണ സംഭവത്തോടുകൂടി നെസ്റ്റോറിയൻ വിശ്വാസം മിക്കവാറും നശിച്ചു എന്നുമാണു്."

ജഡ്ജുമെന്റിന്റെ ഉപസംഹാരഭാഗത്തു 55-ാം പുറം 56-ാം ഖണ്ഡികയിൽ "ആകപ്പാടെ നോക്കിയാൽ (1) മലങ്കര

മഹാ ഇടവകയുടെ ആത്മീയ മേലദ്ധ്യക്ഷൻ അന്ത്യാഖ്യാ പാത്രി
യക്കീസർണെന്നും (2) വിവാദപ്പള്ളി ആ മഹാഇടവകയിൽ ഉൾ
പ്പെട്ടതാണെന്നും, (3) വിവാദപള്ളിയും സ്വത്തുക്കളും യാക്കോ
ബായ സിറിയൻ സഭയുടെ വിശ്വാസം, അടിസ്ഥാനതത്വം, ശി
ക്ഷണം ഇവ അനുസരിച്ചു ദൈവത്തെ ആരാധിക്കുന്നവരെ ഉദ്ദേ
ശിച്ചു സ്ഥാപിതമായിരിക്കുന്ന ഒരു ട്രസ്റ്റാണെന്നും (4) അതിനാൽ
വിവാദപള്ളിയും സ്വത്തുക്കളും മലങ്കരയുടെ തല്ക്കാലത്തെ മെത്രാ
പ്പോലീത്താ എന്ന നിലയിൽ 1-ാം വാദിയുടെ ആത്മീയവും ലൗ
കികവും വൈദികവുമായ മേലദ്ധ്യക്ഷതയിൻ കീഴാണെന്നും
ആണ് ഞങ്ങളുടെ അഭിപ്രായം."

പാത്രിയക്കീസിന്റെ ആത്മീയമായ മേലദ്ധ്യക്ഷത അംഗീക
രിക്കപ്പെട്ടിരിക്കുന്നതോടുകൂടി (സഭയിന്മേലുള്ള) ലൗകികവും വൈ
ദികവും ആയ അധികാരം മലങ്കര മെത്രാപ്പോലീത്തായിൽ നി
ക്ഷിപ്തമെന്നുള്ള അസന്നിഗ്ദ്ധമായ തീരുമാനം ശ്രദ്ധേയമാണ്.
ഈ വിധി പ്രസ്താവിച്ചതു് 1905 ആഗസ്റ്റിനു ശരിയായ 1080 ക
ർക്കടകം 31-ാം തീയതിയായിരുന്നു.

അന്ത്യാഖ്യാ പാത്രിയക്കീസുമായുള്ള സംബന്ധം, അദ്ദേഹ
ത്തിന്റെ കർതൃത്വം, അധികാരം ഈ വക പ്രശ്നങ്ങളെപ്പറ്റി തി
രുവിതാംകൂർ രാജകീയകോടതി 1061 S. A. 111-ാം നമ്പരിൽ
തീരുമാനങ്ങൾ ചെയ്തു. ആ വിധി അതിൽ പ്രത്യക്ഷപ്പെട്ടുന്ന വി
ജ്ഞാനം, പര്യവേക്ഷണം ഇവയാൽ സുസ്മരണീയമാണ്. അതു് ഈ
കേസ്സിൽ R അക്കമായി തെളിയിക്കപ്പെട്ടിട്ടുണ്ടു്. അതിൽനിന്നു
212, 213, 217, 218, 345, 347 ഈ ഖണ്ഡികകൾ താഴെ ഉ
ദ്ധരിക്കുന്നു.

ചരിത്രപരമായി നോക്കുന്നതായാൽ മലബാറിലെ സഭയി
ന്മേലുള്ള പാത്രിയക്കീസിന്റെ മേലദ്ധ്യക്ഷത ആത്മീയ വിഷയ
ങ്ങളിൽ മാത്രം ഉള്ളതാണെന്നു ഞങ്ങൾ അഭിപ്രായപ്പെടുന്നു. പാ
ത്രിയക്കീസും അദ്ദേഹത്തിന്റെ പ്രതിപുരുഷന്മാരും ഈ നാട്ടിൽ
സഞ്ചരിച്ചിട്ടുള്ളപ്പോൾ സഭയുടെ ആത്മീയകാര്യങ്ങളിൽ മാത്രമെ
ശ്രദ്ധ പതിപ്പിച്ചിരുന്നുള്ളൂ. ലൗകികകാര്യങ്ങളുടെ ഭരണം ഇവി
ടത്തെ മെത്രാപ്പോലീത്തായ്ക്കും ട്രസ്റ്റികൾക്കുമായി വിട്ടിരുന്നു.
(പാത്രിയക്കീസും പ്രതിപുരുഷന്മാരും) ലൗകികകാര്യങ്ങളിൽ ഒരി
ക്കലും ഇടപെട്ടിരുന്നില്ല. ലൗകിക വിഷയങ്ങളുടെ നിയന്ത്രണ
ത്തിനൊ അതിൽ ഇടപെടുന്നതിനൊ അവർ (പ്രതിപുരുഷ
ന്മാർ) ശ്രമിച്ച രണ്ടോ മൂന്നോ സന്ദർഭങ്ങളിൽ മെത്രാപ്പോലീ
ത്തായും ജനങ്ങളും വിജയപൂർവ്വം അവരോടു എതിർത്തു നിന്നു.

ചരിത്രവും ഈ കേസ്സിലെ തെളിവും പരിശോധിച്ചശേ
ഷം ഞങ്ങളുടെ അനുമാനം മലബാറിലുള്ള തങ്ങളുടെ സഭയുടെ
വൈദികമേലദ്ധ്യക്ഷൻ അന്ത്യാഖ്യാ പാത്രിയക്കീസാണെന്നു എ
ല്ലാക്കാലത്തും സുറിയാനി ക്രിസ്ത്യാനി സമുദായം സമ്മതിച്ചി
രുന്നു എന്നും, ഈ രാജ്യത്തെ സഭയിന്മേൽ ആത്മീയ അദ്ധ്യ



Mr. T. R. Venkitarama Sastry B. A. B. L.

ADVOCATE FOR THE DEFENDENTS



Mr. Roland Braddell M. A. Bar-At-Law

ADVOCATE FOR THE PLAINTIFFS.

ക്ഷതയ്ക്കു ഒരുവനെ യോഗ്യനാക്കുന്നതിന് അദ്ദേഹത്താലൊ അദ്ദേഹത്തിന്റെ പ്രതിപുരുഷനാലൊ വാഴിക്കപ്പെടേണ്ടതു് അത്യന്താപേക്ഷിതമാണെന്നും അങ്ങനെ വാഴിക്കപ്പെടുന്നയാൾ ഇവിടുത്തെ സ്വദേശിയും ജനങ്ങളുടെ സമ്മതം ലഭിച്ചയാളുമായിരിക്കണമെന്നും, ആത്മീയകാര്യങ്ങളിലുള്ള പാത്രിയക്കീസിന്റെ അധികാരം അതിശ്രേഷ്ഠമായിട്ടുള്ളതാണെന്നും പാത്രിയക്കീസ്സിനൊ വിദേശികളായ അദ്ദേഹത്തിന്റെ പ്രതിപുരുഷന്മാർക്കൊ സഭയുടെ ലൌകീകങ്ങളുടെ ഭരണത്തിൽ ഇടപെടുന്നതിനു അധികാരമില്ലെന്നും ഈ സംഗതിയിൽ ഇവിടുത്തെ സഭ എപ്പോഴും സ്വതന്ത്രമായിരുന്നു എന്നുമാണു്.

സഭയ്ക്കു് അപ്പഴപ്പോൾ ആവശ്യമായിരുന്ന മെത്രാന്മാരെ വാഴിക്കുന്നതിനും പുറമെ അതതു കാലത്തു മൂറോൻ അയച്ചുകൊടുത്തും പാത്രിയക്കീസു തിരുവിതാംകൂറിലെ സുറിയാനി സഭയിന്മേൽ വൈദികാധികാരം പ്രയോഗിച്ചിരുന്നു എന്നാണു് ഞങ്ങളുടെ അനുമാനം.

ഇവിടുത്തെ ജനങ്ങൾ പാത്രിയക്കീസിനു റിശീസ്സാ കൊടുത്തു വന്നു എന്നുള്ളതിനെ തെളിയിക്കുന്നതിനു പ്രതിഭാഗത്തുനിന്നും കൊടുത്തിട്ടുള്ള തെളിവു മതിയായതാണെന്നു ഞങ്ങൾക്കു് അഭിപ്രായമില്ല. തെളിവു തുഛവും സംശയാസ്പദവുമാണു്. റിശീസ്സാ അപ്പഴപ്പോൾ ഈ നാട്ടിൽ മെത്രാപ്പോലീത്താ ആയിരിക്കുന്ന ആളിനു നൽകപ്പെടുന്നതൊ അതോ പാത്രിയക്കീസിനു നൽകപ്പെടുന്നതൊ എന്നുള്ള വലിയ ഒരു സംശയമുണ്ടു്. ഈ സംശയത്തിനു നിവാരണം വരുത്തുവാൻ ശ്രമിച്ചിട്ടില്ല. സഭാതലവന്റെ പ്രതാപം നിലനിർത്തുന്നതിനായി ജനങ്ങൾ ഒരു വരികൊടുത്തു വന്നിരുന്നു എന്നുള്ളതിനു ധാരാളം തെളിവു കൊടുത്തിട്ടുണ്ടെന്നുള്ളതു് സംശയരഹിതമാണു്. എന്നാൽ ആ സംഖ്യ പ്രാദേശിക തലവനൊ അതൊ വിദേശത്തുള്ള ആത്മീയ മേലദ്ധ്യക്ഷനൊ നൽകപ്പെട്ടു വന്നതു് എന്നുള്ളതു് സ്പഷ്ടമല്ല, അതിനാൽ ഈ സംഗതിയിൽ ഒരു തീരുമാനം ചെയ്യുന്നതിനു ഞങ്ങൾ അപ്രാപ്തരാണു്. ഈ ഭാഗം കേസ്സിന്റെ തീർച്ചയ്ക്കു് അങ്ങനെയുള്ള തീരുമാനം ആവശ്യവുമല്ല. ഒരുവേള മി. ഗോവർ സാമർത്ഥ്യത്തോടുകൂടി സൂചിപ്പിച്ചതുപോലെ പാത്രിയക്കീസും അദ്ദേഹത്തിന്റെ പ്രതിപുരുഷന്മാരും റിശീസ്സാ പിരിക്കുന്നതിൽ മുൻകാലങ്ങളെ അപേക്ഷിച്ചു അടുത്ത സന്ദർഭങ്ങളിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുകയും തൽസംബന്ധമായി കല്പനകൾ അയക്കുകയും ചെയ്തിരിക്കാം. ഏതായാലും ഈ വിഷയത്തിൽ തെളിവിന്മേൽ ആശ്രയിച്ചു ഏതെങ്കിലും വിധത്തിൽ ഒരു തീരുമാനം കല്പിക്കുന്നതിനു ഞങ്ങൾ അപ്രാപ്തരാണു്.

ഇരുകക്ഷികളും സ്വന്തതാല്പര്യത്തിന്മേലല്ല ഒരു സമുദായത്തിന്റെ വലുതൊ, ചെറുതൊ ആയ രണ്ടു വിഭാഗങ്ങളുടെ പ്രതിനിധികളെന്ന നിലയ്ക്കാണു് ഈ വ്യവഹാരം നടത്തിയിട്ടുള്ളതു്. തന്റെ കക്ഷിയിൽപ്പെട്ടവരായ സുറിയാനിസഭാ വിഭാഗത്തിനു വേ

ണ്ടി ഇത വ്യവഹാരത്തിൽ തക്കിക്കേണ്ടതു അപ്പീൽ വാദിയുടെ ധ
ർമ്മമായിരുന്നു. അപ്പീൽ പ്രതിയും അതുപോലെ സഭയുടെ മറേ
ഭാഗത്തിനു വേണ്ടിയാണു ഈ വ്യവഹാരം നടത്തിയ്തു്.

അതുകൂടാതെ പറഞ്ഞാൽ ഞങ്ങൾ എത്തിച്ചേർന്നിരിക്കുന്ന അ
നുമാനങ്ങൾ അപ്പീൽ പ്രതിയുടെ അവകാശത്തിനു കാലഹരണ
ദോഷം ഭവിച്ചിട്ടില്ലെന്നും തിരുവിതാംകൂറിലെ സുറിയാ
നി സഭയിന്മേൽ അന്ത്യോകൃാ മഹാ ഇടവകയ്ക്കുള്ള വൈദീകമേ
ലദ്ധ്യക്ഷതയെല്ലാക്കാലത്തും യാക്കോബായസുറിയാനിസഭയാലും അ
വരുടെ മെത്രാപ്പോലീത്തന്മാരാലും സമ്മതിക്കപ്പെടുകയും അംഗീ
കരിക്കപ്പെടുകയും ചെയ്തിട്ടുണ്ടെന്നും, നേരിട്ടോ പ്രതിപുരുഷന്മാർ
മുഖാന്തിരമൊ, ഈ പ്രാദേശികസഭയുടെ ആത്മീയ മേലദ്ധ്യക്ഷത
യ്ക്കു അപ്പഴപ്പോൾ ആവശ്യപ്പെട്ട മെത്രാപ്പോലീത്തന്മാരെ വാ
ഴിക്കുന്നതും ഈ രാജ്യത്തെ പള്ളികളിൽ ശ്ലൈഹീസ്സാ മുതലായ
ആവശ്യങ്ങൾക്കു മൂറോൻ (ശുദ്ധീകരിക്കപ്പെട്ട തൈലം) അയച്ചു
കൊടുക്കുന്നതും സഭയുടെ ആത്മീയഭരണത്തിന്മേൽ പൊതുവായ ഒ
രു മേൽവിചാരംനടത്തുന്നതും അങ്ങനെയുള്ള ശ്രേഷ്ഠാധികാര
ത്തിൽ അടങ്ങിയിരിക്കുന്ന സംഗതികൾ ആണെന്നും പാത്രിയക്കീ
സ്സിന്റെ അധികാരം ഈ സഭയുടെ ലൗകീകങ്ങളുടെ ഭരണത്തെ
ഉൾക്കൊള്ളത്തക്കവിധം ഒരിക്കലും വിസ്തൃതമായിരുന്നിട്ടില്ലെന്നും
ഈ വിഷയത്തിൽ ഈ സഭ സ്വതന്ത്രമായിരുന്നെന്നും തിരുവിതാം
കൂർ സുറിയാനി യാക്കോബായ സഭാമെത്രാപ്പോലീത്താ മലബാർ
കാരനും അന്ത്യോകൃാ പാത്രിയക്കീസ്സിനാലൊ അദ്ദേഹത്താൽ അ
ധികാരപ്പെടുത്തപ്പെട്ട പ്രതിപുരുഷന്മാരാലൊ വാഴിക്കപ്പെടേണ്ട
തും പ്രാദേശികസഭയുടെ ആത്മീയവും ലൗകീകവുമായ ഭരണത്തിന
ർഹനായിത്തീരുന്നതിനു തങ്ങളുടെ മെത്രാപ്പോലീത്താ ആയി
ജനങ്ങളാൽ സ്വീകരിക്കപ്പെട്ടിരിക്കണമെന്നും, അപ്പീൽ പ്രതി അ
ങ്ങനെ വാഴിക്കപ്പെടുകയും ജനങ്ങളുടെ ഭൂരിപക്ഷത്താൽ സ്വീകരി
ക്കപ്പെടുകയും ചെയ്തിട്ടുള്ളതും അതിനാൽ മാർ അത്താനാസ്യോ
സിന്റെ നിഷ്ക്രാണശേഷം മെത്രാപ്പോലീത്താസ്ഥാനത്തേക്കു പരി
പൂർണ്ണ അവകാശിയാണെന്നും, അപ്പീൽ വാദി ശരിയായി വാ
ഴിക്കപ്പെടുകയൊ ജനങ്ങളുടെ ഭൂരിപക്ഷത്താൽ സ്വീകരിക്കപ്പെടുക
യൊ ചെയ്തിട്ടില്ലാത്തതിനാൽ മെത്രാപ്പോലീത്താ എന്ന സ്ഥാന
ത്തിനൊ ബഹുമതിക്കൊ അദ്ദേഹത്തിനു് അവകാശമില്ലാ എന്നും
സമ്മതപ്രകാരം ഒടുവിലത്തെ മെത്രാപ്പോലീത്തായും ട്രസ്റ്റിയുമാ
യ മാർ അത്താനാസ്യോസ്സിന്റെ കാലശേഷം അപ്പീൽവാദിക്കു
ള്ള സഭാസ്വത്തുക്കളുടെ കൈവശവും മെത്രാൻസ്ഥാനപ്രാപ്തിയും കൂ
റകരമാണെന്നും അതിനാൽ മലങ്കര സുറിയാനി യാക്കോബായസ
ഭാ മെത്രാപ്പോലീത്താസ്ഥാനവും സ്ഥാനചിഹ്നങ്ങളും ഒഴിഞ്ഞു കൈ
വശം കൊടുക്കണമെന്നും സഭവകയായ തന്റെ കൈവശം ഇരിക്കു
ന്ന സകല വസ്തുക്കളും അതോടനുബന്ധിച്ചുള്ളവ എല്ലാം അപ്പീൽ
പ്രതിക്കു വിട്ടുകൊടുക്കണമെന്നും അപ്പീൽ പ്രതി വസ്തുക്കൾ മുത

ലായവ കൈവശപ്പെടുത്തുകയും സമർപ്പണാധാരവ്യവസ്ഥപ്രകാരം മറെ രണ്ടു ട്രസ്റ്റികളോടുചേർന്ന് അവയെ ഭരിക്കേണ്ടതാണെന്നും അപ്പീൽപ്രതി അപ്പീൽ 2-ാംവാദിയായ അസ്സൽ 2-ാംപ്രതിയുടെ മേൽ ബോധിപ്പിച്ച വ്യവഹാരത്തിനു വ്യവഹാരകാരണമില്ലാത്തതിനാൽ തള്ളപ്പെടേണ്ടതാണെന്നും, അസ്സൽ 7-ാം പ്രതിയായ അപ്പീൽ 3-ാംവാദിക്കുള്ള ഒറിയാധാരം അസ്സാധുവും ദുർബലവും ആകയാൽ അസ്ഥിരപ്പെടുത്തേണ്ടതാണെന്നും, മേൽ സൂചിപ്പിച്ചിരിക്കുന്നവയും കീഴ്ക്കോടതികളുടെ ഡിക്രികളിൽ കാണുന്നവയുമായ പിശകുകളും തിരുത്തേണ്ടതാണെന്നും ആകുന്നു."

Mathan Malpan V. Oolahannan Gheeverghese (45 T. L. R. 116 F. B) എന്ന വിധിയിൽ 151-ാംവശത്തു ചീഫ് ജസ്റ്റീസു് ചാറഹീൽഡ് പറയുന്നതു ഇപ്രകാരമാണു്.

"മലങ്കര യാക്കോബായ സഭയുടെ ലൗകീകങ്ങളുടെ ഭരണം ഇവിടത്തെ മെത്രാപ്പോലീത്തായ്ക്കും മറെ മെത്രാന്മാക്കും ഉള്ളതാണെന്നും ആ അധികാരത്തിന്റെ വ്യാപ്തി എന്തുമാത്രമെന്ന വാദികളും സൂചിപ്പിക്കുന്നില്ലെങ്കിലും പാത്രിയക്കീസ്സിനു ഏതൊരു വിധമായ ഒരു മേൽവിചാരകത്വം ഉണ്ടെന്നു ഇരുഭാഗവും സമ്മതിക്കുന്നുണ്ടു" എന്നുള്ളതു് പ്രസ്താവ്യമാണു്."

കഴിഞ്ഞ എല്ലാ വ്യവഹാരങ്ങളും പ്രാതിനിദ്ധ്യപരമായ വ്യവഹാരങ്ങളായിരുന്നതിനാൽ താഴെവരുന്ന സംഗതികളും തീരുമാനിക്കപ്പെട്ടിരിക്കുന്നവയായി കരുതാവുന്നതാണു്. (i) അന്ത്യോഖ്യാ പാത്രിയക്കീസു് യാക്കോബായസഭയുടെ ആത്മീയ മേലദ്ധ്യക്ഷൻ മാത്രമാണു്. (ii)അന്ത്യോഖ്യാ പാത്രിയക്കീസ്സിനു യാക്കോബായ സഭയുടെ ലൗകീകങ്ങളിന്മേൽ യാതൊരു അധികാരവും ഉണ്ടായിരുന്നില്ല. ആ അധികാരം മലങ്കരമെത്രാപ്പോലീത്തായിൽ നിക്ഷിപ്തമാണു്.

ലൗകീക സംഗതികളും സംബന്ധിച്ചു സഭ സ്വതന്ത്ര-അന്ത്യോഖ്യാബന്ധത്തിൽ നിന്നു സ്വതന്ത്ര-മാണു്. മലങ്കരയിലെ പ്രാദേശികസഭ എല്ലാക്കാലത്തും ഒരു സ്വതന്ത്ര സഭയായിരുന്നു. എന്നാൽ ഇപ്പോഴാകട്ടെ സിറിയ, ബാബിലോൺ, ഈജിപ്തു് മുതലായ സ്ഥലങ്ങളിലെ വിശ്വാസ്യരായ ക്രിസ്തീയ വൈദിക സ്ഥാനങ്ങളിലേക്കു ആത്മീയ പ്രകാശത്തിനുവേണ്ടി നോക്കിയെന്ന കാണത്താൽ കുറേകാലത്തേക്കു യാതൊരു പ്രത്യേക വ്യക്തിത്വവും കൂടാതെ കഴിഞ്ഞുകൂടുകയും ഒടുവിൽ അന്ത്യോഖ്യാ പാത്രിയക്കീസ്സിന്റെ ആത്മീയ ഉപദേശവും മേലദ്ധ്യക്ഷതയും സ്വീകരിക്കയും ചെയ്തിരിക്കുന്നു.

S. A. 1061-ൽ 111-ാം നമ്പരിലെ രാജകീയ കോടതി വിധിയാൽ മാർ ജോസഫ് ദീവന്നാസ്യോസ് മലങ്കര മെത്രാപ്പോലീത്തായെന്നു സ്ഥാപിക്കപ്പെട്ടു. അദ്ദേഹം കാലം ചെയ്യുന്നതുവരെ സഭാസ്വത്തുക്കളും അദ്ദേഹത്തിന്റെയും മേൽപ്പറഞ്ഞ വിധിയിൽ ആജ്ഞാപിതമായിരിക്കുന്നതുപോലെ രണ്ടു കൂട്ടം ട്രസ്റ്റികളുടെയും

നിയന്ത്രണത്തിലും ഭരണത്തിലും ആയിരുന്നു. മാർ ദീവന്നാസ്യോസ് 1909-ാം ശരിയായ 1083-ൽ കാലംചെയ്തു. മാർ ഗീവറുഗീസ് ദീവന്നാസ്യോസ് മലങ്കര മെത്രാപ്പോലീത്തായായി അദ്ദേഹത്തെ പിന്തുടർന്നു. അദ്ദേഹത്തിന്റെ കൂട്ടട്രസ്റ്റികൾ 1088-ൽ അസ്സൽ 94-ാം നമ്പരിൽ 5-ം 6-ം പ്രതികളായിരുന്നു.

മേൽപ്പറഞ്ഞ 5-ം 6-ം പ്രതികളും മാർ ദീവന്നാസ്യോസും ആയി ഉണ്ടായ തർക്കം അവയിൽ നിന്നു ഉത്ഭവിച്ച വ്യവഹാരങ്ങൾ മൂലം ഉഗ്രതരമായി. അതു ഇന്നും ശമിച്ചിട്ടില്ല. അന്ത്യോഖ്യാ പാത്രിയർക്കീസായിരുന്ന അബ്ദുള്ള രണ്ടാമൻ 1085 കന്നിയിൽ ബോംബെയിൽ ഇറങ്ങി. മാർ ദീവന്നാസ്യോസും ഒരു കൂട്ടട്രസ്റ്റിയും കൂടി അദ്ദേഹത്തെ സ്വീകരിച്ചു. Mathan Malpan V. Oolahannan Gheeverghese (45 T. L. R. 116 F. B) എന്ന വിധിയിൽ 164, 165 ഈ വശങ്ങളിൽ ചീഫ് ജസ്റ്റീസ് ചാററുഫീൽഡ് ചൂണ്ടിക്കാണിക്കുന്നതുപോലെ അദ്ദേഹം വാങ്ങിയ അനവധി ഉടമ്പടികളിൽ നിന്നു കാണുന്നതുപോലെ അബ്ദുള്ളാ രണ്ടാമൻ ലൗകീകങ്ങളിന്മേൽ അധികാരം വേണമെന്നു ശഠിച്ചിരുന്നു. അദ്ദേഹത്തിന്റെ പിൻഗാമികൾ ചെയ്തതുപോലെ ലൗകീകങ്ങളുടെ ആഭ്യന്തരഭരണവിഷയത്തിൽ സഭയ്ക്കുള്ള ജനകീയ സ്വാതന്ത്ര്യത്തെ നിഹനിക്കുന്നതിന് പര്യാപ്തമാകത്തക്ക വിധം അദ്ദേഹം അനാത്മീയാധികാരസമ്പാദനനയം തുടർന്നു. ഇതു് സഭയിൽ ഗൗരവതരമായ കുഴപ്പത്തിനും ഭിന്നതയ്ക്കും ഇടയാക്കി. മലങ്കര സഭയിന്മേൽ ലൗകീകാധികാരം കരസ്ഥമാക്കുന്നതിനുള്ള പാത്രിയർക്കീസിന്റെ ശ്രമത്തിൽ അദ്ദേഹത്തെ മാർ ഗീവറുഗീസ് വ്യക്തമായി എതിർത്തുകൊണ്ടിരുന്നു. അവസാനത്തിൽ മാർ ഗീവറുഗീസു അബ്ദുള്ളാ രണ്ടാമന്റെ ഒരു കല്പനമൂലം മുടക്കപ്പെട്ടു. 1087 ചിങ്ങത്തിൽ മലങ്കര അസോസ്യേഷൻ കൂടി 1088-ൽ അസ്സൽ 94-ാം നമ്പരിലെ 5-ം 6-ം പ്രതികളെ ട്രസ്റ്റിസ്ഥാനത്തുനിന്നു നീക്കം ചെയ്തു. തൽസ്ഥാനത്തു് ആ കേസിലെ രണ്ടും മൂന്നും പ്രതികളെ നിയമിച്ചു. മാർ ഗീവറുഗീസിനെ മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തുനിന്നും വിവാദ ട്രസ്റ്റിന്റെ മെത്രാപ്പോലീത്താ ട്രസ്റ്റി എന്ന സ്ഥാനത്തുനിന്നും നീക്കം ചെയ്തിരിക്കുന്നതായുള്ളിടത്തോളം ഭാഗം മുടക്കു കല്പന (1 അക്കം) നിഷ്ഫലമണെന്നു പുനർവിചാരണയിൽ ഹൈക്കോടതി അവസാന തീരുമാനം കല്പിച്ചു. (182-ാം വശം) 1088-ൽ അസ്സൽ 94-ാം നമ്പരിലെ 5-ം 6-ം പ്രതികളെ ട്രസ്റ്റിസ്ഥാനത്തുനിന്നു നീക്കംചെയ്യുകയും ആ കേസ്സിലെ 2-ം 3-ം പ്രതികളെ തൽസ്ഥാനത്തു നിയമിക്കയുംചെയ്തതായ യോഗം സാധുവും കക്ഷികളെ ബന്ധിക്കുന്നതുമാണെന്നും വിധിയുണ്ടായി.

Mathan Malpan V. Oolahannan Gheeverghese 45 T L R. 116 F. B.) വിധി 185-ാം വശത്തു്. 1088-ൽ അസ്സൽ 94-ാം നമ്പരിലെ 1 മുതൽ 3 വരെ പ്രതികൾ വിശ്വാസ

ത്തിൽനിന്നു ഇതരന്മാരായിട്ടുപ്പായതിനാൽ യാക്കോബായ സഭയ്ക്കു വേണ്ടി ട്രസ്റ്റിമാരായി തുടരുന്നതിനു് അവരെ അനുവദിച്ചുകൂടാ എന്നുള്ള വാദത്തെപ്പറ്റി ചീഫ് ജസ്റ്റീസു് വ്യവഹരിച്ചിട്ടുണ്ടു്. ഈ വാദം പുറപ്പെടുവിക്കുന്നതിനു പ്രാമുഖ്യമായ പ്രധാന വസ്തുതകൾ ഇവയാണു്.

(i) അബ്ദൽമിശിഹായെ പാത്രിയക്കീസ്സായി അംഗീകരിച്ചു.

(ii) കാതോലിക്കാസ്ഥാപനസൃഷ്ടിയും അതിനു നൽകുന്ന പിന്തുണയും പാത്രിയക്കീസ്സിനു പകരം കാതോലിക്കോനു് സഭയുടെ തലവനായിത്തീർന്നു എന്നും മറ്റു ചില സംഗതികളുമാണു വാദമുഖങ്ങളായിരുന്നതു്. മറ്റു രണ്ടു ജഡ്ജിമാരെയുംപോലെ ചീഫ് ജസ്റ്റീസും മാർ ഗീവറുഗീസ്സിന്റെ മുടക്കു് അസാധുവാണെന്നും അതിനുദ്ദേശ്യം എതെങ്കിലും വേദവിപരീതത്താലൊ ശീശ്മമൂലമൊ അല്ലെന്നും അദ്ദേഹത്തിന്റെ മലങ്കരമെത്രാൻസ്ഥാനം നഷ്ടമായില്ലെന്നും 2-ാം 3-ാം പ്രതികൾ നിയമപ്രകാരമുള്ള ട്രസ്റ്റികളായിരുന്നെന്നും തീരുമാനിക്കയും അതിനാൽ അവർക്കു് അനുകൂലമായ വിധി ശരിവയ്ക്കയും ചെയ്തു. റോമൻകത്തോലിക്കു സഭയിൽ കാനോൻ നിയമപ്രകാരം നൽകപ്പെട്ടിരിക്കുന്നതും സ്വാഭാവികമായി പ്രയോഗിക്കപ്പെടാവുന്നതും നീക്കുന്നതിനുള്ള അധികാരം നൽകുന്നതുമായ വ്യവസ്ഥകൾ യാക്കോബായസഭയ്ക്കു യോജിച്ചതല്ലെന്നു ജസ്റ്റീസു തള്ളിയതു് അഭിപ്രായപ്പെട്ടിട്ടുണ്ടു്. സ്ഥാനത്തുനിന്നു നീക്കുന്നതിനുള്ള സ്വാഭാവികമായും ഭരണപരവുമായ അധികാരം ഇല്ലെന്നു വിധികല്പിച്ചു. കൂടാതെയും ശീശ്മ എന്നും വേദവിപരീതം എന്നും ഉള്ള പ്രശ്നങ്ങൾ വൈദീക നിയമപ്രകാരമുള്ള കുറങ്ങളും അവയെസംബന്ധിച്ചു സിവിൽകോടതികൾക്കു ഒരു വൈദീകകോടതിയുടെ തീരുമാനം ഹാജരാക്കപ്പെടുന്നതുവരെ വിചാരണ നടത്താവുന്നതല്ലെന്നും തിരുമാനിച്ചു. സഭയിൽനിന്നും പിരിഞ്ഞു എന്നുള്ള സംഗതിയും ഒരു വൈദീകകോടതിയിൽ തെളിയിക്കപ്പെടേണ്ട സംഗതിയാണു്. മി, ജസ്റ്റീസു് പരമേശ്വരൻപിള്ള

"ഈ ഉടമ്പടികളിൽനിന്നും അവയുണ്ടായ സാഹചര്യങ്ങളിൽ നിന്നും അനുസന്നിഗ്ദ്ധമായി തെളിയുന്നതു തനിക്കു ലൌകീകാധികാരമില്ലെന്നുള്ള R അക്കവിധിയെ മറികടക്കണമെന്നും അതിനായി പള്ളികളിൽനിന്നും മെത്രാപ്പോലീത്തായിൽനിന്നും മലങ്കരസഭയിന്മേൽ തനിക്കു ലൌകീകാധികാരമുണ്ടെന്നു സമ്മതിക്കുന്ന ഉടമ്പടികൾ സമ്പാദിക്കണമെന്നും" പാത്രിയക്കീസ്സിനു് അതിയായ ആഗ്രഹമുണ്ടായിരുന്നു എന്നും തന്റെ ഈ ആഗ്രഹനിവൃത്തിക്കുവേണ്ടിവരുന്ന ഏതു ത്യാഗവും സഹിക്കുന്നതിനു സന്നദ്ധനായിരുന്നു എന്നുമാണു്." പാത്രിയക്കീസ്സന്മാരുടെ അനന്തരനടപടികളും ബഹുമാനപ്പെട്ട ജഡ്ജിയുടെ അഭിപ്രായത്തിനു് ഉപോൽബലകമായിരുന്നു. പാത്രിയക്കീസിന്റെ അഭിപ്രായം 172 അക്കത്തിൽനിന്നുള്ള ഒരു ഉദ്ധരണിയിൽ നിന്നും വെളിപ്പെടുന്നുണ്ടു്. അവരുടെ പൊതുവിലുള്ള മനോഗതത്തിനു് ഇതു സാക്ഷ്യം വഹിക്കു

ന്നമുണ്ടു്. നിങ്ങൾ മീനം 19_ാം൹ യോഗം കൂടി ഛട്ടങ്ങളെ എടുത്തു കളകയും, അവയോടു കൂട്ടിച്ചേക്കുകയും അവയെ ഭേദപ്പെടുത്തുകയും ചെയ്യുന്നതായ നിശ്ചയങ്ങൾ അംഗീകരിച്ചു എന്നു നാം കേൾക്കുന്നു. അവയെ നിങ്ങൾ നമുക്കു് അയച്ചു തന്നിട്ടില്ല. പുതിയ ഛട്ടങ്ങളുടെ പകർപ്പും നമുക്കു് അയച്ചുതരപ്പെട്ടില്ല. നമ്മുടെ വാത്സല്യമക്കളെ! നമ്മുടെ അനുവാദംകൂടാതെ പരിശുദ്ധ സഭയുടെ ഛട്ടങ്ങളെ, അവ ആത്മീകമൊ ലൌകീകമൊ ആയ കാര്യ്യങ്ങളെ സംബന്ധിച്ചുള്ളതായാലും, ഭേദപ്പെടുത്തുന്നതിനൊ അവയോടു കൂട്ടിച്ചേക്കുന്നതിനൊ നിങ്ങൾക്കു് അവകാശമില്ലെന്നു് അറിഞ്ഞുകൂടായ്കയൊ? പാത്രിയക്കീസിനു ലൌകീക കാര്യ്യങ്ങളിൽ യാതൊരു അധികാരവുമില്ലെന്നുള്ള വിധിയെ നിങ്ങൾ എങ്ങിനെ വീക്ഷിക്കുന്നു. നിങ്ങളുടെ ഉദ്ദേശം സാധിച്ചു എന്നുള്ളതുകൊണ്ടും ആ അധികാരം എടുത്തുകളഞ്ഞു എന്നതുമൂലവും നിങ്ങൾ സന്തോഷിക്കുകയാണൊ? അങ്ങിനെ വിചാരിക്കുന്നതു വ്യർത്ഥമാണു്. എല്ലാ ന്യായാധിപന്മാരും ചേർന്നു" അങ്ങിനെ വിധിച്ചിരുന്നാൽ തന്നേയും പരിശുദ്ധാത്മാവുമൂലം പാത്രിയക്കാസ്ഥാനത്തിനുള്ള അധികാരങ്ങളെ അവ ആത്മീയ സംഗതികളിലുള്ളവയൊ ലൌകീകസംഗതികളിലുള്ളവയൊ ആയാലുംശരി, അവയെ എടുത്തുകളയുന്നതിനു് മതിയായവയല്ല. അവ രണ്ടും പരസ്പരം ബന്ധപ്പെട്ടവയാണു്. ഈ അധികാരങ്ങൾ വിഭിന്നങ്ങളായിരിക്കുന്നവയല്ല. അവ പരസ്പരം സംബന്ധപ്പെട്ടവയാണു". ഈ അധികാരങ്ങൾ പരിശുദ്ധ കൂഹാ മുഖാന്തിരം ദൈവത്തിൽ നിന്നു സിദ്ധിക്കുന്നവയാകയാൽ ആക്കും അവയെ എടുത്തുകളയുന്നതിനു സാധിക്കുന്നതല്ല.

ജഡ്ജ്മെൻറിൽ ആ ബഹുമാനപ്പെട്ട ജഡ്ജി തുടർന്നു പറയുന്നതു് ഇപ്രകാരമാണു്.

"അതിനാൽ മുടക്കു് അസാധുവാണെന്നും, ഒന്നാംപ്രതി മലങ്കരസഭയുടെ ന്യായമായ മെത്രാപ്പോലീത്തായും മെത്രാപ്പോലീത്താ ട്രസ്റ്റിയും ആണെന്നും ഞാൻ തീരുമാനിക്കുന്നു."

"സർ സി പി രാമസ്വാമിഅയ്യർ അവസാനമായി ഉന്നയിച്ച വാദം അബ്ദൽമിശിഹായെ അന്ത്യോഖ്യാ പാത്രിയക്കീസായി അംഗീകരിച്ചതുമൂലം ഒന്നാംപ്രതിയും അദ്ദേഹത്തിൻെറ പക്ഷത്തുള്ളവരും മലങ്കരസഭയിൽനിന്നു വേർപെട്ട ഒരു വിഭിന്ന സഭയായിതീർന്നു എന്നുള്ളതാണു", അതിനാൽ അദ്ദേഹം ഒരു ശീശ്മക്കാരനും അദ്ദേഹം വട്ടി വാങ്ങുന്നതിനു് അനുവദിച്ചാൽ ആ വകപണം അതിൻെറ ആദ്യലക്ഷ്യത്തിൽനിന്നു മാറ്റപ്പെട്ടുപോകുന്നതാണു്;

"കേസ്സിൻെറ ഈ വശത്തെപ്പറ്റി ഞാൻ അവഗാഢമായി ചിന്തിച്ചതിൻെറ ഫലമായി ചെയ്യുന്ന അനുമാനം, ഈ വാദത്തിൽ യാതൊരു കഴമ്പും ഇല്ലെന്നാണു്. ഒന്നാം പ്രതി അന്ത്യാഖ്യാ പാത്രിയക്കീസിൻെറ അധികാരത്തെ നിഷേധിച്ചിട്ടില്ലെന്നുള്ളതുകൊണ്ടു് അദ്ദേഹം മലങ്കര സഭയുടെ മെത്രാ

പ്പോലീത്താ ട്രസ്റ്റിയായി തുടരുന്നു. ആ നടപടിയ്ക്കുവേണ്ടിയാണു് വട്ടി വാങ്ങുന്നതിനു അവകാശപ്പെടുന്നതും. അദ്ദേഹം ചെയ്തതു് അങ്ങേ അറ്റം പറഞ്ഞാൽ, അബ്ദുള്ളാ, അബ്ദുൽ മിശീഹാ ഇങ്ങനെ രണ്ടു പേർ പാത്രിയക്കീസിനു അവകാശപ്പെട്ടപ്പോൾ അബ്ദുൽ മിശീഹാ പാത്രിയക്കീസിനു സമ്മതിച്ചു എന്നു മാത്രമെയുള്ളു. ഇതിൽ അദ്ദേഹം തെറ്റിപ്പോയി എങ്കിൽ അദ്ദേഹം ആത്മീയമായ ഒരു കുറ്റത്തിൽ അകപ്പെട്ടു. അതിനു അദ്ദേഹത്തിന്റെ ആത്മീയ മേലധികാരിക്കു ന്യായമായ ഒരു വിചാരണയിൽ അദ്ദേഹത്തെ ശിക്ഷിക്കാവുന്നതുമാണു്. അദ്ദേഹത്തിന്റെ ആത്മീയ കുറ്റങ്ങളെ സംബന്ധിച്ചു് ഈ കോടതിക്കു് ഒരു വിചാരണാധികാരവും ഇല്ല. സർ സി പി രാമസ്വാമി അയ്യർ ഇതു സംബന്ധമായി ചൂണ്ടിക്കാണിച്ച Free Church of Scotland V Overtown എന്ന വിധിക്കു് ഈ കേസ്സിലെ സംഗതികളിൽ പ്രസക്തി ഇല്ല."

ഒന്നാംപ്രതിയുടെ മുടക്കു് അസാധുവാകയാൽ 5-ം 6-ം പ്രതികളുടെ സ്ഥാനത്തു ട്രസ്റ്റികളായി തെരഞ്ഞെടുക്കപ്പെട്ട 2-ം 3-ം പ്രതികളും ന്യായമായും ക്രമപ്രകാരവും നിയമിതരായവരെന്നു തീരുമാനിക്കേണ്ടിയിരിക്കുന്നു. ഈ അപ്പീൽ തീർച്ചചെയ്യുന്നതിനു് ഈ തീരുമാനങ്ങൾ മതിയെന്നുള്ളതുകൊണ്ടു കേസ്സിൽ ഏർപ്പെട്ടിട്ടുള്ള മറ്റു പോയിന്റുകളെ പറ്റി ആലോചിക്കേണ്ടതില്ല."

അതിനുശേഷം 1109-ൽ മാർ ഗീവറുഗീസു് കാലം ചെയ്തു. അദ്ദേഹത്തിന്റെ സ്ഥാനത്തു 1110-ൽ ന്യായമായി കൂടിയ മലങ്കര അസ്സോസ്യേഷന്റെ ഒരു യോഗത്തിൽ വച്ചു് ഒന്നാംപ്രതി നിയമിതനായി. 1088-ൽ അസ്സൽ 94-ാം നമ്പരിലെ 3-ാംപ്രതി മരിച്ചപ്പോൾ ഇപ്പോഴത്തെ 3-ാം പ്രതിയെ 1106-ൽ തൽസ്ഥാനത്തേക്കു് തെരഞ്ഞെടുത്തു. Mathan Malphan V. Oolahanan Gheeverghese (45 T. L. R. 116) ലെ വിധിയിൽ അവകാശം സ്ഥാപിക്കപ്പെട്ട ട്രസ്റ്റിയാണു" 2-ം പ്രതി. അയാൾ അങ്ങനെ തുടരുകയും ചെയ്യുന്നു.

പ്രതികൾ ഉൾപ്പെട്ട കാതോലിക്കോസുകക്ഷി യാക്കോബായ സഭയ്ക്കുവേണ്ടി A M അക്കം ഭരണഘടന രൂപീകരിച്ചതുമൂലം (പാത്രിയക്കീസുകക്ഷി ഈ യോഗത്തിൽ സംബന്ധിച്ചിരുന്നില്ല) അവർ ശീശ്മയിലും സഭയിൽനിന്നു ഇതരന്മാരും ആകയാൽ യാക്കോബായ സഭാസ്വത്തുക്കൾ കൈവശം വച്ചുകൊണ്ടിരിക്കുന്നതിനും അവയുടെ ഭരണം നടത്തുന്നതിനും അവകാശമില്ലാത്തവരായിത്തീർന്നുപോയി എന്നുള്ളതാണു് ഈ കേസ്സിലെ പ്രധാന വാദം. അപ്പീൽ വാദിഭാഗത്തെ പ്രധാന വാദം A M അക്കം ഭരണഘടനയുടെ വ്യവസ്ഥകളെ വിശകലനംചെയ്തും അവയിൽ പാത്രിയക്കീസിന്റെ പരമാധികാരത്തെ സമ്മതിക്കുന്ന നിയമങ്ങൾ ഇല്ലെന്നു ചൂണ്ടിക്കാണിച്ചുംകൊണ്ടുള്ളതായിരുന്നു. മറ്റു വ്യത്യാസങ്ങളും

പുണ്ടിക്കാനാക്കപ്പെട്ടു. ഈ പുതിയ വാദങ്ങളെ പ്രതിരോധിച്ചും മുൻ കഴിഞ്ഞ കേസ്സുകളിൽ പ്രസ്താവിച്ചിട്ടുള്ള വിധികളുടെ വ്യക്തമായി തിരുമാനപ്പെടുത്തപ്പെട്ട സംഗതികളെ അനുസരിച്ചും ഈ കേസ്സു തിരുമാനിക്കപ്പെടേണ്ടതാണു".

ഒരു വിധിയെ തുടർന്നുണ്ടായ സംഭവങ്ങൾ അവയെ എത്രതന്നെ പാത്രിയക്കീസിനും അദ്രേഹത്തിന്റെ കക്ഷിക്കും അനുകൂലമായി ചമയിച്ചാലും, അവരുടെ യഥാർത്ഥ മനസ്ഥിതിയെ പ്രസ്പഷ്ടമാക്കുന്നുണ്ടു. 1103 മിഥുനം 12-ാംതീയതി ആ വിധി പ്രസ്താവിക്കപ്പെട്ടു. 1104 ചിങ്ങം 2-ാംതീയതി അന്ത്യോഖ്യാ പ്രതിനിധിയായ മാർ യൂലിയോസു് ഏലിയാസു് മെത്രാപ്പോലീത്താ, പാത്രിയക്കീസിന്റെ അനുമതി പ്രകാരം മെത്രാപ്പോലീത്താസ്ഥാനത്തു നിന്നും മാർ ഗീവറുഗീസിനെ തൽക്കാലത്തേക്കു മുടക്കി. അതിനു ആരോപിച്ച സംഗതി പാത്രിയക്കീസിനോടു അദ്രേഹം ചെയ്തിരുന്ന വാശത്തം നിമവേറിയില്ലെന്നുള്ളതാണു്. വെളിപ്പെടുത്തപ്പെടാതിരുന്ന കുറങ്ങളും ആരോപണങ്ങളും ഉത്തരം പറവാനുള്ള വിചാരണയിൽ വിസ്തരിക്കപ്പെടുമെന്നും ആജ്ഞാപിക്കപ്പെട്ടു. ഇതു ഹൈക്കോടതി വിധിയെ പ്രത്യക്ഷമായി തുഛരീകരിക്കുന്നതും വൈദിക അധികാരത്തിന്റെ ഏറവും നിസ്സങ്കമായ പ്രയോഗവുമാണു്.

മാർ ഗീവറുഗീസും അദ്രേഹത്തിന്റെ അനുകൂലികളും വേദവിപരീതികളും വിശ്വാസത്തിൽ നിന്നു അന്യപ്പെട്ടവരും എന്നും മറും പറഞ്ഞു അവരുടെമേൽ ഒരു വ്യവഹാരം ബോധിപ്പിച്ചു. ഈ കേസ്സു് അവസാനത്തിൽ തള്ളി വിധിയായി. 1109-ൽ അദ്രേഹം കാലം ചെയ്തതുവരെ മാർ ഗീവറുഗീസും അദ്രേഹത്തിന്റെ സഹടസ്ഥരികളും ട്രസ്റ്റർകളായി തുടർന്നു എന്നും, അനന്തരം മാർ ഗീവറുഗീസു് മലങ്കര മെത്രാപ്പോലീത്തായായിരുന്നു എന്നും ഇപ്പോൾ പാത്രിയക്കീസു് കക്ഷി സമ്മതിക്കുന്നുണ്ടു്. 1109 വരെ ഇരുകക്ഷികളും എന്തുതന്നെ ചെയ്തിരുന്നാലും സഭയുടെ ഐകൃതയ്ക്കു ഹാനി സംഭവിച്ചില്ലെന്നും യാതൊരു സഭാംഗവും സഭയിൽ നിന്നു പിരിഞ്ഞുപോയിരുന്നില്ലെന്നും ഇതിൽ നിന്നു സിദ്ധമാകുന്നു മാർ ഏലിയാസു് തൃതീയൻ പാത്രിയക്കീസു് 1106 ഇടയ്ക്കു മലങ്കരെ എഴുന്നെള്ളി എന്നും മാർ ഗീവറുഗീസും പാത്രിയക്കീസും തമ്മിൽ ഒരു രഞ്ജിപ്പുണ്ടാക്കി എന്നും വാദിഭാഗത്തു നിന്നു വാദിക്കുന്നുണ്ടു്. അതു പരമാർത്ഥമായിരുന്നെങ്കിൽ ഈ വ്യവഹാരം ഉത്ഭവിക്കേണ്ടതില്ലായിരുന്നു. അങ്ങനെയുള്ള ഒരു രാജി ഉണ്ടായി എങ്കിൽ അതിൽ വച്ചു് തക്കവിശ്വയമായിരുന്ന സകല സംഗതികളും തീരുമാനിക്കപ്പെടുകയും 1089-ൽ സ്ഥാപിക്കപ്പെട്ട കാതോലിക്കാസ്ഥാപനത്തിന്റെ സാധുത്വമോ അസാധുത്വമോ സംബന്ധിച്ചും അബ്ദുൽ മിശിഹായാൽ നൽകപ്പെട്ട മേൽപട്ടത്വങ്ങളെ സംബന്ധിച്ചും പ്രഖ്യാപനങ്ങൾ ഉണ്ടാകയും ചെയ്തുമായിരുന്നു. ഈ കഥ വിശ്വസിക്കാൻ നിവൃത്തിയില്ലാത്ത വിധം

കൃത്രിമമായിട്ടുള്ളതാണ". ഈ തക്കങ്ങൾ തിരുമാനിക്കപ്പെടുന്നതിനു മുമ്പു മാർ ഗിവറുഗീസു കാലംചെയ്തു. അന്നു മലങ്കര മെത്രാപ്പോലീത്താസ്ഥാനത്തേക്കു തെരഞ്ഞെടുക്കപ്പെട്ടിട്ടില്ലാതിരുന്നതിനാൽ പ്രതിഭമല്ലാഞ്ഞ തക്കങ്ങളുടെ തിരുമാനം ഉണ്ടാക്കണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി മാർ യൂലിയോസും ഒരുമിച്ചു പാത്രിയക്കീസിനെ കാണാനായി റോംസിലേക്കു യാത്രയായി. ഈ തക്കങ്ങൾ മുൻപു കഴിഞ്ഞുപോയിരുന്ന ഒരു പാത്രിയക്കീസിനേയും അദ്ദേഹം നടത്തിയ വാഴ്ചകളേയും പറ്റിയുള്ളവയായിരുന്നു എന്നുള്ളതു സ്മർത്തവ്യമാണു". എന്നാൽ യാതൊന്നും സാധിക്കാതെ വരികയും ഒന്നാം പ്രതി തിരിയെ മലങ്കരയിലേക്കു മടങ്ങുകയും ചെയ്തു. അവസാനമായി 1110 കന്നി 27-ാംനു-യൊ അതിനോടു സമീപിച്ചൊ Z അക്കം കല്പന പുറപ്പെടുവിച്ചു. ഒന്നാംപ്രതി ഉൾപ്പെടെയുള്ളവരാൽ വിളിച്ചുകൂട്ടപ്പെട്ട മലങ്കര അസ്സോസ്യേഷന്റെ യോഗത്തിനു നിശ്ചയിച്ചിരുന്ന തീയതിക്കു മൂന്നുമാസം മുമ്പാണു" ഈ കല്പന അയച്ചതു". ഇടവകകൾക്കും അസ്സോസ്യേഷൻ അംഗങ്ങൾക്കും പതിവുള്ള രീതിയിൽ ക്ഷണക്കത്തുകൾ അയക്കപ്പെട്ടിരുന്നു. ഒന്നാംപ്രതിയോടും അനുകൂലികളോടും അതായതു കാതോലിക്കാ കക്ഷിയോടു"-ചേരുകയൊ അവരുമായുള്ള സംസർഗ്ഗത്തിൽ ഏർപ്പെടുകയൊ ചെയ്യരുതെന്നു"-അതായതു" അവരിൽനിന്നു വേർപെട്ടു കൊള്ളണമെന്നു"-അത്രെ പാത്രിയക്കീസു" അദ്ദേഹത്തിന്റെ പക്ഷക്കാരോടു കല്പിച്ചതു".

Z അക്കം താഴെ വരുംപ്രകാരമാണു".

....."ഇപ്രകാരമിരിക്കെ, ദീവന്നാസ്യോസു ഗിവറുഗീസു മെത്രാപ്പോലീത്താ നിശ്ശ്വാണം പ്രാപിക്കുകയും തദനന്തരം ഏറെത്താമസിയാതെ, എതിർപക്ഷക്കാർ സമാധാനത്തിനു" അടുത്തു വരുവാൻ വിചാരിക്കുന്നു എന്നും, അവരുടെ തലവൻ നേരിട്ടു നമ്മെ സമീപിക്കുവാൻ അനുവാദം ആവശ്യപ്പെടുന്നു എന്നും ഉള്ള വിവരങ്ങൾ കമ്പിമാർഗ്ഗം നമുക്കു" അറിവു കിട്ടുകയും ഉണ്ടായി. ഇതിങ്കൽ നാം സന്തോഷിക്കുകയും അപേക്ഷാനുസരണം സ്നേഹകവാടത്തെ നാം തുറന്നുകൊടുക്കുകയും ചെയ്തു, ശ്ലീഹായുടെ നമ്മുടെ സിംഹാസനത്തിന്റെ പരിശുദ്ധ സുന്നഹദോസു" അതിവ താല്പര്യത്തോടുകൂടി നാം വിളിച്ചു കൂട്ടി. മിഥുനമാസം എട്ടാംതീയതി നമ്മുടെ പ്രതിനിധി ശ്രേഷ്ഠനായ മാർ യൂലിയോസു മെത്രാപ്പോലീത്തായോടുകൂടി എതിർപക്ഷ തലവൻ നമ്മുടെ അടുക്കലെത്തി. സമാധാനസ്ഥാപനത്തിലുള്ള അത്യാകാംക്ഷയാൽ കഥയില്ലാത്തവക്കു വാക്കിൽപോലും മത്സരത്തിനു" ഇടം കൊടുക്കാതിരിക്കുവാൻ അനേകം കാര്യങ്ങളെ നാം സൌജന്യപൂർവ്വം ഇളച്ചുകൊടുക്കുകയും ആ വൃദ്ധനോടു നാം അനല്പമായ സ്നേഹം പ്രദർശിപ്പിക്കുകയും ഉഭയപക്ഷങ്ങൾക്കും പരസ്പരം യോജിക്കുന്നതിനുള്ള മദ്ധ്യപ്രതിബന്ധങ്ങളെ നാം നീക്കുകയും ചെയ്തു. അദ്ദേഹവും അദ്ദേഹത്തിന്റെ കക്ഷിക്കാരും ആഗ്രഹിച്ചിരുന്ന കാര്യത്തിനു"-അതു" ആവശ്യമില്ലാത്തതാണെങ്കിലും-

നാം അതിനു വഴിപ്പെടുക തന്നെയാണു ചെയ്തതു്. താൻ സമ്മതിക്കുകയും സ്വീകരിക്കുകയും ചെയ്യുന്നവയെ സ്വപക്ഷക്കാർ സമ്മതിക്കുകയും സ്വീകരിക്കുകയും ചെയ്യുമെന്നു കാണിക്കുന്നതായ സമ്മതപത്രങ്ങൾ, അവിടെ നടത്തപ്പെട്ടതായി പറയപ്പെടുന്ന അവരുടെ സംഘങ്ങളിൽനിന്നു് ഒരു കടലാസു പോലുമോ, ഇല്ലാതെയുള്ള അട്ടോറത്തിന്റെ ഈ വരവു ക്രമരഹിതവും പ്രമാണവിരുദ്ധവും ആയിരുന്നു. എന്നാൽ നിങ്ങൾ ഒരുമിച്ചു ചേർന്നു യോജിപ്പോടുകൂടി സ്വീകരിപ്പാനായി നാമും നമ്മുടെ പരിശുദ്ധ സുന്നഹദോസും ഒന്നിച്ചാലോചിച്ചു വ്യവസ്ഥകളും നിയമങ്ങളും ഉണ്ടാക്കി ഇരുഭാഗക്കാക്കും അയച്ചുകൊടുത്തു. ഇവയ്ക്കും വിവിധ രൂപത്തിലുള്ള അഭിപ്രായങ്ങളടങ്ങിയ മറുപടികളാണു നമുക്കു ലഭിച്ചതു്. കൂടാതെയും ഇതെല്ലാം നിങ്ങളുടെ അഭിപ്രായ ഭിന്നതാ വൈപുല്യത്തെ നമ്മെ ബോധപ്പെടുത്തുവാൻ കാരണമായിത്തീരുകയും ഉണ്ടായി. മൂന്നു മാസക്കാലത്തെ നമ്മുടെ നിരന്തര പരിശ്രമങ്ങളും, ആ വൃദ്ധന്റെ ആഗമനവും, ഇതെല്ലാം നിമിത്തം പ്രയോജനരഹിതമായിത്തീരാതിരിക്കുന്നതിനു, ശ്ലീഹായുടെ മുമതലബോധത്തോടുകൂടി, പത്രോസിന്നടുത്ത സിംഹാസനത്തിന്റെയും, മലങ്കരസഭ മുഴുവന്റെയും ധർമ്മങ്ങൾ പരിരക്ഷിക്കപ്പെടുവാനും, ഇക്കാലത്തിലും, ഭാവിതലമുറകൾക്കും, അപകർഷമല്ലാത്ത ഉൽക്കർഷത്തെത്തന്നെ സംജാതമാക്കുവാനും തക്കവണ്ണം വ്യവസ്ഥകളെ ലഘൂകരിപ്പാൻ തന്നെ നാം വീണ്ടും സമ്മതിച്ചു. ചിലപ്പോൾ നേരിട്ടും, മറ്റു ചിലപ്പോൾ, അതായതു് അട്ടേഹം പരിശുദ്ധ നഗരത്തിൽ താമസിച്ചിരുന്ന ഘട്ടത്തിൽ ഉഭർശ്ലേമിലെ നമ്മുടെ മെത്രാപ്പോലീത്തായായ മാർ ഗ്രീഗോറിയോസു മുഖേനയും വൃദ്ധനോടു പലവുരു പ്രയോജനകരമായ ആലോചനകൾ നടത്തുകയും നാനാവിധത്തിൽ ഉപദേശങ്ങൾ നൽകുകയും ചെയ്തു. എന്നാൽ അട്ടേഹം സാധുവും നിയമങ്ങൾ അനുസരിപ്പാൻ അറിഞ്ഞുകൂടാത്തവനുമാണെന്നും, പ്രകൃതിഭിന്നമായതൊ പരിജ്ഞാനത്തിൽ നിന്നു ഉൽഭ്രതമായതൊ ആയ ഗുണങ്ങൾ അട്ടേഹത്തിനില്ലെന്നും ബോധത്തിനും പ്രമാണത്തിന്റെയും സഭാചരിത്രത്തിന്റെയും പഠനത്താലുള്ള ഗ്രന്ഥവിജ്ഞാനത്തിനും അനുയോജ്യമായ ന്യായയുക്തികൾ ഗ്രഹിക്കുവാൻ പ്രാപ്തനല്ലെന്നും, പ്രത്യുത, ആരോ പഠിപ്പിച്ചിരിക്കുന്ന വചനങ്ങളെ ഉരുവിട്ടുകൊണ്ടിരിക്കുന്നവനാണെന്നും നമുക്കു വഴിയെ ബോധപ്പെട്ടു. എന്തെങ്കിലും, യാഥാർത്ഥ്യത്തെ അട്ടേഹം സമ്മതിക്കുന്നതിനു ഇടയാകുന്ന അവസരങ്ങളിൽ തന്നോടൊരുമിച്ചു വന്നിട്ടുള്ള ശുശ്രൂഷകന്മാരുമായി സംഭാഷണം നടത്തുകയൊ, തനിക്കു ധാരാളമായി വന്നുകൊണ്ടിരുന്ന എഴുത്തുകൾ വായിക്കുകയൊ ചെയ്യുകയും അനന്തരം പഴയ പ്രശ്നങ്ങളിലേക്കു തന്നെ പ്രവേശിക്കുകയും ചെയ്തു പതിവായി കാണപ്പെട്ടു. ചുരുക്കിപ്പറഞ്ഞാൽ അസ്ഥിരനായ ഒരു മനുഷ്യൻ തന്നെ! ഇന്നു "സമാധാനക്കമ്മിറ്റി"യുടെ അഭിപ്രായങ്ങളെ സ്വീകരിച്ചാൽ നാളെ

അവയുടെ പകർപ്പുകൾ അന്യോന്യം യോജിക്കുന്നില്ലെന്ന് പറഞ്ഞ് അവയെ എതിർക്കുകയായി. അദ്ദേഹത്തിന്റെ സ്ഥിതി ബഹുമാനാർഹമെങ്കിലും മനസ്സിന്റെ പ്രകൃതം പ്രസ്താവ്യമൊ ഇതു പോലുള്ള ശ്രേഷ്ഠമായ കാര്യനടത്തിപ്പിന് യോഗ്യമായതൊ അല്ല. ഇതിനുംപുറമെ അദ്ദേഹവും അദ്ദേഹത്തിന്റെ ഭാഗക്കാരും സത്യമായതും നിലനില്ക്കുന്നതുമായ സമാധാനത്തെയല്ല, പ്രത്യുത, അവരുടെ മത്സരചിത്തത്തിന്റെ ആഗ്രഹനിവൃത്തിക്കുള്ള ആയുധമായി അവർ പിടിച്ചിരിക്കുന്ന മിഥ്യയാസമാധാനത്തെയാണ് ആഗ്രഹിക്കുന്നതു് എന്നുള്ളവസ്തുത ഒടുവിൽ കൂടുതൽ പ്രത്യക്ഷമാകുകയും ചെയ്തു. തങ്ങളെത്തന്നെ ജ്ഞാനികളെന്നു പരിഗണിക്കപ്പെടുന്ന മനുഷ്യർ! സത്യത്തെ അറിയുവാൻ അവർ ആഗ്രഹിക്കുന്നില്ല; എന്നാലൊ വക്രതയുള്ള കാര്യങ്ങളെ നിരൂപിക്കുന്നു; വികടമായുള്ളവയെ ചിന്തിക്കുന്നു; പത്രോസിന്നടുത്ത സിംഹാസനത്തിന്റെ നേർക്കുള്ള ന്യായമായ കീഴ്വണക്കത്തോട് പരിപൂർണ്ണമായ മത്സരത്തെ അവർ വ്യാമോഹിക്കുന്നു. ആചാര്യത്വത്തിന്നടുത്ത ശക്തിയിൽനിന്നുള്ള അകൽച്ചയാണ് തങ്ങളുടെ ബലഹീനതയുടെയും വീഴ്ചയുടെയും കാരണമെന്ന് തിരിച്ചറിയുവാൻ ഇക്കൂട്ടർ ആഗ്രഹിക്കുന്നില്ല. പരിശുദ്ധ സഭയുടെ നിയമാനുസൃതമായ കൈവെയ്പിനെ കൈക്കൊള്ളുവാൻ അവർ ഇച്ഛിക്കുന്നില്ല. നേരെ മറിച്ച് മത്സരബുദ്ധിയോടെ അബ്ദേദ്മിശിഹായെ അവർ പിന്തുടരുന്നു. അദ്ദേഹമാകട്ടെ ഒരുകാലത്തു് പാത്രിയർക്കീസ് ആയിരുന്നുവെങ്കിലും തക്കതായ കാരണങ്ങളാൽ=പ്രത്യേകിച്ച് ബുദ്ധിഭ്രമം ഹേതുവാൽ_സിംഹാസനത്തിൽനിന്നു കാനോനികമായി തള്ളപ്പെട്ടവനകുന്നു. ശരിയായ ഒരു പാത്രിയർക്കീസിനു സഭയുടെ പൊതു സുന്നഹദോസു കൂടാതെ മപ്രിയാന സ്ഥാനം അഥവാ കാതോലിക്കാസ്ഥാനം സ്ഥാപിപ്പാൻ അധികാരമില്ലാതിരിക്കെ ശരിയായ സ്ഥാനത്തു ഇരുന്നകാലത്തു മലങ്കരയ്ക്കു ഒരു എപ്പിസ്കോപ്പായെ പോലും കൊടുത്തിട്ടില്ലാത്ത അദയനീയൻ, താൻ അതിൽനിന്നു വീണുപോയകാലത്തു, ആ ഗീവറുഗീസു മെത്രാൻ ഇദ്ദേഹത്തെ കബളിപ്പിച്ചു, ആ സ്വാർത്ഥൻ ആഗ്രഹിക്കുന്നപ്രകാരം പ്രമാണവിരുദ്ധമായും, ആലോചന രഹിതമായും അർത്ഥരഹിതമായും എന്തെല്ലാമൊ പ്രവർത്തിക്കുന്നതിനും എഴുതുന്നതിനും പ്രേരിപ്പിച്ചിട്ടുള്ളതു് എത്രയും നിയമവിരുദ്ധമാകുന്നു എന്നുള്ളതു് പ്രസിദ്ധവും സകലർക്കും പ്രസ്പഷ്ടവും ആണെല്ലൊ.

ഇതു് ഒരുവൻ തന്റേതല്ലാത്ത ഒരു സാധനമെടുത്തുകൊടുക്കുന്നതിനു തുല്യമാകുന്നു. ഈ ദാനം അപഹരണവും, മോഷണവും ആകുന്നു എന്ന് പറയേണ്ടതില്ലല്ലോ. പരിഹാസത്തിനും എന്നാൽ ചൂടേറിയ കണ്ണുനീരിനും യോഗ്യമായ പ്രവർത്തി! ആ വക്രബുദ്ധികൾ ഉണ്ടാക്കിയ ഈ ഇടർച്ചയാലും മത്സരബുദ്ധിയോടുകൂടിയ തർക്കത്താലും എത്ര ദോഷകരമായ ഒരു പരിണാമത്തിലേക്കു അവർ എത്തിയിരിക്കുന്നു എന്നും തങ്ങളുടെ പിതാക്കന്മാരുടെ ഏതൊരു

ബഹുമാനത്തെ അവർ നശിപ്പിച്ചിരിക്കുന്നു എന്നും അവർ ഗ്രഹിച്ചില്ല. ഈ സ്ഥാനത്തെ ന്യായവിരുദ്ധമായി അപഹരിക്കുകയാണ് ചെയ്തതു് എന്നു ഗ്രഹിപ്പാൻ അവർ ഇഷ്ടപ്പെട്ടില്ലാ എന്നാൽ പേരു അപഹരിച്ചപ്പോൾ ശക്തി അതിനോടുകൂടെ ഒഴുകിയില്ല. ഈ പ്രവൃത്തി പ്രത്യേകിച്ചു അഗാധമായ ഈ സ്വാർത്ഥതപ്രകടനം വിസ്മയനീയംതന്നെ. അന്യന്മാർപോലും ശ്ലീഹായ്ക്കടുത്ത കൈവെയ്പിന്റെ പിൻതുടർച്ചയെ ബഹുമാനിക്കുകയും പരിശോധിച്ചു അറിയുകയും ചെയ്യുന്നു. എന്നാൽ സ്വന്തക്കാരിൽ ചിലർ—അതായതു് ഈ കൂട്ടർ—ആകട്ടെ അതിൽനിന്നു ഓടി അകലുകയും അന്ത്യോഖ്യായിലെ പരിശുദ്ധ പിതാക്കന്മാരുടെ അപ്പോസ്തലീകങ്ങളായ അദ്ധ്വാനങ്ങളുടെനേർക്കു് കൃതഘ്നരായി തീരുകയും ചെയ്യുന്നു. ആ പിതാക്കന്മാരാകട്ടെ വേദവിപരീതവും കഠിന ദാസ്യവും ആകുന്ന ചുഴലിയിൽനിന്നു ഇവരെ രക്ഷിക്കുകയും സത്യവിശ്വാസവും പരിശുദ്ധ അന്ത്യോഖ്യാ സഭയുടെ യോഗ്യമായ പ്രവൃത്തനക്രമവും ആകുന്ന പ്രകാശത്തിലേക്കു് ഇവരെ കൊണ്ടുവരികയും ചെയ്തു. ഈ വിശ്വാസം വിശുദ്ധ അന്ത്യോഖ്യാ സഭയിലെ അനേകം സഹദേന്മാരാലും, പരിശുദ്ധന്മാരാലും, ശ്ലീഹന്മാരാലും പ്രത്യേകിച്ചു മറെറാരു സഭയിലും അവരോടു തുല്യന്മാരായവർ എഴുനേററിട്ടില്ലാത്തവരായി ജഗൽപ്രസിദ്ധന്മാരായ സുറിയാനിക്കാരായ മല്പാന്മാരാലും ഭൂതലത്തിൽ പ്രശോഭിച്ചു. ഈ മല്പാന്മാരെ നമ്മുടെ ഈ തലമുറയിലുള്ള വിശ്രുതന്മാരായ ഇതരപണ്ഡിതന്മാർപോലും സ്തുതിക്കുകയും അവരുടെ കൃതികളെ വിലയേറിയ രത്നങ്ങളെന്ന വണ്ണം ആശ്ലേഷിക്കുകയും ചെയ്യുന്നു. മലങ്കരയെ നേരിട്ടു സന്ദർശിച്ചിട്ടുള്ളവരും സുസ്മരണീയരുമായ നമ്മുടെ മുൻഗാമികളായ പാത്രിയർക്കീസന്മാർ—അതായതു നീതിമാന്മാരോടുകൂടി വിശ്രമിക്കുന്നവരായ അബ്ദേദ് ആലോഹൊ ദ്വിതീയൻ, ഏലിയാസു് തൃതീയൻ എന്നിവർ—അബ്ദേദ്മിശിഹായുടെ കൈവയ്പു വ്യർത്ഥം എന്നു തീരുമാനിച്ചു. നമ്മോടുകൂടെ കൂടിയ പരിശുദ്ധ സുന്നഹദോസും ഐകകണ്ഠ്യേന ഈ അഭിപ്രായത്തെത്തന്നെ സ്ഥിരപ്പെടുത്തി. എങ്കിലും ആ വൃദ്ധൻ പുന്നൂസാകട്ടെ, അദ്ദേഹത്തിന്റെ മനസ്സാക്ഷി മറിച്ചു വിചാരിക്കുകയും നമ്മുടെ സത്യത്തോടു ചേരുന്ന പക്ഷം അദ്ദേഹത്തിന്റെ കക്ഷികളാൽ സിമ്മനാരിയിൽനിന്നു തള്ളപ്പെട്ടു പോകുമെന്നു വിചാരിക്കുകയും ചെയ്യുന്നു. ആ കൂട്ടരാകട്ടെ ദൈവഭയത്തെ നിശ്ശേഷം തങ്ങളുടെ ഹൃദയത്തിൽനിന്നു അകററിക്കളഞ്ഞവരും അവരിൽ വഴക്കാളികളായ ചിലർ വഞ്ചനകളും വ്യാജങ്ങളും വികടതകളും ചിന്തിക്കുന്നവരുമാകുന്നു. അവർ ബുദ്ധിഭ്രമത്തോടുകൂടിയ വഷളത്വങ്ങളെ കടലാസ്സുകളിൽ അങ്ങുമിങ്ങും പ്രചരിപ്പിക്കുന്നു. ഇവ പ്രത്യക്ഷമായ മത്സരബുദ്ധിയേക്കാൾ അവരുടെ ഭോഷത്വത്തെക്കുറിച്ചു സാക്ഷിക്കുകയും അവരുടെ തക്കമനസ്ഥിതികളേയും ഉപായങ്ങളേയും വെളിപ്പെടുത്തുകയും അവർ ആചാര്യത്വത്തിന്റെ ശക്തിയോടു മറുതലിക്കുകയും ക്രിസ്തീയസഭ

യിൽനിന്നു കൊല്ലുന്നതായ വിഷത്തെ തന്നോടു ചേൎന്നവൎക്കു കല ൎത്തിക്കൊടുക്കുകയും ചെയ്തു നിർഭാഗ്യവാനായ ലൂഥറിന്റെ അഭി പ്രായക്കാരാണെന്നു വിശദമാക്കുകയും ചെയ്യുന്നു.....ആകയാൽ മലയാളത്തുള്ള ബഹുമാനപ്പെട്ട മെത്രാപ്പോലീത്തന്മാരും അനുഗ്ര ഹിക്കപ്പെട്ട പട്ടക്കാരും ശെമ്മാശന്മാരും ജനങ്ങളുമായ വാത്സല്യ വാന്മാരും സത്യമക്കളുമെ നിങ്ങളോടു നാം ആജ്ഞാപിക്കുന്നതെ ന്തെന്നാൽ, ഈ വൃദ്ധമനുഷ്യൻ പുന്നൂസും അയാളോടു ചേരുന്നവ രും പ്രത്യേകിച്ചു എപ്പിസ്കോപ്പാ എന്ന വ്യൎത്ഥനാമത്തിൽ അഹങ്ക രിച്ചു നടക്കുന്നവരും പരിശുദ്ധസഭയുടെ തെളിവായ സത്യത്തോടു ഇപ്രകാരം മത്സരിക്കുകയും വ്യൎത്ഥമായ കൈവയ്പിനെ ആശ്രയി ച്ചിരിക്കുകയും ചെയ്യുന്നവരായി അവരോടുകൂടിയുള്ള സകലരും ത ങ്ങൾ ശരിയായിട്ടുള്ളവർ എന്നു അവർതന്നെയും വിശ്വസിക്കുന്ന വരല്ല. നേരെമറിച്ചു് അവരുടെ മത്സരപരമായ ദുരുദ്ദേശത്തെ സാ ധിക്കേണ്ടതിനു് അപ്രകാരം ശരിയായിട്ടുള്ളവരെന്നു) വൃഥാ പറ ഞ്ഞുനടക്കുന്നു എന്നേയുള്ളു, ജീവന്റെ മാതാവാകുന്ന പരിശുദ്ധ അ ന്ത്യോഖ്യാ സഭയിൽനിന്നു അവർ തങ്ങളെത്തന്നെ ഛേദിച്ചിരിക്കു ന്നു. ആകയാൽ അവർ നമുക്കു അന്യരാണു്. ഇനി മേലാലും അവ ർ നിങ്ങൾക്കു പരിശുദ്ധസഭയാകുന്ന തൊഴുത്തിൽനിന്നു നിശ്ശേ ഷം പുറത്തുള്ളവരായിരിക്കണം.

അവരോടു സഹകരിക്കുവാനൊ സഭാസംബന്ധമായഏതെങ്കി ലുംശുശ്രൂഷയിൽ സംബന്ധിക്കുവാനൊ ദൈവത്തിൽനിന്നും ന മ്മിൽനിന്നും ഒരുവനും അനുവാദമില്ല. അവർ മാനസാന്തരപ്പെട്ടുനി യമപ്രകാരമുള്ള അനുതാപം സമർപ്പിക്കുകയും നമ്മിൽനിന്നും നമ്മു ടെ സിംഹാസനത്തിൽനിന്നും അവൎക്കു മോചനമുണ്ടാകുകയുംചെ യ്യുന്നതുവരെ ഒരു പ്രകാരത്തിലും സഭാസംബന്ധമായ യാതൊരു അവകാശവും ഇല്ലാത്തവരായിട്ടു് അവരെ വിചാരിച്ചുകൊള്ള ണം. എന്നാൽ വാത്സല്യമക്കളെ! നിങ്ങളൊ പരിശുദ്ധസഭയേ യും അപ്പോസ്തോലിക സിംഹാസനത്തേയും അതിന്റെ ന്യായമാ യ പിൻതുടർച്ചയേയും നിങ്ങളുടെ സർവ്വ ശക്തിയോടുംകൂടെ മുറ കെ പിടിച്ചുകൊൾവിൻ. അതിന്റെ നിയമങ്ങളെയും ചട്ടങ്ങ ളെയും വിശ്വാസത്തോടെ നിങ്ങളുടെ ഹൃദയങ്ങളിൽ പതിച്ചു കൊൾവിൻ. അവയിൽനിന്നു് ആത്മീയജീവനെ നിങ്ങൾ സമ്പാ ദിക്കും. നിങ്ങൾ ഇപ്രകാരംതന്നെ ചെയ്യുന്നു എന്നു നാം വിശ്വ സിക്കുന്നു. കൎത്താവു തന്റെ വിശ്വാസസ്നേഹത്തിൽ ഉറച്ചുനില്പാനും തന്റെ കൽപനകളുടെ ആചാരത്തിൽ അഭിവൃദ്ധിപ്പെട്ടുവരുവാനും തിരുസന്നിധിയിൽ പ്രസാദകരമായിട്ടുള്ളതിനെ നിങ്ങളുടെ ആയു ഷ്കാലം മുഴുവനും സർവ്വദാ പ്രവൎത്തിപ്പാനും നിങ്ങളെ ശക്തിപ്പെടു ത്തുകയും ഉത്സാഹമുള്ളവരാക്കിത്തീൎക്കുകയും ചെയ്യുമാറാകട്ടെ.....

എന്നു ക്രിസ്താബ്ദം 1934 കന്നി 27-ാം തീയതി

ഒരു ബഹുഭൂരിപക്ഷം പള്ളികളും ഇടവകകളും—അതായതു് 508 പള്ളികളിൽ 310—ഒന്നാം പ്രതിയുടെ പക്ഷത്തായിരുന്നു.

149_ളം വരുന്ന ഇടവകകളും പള്ളികളും ജനങ്ങളും ഉൾപ്പെട്ട പാത്രിയക്കീസുകക്ഷി, കാതോലിക്കോസുകക്ഷിയും ആയുള്ള സംസർഗ്ഗത്തിൽനിന്നു പിൻവാങ്ങിക്കൊള്ളണമെന്നു് ആജ്ഞാപിക്കപ്പെട്ടു. (കീഴ്കോടതിവിധി 151_ാം ഖണ്ഡിക) പാത്രിയക്കീസു് അവരുമായുള്ള സംസർഗ്ഗത്തിൽനിന്നും പിൻവാങ്ങുകയും തന്റെ പക്ഷക്കാരും അങ്ങനെതന്നെ ചെയ്യണമെന്നു പ്രസ്താവിക്കുകയുംചെയ്തു. ഇതു് അവർ ചെയ്തു. 1110 ധനു 11_ാം തീയതി നടന്ന യോഗത്തിൽ പാത്രിയക്കീസുകക്ഷി സംബന്ധിച്ചില്ല. തൽഫലമായി യോഗം ഒന്നാം പ്രതിയെ ഐകകണ്ഠ്യേന തെരഞ്ഞെടുക്കുകയും സഭയ്ക്കു ഒരു ഭരണഘടന രൂപീകരിക്കുന്നതിലേക്കു വേണ്ട ഉപദേശം കൈക്കൊൾകയുംചെയ്തു.

ഭരണഘടന രൂപീകരിക്കുന്നതിൽ അതിനു് അടുത്തു മുമ്പു നിലവിലിരുന്ന വസ്തുതകളെയും നടന്ന സംഭവങ്ങളെയും ഭരണഘടന രൂപീകരിച്ചവർ വിസ്മരിച്ചുകളഞ്ഞിരുന്നെങ്കിൽ അതു ഒരു അസാധാരണ നടപടിയായിരുന്നേനേ. പാത്രിയക്കീസും അദ്ദേഹത്തെ അനുസരിക്കുന്നവരും ഒന്നാം പ്രതിയുടെ കക്ഷിയിൽനിന്നവർ പിരിഞ്ഞിരുന്നു. ഇരു ഭാഗങ്ങളും തമ്മിൽ ഉള്ള സംസർഗ്ഗം പാടെ ഛേദിക്കപ്പെട്ടിരുന്നു. അതിന്റെ നിയമപരമായഫലം എന്താണു്?

ഈ വ്യവഹാരത്തിൽ ഉൾപ്പെട്ട വസ്തുക്കൾ യാക്കോബായ സുറിയാനിസഭ എന്നുള്ള അഭിധാനത്തോടുകൂടിയ ഒരു വിഭാഗം ജനങ്ങളുടെ ഉപയോഗത്തിനായി പ്രതിഷ്ഠിതമാണു്. പ്രത്യേകമായ വിശ്വാസതത്വങ്ങൾ, ശിക്ഷണം, സഭാഭരണം ഈ തത്വങ്ങളിൽ അധിഷ്ഠിതമായ സംസർഗ്ഗബന്ധത്തിൽ ഐക്യപ്പെട്ടിരിക്കുന്ന യാക്കോബായ സുറിയാനി ക്രിസ്ത്യാനികളാണു് ഈ വിഭാഗത്തിൽ പെട്ടിരിക്കുന്നതു്. അതിന്റെ ആത്മീയ മേലദ്ധ്യക്ഷൻ പാത്രിയക്കീസും, മലങ്കരയിൽ ആത്മീയവും ലൗകീകവുമായ സംഗതികളിൽ മേലദ്ധ്യക്ഷൻ മലങ്കര മെത്രാപ്പോലീത്തായും ആണു്. അബ്ദുൽമിശിഹാ ന്യായമായ പാത്രിയക്കീസായിരുന്നുവൊ അല്ലായിരുന്നുവൊ എന്നും ഒരു കാതോലിക്കാ സ്ഥാപനം ഏർപ്പെടുത്തുന്നതിനു അദ്ദേഹത്തിനു അധികാരമുണ്ടായിരുന്നുവൊ എന്നും മേല്പട്ടസ്ഥാനം നൽകുന്നതിനു അദ്ദേഹത്തിനു അധികാരമുണ്ടായിരുന്നൊ എന്നും ഉള്ള സംഗതികളിൽ അഭിപ്രായവ്യത്യാസം ഉണ്ടായിരുന്നു. അബ്ദുൽമിശിഹാ ഒരു പാത്രിയക്കീസെന്നു വിശ്വസിച്ചതിനാലൊ അദ്ദേഹം നൽകിയ പട്ടതപത്തിൽ വിശ്വസിച്ചതു മൂലമൊ യാതൊരു വേദവിപരീതമൊ ശീശ്മയൊ ഉളവാകുന്നില്ലെന്നു പുനരിൽ ഫർമ്പഞ്ചു് വിധി കൽപ്പിച്ചു. അതിനാൽ Z അക്കം പുറപ്പെടുവിക്കുന്നതിനു അടുത്തു മുമ്പു സുറിയാനി ക്രിസ്ത്യാനികൾ ഏകവും അവിഭാജ്യവുമായ ഒരു സഭാസംഘവും അതിന്റെ ആത്മീയ മേലദ്ധ്യക്ഷൻ പാത്രിയക്കീസും ആയിരുന്നു. ട്രസ്റ്റുസ്വത്തുക്കളുടെ ഭരണം സംബന്ധിച്ചു ചില അഭിപ്രായഭിന്നതകൾ ഉണ്ടായിരുന്നെങ്കിലും ഈ സഭയ്ക്കു വേണ്ടി

സ്വത്തുക്കൾ ട്രസ്റ്റിന്റെ പ്രതിഷ്ഠിച്ചിരുന്നു. കാതോലിക്കോസും കക്ഷികളും ഈ ട്രസ്റ്റിലുള്ള അവകാശങ്ങളെ നിർണ്ണയിക്കുന്നതിനു നിയമപ്രഷ്ട്യാ മതിയാകാത്തതും ഒരു വിധത്തിലും നീതീകരിക്കാൻ പാടില്ലാത്തതുമായ കാരണങ്ങളെ ആസ്പദമാക്കി സഭാസമൂഹത്തിന്റെ ഭൂരിപക്ഷവുമായുള്ള അദ്ദേഹത്തിന്റെ സംസർഗ്ഗം പാത്രിയക്കീസ് നിരാകരിച്ചു. ഈ സഭാസംഘം ഒന്നാടങ്കമായിരുന്ന ഈ ട്രസ്റ്റിന്റെ ഗുണാനുഭവസ്ഥന്മാർ. അവരുടേതല്ലാത്ത വീഴ്ചമൂലം അവയിൽ യാതൊരു വിഭാഗത്തിനും ഈ ട്രസ്റ്റിലുള്ള താല്പര്യം നശിപ്പിക്കാവുന്നതല്ല. പാത്രിയക്കീസിന്റെ കാരണസഹിതമല്ലാത്ത ഒരു തീരുമാനം നിയമപ്രകാരമുള്ള അവകാശങ്ങളെയൊ, അവയുടെ നാശത്തെയൊ രൂപഭേദപ്പെടുത്തുന്നതിനു പര്യാപ്തമല്ല. അദ്ദേഹം ആത്മീയ മേലദ്ധ്യക്ഷനായ സഭാസംഘത്തെ അപഗ്രഹിക്കുകയും പൊതുസഭയിൽ ഉൾപ്പെട്ടിരുന്ന കാതോലിക്കോസ് കക്ഷിയെ മാറ്റി നിറുത്തിക്കൊണ്ട് താനും തന്റെ അനുയായികളും മാത്രം ഉൾപ്പെട്ട ഒരു പുതിയ സഭ രൂപവൽക്കരിക്കുകയും ആയിരുന്ന പാത്രിയക്കീസിന്റെ പ്രവൃത്തിയുടെ ഫലം. ഇവിടെ ചെയ്യുന്ന അനുമാനങ്ങൾ ഇരുഭാഗക്കാരും അംഗീകരിച്ചിട്ടുള്ള നിലയുടെ യഥാർത്ഥ ഭദ്രതയെ ബാധിക്കുന്നില്ലെന്നും പ്രത്യുത കേവലം നിയമപരമായ സംഗതിയായ ട്രസ്റ്റിൽ അവക്കുള്ള ഗുണാനുഭവാവകാശങ്ങളെ മാത്രം സ്ഥിരീകരിക്കുന്നവയാണെന്നും പ്രത്യേകം ഓർക്കേണ്ടതാണ്.

അനീതിപരമായി പ്രവർത്തിക്കുകയൊ അനധികൃതമായി പൂർവ്വസമുദായത്തിന്റെ മറ്റു വിഭാഗവുമായുള്ള സംസർഗ്ഗം വെടിയുകയൊ ചെയ്യുന്ന വിഭാഗം സമുദായത്തിൽനിന്നും വേർ പിരിഞ്ഞതായി നിയമസങ്കൽപ്പം ഉണ്ട്. ഒരു സഭയെന്നാൽ എന്താണ്? സഭയിൽ നിന്നുള്ള വേർപിരിവു എന്നാൽ എന്താണ്? അതിന്റെ ഗുണത്തിനു വേണ്ടി ട്രസ്റ്റുകൾ സൃഷ്ടിക്കപ്പെട്ട ഒരു സഭ ഭിന്നിക്കുമ്പോൾ അതിൽ പൂർവ്വിക സഭയുടെ പിൻതുടർച്ചയായിഗണിക്കാനുള്ള അവകാശം ഏതു വിഭാഗത്തിനാണ്? സഭാ സംബന്ധമായ നിയമം സംബന്ധിച്ചു ഫ്രീച്ചർച്ചകേസ്സിൽ തീരുമാനിക്കപ്പെട്ടവയേക്കാൾ പ്രാധാന്യമേറിയതും ദുർഘടങ്ങളുമായ പ്രശ്നങ്ങൾ ഈ കേസ്സിൽ ഉന്നയിക്കപ്പെട്ടിട്ടുണ്ട്. ആ കേസ്സിൽ പ്രശസ്തരായ നിയമജ്ഞന്മാരും ന്യായാധിപന്മാരും തങ്ങൾ സൂക്ഷ്മതയോടും ഉത്തരവാദിത്വബോധത്തോടും കൂടി സ്ഥാപിക്കുന്ന തത്വങ്ങളെ പരിശോധിക്കുകയും പുനഃപരിശോധന നടത്തുകയും ചെയ്തു സ്ഥിതിക്കും ആ തത്വങ്ങൾ ഈ കേസ്സിലെ വിഷമകരങ്ങളായ തത്വങ്ങളേയും ഘടകങ്ങളേയും ഏതുവിധം ബാധിക്കുന്നു എന്നു ഈ കേസ്സിലെ വാദത്തിൽ വ്യക്തമാക്കിയില്ല എന്ന കാരണത്താലും ആ തത്വങ്ങളെ ഈ കേസ്സിലെ വസ്തുതകളിന്മേൽ പ്രയോഗിക്കുന്നതിനു പ്രാരംഭമായി അവ ഏവയെന്നു എന്റെ ശങ്കിക്കുന്നവരണമായ കരുതലോടുകൂടി വ്യക്തമാക്കേണ്ടതാണ്. അവയെ അഗണ്യ

മാക്കിക്കൊണ്ടു വിധി കല്പിക്കാൻ ഒരുമ്പെടുന്നതായാൽ തെറ്റായ അനുമാനങ്ങൾ ചെയ്യുന്നതിനു അതു സുഗമമാർഗ്ഗമായിരിക്കും. എന്റെ സഹോദരന്മാർ ചെയ്തിട്ടുള്ള അനുമാനങ്ങൾ ഈ കോടതിയിലെ ഫുൾബെഞ്ചു Mathan Malpan V. Oolahanan Gheevergheese (45 T. L. R. 116 F. B) കേസ്സിൽ ഐക കണ്ഠ്യേന കല്പിച്ച വിധിയെ രണ്ടു പേർ ചേർന്നു ഉണ്ടുല്പാടുത്തുന്നു എന്നു എനിക്കു അഭിപ്രായമുള്ളതുകൊണ്ടു പ്രത്യേകിച്ചും ഞാൻ കരുതലോടുകൂടി പുരോഗമിക്കുന്നതാണു്. ഞാൻ വ്യക്തമാക്കട്ടെ. ഒരു സഭ എന്നതു സഭാംഗങ്ങൾ ആരാധനയ്ക്കായി സമ്മേളിക്കുന്ന കെട്ടിടമൊ കെട്ടിടങ്ങളൊ അല്ല. ഫ്രീച്ചർച്ച കേസ്സിൽ ചാൻസലർ ഹാൽസബറി പ്രട്ട 612-ാം പുറത്തു പ്രസ്താവിക്കുന്നതു "പൊതുവെ പറയുന്നപക്ഷം ഒരു മതപരമായ സംഘത്തിന്റെ ഐകൃത അതിന്റെ വിശ്വാസതത്വങ്ങളുടെ ഐകൃതയിലാണു് ആശ്രയിച്ചിരിക്കുന്നതു. അതിന്റെ അനുയായികൾ പ്രഖ്യാപിക്കുന്ന വിശ്വാസത്തിന്റെ ഐകൃതയെ സാധിതമാക്കുന്നതിനു ഉദ്ദേശിച്ചുള്ളവയാണു് അതിന്റെ വിശ്വാസ പ്രമാണങ്ങളും വിശ്വാസ സ്വീകാരങ്ങളും വിധികളും പ്രമാണങ്ങളും മറ്റും ഉദ്ദേശിക്കപ്പെട്ടിരിക്കുന്നതു. എല്ലാ ക്രിസ്തീയ സഭകളിലും വിശ്വാസ പ്രമാണത്തിലും സ്വീകാരങ്ങളിലും അന്തർഭവിച്ചിരിക്കുന്ന മൌലിക സംഗതി, അവരെ ഒരു ക്രിസ്തീയ സംഘമായിയോജിപ്പിക്കുന്നബന്ധം ഏതേതുമതപരമായ അഭിപ്രായങ്ങളെന്നുള്ളതിന്റെ ഏറ്റവുപഠിച്ചിൽ എന്നുള്ളതാണു്. (ഒരുബന്ധവും ഒരു സംയോജനവും ഉണ്ടായിരിക്കണമെന്നുള്ളതു് പ്രത്യേകം ശ്രദ്ധിക്കണം)

613-ാം പുറത്തു Craigdallie V. Aikman എന്ന വിധിയിൽ എൽഡൻപ്രട്ട സമർത്ഥിച്ചിരിക്കുന്നതിനെ ഉദ്ധരിച്ചുകൊണ്ടു പ്രട്ട പറയുന്നതു "ഈ വിഷയം സംബന്ധിച്ചുള്ള ഇംഗ്ലീഷു് നിയമത്തിലെ തത്വം, മതപരമായ ആരാധനയ്ക്കുവേണ്ടി ഒരു സംഘമെന്നനിലയ്ക്കു A, B, C, മുതലായവർക്കു ട്രസ്റ്റായി സ്വത്തുക്കൾ നൽകപ്പെട്ടിരിക്കയും ശീശ്മയുണ്ടായാൽ എന്തുചെയ്യണമെന്നു ട്രസ്റ്റു സൃഷ്ടിക്കുന്ന പ്രമാണത്തിൽ വ്യവസ്ഥപ്പെടുത്തിയിരിക്കയും ചെയ്താൽ കോടതി ആ വ്യവസ്ഥയെ ആധാരമാക്കി പ്രവർത്തിക്കും. എന്നാൽ തത്സംബന്ധമായി ആ പ്രമാണത്തിൽ വ്യവസ്ഥയില്ലാതെയിരിക്കയും സഭ ഭിന്നിക്കുകയും ചെയ്യുന്നപക്ഷം, ആ സംഘം പ്രാരംഭത്തിൽ ഏതൊരു അഭിപ്രായത്തിനേലും തത്വങ്ങളിനേലും സംയോജിച്ചുവൊ ആ അഭിപ്രായങ്ങളോടും തത്വങ്ങളോടും-ചേർന്നു നിൽക്കുന്ന ഗുണാനുഭവസ്ഥന്മാരെ തൃജിച്ചു ഒരു മതപരമായ സംഘത്തിനുവേണ്ടി ആ ട്രസ്റ്റിന്റെ സ്വത്തുക്കൾ വിനിയോഗിക്കുന്നതിനു ആജ്ഞാപിക്കുന്ന ഒരു നിയമവും ഇംഗ്ലീഷു് നിയമാവലിയിൽ കാണുന്നില്ല. അങ്ങനെയുള്ള ഒരു ട്രസ്റ്റിന്റെ സ്വത്തുക്കൾ ആ സമൂഹത്തിന്റെ ആദ്യ നിയമ തത്വങ്ങളോടു യോജിച്ചു നിൽക്കുന്നവർക്കുവേണ്ടിയല്ലാതെ



കെ. പി. ഏബ്രഹാം ബി.എ., ബി.എൽ.,
ഹൈക്കോടതിയിൽ വാദിഭാഗം
അഡ്വക്കേററ്.



വി. വി. അനന്തപത്മനാഭയ്യർ ബി.എ., ബി.എൽ.
കോട്ടയം ജില്ലാക്കോടതിയിൽ
വാദിഭാഗം അഡ്വക്കേററ്.

ഭൂരിപക്ഷത്തെ ആശ്രയിച്ചു് വിനിയോഗിക്കപ്പെടണമെന്നു ആജ്ഞാപിക്കുന്ന യാതൊരു കോടതി വിധിയും അദ്ദേഹം കണ്ടില്ല. തങ്ങളുടെ അഭിപ്രായം മാറിയവർ ഭൂരിപക്ഷത്തിനു പകരം ആദ്യം സംഭാവന ചെയ്തവരുടെ പത്തിലൊന്നായാൽ ചോദിപ്പാനുമില്ല. അവിടെ അങ്ങനെയായിരുന്നു നില. ആദ്യ അഭിപ്രായങ്ങളെ അനുസരിച്ചു നിൽക്കുന്നവർ അങ്ങനെയുള്ള നിലമൂലം ആ അവസ്ഥയിൽ വസ്തുക്കൾക്കുള്ള അവകാശം നശിക്കുമെന്നു തീരുമാനിക്കുന്നതിനു സഹായകമായ യാതൊരു വിധിയും കണ്ടില്ല."

"വസ്തു അനുഭവത്തെ നിയന്ത്രിക്കേണ്ടതു സുന്നഹദോസ്സായിരിക്കണം എന്നുദ്ദേശിക്കപ്പെട്ടിരുന്നെങ്കിൽ അങ്ങനെ ഉടമ്പടിയിൽ വ്യവസ്ഥ ചെയ്തിരിക്കേണ്ടതായിരുന്നു. അങ്ങനെയെങ്കിൽ കോടതി അതനുസരിച്ചു വിധിക്കും. എന്നാൽ അങ്ങനെയുള്ള ഉടമ്പടി തെളിയിക്കപ്പെടണം. അങ്ങനെ ഒന്നും ആ കേസ്സിൽ അദ്ദേഹം കണ്ടില്ല. അതുകൊണ്ടു താഴെവരുന്ന രീതിയിലുള്ള രണ്ടു തീരുമാനങ്ങളോടുകൂടി കേസ്സ് കീഴ്ക്കോടതിയിലേക്കു അയയ്ക്കപ്പെടണമെന്നു അദ്ദേഹം അഭിപ്രായപ്പെട്ടു. (i) ഒരു ഐക്യപ്പെട്ടതും മതപരമായ അഭിപ്രായത്തിൽ യോജിച്ചു നിൽക്കുന്നതിനു തീരുമാനം ചെയ്തും ഉള്ള ഒരു സമൂഹത്തിനുവേണ്ടി വസ്തു വാങ്ങിയിട്ടുള്ളതും കെട്ടിടം പണിതിട്ടുള്ളതും ആണ്. (ii) ഈ സംഘത്തിൽ അഭിപ്രായ വ്യത്യാസം ഉണ്ടാകയും അതുമൂലം ഭിന്നിക്കയും ചെയ്താൽ ഈ വസ്തു ഏതുപ്രകാരം ഉപയോഗിക്കപ്പെടണമെന്നു യഥാർത്ഥത്തിൽ വ്യവസ്ഥപ്പെടുത്തിയിട്ടില്ലെന്നാണ് കാണുന്നതു്. ഈ കേസ്സിൽ ഉദിക്കുന്ന പ്രശ്നം ഈ ഉദ്ധരണിയിൽരണ്ടാമതായി പറഞ്ഞിരിക്കുന്നതാണ്,

ആ കേസ്സിലെ ട്രസ്റ്റിന്റെ സ്വഭാവത്തെപ്പറ്റി പറയുന്ന കൂട്ടത്തിൽ ഹാൽസ് ബറി പ്രഭു Graigie V. Marshall (1850) 12 D 523 എന്ന വിധിയിൽ 560-ാം പുറത്തു Moncreiff പ്രഭു പറയുന്ന അഭിപ്രായത്തെ ഉദ്ധരിക്കുന്നു. "വസ്തു സമ്പാദിക്കുന്ന കാലത്തു് മതപരമായ അഭിപ്രായങ്ങളിലും മാർഗ്ഗങ്ങളിലും യോജിക്കുന്നവരും പരസ്പരസംസർഗ്ഗത്തിൽ തുടരുന്നതിനു് ഉദ്ദേശിച്ചിരുന്നവരുമായ ഒരു സംഘം ആളുകളുടെ മതപരമായ ആരാധനയ്ക്കു ഉപയോഗിക്കണമെന്നു കരുതി സമ്പാദിച്ചിട്ടുള്ളതാണെന്നും യഥാർത്ഥത്തിൽ വ്യക്തമായിക്കാണുന്നു എന്നുള്ള സൂക്ഷ്മമായ തീരുമാനത്തോടുകൂടി കേസ്സ് അയക്കപ്പെട്ടു. അങ്ങിനെ അയച്ചതിന്റെ ഫലമായി അസ്സോഷ്യേററ് പ്രെസ്ബിററിയുടെയും സുന്നഹദോസ്സിന്റെയും പൂർവ്വതത്വങ്ങളിൽനിന്നൊ വ്യവസ്ഥകളിൽനിന്നൊ പ്രതികൾ വ്യതിചലിച്ചു എന്നു തീരുമിനിക്കുന്നതിനു മതിയായതൊ, ഈ വിഷയം സംബന്ധിച്ചു ഈ കോടതിക്കു മനസ്സിലാക്കുന്നതിനു ഉതകുന്നതൊ ആയ വിധത്തിൽ പ്രതികൾ അവർതന്നെ ചെയ്തതൊ അസ്സോഷ്യേററ സുന്നഹദോസ് ചെയ്തതൊ ആയ ഏതെങ്കിലും കൃത്യത്തിനൊ പ്രഖ്യാപിച്ച ഏതെങ്കിലും അഭിപ്രായത്തിനൊ ഉത്തരവാദികളാണെന്നു തെളിയിക്ക

പ്പെട്ടില്ലെന്നും വാദിപ്രതികൾ തമ്മിൽ തത്വത്തിൽ വ്യത്യാസമാണ് ഉള്ളതായി വാദികൾ സമർത്ഥിക്കുന്നതെന്നു ഈ കോടതിക്കു മനസ്സിലാകത്തക്കവിധം തെളിയിച്ചിട്ടില്ലെന്നും, അതിനാൽ പ്രതികൾ സംഘത്തിന്റെ പൂർവിക പ്രമാണങ്ങളിൽനിന്നും തത്വങ്ങളിൽനിന്നും വ്യതിചലിച്ചു എന്നുള്ള സങ്കല്പത്തിന്മേൽ പ്രസ്തുത ആജ്ഞാപിച്ച വിചാരണയ്ക്കു ആവശ്യമില്ലെന്നും തീരുമാനിക്കപ്പെട്ടു.

വിശ്വാസത്തിലും സ്വീകാര്യങ്ങളിലും ഉള്ള ഐകരൂപ്യമാണു് അത്യന്താപേക്ഷിതമായ അടിസ്ഥാനം. അയർലണ്ടിലെ "ബാരൻസ്മിത്തി"ൽ നിന്നു ഉദ്ധരിച്ചുകൊണ്ടു ഹാൽസ്ബറി 16-ാം പുറത്തിന്റെ മദ്ധ്യത്തിൽ പറയുന്നതു്.

"ഞങ്ങൾ അവനോടു പറയുന്നതു, നീ ഞങ്ങളോടു യോജിക്കുന്നെങ്കിൽ ഏതാനും വിശ്വാസപ്രമാണങ്ങൾക്കു ഒപ്പു വയ്ക്കുകയൊ അവയുടെ സത്യത്തെ സമ്മതിക്കുന്നു എന്നു വ്യക്തമാക്കുകയൊ ചെയ്യുക. വിയോജിക്കുന്നെങ്കിലൊ ഒപ്പു വയ്ക്കാതിരിക്കുകയൊ സമ്മതം പ്രഖ്യാപിക്കാതിരിക്കയൊ ചെയ്യുക. ആദ്യം പറഞ്ഞതുപോലെ ചെയ്താൽ അവൻ ഞങ്ങളുടെ മതത്തിൽപെട്ടവനെന്നും, രണ്ടാമതു പറഞ്ഞതുപോലെ പ്രവർത്തിച്ചാൽ ഞങ്ങളുടെ മതത്തിൽ പെടാത്തവനെന്നും അവനെപ്പറ്റി ഞങ്ങൾ പറയും. ഞങ്ങളുടെ വിശ്വാസം സ്വീകരിക്കുന്നതിനു് അവനെ ഞങ്ങൾ നിർബന്ധിക്കുന്നില്ല. എന്നാൽ അവൻ അതിനെ സ്വീകരിക്കുന്നുവൊ ഇല്ലയൊ എന്നുള്ളതു പ്രവർത്തി മുഖേന ഞങ്ങളെ അറിയിക്കണമെന്നു മാത്രമെ ആവശ്യപ്പെടുന്നുള്ളു. ഇതുതന്നെയും ആവശ്യപ്പെടുന്നതു അവൻ ഞങ്ങളിൽ ഒരുത്തനായി ചേർപെടണമെന്നും ഞങ്ങളോടു മതപരമായ സംസർഗ്ഗത്തിൽ ഇരിക്കണമെന്നും അവകാശപ്പെടുന്നെങ്കിൽ മാത്രമാണു്. അങ്ങിനെ ഒരു പ്രമാണം ഇല്ലെന്നുവന്നാൽ നമ്മുടെ വ്യവസ്ഥാപിത സഭ അഭിപ്രായ ഐകരൂപ്യംമൂലം സംയോജിക്കപ്പെട്ട ഉറപ്പിക്കപ്പെട്ട പാറ അല്ലാതായിത്തീരുന്നതും പ്രത്യുത പരസ്പര ബന്ധമില്ലാത്തതും ഒന്നിച്ചു കൂട്ടപ്പെട്ടതെങ്കിലും ഐക്യപ്പെടാത്തതും ഓരോ തരിയും മറ്റുള്ളവയിൽ നിന്നു വ്യത്യസ്തവും തനിച്ചിരിക്കുന്നതും നാമമാത്രമായി ഒന്നിക്കപ്പെട്ടതെങ്കിലും സംയോജിക്കപ്പെടാത്ത മണൽക്കുന്നുകൾപോലെ ഇരിക്കുന്നതും അകം സാരൂപ്യരഹിതവും പരസ്പര വിരുദ്ധവും ഛിദ്രംകൊണ്ടു നിറഞ്ഞതുമായിരിക്കും.

ഇങ്ങനെയുള്ളതു" എന്റെ അഭിപ്രായത്തിൽ ഒരു ഉന്നത വൈദികസ്ഥാനി പറഞ്ഞതുപോലെ "മതം ഇല്ലാത്ത ഒരു സഭയായിരിക്കും."

തീരുമാനത്തിനായി പ്രസ്താവിക്കപ്പെട്ട ഈ തത്വങ്ങൾ പില്ക്കാലത്തു അംഗീകരിക്കപ്പെടുകയും അനുസരിക്കപ്പെടുകയും ചെയ്തിട്ടുണ്ടു്. ആളുകളുടെ ഭ്രമിപക്ഷം എന്നതു് പ്രസ്തുതത്തെ സ്പർശി

ക്കുന്നില്ല. പിന്നെയൊ ട്രസ്റ്റിന്റെ ആദ്യ ഉദ്ദേശ്യങ്ങൾ മാത്ര മാണ് മാർഗ്ഗദർശകമായിരിക്കേണ്ടതു്.

വിശ്വാസ ഐക്യം എന്നതു് വ്യത്യാസരാഹിത്യം മാത്രമല്ലാ, അതു വിശ്വാസങ്ങളിലും വിശ്വാസപ്രമാണങ്ങളിലും ഉള്ള സാക്ഷാത്തായ ഏകാഭിപ്രായമാണ്. 628-ാം പുറത്തു ഹാൽസുബറി പ്രഭു പറയുന്നതു്.

"അതു് നാമമാത്രമായ ഒരു യോജിപ്പായിത്തീരുന്നു. ഒരു വിധമുള്ള വിശ്വാസത്തിനുവേണ്ടി സൃഷ്ടിക്കപ്പെട്ട ട്രസ്റ്റ മറ്റൊരു വിഭാഗക്കാർ ആദ്യം പറഞ്ഞവരുമായി ഏതൊ ചില വിശ്വാസതത്വങ്ങളിൽ യഥാർത്ഥത്തിൽ യോജിക്കുന്നു എന്നോ, നാം ഒരു വിശ്വാസ സ്വീകാരത്തെപ്പറ്റി തർക്കിക്കുന്നതല്ലെന്നു സമ്മതിക്കുന്നു എന്നതു കൊണ്ടോ, തങ്ങളുടെ ആചാരക്രമങ്ങളെ ഇരു കൂട്ടർക്കും സ്വീകാര്യമായവിധം രൂപീകരിക്കാമെന്നു പറയുന്ന മറ്റൊരു സംഘത്തിന്റെയും കൂടി പ്രയോജനത്തിനുവേണ്ടി ഉപയോഗിക്കപ്പെടാവുന്നതല്ല".

"അങ്ങിനെയുള്ള ഒരു സമ്മതം കൊണ്ടു് എന്റെ അഭിപ്രായത്തിൽ അതു ഒരു സഭയാകുന്നില്ല. അതു് സർ വില്യം സ്മിത്തു് പറയുന്നതുപോലെ മതമില്ലാത്ത ഒരു സഭയാകുന്നതെയുള്ളു. അതിന്റെ വിശ്വാസ തത്വങ്ങൾ ഒരുവിശ്വാസ സ്വീകാരമായിരിക്കാൻ തരമില്ലാത്തവിധം രൂപീകരിക്കപ്പെടും. പ്രത്യുത ഐക്യത്തിനു നിദാനമായ വിശ്വാസത്തെ മറയ്ക്കുന്നതിനു മാത്രമെ പര്യാപ്തമാകയുള്ളു."

ഫ്റീച്ചർച്ച കേസിൽ 643-ാം പുറത്തു ഡേവി പ്രഭു പറഞ്ഞിരിക്കുന്നതു്, മതപരമായ വിശ്വാസം ആരാധനാപരമായ തത്വങ്ങൾ, ശിക്ഷണം, സഭാഭരണം ഇവയുടെ അടിസ്ഥാനത്തിന്മേൽ യോജിപ്പുള്ള ക്രിസ്ത്യാനികളുടെ സ്വേച്ഛാനുസാരവും നിയമ വ്യവസ്ഥകൾ അനുസരിച്ചു രൂപീകൃതമല്ലാത്തതുമായ സംഘമാണ് സഭ.

Craigdallie V Aikman എന്ന വിധിയിൽ നിന്നു ഉദ്ധരിച്ചുകൊണ്ടു ആ പ്രഭു പറയുന്നതു്" ഈ കെട്ടിടം ഉപയോഗിക്കണമെന്നു ആഗ്രഹിക്കുന്നവരുടെ ഇടയിൽ മതപരമായ അഭിപ്രായഭിന്നത ഉളവായാൽ, അപ്പോൾ തിരുമാനയോഗ്യമായ പ്രശ്നം അവരിൽ ഏതു വിഭാഗമാണ് പ്രസ്തുത ആരാധനാസ്ഥലം പണിയിപ്പിച്ചവരുടെ അഭിപ്രായത്തോടു യോജിച്ചു നിൽക്കുതെന്നും, അവരുടെ അഭിപ്രായങ്ങളിൽനിന്നു വിയോജിച്ചു നിൽക്കുന്നവർ ആരെന്നുമുള്ളതായിരിക്കും. പ്രസ്തുത അഭിപ്രായങ്ങളോടു യോജിക്കുന്നവരെയാണ് ഈ കെട്ടിടം ഉൾപ്പെട്ട ട്രസ്റ്റിന്റെ ഗുണാനുഭവസ്ഥന്മാരായി കരുതേണ്ടതു്. അല്ലാതെ ഈ കെട്ടിടം ഉണ്ടാക്കിയവരുടെ മത തത്വങ്ങളിൽ നിന്നു പാടെ മാറിയവരെയല്ല എന്നുവേണം പറയേണ്ടതു്.

1817-ൽ വിധിയായ ഒരു ഇംഗ്ലീഷ് കേസ്സിൽ (Attorney General V. Pearson. ഈ കേസ്സ് Craigdalie കേസ്സിലെ രണ്ടു അപ്പീലുകൾക്കും ഇടയിൽ വിധിക്കപ്പെട്ടതാണ്). എൽഡൻ

പ്പെട്ട, സഭ അംഗീകരിച്ച തത്വങ്ങളെ വളരെ വിശദമായി പറയുന്നുണ്ട്".

നേരെമറിച്ചു, അതിന്റെ സൃഷ്ടാവിന്റെ അഭിപ്രായത്തിൽ ക്രിസ്തുമതത്തിന്റെ തത്വങ്ങളോടു ഏറ്റവും യോജിച്ചതായി കരുതിയ മതപരമായ ആരാധനയ്ക്കും, ആവക വിശ്വാസ തത്വങ്ങൾ ഉപദേശിക്കുന്നതിനും ആയി ഒരു സ്ഥാപനം സൃഷ്ടിച്ചാൽ (ഇതു സമഗ്രതി സ്കോട്ട്ലൻഡിൽ നിന്നുള്ള ഒരു കേസ്സിൽ തീരുമാനിക്കപ്പെട്ടതാണെന്നാണ് എന്റെ അഭിപ്രായം) ഏതെങ്കിലും കാലത്തു അതിന്റെ ഭരണ കർത്തൃത്വം വഹിക്കുന്നവർക്കു അതിന്റെ സ്ഥാപനോദ്ദേശത്തെ ഭേദപ്പെടുത്തുന്നതിനോ മറ്റുള്ള അംഗങ്ങളോടു "ഞങ്ങൾ ഞങ്ങളുടെ അഭിപ്രായം മാറി; സ്ഥാപകൻ നിർദ്ദേശിച്ചിട്ടുള്ള വിശ്വാസ തത്വോപദേശം കേൾക്കുന്നതിനും ആരാധനയിൽ പങ്കെടുക്കുന്നതിനും വന്നിരിക്കുന്ന നിങ്ങൾ ഞങ്ങളുടെ അഭിപ്രായത്തിൽ വന്നിരിക്കുന്ന ഭേദഗതികളോടു യോജിക്കുന്നില്ലെങ്കിൽ നിങ്ങൾക്കായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ള പ്രയോജനം മേലിൽ അനുഭവിക്കുന്നതല്ല" എന്നുപറയുന്നതിനോ അവകാശം ഉണ്ടായിരിക്കയില്ല. അങ്ങനെ സംഭവിച്ചാൽ ഞാൻ മുമ്പു സൂചിപ്പിച്ചിരിക്കുന്ന വിധിയാൽ സ്ഥാപിതമായിരിക്കുന്നതുപോലെ ഒരു സംഘം തങ്ങളിൽ തന്നെ ഛിദ്രിച്ചുപോയാൽ ആ സ്ഥാപനത്തിന്റെ ആദ്യ സ്വഭാവം എന്തായിരുന്നു എന്നുമാത്രം നോക്കി തീരുമാനം കൽപ്പിക്കേണ്ടതാണ്. ഇപ്പോഴുള്ളവരുടെ ഭൂരിപക്ഷാഭിപ്രായം ഇങ്ങനെ മറേതെങ്കിലും പ്രമാണത്തെ ആസ്പദപ്പെടുത്തുന്നപക്ഷം ഒരു നൂതന സ്ഥാപനം സൃഷ്ടിക്കുകയായിരിക്കും തന്മൂലം ചെയ്യുന്നതു്. ആയതു ഇന്നു കോടതിയുടെ ധർമ്മത്തിനും സ്വഭാവത്തിനും അനുയോജ്യമായിരിക്കയുമില്ല."

"പ്രസ്തുതരെ ഏതെങ്കിലും മതപരമായ ഒരു സംഘടനയുടെ ഏതെങ്കിലും വിശ്വാസ തത്വത്തിന്റെ സത്യത്തെയോ വിവേകത്തെയോ അവയിൽ ഏതെങ്കിലും വേദപുസ്തകത്തിന്റെ ന്യായമായ വ്യാഖ്യാനത്തിന്മേൽ അടിസ്ഥാനപ്പെടുത്തപ്പെട്ടതോ അല്ലാത്തതോ എന്നും വിഭിന്ന വിശ്വാസ തത്വപ്രസ്താവനകളിൽ അടങ്ങിയിരിക്കുന്ന പരസ്പര വൈരുദ്ധ്യമോ വ്യത്യാസങ്ങളോ യഥാർത്ഥമോ അതോ നാമമാത്രമായുള്ളതോ എന്നും, അങ്ങനെയുള്ള വ്യത്യാസങ്ങൾ പൂർണ്ണവും അനന്തവുമായ ദൈവത്തെപ്പറ്റിയുള്ള അപൂർണ്ണവും ക്ലിഷ്ടവുമായ ധാരണയിൽ നിന്നു ജന്യമോ എന്നും ഇങ്ങനെയുള്ള ഏതു പ്രശ്നത്തെയുംപറ്റി ചർച്ചചെയ്യുന്നതിനു ഈ കോടതിക്കോ ഈ രാജ്യത്തെ ഏതെങ്കിലും കോടതിക്കോ അധികാരമുണ്ടെന്നുള്ളതിനെ ഞാൻ പ്രതിഷേധിക്കുന്നു. സിവിൽ കോടതിയുടെ കൂടുതൽ എളിയതും ഉപയോഗപ്രദവുമായ ചുമതല ട്രസ്റ്റുകൾ സ്ഥാപിച്ചിട്ടുള്ളവർ രൂപീകരിച്ചിട്ടുള്ള നിയന്ത്രണ വ്യവസ്ഥകൾ അംഗീകാരമായി പാലിക്കപ്പെടുന്നോ എന്നു തീരുമാനിക്കുന്നതാണ്. കഴിഞ്ഞുപോയ ഒരു തലമുറ ഉണ്ടാക്കിയിട്ടുള്ള ബ

സ്ഥനങ്ങളിൽ നിന്നു വിട്ടുതൽ സമ്പാദിക്കുന്നതിലേയ്ക്കു അതി ബു
ദ്ധിമാന്മാരും പണ്ഡിതന്മാരുമായ ആളുകൾ ചെയ്യുന്ന സകല ശ്രമ
ങ്ങളോടും എനിക്കു സഹതാപമാണു" ഉള്ളതു്. ആ ശ്രമങ്ങളെ ഞാ
ൻ വിലമതിക്കുന്നു. എന്നാൽ ഒരു നീതിന്യായ കോടതിക്കു മേൽ
അപ്പീൽ കോടതി എന്ന നിലയ്ക്കു അങ്ങനെയുള്ള യാ
തൊരു സംഗതിയും ആലോചനയ്ക്കു എടുക്കുന്നതിനു എനിക്കു
സ്വാതന്ത്ര്യമില്ല.

ഓരോ കേസ്സിലും ഉദിക്കുന്ന പ്രശ്നം, ആരുടെ ഇണത്തിനു വേ
ണ്ടി ട്രസ്റ്റു സ്ഥാപിക്കപ്പെട്ടുവൊ അവരുടെ മതപരമായ വി
ശ്വാസങ്ങളും സംഘ്യോജന തത്വങ്ങളും ഏവയായിരുന്നു എന്നുള്ള
താണു്. ഏതെങ്കിലും ഒരു സംഘടന ഏതെങ്കിലും വിശ്വാസത്തെപ്പ
റ്റി അതു കാര്യമായതു് അല്ലാ എന്നൊ അത്യന്താപേക്ഷിതമല്ലെ
ന്നൊ മെത്രലികമല്ലെന്നൊ കക്ഷികൾ തന്നെ പ്രഖ്യാപനം ചെ
യ്തിട്ടുണ്ടെങ്കിലല്ലാതെ അതേപ്പറ്റി ആ രീതിയിൽ ഉള്ള ഒരു തീരുമാ
നം ചെയ്യുന്നതിനു പര്യാപ്തമായ ഏതെങ്കിലും പരീക്ഷണമൊ അ
തിന്റെ മാറ്റു നിർണ്ണയിക്കുന്നതിനുള്ള ഉരകല്ലൊ കോടതിക്കില്ല.
സംഘടന സൃഷ്ടിക്കുന്ന രേഖയാൽ തന്നെ ഒരു കാലത്തു ആ സംഘ
ടന സ്വീകരിച്ചിട്ടുള്ള വിശ്വാസ തത്വങ്ങളേയും പ്രമാണങ്ങളേയും
നിയന്ത്രിക്കുകയൊ മാറ്റുകയൊ പരിഷ്കരിക്കുകയൊ ചെയ്യുന്നതിനു
അധികാരമുള്ള ഒരു ഘടകത്തേയും സൃഷ്ടിച്ചു എന്നു വരാം. എന്നാ
ൽ അങ്ങിനെ ഒന്നുണ്ടെന്നുള്ള സംഗതി തന്നെയും മറ്റേതു വിശ്വാസ
തത്വമൊ അടിസ്ഥാന പ്രമാണമൊ പോലെ തെളിയിക്കപ്പെടണം."

ഈ ഉദ്ധരണികളിൽ നിന്നും ഒരു വിശ്വാസ ഐക്യത്തിന്മേൽ
സ്ഥാപിതമായിരിക്കുന്ന സംഘടനപോലെ തന്നെ വിശ്വാസത്തി
ന്റെ ഐക്യതയും പ്രാധാന്യമുള്ളതാണെന്നു വ്യക്തമാകുന്നല്ലൊ.
വിശ്വാസം കർമ്മവിഷയകമായ ഐക്യവും സംഘടന ആ യോജി
പ്പിന്റെ ആത്മജ്ഞാനോല്പന്നം ആയ യാഥാർത്ഥ്യവുമാണു്. ഒരു
സജീവമായ സഭയ്ക്കു രണ്ടും ആവശ്യമാണു്.

സഭ എന്നതു നിയമ സൃഷ്ടിയായ ഒരു സ്ഥാപിത സംഘം
പോലെ ബന്ധിതമായി ക്ലിപ്തപ്പെടുത്തിയിട്ടുള്ള ഒരു സത്വം അല്ല.
അംഗങ്ങൾക്കു പൊതുവായ അഭിപ്രായങ്ങൾ ഉണ്ടെന്നുള്ളതുകൊ
ണ്ടു മാത്രം യോജിച്ചിരിക്കുന്ന ഒരു സംഘം ആളുകളാണു്. ഈ അ
ഭിപ്രായയോജ്യത നശിക്കുന്നതോടുകൂടി സഭയുടെ അടിസ്ഥാനവും
ഇല്ലാതായിത്തീരുന്നു. ഈ ഫലം ഉളവാക്കണമെങ്കിൽ ഈ അഭി
പ്രായ ഭിന്നത മൗലിക തത്വങ്ങളിലായിരിക്കണം. ഭരണ സംബ
ന്ധമൊ വിശ്വാസപരമൊ ആയ അപ്രധാനസംഗതികളിൽ അഭി
പ്രായവ്യത്യാസം പോരാ ഒരു സ്ഥാപനമെന്ന നിലയ്ക്കു സഭയു
ടെ സ്വഭാവത്തെപ്പറ്റി Mathan Malpan V. Oolahannan
Gheeverghese എന്ന വിധിയിലും പ്രത്യേകമായി മി. ജസ്റ്റിസ്
സു പരമേശ്വരൻ പിള്ളയുടെ ജഡ്ജ്മെൻറിലും വിവരിക്കുന്നുണ്ടു".

സഭാ സംബന്ധമായ സംഘടനകൾക്കു അനുയോജ്യമായ നിയമം സ്വേഛാനുസാരമായ സംഘടനകളെ ബാധിക്കുന്ന നിയമമാണെന്നു ഇതിൽ നിന്നും സിദ്ധിക്കുന്നു. ഇതിൽ നിന്നു ഉദിക്കാവുന്ന ഏതാനും തെററിദ്ധാരണകളെ തടയുന്നതിനു ചില സംഗതികൾ സൂചിപ്പിക്കേണ്ടതുണ്ടു്. ഒരു സഭാസംഘടനയിൽ അന്തർഭവിക്കുന്ന മുഖ്യസംഗതികൾ.

(1) സഭാംഗങ്ങൾ തമ്മിൽ ഉള്ള സംസർഗ്ഗത്തെ ജനിപ്പിക്കുന്ന സജീവമായ ബന്ധം.

(ii) ആ സമൂഹം വിശ്വാസം, ശിക്ഷണം, ഭരണം ഇവയിന്മേൽ അടിയുറപ്പിച്ചിട്ടുള്ളതായിരിക്കണം.

ഒരേ വിശ്വാസം ശിക്ഷണം ഭരണം ഇവയുള്ള ഒന്നിലധികം ക്രിസ്തീയ സംഘടനകൾ ഉണ്ടായിരിക്കാവുന്നതാണു്. എന്നാൽ അവയുടെ അംഗങ്ങൾ തമ്മിൽ സംസർഗ്ഗം ഇല്ലായിരിക്കാം. അങ്ങനെ ആയാൽ അവ ഓരോന്നും പ്രത്യേക സഭകളായിരിക്കുന്നതാണു്. ഇംഗ്ലണ്ടിൽ ഒരു സഭയ്ക്കും, അമേരിക്കയിൽ ഒരു സഭയ്ക്കും, ഈസ്റ്റിൻഡീസിലൊ ചൈനയിലൊ ഉള്ള ഒരു സഭയ്ക്കും ഒരേ വിശ്വാസപ്രമാണവും വിശ്വാസവും വ്യവസ്ഥയും ഉണ്ടായിരിക്കാം ഇവയുടെ അംഗങ്ങൾ തമ്മിൽ സംസർഗ്ഗം ഇല്ലായിരുന്നാൽ അവ ഓരോന്നും പ്രത്യേക സഭകളായിരിക്കും. അവ തമ്മിൽ ഐകരൂപ്യം ഉണ്ടായിരിക്കാം. എന്നാൽ അവ ഒന്നായിരിക്കയില്ല. അവയിൽ ഒന്നിനു വേണ്ടി സ്ഥാപിക്കപ്പെട്ടിട്ടുള്ള ട്രസ്ററു മററുള്ളവയ്ക്കുവേണ്ടി ഭരിക്കപ്പെടാവുന്നതല്ല. പിൽക്കാലത്തു അവയെല്ലാം കൂടി ഒന്നായി തീർന്നേക്കാം. ഈ ഏക സംഗതിയിൽ മാത്രം സഭകൾ വ്യത്യസ്ഥങ്ങളായിരുന്നാൽ ഇവ തമ്മിലുണ്ടാകുന്ന ഒരു സമ്മിശ്രണം ഒരു ന്യൂനപക്ഷത്തിന്റെ അഭിപ്രായത്തിനു വിരുദ്ധമായി പ്രായോഗികമാക്കാമൊ എന്നുള്ളതു് ഫ്റീച്ചർച്ചു് കേസിൽ ആലോചനാ വിഷയമായിരുന്നില്ല. ഒരു സഭയിലെ അംഗങ്ങൾ മറെറാന്നിൽ ചേരാം. മറിച്ചും സംഭവിക്കാം. എന്നാലും ട്രസ്ററുഭരണത്തെ സംബന്ധിച്ചിടത്തോളം അവ പിന്നേയും വിഭിന്നങ്ങളായിത്തന്നെ ഇരിക്കും. അവ തമ്മിലുള്ള സംയോജനം ഉണ്ടാകുന്നതു ഒന്നിന്റെ അംഗങ്ങൾ മറെറാന്നിലും രണ്ടാമത്തേതിന്റെ അംഗങ്ങൾ ആദ്യത്തേതിലും ചേരുന്നതിനാലുമാണു്. വിശ്വാസപ്രമാണങ്ങളിലുള്ള ഐക്യതയും അംഗങ്ങൾ തമ്മിലുള്ള സംസർഗ്ഗവും കൊണ്ടു മാത്രമാണു് അങ്ങിനെയുള്ള യോജിപ്പുണ്ടാകുന്നതു്. ഒരു സഭയുടെ ജീവൻ, സഭാംഗങ്ങൾ ചേർന്നുള്ള സംഘടനയുടെ ജീവശക്തിയിലാണു് ആശ്രയിച്ചിരിക്കുന്നതു്. പുതിയ അംഗങ്ങളെ എല്ലായ്പ്പോഴും ചേർക്കാം. പഴയ അംഗങ്ങൾക്കുപിരിഞ്ഞുപോകയും ചെയ്യാം. ഇങ്ങിനെ സഭ നിത്യമായ ജീവന്റെ വാഗ്ദാനത്തോടുകൂടി പരമ്പരാഗതമായി തുടരുന്നതാണു്. ഹൈന്ദവനിയമത്തിൽ വിഗ്രഹം ഒരു നിയമസംബന്ധമായ ആളത്വ

ത്തോട് കൂടിയതായിരിക്കുന്നതുപോലെ ഒന്നല്ല സഭ. അതു നിധ്യ മസൂഷ്ടിയായ ഒരു സംഘടനയുമല്ല.

ഏതൊരു സ്വേച്ഛാനുസാരമായ സംഘടനയിൽ നിന്നും അംഗങ്ങളെ നീക്കം ചെയ്യാവുന്നതുപോലെ ഒരു സഭാംഗത്തെയും നീക്കാവുന്നതാണ്". അതിനു ഉപയോഗിക്കുന്ന മാർഗ്ഗങ്ങളും നടപടികളും ന്യായവും സാമ്പാദ്ധ്യികനീതി ചട്ടങ്ങൾക്കു അനുയോജ്യവുമായിരിക്കണം. നിയമപ്രകാരം തെറ്റായ ഒരു നീക്കൽ അനാധുവാണ്". അങ്ങനെ നീക്കപ്പെട്ടുന്ന ആൾ അംഗമായിതുടരുന്നതുമാണ്". ഒരു നീക്കൽ ഉണ്ടാകാതിരിക്കുന്നിടത്തോളം പ്രാധാന്യമുള്ളതും അപ്രധാനങ്ങളുമായ പല സംഗതികളിലും അംഗങ്ങൾക്കു തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ടായിരിക്കാവുന്നതാണ്". സേച്ഛാനുസാരമായ ഏതൊരു സംഘടനയും രണ്ടു കക്ഷികളായി പിരിയുന്ന വിഷയത്തിൽ ഓരോ കൂട്ടരും മറ്റവർ സംഘടനയിൽ നിന്നു മാറി എന്നും കുറ്റപ്പെടുത്തുമായിരിക്കാം. എന്നാൽ ട്രസ്റ്റു സ്വത്തുക്കളെ സംബന്ധിച്ചിടത്തോളം ആദ്യത്തെ മെഴുലികങ്ങളായ സംഘടിത തത്വങ്ങളൊടു യോജിച്ചിരിക്കുന്നവർ സംഘടനയെ തുടർന്നുകൊണ്ടു പോകുന്നതായും പ്രധാനമായ സംഘടിത തത്വങ്ങളിൽ നിന്നു മാറിയവർ മനസ്സാലെ സംഘടനയിൽ നിന്നു പിരിഞ്ഞുപോയതായും വിചാരിക്കപ്പെടും. ഈ തത്വം ഫ്രീ ചർച്ച് കേസ്സിൽ അംഗീകരിക്കപ്പെട്ടിട്ടുള്ളതാണ്. ആ കേസ്സിൽ ഇരുഭാഗത്തെയും അഭിഭാഷകന്മാർ ഈ നില അംഗീകരിച്ചിരുന്നു. ഫ്രീ ചർച്ച ഓഫ് സ്കോട്ട്ലൻറ് V. ഓവർ ടൻ എന്ന കേസ്സിൽ അപ്പീൽ പ്രതിഭാഗത്തേക്കു വാദിച്ച മി. ഹാൻഡേൻ കെ. സി. പറഞ്ഞതു "അപ്പീൽ വാദികൾ യോജിക്കുന്നതിനു വിസമ്മതിക്കയാൽ അവർ ഫ്രീ ചർച്ചിൽ നിന്നു പിരിഞ്ഞിരിക്കുന്നു. അതിനാൽ അപ്പീൽ വാദികളുടെ നിലയാണ് ശരിയെന്നു തീരുമാനിക്കുന്നപക്ഷം അവരാണ് ഫ്രീ ചർച്ച്, അങ്ങനെയായാൽ അപ്പീൽ പ്രതികൾ വാദികൾ സ്വീകരിച്ചിരിക്കുന്ന നിലയിൽ അവരോടു യോജിക്കായ്കയാൽ അവർ ഫ്രീചർച്ചിൽ നിന്നു പിരിഞ്ഞിരിക്കുന്നു എന്നതു അനിഷേദ്ധ്യമാണ്". അപ്പീൽ വാദികളെ സംബന്ധിച്ചു ഈ തീരുപത്തിൽ 560-ം 561-ം ഈ പുറങ്ങളിൽ പറഞ്ഞിട്ടുണ്ട്. ഈ തീവീക്ഷണകോണത്തിൽ നിന്നതന്നെ പ്രട്ടസഭയും ഈ പ്രശ്നത്തെ വീക്ഷിച്ചു.

ഇങ്ങനെ ഒരു സംഘടനയെയോ സഭയെയോ രണ്ടു ഭിന്നകക്ഷികളായി പിരിയുന്നപക്ഷം, അവയിൽ ഏതെങ്കിലും ഒരു വിഭാഗം ആ സംഘടനയിൽ നിന്നു മനസ്സാലെ പിരിഞ്ഞുപോയോ എന്നുള്ള പ്രശ്നം ഒരുവേള ഓരോ കേസ്സിലും ഭിന്നപ്രകൃതങ്ങളായ സംഗതികളെ ആശ്രയിച്ചിരിക്കുമെന്നു കാണാവുന്നതാണ്. ഇരുകക്ഷികളും തമ്മിൽ സംസർഗ്ഗം ഇല്ലാതെ വന്നാൽ ഭിന്നതക്കു മുമ്പുണ്ടായിരുന്ന സംഘം ഒരുവേള നാമാവശേഷമാകയോ, ഒരു കക്ഷിയിൽ തുടരുകയോ ചെയ്യുന്നു വരാം. ഏതൊരു വിഭാഗത്തിന്റെ അവകാ

ശ്വാദങ്ങൾ നിയമവിരുദ്ധമാണെന്നോ ആ വിഭാഗം സഭാസംഘടന യുടെ പുരാതന തത്വങ്ങളെ പാലിക്കുന്ന വിഭാഗത്തിൽ നിന്നും പിരിഞ്ഞുപോയതായി വിചാരിക്കുകയുണ്ടായതാണ്.

വിഭിന്ന കക്ഷികൾ തമ്മിൽ നിലവിലുള്ള സംസർഗ്ഗം. വിശ്വാസ തത്വത്തിലുള്ള ഐകൃതം ഇവയെ സ്പർശിക്കാത്ത ആളുതപ്പരവും മറവുമായ നിസ്സാരസംഗതികളിൽ അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായിരിക്കാം. ഇങ്ങനെയുള്ള സന്ദർഭങ്ങളിൽ സംഘടന ഭിന്നിക്കുന്നില്ല. വിശ്വാസതത്വങ്ങൾ, വിശ്വാസപ്രമാണങ്ങൾ ശിക്ഷണം, ഭരണം, ഈവക സംഗതികളിൽ അഭേദ്യമായ നിലപാലിക്കുന്ന ഒരു സഭയിൽ വ്യക്തികളെ സംബന്ധിച്ചോ ഭരണനടത്തിപ്പിന്റെ കാര്യത്തിലോ സഭയുടെ ഘടന സംബന്ധമായവയിൽ അഭിപ്രായവ്യത്യാസം വരുന്നതുകൊണ്ടു് ഒരു ഭിന്നത ഉണ്ടായതായ കഴിയുകയില്ല. ഒരു കുടുംബത്തിലെന്നതുപോലെതന്നെ, ഒരു ഭിന്നതയ്ക്കു നിദാനമാകുന്ന എത്ര വഴക്കുകളും, തർക്കങ്ങളും മത്സരങ്ങളും സഭയിലും ഉണ്ടായേക്കാം ഇങ്ങനെയുള്ള തർക്കങ്ങൾമൂലം സംഘടനയ്ക്കു കൂടുതലായ ശക്തി ലഭിച്ചു എന്നും വിലയിരുത്താൻ വന്നുകൂടുന്നതാണു്. മൌലിക സംഗതികളിൽ അംഗങ്ങൾ തമ്മിലുള്ള സംസർഗ്ഗം നഷ്ടപ്പെടാവുന്ന സന്ദർഭങ്ങളിൽ ഈ ഫലം ഉളവാകുന്നതാണു്.

അംഗങ്ങൾ തമ്മിലുള്ള സംസർഗ്ഗം വിഛേദിക്കപ്പെട്ടാൽ സ്വേച്ഛാനുസാരമായ സംഘടന ഭിന്നിക്കുകയും, പുരാതനസംഘടനയുടെ തുടർച്ചയ്ക്കായി ഉദ്ഘോഷിക്കപ്പെട്ടിട്ടുള്ള പ്രതിഷ്ഠകളും ട്രസ്റ്റുകളും തമ്മിൽ മത്സരിക്കുന്ന യാതൊരു വിഭാഗത്തിന്റെയും പ്രത്യേകമായ ഉപയോഗത്തിനു മാത്രമായിരിക്കാവുന്നതല്ലെന്നും വരാം. ഭിന്നിച്ചിരിക്കുന്ന രണ്ടു വിഭാഗങ്ങളും പല സന്ദർഭങ്ങളിലും പുരാതന സംഘടനയിൽനിന്നു പിരിഞ്ഞുപോയതായും വരാം. അങ്ങനെയായാൽ ട്രസ്റ്റ് നിരുപയോഗമാകും. ഈ കേസ്സിൽ കാതോലിക്കാ കക്ഷിയെ Z. അക്കാംമൂലം പാത്രിയക്കീസു് പുറന്തള്ളുകയും അതിനെ പാത്രിയക്കീസുകക്ഷി അംഗീകരിക്കുകയും ചെയ്യുന്നതിനുമുമ്പു് എന്തു സംഭവിച്ചിരുന്നു എന്നു നോക്കാം. 1088-ൽ അസ്സൽ 94-ാം നമ്പരിലെ 1 മുതൽ 3 വരെ പ്രതികൾ ന്യായമായ ട്രസ്റ്റിറികൾ എന്ന രണ്ടു വിധിയാൽ സ്ഥാപിക്കപ്പെട്ടു. അവർ വേദവിപരീതത്തിലോ ശീശ്മയിലോ പെട്ടിരുന്നില്ല. ഒന്നാം പ്രതിയുടെ മുടക്കു അന്നാധുവായിരുന്നു. കാതോലിക്കാ സ്ഥാപനം 1089-ൽ സ്ഥാപിതമായി. 1089 മുതൽ മാർ ശിവറുശീസും അദ്ദേഹത്തിന്റെ രണ്ടു കൂട്ടട്രസ്റ്റിറികളും കാതോലിക്കോസിനുവേണ്ടിയും അദ്ദേഹത്തെ പുലർത്തുന്നതിനുവേണ്ടിയും പ്രവൃത്തിനിരതരായിരുന്നു. കാതോലിക്കാസ്ഥാപനം സഭാഭരണത്തിൽ ഒരു പുതുമയായിരുന്നില്ല. അതു് പാത്രിയക്കീസിനു കീഴായി സഭാഭരണത്തിൽ സുപരിചിതമായ ഒരു സ്ഥാനമാണു്. ഈ സുപരിചിതമായ സ്ഥാപനം ഇരുഭാഗത്തെയും കാനോനകളിൽ ഉദ്ഘോഷി

ക്കപ്പെടുകയും അംഗീകരിക്കപ്പെടുകയും ചെയ്തിട്ടുള്ളതാണ്. 1103 വരെയും തുടർന്ന 1109 വരെയും നടന്നിട്ടുള്ള സംഭവങ്ങളുടെ ഫലമായി പ്രതികൾക്കു യാക്കോബായ സഭയിലുള്ള സ്ഥാനം നഷ്ടപ്പെട്ടില്ലെങ്കിൽ, അതിനുശേഷം Z. അക്കത്തീയതിക്കുമുമ്പ് നടന്നയാതൊന്നിനേലും ആസ്പദപ്പെടുത്തി പ്രതിപക്ഷക്കാർ സഭയിൽ നിന്നു പിരിഞ്ഞുപോയി എന്നുള്ള ആരോപണം ന്യായീകരിക്കാവുന്നതല്ല. 1109-നു മുമ്പുതന്നെ കാതോലിക്കാ ഉണ്ടായിരുന്നു. നാമനിർദ്ദേശം, തെരഞ്ഞെടുപ്പ് ഇവ സംബന്ധമായുള്ള തർക്കം സഭാഐക്യത്തിനു നിദാനമായ പ്രധാന മൌലിക സിദ്ധാന്തങ്ങളിലുള്ള ഭിന്നതയാകുന്നതല്ല.

കൂടുതലായി ഒരു ഗ്രന്ഥത്തെയോ പ്രണാളികയെയോ നിയമിക്കുന്നതു സംബന്ധിച്ചുള്ള തർക്കം ഒരു സഭയെ ഭിന്നിപ്പിക്കുന്നതിനു മതിയായതല്ല. വിശ്വാസപ്രമാണം, ശിക്ഷണം ഇവയിലുള്ള ഐകൃതാപാലനം എന്നതിൽ അന്തർഭവിച്ചിരിക്കുന്നതു പൊതുതത്വങ്ങളിലും ഭരണഘടനയിലും ഉള്ള ഐകൃതയാണ്. അല്ലാതെ ഭരണപരമായ നിസ്സാര സംഗതികളിലുള്ള അഭിപ്രായ ഐകൃമല്ല. ആ വക കാര്യങ്ങളിൽ അഭിപ്രായവൃത്യാസങ്ങളും അംഗങ്ങൾ തമ്മിൽ പലപ്പോഴും ഗൗരവാവഹമായ മത്സരങ്ങളും ഉണ്ടായിരിക്കുക എന്നതു സഹജമാണ്. എല്ലാ സഭാംഗങ്ങളും സർവ സംഗതികളിലും ഐകരൂപ്യമുള്ളവരായിരിക്കയില്ലെന്നുള്ളതു സുവിദിതമാണ്. ഏ-യെയോ ബി-യെയോ ന്യായമായി തെരഞ്ഞെടുക്കപ്പെട്ടുവോ എന്നുള്ള സംഗതി അഥവാ കൈപ്പേറിയ ഒരു മത്സരത്തിനു് ഇടകൊടുത്തിരുന്നാൽ തന്നെയും ഒരു സഭയെ ഭിന്നിപ്പിക്കുന്നതല്ല. സാക്ഷാത്തായ സംഗതികളിൽ സംസർഗ്ഗം പാലിക്കപ്പെടുന്നപക്ഷം ഈ മത്സരം ഒരു സഭയെ ഭിന്നിപ്പിക്കയില്ല. അപ്രധാനങ്ങളായ വിഷയങ്ങളിലുള്ള മത്സരംമൂലം അവർ തമ്മിൽ വിശ്വാസപരമായും മറ്റുമുള്ള സംഗതികളിലുള്ള ഐകരൂപ്യം ഉണ്ടായിരുന്നാൽതന്നെയും ഇരുഭാഗങ്ങളും തമ്മിലുള്ള സംസർഗ്ഗത്തെ വിഛേദിക്കുന്ന എന്നായത്ഥത്തിൽ ഒരു ഭിന്നതയെ ഉളവാക്കിടയ്ക്കാം. ഇങ്ങനെയുള്ള സന്ദർഭത്തിൽ സേച്ഛാനുസാരമായ സംഘടന ഇല്ലാതാകയും പിന്നീടു കാണപ്പെടുന്നതു തമ്മിൽ പാരസ്പരസംസർഗ്ഗം ഇല്ലാത്ത വിഭിന്ന സംഘടനകൾ ആയിരിക്കയും ചെയ്യും. പുരാതന സഭയുടെ നിലനില്പിനുവേണ്ടി സ്ഥാപിതമായിട്ടുള്ള ധർമ്മപരമായ ട്രസ്റ്റ് പുരാതനസഭ ഇല്ലാതാകുന്നതുമൂലം റദ്ദായിപ്പോകുന്നു. അങ്ങിനെയുള്ള ട്രസ്റ്റ് പരസ്യധർമ്മപരമായ ട്രസ്റ്റാണെങ്കിൽ അവ തത്തുല്യപ്രയോജനകരമായ സംഗതികൾക്കായി ഒരു നീതിന്യായക്കോടതിയാൽ "സൈപ്രസ്സ്" തത്വമനുസരിച്ചു വിനിയോഗിക്കപ്പെടുകയും ചെയ്യുന്നതാണ്.

ഈ കേസ്സിൽ പുരാതന യാക്കോബായസഭ എന്ന അവിഭാജ്യഘടകം, "പി" എന്ന അക്ഷരത്താൽ കുറിക്കപ്പെടുന്ന പാത്രിയർക്കീസുകക്ഷിയും "സി" എന്ന അക്ഷരത്താൽ കുറിക്കപ്പെടുന്ന

കാതോലിക്കാ കക്ഷിയും പാത്രിയക്കീസു" എന്ന തലവനും ചേർന്നുള്ളതാണു". ആ സംഘടനയെ പി+സി+പിച്ചു" എന്ന സൂത്രംകൊണ്ടു കുറിക്കാവുന്നതാണു". "പി"യും "സി"യും കൂടിയതാണു" മലങ്കരയുള്ള യഥാർത്ഥ സഭാംഗങ്ങൾ. മലങ്കസഭയെന്നതിൽ സിറിയായിലുള്ള സഭാംഗങ്ങൾ ഉൾപ്പെട്ടുന്നില്ല. ഭിന്നതയ്ക്കു മുമ്പിരുന്ന അവസ്ഥയിൽ ഈ സഭാവിഭാഗം 17-ാം ശതകത്തിനു മുമ്പു" നിലവിലുണ്ടായിരുന്നില്ല. ഏകദേശം അക്കാലത്താണു" മലങ്കരസഭ യാക്കോബായ സിറിയൻ ക്രിസ്ത്യൻ സഭ എന്ന വ്യക്തി വിശേഷണത്തോടുകൂടിയ സഭയായതും പാത്രിയക്കീസിനെ സഭാ മേലദ്ധ്യക്ഷനായി ലഭിച്ചതും.

മലങ്കരസഭ അന്ത്യോകൃാ സഭയുടെ ഒരു ഭാഗമാണെന്ന ഇരു ഭാഗക്കാരും ഏകദേശമായി സമ്മതിക്കുന്ന ഒരു പ്രസ്താവന ഈ കേസിൽ ഉണ്ടു". ഈ പ്രസ്താവനയെപ്പറ്റി പൂർണ്ണമായ വിധത്തിൽ വാദസമയത്തു ചർച്ചചെയ്യപ്പെട്ടില്ല. ഇതിന്റെ യഥാർത്ഥ സ്വഭാവം എന്താണു".? മലങ്കര സഭാംഗങ്ങൾക്കു അന്ത്യോകൃാ സഭാസംബന്ധമായ കാര്യങ്ങളിൽ അഭിപ്രായ പ്രകടന സ്വാതന്ത്ര്യം ഉണ്ടെന്നോ അന്ത്യോകൃാ സഭാംഗങ്ങൾക്കു മലങ്കര സഭാ കാര്യങ്ങളിൽ അങ്ങിനെയുള്ള അവകാശം ഉണ്ടെന്നോ ആണോ ഇതിന്റെ അർത്ഥം?, ഇതു തീർത്തും അസംഭാവ്യമാണു". മലങ്കര സഭ ഒരു സ്വതന്ത്ര സഭയായിരുന്നു. അതു് ഇപ്പോഴും സ്വതന്ത്രമാണു". എക്കാലത്തും സ്വതന്ത്രമായിരിക്കയും ചെയ്യും. എന്നാൽ അതിന്റെ ആത്മീയ ജീവസന്ധാരണത്തിനു പാത്രിയക്കീസിന്റെ മേലദ്ധ്യക്ഷത അതു സമ്പാദിച്ചു എന്നു മാത്രമെയുള്ളൂ. അതു ആവശ്യപ്പെടുകയും നല്കപ്പെടുകയും ചെയ്തു. കൊച്ചി തിരുവിതാംകൂർ രാജകീയ കോടതി വിധികർത്താക്കളും ഈ കേസിൽ തെളിയിക്കപ്പെട്ടിട്ടുള്ള വസ്തുതകർത്താക്കളും അനുയോജ്യമായി മലങ്കരസഭ അന്ത്യോകൃാസഭയുടെ ഒരു വിഭാഗമായിരുന്നുഎന്നും അങ്ങിനെയുള്ള പ്രസ്താവനയുടെ സകല ഉള്ളടക്കത്തോടുംകൂടി-പറയാവുന്നതാണൊ എന്നു" ഞാൻ ബലമായി സംശയിക്കുന്നു.

നാം പറഞ്ഞുവന്ന രീതിക്കു തുടരാം. മലങ്കര യാക്കോബായ സഭ എന്നതു" "പി" യും "സി"യും പാത്രിയക്കീസിംഹാസനത്തിലെ മേലദ്ധ്യക്ഷനും ചേർന്നുള്ളതാണു". അന്ത്യോകൃാ സഭയിലെ അംഗങ്ങൾ മലങ്കര സഭയിലെ ഒരു വിഭാഗമല്ലെന്നു സങ്കല്പിക്കുന്നതിൽ തെറ്റില്ല. പാത്രിയക്കീസിന്റെ മേലദ്ധ്യക്ഷത ആത്മീയ സംഗതികളിൽ മാത്രം ഉള്ള ഒരു മേലദ്ധ്യക്ഷതയാണു". ഇതിന്റെ അർത്ഥം മലങ്കര സഭാംഗങ്ങളും പാത്രിയക്കീസും തമ്മിലുള്ള സംസർഗ്ഗം പരസ്പരവും ഇരുഭാഗക്കാരെയും ബന്ധിക്കുന്നതുമാണെന്നാണു". സഭാ ഭരണഘടന, അന്ത്യോകൃാ പാത്രിയർക്കീസിന്റെ ആത്മീയ മേലധികാരത്തിൻ കീഴുള്ള സകല യാക്കോബായ ക്രിസ്ത്യാനികളേയും വിഭാവനം ചെയ്യുന്ന ഒന്നാണു". പുനർവിധി അവസാനവിധിയെന്നു സങ്കല്പിച്ചാൽ- അങ്ങിനെയല്ലെന്നു ഇതുവരെ ആരും സമർത്ഥിക്കുന്നില്ല- ഒരു പാത്രിയർക്കീസു ന്യായാനു

സർണം സ്ഥാനഭ്രഷ്ടം നിന്ദം നീക്കം ചെയ്യപ്പെട്ടുവോ ഇല്ലയോ, ഒരു മെത്രാപ്പോലീത്താ നിയമാനുസരണം മുടക്കപ്പെട്ടുവോ ഇല്ലയോ എതാനും സഭാംഗങ്ങൾ വേദവിപരീതത്തിലോ ശിശുമയിലോ ഉൾപ്പെട്ടുപോയൊ എന്നിങ്ങനെയുള്ള സംഗതികളിൽ തമ്മിൽ മത്സരിക്കുന്ന വിഭാഗങ്ങളായി പിരിഞ്ഞതു മൂലം മേല്പറഞ്ഞ വിധമുള്ള സംസർഗ്ഗം നശിച്ചിട്ടില്ലെന്നുള്ളതുസ്പഷ്ടമാണു്. ഇതെല്ലാം സഭാനടത്തിപ്പിൽ, സഭാ ഭരണത്തിൽ നിന്നുദിക്കുന്ന തർക്ക വിഷയങ്ങളാണു്. സഭയെ സംബന്ധിച്ചുള്ള വ്യക്തിപരമായ അവകാശവാദങ്ങൾ എല്ലാവരാലും ഒരുപോലെ ബഹുമാനിക്കപ്പെട്ടില്ലെന്നല്ലാതെ സഭയോടു ഒരു തുറന്ന എതുപ്പില്ല. ഈ പരിതസ്ഥിതിയിൽ സഭയിൽ ഒരു ഭിന്നതയുണ്ടാകാമെന്നല്ലാതെ മൌലിക വിശ്വ സതത്വങ്ങളിൽ യോജിപ്പുള്ള സ്ഥിതിക്കു് ഒരു വിഭാഗം സഭയെ ഉപേക്ഷിച്ചു പോയിന്നൊരു അവസ്ഥ ഇതിൽനിന്നും ഭിന്നമല്ല. ഭിന്നത ഉളവാക്കുന്നതു വ്യക്തികളെ സംബന്ധിക്കുന്ന സംഗതികളിലല്ലാപ്രത്യുത വിശ്വാസ തത്വങ്ങളിന്മേൽ ആശ്രയിച്ചുള്ള മത്സരങ്ങളാണു്. 1103 വരെ സഭ ഏകമായിരുന്നു എന്നുള്ളതു റിവ്യൂ വിധിയിൽ കാണുന്നു. 1109 വരെയും അതേവിധത്തിൽ തന്നെ തുടർന്നു. മാർ ശീവറുഗീസിന്റെ നിയ്യാണശേഷം മലങ്കരസ്സു് ഒരു കാതോലിക്കാ ഉണ്ടായിരിക്കുക, ആയതു സ്ഥാപിക്കുന്നതിനു് അബ്ദൽമിശിഹായ്ക്കുണ്ടായിരുന്ന അവകാശം, ലൌകികങ്ങളിന്മേലുള്ള പാത്രിയക്കീസിന്റെ അധികാരം ഈ വക സംഗതികളെ സംബന്ധിച്ചു് ഒരു രഞ്ജിപ്പിനുള്ള ശ്രമങ്ങൾ വിഫലമായപ്പോൾ, യാക്കോബായസഭയിലെ ബഹു ഭൂരിപക്ഷത്തെ ത്യജിക്കുക, അവക്കു നൽകേണ്ട ആത്മീയ ശുശ്രൂഷകളെ നിരസിക്കുക, തന്നോടു ചേർന്നു നിന്നവർ അവരിൽനിന്നു മാറി നിൽക്കണമെന്നും കാതോലിക്കാ കക്ഷിയുമായി യാതൊരു സംസർഗ്ഗത്തിലും ഉൾപ്പെടരുതെന്നും ആജ്ഞാപിക്കുക, എന്ന സുധീരമായ നില പാത്രിയക്കീസു കൈക്കൊണ്ടു. കാതോലിക്കാ കക്ഷിയുടെ പ്രവർത്തികളേയും നടപടിയേയും നിശിതമായും നിർദ്ദാക്ഷിണ്യമായും ആക്ഷേപകരമായും വ്യാഖ്യാനിക്കുമ്പോൾ ഇതിനെ പ്രബോധനപരമായ ഏതാണ്ടു് എന്നു് അർത്ഥരഹിതമായി പറയുന്നതു പാത്രിയക്കീസിനെ സംബന്ധിച്ചിടത്തോളം ദാക്ഷിണ്യപരവും, കുറവുകളെ അവഗണിക്കുന്നതും പ്രോത്സാഹജനകവുമായ ഒരു നില കൈക്കൊള്ളുകയായിരിക്കും. A. M. അക്കം ഭരണഘടന പാത്രിയക്കീസിന്റെ അധികാരത്തെ നിഷേധിക്കുന്ന ഒന്നാണെന്നു പറയപ്പെടുന്നു. Z അക്കം കല്പന ആരേയും പ്രത്യേകം ഉദ്ദേശിച്ചുള്ളതല്ലാത്ത ഒരു ഭയപ്പെടുത്തൽ മാത്രമാണു് എന്നു സൂചിപ്പിക്കപ്പെടുന്നു. ഈ വിധമുള്ള വാദം പാത്രിയക്കീസിന്റെ പ്രവർത്തികളും നടപടികളും സംബന്ധിച്ചു പക്ഷപാതപരമായ വില സങ്കല്പിക്കണമെന്നും അതേ സമയം കാതോലിക്കാ കക്ഷിയിൽ പെട്ട ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം ഒരു വ്യത്യസ്ത മനഭാവം സ്വീകരിക്കണമെന്നും ഉള്ള ധൈര്യമായ അവ

സ്ഥയാണ്. ഈ വാദം ഈ കോടതിക്കു തീർത്തും സ്വീകാരയോഗ്യമല്ലെന്നു നിർവ്വിശങ്കം പറയേണ്ടിയിരിക്കുന്നു. Z അക്കം രഞ്ജനശ്രമത്തിന്റെ ഒരു പടിയല്ലാ. Z അക്കത്തീയതിക്കുശേഷം കാതോലിക്കാ കക്ഷിയെ അതിന് മുമ്പുണ്ടായിരുന്ന ഏക സ്വേഛാനുസാരമായ സംഘടനയുടെ വിഭാഗമല്ലെന്നു പാത്രിയർക്കീസും അദ്ദേഹത്തിന്റെ പക്ഷക്കാരും ഗണിച്ചു. "ആകയാൽ അവർ നമുക്കു അന്യരാണ്. ഇനി മേലാലും അവർ നിങ്ങൾക്കു പരിശുദ്ധ സഭയാകുന്ന തൊഴുത്തിൽനിന്നു നിശ്ശേഷം പുറത്തുള്ളവരായിയിരിക്കണം. അവരോടു സഹകരിക്കുവാനൊ സഭാസംബന്ധമായ ഏതെങ്കിലും ശുശ്രൂഷയിൽ സംബന്ധിക്കുവാനൊ ദൈവത്തിൽനിന്നും നമ്മിൽനിന്നും ഒരുവനും അനുവാദമില്ലാ." ഈ വാചകങ്ങൾ സൂക്ഷിക്കേണ്ടതാണ്. സംസർഗ്ഗം പാത്രിയർക്കീസിനാൽ ഛേദിക്കപ്പെട്ടു. ഇതു് എത്രതന്നെ വേഷം മാററിയാലും, അദ്ദേഹത്തിന്റെ ഈ അവസാനത്തേതും മനപ്പൂർവ്വ ആയ പ്രവർത്തിയുടെ ഫലങ്ങളിൽ നിന്നുൽഭൂതമാകുന്ന നിലയെ മറയ്ക്കുന്നതിനു പര്യാപ്തമല്ലാ. ഈ അടിസ്ഥാനത്തിന്മേൽ ആണ് ഇരു കക്ഷികളുടേയും അനന്തര നടപടികൾ രൂപവൽക്കരിക്കപ്പെട്ടതു്. Z അക്കത്തിന്റെ ഫലമായി 6-5-1110-ൽ നടന്ന യോഗത്തിൽ പാത്രിയർക്കീസുകക്ഷി സംബന്ധിച്ചില്ല. വാദികളെ തെരഞ്ഞെടുത്തതായ, പാത്രിയർക്കീസു കക്ഷി നടത്തിയ യോഗത്തിലേക്കു കാതോലിക്കാ കക്ഷിയെ ക്ഷണിച്ചിരുന്നില്ലാ. കാതോലിക്കാ കക്ഷി യോഗത്തിൽവച്ചു ഭരണഘടന രൂപീകൃതമായി. കാതോലിക്കാ കക്ഷിയെ നിരസിക്കുന്ന Z അക്കം കല്പനയുടെ വെളിച്ചത്തിൽ ഭരണഘടനാ വ്യവസ്ഥകൾ സുഗ്രാഹ്യങ്ങളാണ്. ഇങ്ങനെ കാതോലിക്കോസിന്റെ കക്ഷികളെ പാത്രിയർക്കീസു കക്ഷികളും പാത്രിയർക്കീസും തള്ളിയതും അവരോടുള്ള സംസർഗ്ഗത്തെ നിരസിച്ചതും അതേസമയം തന്നെ തങ്ങൾ പുരാതന സഭയുടെ പിൻതുടർച്ചയാണെന്നു് അവകാശപ്പെടുന്നതും ന്യായീകരിക്കാവുന്നതാണൊ? കാതോലിക്കാ കക്ഷി വേദവിപരീതികളായി തീർന്നിരുന്നുവൊ? സഭയാകുന്ന സ്വേഛാനുസാരമായ സംഘടനയിൽനിന്നു പിരിഞ്ഞുപോകുന്നതിനു പാത്രിയർക്കീസിനും പക്ഷക്കാർക്കും അനിഷേദ്ധ്യമായ അവകാശം ഉണ്ടായിരുന്നു. എന്നാൽ അതിൽ നിലകൊള്ളുമ്പോൾ ഒരു ബഹുഭൂരിപക്ഷവുമായുള്ള സംസർഗ്ഗത്തെ നിരോധിക്കുന്നതിനു് അദ്ദേഹത്തിനു് അവാകാശമൊ അധികാരമൊ ഉണ്ടൊ? ഉണ്ടെങ്കിൽ എങ്ങിനെ? എ. എം. അക്കം ഭരണഘടനയുടെ തീയതിയെ അടിസ്ഥാനപ്പെടുത്തിയല്ല, പിന്നെയൊ Z അക്കം കല്പനയുടെ തീയതിയെ അടിസ്ഥാനപ്പെടുത്തി വേണം ഈ സംഗതി തീരുമാനിക്കേണ്ടതു് എന്നുള്ളതു സ്പഷ്ടമാണ്. കാനോനിൽ വിഭാവനം ചെയ്തിട്ടുള്ള സഭാ ഭരണഘടനയിൽ നിന്നും വ്യത്യസ്തമായ ഒന്നല്ലാ മലങ്കരയിലെ കാതോലിക്കാ സ്ഥാപനം. ഇരുഭാഗക്കാരും അംഗീകരിക്കുന്ന കാനോനിൽ നിർദ്ദേശിച്ചിട്ടുള്ള ഭരണഘടന വ്യവസ്ഥയിൽ ഉൾപ്പെട്ട സുപരിചിതവും

അംഗീകൃതവുമായ ഒന്നാണു് അതെന്നു മേൽ ചൂണ്ടിക്കാണിച്ചിട്ടുണ്ടല്ലൊ. കാതോലിക്കാസ്ഥാപനമൊ, കാതോലിക്കായെ തെരഞ്ഞെടുത്തതൊ വേദവിപരീതമാണെന്ന പുനർവിധിയെ അസ്ഥിരപ്പെടുത്താതെ സമർത്ഥിക്കാവുന്നതല്ല. അഥവാ അങ്ങിനെ ആണെന്നിരുന്നാലും, ജസ്റ്റീസു തളിയത്തും ചീഫ് ജസ്റ്റീസു ചാറഫീൽഡും റിവ്യൂ വിധിയിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ, ആ സംഗതി ഒരു കുറവായി ആരോപിക്കപ്പെടുകയും, അതിനുള്ള സമാധാനം കേൾക്കയും, അതിനുവേണ്ടി രേഖപ്പെടുകയും ചെയ്യേണ്ടതായിരുന്നു.

കാതോലിക്കാ കക്ഷിയെ പൊതുവെ തിരസ്കരിക്ക എന്നതു് ഒരു മുടക്കായിട്ടാ, പാത്രിയക്കീസിന്റെ എതെങ്കിലും അധികാരത്തിൽ പെട്ടതായൊ ന്യായീകരിക്കാവുന്നതല്ല. വ്യക്തികളെയൊ, ഒരു സംഘം ആളുകളെയൊ സഭയിൽ നിന്നു ബഹിഷ്കരിക്കുന്നതിനു പാത്രിയക്കീസിനു് അധികാരം ഉണ്ടായിരുന്നെങ്കിൽ റിവ്യൂ വിധി മറിച്ചായിരുന്നേനെ. അപ്രേഹത്തിനു" അങ്ങിനെ ഒരധികാരം ഉണ്ടായിരുന്നില്ല. താത്ത്വികമായ അധികാരം അപ്രേഹത്തിനു ഉണ്ടെന്നു തീരുമാനിക്കുന്നതു ഫോംബഞ്ചു വിധിക്കു പ്രത്യക്ഷ വിരുദ്ധമായിരിക്കും. പാത്രിയക്കീസിനു അങ്ങനെ ഒരധികാരം ഉണ്ടായിരുന്നില്ല, അതിനിൽ പാത്രിയക്കീസിന്റെ കൽപ്പനമൂലമൊ അവരുടെ പ്രവർത്തിമൂലമൊ കാതോലിക്കാകക്ഷി സഭയിൽ നിന്നു ബഹിഷ്കരിക്കപ്പെട്ടിട്ടില്ലായെന്നവന്നാൽ Z അക്കം കൽപ്പന പുറപ്പെടുവിച്ചതിന്റെ നിയമപരമായ ഭവിഷ്യത്തു" എന്താണു"? മുമ്പുണ്ടായിട്ടുള്ള കൽപ്പനകളെയും, ഇങ്ങനെയുള്ള പ്രബോധനങ്ങൾ സർവ സാധാരണമായിരുന്ന ഈ സഭയുടെ ആധുനിക ചരിത്രത്തെയും അടിസ്ഥാനപ്പെടുത്തി Z അക്കത്തിന്റെ ഭവിഷ്യത്തുകളെ നിസ്സാരീകരിക്കുവാൻ ശ്രമിച്ചു. വാത്സല്യമക്കൾ എന്ന സംബോധനയാൽ ഉദ്ദേശിക്കപ്പെട്ടിരിക്കുന്ന പാത്രിയക്കീസു പക്ഷക്കാരേടു കാതോലിക്കാകക്ഷി സഭയിൽ നിന്നു തങ്ങളെത്തന്നെ ഛേദിച്ചിരിക്കുന്നുഎന്നുപറയുകയും അവരുമായുള്ള സംസർഗ്ഗം ഉപേക്ഷിക്കണമെന്നു ആജ്ഞാപിക്കയും ചെയ്യുന്ന ഈ കൽപ്പന സഭാഭാഷയിൽ പറയുന്നതായാൽ അതിന്റെ വിപരീതമായ ഒന്നിനെ സൂചിപ്പിക്കുന്നു. അല്ലെങ്കിൽ അതു നിരർത്ഥകമാണു്. പാത്രിയക്കീസിന്റെ കൽപ്പനയ്ക്കും അതിന്റെ ഭാഷയ്ക്കും വിപരീതമായ അർത്ഥം നൽകുന്നതും തക്കിക്കുന്ന പ്രതികളുടെ പ്രസ്താവനകൾക്കു ഭാഷാർത്ഥം കൽപ്പിക്കുന്നതുമായ യാതൊരു സഭാനടപടിയും എന്റെ അറിവിൽ പെട്ടിട്ടില്ല. ഒരു നിരുപയോഗമായ കടലാസ്സായി ഈ കൽപ്പനയെ പ്രതികൾ ഗണിച്ചു എന്നു പറയുന്നതുകൊണ്ടു Z അക്കത്തിന്റെ ന്യായമായ ഭവിഷ്യത്തുകളെ പ്രതിഭാക്കാർ അവഗണിച്ചു എന്നു വരുന്നില്ല. തങ്ങൾ സഭയിൽ പെട്ടവരാണെന്നും, തങ്ങൾ സഭയ്ക്കു ഇതരന്മാരാണെന്നു പ്രഖ്യാപിക്കുവാൻ പാത്രിയക്കീസിനു അധികാരമില്ലെന്നുമുള്ള വാദത്തെ അവ

ർ മുറുകെ പിടിക്കുന്നു. സഭാസമൂഹം മുഴുവനോടും ഉള്ള സജ്ജീവ സംസർഗ്ഗം പുലർത്തണമെന്നു അവർ ആഗ്രഹിച്ചു, എന്നാൽ ആ സംസർഗ്ഗം നൽകുന്നതല്ലെന്നു പാത്രിയർക്കീസും പക്ഷക്കാരും പറകയും ആ സംസർഗ്ഗത്തെ ഛേദിക്കയും ചെയ്തു. സംസർഗ്ഗം എന്നതു മാനസികമായ ഒന്നാണ്. ആ സംസർഗ്ഗം ഛേദിക്കപ്പെടേണ്ടതാണെന്നുള്ള പ്രഖ്യാപനമുണ്ടായി അങ്ങനെ ഛേദിക്കപ്പെടുകയും ചെയ്തു. ഈ കേസ്സിലുള്ളതല്ലാതെയുള്ള സഭാനടപടികളെപ്പററി എനിക്കു വിജ്ഞാനമില്ലെന്നിരുന്നാലും, ഭാഷ സഭാംഗങ്ങൾക്കും ഇതരന്മാർക്കും ഒന്നുതന്നെയാണല്ലോ. Z അക്കത്തെ അലക്ഷ്യമാക്കുകയൊ അവഗണിക്കുകയൊ ചെയ്കയും മുൻനടന്ന സംഗതികളെ വിസ്മരിച്ചുകൊണ്ടു A M അക്കത്തിന്റെ വാച്യവും പരോക്ഷവുമായ വ്യവസ്ഥകളെ അടിസ്ഥാനപ്പെടുത്തി കാതോലിക്കാക്കക്ഷിയെ കുററപ്പെടുത്തുകയും ചെയ്യാൻ സാദ്ധ്യമല്ലെന്നാണ് എന്റെ എളിയ അഭിപ്രായം.

ലൗകീകാധികാരം കൈവശപ്പെടുത്തണമെന്നുള്ള ആകാംക്ഷ സഭയെ രണ്ടു ഭിന്നഭാഗങ്ങളാക്കിത്തീർത്തു. മാർ ഗീവറുഗീസ് ദീവന്നാസ്യോസ്സിനെ മുടക്കിക്കൊണ്ടു സകല എതിർപ്പിനെയും ജയിക്കാനായി അബ്ദുള്ളാ ദ്വിതീയൻ ശ്രമിച്ചു. ഇതു് പാത്രിയർക്കീസിന്റെ അധികാര വിനിയോഗം മൂലം ഒരാളെ സഭയിൽ നിന്നു ബഹിഷ്കരിക്കയത്രെ. ഇതു് സഭാഭരണപരമായ ഒരു കൃത്യമാണ്. സഭയെയുള്ള നിരസനം ഇതിൽ ഉദിക്കുന്നില്ല. ആ ശ്രമം വിഫലമായി. രഞ്ജന ശ്രമങ്ങളും വിഫലമായി. ശേഷിച്ചിരുന്നതിൽ ഏററവും ഉത്തമമായ കൃത്യം ആണ് ചെയ്തതു്. പാത്രിയർക്കീസും പക്ഷക്കാരും സഭയിൽ നിന്നു പിരിഞ്ഞു. മാർ ഗീവറുഗീസു എന്ന ഒററ വ്യക്തിയെപ്പോലും സഭയിൽ നിന്നു ബഹിഷ്കരിക്കുവാൻ അവർക്കു സാധിച്ചില്ല.... അതുകൊണ്ടു അവർ സഭയിൽ നിന്നു പിരിഞ്ഞു. നിയമവിരുദ്ധമെന്നൊ അയോഗ്യമെന്നൊ നിയമം പ്രഖ്യാപിച്ചിട്ടുള്ളതൊ അനുശാസിക്കുന്നതൊ ആയ യാതൊന്നും കാതോലിക്കാ കക്ഷി ചെയ്തിട്ടില്ല. അവരുടെ പ്രവർത്തനങ്ങളുടെ നിയമപരമായ ഭവിഷ്യത്തുകളെപ്പററി 1103..ൽ വിധി കല്പിക്കപ്പെട്ടിട്ടുണ്ടു്. അതിനാൽ തങ്ങൾ യാതൊരു കുററവും ചെയ്യാതിരിക്കെ ട്രസ്റ്റ് സ്വത്തുക്കളിന്മേലുള്ള അവരുടെ അവകാശത്തെ പാത്രിയർക്കീസ്സിന്റെ ഒരു പ്രവർത്തിയാൽ നിഹനിക്കാവുന്നതല്ല. ട്രസ്ററു സ്വത്തുക്കൾക്കുള്ള അവകാശങ്ങളെ പരിരക്ഷിക്കാനാണെന്നിരുന്നാൽ തന്നെയും Z അക്കം കല്പന പുറപ്പെടുവിക്കുകയും അങ്ങനെ കാതോലിക്കാ കക്ഷിയുമായി സംസർഗ്ഗം ഛേദിക്കുയും ചെയ്തതിൽ പാത്രിയർക്കീസ്സിന്റെ പ്രവർത്തി തെററിപ്പോയി. ഫ്റീ ചർച്ചു് കേസ്സിലെ സുസ്ഥാപിത തത്വങ്ങളെ ഈ കേസ്സിൽ ആശ്രയിക്കുന്ന പക്ഷം പാത്രിയർക്കീസ്സ് കക്ഷി പാത്രിയർക്കീസ്സിനോടുകൂടി പുരാതന സഭയിൽ നിന്നു പിരിഞ്ഞുപോയി എന്നു സിദ്ധിക്കുന്നതാണ്.

ഈ കേസ്സിലെ പ്രത്യേക വസ്തുതകളിൽ നിന്നു കാണുന്നതു്

ഒരു പാത്രിയക്കീസ്സിനെ കൂടാതെ പുരാതന സഭാവിഭാഗം വിഭാവനം ചെയ്യാൻ നിവൃത്തിയില്ലെന്നുള്ള സൂക്ഷ്മമായ കാരണം കൊണ്ടു തങ്ങൾക്കായി ഒരു സഭാഭരണഘടന ശ്രുപീകരിക്കേണ്ടതു കാതോലിക്കാ കക്ഷിക്കു ആവശ്യമായിത്തീർന്നു എന്നാണു", വൃത്യസ്തതയുടെ സുപ്രധാനയമായ മർമ്മം വിസ്മരിക്കത്തക്കതല്ല. പാത്രിയക്കീസ് എവിടെ പോയാലും അദ്ദേഹത്തെ പിൻതുടരുന്ന ഒരു നിഴലല്ല മലങ്കരസഭ. പ്രത്യുത പാത്രിയക്കീസു് ആത്മീയ മേലധ്യക്ഷൻ മാത്രമായിരിക്കുന്ന ഒരു സുസ്ഥിരവും, ഭരണവിഷയകമായി സ്വതന്ത്രവും ആയ ഒരു സഭയാണു്. പാത്രിയക്കീസ് സഭയിൽ നിന്നു പോകുന്ന പക്ഷം പുരാതനമായി ഉണ്ടായിരുന്ന മലങ്കര യാക്കോബായ സഭ എന്നൊന്നു പിന്നെ ഉണ്ടായിരിക്കാവുന്നതല്ല. അവർ യാതൊരു വീഴ്ചയിലും അകപ്പെടാതിരിക്കെ മലങ്കര യാക്കോബായ സഭയുടെ അവിഭാജ്യഘടകമായിരുന്ന കതോലിക്കാ കക്ഷിയുമായി സംസർഗ്ഗം ഛേദിക്ക കാരണം പാത്രിയക്കീസു കക്ഷി പുരാതന സഭയുടെ പിൻതുടർച്ചയെ പ്രതിനിധീകരിക്കുന്നതിനു അശക്തമായിത്തീർന്നു എന്ന കാരണത്താൽ പുരാതന മലങ്കര യാക്കോബായ സഭ എന്നതു നാമാവശേഷമായി എന്നുള്ളതാണു പാത്രിസക്കീസ്സിന്റെയും പക്ഷക്കാരുടേയും മനഃപൂർവമായ പ്രവർത്തിയുടെ ഫലം. ശ്രുക്ഷമായ അഭിപ്രായ വ്യത്യാസങ്ങൾ മൂലം സഭാസംഘടന ഭിന്നിച്ചുപോകാതിരുന്നതിനാൽ പാത്രിയക്കീസും പക്ഷക്കാരും പുരാതന സഭയിൽനിന്നു തങ്ങളെത്തന്നെ ഛേദിക്കയും പാത്രിയക്കീസും മലങ്കരയുള്ള അദ്ദേഹത്തിന്റെ അനുകൂലികളും ചേർന്നു ഒരു നൂതനസഭ സ്ഥാപിക്കയും ചെയ്തു. പാത്രിയക്കീസു പുരാതന യാക്കോബായസഭയുടെ സാക്ഷാത്തായ ഒരു ഘടകമാകയാൽ കാതോലിക്കാ കക്ഷിക്കാക്കും ആ പുരാതന യാക്കോബായസഭ നഷ്ടീഭവിക്കുകയും അങ്ങനെ ആ സഭ നാമാവശേഷമായിത്തീരുകയും ചെയ്തു.

